**KOTTAYAM PUBLIC LIBRARY**

Call No. M08 Acc. No. 11497

Author ഫേബിയൻ ബെലാ

Title കർദ്ദീനാൾ വിൻസെന്തി

14 86

NO 11497

11497

പ്രതിമാസ ഗ്രന്ഥക്ലബ്

എറണാകുളം

No. 6

# കാർഡിനാൾ മിൻസെന്തി

ഗ്രന്ഥകർത്താ

ബലാ ഫേബിയൻ

വിവർത്തകൻ

വി. എം. ജോസഫ്

MEMBERS COPY

THE KOTTAYAM PUBLIC LIBRARY KOTTAYAM.

NATIONAL BOOK STALL KOTTAYAM SPCS LTD.

3

All rights reserved
*Secretary, Book-A-Month Club,*
Ernakulam

Printed at the Mar Louis Memorial Press, Ernakulam and Published by K. P. Ittyerah, Secretary, Book-A-Month Club, Ernakulam

വില 3—0—0

THE KOTTAYAM PUBLIC LI
KOTTAYAM.

# കർദ്ദിനാൾ മിൻസെന്തി

ഒരു ആധുനിക രക്തസാക്ഷി

ബലാ ഫേബിയൻ

ഈ പുസ്തകത്തിൻെറ പ്രസിദ്ധീക
രണച്ചുമതല മുഴുവനായി ഏറെറടു
ത്ത എഡിററർ റവ. ഫാ. എ.സ്.
തേർമഠം എം. ഒ. എൽ. അവർ
കളോടു എഡിറേറഴ്സ്ബോർഡ്
അതീവ കൃതജ്ഞരായിരിക്കുന്നു.

ജനറൽ എഡിററർ

136-ാം പേജിൽ Chapter, VII എന്ന
ത XII എന്നു തിരുത്തി വായിക്കണം.

THE KOTTAYAM PUBLIC LIBRARY
KOTTAYAM



# ബലാ ഫേബിയൻ

ഹങ്കറിയിൽ ടോക്കേ ഡിസ്ത്രിക്ടിൽ യഹൂദമാതാപിതാക്കന്മാരിൽനിന്നു പിറന്നു്, യഹൂദമതത്തിൽ സ്ഥിരനിഷ്ഠനായി വളന്ന ഒരു രാജ്യകാൎയ്യവിശാരദനാണു് ബലാ ഫേബിയൻ. കദ്രിനാൾ മിൻസെന്തിയെപ്പററിയും അദ്ദേഹത്തിൻെറ ജീവകാരുണ്യപ്രവൎത്തനങ്ങളെപ്പററിയും, ഈ ഗ്രന്ഥത്തിൽ പ്രതിപാദിച്ചിട്ടുള്ളവ ഗ്രന്ഥകാരൻെറ മതപക്ഷപാതിത്വത്താലോ വീരാരാധനയാലൊ കലുഷിതമാക്കപ്പെട്ടിട്ടില്ലെന്നു വിശദമാണു്.

ഒന്നാം ലോകമഹായുദ്ധകാലം മുതൽ നാസികൾ ഹങ്കറി ആക്രമിച്ചടക്കിയ 1944 വരെയുള്ള കാലയളവിൽ 17 വൎഷക്കാലം അദ്ദേഹം ഹങ്കേറിയൻ പാർലമെൻറിലെ ഒരു സാമാ

ജീകനായിരുന്നു. ഒരു പ്രസിദ്ധാഭിഭാഷകനായ അദ്ദേഹം കുറേക്കാലം ഹങ്കേറിയൻ ക്രിമിനൽ കോടതിയിലെ ഒരു ജഡ്ജിയും, ഇൻഡിപെൻഡൻറു ഡിമോക്രാററിക് പാർട്ടിയുടെ ലീഡറുമായിരുന്നു. സോവ്യററു റഷ്യയിലെ സൈബീരിയാ മുതൽ നാസി ജർമ്മനിയിലെ ആസ്റ്റ്‌വിററ്സ് വരെയുള്ള തടങ്കൽപാളയങ്ങളിലും വിഷവാതകമുറികളിലും. വളരെനാൾ അദ്ദേഹം ബന്ധനസ്ഥനാക്കപ്പെട്ടിട്ടുണ്ടു്. മാത്രമല്ല, ഹങ്കേറിയൻ രാജ്യകാര്യങ്ങളുടെ ആഭ്യന്തരചരിത്രത്തിൽ സുപരിചിതനും കർദ്ദിനാൾ മിൻസെന്തിയുടെ ഒരു സുഹൃത്തുമാണദ്ദേഹം.

അങ്ങനെ ഈ പുസ്തകത്തിൽ പറഞ്ഞിട്ടുള്ള സംഗതികളെല്ലാം അദ്ദേഹത്തിനു നേരിട്ടറിവുള്ളവയും, ഏററം വിശ്വാസയോഗ്യമായ കേന്ദ്രങ്ങളിൽനിന്നു കിട്ടിയിട്ടുള്ളവയുമായിരിക്കുന്നു. ഹങ്കറി വിട്ടുപോന്നശേഷം, വിപ്രവാസത്തിലുള്ള ഹങ്കേറിയൻ ഗവർമ്മെണ്ടിന്റെ എക്സിക്യൂട്ടീവ് കമ്മിററിയിലെ ഒരംഗമായി അദ്ദേഹം രാജ്യസേവനം ചെയ്തുകൊണ്ടിരിക്കുകയാണു്. ആ നിലയിൽ, ഹങ്കറിയിൽ നടന്നുകൊണ്ടിരിക്കുന്ന കാര്യങ്ങൾ യഥാരൂപം ഗ്രഹിക്കുന്നതിനുള്ള സന്ദർഭങ്ങളും സൗകര്യങ്ങളും അദ്ദേഹത്തിനുണ്ടായിരിക്കുന്നു. മാത്രമല്ല കർദ്ദിനാളിന്റെ കുടുംബാംഗങ്ങളും സുഹൃത്തുക്കളുമായി അദ്ദേഹം സമ്പർക്കത്തിലുമാണു്.

കമ്മ്യൂണിസ്റ്റുകാർ മിൻസെന്തിയുടെമേൽ ചുമത്തിയ ഏററവും വലിയ ആരോപണം അദ്ദേഹം യഹൂദന്മാരെ മർദ്ദിച്ചുവെന്നതാണു്. ഹങ്കേറിയൻ യഹൂദന്മാരുടെ പ്രമുഖനേതാവായ ബെലാ ഫേബിയന്റെ സാക്ഷ്യം ഇക്കാര്യത്തിൽ അനിഷേധ്യമായ ഒരു തെളിവായിരിക്കുമല്ലോ. നാസിഭരണകാലത്തു് അവരുടെ ക്രൂരതകളിൽനിന്നു യഹൂദന്മാരെ രക്ഷിക്കുവാൻ കർദ്ദിനാൾ മിൻസെന്തി അവലംബിച്ച നടപടികൾ, അന്നു് അദ്ദേഹത്തിന്റെ ഒരു സഹപ്രവർത്തകനായിരുന്ന ഫേബിയൻ വിശദമായി ഈ ഗ്രന്ഥത്തിൽ വിവരിച്ചിട്ടുണ്ടു്.

—പ്രസാധകർ

No. 1145

# പ്രതിമാസ ഗ്രന്ഥക്ലബ്ബ്

എറണാകുളം

വാർഷിക വരിസംഖ്യ

## 24 രൂപാ മാത്രം

## മുൻ പ്രസിദ്ധീകരണങ്ങൾ

| | | | | |
|---|---|---|---|---|
| 1. | ആത്മാർപ്പണം | 2 | 12 | 0 |
| 2. | അമൂല്യനിമിഷങ്ങൾ | 3 | 0 | 0 |
| 3. | വള്ളത്തോൾകണ്ട റഷ്യ | 2 | 8 | 0 |
| 4. | ഏഴകളുടെ തോഴർ | 2 | 4 | 0 |
| 5. | സൗന്ദര്യപൂജ | 2 | 8 | 0 |

പ്രതീക്ഷിക്കുക

# ഇരുമ്പുമറയ്ക്കുള്ളിലെ മതവിശ്വാസികൾ

ഒരു യുഗോസ്ലാവിയൻ ഡോക്ടറും സൈനികചാപ്ലനുമായിരുന്ന ഫാദർ 'ജോർജ്ജ്', യുദ്ധാവസാനത്തിൽ സൈന്യത്തെ ചെമ്പടയിൽ ലയിപ്പിച്ചതോടുകൂടി, റഷ്യയിലേക്ക അയക്കപ്പെട്ടു. സൈനികഡോക്ടറെന്ന നിലയിൽ അദ്ദേഹം റഷ്യയിൽ പലേടത്തും സഞ്ചരിച്ചു. അവിടെ ജനങ്ങൾ മതവിശ്വാസം പുലത്തുവാൻ അനുഭവിക്കുന്ന ത്യാഗങ്ങൾ കാണുകയും, പ്രച്ഛന്നവേഷരായ പല വൈദികരെയും കണ്ടുമുട്ടുകയും ചെയ്തു. റഷ്യയിൽ എവിടെയും സജീവമായിരിക്കുന്ന ഒരു അണ്ടർഗ്രൌണ്ടു സഭയെ അദ്ദേഹം കണ്ടുമുട്ടി. ഇരുമ്പുമറയ്ക്കുള്ളിൽനിന്നും ഈയിടെ രക്ഷപെട്ട അദ്ദേഹം തൻെറ അനുഭവങ്ങളെ വിവരിച്ചെഴുതിയ അത്യത്ഭുതകരവും ഹൃദയാവർജ്ജകവുമായ ഒരു ഗ്രന്ഥം.

# എൻെറ അനുഭവങ്ങൾ

"ഡഗ്ലസ് ഹൈഡ്" ഒരു മെത്തോഡിസ്റ്റ് മതപ്രസംഗകനായിരുന്നു. ഇന്നത്തെ ദുഷിച്ച മുതലാളിത്തവ്യവസ്ഥിതിയിലെ ദൃശ്യങ്ങൾ കണ്ടു രോഷാകുലനായ അദ്ദേഹം കമ്മ്യൂണിസ്റ്റാദശങ്ങളാൽ ആകൃഷ്ടനായി, ആ പാർട്ടിയിൽ ചേൎന്നു. അവിടെ ഒരു പ്രമുഖാംഗമായി. വളരെ കൊല്ലങ്ങൾ പാർട്ടിയുടെ ഔദ്യോഗികനാവായ 'ഡെയിലി വക്കറു'ടെ പത്രാധിപരായിരുന്നു. ഒടുവിൽ കമ്മ്യൂണിസം എങ്ങനെ ഒരു ലോകമഹാവിപത്തായിത്തീന്നിരിക്കുന്നുവെന്നു മനസ്സിലാക്കി പാർട്ടി വിട്ടു പോന്നു. അദ്ദേഹത്തിൻെറ ഹൃദയസ്പൃക്കായ ആത്മകഥയാണ് "എൻെറ അനുഭവങ്ങൾ".

# മൂലഗ്രന്ഥകാരൻെറ
# മുഖവുര

ജോസഫ് കർദ്ദിനാൾ മിൻസെന്തിയുടെ ജീവിതകഥയാണ് ഈ ഗ്രന്ഥത്തിലെ പ്രതിപാദ്യവിഷയം; ഹങ്കറിയിലെ പ്രിൻസ് പ്രിമേററായ അദ്ദേഹം, കിരാതത്വത്തിനെതിരായുള്ള സമരത്തിൽ രക്തസാക്ഷിത്വം വരിച്ചിരിക്കുന്ന ഒരു അധുനാതനമഹാത്മാവാകുന്നു. ഹങ്കറിയേയും യൂറോപ്പിൻെറ ഭൂരിഭാഗത്തേയും ഗ്രസിച്ചിരിക്കുന്ന അന്ധകാരശക്തികളോട്ട് അദ്ദേഹം ചെയ്തുകൊണ്ടിരിക്കുന്ന സമരത്തിൻെറ ചരിത്രം, ബ്റുഹത്തായ ഒരു വിപത്സന്ധിയെ നേരിട്ടുകൊണ്ടിരിക്കുന്ന ഇന്നത്തെ ലോകത്തിന്ന് എത്രമാത്രം പ്രാധാന്യമർഹിക്കുന്നുവെന്നു തുറന്നു കാണിക്കുകയെന്നതാണ് ഈ ഗ്രന്ഥരചനയിൽ ആരംഭം മുതൽ എനിക്കുണ്ടായിരുന്ന അഭിലാഷം.

എന്നെപ്പററിത്തന്നെ എഴുതുവാൻ എനിക്കാഗ്രഹമില്ല. ആ മഹാത്മാവിൻെറ ചരിത്രം അനുവാചകക്കു കൂടുതലായി മനസ്സിലാകുന്നതിന്ന് എൻെറ സ്വന്തം ജീവിതകഥയെക്കുറിച്ചു ഈ മുഖവുരയിലും ഇതിനുശേഷം ചില ഭാഗങ്ങളിലും അല്പമായി സ്പർശിക്കേണ്ടിവന്നിട്ടുണ്ട്. മിൻസെന്തിയെ ഞാൻ മനസ്സിലാക്കാൻ ഇടവന്നതെങ്ങനെയെന്നും, അദ്ദേഹത്തോടെനിക്കുള്ള സഹാനുഭൂതിയും ആദരവും എത്രമാത്രം സത്യാധിഷ്ഠിതമാണെന്നും വ്യക്തമാക്കുന്നതിന്ന് എന്നെപ്പററി സ്വല്പം പ്രതിപാദിക്കേണ്ടിവന്നതാണ്.

ഞാൻ 1889-ൽ ജനിച്ചു. ഹങ്കറിയിൽ മന്തിരിക്കു ഷിക്ക കോംവിടകട്ട ടോക്കേ ഡിസ്ത്രിക്റ്റാണ് എൻെറ ജന്മദേശം. എൻെറ അച്ഛനമ്മമാർ ദൈവഭക്തരും മത വിശ്വാസികളുമായ യഹൂദന്മാരായിരുന്നു. പ്രാരംഭമതപ രിശീലനവും പാരമ്പര്യവുമനുസരിച്ചു ഞാൻ എന്നും ഒരു യഹൂദമതസ്ഥനായിത്തന്നെ വത്തിച്ചുപോന്നിരുന്നു. എനി ക്കു ജോസഫ് മിൻസെന്തിയോടുള്ള അചഞ്ചലമായ സ്നേ ഹാദരങ്ങൾ കത്തോലിക്കപക്ഷപാതിത്വത്തിൽനിന്നുള വായതല്ലെന്നു സാരം. മതവിശ്വാസത്തിലും അനുഷ്ഠാന ത്തിലുമുള്ള വൈജാത്യങ്ങൾ ഞങ്ങൾ തമ്മിലുള്ള വേഴ്ചയെ വിഘാതപ്പെടുത്തിയിട്ടില്ല. സ്വാതന്ത്ര്യത്തേയും സത്യത്തേ യും ഞങ്ങളിരുവരും എക്കാലവും സ്നേഹിച്ചിട്ടുണ്ട്. ഞങ്ങൾ തമ്മിലുള്ള മൈത്രീബന്ധത്തിൻെറ അസ്ഥിവാരവും ഇതു തന്നെയായിരുന്നു. നിർഭാഗ്യയായ ഞങ്ങളുടെ മാതൃഭൂമിയെ ആവത്തിച്ചാവത്തിച്ചാക്രമിച്ച അന്ധകാരത്തിൻേറയും പ്ര തിലോമതയുടേയും ശക്തികളോടുള്ള പോരാട്ടത്തിലും ഞങ്ങൾ പങ്കുവഹിച്ചിരുന്നു. മിൻസെന്തി കത്തോലിക്ക സഭയിലെ ഒരു വൈദികാദ്ധ്യക്ഷപ്രമുഖനും, ഞാൻ രാഷ്ട്രീ യപ്രവത്തകനായ ഒരു യഹൂദനും ആയിരുന്നെങ്കിലും ഞങ്ങ ളിരുവരും ഒരേ ദൈവത്തെത്തന്നെയാണ് എക്കാലവും ആരാധിച്ചുപോന്നിട്ടുള്ളതു്.

എൽ എൽ ഡി ബിരുദം നേടിയതിനുശേഷം ഞാൻ ഡോക്ടർ വില്ല്യം വസ്സോണിയെന്ന അഭിഭാഷകൻെറ ഓ ഫീസിൽ കൂട്ടുവക്കീലായിച്ചേന്നു. ഒരു സുപ്രസിദ്ധനിയമ കാര്യവിദഗ്ദ്ധനും ഹങ്കേറിയിലെ ഡിമോക്രാററിക്ക പാർട്ടി യുടെ നേതാവുമായിരുന്ന അദ്ദേഹം പിൽക്കാലത്തു നീതി ന്യായമന്ത്രിയുടെ പദവിയിലേക്കു് ഉയരുകയുണ്ടായി.

ഒന്നാം ലോകമഹായുദ്ധം എൻെറ അഭിഭാഷകവൃത്തി ക്കു തുടക്കത്തിൽതന്നെ വിരാമമിട്ടു. ഹങ്കേറിയൻ സൈന്യ ത്തിൽ ഒരുദ്യോഗസ്ഥനായിച്ചേന്ന എന്നെ 1915-ൽ റഷ്യ

KOTTAYAM PUBLIC LIBRARY KOTTAYAM

ക്കാർ തടവുകാരനാക്കി, ടാഷ്കെൻറിലുള്ള ഒരു പാളയത്തിൽ പാൎപ്പിച്ചു. അവിടെവെച്ചാണു് ഞാൻ റഷ്യൻഭാഷ പഠിച്ചതു്. ഒരു ഉദ്യോഗസ്ഥനെന്ന നിലയ്ക്കു് എന്നോടവർ മാന്യമായിട്ടാണു പെരുമാറിയതു്. എങ്കിലും റഷ്യൻ തടവുകളിലെ ഉദ്യോഗസ്ഥന്മാൎക്കു് എത്ര ക്രൂരമായി പെരുമാറാൻ കഴിയുമെന്നു മനസ്സിലാക്കുവാൻ ആ കാരാഗൃഹവാസത്തിനിടയിൽ എനിക്കു സാധിച്ചു. വെറും സാധാരണക്കാരായ തടവുപുള്ളികളെ അവിടെ പട്ടിണിക്കിടുകയും കഠിനമായി അദ്ധ്വാനിപ്പിക്കുകയും ചെയ്തുവന്നു. അവരുടെ ഭയങ്കരമായ ദുരിതങ്ങൾ കണ്ടു ഞാൻ വിറച്ചുപോയിട്ടുണ്ടു്. റഷ്യൻ സൈനികോദ്യോഗസ്ഥന്മാരോടു ഞാൻ ഇതിനെക്കുറിച്ചു പ്രതിഷേധിച്ചു. ഫലമോ? വ്ളാഡിവോസ്റ്റോക്കിൽനിന്നു നാന്നൂറുമൈലകലെ കിഴക്കൻ സൈബീരിയായിലുള്ള ഒരു ശിക്ഷാസങ്കേതത്തിലേക്കു ഞാൻ മാററപ്പെട്ടു

അന്നു റഷ്യയിലുണ്ടായിരുന്ന തടവുകാരെല്ലാം റഷ്യൻ വിപ്ലവത്തെ സ്വാഗതം ചെയ്തിരുന്നു; ബൃഹത്തായ ആ പൗരസ്ത്യസാമ്രാജ്യത്തെ പാശ്ചാത്യജനായത്തനാഗരികതയോടു് അടുപ്പിക്കാൻ ഉപകരിക്കുന്ന ജനാധിപത്യത്തിൻെറ ഒരു മഹാവിജയമായിരിക്കും അതെന്നു് അവർ വിശ്വസിച്ചു. എന്നാൽ കമ്മ്യൂണിസ്റ്റ് വിജയത്തിൻെറ യഥാൎത്ഥസ്വഭാവം ഞങ്ങൾ വേഗത്തിൽ മനസ്സിലാക്കി. ജനാധിപത്യത്തിനു കടകവിരുദ്ധമായ ഒരു ശക്തി ഞങ്ങളുടെ മുമ്പിൽ വളൎന്നു രൂപം പ്രാപിക്കുന്നതു ഞങ്ങൾ കണ്ടു.

1918-ൽ ഞാൻ തടവുചാടി. ആഭ്യന്തരയുദ്ധം, മനുഷ്യർ കൂട്ടംചേൎന്നു ചെയ്യുന്ന കൊടും ക്രൂരതകൾ, നശീകരണശക്തികളുടെ നഗ്നമായ സംഹാരതാണ്ഡവങ്ങൾ ഇവയെല്ലാംകൊണ്ടു വികൃതവും വിലക്ഷണവുമായിത്തീൎന്നിരുന്ന നാട്ടിൻപുറങ്ങളിൽക്കൂടി ഒളിച്ചും ഓടിയും അയ്യായിരം മൈൽ സഞ്ചരിച്ചു് ഒടുവിൽ ഒരുവിധം ഞാൻ ലെനിൻഗ്രാഡിൽ എത്തിച്ചേൎന്നു. ബ്രസ്റ്റ്ലിറേറാവ്സ്കിൽ സാമ

ധാനസന്ധിയെക്കുറിച്ചുള്ള സംഭാഷണങ്ങൾ നടക്കുകയായിരുന്നു. അതേസമയത്തു ലെനിൻഗ്രാഡ് നഗരമോ കമ്മ്യൂണിസ്റ്റ്കാർ ആരംഭിച്ച ഭ്രാതൃഹത്യാപരമായ ഒരു മൃഗീയസമരത്തിൻെറ പിടിയിൽ അമർന്നിരിക്കുകയാണ്. കമ്മ്യൂണിസത്തിൽനിന്നു വിഭിന്നമായ എല്ലാ പ്രസ്ഥാനങ്ങളുടേയും നേർക്കു്, അതിലും വിശേഷിച്ചു ജനാധിപത്യവാദികളുടേയും പുരോഗമനവാദികളുടേയും നേർക്കു്, കമ്മ്യൂണിസ്റ്റ്കാർ ആരംഭിച്ച വഞ്ചനാത്മകമായ സമരമായിരുന്നു അതു്. കമ്മ്യൂണിസ്റ്റ്കാരുടേതല്ലാത്ത എല്ലാ വാർത്താകേന്ദ്രങ്ങളും അതിവേഗം അമർച്ചചെയ്യപ്പെട്ടുകയാൽ നേരിട്ടു കണ്ടും അനുഭവിച്ചും വേണ്ടിയിരുന്നു വിവരങ്ങൾ അറിയുവാൻ. സോവ്യററ് മീററിങ്ങുകളും മററു പൊതുയോഗങ്ങളും നടന്നുകൊണ്ടിരുന്ന ഗാലറികളിൽ സൂത്രത്തിൽ കയറിപ്പററിയും, സജീവമായ വർത്തമാനപത്രങ്ങളായി വർത്തിച്ചിരുന്ന ജനാധിപത്യവാദികളായ പത്രപ്രവർത്തകരോടു സംസാരിച്ചും മററുമാണ് ഞാൻ സംഭവഗതികൾ മനസ്സിലാക്കിയിരുന്നതു്.

സ്വതന്ത്രലോകത്തിനു റഷ്യൻ കമ്മ്യൂണിസം ഒരു ഭയങ്കരവിപത്താണെന്നു് അനുഭവിച്ചറിഞ്ഞു ഭയചകിതനായിട്ടാണു് ഒടുവിൽ ഞാൻ ബുഡാപെസ്റ്റിലേയ്ക്കു മടങ്ങിച്ചെന്നതു്. ലോകത്തിലെവിടേയുമെന്നപോലെ ഹങ്കറിയിലേയും ആത്മാർത്ഥതയുള്ള പുരോഗമനവാദികളിൽ ആധികംപേരും റഷ്യൻ വിപ്ലവത്തെ സംബന്ധിച്ചു് ഒരു വ്യാമോഹത്തിൽ കുടുങ്ങിയിരിക്കുന്ന കാഴ്ച ഞാൻ കണ്ടു. ജനാധിപത്യത്തിൻെറ അനുക്രമമായ വികാസത്തിനു പ്രോത്സാഹനം നൽകുന്ന ഒരു മഹാസംഭവമായി അവർ റഷ്യൻവിപ്ലവത്തെ വ്യാഖ്യാനിച്ചു. ഇതു് എന്നെ കൂടുതൽ പീഡിപ്പിച്ചു. പരമാർത്ഥം അവരുടെ വിശ്വാസത്തിനുനേരേ വിപരീതമാണെന്നു് അവരെ ബോദ്ധ്യപ്പെടുത്തുവാൻ ഞാൻ ഒരുങ്ങി. പ്രസംഗങ്ങളിലും ലേഖനങ്ങളിലും കൂടെയും, "ബോൾ

ഷെവിക്കഭരണത്തിൻെറ കീഴിൽ റഷ്യയുടെ നാശം", "റഷ്യൻനരകം", "പെട്രോഗ്രാഡ്", തുടങ്ങിയ ഗ്രന്ഥങ്ങൾ മുഖേനയും റഷ്യൻവിപ്ലവത്തിൻെറ യഥാൎത്ഥസ്വഭാവമെന്തെന്നു വിശദീകരിക്കുവാൻ ഞാൻ പരിശ്രമിച്ചു. എന്നാൽ അനാസ്ഥയോടും അവിശ്വാസത്തോടുംകൂടിയാണു് ഇടത്തരക്കാരായ ബുദ്ധിജീവികൾ എൻെറ ഈ യത്നങ്ങളെ വീക്ഷിച്ചതു്. മാത്രമല്ല, തീവ്രവാദികളായ വാമപക്ഷീയരുടെ വിഷലിപ്തമായ എതിർപ്പുകൾക്കു് ഞാൻ ശരവ്യമാകുകകൂടിച്ചെയ്തു. 1919-ൽ കമ്മ്യൂണിസ്റ്റ്കാർ ഹങ്കറിയിൽ പരമാധികാരം കൈയടക്കിയപ്പോൾ ആദ്യമായി അറസ്റ്റ് ചെയ്യപ്പെട്ടവരുടെ കൂട്ടത്തിൽ ഞാനുമുൾപ്പെട്ടു. എന്നെ അവർ ഏകാന്തതടവിൽ പാർപ്പിച്ചു.

ആ സ്വേഛാധിപത്യത്തിനു ദീർഘകാലം നിലനിൽക്കാൻ കഴിഞ്ഞില്ല. അതേത്തുടർന്നുണ്ടായ ഭരണക്രമം അതിനു നേരേ വിപരീതകക്ഷികളുടേതായിരുന്നെങ്കിലും അത്രതന്നെ ഭയങ്കരമായിരുന്നു. അപരാധികളായ പലരേയും, അക്കൂട്ടത്തിൽ നിരപരാധികളായ നിരവധിപേരേയും പുതിയ ഭരണാധികാരികൾ നിഷ്ഠൂരമായ മൎദ്ദനത്തിനും പ്രതികാരനടപടികൾക്കും വിധേയരാക്കി. ഈ ദുർഭരണത്തേയും ഞാൻ എൻെറ സൎവ്വശക്തിയുമുപയോഗിച്ചു് എതിൎക്കുകയുണ്ടായി. ഇതിലേക്കു "റഷ്യൻ മാതൃക", "ബോൾഷേവിക്കു പ്രചരണതന്ത്രത്തിൻെറ മാൎഗ്ഗങ്ങളും സൂത്രങ്ങളും ഫലങ്ങളും", "റഷ്യൻ എതിർവിപ്ലവത്തിൻെറ ചരിത്രം" എന്ന മൂന്നു പുസ്തകങ്ങൾകൂടി ഞാൻ പ്രസിദ്ധീകരിച്ചു. ഹങ്കറിയിലെ ഏൎപ്പാടനുസരിച്ചു എൻെറ ആദൎശങ്ങളെ രക്ഷിക്കുവാൻ അനേകം പ്രാവശ്യം എനിക്കു പ്രതിയോഗികളുമായി ദ്വന്ദയുദ്ധം ചെയ്യേണ്ടിവന്നിട്ടുണ്ടു്.

അവസാനം 1920-ൽ ബുഡാപെസ്റ്റിലെ മുനിസിപ്പൽ കൗൺസിലിലെ ഒരംഗമായി ഞാൻ തിരഞ്ഞെടുക്കപ്പെട്ടു. 1922-ൽ സ്വതന്ത്രഡിമോക്രാററിക്കു് പാർട്ടിയുടെ

പ്രതിനിധിയായിട്ട ഞാൻ പാർലമെൻറ് അംഗമായി ഉയ ൎന്നു. പതിനേഴുവർഷക്കാലം തുടർച്ചയായി ഞാൻ പാർലമെൻറിൽ ഈ കക്ഷിയെ പ്രതിനിധീകരിച്ചിട്ടുണ്ട്. 1928-ൽ ഞാൻ എൻെറ കക്ഷിയുടെ പ്രസിഡൻറുസ്ഥാനം സ്വീകരിച്ചു. യൂറോപ്പ് നാസിസത്തിൻെറ ആക്രമണത്തിൽ അകപ്പെട്ടുന്നതുവരെയുള്ള ആ കാലഘട്ടമത്രയും ഏകാധിപത്യത്തിൻെറ രണ്ടു വമ്പിച്ച കേന്ദ്രങ്ങളായ റഷ്യയേയും ജമ്മനിയേയും, പാർലമെൻറിനകത്തും പുറത്തും ഞാൻ എതിൎത്തുകൊണ്ടിരുന്നു. ആദ്യകാലങ്ങളിൽനാസിവിപത്തിനെക്കുറിച്ചുള്ള എൻെറ മുന്നറിയിപ്പുകൾ, അതിനുമുമ്പു ബോൾഷെവിക്ക് അപകടത്തെക്കുറിച്ചു ഞാൻ ചെയ്ത പ്രവചനങ്ങൾപോലെതന്നെ, അവിശ്വാസത്തോടും പരിഹാസത്തോടുംകൂടിയാണു് സ്വീകരിക്കപ്പെട്ടതു്.

എന്നാൽ നാസികൾ എന്നെ കൂടുതൽ ഗൗരവത്തോടുകൂടിയാണു് വീക്ഷിച്ചതു്. ജർമ്മനി ആസ്ട്രിയായും, ഹങ്കറിയും കീഴടക്കിയ കാലത്തു ബുഡാപെസ്റ്റിൽനിന്നു പ്രസിദ്ധീകരിച്ചിരുന്ന ഒരു മാസികയുടെ പുറംതാളിൽ ഒരു ചുഴലിക്കാററിനോടു മല്ലടിക്കുന്ന ഒരു വാമനനായി എന്നെ ചിത്രീകരിച്ചുകൊണ്ടുള്ള ഒരു ഹാസ്യചിത്രം സ്ഥലം പിടിച്ചിരുന്നു. അതിൻെറ അടിയിൽ ഇങ്ങനെ എഴുതിയിരുന്നു. "കൊച്ചുമനുഷ്യാ, ഇനി എന്തു്?"

1944-ൽ ജമ്മനി ഹങ്കറിയിൽ ആക്രമണം അഴിച്ചുവിടുകയും എല്ലാ ജനാധിപത്യവാദികളും ഉടനടി അറസ്റ്റ് ചെയ്യപ്പെടുകയും ചെയ്തു. എൻെറ ഏററവും പ്രബലനായ രാഷ്ട്രീയപ്രതിയോഗിയുടെ ശുപാൎശയനുസരിച്ച് എന്നെ മാത്രം കൂട്ടക്കൊലകൾക്കു കുപ്രസിദ്ധിയാൎജ്ജിച്ച, വിഷവാതകോപകരണങ്ങളോടുകൂടിയ, ആസ്ക്ക് വിററ്സിലേക്കു കൊണ്ടുപോയി.

അവിടെ വിഷവായുപ്രയോഗത്തിനിരയായി മൃതിയടഞ്ഞ ബഹുസഹസ്രം തടവുപുള്ളികളുടെ കൂട്ടത്തിൽ

ഞാൻ എന്തുകൊണ്ടോ ഉൾപ്പെട്ടില്ല. അതൊരു വിസ്മയാവഹമായ സംഗതിയായിട്ടാണു് എനിക്കിന്നും തോന്നുന്നതു്. ജയിലിനകത്തു രഹസ്യമായി റേഡിയോ ഉപകരണങ്ങൾ സജ്ജീകരിച്ചു വാർത്തകൾ കേൾക്കുവാൻ ഞങ്ങൾ സംഘങ്ങളായി ചേർന്നു. വെടിവെച്ചു വീഴ്ത്തപ്പെടുന്ന അമേരിക്കൻ വിമാനങ്ങൾ അഴിച്ചു പുനഃസംഘടിപ്പിക്കുക എന്നതായിരുന്നു ഞങ്ങൾക്കു നൽകപ്പെട്ടിരുന്ന പ്രധാന ജോലി. അവയിൽനിന്നു് അല്പാല്പമായി റേഡിയോ ഘടകങ്ങൾ ഒളിച്ചു സൂക്ഷിച്ചു ഞങ്ങൾ റേഡിയോകൾ നിർമ്മിക്കും. ഇംഗ്ലണ്ടിൽനിന്നും അമേരിക്കയിൽനിന്നുമുള്ള വാർത്താപ്രക്ഷേപണങ്ങൾ കേൾക്കുവാൻ ഞങ്ങൾക്കു് അതിയായ ഉൽക്കണ്ഠയുണ്ടായിരുന്നു.

ഇടയ്ക്കിടയ്ക്കു ജർമ്മൻകാർ ഏതെങ്കിലും ഒരു റേഡിയോസ്റ്റേഷൻ കണ്ടുപിടിക്കും. അതിൽ ഉൾപ്പെട്ടവരെന്നു സംശയം തോന്നുന്ന സകലരുടെയും കഥ അതോടെ അവസാനിക്കും. ആസ്ക്ക്‌വിററ്സിൽ ജീവനു് ഒരു വിലയുമില്ല. പക്ഷെ വാർത്തകളറിയാനുള്ള ദാഹം വളരെ ഉൽക്കടമായിരുന്നു. ഒരുസംഘം റേഡിയോപ്രവർത്തകരെ കഴുവേററിയതിന്റെ പിറെറന്നാൾ തന്നെ പുതിയൊരു റേഡിയോസ്റ്റേഷൻ പ്രവർത്തനമാരംഭിക്കും.

പിന്നീടു് എന്നെ രണ്ടുമൂന്നു പ്രാവശ്യം ജയിലുകൾ മാററി പാർപ്പിച്ചു. 1945 മാർച്ചുമാസത്തിൽ 'ഒർഡ്‌റഫ്' ജയിലിൽനിന്നു മൂന്നു കൂട്ടുകാരുമൊരുമിച്ചു ഞാൻ രക്ഷപെട്ടു. ടൂറിൻഗിയാ വനാന്തരങ്ങളിൽ പത്തു ദിവസക്കാലം ഒളിച്ചു കഴിച്ചുകൂട്ടിയതിനുശേഷം ജർമ്മൻ പടയണികൾക്കിടയിൽക്കൂടെ കൗശലത്തിൽ കടന്നു ഞങ്ങൾ അമേരിക്കൻ പാളയത്തിൽ എത്തിച്ചേർന്നു. വിസ്മയകരമായവിധം ഹാർദ്ദമായ സ്വീകരണമാണു് ഞങ്ങൾക്കു ലഭിച്ചതു്. അമേരിക്കൻ പത്രപ്രതിനിധികൾ എന്നോടു സംഭാഷണം നടത്തി. ജർമ്മൻ തടങ്കൽപാളയങ്ങളിൽ

നടക്കുന്ന കാര്യങ്ങളെക്കുറിച്ചുള്ള അനുഭവകഥകൾ ഞാൻ ആദ്യമായി പറഞ്ഞതു് അവരോടാണു്.

ഇങ്ങനെ മിൻസെന്തി ഏതേതു തിന്മകളോടു പടവെട്ടിയോ അവയെ എനിക്കു നേരിട്ടു പരിചയമുണ്ടു്.

ഞങ്ങൾ തമ്മിൽ ആദ്യം കാണുമ്പോൾ അദ്ദേഹം ജോസഫ് പെം എന്ന പേരിലാണു് അറിയപ്പെട്ടിരുന്നതു്. അക്കാലത്തു സലജേഴ്സസ്സിലെ 'ആബ്ബെ'യായിരുന്ന അദ്ദേഹം പശ്ചിമഹങ്കറിയിലെ നാസിവിരുദ്ധപ്രവർത്തനങ്ങളെ നയിക്കുകയായിരുന്നു. ഹങ്കറിയിലെ ഫാസിസ്റ്റ് കക്ഷിയായ 'ആരോക്രോസ്' പാർട്ടി ഹങ്കറിയുടെ രാഷ്ട്രീയജീവിതത്തിൽ ശക്തിയായനുമ്മേറ്റം ചെലുത്തുകയും, അധികാരം പിടിച്ചെടുക്കുമെന്നു ശക്തിയായി ഭീഷണികൾ മുഴക്കുകയും ചെയ്തുകൊണ്ടിരുന്ന ദശാസന്ധിയായിരുന്നു അതു്. അവരുടെ യഹൂദമർദ്ദനനയം അവർ തുടങ്ങിക്കഴിഞ്ഞിരുന്നു. റീജൻറു് ഹോർത്തിയുടെ പത്നിയെക്കുറിച്ചു അവഹേളനപരങ്ങളായ പരാമർശനങ്ങൾ അവരുടെ പത്രങ്ങളിൽ വന്നുകൊണ്ടിരുന്നു. ആമഹതിയുടെ പൂർവ്വികർ യഹൂദരായിരുന്നതിനെ അനുസ്മരിച്ചു് റിബേക്കാ എന്ന ഒരു ഹാസ്യപ്പേരും അവർ നൽകിയിരുന്നു.

നാസിസത്തിനും, യഹൂദവൈരത്തിനും എതിരായിട്ടാണു് എൻെറ നിലപാടെന്നുള്ള കാര്യം സുജ്ഞാതമായിരുന്നതിനാൽ മറ്റിതരായവരിൽ വളരെപ്പേർ സഹായത്തിനായി എന്നെ സമീപിക്കാറുണ്ടു്. മിൻസെന്തിയുടെ ദേശത്തെ നാസിപക്ഷപാതിയായിരുന്ന പ്രിഫെക്ടിനെക്കുറിച്ചു ധാരാളം പരാതികൾ ഉയർന്നുകൊണ്ടിരുന്നു. 'ആബ്ബെ' ജോസഫ് പെമിനെക്കുറിച്ചും, അദ്ദേഹത്തിൻെറ പരസ്നേഹപരമായ നിലപാടിനെക്കുറിച്ചും ഇതിനകം വളരെയെല്ലാം കേട്ടറിഞ്ഞിരുന്നതിനാൽ അദ്ദേഹത്തോടും പ്രിഫെക്ടിൻെറ ഒരു അടുത്ത ബന്ധുവായ ജോസഫ് ടെലേക്കിയോടും സംഭാഷണം നടത്തി അവരുടെ സഹായമഭ്യർത്ഥിക്കുവാൻ

No. 11497



ഞാൻ നിശ്ചയിച്ചു. താൻ പ്രിഫെക്ടിന്റെ യഹൂദവൈരം നീക്കവാൻ പലതവണ പരിശ്രമിച്ചിട്ടുണ്ടെന്നും അതെല്ലാം വിഫലമാവുകയാണുണ്ടായതെന്നും മിൻസെന്തി എന്നെ അറിയിച്ചു.

"പക്ഷെ ഒരിക്കലും ആശ കൈവെടിയരുതു്." അദ്ദേഹം പറഞ്ഞു. "ഭയങ്കരമായ ഒരു വിപത്താണു് ഇപ്പോൾ നാടിനെ അഭിമുഖീകരിക്കുന്നതു്. ഇന്നത്തെ യഹൂദമർദ്ദനം ആദ്യകാലത്തെ ക്രൈസ്തവമർദ്ദനത്തെ അനുസ്മരിപ്പിക്കുന്നു. ഏതെങ്കിലും ഒരു മതത്തെ ഭീഷണിപ്പെടുത്തുന്നവർ വാസ്തവത്തിൽ എല്ലാമതങ്ങളേയും ഭീഷണിപ്പെടുത്തുകയാണു് ചെയ്യുന്നതു്."

"ഞാൻ ആ അഭിപ്രായത്തോടു തികച്ചും യോജിക്കുന്നു." കൗണ്ടു ടെലേക്കി പറഞ്ഞു: "ഇന്നു യഹൂദന്മാരുടെ മുറയാണു്. നാളെ പക്ഷെ നിങ്ങൾക്കും എനിക്കും ഇതേ അനുഭവം നേരിട്ടേക്കും."

പ്രിഫെക്ടിനെ നേർവഴിയിലെത്തിക്കാൻ മുൻപു പല പ്രാവശ്യം പരിശ്രമിച്ചിരുന്ന ടെലേക്കി വലിയ പ്രതീക്ഷകളോടുകൂടിയല്ലെങ്കിലും ഒരിക്കൽകൂടി ശ്രമിച്ചുനോക്കാമെന്നു സമ്മതിച്ചു.

"കൊള്ളാം." മിൻസെന്തി പറഞ്ഞു. "ഇപ്പോഴാണു നമുക്കു് ആളുകൾ ആവശ്യമായിരിക്കുന്നതു്."

ഇതേ വാക്കുകൾതന്നെ അതിൽ പിന്നീടു പല വിഷമസന്ധികളിലും അദ്ദേഹം ഉച്ചരിച്ചതായി പറഞ്ഞുകേട്ടിട്ടുണ്ടു്.

ജർമ്മൻകാരുടെ തടവിൽനിന്നു രക്ഷപെട്ട ഞാൻ, എന്റെ പതിയുടെ വിമോചനത്തിനുവേണ്ടി പ്രാർത്ഥിച്ചുകൊണ്ടു പാരീസ് നഗരത്തിൽ ഒരഭയാർത്ഥിയായി അലയുമ്പോൾ, ഇതേ വാക്കുകൾതന്നെ അദ്ദേഹം പറഞ്ഞതായി കേൾക്കുകയുണ്ടായി. അന്നു ഹങ്കറിയിൽ ഒരു നിലവറയ്ക്കകത്തു് എന്റെ ഭാര്യ ഞങ്ങളുടെ നായയുമൊരുമിച്ചു് ഒ

ളിച്ചിരിക്കുകയായിരുന്നു. റഷ്യക്കാർ അവരെ വിട്ടയക്കാൻ വീണ്ടും വീണ്ടും വിസമ്മതിച്ചു. ഒടുവിൽ എൻെറ പ്രാർത്ഥനകൾ സഫലമായി. (ഇന്ന് എൻെറ പത്നിയും ഞങ്ങളുടെ പ്രിയപ്പെട്ട നായയും എന്നോടൊന്നിച്ചുണ്ട്.)

അക്കാലത്തു മിൻസെന്തിക്കെതിരായി ഹീനമായ ഒരു സമരം ഹങ്കറിയിൽ ആരംഭിക്കപ്പെട്ടിരുന്നു. ഹങ്കറിക്കകത്തുംപുറത്തുമുള്ള പത്രങ്ങളിൽ അദ്ദേഹത്തിനെതിരായി ലേഖനപരമ്പരകൾ പ്രത്യക്ഷപ്പെട്ടപ്പോൾ, ഹങ്കറിയിൽ വാസം തുടരുകയാണെങ്കിൽ അദ്ദേഹത്തിൻെറ അനുഭവങ്ങൾ എന്തെല്ലാമായിരിക്കുമെന്ന് എനിക്ക് ഊഹിക്കാൻ സാധിച്ചു. അദ്ദേഹത്തെ വധിച്ചു പരിഷ്കൃതലോകത്തിൻെറ മുഴുവൻ ശത്രുത്വം സമ്പാദിക്കാതെ കഴിയുമെങ്കിൽ വല്ലപാടും അദ്ദേഹത്തിൻെറ ഉപദ്രവം ഒഴിവാക്കിത്തീർക്കുവാൻ ഹങ്കറിയിലെ കമ്മ്യൂണിസ്റ്റുകാർ ജാഗ്രതയുണ്ടായിരിക്കുമെന്നു ഞാൻ പ്രതീക്ഷിച്ചു. നാടുവിട്ടു പോകുവാൻ അദ്ദേഹത്തെ അവർ സഹായിക്കുമായിരുന്നെങ്കിലും, രക്ഷപെടുവാനുള്ള സമയം അതിക്രമിച്ചിട്ടില്ലായിരുന്ന ആ സന്ദർഭത്തെ എന്തുകൊണ്ട് അദ്ദേഹം വിനിയോഗിക്കുന്നില്ല? സ്വന്തം ജനങ്ങളെ വിട്ടു പോരുവാൻ അദ്ദേഹത്തിനുള്ള വൈമനസ്യം കൊണ്ടു മാത്രമായിരിക്കുമോ? വിമർശനങ്ങൾക്കു ശരവ്യമാകുവാൻ അദ്ദേഹം തയ്യാറില്ലായിരുന്നതുകൊണ്ടാണോ? അദ്ദേഹത്തോടു ഞാൻ മനസാ യുക്തിവാദം ചെയ്തുനോക്കി. "ഇവിടെ വെളിയിലാണെങ്കിൽ" ഞാൻ മനസ്സിൽ മന്ത്രിച്ചു, "അവിടുത്തേക്കു ലഭിക്കുന്ന സ്വാതന്ത്ര്യം സ്വന്തം നാടിൻെറ വിമോചനപ്രസ്ഥാനത്തെ സഹായിക്കാൻവേണ്ടി ഉപയോഗിക്കാമല്ലോ."

ഞാൻ ഈവിധചിന്തകളിൽ മുഴുകിയിരിക്കുമ്പോൾ മിൻസെന്തിയുടെ സമരസഖാവായിരുന്ന എൻെറ ഒരു സ്നേഹിതൻ ഹങ്കറിയിൽനിന്നു രക്ഷപെട്ടു പാരീസിൽ വന്നുചേർന്നു. തനിക്കു പ്രിയംകരങ്ങളായിരുന്ന സർവ്വത്തി

ൻെറയും നാശത്തെക്കുറിച്ചു് അദ്ദേഹം എന്നെ കണ്ണുനീരോടുകൂടി വൎണ്ണിച്ചുകേൾപ്പിച്ചു. തൻെറ വീടും കുടുംബവും തോട്ടങ്ങളും ഹങ്കറിയിലെ പച്ചിലക്കാടുകളും എല്ലാം എന്നെന്നേക്കുമായി നശിപ്പിക്കപ്പെട്ടിരിക്കുന്ന വസ്തുത പറഞ്ഞുകൊണ്ടു് ആ നിർഭാഗ്യവാൻ എൻെറ മുമ്പിൽനിന്നു വിലപിച്ചു.

ഈ നഷ്ടങ്ങളെല്ലാം അനുഭവിച്ചവനാണു ഞാനും. ആ മനുഷ്യൻെറ ഹൃദയവേദന എനിക്കു മനസ്സിലാക്കാൻ സാധിച്ചു. സ്വരാജ്യമുപേക്ഷിച്ചു പലായനം ചെയ്തതിൽ സ്വയം കുററപ്പെടുത്തിക്കൊണ്ടിരുന്ന അദ്ദേഹത്തെ സമാധാനപ്പെടുത്തുവാൻ ഞാൻ ശ്രമിച്ചു.

"ഇവിടെ എത്താൻ കഴിഞ്ഞതിൽ നിങ്ങൾ ഭാഗ്യവാനാണു്. നാട്ടിലായിരുന്നെങ്കിൽ നിങ്ങൾ ഒരു തടവുപുള്ളിയാകുമായിരുന്നില്ലേ?" ഞാൻ സാന്ത്വനോക്തികൾ ഉന്നയിച്ചു.

"അതു ശരിയാണെന്നെനിക്കറിയാം." അദ്ദേഹം മറുപടിപറഞ്ഞു: "അൻഡ്രാസി തെരുവിലെ അറുപതാം നമ്പർ കെട്ടിടത്തിൽ രഹസ്യപ്പോലീസിൻെറ കൈവശമാകുമായിരുന്നേനെ ഞാൻ."

"അതെ." ഞാൻ തുടൎന്നു. "മാത്രമല്ല, മൎദ്ദനത്തിനു വിധേയനായി, നിങ്ങളുടെ സ്നേഹിതന്മാരെയും സഹപ്രവൎത്തകരെയും ഒററിക്കൊടുക്കുവാൻ നിങ്ങൾ നിർബ്ബന്ധിതനാകുമായിരുന്നു. അവരുടെ മൎദ്ദനമുറകളെ ചെറുത്തുനില്ക്കുക ആരാലും അസാദ്ധ്യമാണു്."

"അതും എനിക്കറിയാം." അദ്ദേഹം പ്രതിവചിച്ചു. "അതിനാലാണു് ഞാൻ പോന്നുകളഞ്ഞതു്. സമരം തുടരാൻ അസാദ്ധ്യമാണെന്നു ഞാൻ കണ്ടു. അവരുടെ ചേരിയിൽ ചേരുവാൻ ഞാൻ ഇഷ്ടപ്പെട്ടില്ല. അൻഡ്രാസി തെരുവിലെ അറുപതാംനമ്പർ കെട്ടിടത്തെ ഞാൻ ഭയപ്പെട്ടു. അതേ, തീർച്ചയായും മരണത്തെ ഞാൻ ഭയപ്പെട്ടു. സ്വന്തം സഖാക്കളെ ഒററിക്കൊടുക്കുവാൻ നിർബന്ധിത

നാകുന്നതിനെ അതിലും കൂട്ടതലായി ഞാൻ വെറുത്തു."

"എന്നാൽ പിന്നെ നിങ്ങൾ സ്വയം ശപിക്കുന്നതെന്തിനാണ്? നിങ്ങൾക്ക മററെന്തുചെയ്യാൻ കഴിയുമായിരുന്നു?" ഞാൻ ചോദിച്ചു.

"എൻെറ ഗുരുവിൻെറ വാക്കുകൾ എൻെറ കാതുകളിൽ മുഴങ്ങിക്കൊണ്ടിരിക്കുന്നു." അദ്ദേഹം ഉത്തരം പറഞ്ഞു.

"അദ്ദേഹമാരാണ്?"

"കട്ടിനാൾ മിൻസെന്തി. പോരുന്നതിനുമുമ്പു ഞാൻ അദ്ദേഹത്തോട് ഒരു അഭിമുഖസംഭാഷണത്തിന് ആവശ്യപ്പെട്ടു. വളരെ സൗഹാർദ്ദത്തോടുകൂടിയാണ് അദ്ദേഹമെന്നെ സ്വീകരിച്ചത്. അവിടത്തെ ജീവിതം നിഷ്ഫലമാണെന്ന് എനിക്കു ബോദ്ധ്യമായിരിക്കുന്നെന്നും, രക്ഷപെടുവാനുള്ള മാർഗ്ഗങ്ങളെക്കുറിച്ചു ഞാൻ ആലോചിക്കയാണെന്നും അദ്ദേഹത്തെഅറിയിച്ചു. പെട്ടെന്ന് അദ്ദേഹത്തിൻെറ ഭാവം മാറി. വളരെനേരം മൗനമായിരുന്നതിനുശേഷം അദ്ദേഹം പറഞ്ഞു: 'ഇപ്പോഴാണു നമുക്ക് ആളുകൾ വേണ്ടിയിരിക്കുന്നത്' എന്ന്."

അപ്പോൾ മാത്രമാണ് എൻെറ സംശയങ്ങൾ നീങ്ങാൻ തുടങ്ങിയത്. എന്നാൽ അവയ്ക്കെല്ലാം തക്ക സമാധാനങ്ങൾ ഉടനടി ലഭിച്ചില്ല. തീർച്ചയായും മിൻസെന്തി ഒരു പുരുഷനായിരുന്നു. ചരിത്രത്തിലെ ആ വിഷമസന്ധിയിൽ ഹങ്കറിക്ക് ഏററവും ആവശ്യമായിരുന്നതരത്തിലുള്ള ഒരു പുരുഷപുംഗവൻ! എന്നാൽ എൻെറ ചോദ്യങ്ങൾക്കെല്ലാമുള്ള മറുപടി അതുമാത്രമായിരുന്നില്ല. അദ്ദേഹം സവിശേഷമായ ഒരു സ്ഥാനത്തെ അലങ്കരിക്കുകയായിരുന്നു. അദ്ദേഹത്തിൻെറ സ്വന്തം വിശകലനത്തിൽ ആ ഉത്തരവാദിത്വം ഉൽകൃഷ്ടമെന്നതുപോലെ ഗുരുതരവുമായിരുന്നു. ആ ചുമതല നിറവേററാൻ ഹങ്കറിയിലെ കത്തോലിക്കരുടെ മാത്രമല്ല, ലോകത്തിലെങ്ങുമുള്ള കത്തോലിക്കരുടെ മാത്രമല്ല; വിശ്വത്തിലൊട്ടാകെയുള്ള സ്വാതന്ത്ര്യപ്രേമികളായ

മഹാജനങ്ങളുടെ മുമ്പിൽ അദ്ദേഹം ബാദ്ധ്യസ്ഥനായിരുന്നു.

വേണമെങ്കിൽ അദ്ദേഹത്തിനു നാടുവിട്ടുപോരാമായിരുന്നു. വിദേശവാസംചെയ്തുകൊണ്ടു ഹങ്കറിയെ വിമോചിപ്പിക്കുവാനും കമ്മ്യൂണിസത്തെ എതിൎക്കുവാനും വേണ്ടിയുള്ള പ്രവൎത്തനങ്ങൾ തുടൎന്നു നടത്താമായിരുന്നു. എന്നാൽ അദ്ദേഹം രക്തസാക്ഷിത്വം വരിക്കുകയാണു ചെയ്തതു്. അതു കേവലം മരണത്തിൻെറ രക്തസാക്ഷിത്വമായിരുന്നില്ല. അതിനേക്കാൾ അഗാധവും മഹത്തരവുമായ ഒരു രക്തസാക്ഷിത്വമായിരുന്നു. കാരാഗൃഹത്തിൽവച്ചു് അതികഠിനമായ ദണ്ഡനങ്ങൾക്കു താൻ വിധേയനാകുമെന്നു് അദ്ദേഹത്തിനറിയാമായിരുന്നു. ഔഷധപ്രയോഗങ്ങൾകൊണ്ടു തൻെറ മനശ്ശക്തി ഹനിക്കപ്പെട്ടുമെന്നും, ദുൎബലമായ തൻെറശരീരം ശിഥിലമാക്കപ്പെട്ടുമെന്നും അദ്ദേഹത്തിനറിയാമായിരുന്നു. തന്നിലെ മനുഷ്യത്വവും, പൗരോഹിത്യവും അപമാനിക്കപ്പെട്ടുമെന്നും അദ്ദേഹം അറിയാതിരുന്നില്ല.

എന്നാൽ അപമാനങ്ങളുടെ അപകൎഷങ്ങളിലൂടെ റഷ്യൻ പോലീസിൻെറ വ്യവസായമെന്തെന്നും അതിൻെറ ഉല്പന്നങ്ങളുടെ പ്രകൃതമെന്താണെന്നും ലോകത്തെ മനസ്സിലാക്കുവാൻ സാധിക്കുമെന്നു്, അങ്ങനെ മാത്രമേ അതു സാദ്ധ്യമാകൂ എന്നും കൂടി, അദ്ദേഹം മനസ്സിലാക്കിയിരിക്കണം. ശക്തനായ് ഒരു മനുഷ്യൻ എന്ന നിലയ്ക്കു താൻ ആൎജ്ജിച്ചിരുന്ന പ്രശസ്തിയെക്കുറിച്ചദ്ദേഹത്തിനു ബോധമുണ്ടായിരുന്നു. തൻെറ രക്തസാക്ഷിത്വം ഈ കാലഘട്ടത്തിലേക്കു മഹത്തായ ഒരു സന്ദേശമായിരിക്കും. "ഇരുമ്പുമറയുടെ ഉള്ളിൽ ഒരു ശക്തനായ മനുഷ്യൻെറ അനുഭവം ഇതാണെങ്കിൽ, മ്ളേച്ഛമായ കമ്മ്യൂണിസത്തിൻെറ ജൈത്രയാത്രയെ സമൎത്ഥമായി നിരോധിക്കാത്തപക്ഷം ലോകത്തിലൊട്ടാകെയുള്ള ദുൎബലരുടെ ഗതിയെന്തായിരിക്കും?" എന്നൊ

ദുൽഘോഷം ആ സന്ദേശത്തിൽ ഉൾക്കൊണ്ടിരിക്കുന്നു.

ഈ മട്ടിലുള്ള ഒരു മനുഷ്യനായിരുന്നു മിൻസെന്തി. ലോകത്തിലെങ്ങുമുള്ള സ്വാതന്ത്ര്യപ്രേമികളുടെ ഹൃദയത്തിൽ അദ്ദേഹത്തിൻെറ സന്ദേശം ആഞ്ഞുതറയ്ക്കുമെന്നുള്ള പ്രത്യാശയോടുകൂടിയാണു് ഞാൻ ഈ ഗ്രന്ഥം എഴുതിയിരിക്കുന്നതു്.

ന്യൂയോക്കു്, മേയ് 1949 ബലാ ഫേബിയൻ



മിൻസെന്തി പ്രതിക്കൂട്ടിൽ

(മൃഗീയമായ പീഡാനുഭവങ്ങൾക്കുശേഷം)



കർദ്ദിനാൾ ജോസഫ് മിൻസെന്തി

(1947-ലെ ഒരു സ്കെച്ച്)

# I

## ശൈശവം

അദ്ദേഹം, അന്ന് ജോസഫ് പെം, 1892 മാർച്ച് 29-ാം തീയതി ഭൂജാതനായി; ആസ്റ്റ്റിയാ-യുഗോസ്ലാവിയാ അതിർത്തികൾക്കടുത്ത്, സെഷിമിൻസെന്ത് എന്ന ഗ്രാമത്തിൽ ഇഷ്ടികകൾ കൊണ്ടുണ്ടാക്കിയ ഒരു ചെറിയ ഒററനിലക്കെട്ടിടമായിരുന്നു അദ്ദേഹത്തിന്റെ ഭവനം. ഹംഗറിയുടെ ഈ പശ്ചിമഭാഗത്തിലെ ജനങ്ങളിൽ, അവർ കുടിയേറിപ്പാർത്ത കാലം മുതൽ ഇന്നോളം, മഹത്തായ മൂന്നു സ്വാധീനശക്തികളുടെ പ്രേരണ പ്രകടമായിരിക്കുന്നു. അദ്ധ്വാനിക്കുന്നവർക്ക് തന്റെ കരുത്തിന്റെ ഒരംശം സമ്മാനിക്കുന്ന ഭൂമി—അനുസ്യൂതവും സ്നേഹസാന്ദ്രവുമായ പ്രയത്നത്തിനു പ്രതിഫലമായി ആപ്പിൾപഴങ്ങളും മുന്തിരിക്കുലകളും ഗോതമ്പുമണികളും മാത്രമല്ല, അനശ്വരമായ തന്റെ ചൈതന്യവും, ഉലച്ചിലേല്ക്കാത്ത ഒരു ഭദ്രതാബോധവുംകൂടി സംഭാവനചെയ്യുന്ന വാത്സല്യനിധിയായ ഭൂമി—ആണ് ഇതിൽ ഒന്നാമത്തേത്.

ഈ നാട്ടിൽ "ഭൂമിമാതാവിനു്" എന്നുരുവിട്ടുകൊണ്ടു കൃഷിക്കാർ ഇപ്പോഴും പുതുമുന്തിരിച്ചാറിന്റെ ഒരംശം തറയിലൊഴിക്കാറുണ്ടു്. ഇവിടെ വസന്താവസാനത്തിൽ പുരോഹിതന്മാർ വൈദികവസ്ത്രങ്ങളണിഞ്ഞുകൊണ്ടു വിളഞ്ഞു കിടക്കുന്ന വയലുകളുടെ മദ്ധ്യത്തിലേക്കിറങ്ങിച്ചെന്നു വിളവിനെ അനുഗ്രഹിക്കുന്ന ഒരു പതിവുണ്ടു്. അങ്ങനെ ഭൂ

മിയോടുള്ള സ്നേഹം ആ ജനതയുടെ രക്തത്തിൽ അലിഞ്ഞുകലന്നിരിക്കുന്നതായി കാണാൻ സാധിക്കും.

പേഗനിസവും ക്രിസ്തുമതവും തമ്മിൽ നടന്നിട്ടുള്ള അത്യുഗ്രസമരങ്ങളെക്കുറിച്ചുള്ള ഒരന്തർലീനബോധമാണ് രണ്ടാമത്തെ പ്രേരണാശക്തി. ഹങ്കറിയിലെ മററെല്ലായിടങ്ങളെക്കാളുമധികം ഈ സ്ഥലം ആ സംഘട്ടനത്തിന്റെ രംഗമായിരുന്നു. ജനതയും ഭൂമിയും തമ്മിൽ ആത്മീയമായ ഒരു ബന്ധം പുലത്തിപ്പോന്നിരുന്ന ഈ നാട്ടിൽ പേഗനിസം നിശ്ശേഷം മാഞ്ഞുമറഞ്ഞുപോകുവാൻ വളരെക്കാലം വേണ്ടിവന്നു എന്നതിൽ വിസ്മയത്തിനവകാശമില്ല. ഏ. ഡി. ആയിരാമാണ്ടിൽ വിശുദ്ധ സ്റ്റീഫൻ* ഹങ്കറിക്ക് ഒരു ക്രൈസ്തവസംസ്ഥാനത്തിന്റെ പദവിയാർജ്ജിച്ചുകൊടുത്തശേഷമാണ് പേഗനിസത്തിന്റെ അസ്തമയമാരംഭിച്ചത്.

പിന്നെ യുദ്ധങ്ങൾ—അതായിരുന്നു മൂന്നാമത്തെ പ്രേരകശക്തി. കാട്ടാളന്മാരോടുള്ള യുദ്ധങ്ങൾ, ടാർട്ടാരികളോടും, തുർക്കികളോടും, ജമ്മൻകാരോടുമുള്ള സമരങ്ങൾ. അങ്ങനെ ഒരിക്കലും മരിക്കാത്ത ഒരു ഭയങ്കരഹിംസ്രജന്തുവിനെപ്പോലെ യുദ്ധം എല്ലാക്കാലത്തും ഹങ്കറിയുടെ നാനാഭാഗങ്ങളിലും സംഹാരതാണ്ഡവമാടിക്കൊണ്ടിരുന്നു. അത്യുഗ്രയുദ്ധങ്ങൾ നടക്കാത്ത ഒരൊററ നൂററാണ്ടുപോലും

* ഹങ്കറിയുടെ ഒന്നാമത്തെ രാജാവ്. (975—1038). 985-ൽ ക്രിസ്തുമതം സ്വീകരിച്ചു 997-ൽ രാജാവായി. 1001-ൽ 2-ാം സിൽവസ്റ്റർ മാർപ്പാപ്പാ ഒരു രാജകീയകിരീടം സംഭാവന ചെയ്യുകയും, ഒരു പ്രതിനിധി മുഖേന കിരീടധാരണം നിർവ്വഹിക്കുകയും ചെയ്തു. ഓറസ്ലത്തെ സന്യാസാശ്രമം സ്ഥാപിച്ചതദ്ദേഹമാണ്. അദ്ദേഹത്തിന്റെ ഏകപുത്രൻ വിശുദ്ധാ എമറിക്ക് 1031-ൽ നിര്യാതനായി. അദ്ദേഹം 1038-ലും. 1083-ൽ സ്റ്റീഫനെയും പുത്രനെയും വിശുദ്ധരെന്നു നാമകരണംചെയ്തു. ആഗസ്റ്റ് 20-ാം തീയതിയാണ് ഹങ്കറിക്കാർ അദ്ദേഹത്തിന്റെ പ്രധാനതിരുനാൾ ആഘോഷിക്കുന്നത്. അദ്ദേഹത്തിന്റെ വലത്തുകൈ ഇന്നും അക്ഷയമായിരിക്കുന്നു.

ഹങ്കറിയുടെ ചരിത്രത്തിലില്ല. ഭാവിയിലെ കർദ്ദിനാൾ മിൻസെൻറിയായ ജോസഫ് പെമിൻെറ ജന്മസ്ഥലം യുദ്ധവ്യാഘ്രത്തിൻെറ നിരന്തരമായ പേപ്പാച്ചിൽ നടന്നിട്ടുള്ള മാർഗ്ഗത്തിൻെറ നടുമദ്ധ്യത്തിലാണു്. ആ പ്രദേശത്തുവച്ചുതന്നെയാണു് ഹങ്കറിയിലെ സ്വാതന്ത്ര്യപ്രേമികളും സമാധാനകാംക്ഷികളുമായ ജനങ്ങൾ ഈ യുദ്ധപിശാചിനെ സുധീരം വെല്ലുവിളിച്ചിട്ടുള്ളതും. ഇവിടെ, പതിനാറാം ശതകത്തിൽ, ഒരൊററ കൗണ്ടിയിൽ അമ്പത്തയ്യായിരത്തോളമുണ്ടായിരുന്ന മാഗിയാർജനതയെ, തുർക്കികൾ 530 ആകുവോളം കൊന്നൊടുക്കിയെങ്കിലും അപ്പോഴും അവർ യുദ്ധം തുടൎന്നുകൊണ്ടിരുന്നു.

മറുനാടൻ ആക്രമണകാരികളോടു മാത്രമല്ല അന്നാട്ടുകാർ എതിരിട്ടിട്ടുള്ളതു്. പതിനേഴാം ശതകത്തിൽ ഹാബ്സ്ബർഗ്ഗ് രാജാവായ ലിയോപ്പോൾഡ് തുർക്കികളുമായി ലജ്ജാകരമായ ഒരു സമാധാനഉടമ്പടിക്കു് ഒപ്പുവച്ചു; അനന്തരം അദ്ദേഹം സ്വജനങ്ങളെ മർദ്ദിക്കാനൊരുമ്പെട്ടപ്പോൾ ഈ പ്രദേശത്തുകാരാണു് അതിനെതിരായ പ്രവൎത്തനപരിപാടികൾ ആസൂത്രണം ചെയ്തതു്. പീററർ സ്രീനി, കൗണ്ടു് ഫ്റൻഗ്ഗ് പാൻ, ചീഫ് ജസ്റ്റീസായിരുന്ന നഡാസ്ഡി തുടങ്ങിയ ധീരദേശാഭിമാനികൾ ഹങ്കറിയെ സ്വാതന്ത്ര്യത്തിൻെറ സുപ്രഭാതത്തിലേക്കാനയിക്കാൻ ഒരു വിമോചനപദ്ധതി ആവിഷ്കരിച്ചു. അവരുടെ പരിപാടി കണ്ടുപിടിക്കപ്പെട്ടുകയും, അതോടെ അവർ മൂവരുടെയും ശിരസ്സുകൾ ഛേദിക്കപ്പെട്ടുകയും ചെയ്തു. എന്നാൽ അവൎക്കു് ആവേശമരുളിയ ചൈതന്യം അണയാതെ തുടൎന്നെരിഞ്ഞുകൊണ്ടിരുന്നു.

പെം വംശക്കാരുടെ ഈ നാടിനു് അതിൻേറതായ ചില പാരമ്പര്യങ്ങൾ ഉണ്ടായിരുന്നു. സ്വാതന്ത്ര്യത്തിനോടും, ഭൂമിയോടും, ക്രിസ്തുവിൻെറ കുരിശു പ്രതിനിധാനം ചെയ്യുന്ന നന്മയോടും ആ സ്ഥലം സ്നേഹബദ്ധമായിരു

ന്നു. ഈ പാരമ്പര്യങ്ങളുടെ പിൻതുടർച്ചാവകാശിയായി ട്ടാണു ജോസഫ് പെം ഭൂജാതനായതു്.

'പെം' എന്നതു് ഒരു ജർമ്മൻപേരാണു്. അതു് അദ്ദേഹത്തിൻെറ കുടുംബപ്പേരായിരുന്നു. അവരുടെ പൂർവ്വികന്മാർ മുന്നൂറു വർഷങ്ങറംക്കുമുമ്പു ജർമ്മനിയിൽനിന്നു വന്നവരാണു്. പേരിലൊഴിച്ചു മററെല്ലാക്കാര്യത്തിലും അവർ ഹംഗറിക്കാരായിത്തീർന്നു ഹംഗറിക്കാരുടെ സ്വാതന്ത്ര്യപ്രേമം അവർ ഉറംക്കൊണ്ടു. ഉദാരവും ഫലസമ്പുഷ്ടവുമായ ഭൂമിയിൽ അവർ കൃഷിയിറക്കി. വസന്തകാലത്തു കൃഷിഭൂമി തൻെറ ആന്തരികചൈതന്യം പുതുക്കുന്നതോടൊപ്പം അവരും ഒരു നവജീവൻ ഉറംക്കൊള്ളും. അങ്ങനെ തലമുറതലമുറകളായി ആ കർഷകകുടുംബം അവരുടെ ലളിതമായ ജീവിതം തുടൻുപോന്നു.

മിൻസെന്തിയുടെ പിതാവു്, തൻെറ പൂർവ്വികന്മാരെപ്പോലെ, ഒരു ചെറിയ പുരയിടത്തിൽ ഗോതമ്പും മുന്തിരിയും ആപ്പിളും കൃഷിചെയ്തു്, തദ്വാരാ ഒരു വലിയ കുടുംബത്തെ പുലർത്തിവന്നു. പൊതുക്കാര്യങ്ങളിൽ അദ്ദേഹം സജീവമായി പങ്കെടുത്തിരുന്നു. കുറെക്കാലം അദ്ദേഹം സെഷിമിൻസെന്തിൻെറ മേയറായിരുന്നു. അധികാരദുർവിനിയോഗം ചെയ്യുന്ന സമീപസ്ഥരായ പ്രഭുക്കന്മാരോടും സർക്കാരിനോടും ജനപക്ഷത്തുചേൻുനിന്നു് എതിർത്തതിനാൽ ദരിദ്രരുടെ ചങ്ങാതിയെന്നുള്ള സൽകീർത്തി അദ്ദേഹം സമ്പാദിച്ചു.

അതൊരു കൊച്ചുഗ്രാമമായിരുന്നു. 1947-ലെ വില്ലേജ് റജിസ്റ്ററിൽ താഴെകൊടുത്തിരിക്കുന്ന കണക്കുകറം കാണുന്നു:—

സെഷിമിൻസെന്തു്—ഒരു പുരാതന ഇടവക.

1765-ൽ പുനരുദ്ധരിക്കപ്പെട്ടു. അതിൻെറ രജിസ്റ്റർ അതേ സമയംതന്നെ ആരംഭിച്ചു.

കത്തോലിക്കർ 853

ലൂതറന്മാർ 7
കാൽവിനിസ്റ്റ്കൾ —
യഹൂദന്മാർ —

കാൽവിനിസ്റ്റ്കൾ, യഹൂദന്മാർ എന്നീ പേരുകളുടെ എതിരേയുള്ള നേർവരകളുടെ അർത്ഥം ആ രണ്ടുകൂട്ടരും അവിടെ, 1947-ൽ, ഇല്ലായിരുന്നു എന്നാണ്. മിൻസെന്തിയുടെ ബാല്യത്തിൽ അവിടെ ഒരു യഹൂദകുടുംബം പാർത്തിരുന്നു. 1944-ൽ നാസികൾ വന്നപ്പോൾ ആ കുടുംബത്തിലെ അംഗങ്ങൾ ആസ്റ്റ്വിററ്സിലെ വിഷവാതകമുറികളിൽ ആഹൂതി ചെയ്യപ്പെട്ടു.

ഈ കുടുംബത്തിലെ കുട്ടികളുമായി മിൻസെന്തിക്കുണ്ടായിരുന്ന ചെറുപ്പകാലത്തെ ചങ്ങാത്തമാണ് പിൽക്കാലത്തു യഹൂദരുടെ ദുരദൃഷ്ടത്തിൽ സഹായഹസ്തമുയർത്തുവാൻ അദ്ദേഹത്തിനു പ്രചോദനം നൽകിയ പ്രഥമ പ്രേരകശക്തികളിലൊന്ന്. അവരോടൊപ്പം അദ്ദേഹം ബാലലീലകളിൽ പങ്കെടുത്തിട്ടുണ്ട്. പാടങ്ങളിലെ കളികളിലും, ആററിലിറങ്ങിയുള്ള നീന്തലിലും, മഞ്ഞുകട്ടയ്ക്കു മീതെയുള്ള വിനോദോല്ലാസങ്ങളിലും അവർ ചങ്ങാതികളായിരുന്നു. അവർ ഒരുമിച്ചു പക്ഷിക്കൂടുകൾ തേടിനടക്കും. പറവകളുടെ കളകളഗാനങ്ങൾ അവർ ഒരുമിച്ചിരുന്നു കേട്ടാസ്വദിക്കും. ഹങ്കറിയിലെ നീലാകാശത്തിലൂടെ മേഘശകലങ്ങൾ പാറിനടക്കുന്ന കാഴ്ച കണ്ടുകൊണ്ടു സ്വപ്നമഗ്നരായി അവർ മൈതാനങ്ങളിൽ മലർന്നു കിടക്കും.

പക്ഷെ, ദൈവാലയത്തിൽ പോകുന്നതുമാത്രം അവർ ഒരുമിച്ചായിരുന്നില്ല. ഇതേക്കുറിച്ചു ജോസഫ് തൻെറ പിതാവിനോടു് ഉൽക്കണ്ഠയോടെ അന്വേഷിച്ചു:

"നാം എന്താണ് ഞായറാഴ്ച പള്ളിയിൽ പോകാത്തതു്?"

"അവരുടെ പള്ളി വേറെയാണ്." അച്ഛൻ പറഞ്ഞുകൊടുത്തു.

"അതെവിടെയാണു്?"

"ഈ ഗ്രാമത്തിൽ അവക്കു പള്ളിയില്ല. ആ മതത്തിൽപെട്ടവരായിട്ടു് അവർ മാത്രമെ ഇവിടെയുള്ളു."

ഗൗരവമുള്ള ഒരു ചോദ്യം കുമാരന്റെ നെററിയിൽ ചുളികരം വീഴിച്ചു.

"അവരുടെ പള്ളി വേറെയാണെങ്കിൽ അവർ ആരാധിക്കുന്ന ദൈവവും വേറെയാണോ?"

പുത്രന്റെ ശിരസ്സിൽ കൈ വച്ചുകൊണ്ടു് ആ പിതാവു് അവന്റെ സംശയം തീക്കത്തക്ക വാക്കുകരംക്കുവേണ്ടി ആ രഹസ്യത്തെക്കുറിച്ചു ചുഴിഞ്ഞാലോചിച്ചു.

"ഇല്ല മകനേ, ദൈവമൊന്നേയുള്ളു. നമ്മുടെയും അവരുടേയും ദൈവമൊന്നുതന്നെയാണു്. അവർ ആരാധിക്കുന്ന സമ്പ്രദായത്തിനു വ്യത്യാസമുണ്ടെന്നുമാത്രം. നാം ക്രിസ്ത്യാനികളും, അവർ യഹൂദന്മാരുമാണു്."

പിന്നീടു ജീവിതകാലമത്രയും സഹായവൈദികൻ, ഇടവക വികാരി, മെത്രാൻ, കത്തിനാരം എന്നീ പദവികരം അലങ്കരിക്കുമ്പോളെല്ലാം, ജോസഫ് പെം ഹങ്കറിയിലെ യഹൂദജനതയുടെ ദുരിതപൂരിതമായ ദുഷ്കാലഘട്ടങ്ങളിൽ അവരുടെ ഏററവും സുധീരനായ സുഹൃത്തായിരുന്നു.

ലഘുജീവിതത്തിന്റെയും വിനയപൂവ്വമായ ശാലീനതയുടെയും ഒരു പാരമ്പര്യം അദ്ദേഹത്തിന്റെ കുടുംബത്തിലുണ്ടായിരുന്നു. മനുഷ്യമഹത്വത്തിന്റെ മൂലതത്വങ്ങളെ മുറുകെപ്പിടിക്കുന്നതിൽ ശക്തവും ദുരാധർഷവുമായ ഒരു നില അവലംബിച്ചിരുന്ന അവരെ ആത്മപ്രശംസയുടെ കണികപോലും തീണ്ടിയിരുന്നില്ല. ജോസഫ് കത്തിനാളായിട്ടയന്നു നാട്ടിലും പുറംനാട്ടുകളിലും വിഖ്യാതനായിത്തീന്നതിനുശേഷം, ആരെങ്കിലും അദ്ദേഹത്തെ നിർല്ലോഭം പ്രശംസിക്കുന്നതുകേട്ടാൽ അദ്ദേഹത്തിന്റെ ഭാഗിനേയി മറുപടി പറയും: "അപ്പോരം അദ്ദേഹത്തിന്റെ പിതാവിനെ നിങ്ങരംക്കറിയാൻ ഇട വന്നിരുന്നെങ്കിലോ?"

ജോസഫിൻെറ ശൈശവം മറേറതു ഹങ്കേറിയൻ കർഷകബാലൻേറതിൽനിന്നും വിഭിന്നമായിരുന്നില്ല. അവൻെറ ജോലിസ്ഥലവും കളിസ്ഥലവും വയലുകളായിരുന്നു. നടന്നുതുടങ്ങിയ നാൾമുതൽ ഹങ്കറിയിലെ കർഷകകുമാരന്മാരുടെ പതിവനുസരിച്ചു നമ്മുടെ കഥാനായകനും ജോലികളിലേർപ്പെടാൻ തുടങ്ങി. പണിആയുധങ്ങളും, ആഹാരവുംമററും അച്ഛൻെറ അടുത്തെത്തിച്ചുകൊടുക്കുക എന്നതിൽക്കവിഞ്ഞു പ്രയോജനപ്രദമായി വളരെയൊന്നും ചെയ്യുവാൻ ആദ്യമാദ്യം അവൻ പ്രാപ്തനായിരുന്നില്ല. ഈ വയലുകളിൽ മററു കുട്ടികളോടൊപ്പം അവനും വിനോദങ്ങളിലേർപ്പെട്ടും. അരുവിയിലെ ഒഴുക്കുനീരും വെള്ളാരൻകല്ലുകളും, മൈതാനത്തിലെ പുഷ്പങ്ങളും, ദുർല്ലഭം ചില അവസരങ്ങളിൽ ഒരു റബർ പന്തും—ഇതെല്ലാമായിരുന്നു അവരുടെ വിനോദത്തിനുള്ള കരുക്കൾ. കൊയ്ത്തുകാലങ്ങളിൽ ഗോതമ്പു കററകൾ വരിവരിയായി നിരക്കുന്ന സമയത്തു ഹങ്കറിയിലെ പഴയ പാട്ടുകൾ മററു കുടുംബാംഗങ്ങളോടൊപ്പം പാടാൻ ജോസഫും പരിശീലിച്ചു. ആനന്ദമയമായ അക്കാലത്തു് അവർ പാടിയിരുന്ന ഒരു പാട്ടിൻെറ ശകലം, പിന്നീടു ശോകാകുലമായ കാലഘട്ടങ്ങളിൽ പലപ്പോഴും അദ്ദേഹത്തിനു കേൾക്കേണ്ടതായി വന്നിട്ടുണ്ടു്.

"മോഹനമാമെൻ നാട്ടിൽനിന്നു ഞാൻ പുറപ്പെട്ടു
സ്നേഹമൂറുമക്കൊച്ചു ഹങ്കറിയിൽനിന്നും
എന്നാലുമൊന്നുനിന്നു തിരിഞ്ഞുനോക്കുന്നേരം
നന്നായൊഴുകിവീഴും ബാഷ്പനീർ കണ്ണിൽനിന്നും
നന്നായൊഴുകിവീഴും ബാഷ്പനീർ കണ്ണിൽനിന്നും."

ജീവിതകാലം മുഴുവനും അദ്ദേഹം ഭക്തിയോടെ സ്നേഹിച്ച സ്വമാതാവു് അന്നദ്ദേഹത്തിൻെറ സന്തതസഹചാരിണിയായിരുന്നു. (ഇരുപത്തഞ്ചാമത്തെ വയസ്സിൽ അദ്ദേഹം പ്രസിദ്ധീകരിച്ച "അമ്മ" എന്ന പ്രഥമഗ്രന്ഥം ആ മഹതിയെപ്പററി, അവൾക്കുവേണ്ടി, ആണു് എഴുതപ്പെട്ടതു്;

അതു് അവക്കുതന്നെയാണു് സമപ്പിക്കപ്പെട്ടതും.) വിദ്യാലയത്തിൽ പോകാൻ തുടങ്ങുന്നതിനുമുമ്പു മുതല്ലേ അവൻെറ മാതാവു് ഓരോ കഥകൾ പറഞ്ഞുകൊടുത്തും മററും അവൻെറ അദ്ധ്യയനം ആരംഭിച്ചുകഴിഞ്ഞിരുന്നു. വിശുദ്ധ സ്റ്റീഫൻെറ ചരിത്രത്തെക്കുറിച്ചു ജോസഫ് ആദ്യം അറിഞ്ഞതു് അമ്മയിൽനിന്നാണു്. ആ രാജർഷിയുടെ വലതു കരവും (അതു് ഇന്നും വിശുദ്ധ സ്റ്റീഫൻെറ തിരുനാൾ ദിനത്തിൽ ആണ്ടുതോറും ബുഡാപ്പെസ്റ്റിലെ തെരുവുകളിലൂടെ ഒരു കാസ്കൂററിൽ സംവഹിക്കപ്പെടാറുണ്ടു്), വിശുദ്ധമകുടവും ഇക്കാലത്തും ഹങ്കറിയുടെ അമൂല്യനിധികളായി കരുതപ്പെടുന്നു. ക്രിസ്തുവിനുശേഷം 1000 ാമാണ്ടു സിൽവസ്റ്റർ ദ്വിതീയൻ എന്ന മാപ്പാപ്പായുടെ ഒരു പ്രത്യേകപ്രതിനിധിയാണു് അദ്ദേഹത്തിൻെറ കിരീടധാരണം നിവ്വഹിച്ചതു്. "ദൈവകൃപയാൽ രാജാവു്" എന്ന സ്ഥാനം അദ്ദേഹത്തിനു് അങ്ങനെ സംസിദ്ധമായി.

സ്റ്റീഫൻ രാജാവു ക്രൈസ്തവസ്വാതന്ത്ര്യം ഹങ്കറിയിൽ ഉറപ്പിച്ചതും, ക്രൈസ്തവജനതയുടെ സമാധാനപരമായ സഹകരണത്തിനുവേണ്ടി പ്രയത്നിച്ചതും, ക്രൈസ്തവാദർശങ്ങൾ പ്രചരിപ്പിക്കുന്നതിനു പരിശ്രമിച്ചതും മററുമായ ഭാഗങ്ങളുടങ്ങിയ ചരിത്രപാഠങ്ങൾ ജോസഫ് പഠിച്ചു.

സ്റ്റീഫൻ തൻെറ പുത്രനു നൽകിയ ഉപദേശത്തെക്കുറിച്ചു്, അതിൻെറ പൂൎണ്ണമായ അൎത്ഥം ഗ്രഹിക്കുവാൻ കഴിയുമായിരുന്നില്ലെങ്കിലും, അക്കാലത്തുതന്നെ ജോസഫ് കേട്ടിരുന്നിരിക്കണം. അതിങ്ങനെയാണു്:

"രാജത്വത്തിൻെറ മഹത്വം നീ ആഗ്രഹിക്കുന്നെങ്കിൽ സമാധാനത്തെ സ്നേഹിക്കുക. കോപവും അഹങ്കാരവും വിദ്വേഷവുമുപേക്ഷിച്ചു് എല്ലാവരേയും സ്നേഹത്തോടും ദയയോടും കൂടി ഭരിക്കുക. എല്ലാവരുടെയും നില ഒന്നുപോലെയാണെന്നോൎമ്മിക്കണം. എളിമ ഉന്നമനത്തി

ലേക്കം, അഹംഭാവവും വിദ്വേഷവും അപകർഷത്തിലേക്കും വഴിതെളിക്കുന്നു. സമാധാനപ്രേമികളായ രാജാക്കന്മാർ ഭരണം നടത്തുന്നു; അല്ലാത്തുള്ളവർ സ്വേച്ഛാധിപത്യം അടിച്ചേല്പിക്കുകയാണ് ചെയ്യുന്നതു്. എല്ലാവരോടും, പ്രതാപവാന്മാരോടും അഗതികളോടും, ഒന്നുപോലെ സഹനമനോഭാവം പ്രദർശിപ്പിക്കുക."

മഹദ്വചനങ്ങളുടെ സാരം പൂർണ്ണമായി ഗ്രഹിക്കുവാൻ കഴിവില്ലാത്തപ്പോൾ പോലും അവ കൊച്ചുകുട്ടികളിൽ ചെലുത്തുന്ന സ്വാധീനശക്തി എത്ര വലുതാണ് എന്നു നിർണ്ണയിക്കുക സാദ്ധ്യമല്ല. പിൽക്കാലത്തു കർദ്ദിനാൾ മിൻസെന്തിയുടെ തത്വചിന്തയും അതിന്റെ പ്രയോഗവും സൂക്ഷിച്ചാൽ അദ്ദേഹത്തിന്റെ സ്വഭാവരൂപീകരണത്തിൽ വിശുദ്ധ സ്റ്റീഫന്റെ ഈ സൂക്തികൾ മൗലികമായ സ്വാധീനം ചെലുത്തിയിട്ടുണ്ടെന്ന് അനുമാനിക്കാൻ സാധിക്കും.

അമ്മയിൽനിന്നു വേറേയും കഥകൾ അദ്ദേഹം കേട്ടിരുന്നു. ഹങ്കറിയിലെ ജനങ്ങൾ നൂററാണ്ടുകളായി കാത്തുസൂക്ഷിച്ചുപോരുന്ന കഥകൾ. തന്റെ ബാല്യത്തെക്കുറിച്ചു മിൻസെന്തി അധികം സംസാരിക്കാറില്ല. എങ്കിലും അക്കാലത്തു കേട്ട രണ്ടു കഥകൾ അദ്ദേഹം പലപ്പോഴും പറയാറുണ്ട്. ഒന്ന് ഒരു രാജകുമാരന്റേയും നീലപ്പക്ഷിയുടേയും കഥയാണ്. മറെറാന്നു പാൽച്ചോറുകൊണ്ടുള്ള ഒരു പർവ്വതത്തെക്കുറിച്ചുള്ള കഥയും.

ആദ്യത്തെ കഥ ഇങ്ങനെ പോകുന്നു.

ഒരു രാജകുമാരൻ കളിച്ചുകൊണ്ടിരിക്കെ ഒരു ചെറിയ നീലപ്പക്ഷിയെ കണ്ടു്, അതിനെ പിടിക്കാൻവേണ്ടി പിൻതുടർന്നു. പിടികിട്ടുമെന്നാകുമ്പോൾ പക്ഷി ദൃഷ്ടിപഥത്തിൽനിന്നു മറയാതെ പറന്നകലും. പിടികൊടുക്കാതെ ആ പക്ഷി കുമാരനെ വളരെ വിഷമിപ്പിച്ചു. പർവ്വതങ്ങളിലും താഴ്വരകളിലും, നദികളിലും ചതുപ്പ്നിലങ്ങളി

ലും, വള്ളിക്കുടിലുകളിലും, മുൾക്കാടുകളിലും, അലഞ്ഞു് അലഞ്ഞു് കുമാരൻ സ്വഭവനത്തിൽനിന്നു വളരെ അകന്നു പോയി. കാററും വെയിലും, മഞ്ഞും മഴയും ഏററു കുമാരൻ കുഴഞ്ഞു. വളരെ പ്രതിബന്ധങ്ങളോടു മല്ലിട്ടു. അനേകം നാടുകളിൽ സഞ്ചരിച്ചു. അനവധി അന്യനാട്ടുകാരുമായി ഇടപഴകി. എന്തിന് ആ നീലപ്പക്ഷിയെ—, സുഖത്തെ— കരഗതമാക്കുവാൻ. എത്ര അലഞ്ഞിട്ടും അതിനെ പിടികിട്ടിയുമില്ല. എന്നാൽ അദ്ദേഹം ഒരു നല്ല രാജാവായി. കാരണം, സ്വന്തം വിയർപ്പിലും വേദനയിലും കൂടി, അന്യരുടെ വിയർപ്പിനേയും വേദനയേയും മാനിക്കാൻ അദ്ദേഹം പഠിച്ചു.

സലജേഴ്സ്സഗ്ഗിൽ വികാരി ആയിരുന്ന കാലത്തു് അദ്ദേഹം കൂടെക്കൂടെ പറയാറുള്ളതാണു് മറേറ കഥ. തന്നോടൊപ്പം ഭക്ഷണം കഴിക്കാനിരിക്കുന്ന മതബോധകർ ഭക്ഷണദാരിദ്ര്യത്തെക്കുറിച്ചും, ദുർവ്വഹമായ ജോലിക്കൂടുതലിനെക്കുറിച്ചും പിറുപിറുക്കുമ്പോൾ അവരോടായി അദ്ദേഹം തൻെറ അമ്മയിൽനിന്നു കേട്ടിട്ടുള്ള ഈ കഥ പറയും— പാൽച്ചോർ പർവ്വതത്തിൻെറ കഥ.

ഒരിക്കൽ ഒരിടത്തു് ഒരു ബാലനുണ്ടായിരുന്നു. സുഖത്തിൻെറ രാജ്യമേതെന്നു് അവനറിയണം. തൻെറ ഗ്രാമത്തിൻെറ സമീപമുള്ള വനത്തിൽക്കൂടി അവൻ സുഖത്തിൻെറ നാടുംതേടി യാത്രതിരിച്ചു. കുറേയങ്ങുപോയപ്പോൾ അവൻ ഒരു ഗുഹയുടെ വാതിൽക്കലെത്തിച്ചേർന്നു. അവിടെ ധ്യാനനിരതനായി ഒരു മഹർഷി ഇരിപ്പുണ്ടായിരുന്നു.

"കുഞ്ഞേ നീ എങ്ങോട്ടു പോകുന്നു?" മഹർഷി ചോദിച്ചു.

നമ്മുടെ കുമാരൻ ആശയോടുകൂടി അദ്ദേഹത്തെ നോക്കി പുഞ്ചിരിതൂകി. "അപ്പൂപ്പാ, ഞാൻ സൗഭാഗ്യത്തിൻെറ നാടുംതേടി നടക്കുകയാണു്. അങ്ങോട്ടുള്ള വഴി ഏതെന്നു് ഒന്നു പറഞ്ഞുതരാമോ?"

കരുണയും ശോകവും നിറഞ്ഞ കണ്ണുകളോടുകൂടി അവനെ നോക്കിക്കൊണ്ടു് ആ മഹർഷി മറുപടി പറഞ്ഞു. "ഞാൻ പറഞ്ഞുതരാം." കൈ ഉയർത്തി ചൂണ്ടിക്കൊണ്ടു് അദ്ദേഹം തുടർന്നു. "അതാ, അവിടെയാണു്. പക്ഷെ നീ വളരെ കുന്നുകൾ കേറിയിറങ്ങേണ്ടിവരും. ഏഴു നാടുകൾ കടന്നു ചെല്ലുമ്പോൾ അവിടെ ഒരു പർവ്വതം കാണും. പാൽചോറുകൊണ്ടുള്ള ഒരു കൂററൻ കൂമ്പാരം. അതു നേരേ കയറി പോകാനോ, ചുററിനടന്നു പോകാനോ സാദ്ധ്യമല്ല. പാൽചോറു് ഉണ്ടുണ്ടു് അതിലൂടെ ഒരു വഴി നീ ഉണ്ടാക്കണം. ആ വഴിയിൽക്കൂടെ അങ്ങു ചെല്ലുമ്പോൾ സുഖത്തിൻെറ സാമ്രാജ്യം കാണാം. അവിടത്തെ വൃക്ഷങ്ങളിൽ പലഹാരങ്ങൾ വിളഞ്ഞുകിടക്കുന്നുണ്ടാകും. തേനും പാലും ഓരോ അരുവികളായി അവിടെക്കൂടി ഒഴുകുന്നുണ്ടു്. ഹർഷപ്രകർഷത്താൽ അന്നാട്ടുകാരെപ്പോഴും ഗാനനൃത്തങ്ങളിൽ വ്യാപൃതരായിരിക്കുന്നു. ദുഃഖമെന്തെന്നു് അവർക്കറിവില്ല. പക്ഷെ അവിടെ എത്തുന്നതിനു ഞാൻ മുൻപു പറഞ്ഞ ഒരൊററ മാർഗ്ഗമേയുള്ളൂ. അവിടംവരെ എത്തുമ്പോഴേക്കും നിൻെറ ബൂട്ട്സുകൾ കണംകാൽവരെ തേഞ്ഞുപോയിരിക്കും."

തൻെറ സഹാദ്ധ്യാപകന്മാരോടു് ഈ കഥ പറഞ്ഞു കഴിഞ്ഞു മിൻസെന്തി തുടരും: "നിങ്ങൾക്കു മനസ്സിലായിരിക്കുമല്ലൊ. ഒരു ചെറിയ രാജ്യമാണു് നമ്മുടേതു്. നമ്മുടെ പാൽചോർപർവ്വതത്തിലേക്കുള്ള വഴി അന്യനാട്ടുകാരുടെ വഴികളേക്കാൾ വളരെ ദീർഘമാണു്. ഇവിടെ ആ കൂമ്പാരത്തിനുതന്നെ വലിപ്പംകൂട്ടും. സൗഭാഗ്യത്തിൻെറ സൂര്യപ്രകാശം അതിന്മേലിനിയും വീണിട്ടില്ല. നാം വളരെ ദൂരം സഞ്ചരിക്കേണ്ടതുണ്ടു്. വളരെ പാൽച്ചോറു ഭക്ഷിക്കേണ്ടതുമുണ്ടു്. നമ്മുടെ കടമകളുടെ കൂറെക്കൂടി മഹത്തരമായ ഒരു പങ്കു നിർവ്വഹിച്ചെങ്കിലേ ഈ വൈഷമ്യങ്ങൾക്കിടയിലൂടെ ഒരു വഴി നാം കണ്ടെത്തുകയുള്ളൂ.

# II

## വിദ്യാൎത്ഥി

1860-ൽ ആരംഭിച്ച ദശാബ്ദത്തിൽ സ്വാതന്ത്ര്യത്തി ന്നുള്ള ഒരാവേശം ലോകത്തിലൊട്ടാകെ അലയടിക്കുന്നതാ യി തോന്നി. റഷ്യക്കാർ അവരുടെ കുടിയാന്മാരേയും, അ മേരിക്കർ അവരുടെ അടിമകളേയും മോചിപ്പിച്ചു. സ്വാത ന്ത്ര്യപ്രസ്ഥാനത്തിൻെറ ഈ തിരയടിയിൽ ഹങ്കറിയും ഒന്നുലയാതിരുന്നില്ല. സ്വതന്ത്രജീവിതത്തിൻെറ അസ്ഥി വാരം വിദ്യാഭ്യാസമാണെന്നു മനസ്സിലാക്കിക്കൊണ്ട് 1868-ൽ ഹങ്കേറിയൻ ഗവൎമ്മെൻറ് ഒരു വിദ്യാഭ്യാസനി യമം പാസാക്കി. കാലസ്ഥിതിയനുസരിച്ചു നോക്കുമ്പോൾ വളരെ പുരോഗമനപരമായിരുന്നു ആ നിയമം. ആറുവയ സ്സിനും പന്ത്രണ്ടുവയസ്സിനുമിടയ്ക്കുള്ള കുട്ടികളെല്ലാം സ്കൂ ളിൽ പൊയ്ക്കൊള്ളണമെന്നു നിർബന്ധിതമായി അനു ശാസിച്ചിരുന്ന ആ നിയമത്തിൽ അന്നത്തെ വിദ്യാഭ്യാസ സ്ഥാപനങ്ങളെ ആവശ്യാനുസരണം വികസിപ്പിക്കാനുള്ള വ്യവസ്ഥകളും ഉൾക്കൊള്ളിച്ചിരുന്നു.

പിന്നീട് 24 വൎഷങ്ങൾക്കുശേഷം ജനിച്ച ജോസഫ് പെം മഹത്തായ ഒരു വിദ്യാഭ്യാസപാരമ്പൎയ്യത്തിനവകാ ശിയായിരുന്നു. സ്വസഹോദരങ്ങളോടും മററു കുട്ടികളോടും ഒരുമിച്ചു ജോസഫ് ഗ്രാമീണവിദ്യാലയത്തിൽ അദ്ധ്യയനം പൂൎത്തിയാക്കി. ക്രമമായ അദ്ധ്യയനം അവൻെറ ചിന്താശ ക്തിയെ ഇളക്കിവിട്ടതോടുകൂടി, ഒരു ജീവിതവൃത്തി തെര

ഞ്ഞെട്ടുക്കുന്നതിനു് ആ ഇളംപ്രായത്തിൽതന്നെ ഒരു ആന്തരികസമരം നടന്നു. അവനിൽ വേരൂന്നിയിരുന്ന പ്രേരകശക്തികൾ മൂന്നും അവകാശവാദങ്ങൾ ഉന്നയിച്ചു.

ദേശസ്നേഹം അവനിൽ ദൃഢമൂലമായിരുന്നു; സൂര്യപ്രകാശത്തിൽ മിന്നിത്തിളങ്ങുന്ന വിസ്തൃതമായ വയലുകൾ, കൊയ്ത്തരുവാളിന്റെ വീശലേററു താളത്തിൽ അററുവീഴുന്ന കതിർക്കുലകൾ, മെതിയന്ത്രത്തിന്റെ സന്തുഷ്ടമായ മുഴക്കം, പച്ചിലക്കാട്ടുകളുടെ ശീതളച്ഛായകളിലെ നിതാന്തശാന്തത, ഇവയെല്ലാം അവന്റെ ജീവിതത്തിന്റെ അവിഭാജ്യഘടകങ്ങളായിത്തീന്നിരുന്നു.

അവൻ ഒരു കൃഷിക്കാരനാകണമോ?

അച്ഛനമ്മമാരിൽനിന്നു ക്രൈസ്തവധമ്മത്തെക്കുറിച്ചു പ്രിയംകരമായ ഒരു ബോധം അവനു ലഭിച്ചിട്ടുണ്ടു്. അവരും സ്ഥലത്തെ ബഹുമാന്യനായ കത്തോലിക്കപുരോഹിതനുമായിരുന്നു അവനെ സംബന്ധിച്ചിടത്തോളം പരമാധികാരസ്ഥാനങ്ങൾ. അതിസുന്ദരങ്ങളും പുളകപ്രദമായ വിധം ശ്രദ്ധാത്മകത്വം വഹിക്കുന്നവയുമായി അവനു തോന്നിയ കാര്യങ്ങൾ ദൈവാലയത്തിലെ ഗാനോപകരണങ്ങളുടെ സ്വരമാധുരിയും, ദൈവത്തിന്റെ സാക്ഷാൽ ചിഹ്നമായ അരുളിക്കയിലെ കൂദാശചെയ്യപ്പെട്ട പരിപാവനമായ തിരുവോസ്തിയുമായിരുന്നു.

ഒരു പുരോഹിതനായാലോ?

എന്നാൽ മ്ലേച്ഛവർഗ്ഗങ്ങളുടെ ആവത്തിച്ചാവത്തിച്ചുള്ള ആക്രമണങ്ങളിൽനിന്നു തിരുവോസ്തിയുടെ പാവനത സംരക്ഷിക്കപ്പെട്ടതെങ്ങനെയാണു്? ഹംഗേറിയൻ കർഷകർക്കു സർവ്വാഭീഷ്ടപ്രദായകമായ കൃഷിഭൂമികളെ തുടർന്നു സംരക്ഷിച്ചതാരാണു്? വാളും പരിചയും ധരിച്ചു സ്വരാജ്യസ്നേഹത്തിന്റെ ഹോമകുണ്ഡത്തിൽ ആത്മാപ്പണം ചെയ്ത ആ വീരയോദ്ധാക്കന്മാരുടെ ചരിത്രങ്ങൾ അനുകരണാർഹങ്ങളല്ലേ?

അവൻ ഒരു യോദ്ധാവാകണമോ?

ഒന്നാമത്തെ ചോദ്യത്തിന് ആദ്യമായി ഉത്തരം ലഭിച്ചു. പെം കുടുംബക്കാരുടെ കൃഷിഭൂമി വളരെ ചെറുതായിരുന്നു. അതുകൊണ്ടു പുലർത്തപ്പെടേണ്ടവരായി ആറു കുട്ടികളാണുണ്ടായിരുന്നതു്. ഒരു ജ്യേഷ്ഠസഹോദരൻ വൈദികപഠനത്തിനു പോകാൻ ആഗ്രഹിച്ചിരുന്നെങ്കിലും സാമാന്യവിദ്യാഭ്യാസം പൂർത്തിയായപ്പോഴേക്കും ആയാളുടെ പഠനം തുടർന്നുനടത്താൻ കുടുംബത്തിൻെറ ധനസ്ഥിതി അനുവദിച്ചില്ല. അതിനാൽ കാർഷികവൃത്തിയിൽ ഏർപ്പെട്ടു് ആയാം വീട്ടിൽത്തന്നെ പാർത്തു. കൃഷിത്തൊഴിൽ സ്വീകരിക്കണമോ എന്ന ആലോചന ജോസഫിന്് അങ്ങനെ ഉപേക്ഷിക്കേണ്ടതായി വന്നുകൂടി. വല്ലപ്പോഴും നിലത്തിൽ അദ്ധ്വാനിക്കാൻ ലഭിക്കുന്ന അവസരങ്ങളിലെ ആഹ്ളാദവും, ഭൂമിയോടുള്ള സ്നേഹവും ജോസഫിൻെറ പ്രകൃതത്തിൻെറ ഒരു ഭാഗമായിത്തന്നെ തുടൎന്നെങ്കിലും, ഭാവിയെപ്പററി രണ്ടു ചോദ്യങ്ങൾ മാത്രമേ അവശേഷിച്ചുള്ളു. പുരോഹിതനാകണമോ, പടയാളിയാകണമോ?

സാമാന്യവിദ്യാഭ്യാസം അവസാനിച്ചു. പുരാതനനഗരമായ സ്പാംബാത്ത്ലിയിലുള്ള കത്തോലിക്ക ബോർഡിങ്ങ് സ്കൂളിലേക്ക് അവനെ കൊണ്ടുചെന്നാക്കാനുള്ള വണ്ടി വീട്ടിനു മുൻവശത്തുവന്നുനിന്നു. അമ്മയോടുള്ള സ്നേഹാതിരേകത്തിൻെറ മുമ്പിൽ വിദ്യാഭ്യാസത്തിനുള്ള താല്പര്യം ക്ഷണനേരത്തേക്കു് അസ്തപ്രായമായി. അമ്മയുടെ കഴുത്തിൽ കെട്ടിപ്പിടിച്ചുകൊണ്ടു് അവൻ ഏങ്ങിയേങ്ങിക്കരഞ്ഞു. ഒടുവിൽ അവൻെറ ചുമലിൽപിടിച്ചു് അമ്മതന്നെ അവനെ വണ്ടിയിൽ കൊണ്ടുചെന്നിരുത്തി സമാധാനിപ്പിച്ചു.

ആ പുരാതനനഗരത്തിൻെറ ചരിത്രപ്രധാനമായ പശ്ചാത്തലത്തിൽ ആ വിദ്യാലയത്തിൻെറ ഹൃദയാവജ്ജകമായ ദർശനം ജോസഫിനെ ക്ഷണത്തിൽ വശീകരിച്ചു. പ്രാചീനറോമാസാമ്രാജ്യത്തിൻെറ ഒരു ഭാഗമായിരുന്നു ആ

പട്ടണം. ക്രിസ്തുവിൻെറ ജനനകാലത്തു് അവിടം റോമൻ പട്ടാളത്തിൻെറ ഒരു താവളമായിരുന്നു. റോമാക്കാർ അതിനെ സബേരിയാ എന്നാണു് വിളിച്ചിരുന്നതു്. ടൈബീരിയസ്സ് ക്ലോഡിയസ് എന്ന ചക്രവൎത്തി അവിടെ ഒരു റോമൻ കോളനി സ്ഥാപിച്ചു. അവിടത്തെ പൗരന്മാൎക്കു റോമൻപൗരന്മാൎക്കുള്ള എല്ലാ അവകാശാനുകൂല്യങ്ങളും അനുവദിക്കപ്പെട്ടിരുന്നു. നൂററാണ്ടുകൾക്കു മുൻപു് ഒന്നിലധികം റോമാചക്രവൎത്തിമാരുടെ സൈന്യത്തിൻെറ പട്ടാളമുറയിലുള്ള കവാത്തിൻെറ ശബ്ദം ആ മതിലുകളിൽ തട്ടി പ്രതിദ്ധ്വനിച്ചിട്ടുണ്ടു്. മാർക്കസ് ഔറേലിയസ് എന്ന ചക്രവൎത്തി അവിടെ പലപ്രാവശ്യം പാൎക്കുകയുണ്ടായി. 193-ാമാണ്ടു് സെപ്ടിമസ് സെവെറസിനെ അദ്ദേഹത്തിൻെറ അനുയായികൾ ചക്രവൎത്തിയായി പ്രഖ്യാപിച്ചതുംഇവിടെവച്ചാണു്. അലക്സാണ്ടർസെവെറസിൻെറ ഭരണകാലത്തു പ്രസിദ്ധചരിത്രകാരനായിരുന്ന ദിയോകാസിയസ് സബേരിയായുടെ പ്രീഫെക്ടായിരുന്നു. ഡയോക്ലിഷ്യൻെറ ക്രൈസ്തവമൎദ്ദനം മൂൎദ്ധന്യദശയെ പ്രാപിച്ചപ്പോൾ കുരിശിൻെറ എത്രയെത്ര ഉത്തമാനുയായികൾ ഇവിടെവച്ചു രക്തസാക്ഷിത്വം വരിച്ചിരിക്കുന്നു. കോൺസ്റ്റാൻടിനസ്സ്, വല്ലസ്സ്, വാലൻടിനിയനസ്, ഗ്രഷിയനസ് തുടങ്ങിയ ചക്രവൎത്തിമാർ പലപ്രാവശ്യം ഈ പട്ടണത്തെ തങ്ങളുടെ ആസ്ഥാനമാക്കിയിരുന്നു.

അഞ്ചാം ശതകത്തിൽ 'ആററില' ഈ നഗരത്തെ ആക്രമിച്ചു നശിപ്പിച്ചു. നഗരവാസികൾ അധികംപേരും ഈ കിരാതന്മാരുടെ കൈയേററം ഭയന്നു് ഓടിപ്പോയി. അവരാണു് വെനീസ് നഗരം സ്ഥാപിച്ചതു്. എന്നാൽ ആററിലായുടെ മരണശേഷം 453-ൽ അയാളുടെ അനുയായികൾ ഹങ്കറിയിൽനിന്നും സമീപപ്രദേശങ്ങളിൽനിന്നും തുരത്തപ്പെട്ടു. പിന്നീടു് ഓസ്ട്രഗോത്തുകൾ, ജപ്പീതുകൾ, ലൊൻഗൊബാർഡുകൾ, അവാർവൎഗ്ഗക്കാർ, ചാർ

ലിമെയിൻെറ സൈന്യങ്ങൾ, അവസാനമായി മാഗിയാർ ജാതി എന്നിവരുടെയെല്ലാം ആയോധനരംഗമായിത്തീന്ന ഈ പ്രദേശം. ഇതിൽ ഒടുവിൽ പറഞ്ഞ ക്രുട്ടരാണു് ഇന്നത്തെ ഹങ്കറിയുടെ സ്ഥാപകർ. അവക്കശേഷവും വിദേശീയാക്രമണങ്ങൾ ഉണ്ടായിട്ടുണ്ടു്. തങ്ങൾക്കു പ്രിയംകരമായ സ്വാതന്ത്ര്യത്തെ സംരക്ഷിക്കുവാൻ മാഗിയാർജനതയ്ക്കു ജർമ്മൻകാരോടും, ടാർട്ടാരികളോടും, തുക്കികളോടും സമരം ചെയ്യേണ്ടിവന്നു.

കഴിഞ്ഞ കാലങ്ങളിലെ പടയോട്ടങ്ങളിലും, പുകഴ്ചകളിലും തല്പരനായ ഒരു ബാലൻെറ മനസ്സിനെ ഇതിനെക്കാൾ ഇളക്കുവാൻ കഴിവുള്ള മറെറാരുസ്ഥലവും ഹങ്കറിയിലില്ല. പുരാതനറോമൻ സബേരിയായുടെ നഷ്ടശിഷ്ടങ്ങളിൽ പടുത്തുയത്തിയിരിക്കുന്ന സ്വംബാത്ത്ലി, ചരിത്രത്തിൻെറ രണ്ടായിരത്തഞ്ഞൂറു വർഷങ്ങളിൽക്കൂടി താൻ സഞ്ചരിക്കുകയാണെന്നുള്ള ഒരു പ്രതീതിയാണു് ജോസഫ് പെമിൽ ഉളവാക്കിയതു്. സ്വാതന്ത്ര്യപ്രേമികളായ ഒരു ജനസഞ്ചയത്തിൻെറ നിശ്ചയദാർഢ്യത്തിനു മുമ്പിൽ കിരാതസേനകളുടേയും സേ്വഛാപ്രഭുക്കളുടേയും മുഷ്ക് എങ്ങനെ അസ്തവീര്യമായിപ്പോയിയെന്നു ജോസഫ് കണ്ടു. ആ പാഠം അദ്ദേഹം ഒരുകാലത്തും മറന്നിട്ടില്ല.

ആ സന്യാസാശ്രമത്തിലെ പകിട്ടേറിയ അനുഷ്ഠാനവിധികൾ സ്വതേ ഊഷ്മളമായിരുന്ന അവൻെറ മതാസക്തിയെ ഉത്തേജിപ്പിക്കുവാൻ ഉപകരിച്ചു. താനൊരു കർഷകബാലനാണെന്നുള്ള കാരണത്താൽ മററു ചില വിദ്യാത്ഥികൾ തൻെറ നേരെ പുച്ഛത്തോടെ പെരുമാറിയെങ്കിലും അതവനെ ലേശംപോലും അലട്ടിയില്ല. സ്വന്തം മൂല്യങ്ങൾ അളക്കുന്നതിനു് അതിലുമധികം ഭദ്രതരമായ മാനദണ്ഡങ്ങൾ അവൻ അതിനുമുമ്പ സ്വീകരിച്ചിരുന്നു. സന്യാസിമാരായിരുന്നു അവൻെറ അദ്ധ്യാപകർ. പ്രിമോൺസ്ട്രൻഷ്യൻ സഭയിൽപെട്ട കാനൻമാരായ അ

വർ വെള്ളയുടുപ്പുകളും നീല അരപ്പട്ടകളുമാണു് ധരിച്ചിരുന്നതു്. ചരിത്രപ്രധാനമായ ആ സ്ഥലത്തു ജീവിച്ചിരുന്നതിനാൽ ഭൂതകാലത്തിൽനിന്നു് അവർ ധാരാളം സാധനപാഠങ്ങൾ സംഭരിക്കയും സ്വഭാവരൂപീകരണത്തിനു് അവയെ ഉപയോഗിക്കയും ചെയ്തുവന്നു. പുരാതനറോമയിലെ വ്യവസ്ഥിതിയും വിജ്ഞാനവും അടിസ്ഥാനമാക്കിയാണു് അവർ അദ്ധ്യാപനം നടത്തിയിരുന്നതു്. അവിടെ ഇളംപ്രായക്കാരായ വിദ്യാൎത്ഥികൾ ലത്തീൻഭാഷയും ലത്തീൻ പഴഞ്ചൊല്ലുകളും പഠിക്കേണ്ടിയിരുന്നു. ഇതവരുടെ ധാരണാശക്തിക്കു മൂൎച്ചകൂട്ടുകയും അവരുടെ സ്വഭാവരൂപീകരണത്തിനു സഹായകമാവുകയുംചെയ്തു. ഭൂതകാലത്തിന്റെ നേരിയ നിഴലുകൾ തങ്ങൾക്കുചുററും നീങ്ങുന്നതായി ആ വിദ്യാൎത്ഥികൾക്കു തോന്നി. ഭീരുത്വത്തിനും സ്വേച്ഛാധികാരപ്രമത്തതയ്ക്കും, മൗഢ്യത്തിനുമെതിരെ ധീരതയും കാരുണ്യവും വിജ്ഞാനവും നടത്തിയിട്ടുള്ള മത്സരങ്ങളെക്കുറിച്ചു് അവർ പഠിച്ചു.

ജോസഫ് ഒരുത്തമവിദ്യാൎത്ഥിയായിരുന്നു. ആയാൾ ശീഘ്രം പഠിക്കുകയും, പഠിച്ചതിന്റെ സാരം ഉള്ളിൽ സംഗ്രഹിച്ചു സൂക്ഷിക്കുകയുംചെയ്തു. ശൈശവത്തിൽ മാതാവിൽനിന്നു കഥകൾ കേട്ടു മനസ്സിലാക്കിയതുപോലെ ഇപ്പോൾ പിതാക്കളെപ്പോലെ അവനെ സ്നേഹിക്കയും അവനോടു സംസാരിക്കയുംചെയ്ത സന്യാസിമാരുടെ കഥകൾ അവൻ ശ്രദ്ധിച്ചുമനസ്സിലാക്കി. റോമൻ ധീരതയുടേയും സഹനശക്തിയുടേയും ദൃഷ്ടാന്തം മ്ളേഛവൎഗ്ഗങ്ങൾക്കു കാണിച്ചുകൊടുക്കുവാൻവേണ്ടി എരിയുന്ന തീയിലേക്കു കൈ നീട്ടിക്കൊണ്ടു നിശ്ശബ്ദനായി നിവൎന്നുനിന്ന മൂസിയസ് സ്കേവോളാ എന്ന മഹാനെക്കുറിച്ചു ജോസഫ് കേട്ടു. ആ കഥ കേട്ടിരിക്കവേ തനിക്കും മൂസിയസിനെപ്പോലെ ആയിത്തീരണമെന്നു് അവനിൽ ഒരഭിലാഷം അങ്കുരിച്ചു. അവനും അതുപോലെ സഹനശക്തി പരിശീലിക്കാനുറ

ച്ചു. "ഞങ്ങൾ റോമാക്കാർ ഇങ്ങനെയാണ്." അവൻ സ്വയം മന്ത്രിക്കും.

ദുർദ്ധർഷമായ സംഖ്യാബലത്തോടുകൂടിയ ശത്രുസൈന്യത്തെ ഒരു പാലത്തലയ്ക്കൽ ചെന്നുനിന്ന് ഏകനായി എതിർത്തുനിന്ന ഹൊറേഷ്യസിൻെറ കഥയും, റേഗുലസ് എന്ന റോമൻവീരൻെറ ചരിത്രവും അവൻ കേൾക്കുകയുണ്ടായി. കാർത്തേജ്കാരാൽ ബന്ധനസ്ഥനാക്കപ്പെട്ട റേഗുലസ്, ഒരു സന്ധിക്കു കീഴ്വഴങ്ങാൻ റോമാക്കാരെ നിർബന്ധിക്കുന്നതിനു നിയുക്തനായി റോമിലേക്കു തിരിച്ച് അയക്കപ്പെട്ടു. തൻെറ ഉദ്യമം പരാജയപ്പെട്ടാൽ തിരിച്ചു തടങ്കലിലേക്കു മടങ്ങിവന്നുകൊള്ളാമെന്ന് ഒരു വാഗ്ദാനവും ശത്രുക്കൾ അദ്ദേഹത്തിൽനിന്നു വാങ്ങിയിരുന്നു. കാർത്തജുമായി ഒരിക്കലും സന്ധി ചെയ്യരുതെന്നു റോമാക്കാരെ നിർബന്ധിച്ചതിനുശേഷം, തിരിച്ച് കാർത്തേജ്കാരുടെ ബന്ധനത്തിലേക്ക്—സുനിശ്ചിതമായ മരണത്തിലേക്ക്—വാക്കു പാലിക്കാൻവേണ്ടി മടങ്ങിപ്പോയ റേഗുലസിൻെറ കഥ ഹൃദയസ്പൃക്കായവിധം സന്യാസിമാർ ജോസഫിനെ വർണ്ണിച്ചുകേൾപ്പിച്ചു.

മ്ലേച്ഛവംശജനായ ബ്രന്നസിൻെറ കഥയിൽനിന്നു മനസ്സിലാക്കിയ ഗുണപാഠം, പിൽക്കാലത്തു ഹംഗറി നാസികളുടേയും കമ്മ്യൂണിസ്റ്റ്കളുടേയും ആധിപത്യത്തിൽ അടിപ്പെട്ടുപോയ സമയങ്ങളിൽ ജോസഫിനു വീണ്ടും വീണ്ടും സ്മരിക്കേണ്ടതായിവന്നുകൂടി. വിജയികളായ മ്ലേച്ഛസൈന്യത്തിൻെറ നായകനായിരുന്നു ബ്രന്നാസ്. പരാജിതരായ റോമാക്കാർ കൊണ്ടുവന്ന കപ്പം തുലാസിൻെറ ഒരു തട്ടിൽ തൂക്കുമ്പോൾ ബ്രന്നസ് തൻെറ വാളുകൊണ്ടു താങ്ങി ആ തട്ടു താഴാതെ നിറുത്തി. ഗർഹണീയമായ ഈ നടപടിയെക്കുറിച്ചു റോമാക്കാർ ആവലാതിപറഞ്ഞപ്പോൾ "തോററവർ തുലയട്ടെ" എന്നായിരുന്നു ബ്രന്നാസിൻെറ മറുപടി. വിജയോന്മത്തനായ ഒരാക്രമണകാരിയിൽനിന്ന് അധികമായൊ

ന്നും പ്രതീക്ഷിക്കേണ്ടതില്ലെന്നും, നാസികളുടെ വരവിനു മുമ്പുതന്നെ ജോസഫ് മനസ്സിലാക്കി.

ക്രിസ്തുമസ്സ് അവധിക്കുമുമ്പ് ഒരു പൊതുയോഗത്തിൽവച്ചാണു് ആ വിദ്യാലയവർഷത്തിൽ ഓരോ വിദ്യാൎത്ഥിക്കും ലഭിച്ച മാൎക്കുകളുടെ ലിസ്റ്റ് വിതരണം ചെയ്യപ്പെടുന്നതു്. ആ സമയത്തു തന്റെ സ്നേഹിതനായ ഒരു യഹൂദബാലൻ സർട്ടിഫിക്കറ്റ് കൈയിൽ വാങ്ങുന്നതും, ഉത്തരക്ഷണം അവന്റെ മുഖം വിവർണ്ണമാകുന്നതും, കണ്ണുകൾ ബാഷ്പാകുലമാകുന്നതും ജോസഫ് സൂക്ഷിച്ചു. മറെറല്ലാ കുട്ടികളും മുറിവിട്ടുപോയതിനുശേഷവും വിഷാദമഗ്നനായ ആ ബാലൻമാത്രം സ്വസ്ഥാനത്തിൽനിന്നിളകിയിരുന്നില്ല. അനന്തരകാലത്തു് അനേകം മനുഷ്യരെ ആശ്വസിപ്പിക്കാനിരിക്കുന്ന ജോസഫ്, നിശ്ശബ്ദനായി, നിസ്സഹായനായി, എന്നാൽ സന്താപനിമഗ്നനായ ഒരു സ്നേഹിതനെ വിട്ടുപിരിയാനുള്ള വൈമനസ്യത്തോടുകൂടി, അവിടെ നിലകൊണ്ടു.

അദ്ധ്യാപകൻ അവരുടെ അടുത്തേക്കിറങ്ങിവന്നു് അവൻ കരയുന്നതിന്റെ കാരണമന്വേഷിച്ചു. അവൻ തന്റെ സർട്ടിഫിക്കററു് അദ്ദേഹത്തിന്റെ കൈയിലേക്കു കൊടുത്തു. "ഞാൻ മൂന്നു വിഷയങ്ങൾക്കു തോററുപോയി." അവൻ ഗൽഗദത്തോടെ പറഞ്ഞു.

"എനിക്കതറിയാം മകനേ." അദ്ദേഹം സാന്ത്വനപ്പെടുത്തി. "ഈസ്റ്റർ ആകുമ്പോഴേയ്ക്കും ഈ പോരായ്മ നികത്താൻ നിനക്കു സാധിക്കും."

"പക്ഷേ ജയിച്ചവൎക്കറിയാവുന്നിടത്തോളം ഞാനും പഠിച്ചിട്ടുണ്ടല്ലോ, പിതാവേ." അവൻ കരഞ്ഞുകൊണ്ടു് ആവലാതിപ്പെട്ടു.

അദ്ധ്യാപകൻ സഗൗരവം തലകുലുക്കി. "അതു ശരിയായിരിക്കാം, പ്രിയപ്പെട്ട കുഞ്ഞേ. പക്ഷേ, നീയൊരു യഹൂദനാണു്. മററു കുട്ടികളുടെ മൂന്നിരട്ടി അറിഞ്ഞിരു

ന്നാൽ മാത്രമേ നിനക്കു് അവരോളം മാൎക്ക ലഭിക്കുക യുള്ളു. ഇന്നത്തെ ലോകനീതിയതാണു് കുഞ്ഞേ. ഇക്കാൎയ്യം നിന്നെ പഠിപ്പിച്ചതിൽ നിനക്കെന്നോടു കൃതജ്ഞത തോന്നുന്ന ഒരുകാലം വരും."

അന്നുച്ചതിരിഞ്ഞു്, സ്കൂളിൽ വന്നതിനുശേഷം ആദ്യമായി, ജോസഫ് സെഷിമിൻസെന്തിലേക്കു മടങ്ങിപ്പോയി. ആ ഗ്രാമത്തിലെ അന്തരീക്ഷത്തിൽ ഒരുത്സവദിനത്തിൻെറ പ്രസന്നത കളിയാടിയിരുന്നു. ജോസഫിൻെറ ഭവനത്തിൽ ക്രിസ്തുമസ്സിൻെറ ആഘോഷമേളങ്ങളും, സമ്മാനങ്ങളും അവനു സ്വാഗതമരുളി. എന്നാൽ ഈ ഉല്ലാസാഹ്ളാദങ്ങളുടെയെല്ലാം നടുവിൽ ജോസഫ് ദുഃഖിതനും മൗനിയുമായി കാണപ്പെട്ടു. അവസാനം, അവനെ അലട്ടുന്ന കാൎയ്യമെന്താണെന്നു് അവൻെറ പിതാവു ചോദ്യമായി. അദ്ദേഹത്തോടു് അവൻ ആ യഹൂദബാലൻെറ കഥ പറഞ്ഞുകേൾപ്പിച്ചു. ഒടുവിൽ അവൻ ഇങ്ങനെ പരിദേവനം ചെയ്തു. "ഒരു യഹൂദബാലൻ ഒരു ക്രൈസ്തവബാലൻെറ മൂന്നിരട്ടി അദ്ധ്വാനിക്കേണ്ടിവരുന്നതു് അനീതിയാണ്."

അദ്ദേഹം ഗൗരവസമേതം തലയാട്ടി. "അതെ മകനെ, അതനീതിയാണു്. അതു ലോകത്തിൻെറ നീതികേടാണു്. നീ വളൎന്നുവരുന്തോറും ഇതു കൂടുതൽ കൂടുതലായി കാണാനിടയാകും. എന്നാൽ ആ നീതികേടുകൾ നിൻെറതുംകൂടി ആയിത്തീരാൻ അനുവദിക്കരുതു്."

സ്കൂളിൽ മടങ്ങിച്ചെന്നതിനുശേഷവും കാൎയ്യങ്ങളുടെ കാരണങ്ങൾ ആരായുന്നതിൽനിന്നു് ഒരു നിമിഷനേരത്തേക്കുപോലും അവൻ വിരമിക്കുകയുണ്ടായില്ല.

മ്ലേഛവൎഗ്ഗങ്ങളുടെ ആക്രമണത്തിനു മുമ്പിൽ റോമാ അടിപെട്ടുപോയതെന്തുകൊണ്ടാണു്?

സ്വന്തം കോട്ടമതിലുകൾക്കകത്തു്, സ്വന്തം ജനങ്ങൾക്കിടയിൽ, എന്തുകൊണ്ടു് അവൾക്കു ശത്രുക്കളുണ്ടായി?

ക്രിസ്തുമതം തുൎക്കികൾക്കു് അടിപെട്ടുപോകുമെന്നു

കുറച്ചുനാൾ തോന്നിപ്പോകാൻ കാരണമെന്താണ്?

ഹങ്കറിയിലെ രാജാവ് ഏകനായിനിന്നു ക്രിസ്തുമതത്തെ സംരക്ഷിച്ചുകൊണ്ടിരിക്കുമ്പോൾ, ഫ്റാൻസിലെ ഫ്റാൻസീസ് ഒന്നാമനും, സ്പെയിനിലെ ചാറൽസ് അഞ്ചാമനും അദ്ദേഹത്തിന്റെ സഹായത്തിനു ചെല്ലാതെ പരസ്പരം കലഹിച്ചുകഴിഞ്ഞുകൂടാൻ കാരണമെന്തായിരുന്നു?

ഈ ചോദ്യങ്ങൾ ഓരോന്നോരോന്നായി ജോസഫ് തന്റെ ഗുരുനാഥന്മാരുടെ മുമ്പിൽവച്ചു. അപ്പോഴെല്ലാം അവൻ തന്റേതായ അടിയന്തിരപ്രശ്നത്തിനുകൂടി സമാധാനം തേടുകയായിരുന്നു. ഒരു പുരോഹിതനാകണമോ, പടയാളിയാകണമോ? അവനു തൃപ്തികരമായ ഉത്തരം നൽകുന്നതിന് അദ്ധ്യാപകർക്കു കഴിഞ്ഞില്ല.

"ചരിത്രം" അവർ പറയും, "എല്ലാ പ്രശ്നത്തിനും മറുപടി തരുന്നില്ല. തങ്ങളെ നേരിടുന്ന വിപത്തുകളുടെ സ്വഭാവം മുൻകൂട്ടി കാണുവാൻ നേതാക്കൾക്കും ജനങ്ങൾക്കും കഴിവില്ലാതെ പോയതിനാലായിരിക്കാം ഒരുപക്ഷേ ചരിത്രത്തിലെ അത്യാഹിതങ്ങൾ സംഭവിച്ചിട്ടുള്ളതു്."

താൻ ജാഗ്രതയായിരിക്കണമെന്ന് അവനുറച്ചു. ആപത്തുകൾ വരുംമുമ്പ് അവയെ മുൻകൂട്ടി കാണുന്നതിനും, മററുള്ളവരേയും അങ്ങനെ കാണാൻ സഹായിക്കുന്നതിനും അവൻ പ്രാപ്തിനേടണം. തന്റെ പ്രശ്നങ്ങൾക്കു മറുപടി തന്നിൽത്തന്നെയാണു് തേടേണ്ടതെന്നും അവനു ബോദ്ധ്യപ്പെട്ടു. അവൻ ക്രമേണ മൗനത്തേയും ഏകാകിത്വത്തേയും പ്രിയപ്പെടാൻതുടങ്ങി. വളരെ എളുപ്പത്തിൽ മൈത്രീബന്ധങ്ങളിൽ ഏർപ്പെട്ടുവാൻ ജോസഫ് വിമനസ്കനായിത്തീർന്നു. മിൻസെന്തിയുടെ ജീവിതത്തിലാകമാനം ഈ സ്വഭാവവിശേഷങ്ങൾ പ്രകടമായിരുന്നു.

കഥാശ്രവണങ്ങളിൽകൂടിതന്നെയാണു് അവസാനം ആകസ്മികമായെന്നോണം അവന്റെ കാതലായ പ്രശ്നത്തിനു മറുപടി വെളിവായതു്. ടാർട്ടാരികൾക്കെതിരായി

ഹങ്കേറിയൻ പടയണികളെ നയിച്ച കളോക്സായിലെ ആർച്ചുബിഷപ്പായ ഉഗ്രിൻേറയും, തുക്കികളെ സേനാസ മേതനായി നേരിട്ട ആർച്ചുബിഷപ്പ് സ്റ്റീഫൻ ടോമറി യുടേയും, ആരുടെ സ്മരണയ്ക്കായി ഇന്നും ഹങ്കറിയിലെ ദൈവാലയങ്ങളിൽനിന്ന മദ്ധ്യാഹ്നങ്ങളിൽ മണിനാദം മുഴ ങ്ങുന്നുവോ, മുസ്ലീമിങ്ങളിൽനിന്ന ബൽഗ്രേഡിനെ രക്ഷി ച്ച ഒരു സാധാരണ ഫ്റാൻസിസ്കൻ സന്യാസിയായ ആ ജാനോസ് കാപ്പിസ്റ്റ്രാൻേറയും കഥകൾ തൻെറ ചരിത്രാ ദ്ധ്യാപകനിൽനിന്ന ജോസഫ് കേട്ടുപഠിച്ചു. ഇവരെല്ലാം പുരോഹിതന്മാരായിരുന്നു; ജോസഫിനെപ്പോലെ തന്നെ ഹങ്കറി രാഷ്ട്രത്തെ സ്നേഹിച്ച പുരോഹിതന്മാർ. കൈക ളിൽ വാളൂരിപ്പിടിച്ചുകൊണ്ടു മാതൃരാജ്യത്തിനുവേണ്ടി പോരാടി വീരചരമമടയാൻ സന്നദ്ധരായ പുരോഹിതന്മാ രായിരുന്നു അവർ.

പുരോഹിതനോ പടയാളിയോ?

അവർ പുരോഹിതന്മാരും, അതേ സമയത്തുതന്നെ പടയാളികളുമായിരുന്നു. തനിക്കും അങ്ങനെ ആയിക്കൂടെ? അതെ, തീർച്ചയായും. അവൻെറ ചോദ്യത്തിനുള്ള മറു പടി ഇതാ ലഭിച്ചുകഴിഞ്ഞിരിക്കുന്നു.

അവൻ ഒരു പുരോഹിതനാകും.

# III

## യുവവൈദികൻ

നിർണ്ണായകമായ ഈ തീരുമാനമെടുത്തതിന്നുശേഷം, ജോസഫ് സ്വംബാത്ത്‌ലിയിലെ സെമിനാരിയിൽ വൈദികവിദ്യാഭ്യാസമാരംഭിച്ചു. പഠനസമയം സുദീർഘവും, ആഹാരം ലഘുവുമായിരുന്നു. ഇതിനെക്കുറിച്ച് ആവലാതിപ്പെടുന്ന സതീർത്ഥ്യരോടു ജോസഫ് പറയും. "സ്നാപകയോഹന്നാൻ വനവാസത്തിൽ കാട്ടുകിഴങ്ങുകളും കാട്ടുതേനും മാത്രം ഭുജിച്ചല്ലേ ഉപജീവിച്ചുപോന്നതു്?"

മദ്ധ്യവേനൽ അവധിക്കാലങ്ങളിൽ തന്റെ കുടുംബാംഗങ്ങളോടൊരുമിച്ചു ജോസഫ് വയലിൽ വേലചെയ്യും. അപ്പോഴൊക്കെ കീശയിൽ ഒരു പുസ്തകവുമുണ്ടായിരിക്കും. വിശ്രമാവസരങ്ങളിൽ മററുള്ളവർ ഓരോ വിശേഷങ്ങൾ പറഞ്ഞുകൊണ്ടിരിക്കുമ്പോൾ, ജോസഫ് പുസ്തകപാരായണത്തിൽ വ്യാപൃതനായിരിക്കും.

1914 ജൂലൈ 26-ാംനു- സേർബിയായും ആസ്ത്രോ-ഹങ്കറിയും തമ്മിൽ യുദ്ധമാരംഭിച്ചു. ആഗസ്റ്റ്മാസാരംഭത്തോടുകൂടി അതു് ഒന്നാം ലോകമഹായുദ്ധമെന്നു് ഇപ്പോൾ വിളിക്കപ്പെടുന്ന ഉഗ്രസമരമായി വികസിച്ചു് യൂറോപ്പിനെ മുഴുവനും ഗ്രസിച്ചുകളഞ്ഞു. ഹങ്കറിയിൽ ആരോഗ്യമുള്ള പൗരന്മാരെവരും ദേശസേവനത്തിനു വിളിക്കപ്പെട്ടു. ജോസഫ് പെം തന്റെ സതീർത്ഥ്യരുമൊരുമിച്ചു് ആതുരശുശ്രൂഷയ്ക്കുള്ള റെഡ്ക്രോസ് സഹായകരായി നി

യുക്തനായി. പരിചരണം മാത്രമായിരുന്നില്ല, അവരുടെ ജോലി. മുറിവേററവരുടെ മതപരമായ ആവശ്യങ്ങൾ നിറവേററുകയും, കുടുംബകാര്യങ്ങൾ അന്വേഷിക്കുകയും കൂടി അവരുടെ ചുമതലകളിൽ ഉൾപ്പെട്ടിരുന്നു. അങ്ങനെ പട്ടം കിട്ടുന്നതിനു മുമ്പുതന്നെ ജോസഫ് ഒരു വൈദികൻെറ സാമൂഹ്യസേവനങ്ങളിൽ പഴക്കവും പരിചയവും നേടി. അതോടൊപ്പംതന്നെ അദ്ദേഹം ഒരു വിദ്യാർത്ഥിയെന്ന നിലയിൽ തനിക്കുള്ള ചുമതലകളും നിർവ്വഹിച്ചുപോന്നു.

വളരെ ശ്രമകരമായ— ശരീരത്തെയും മനസ്സിനേയും ഒരുപോലെ ക്ഷീണിപ്പിക്കത്തക്കവിധം ക്ലേശകരമായ— ചുമതലകളായിരുന്നു അവ. അമിതായാസത്തിൽ പരിഭവം ഭാവിക്കുന്ന സഹപാഠികളോടു ജോസഫ് പറയും: "റഷ്യയിലെ യുദ്ധരംഗങ്ങളിലുള്ള നമ്മുടെ പടയാളികളെക്കുറിച്ച് ഒന്ന് ഓർമ്മിച്ചുനോക്കൂ. നാം എത്ര ഭാഗ്യവാന്മാരാണെന്ന് അപ്പോൾ ബോദ്ധ്യമാകും."

1915 ജൂൺമാസം 12-ാംനു-, 23-ാമത്തെ വയസ്സിൽ, സ്സോംബാത്ത്ലിയിൽവച്ചു ജോസഫ് പെമിൻെറ ഗുരുപ്പട്ടാഭിഷേകം നടന്നു. ആ മാസം 29-ാംനു- തൻെറ ജനനസ്ഥലമായ സെഷിമിൻസെന്തിൽ വച്ച് അദ്ദേഹം പ്രഥമദിവ്യപൂജ സമർപ്പിക്കയും ചെയ്തു. ഒരു നവവൈദികൻ തൻെറ ജന്മസ്ഥലത്തുവച്ചു തന്നെ പ്രഥമപൂജാർപ്പണം നടത്തുകയെന്നതു ഹങ്കറിയിലെ ഒരു പഴയ ആചാരമാണ്. "പുത്തൻകുർബ്ബാന" എന്നാണതിനു പറയുക. ഒരു പ്രധാനപ്പെട്ട തിരുനാൾ ദിവസമേ അതു നടത്താറുള്ളൂ. ജോസഫ് പെമിൻെറ കുർബ്ബാനയുടെതീയതി വളരെ ആലോചിച്ചതിനു ശേഷമാണ് തെരഞ്ഞെടുത്തത്. പത്രോസ് പൗലോസ് ശ്ലീഹന്മാരുടെ തിരുനാൾ ദിനമാണല്ലോ ജൂൺ 29. അന്നുതന്നെയാണ് ഹങ്കറിയിലെ കൃഷിക്കാർ ഗോതമ്പു കൊയ്യാൻ തുടങ്ങുന്നതു്. അവക്ക് അന്നൊരുത്സവദിനമാണ്. ആ ദിവസം തന്നെ ജോസഫ് പെം "പു

ത്തൻകുർബ്ബാന"ദിനമായി തെരഞ്ഞെടുത്തതു് അദ്ദേഹത്തിനു പൂർവ്വികന്മാരോടും ഭൂമിയോടുമുള്ള ഉററബന്ധത്തെ കാണിക്കുന്നു.

പശ്ചിമഹംഗറിയിൽ പുത്തൻകുർബാന അടുത്തുനിന്നും അകലെനിന്നും അനേകം ആളുകളെ ആകർഷിക്കുന്ന ഒരു വിശേഷസംഭവമാണു്. "നടന്നു നടന്നു ചെരിപ്പിന്റെ അടിഭാഗം മുഴുവൻ തേഞ്ഞുപോയാലും ശരി, ഒരു പുത്തൻകുർബാനയിൽ സംബന്ധിക്കേണ്ടതാണു്" എന്നാർത്ഥം വരുന്ന ഒരു പഴഞ്ചൊല്ലു് അന്നാട്ടുകാരുടെയിടയിൽ പ്രചാരത്തിലുണ്ടു്. ജോസഫ് പെമിന്റെ കുർബാനയ്ക്കു് അഭൂതപൂർവ്വമായവിധം ജനബാഹുല്യമുണ്ടായിരുന്നു.

മിൻസെന്തിയുടെ ഒരടുത്ത ചാർച്ചക്കാരിയും ന്യൂയോർക്കിൽ ഒരു മഠത്തിലെ കന്യാസ്ത്രീയുമായ സിസ്റ്റർ എമ്മാ ആ ദിവസത്തെക്കുറിച്ചു് എനിക്കു ചില വിവരങ്ങൾ നൽകുകയുണ്ടായി.

"മിൻസെന്തിൽനിന്നു രണ്ടു മൈൽ അകലെയാണു് ഞങ്ങളുടെ വസതി. ജോയിയുടെ കുർബാനയിൽ സംബന്ധിക്കാൻ പോയപ്പോൾ ഞങ്ങളോടൊരുമിച്ചു വാസ്തവം പറഞ്ഞാൽ അടുത്ത ബന്ധുക്കൾ മാത്രമല്ല, ആ സ്ഥലവാസികൾ മുഴുവനുമുണ്ടായിരുന്നു. എല്ലാവർക്കുംകൂടി ഇരിക്കാൻ പള്ളിക്കകത്തു സ്ഥലം പോരാതിരുന്നതിനാൽ അതിന്റെ പുരോഭാഗത്തു് ഒരു അൾത്താര സജ്ജീകരിച്ചിരുന്നു. അവിടെയാണു് അദ്ദേഹം ദിവ്യബലിയർപ്പിച്ചതു്. ഫാദർ ജോസഫ് പെമിന്റെ ഒരു അടുത്ത ബന്ധുവും സ്പാംബാത്ത്‌ലിയിലെ വൈദികാദ്ധ്യാപകനുമായ ജോസഫ് ട്രിനി നവവൈദികനെ അനുമോദിച്ചു പ്രസംഗിച്ചു.

"എന്റെ സഹോദരാ, സഹവൈദികാ, നമ്മുടെ കർത്താവു് ഈശോമിശിഹായിൽ അങ്ങു ശാശ്വതവിശ്വാസം പ്രതിജ്ഞ ചെയ്തിരിക്കുന്നു. ഇനിമേൽ ശോകാത്തരായ അനേകംപേർ അങ്ങയെ സമീപിക്കും. അവർക്കു സമാശ്വാ

സമരുളുക; ആതുരന്മാരുടെ ചേതനകൾക്കു സുഖം നൽകുക; നിരാശാനിമഗ്നരായവൎക്കു പ്രോത്സാഹനം നൽകുക; എല്ലാവരോടും വാത്സല്യനിധിയായ ഒരു പിതാവായി പെരുമാറണം. പ്രോത്സാഹനവും സമാശ്വാസവും കൂടാതെ ആരും ഭഗ്നാശരായി മടങ്ങിപ്പോകുവാൻ ഇടയാക്കരുതു്."

സിസ്റ്റർ എമ്മാ തുടരുന്നു: "അദ്ദേഹത്തിൻെറ പ്രസംഗം നിറുത്തിയപ്പോൾ ശ്രോതാക്കളുടെ നയനങ്ങൾ ബാഷ്പാർദ്രമായിരുന്നു. കത്തോലിക്കരും പ്രോട്ടസ്റ്റൻറുകാരും, ജോസഫ് പെമിൻെറ ശൈശവത്തിലെ കളിത്തോഴരെ ഉൾക്കൊള്ളുന്ന ആ യഹൂദകുടുംബവും എന്നല്ലാ ഗ്രാമവാസികളെല്ലാവരും ആ സ്ഥലത്തു സന്നിഹിതരായിരുന്നു. ഇത്തരം ഒരു ദിവ്യബലി മതപരമായ ഒരു കമ്മം മാത്രമല്ല; അതു് ഒരു കുടുംബോത്സവംകൂടിയാണു്. ആ കുടുംബത്തോടു ബന്ധപ്പെട്ട സകലരുടേയും, അവർ കത്തോലിക്കരാണെങ്കിലും അല്ലെങ്കിലും, ആഘോഷമാണതു്.

"ഒരു വാഗ്മിയുടെ സാമൎത്ഥ്യത്തോടുകൂടിയാണു് ജോയി പ്രസംഗിച്ചതു്. ആൎക്കും മനസ്സിലാകത്തക്കവിധം ലളിതവും, അവക്രവുമായിരുന്നു ആ പ്രസംഗം. അതേസമയംതന്നെ തൻെറ ആശയങ്ങൾ അധൃഷ്യങ്ങളാണെന്നു കാണിക്കുന്ന അഗാധജ്ഞാനവും വാഗ്മിത്വവും ആ പ്രസംഗത്തിൽ കലൎന്നിരുന്നു. അല്പംപോലും കൃത്രിമത്വമാകട്ടെ ആത്മോൽഘർഷതയില്ലാത്ത വിനയമാകട്ടെ അതിൽ സ്ഫുരിച്ചിരുന്നില്ല. അദ്ദേഹം എല്ലാവരോടുമാണു് സംസാരിച്ചതു്. ഒരു കത്തോലിക്കാനേതാവും വൈദികനുമെന്ന നിലയിലാണെങ്കിലും, താൻ ആരോടൊപ്പം വളൎന്നുവോ, ബാല്യംമുതൽ ആരെ മനസ്സിലാക്കുവാനും അറിയാനും താൻ പഠിച്ചുവോ, കത്തോലിക്കരും പ്രോട്ടസ്റ്റൻറുകാരും, യഹൂദന്മാരുമടങ്ങുന്ന ആ ജനസഞ്ചയത്തെ പൊതുവേ അഭിസംബോധനചെയ്തുകൊണ്ടദ്ദേഹം സംസാരിച്ചു. നല്ലയാളുകളെ വൎഗ്ഗീയമായി വേർതിരിച്ചുകാണാതെ, ഓരോരുത്തരും സ്വന്തം മതവി

ശ്വാസങ്ങൾ അനുശാസിക്കുന്ന രീതിയിൽ നല്ലവരായിരിക്കണമെന്നാണ് അദ്ദേഹമാഗ്രഹിച്ചതു്. അതു സുന്ദരമായ ഒരു പ്രഭാഷണമായിരുന്നു."

"അദ്ദേഹം പറഞ്ഞതെന്താണ്?" ഞാൻ സിസ്റ്റർ എമ്മായോടു ചോദിച്ചു.

"പറഞ്ഞതോ?" അവർ മറുപടി പറഞ്ഞു. "അദ്ദേഹത്തിന്റെ വാക്കുകൾ അതേപടി ഞാൻ ഓർമ്മിക്കുന്നില്ല. ആളുകൾ അപ്പോഴും വളരെ കഷ്ടപ്പെടുന്നുണ്ടെന്ന് അദ്ദേഹം പ്രസ്താവിച്ചു. യുദ്ധം ആളിപ്പടർന്നു പിടിച്ചിരിക്കുന്നൊന്നും, വിശുദ്ധനാട്ടിൽ യേശുനാഥന്റെ ശവക്കല്ലറ പ്രകമ്പനം കൊള്ളുന്നുവെന്നും, ഗ്രാമജീവിതത്തിലും സംഗ്രാമരംഗത്തും ഓരോരുത്തരും സ്വന്തം കൃത്യമനുഷ്ഠിക്കണമെന്നും, എല്ലാവരും പരസ്പരം സഹായിക്കണമെന്നും അദ്ദേഹം പറഞ്ഞു. വസ്തുവകകളുള്ളവർക്ക് അവ ദൈവം കൊടുത്തതാണ്. ഒരാൾ മറെറാരാളെ സഹായിക്കുമ്പോൾ അയാൾ തന്റെ സ്വന്തമായ യാതൊന്നുമല്ല കൊടുക്കുന്നതു്; തന്നെ ഈശ്വരൻ വിശ്വാസപൂർവ്വം ഏല്പിച്ചിരിക്കുന്നതു മാത്രമാകുന്നു. ദൈവം എല്ലാവരേയും ഒരുപോലെയാണ് സൃഷ്ടിച്ചിരിക്കുന്നതു്. 'ജോൺ നീ മററവനേക്കാൾ മുന്തിയവനാണ്; നീ ആ ഉയർച്ച പാലിക്കണം' എന്നോ 'നീ താഴ്ന്നവനാണ്, അതിനാൽ അധസ്ഥിതനായിരിക്കണം' എന്നോ ദിവ്യനാഥൻ അരുളിച്ചെയ്തിട്ടില്ല. 'നിങ്ങൾ പരസ്പരം ദ്വേഷിക്കണ'മെന്നല്ല, 'പരസ്പരം സ്നേഹിക്കണ'മെന്നാണ് അവിടുന്നു കല്പിച്ചിരിക്കുന്നതു്. 'ആ മനുഷ്യൻ ഒരു യഹൂദനാണ്; അതുകൊണ്ടയാളെ പുറംതള്ളണ'മെന്ന് അദ്ദേഹം ആജ്ഞാപിച്ചിട്ടില്ല. യേശുനാഥൻതന്നെ ദാവീദിന്റെ ഗോത്രത്തിൽ ജനിച്ച ഒരു യഹൂദനായിരുന്നു. സ്വന്തം സഹോദരങ്ങളെ സഹായിക്കുന്നവർക്ക് അവരെ പുറംതള്ളാതെ സഹായിക്കുന്നവർക്ക്, മാത്രമേ സ്വർഗ്ഗത്തിൽ പ്രവേശനമുള്ളു."

സിസ്റ്റർ എമ്മാ പറഞ്ഞുനിർത്തി. ഒരു സാധാരണ കൃഷിക്കാരൻമാത്രമായിരുന്ന പിതാവിൻെറ ഉപദേശങ്ങൾ മിൻസെന്തിയുടെ ജീവിതത്തെ കരുപ്പിടിപ്പിക്കുന്നതിനും, അദ്ദേഹത്തിലൂടെ ലോകത്തിൻെറ ചിന്താഗതിക്കുതന്നെ പ്രേരണ നൽകുന്നതിനും എത്രമാത്രം ഫലപ്രദമായി എന്നു ഞാൻ ചിന്തിച്ചു.

"പിന്നീടെന്തുണ്ടായി, സിസ്റ്റർ?" ഞാൻ ചോദിച്ചു.

"ഇത്ര ഭംഗിയായും ബുദ്ധിപൂർവ്വകമായും ജോയി പ്രസംഗിച്ചതിൽ ഗ്രാമവാസികളെല്ലാം അഭിമാനംകൊണ്ടു. അവരെല്ലാം— കത്തോലിക്കരും പ്രോട്ടസ്റ്റൻറുകാരും ആ യഹൂദകുടുംബവും— പലേടങ്ങളിലും കൂട്ടംകൂടിനിന്ന് അദ്ദേഹത്തിൻെറ പ്രസംഗത്തെ പ്രശംസിച്ചു. അവരിൽ ചിലർ പറയുന്നതു കേൾക്കാമായിരുന്നു. കണ്ടോളൂ, അദ്ദേഹം ഒരു മെത്രാനായിത്തീരും."

"ജോയിയുടെ മാതാവായ ബാർബരാ അമ്മായിയുടെ കണ്ണുകളിൽ ആനന്ദബാഷ്പം നിറഞ്ഞു. അവിടെ ഒരിടത്ത് അവർ അഭിമാനത്തോടുകൂടി ഒതുങ്ങിയിരിക്കയായിരുന്നു. അദ്ദേഹം ഒരു വൈദികനാകണമെന്ന് അവർ ഒരിക്കലും നിർബന്ധിക്കുകയുണ്ടായില്ലെന്നുള്ളതു വാസ്തവമാണ്. പക്ഷെ പുത്രൻ ഒരു വൈദികനായിത്തീർന്നതിൽ— അതും അന്നത്തെ പ്രസംഗത്തിൽ തെളിഞ്ഞതുപോലെ ഒരു ഉത്തമവൈദികനായിത്തീർന്നതിൽ— അവക്ക് അളവററ അഭിമാനമുണ്ടായിരുന്നു."

സിസ്റ്റർ എമ്മാ തുടൻ്നു: "അന്നുതന്നെ ഞങ്ങളെല്ലാം അവരവരുടെ വസതികളിലേക്കു മടങ്ങിപ്പോയി. ഒരുമിച്ചു വന്ന ഞങ്ങളെല്ലാം ഒരുമിച്ചുതന്നെ പാട്ടുംപാടി വളരെ ആനന്ദഭരിതരായിട്ടാണു തിരിച്ചുപോയതു്. പിറേറന്നു ഞാൻ കേട്ടു, ജോയി തൻെറ പിതാവും സഹോദരന്മാരുമൊരുമിച്ചു കന്നിക്കൊയ്ത്തിനു വയലിലിറങ്ങിയെന്നു്. വളരെ ഭംഗിയായി അരിവാളുപയോഗിക്കാനും കററകൾ

കൊയ്ത്തുകൂട്ടുവാനും അദ്ദേഹത്തിനു വശമായിരുന്നു. ദുർബ്ബലമെങ്കിലും ആ ശരീരം ഒരിക്കലും തളർന്നുകണ്ടിട്ടില്ല. അദ്ദേഹം അദ്ധ്വാനിച്ചു പരിചയിച്ചിട്ടുള്ള ആളാണല്ലോ."

പുത്തൻകുർബാനയും, കന്നിക്കൊയ്ത്തും; ദൈവവും ഭൂമിയും, ഭൂമിയോടടുത്ത ബന്ധം പുലർത്തിവരുന്ന മനുഷ്യരും; പിൽക്കാലത്തു കട്ടിനാറും മിൻസെന്തിയെന്നു ഭുവനപ്രസിദ്ധിനേടാനിരിക്കുന്ന ജോസഫ് പെമിൻെറ മനസ്സിൽ ഇവയെല്ലാം അവഗാഢമായി പരസ്പരം ബന്ധപ്പെട്ടിരുന്നു.

# IV

## ബലാ കുൺ

യുദ്ധാവസാനത്തിൽ യൂറോപ്പിലാകെ അടിച്ചുകയറിയ വിപ്ലവപ്രവാഹത്തിൽപെട്ടു, 1918 ഒക്ടോബർ അവസാനത്തിൽ, ആസ്ത്രോ-ഹങ്കറിയിലെ രാജവാഴ്ച തകൻു. രാജാധികാരം നഷ്ടപ്പെട്ടിരുന്ന ചാറത്സ് നാലാമൻ മൈക്കൽ കരോളി എന്ന ബൂർഷ്വാ-സോഷ്യലിസ്റ്റ് നേതാവിനെ പ്രധാനമന്ത്രിയായി സ്വീകരിക്കാൻ നിർബന്ധിതനായി. സോറംജേഴ്സ് കൗൺസിലിന്റെ സഹകരണത്തോടുകൂടി അദ്ദേഹം ഒരു റാഡിക്കൽ നാഷനൽ കൗൺസിൽ ഏർപ്പെടുത്തി. തുടൻു നവമ്പർ പതിമൂന്നാം തീയതി രാജാവു സ്ഥാനത്യാഗം ചെയ്തു. മൂന്നു ദിവസങ്ങൾക്കുശേഷം ഹങ്കറി ഒരു റിപ്പബ്ളിക്കായി പ്രഖ്യാപിക്കപ്പെട്ടു.

എന്നാൽ ആദ്യം മുതൽക്കേ സംഭവഗതികൾ ഈ പുതിയ ഗവൺമെൻറിന് അനുകൂലമായിരുന്നില്ല. ചെക്കുകാർ, സെർബുകൾ, റുമേനിയാക്കാർ എന്നിവരെല്ലാം തിടുക്കത്തിൽ സൈന്യശേഖരം നടത്തുകയായിരുന്നു. മഹാശക്തികൾ നാലുംചേൻു യൂറോപ്യൻ രാഷ്ട്രങ്ങൾക്കു ഓരോന്നിനും എത്രയെത്ര സ്ഥലം പങ്കുവെക്കണമെന്നു ചർച്ച നടത്തിക്കൊണ്ടിരിക്കുമ്പോൾ, മുൻപറഞ്ഞ ജനവർഗ്ഗങ്ങളോരോന്നും തങ്ങൾക്കെത്രമാത്രം കൈയടക്കാൻ സാധിക്കുമെന്നു ബലപ്രയോഗത്താൽ പരീക്ഷിച്ചുനോക്കുകയായിരുന്നു. യുദ്ധംകഴിഞ്ഞു മടങ്ങിവന്ന ഹങ്കേറിയൻ പ

ട്ടാളത്തിൻെറയിടയിൽ വിപ്ലവത്തിൻെറ തീപ്പൊരികഠം ഉഠംക്കൊള്ളുന്ന രാഷ്ട്രീയസിദ്ധാന്തങ്ങഠം ധാരാളമായി പ്രചരിച്ചിട്ടുണ്ടായിരുന്നു.

കരോളിയുടെ ഗവമ്മെണ്ടു ദുർബലവും ഓജസ്സററതും നിസ്സഹായവുമായിരുന്നു. തൻെറ നയത്തെപ്പററി കരോളിയോടു് ആരോ ചോദിച്ചപ്പോഠം അദ്ദേഹം പറഞ്ഞ മറുപടി ഇതായിരുന്നുപോലും: "എനിക്കറിഞ്ഞുകൂടാ; സംഭവഗതികഠം എന്നെ സംവഹിക്കുകയാണു്."

ഒരു സൈനികവിപ്ലവത്തെ ഒഴിവാക്കാൻവേണ്ടി സായുധസേനയെ ഉടൻ പിരിച്ചുവിടണമോ, അതല്ല അയൽ രാജ്യക്കാരുടെ ആക്രമണഭീഷണികളിൽനിന്നു രാജ്യാതിർത്തികളെ കാത്തുരക്ഷിക്കാൻ സേനയെ അപ്പാടെ നിലനിറുത്തണമോ? ഈ പ്രശ്നത്തിനു് ഒരു തീരുമാനമെടുക്കാൻ കഴിയാതെ കരോളി ഉഴലുകയായിരുന്നു. "പട്ടാളത്തെക്കൊണ്ടു് ഇനി ഒരു കാര്യവുമില്ല; എനിക്കിനി ഒററ പട്ടാളക്കാരനേയും കാണാനിഷ്ടമില്ല." എന്നുപറഞ്ഞ രാജ്യരക്ഷാമന്ത്രിയുടെ അവിവേകത്തിനെതിരായി എന്തെങ്കിലും ചെയ്യുവാൻ കരോളിക്കു കരുത്തുണ്ടായില്ല. അങ്ങനെ പട്ടാളത്തെ പിരിച്ചുവിട്ടതോടുകൂടി ഹങ്കറി അരക്ഷിതാവസ്ഥയിലേക്കു് അധഃപതിച്ചു.

കരോളിയുടെ ഗവമ്മെൻറു് ഒരിടതുപക്ഷ ഗവമ്മെൻറായിട്ടാണു് കരുതപ്പെട്ടിരുന്നതു്. എന്നാൽ "വാമപക്ഷത്തിൻെറ വാമഭാഗത്തു് എപ്പോഴും ഒരു വാമപക്ഷമുണ്ടായിരിക്കു"മെന്നു വളരെവേഗം വ്യക്തമായി.

1917-ൽ റഷ്യൻ രാജവാഴ്ചയ്ക്കറുതിവരുത്തിയ, കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിൻെറ റഷ്യൻ വകഭേദത്തിലേക്കു ഹങ്കറി അതിവേഗത്തിൽ നീങ്ങിക്കൊണ്ടിരുന്നു. റഷ്യയിൽ തടവുകാരായിരുന്ന ഹങ്കേറിയൻ പട്ടാളക്കാരുടെ തിരിച്ചുവരവോടുകൂടി കമ്മ്യൂണിസ്റ്റ് പ്രചരണം കൂടുതൽ ശക്തിപ്രാപിച്ചു. അവരുടെ കൂട്ടത്തിൽ റഷ്യയിൽനിന്നു

പ്രത്യേകപരിശീലനം സിദ്ധിച്ച വിപ്ലവകാരികളുമുണ്ടായിരുന്നു. അവർ നാടിന്റെ നാനാഭാഗത്തേക്കും വ്യാപിച്ച്, കരോളി സർക്കാരിനോടും, രാജ്യത്തിന്റെ ശോചനീയാവസ്ഥയോടും പൊതുവേയുണ്ടായിരുന്ന അതൃപ്തിയെ ചൂഷണംചെയ്യാൻതുടങ്ങി. അതിവിദഗ്ദ്ധമായ പരിശീലനം സമ്പാദിച്ചിട്ടുള്ള രണ്ടുപേർ—ബെലാ കുൺ, ടൈബർ സാമുവെല്ലി എന്നീ രണ്ടു ഭീകരപ്രസ്ഥാനക്കാർ—ഇതിന്റെ നേതൃത്വം ഏറെറടുത്തു. റഷ്യൻ ധനസഹായത്തോടുകൂടി അവർ വിദ്ധ്വംസകപ്രവർത്തനങ്ങളും, രഹസ്യസംഘങ്ങളും സംഘടിപ്പിച്ചു. ഒളിപ്പോരുകളും, വൻതോതിലുള്ള അട്ടിമറികളും നടത്തിക്കൊണ്ടിരുന്നു. ഈ കൂട്ടരുടെ രണ്ടു പ്രധാന സംഘടനകളായിരുന്നു, "ലെനിൻ ബോയ്സും", "മരെൻസും".

വിസ്മയാവഹവും ഭയങ്കരവുമായ വേഗത്തിൽ അവർ പ്രാദേശികഭരണകൂടങ്ങൾ കൈയടക്കി. എതിരാളികളെയെല്ലാം തടവിലിട്ടും വധിച്ചും അവർ നിർമ്മാജ്ജനംചെയ്തു. കരോളിയുടെ ഗവമ്മെണ്ടു നിസ്സഹായമായി നോക്കിനിന്നു; അഥവാ വല്ലപ്പോഴും എന്തെങ്കിലും ചെയ്യുകയാണെങ്കിൽ തന്നെ അതു കമ്മ്യൂണിസ്റ്റ്കാരുടെ ഇംഗിതാനുസരണവും അവക്കനുകൂലമായ വിധത്തിലുമായിരുന്നു. സന്നിഗ്ദ്ധവും ദുർബലവുമായി നാലുമാസം നിലനിന്നതിനുശേഷം ആ ഗവമ്മെൻറ് നിശ്ശേഷം തകന്നു. തൽസ്ഥാനത്തു "തൊഴിലാളികളുടെ സർവ്വാധിപത്യം" എന്ന പേരിൽ യഥാർത്ഥത്തിലുള്ള ഒരു കമ്മ്യൂണിസ്റ്റ് ഭീകരഭരണം ആരംഭിച്ചു.

കമ്മ്യൂണിസത്തിനെതിരായിട്ടുള്ള മിൻസെന്തിയുടെ സമരം ആരംഭിച്ചതപ്പോഴാണ്. റഷ്യൻ റിക്കാർഡുകളിൽ, ബൊൾഷെവിസത്തിന്റെ വൈദേശികശത്രുക്കളുടെ പട്ടികയിൽ, തക്കസമയത്തു തകക്കപ്പെടേണ്ടവരുടെ കൂട്ടത്തിൽ, ജോസഫ് പെം എന്ന നാമം സ്ഥലംപിടിച്ചതും അക്കാലത്താണ്. രാജവാഴ്ചയെ തകത്തുകൊണ്ടു് ആരംഭി

ച്ച ആ പ്രസ്ഥാനത്തിൻെറ തുടക്കംമുതൽ മിൻസെന്തി തൻെറ സകല കഴിവുകളും ഉപയോഗിച്ച് അതിനെ എതിർത്തു. തൻെറ പ്രിയപ്പെട്ട ഹംഗറിയിലെ വ്യവസ്ഥാപിത ജീവിതത്തെ കടപുഴക്കി മറിച്ചുകൊണ്ടു പരന്നുപൊങ്ങിയ ഈ വിപ്ലവപ്രവാഹത്തിൻെറ ശക്തികളെ ചെറുക്കുന്നതിനു തൻെറ യൗവനവും മതതീക്ഷ്ണതയുംകൊണ്ട് ആകാവുന്നവിധത്തിലെല്ലാം, രാഷ്ട്രീയവും ആദ്ധ്യാത്മികവുമായ പ്രവർത്തനപഥങ്ങളിലൂടെ, അദ്ദേഹം തീവ്രശ്രമംചെയ്തു. ചാറത്സ് രാജാവിൻെറ സ്ഥാനത്യാഗവേളയിൽ പെം, സലജേഴ്സ്സെഗ്ഗിലെ ഹൈസ്കൂളിൽ മതാദ്ധ്യാപകനായിരുന്നു. അവിടെ അദ്ദേഹം തൻെറ ശിഷ്യന്മാർക്കും ഗ്രാമീണജനതയ്ക്കും, നാട്ടുനശിപ്പിക്കാൻ കോപ്പുകൂട്ടുന്ന കമ്മ്യൂണിസ്റ്റ്ഭീകരതയെക്കുറിച്ചു നിരന്തരമായ മുന്നറിയിപ്പുകൾ നൽകിക്കൊണ്ടിരുന്നു. തൻെറ വാക്കുകൾ തനിക്കെതിരായി ഉപയോഗിക്കപ്പെട്ടുമെന്ന് അറിഞ്ഞുകൊണ്ടുതന്നെയാണ് അദ്ദേഹം അങ്ങനെ ചെയ്തത്.

1919 ഫെബ്രുവരി 9-ാംനു- അദ്ദേഹം സ്വംബാത്ത് ലിയിലേക്ക്, തൻെറ മെത്രാനായ ജാനോസ് മൈക്ക്സിനെ സന്ദർശിക്കുവാൻ, പോകുകയായിരുന്നു. എതിർവിപ്ലവം നടത്തുന്നുവെന്ന കുററമാരോപിച്ചു കമ്മ്യൂണിസ്റ്റ്കാർ അദ്ദേഹത്തെ തീവണ്ടിയിൽവെച്ച് അറസ്റ്റ്ചെയ്ത് ബിഷപ്പിൻെറവക പ്രാകാരത്തിൽതന്നെ തടവിൽ പാർപ്പിച്ചു. പതിനെട്ടു ദിവസത്തിനുശേഷം അവർ ബിഷപ്പിനെയും അറസ്റ്റ് ചെയ്തു. ബുഡാപ്പെസ്റ്റിൽ ഒരു തടവുമുറിയിലേക്കാണ് അവർ അദ്ദേഹത്തെ നീക്കംചെയ്തത്. (അദ്ദേഹത്തിൻെറ ജയിൽവാസത്തിൻെറ സ്വഭാവം എനിക്കു നേരിട്ടറിയാം. ബെലാ കുൺ ഭരണത്തെ എതിർത്തിരുന്നതിനാൽ ഞാനും അതിൻെറ തൊട്ടടുത്ത മുറിയിൽ തടവുകാരനായിരുന്നു.)

പത്തു ദിവസത്തെ ബന്ധനത്തിനുശേഷം മിൻസെ

ന്തിയെ അവർ വിട്ടയച്ചു സലേഴ്‌സ്ജഴ്സ്ഗിലേക്കു പോകുക യില്ലെന്ന ഒരു വാഗ്ദാനമേ അവർ ആവശ്യപ്പെട്ടുള്ളു. പക്ഷേ അതിനെ നിഷേധിച്ചുകൊണ്ടു് അദ്ദേഹം അങ്ങോട്ടുതന്നെ തീവണ്ടികയറി. അദ്ദേഹം വീണ്ടും അറസ്റ്റ് ചെയ്യപ്പെട്ടു. പഴയ പ്രാകാരത്തിലേക്കുതന്നെ അവർ അദ്ദേഹത്തെ വീണ്ടും കൊണ്ടുപോയി. മാർച്ച് 21-ാംനു- ബെലാ കുൺ ദേശീയഭരണം ഏറ്റെടുത്തപ്പോൾ, മിൻസെന്തി ബിഷപ്പിൻെറ പ്രാകാരത്തിൽനിന്നു പോലീസ് ബന്തവസിലേക്കു നീക്കപ്പെട്ടു. തുടന്ന് അദ്ദേഹത്തെ ഒരു നീതിന്യായക്കോടതിയുടെ മുമ്പാകെ ഹാജരാക്കുകയും ചെയ്തു.

വിസ്താരമൊന്നുമുണ്ടായില്ല. ഒരുറപ്പിനുവേണ്ടി മററു പലരേയും എന്നപോലെ അദ്ദേഹത്തേയും തടങ്കലിൽ വച്ചിരിക്കുകയാണെന്നുമാത്രമേ അവർ പറഞ്ഞുള്ളു. "നിങ്ങളുടെ രാജ്യദ്രോഹകരമായ പ്രചരണങ്ങൾ പശ്ചിമ ഹങ്കറിയിലെ ജനങ്ങളുടെയിടയിൽ സ്വാധീനം ചെലുത്തിയിട്ടുണ്ടു്. അവിടെ എന്തെങ്കിലും വിപ്ലവം പൊട്ടിപ്പുറപ്പെടുകയാണെങ്കിൽ നിങ്ങളെ തൂക്കിക്കൊല്ലുന്നതായിരിക്കും." അവർ പറഞ്ഞു.

ഈ തടങ്കൽപുള്ളികളുടെ കൂട്ടത്തിൽ കത്തോലിക്കരും പ്രോട്ടസ്റ്റൻറുകാരും യഹൂദന്മാരുമുണ്ടായിരുന്നു. അവരുടെ ധാമ്മികധീരത പൊതുവെ മോശമായിരുന്നു. അവർ പ്രതിനിധാനം ചെയ്യുന്ന ജനങ്ങൾ കമ്മ്യൂണിസത്തെ എത്രമാത്രം വെറുക്കുന്നുണ്ടെന്നും, കമ്മ്യൂണിസ്റ്റ് ഭീകരപ്രസ്ഥാനക്കാരുടെ അടവുകൾ എത്രമാത്രം കാര്യക്ഷമമാണെന്നും അവർ മനസ്സിലാക്കിയിരുന്നു. ആ ജാമ്യത്തടവുകാരുടെ കൂട്ടത്തിലെ മൂന്നു പേർ മററുള്ളവരുടെ ചൈതന്യം മങ്ങാതെ സൂക്ഷിക്കാനുള്ള ചുമതല സ്വയം ഏറ്റെടുത്തു. കോസെഗ്ഗിലെ ഇടവകവൈദികനായ ഇസ്ത്‌വാൻ കിൻക്സായിരുന്നു ഇതിലൊരാൾ. രണ്ടാമത്തെ ആൾ റോത്തസ്ചൈൽഡ് എന്ന ഒരു യഹൂദനിയമജ്ഞനായിരുന്നു. മൂന്നാമതായി

മിൻസെന്തിയും. രസകരങ്ങളായ കഥകൾ പറഞ്ഞും മററും സംഭാഷണം നിലയ്ക്കാതെ തുടൎന്നുകൊണ്ടുപോകുന്ന കാൎയ്യത്തിൽ ഇവർ മൂവരും പരസ്പരം മത്സരിച്ചു.

മിതഭാഷണവും ഏകാകിത്വവും ഇഷ്ടപ്പെട്ടിരുന്ന മിൻസെന്തി പെട്ടെന്നൊരു സംഭാഷണപ്രിയനായി മാറി. തൻെറ ബാല്യകാലത്തെക്കുറിച്ചും അക്കാലത്തു കേട്ടിരുന്ന കഥകളെക്കുറിച്ചും അദ്ദേഹം വൎണ്ണിക്കും. വിദ്യാലയജീവിതത്തിനിടയ്ക്കു താൻ നിൎവ്വഹിച്ച കൊച്ചുകൊച്ചു സാഹസപ്രവൃത്തികളെ അദ്ദേഹം വിവരിക്കും. ഒരു കർഷകനാകണമൊ, പടയാളിയാകണമൊ, പുരോഹിതനാകണമൊ എന്നു നിൎണ്ണയിക്കുക തനിക്കെത്ര വിഷമകരമായിരുന്നെന്നും, അവസാനം താൻ എങ്ങനെ ഒരു തീരുമാനത്തിലെത്തിച്ചേൎന്നെന്നും അദ്ദേഹം അവരെ വിസ്തരിച്ചു കേൾപ്പിക്കും.

സരസനായ ഈ യുവബന്ദി സ്വംബാത്ത്ലിയിലെ മൗനിയും കൎത്തവ്യമാത്രനിരതനുമായ വൈദികവിദ്യാൎത്ഥിയും സലേജഴ്സ്സ്ക്കിലെ മതാദ്ധ്യാപകനുംതന്നെ ആയിരുന്നോ എന്നു തിരിച്ചറിയുക പ്രയാസമായിരുന്നെന്നു് അദ്ദേഹത്തിൻെറ സഹവൈദികനായിരുന്ന ഇസ്ത്വാൻ കിൻക്സ്പിന്നീടൊരവസരത്തിൽ പ്രസ്താവിക്കുകയുണ്ടായി. "സന്തപ്തചിത്തരുടെ ചേതനകൾക്കു സുഖമരുളുക, നിരാശാഭരിതൎക്കു പ്രോത്സാഹനം നൽകുക" എന്നു തൻെറ പ്രഥമദിവ്യപൂജാൎപ്പണവേളയിൽ ജോസഫ് സ്രീനി നൽകിയ ഉദ്ബോധനം മിൻസെന്തി ഓൎമ്മിച്ചിരുന്നു.

ആ തടവുമുറിയിൽ, അതിൽ കൊള്ളാവുന്നതിൽ കൂടുതലാളുകൾ നിറഞ്ഞിരുന്നു. മൂട്ടകളുടെ ശല്യമോ ദുസ്സഹമായിരുന്നു. ആളുകൾ തിരിഞ്ഞും, മറിഞ്ഞും, മാന്തിയും, ചൊറിഞ്ഞും, മൂട്ടകളെ വേട്ടയാടുവാൻ കൂടെക്കൂടെ വിളക്കുകൊളുത്തിയും സദാപി ശബ്ദവും ബഹളവുമായിരുന്നതിനാൽ രാത്രിയിൽ ഉറങ്ങാൻവേണ്ട സ്വൈരത ആൎക്കും ലഭിച്ചിരുന്നില്ല.

ഒരുദിവസം രാവിലെ തടവുകാരിലൊരാൾ കാരാഗൃഹഭിത്തിയിൽ ഒരു കഴുമരത്തിൻെറയും അതിൽനിന്നു തൂങ്ങുന്ന കൊലക്കയറിൻെറയും ഒരു പടം വരച്ചു. കയറിൻെറ കുടുക്കിൽ ഒരു മൂട്ടയുടെ ചതഞ്ഞ ശരീരം ഒട്ടിയിരുന്നു. കുററകഴിഞ്ഞു പരിശോധനയ്ക്കുവന്ന കമ്മ്യൂണിസ്റ്റ് കമ്മിസാർ ക്രുദ്ധനായി ആ പടത്തിൽതന്നെ നോക്കിനിന്നു.

"എന്താണിതിൻെറ അർത്ഥം?" അയാൾ മിൻസെന്തിയോടു ചോദിച്ചു.

ആ യുവവൈദികൻ ഒന്നുമറിയാത്തതുപോലെ ഇടത്തോട്ടും വലത്തോട്ടും തല ചരിച്ച് ആ ചിത്രത്തെ വളരെ സൂക്ഷ്മമായി പരിശോധിച്ചു.

"കണ്ടിട്ടു ഒരു മൂട്ടയെ തൂക്കിലിട്ടതുപോലിരിക്കുന്നു." അദ്ദേഹം ഒടുവിൽ അഭിപ്രായപ്പെട്ടു. "എന്നാൽ അതിൻെറ അർത്ഥമെന്തെന്നു ഖണ്ഡിതമായി പറയുക സാദ്ധ്യമല്ല." തടവുകാരുടെ പൊട്ടിച്ചിരികൾക്കിടയിൽ കമ്മിസാർ ക്രുദ്ധനായി അലറി: "കരുതിക്കൊള്ളണം. അല്ലെങ്കിൽ നിങ്ങൾതന്നെയായിരിക്കും തൂക്കിലിടപ്പെടുന്നതു്."

മിൻസെന്തി തൻെറ പുരികക്കൊടികൾ ഉയർത്തി. "നിങ്ങൾക്കങ്ങനെ തോന്നുന്നുണ്ടോ?" നിഷ്കപടമായി അദ്ദേഹം ചോദിച്ചു. "എന്തായാലും, മൂട്ടകളെ സംബന്ധിച്ചിടത്തോളം ഇതൊരു താക്കീതായിരിക്കും. അവയിൽ ഒന്നോ രണ്ടോ എണ്ണത്തെ തൂക്കിലിടുകയാണെങ്കിൽ, മററുള്ളവ ഭയപ്പെട്ടു ഞങ്ങളുടെ ചോര കുടിക്കുന്നതിൽനിന്നു വിരമിച്ചേക്കും."

സ്പാംബാത്ത്ലിയുടെ സമീപപ്രദേശങ്ങളിൽനിന്ന് എതിർവിപ്ലവപ്രവർത്തനങ്ങളെക്കുറിച്ചുള്ള അസുഖകരങ്ങളായ വിവരങ്ങൾ തടവുമുറിയിൽ എത്തിച്ചേരുന്ന ചില സന്ദർഭങ്ങൾ ഉണ്ടാകാറുണ്ട്. സമീപഗ്രാമങ്ങളിൽ ചുവപ്പുസേനയ്ക്കുവേണ്ടി കുതിരകളെ പിടിച്ചുകൊണ്ടുവരുന്നതിനു ചെന്നവരെ കൃഷിക്കാർ പിക്കാസുകളും മൺകോരികകളും

കൊണ്ടെത്തിത്തു. ഗ്രാമത്തിൽനിന്ന് അവരുടെ സഹായത്തിനു മററാളുകളുമെത്തി. ഈ ഏററുമുട്ടലിൽ പലരും മൃതിപ്പെട്ടു. ഇത്തരം വൃത്താന്തങ്ങൾ കേൾക്കുമ്പോൾ ജാമ്യത്തടവുകാർ സ്വന്തം ജീവനെപ്പററിത്തന്നെ ഭയചകിതരായിത്തീരും. അവർക്കു ധൈര്യംകൊടുക്കുന്ന ശ്രമത്തിൽ മിൻസെന്തിക്കു നിരന്തരം ഏർപ്പെടേണ്ടിവന്നു.

തടവുകാരനായ മിൻസെന്തി സ്വതന്ത്രനായിരുന്നപ്പോഴത്തെക്കാൾ തങ്ങൾക്കു കൂടുതൽ ഉപദ്രവകാരിയാണെന്ന് അധികാരികൾക്കു പക്ഷെ ബോദ്ധ്യം വന്നിരിക്കണം. ഏതായാലും മേയ് മാസം 19-ാംനു- അവർ അദ്ദേഹത്തെ മോചിപ്പിച്ചു സലജേഴ്സ്സെഗ്ഗിലേക്കു കൊണ്ടുപോയി. ഇവിടെ സലാ ഡയറക്ടറേയിററിൻെറ * പ്രസിഡൻറായ മാക്സ് എർഡോസ് ധർമ്മനീതികളെപ്പററി ഒരുൽബോധനം നൽകിയശേഷം അദ്ദേഹത്തെ വിട്ടയച്ചു.

അടുത്ത ദിവസം മിൻസെന്തിയെ വീണ്ടും അറസ്റ്റ് ചെയ്തു് എർഡോസിൻെറ മുമ്പാകെ ഹാജരാക്കി.

"ഹെം, നിങ്ങൾ നന്നാക്കിയാലും നന്നാവാത്തവൻ തന്നെ." എർഡോസ് പറഞ്ഞു.

"ഞാനിപ്പോഴെന്തുചെയ്തു?" മിൻസെന്തി ചോദിച്ചു.

"ഇന്നലെ വൈകുന്നേരം നിങ്ങൾ വിദ്ധ്വംസകരുടെ കൂടെയാണ് കഴിഞ്ഞുകൂടിയതു്." പ്രസിഡൻറ് ആരോപിച്ചു.

"അവർ എൻെറ അജഗണത്തിലെ അംഗങ്ങളാണ്." മിൻസെന്തി മറുപടി പറഞ്ഞു.

"അവർ അട്ടിമറിപ്പന്മാരാണ്. നിങ്ങളെ സലജേഴ്സ്സെഗ്ഗിൽനിന്നു ബഹിഷ്ക്കരിച്ചിരിക്കുന്നു. രണ്ടു മണിക്കൂറിനുള്ളിൽ സ്ഥലം വിട്ടുകൊള്ളണം."

---

* സർവ്വാധികാരങ്ങളോടുംകൂടിയ പ്രാദേശികസ്വയംഭരണക്കമ്മിററിയാണ് ഡയറക്ടറേയിററ്. അതിൽ അഞ്ചംഗങ്ങളുണ്ടായിരിക്കും. സലജേഴ്സ്സെഗ്ഗ് ഉൾപ്പെടുന്ന കൗണ്ടിയാണ് സലാ.

"സ്വംബാത്ത്ലിയിലേക്കോ?"

"ഒരുപക്ഷേ നിങ്ങൾക്കനുവദിക്കാവുന്ന അവസാനത്തെ സ്ഥലമതായിരിക്കും. നിങ്ങൾ നിങ്ങളുടെ ജന്മസ്ഥലമായ മിൻസെന്തിലേക്കു പോകണം. പ്രതിദിനം രണ്ടു പ്രാവശ്യം അവിടത്തെ ഡയറക്ടറെയിററിൻെറ മുൻപാകെ നിങ്ങൾ ഹാജരാവുകയുംവേണം."

അങ്ങനെ മിൻസെന്തി തൻെറ ജന്മസ്ഥലത്തേക്കു മടങ്ങിപ്പോയി. അവിടെ എത്തിയ ഉടൻതന്നെ അദ്ദേഹം ഗ്രാമഡയറക്ടറെയിററിൻെറമുൻപാകെ ഹാജരായി. അവർ അല്പം ലജ്ജാഭാവത്തിലും ഏതാണ്ടു മാപ്പുചോദിക്കുന്ന മട്ടിലും ആണ് അദ്ദേഹത്തെ വീക്ഷിച്ചതു്. വളരെ പാവപ്പെട്ട കൃഷകത്തൊഴിലാളികളുടെയിടയിൽനിന്നു തിരഞ്ഞെടുക്കപ്പെട്ടവരായ അവർ അഞ്ചുപേർക്കും കമ്മ്യൂണിസവുമായി യാതൊരു ബന്ധവുമുണ്ടായിരുന്നില്ല. കമ്മ്യൂണിസ്റ്റ് ഭീകരഭരണം അവസാനിച്ചുകാണുവാൻ മററാരെയുംപോലെതന്നെ ആഗ്രഹിച്ചിരുന്നവരാണ് അവരും. അവരെക്കാളും കരുത്തേറിയ ഒരു ശക്തി അവരെ ആ സ്ഥാനങ്ങളിൽ, തൊഴിലാളിവർഗ്ഗത്തിൻെറ പ്രതിനിധികളായി, പ്രതിഷ്ഠിച്ചിട്ടുള്ളതാണ്.

ജോസഫ് പെമിനെ ഒരു മിത്രത്തെപ്പോലെ അവർ സ്വാഗതംചെയ്തു. ശൈശവപ്രായംതൊട്ടു് ആരേതങ്ങൾ അടുത്തറിഞ്ഞിരുന്നുവോ, ആരോടൊരുമിച്ചു തങ്ങൾ വിദ്യാലയജീവിതം ഉല്ലാസഭരിതമായി കഴിച്ചുവോ, ആരുമായി ആ ഗ്രാമത്തിലൂടെ വളഞ്ഞൊഴുകിയിരുന്ന തെളിനീരുറവയിൽ നീന്തിക്കളിച്ചുല്ലസിച്ചുവോ, ഏതൊരു യുവവൈദികൻെറ നവപൂജാർപ്പണവേളയിൽ അഭിമാനപുളകിതരായിത്തീർന്നുവോ, ആരുടെ അച്ഛനമ്മമാർ ഇന്നും അവർക്കു ബഹുമാന്യരായ അയൽക്കാരായിരിക്കുന്നുവോ, ആ ജോസഫ പെം അവരുടെ മിത്രമായിരുന്നു.

"സാരമില്ല, ജോയി," അവർ പറഞ്ഞു. "ഞങ്ങൾ

അങ്ങയെ അലട്ടുകയില്ല. ഇതു് അധികം നീണ്ടുനിൽക്കാൻ പോകുന്നില്ല. സ്വഗൃഹത്തിലുള്ള താമസവും, കുടുംബാംഗങ്ങളൊത്തു വയലിൽ ചെയ്യാനൊക്കുന്ന ജോലികളും അങ്ങയ്ക്കു് ആനന്ദദായകമായിരിക്കും."

വളരെക്കാലമായി പശ്ചിമഹംഗറിയിലുണ്ടായിട്ടില്ലാത്ത അത്ര സുന്ദരമായ ഒരു വസന്തവിലാസത്തിലെ സൂര്യപ്രകാശത്തിന്റെ പൂർണ്ണിമയിലാണു് മിൻസെന്തി സ്വഗൃഹത്തിലെത്തിച്ചേർന്നതു്. മുന്തിരിത്തോട്ടത്തിന്റെ തഴപ്പു് അക്കൊല്ലം സമൃദ്ധിയായി വിഞ്ഞു ലഭിക്കുമെന്നതിന്റെ മുന്നറിയിപ്പായിരുന്നു.

പ്രസന്നവും പ്രകാശമാനവുമായ ഒരു ഹരിതച്ഛവിയിൽ മൂടിക്കിടക്കുകയാണു് കൃഷിനിലങ്ങൾ. മിൻസെന്തി ഒരു കർഷകനും വൈദികനും പടയാളിയുമായി. ദിവസവും അദ്ദേഹം ഭക്തിപൂർവ്വം ദിവ്യബലിയർപ്പിക്കും. പശുക്കൾക്കും കുതിരകൾക്കും തീററികൊടുക്കുകയും തൊഴുത്തുവൃത്തിയാക്കുകയും ചെയ്യും. അനന്തരം പുറംകുപ്പായം ഊരി തോളിലിട്ടുകൊണ്ടു വയലിലേക്കു പോകും. രാഷ്ട്രീയമായ അസ്വസ്ഥതകളുടേയും അനിശ്ചിതത്വത്തിന്റേയും ഫലത്തിൽ ഉപേക്ഷയിലിട്ടിരുന്ന നിലങ്ങളെല്ലാം വെട്ടിത്തെളിച്ചു ശരിപ്പെടുത്തി. പുല്ലു വെട്ടുന്നതിലും ചോളവയൽ നിരപ്പാക്കുന്നതിലും, മുന്തിരിത്തോട്ടത്തിലെ കള പറിക്കുന്നതിലും മിൻസെന്തി വ്യാപൃതനായി. മദ്ധ്യാഹ്നമായാൽ അദ്ദേഹം സഹോദരന്മാരൊരുമിച്ചിരുന്നു ഭക്ഷണം കഴിക്കും.

സായാഹ്നത്തിൽ വേല നിറുത്തി സഹോദരന്മാർ വിശ്രമത്തിനായി വീടു പൂകുമ്പോൾ, മിൻസെന്തി ഗ്രാമീണർ ഒരുമിച്ചുകൂടാറുള്ള സത്രത്തിലേക്കു ചെല്ലും. കമ്മ്യൂണിസ്റ്റ് ഭീകരഭരണത്തിനു് അറുതിവരാനുള്ള ലക്ഷണങ്ങളുണ്ടോ എന്നു് ആർത്തിയോടെ ആരായുകയാണു് ദിവസേനയുള്ള ഈ യാത്രയുടെ ഉദ്ദേശം.

കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ഔദ്യോഗികനാവുകളായി

“ജനശബ്ദം”, “ചുവപ്പുപത്രം” എന്നിങ്ങനെ രണ്ടു ദിനപത്രങ്ങൾ ബുഡാപ്പെസ്റ്റിൽനിന്നു പുറപ്പെട്ടുകൊണ്ടിരുന്നു. അവ രണ്ടും മിൻസെന്തി വളരെ ശ്രദ്ധിച്ചു വായിക്കും. പ്രചരണോദ്ദേശ്യത്തോടെ അസത്യങ്ങളും അർദ്ധസത്യങ്ങളും എഴുതി നിറയ്ക്കുന്ന അവയുടെ വരികൾക്കിടയിലൂടെ പ്രോത്സാഹജനകമായ വാർത്തകൾ വല്ലതും അറിയാനൊക്കുമോ എന്ന് അദ്ദേഹം ശ്രദ്ധിച്ചു പരിശോധിക്കും.

എതിർവിപ്ലവപ്രവർത്തനങ്ങളെക്കുറിച്ചുള്ള വർത്തമാനങ്ങൾ കർണ്ണാകർണ്ണികയാ ഗ്രാമത്തിലെത്തുമ്പോൾ ആളുകൾ ആഹ്ളാദിക്കും. എന്നാൽ താമസിയാതെ “ജനശബ്ദ”ത്തിൻേറയും “ചുവപ്പുപത്ര”ത്തിൻേറയും ഏടുകളിൽനിന്ന് എതിർവിപ്ലവപ്രവർത്തകർ തൂക്കിലിടപ്പെട്ടു എന്ന വാർത്ത വായിക്കാനിടവരുമ്പോൾ അവരുടെ ആശങ്കൾ അടിയോടെ തകരും. ഹങ്കറിയിൽ ഒരററം മുതൽ മറേറ അററംവരെ മനോഹരങ്ങളായ അക്കേസിയാവൃക്ഷങ്ങൾ കൊലമരങ്ങളായി മാറി.

കാരാഗൃഹത്തിലായിരുന്നപ്പോഴെന്നപോലെ സ്വഗ്രാമത്തിൽ മടങ്ങിയെത്തിയതിനുശേഷവും തൻെറ സമീപസ്ഥരുടെ ചൈതന്യവും വീര്യവും മങ്ങാതെ സൂക്ഷിക്കുന്നതിനുള്ള ശ്രമങ്ങളിൽ അദ്ദേഹം വ്യാപൃതനായിരുന്നു. എന്നാൽ ദുഃഖവൃത്താന്തങ്ങൾ ലഭിക്കുമ്പോൾ, അദ്ദേഹം സ്വന്തം ആത്മധൈര്യം വീണ്ടെടുക്കുന്നതിന് ഏകാന്തത തേടിപ്പോകും. തൻെറ വിശ്വസ്തനായ നായോടുകൂടി അദ്ദേഹം വനത്തിൽ ചുററിനടക്കും.

1919 ജൂണിൽ എതിർവിപ്ലവപ്രസ്ഥാനത്തിനു നേരിട്ട പരാജയം അതികഠിനമായ ഒരു പ്രഹരംതന്നെ ആയിരുന്നു. വളരെ ആശാവഹമായ രീതിയിൽ, ഇരുമ്പുതൊഴിലാളികളുടെ സഹകരണത്തോടുകൂടി “ലൃഡോവിക്കാ” സൈനികവിദ്യാർത്ഥികളുടെയിടയിൽ ജോസഫ് ഹേംബ്രിച്ചു എന്നൊരാളുടെ നേതൃത്വത്തിൽ ആരംഭിച്ചതാണ് ഈ

വിപ്ലവവിരുദ്ധപ്രസ്ഥാനം. അവരെപ്പററിയുള്ള ആദ്യ ത്തെ നിശ്ചിതമായ വിവരം കമ്മ്യൂണിസ്റ്റ് പത്രങ്ങളിൽനി ന്നാണ് അറിയാൻ കഴിഞ്ഞതു്. ആ സൈനികവിദ്യാ ത്ഥികളെ തൂക്കിലിടാൻ വേണ്ടി ബുഡാപ്പെസ്റ്റിൽ അനേകം കൊലമരങ്ങൾ നാട്ടിവരുന്ന വിവരം ആ പത്രങ്ങളിൽ എഴു തിയിരുന്നു.

ഒരിക്കൽ മിൻസെന്തി വയലിൽ വേലചെയ്തുകൊണ്ടു നിൽക്കുമ്പോൾ ഒരു സംഘം യുവാക്കന്മാർ പാട്ടുംപാടി സ മീപിക്കുന്നതായി കണ്ടു. അവർ പാടിയതു് ആ പഴയ പാട്ടാണു്:

"മോഹനമാമെൻ നാട്ടിൽനിന്നു ഞാൻ പുറപ്പെട്ടു
സ്നേഹമൂറുമക്കൊച്ചു ഹങ്കറിയിൽനിന്നും
എന്നാലുമൊന്നു നിന്നുതിരിഞ്ഞു നോക്കുന്നനേരം
നന്നായൊഴുകി വീഴും ബാഷ്പനീർ കണ്ണിൽനിന്നും
നന്നായൊഴുകി വീഴും ബാഷ്പനീർ കണ്ണിൽനിന്നും."

അവർ അടുത്തെത്തിയപ്പോൾ മിൻസെന്തി ചോദിച്ചു: "നിങ്ങൾ ആരാണു്?"

"ഡെബ്രസെനിൽനിന്നുള്ള വിദ്യാത്ഥികൾ." അവർ പറഞ്ഞു. ഡെബ്രസെൻ കാൽവിനിസ്റ്റുകാരുടെ മതകേ ന്ദ്രമാണു്. ശതാബ്ദങ്ങളായി അവിടത്തെ വിദ്യാത്ഥികളും ബിരുദധാരികളും സ്വരാജ്യസ്നേഹികളെന്നും സ്വാതന്ത്ര്യയോ ദ്ധാക്കളെന്നും അറിയപ്പെട്ടിരുന്നു.

"നിങ്ങൾക്കു വിശക്കുന്നുണ്ടോ?" മിൻസെന്തി ചോ ദിച്ചു.

"വിദ്യാത്ഥി എപ്പോഴും വിശപ്പുള്ളവനാണു്." അവ രിലൊരാൾ മറുപടി പറഞ്ഞു.

ആ വയലിൽവച്ചുതന്നെ, അവക്കു ൭ പേം കുടുംബക്കാ രുടെ ഭക്ഷണത്തിൽനിന്നു് ഒരു വീതം ലഭിച്ചു. അവർ ആ സ്ട്രിയായിക്കു പോകുകയാണെന്നു് അറിഞ്ഞപ്പോൾ അതി ത്തിവരെ അവരെ അനുഗമിക്കാമെന്നു മിൻസെന്തി ഭര

മേററ്. വഴിക്ക് എതിർവിപ്ലവപ്രസ്ഥാനത്തെക്കുറിച്ച് അവരിൽനിന്ന് ആകാവുന്നത്രയും മിൻസെന്തി ചോദിച്ചറിഞ്ഞു. ഇൗൺവിപ്ലവത്തിന്ന സാമാന്യത്തിലധികം വിജയസാദ്ധ്യതയുണ്ടായിരുന്നെന്ന വസ്തുത അദ്ദേഹം മനസ്സിലാക്കിയതു് അവരിൽ നിന്നാണു്. സൈനികവിദ്യാർത്ഥികൾക്കു തക്കതായ ആയുധസജ്ജീകരണങ്ങളുണ്ടായിരുന്നു. ഡാന്യൂബിയൻ നാവികപ്പടയുടെ ഒരു വിഭാഗവും അതിൽ പങ്കെടുക്കുന്നതിന്ന തയാറെടുത്തു നിൽപ്പുണ്ടായിരുന്നു. എന്നിട്ടും അവസാനനിമിഷത്തിൽ അതു പരാജയമടഞ്ഞു. കാരണം വഞ്ചനയും ഒററിക്കൊടുക്കലുമായിരുന്നു.

ഹങ്കറിയുടെ സ്വാതന്ത്ര്യത്തിനുവേണ്ടി പോരാടിയ സ്വദേശസ്നേഹികളുടെ നാലാമത്തെ തലമുറക്കാരനാണു് താനെന്ന് അവരിൽ ഒരു വിദ്യാർത്ഥി പ്രസ്താവിച്ചു. മതസ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള സമരത്തിൽ വീരചരമമടഞ്ഞ അയാളുടെ പൂർവ്വികന്മാരിലൊരാളുടെ നാമധേയം ഡെബ്രസെനിലെ കാൽവിനിസ്റ്റ് പള്ളിയുടെ സമീപത്തുള്ള സ്മാരകശിലയിൽ ആലേഖനം ചെയ്തിരുന്നു. മറെറാരാൾ റകോക്സിയോടൊരുമിച്ചു ടർക്കിയിൽവച്ചു മൃതിയടഞ്ഞു. ഇനിയുമൊരാൾ നാടുവിട്ടോടി അമേരിക്കൻ ഐക്യസംസ്ഥാനങ്ങളിൽവച്ചും മൃതിപ്പെട്ടു.

"ഇതെല്ലാം വിധിയാണെന്നു തോന്നുന്നു." ആ വിദ്യാർത്ഥി പുഞ്ചിരിച്ചുകൊണ്ടു പറഞ്ഞു. "എൻെറ ഭാവിയെന്തായിരിക്കുമോ, ആവോ?"

"നിങ്ങളുടെ രാജ്യത്തെ സ്വതന്ത്രമാക്കാൻ സഹായിക്കുക എന്നതുതന്നെ." മിൻസെന്തി പ്രതിവചിച്ചു.

ശോകാത്മകമായ ഒരു മന്ദഹാസം ആ വിദ്യാർത്ഥിയുടെ ചുണ്ടുകളിൽ കളിയാടി. "ഒരു പിഴച്ച സ്ഥാനത്താണു്, ആയിരം വർഷങ്ങൾക്കു മുൻപു്, അർപ്പഡു് തൻെറ കൂടാരമടിച്ചതു്. അദ്ദേഹം തൻെറ ആളുകളെ മറെറങ്ങോട്ടെങ്കിലും കൊണ്ടുപോകേണ്ടതായിരുന്നു. ഈ മണ്ണിൻെറ

സമ്പത്തിലും ജലത്തിന്റെ മാധുരിയിലും അദ്ദേഹം മയങ്ങിപ്പോയി. ശാശ്വതമായ യുദ്ധത്തിന്റെ നാൽക്കവലയിലാണ് താൻ അധിവാസമുറപ്പിക്കുന്നതെന്നദ്ദേഹം അറിഞ്ഞിരിക്കയില്ല. എന്നുമെന്നും യുദ്ധവും, എന്നുമെന്നും പലായനവുമായി നാം കഴിയണം."

നേരം പുലരുന്നതുവരെ മിൻസെന്തി ആ വിദ്യാർത്ഥികളോടൊപ്പം നടന്നു. അവർ സുരക്ഷിതരായി അതിർത്തി കടന്നപ്പോൾ അദ്ദേഹം അവർക്ക് തന്റെ അനുഗ്രഹാശിസ്സുകൾ നൽകി. അദ്ദേഹത്തോടു വിടവാങ്ങിയിട്ട് അവർ യാത്ര തുടർന്നു. ദൃഷ്ടിയിൽനിന്നു മറയുംവരെ അദ്ദേഹം അവരെ നോക്കിനിന്നു. അവർ ആ പാട്ട് ഒരിക്കൽക്കൂടി ആരംഭിച്ചു.

"മോഹനമാ...........നിന്നും."

പിൻതിരിഞ്ഞു മിൻസെന്തിലേക്കു നടന്നുതുടങ്ങിയപ്പോൾ അദ്ദേഹത്തിന്റെ നയനങ്ങളിൽനിന്നും ധാരധാരയായി കണ്ണുനീർ ഒഴുകിക്കൊണ്ടിരുന്നു.

ശേഷിമിൻസെന്തുവഴി മിക്കപ്പോഴും അഭയാർത്ഥികൾ വന്നുകൊണ്ടിരുന്നു. ഒരു പക്ഷേ രാത്രികാലങ്ങളിൽ വനാന്തരങ്ങളിൽ ഒളിച്ചിരുന്നതിനുശേഷം അവർ ആസ്ട്രിയൻ അതിർത്തികടന്നിരുന്നു. എല്ലായ്പ്പോഴും മിൻസെന്തി അവരുമായി സമ്പർക്കം പുലർത്തിവന്നു. അവർക്ക് അദ്ദേഹം ഭക്ഷണവും വസ്ത്രവും കൊടുക്കും. അതിർത്തി കടക്കേണ്ടതെങ്ങനെയെന്നും അദ്ദേഹം അവർക്ക് പറഞ്ഞുകൊടുത്തിരുന്നു. പലപ്പോഴും അദ്ദേഹം അവരെ അതിർത്തിവരെ അനുയാത്ര ചെയ്യും. അവരെ പ്രോത്സാഹിപ്പിക്കുകയും അതേസമയത്തുതന്നെ അവരിൽനിന്നു കിട്ടാവുന്നത്ര വിവരങ്ങൾ ശേഖരിക്കുകയും അദ്ദേഹത്തിന്റെ പതിവായിരുന്നു. ലുഡോവിക്കാവിദ്യാർത്ഥികളുടെ വധം ഇററാലിയൻ കണ്ണൽ റൊമാനെല്ലിയുടെ ഇടപെടൽമൂലം മാററിവച്ചിരിക്കയാണെന്നുള്ള സന്തോഷവാർത്ത അവരിലൊരുകൂട്ടരിൽ നിന്നാണ് അ

ദ്ദേഹം കേട്ടത്. ഉടനെ അദ്ദേഹം വനമദ്ധ്യത്തിൽ മുട്ടുകുത്തി ദൈവത്തിനു കൃതജ്ഞതാസ്തോത്രം ചെയ്തു.

തങ്ങളോടൊപ്പം ചെല്ലുവാൻ ചില അഭയാർത്ഥികൾ അദ്ദേഹത്തെ നിർബന്ധിക്കും. ഹങ്കറിക്കകത്തുനിന്നുകൊണ്ടുള്ള പ്രവർത്തനങ്ങൾ വഴിയായി കമ്മ്യൂണിസ്റ്റ് ഭരണം അവസാനിപ്പിക്കുവാൻ സാദ്ധ്യമല്ലെന്നു വർദ്ധമാനമായ വിധം പ്രത്യക്ഷമായിരുന്നു. ഫാക്ടറി ഡയറക്ടറെയിററുകൾ ഉൾപ്പെടെ രാജ്യം മുഴുവനും ഗവമ്മെണ്ടിനെതിരായിരുന്നെങ്കിലും അതൊന്നുംകൊണ്ടു പ്രയോജനമില്ലായിരുന്നു. നിരായുധരായ ഒരു ദേശീയജനതയെക്കാൾ ആയുധങ്ങളും വാഹനസജ്ജീകരണങ്ങളുമുള്ള ഏതാനും ഭീകരസംഘാംഗങ്ങൾ എത്രയോ പ്രബലന്മാരാണ്.

“അങ്ങു ഞങ്ങളോടുകൂടെ വരിക.” അവർ അഭ്യർത്ഥിക്കും. “ഹങ്കറിയുടെ അതിരുകൾക്കപ്പുറം സ്വതന്ത്രരായിരുന്നുകൊണ്ടു ഹങ്കറിയുടെ വിമോചനത്തിനുവേണ്ടി പ്രവർത്തിക്കാൻ ഞങ്ങളെ സഹായിക്കുക.”

മിൻസെന്തി എപ്പോഴും ആ അഭ്യർത്ഥനകൾ നിരസിച്ചിരുന്നു. “ഇവിടെ എന്റെ ജനങ്ങളോടൊരുമിച്ചു ഞാൻ ജീവിക്കും. ഇപ്പോൾ നാട്ടിലാണ് ആളുകളെ ആവശ്യമുള്ളത്.” അടുത്ത ഇരുപതു കൊല്ലങ്ങൾക്കിടയിൽ ഇതേ വാചകം അദ്ദേഹം പലവുരു ആവർത്തിച്ചിട്ടുണ്ട്. ചിലപ്പോൾ താൻ ഹങ്കറിവിട്ടു പോകാതിരിക്കുന്നതിന്റെ കാരണം വിശദീകരിക്കുവാനും, മററു ചിലപ്പോൾ മററുള്ളവരും അങ്ങനെ ചെയ്യണമെന്നു ചൂണ്ടിക്കാണിക്കുവാനും.

വയലുകളിൽ വേലചെയ്യുമ്പോഴും ഏകാകിയായി വനത്തിൽ ചുററിത്തിരിയുമ്പോഴുമെല്ലാം ഭാവിയെക്കുറിച്ചു മിൻസെന്തി അവഗാഢമായി ചിന്തിച്ചുകൊണ്ടിരിക്കും. കമ്മ്യൂണിസത്തിന്റെ കീഴിൽ തന്റെ രാജ്യത്തിനെന്തു സംഭവിക്കും? മതത്തിനെന്തു സംഭവിക്കും? ലോകത്തിന്റെ ഗതി തന്നെയെന്തായിരിക്കും? ഈ മൂന്നു പ്രശ്നങ്ങളും യഥാർത്ഥ

ത്തിലൊന്നുതന്നെയാണെന്നും കമ്മ്യൂണിസ്റ്റാധിപത്യം നില നിൽക്കുന്നിടത്തോളം ഇവയ്ക്കുള്ള സമാധാനം ആശാവഹമ ല്ലെന്നും അദ്ദേഹം മനസ്സിലാക്കി. അവരെ എങ്ങനെ മാററാൻ സാധിക്കും? മാററിയാൽ തൽസ്ഥാനത്തുവരുന്ന ഭര ണം ഏതുമട്ടിലുള്ളതായിരിക്കണം? പുരോഹിതനും പട യാളിയുമെന്ന നിലയ്ക്കു് അതിൽ തൻെറ പങ്കു് എന്തായി രിക്കണം?

"ജനശബ്ദം", "ചുവപ്പുപത്രം" എന്നീ പത്രങ്ങളിൽ നിന്നു വിദേശവൎത്തമാനങ്ങൾ അദ്ദേഹം ഉൽക്കണ്ഠയോ ടെ വായിക്കും. ജൎമ്മനിയിൽ സ്പാർട്ടാസിസ്റ്റ്കാർ, റിപ്പ ബ്ളിക്കൻ കക്ഷികളുടെ അടിത്തറ മാന്തുകയായിരുന്നു. ഫ്റാൻസിൽ തൊഴിലാളികളുടെയും, കൃഷിക്കാരുടെയും, പടയാളികളുടെയും സമിതികൾ രൂപവൽക്കരിക്കപ്പെട്ടു വരുന്നു. പണിമുടക്കങ്ങളും ആഭ്യന്തരമത്സരങ്ങളും ഇംഗ്ല ണ്ടിനേയും അമേരിക്കയേയും പൎയ്യാകുലമാക്കുന്നു. ഈ വൃ ത്താന്തങ്ങളധികവും മോസ്ക്കോയിലേയും ബുഡാപ്പെസ്റ്റിലേ യും പ്രചരണതന്ത്രക്കാരുടെ കൃതികളാണെന്നു് അദ്ദേഹത്തി നറിയാം. ഹങ്കറിയിൽ താല്ക്കാലികമായിട്ടെങ്കിലും ജയ ക്കൊടി പാറിച്ചിരിക്കുന്ന കമ്മ്യൂണിസ്റ്റ്കാരുടെ സാമീപ്യ ത്തിലിരുന്നുകൊണ്ടു്, യുദ്ധത്തിനു മുമ്പുണ്ടായിരുന്ന സാമൂ ഹ്യവ്യവസ്ഥിതിയുടെ അസ്ഥിവാരം ലോകത്തിലാകെ തക രുകയാണെന്നു് അദ്ദേഹം മനസ്സിലാക്കി. അസ്വാസ്ഥ്യതയു ടെ കേന്ദ്രമായിത്തീൎന്നിരിക്കുന്ന ഹങ്കറിയെ ലോകത്തിലെ ങ്ങും കാണുന്ന മതത്തിൻെറയും സഭ്യതയുടെയും ശിഥിലീ കരണത്തിനെതിരായ ഒരു നെടുങ്കോട്ടയായി കെട്ടിയുറപ്പി ക്കാൻ എങ്ങനെ സാധിക്കും?

പല ശതാബ്ദങ്ങളായി, അദ്ദേഹത്തിൻെറ പ്രിയപ്പെ ട്ട നാടു തുർക്കികളോടും ടാർട്ടാരികളോടുമെതിരിട്ടു യൂറോ പ്യൻനാഗരികതയെ സംരക്ഷിച്ചുപോന്നു. ആയിരംകൊ ല്ലത്തെ പഴക്കമുള്ള ആ മഹത്വം ഇപ്പോൾ അപഹസിത

വും അപമാനിതവുമായിത്തീന്നിരിക്കുന്നു. മഹിമയേറിയ ആ മണ്ണിൽ ഇന്നു ധർമ്മബോധം തൊട്ടുതെറിച്ചിട്ടില്ലാത്ത ഒരുക്കൂട്ടം പുതിയ സ്വേച്ഛാപ്രഭുക്കന്മാർ കയ്യാങ്കളി നടത്തുകയാണ്. ഹങ്കറിയുടെ ചരിത്രത്തിൽ മതത്തിന് ഇതിനുമുമ്പൊരിക്കലും ഇത്ര ശക്തിയായ ഒരു പ്രതിരോധത്തെ നേരിടേണ്ടിവന്നിട്ടില്ല. പ്രസക്തിയുള്ള ഒരു കാര്യമാണിതു്.

ക്രിസ്ത്വബ്ദം ആയിരാമാണ്ടു വിശുദ്ധ സ്റ്റീഫൻ രാജാവിൻെറ തലയിൽ വിശുദ്ധമകുടം വയ്ക്കപ്പെട്ട നാൾതൊട്ടു ഹങ്കേറിയൻസംസ്ഥാനത്തിൻെറ അധികാരശക്തി ഈശ്വരവിശ്വാസത്തിലാണധിഷ്ഠിതമായിരിക്കുന്നതു്. ഈശ്വരാസ്തിക്യത്തെയും മതത്തെയും നിഷേധിക്കുന്ന ഒരു ശക്തി, ആ അധികാരത്തെ ധ്വംസിച്ചിരിക്കുന്നതിനാൽ, ജനഹൃദയങ്ങളിൽ മതത്തിൻെറ മുന്നണി പുനഃസ്ഥാപിക്കുക എന്നതാണ് ഉടനടി ആവശ്യമായിരിക്കുന്നതു്.

അതെങ്ങനെ സാധിക്കാം? രാജ്യത്തിനകത്തോ പുറത്തോനിന്നുകൊണ്ടു ചുവപ്പുസൈന്യത്തെ പരാജയപ്പെടുത്താൻ കഴിയുമെന്നു വിചാരിക്കുക. എന്നിട്ടോ? ധാർമ്മികമൂല്യങ്ങളും മനുഷ്യജീവനും ഏററവും കുറഞ്ഞതോതിൽമാത്രം ബലിയപ്പിച്ചുകൊണ്ട് എങ്ങനെ ക്രമസമാധാനങ്ങൾ പാലിക്കുവാൻകഴിയും? ചെങ്കൊടിക്കാരുടെ ആധിപത്യത്തെ പിൻതുടരുന്ന ഭരണക്രമം ജനാധിപത്യപരമായിരിക്കണമോ, അതല്ല രാജാധിപത്യപരമായിരിക്കണമോ? ഒടുവിൽ പറഞ്ഞതാണെങ്കിൽ പുതിയ ഒരു രാജാവിനെ കൊണ്ടുവരണമോ, അതല്ല, സ്വിററ്സർലൻറിലേക്ക് ഓടിപ്പോയിരിക്കുന്ന ചാറത്സ് നാലാമനെ തിരിച്ചുകൊണ്ടുവന്നു വാഴിക്കണമോ?

ഇതിനുള്ള ഉത്തരം വിശുദ്ധമകുടത്തിലും സെൻറ് സ്റ്റീഫൻെറ വലതുകരത്തിലുമാണ് അദ്ദേഹം ദശിച്ചതു്. ഹങ്കറിയുടെ ഏററവും വിശിഷ്ടങ്ങളായ തിരുശേഷിപ്പുകളാണവ. ക്രൈസ്തവാദർശത്തിൽ തങ്ങളെ ഏകീകരിച്ചു

നിറുത്തുന്ന വിശുദ്ധചിഹ്നങ്ങളായി ഹംഗേറിയൻ ജനത തലമുറകളായി ഇവയെ പരിഗണിച്ചുവരുന്നു. അദ്ദേഹം ചാറത്സ് രാജാവിനനുകൂലമായിട്ടും റിപ്പബ്ളിക്കിനെതിരായിട്ടും തീരുമാനമെടുത്തു.

ഈ നിശ്ചയമെടുത്തതിനുശേഷം അതിനെക്കുറിച്ച് ആരോടും ചർച്ചകളിലേർപ്പെടാതെ അദ്ദേഹം വീണ്ടും മൗനിയും നിശ്ശബ്ദനുമായി. ഗ്രാമവാസികൾക്കും അഭയാർത്ഥികൾക്കും പറയാനുള്ളതെല്ലാം അദ്ദേഹം ശ്രദ്ധിച്ചു കേൾക്കും. എന്നാൽ സ്വന്തം ചിന്തകളെക്കുറിച്ച് അദ്ദേഹം അവരോടൊന്നും പറയുകയില്ല. കമ്മ്യൂണിസ്റ്റ് ഭരണം എന്നേക്ക് അവസാനിപ്പിക്കുവാൻ കഴിയുമെന്ന് ആരെങ്കിലും ചോദിച്ചാൽ അദ്ദേഹം പറയും, "ഒരുപക്ഷെ ആ ചോദ്യം എൻെറ അമ്മയോടു ചോദിക്കുകയായിരിക്കും നല്ലത്. അവർ പാൽച്ചോർപർവ്വതത്തിൻെറ കഥ പറയും. ഇപ്പോൾ നമ്മൾ പാൽച്ചോറു ഭക്ഷിച്ച് അതിലൂടെ ഒരു വഴിതീർത്തു മുന്നേറുകയാണ്."

ഇതുകേട്ട് ആളുകൾ പൊട്ടിച്ചിരിക്കും. കാരണം, ചെങ്കൊടിക്കാരായ സ്വേച്ഛാപ്രഭുക്കളുടെ പ്രധാനഭക്ഷണം പാൽച്ചോറായിരുന്നു.

"ഏതായാലും" അവർ പറഞ്ഞു. "അതൊരു തിരുനാൾ ദിവസമായിരിക്കും. അത്രമാത്രം ഞങ്ങൾക്കറിയാം."

# V

## കമ്മ്യൂണിനു ശേഷം

ബലാ കുണിൻെറയും ആയാളുടെ അനുയായികളായ ഭീകരപ്രസ്ഥാനക്കാരുടെയും ആധിപത്യത്തിൽനിന്നു് ഒടുവിൽ മോചനം സിദ്ധിച്ചു. ഒരുപക്ഷെ മിൻസെന്തി പ്രതീക്ഷിച്ചിരുന്നതിലും വേഗത്തിലാണതു സംഭവിച്ചതു്. കൃഷിക്കാരുടെ സുസ്ഥിരവും കൾനവുമായ നിസ്സഹകരണം മൂലം ബുഡാപ്പെസ്റ്റ് പട്ടിണിയിലാണ്ടു. ശരിയായ സൈനികശിക്ഷണം ലഭിച്ചിട്ടില്ലാതിരുന്ന കമ്മ്യൂണിസ്റ്റ് സേനയുടെ കാര്യമായ പ്രതിരോധമൊന്നും കൂടാതെ റുമേനിയാക്കാരും, ചെക്കുകാരും, ഹങ്കറിയുടെ ചെറിയചെറിയ ഭാഗങ്ങൾ കൈയടക്കിക്കൊണ്ടിരുന്നു. 1919 ആഗസ്റ്റിലെ 19-ാംനു- തനിക്കു രക്ഷയില്ലെന്നു കണ്ട ബലാ കുൺ, ഒരു സോഷ്യലിസ്റ്റ് ഗവമ്മെണ്ടിനെ അധികാരം ഏല്പിച്ചുകൊടുത്തശേഷം വീയെന്നായിലേക്കു പലായനംചെയ്തു.

മിൻസെന്തിക്കു് ഈ വാത്ത ലഭിച്ചതു രണ്ടു ദിവസത്തിനു ശേഷമാണു്. അദ്ദേഹം ചോളനിലത്തിൽ പ്രവൃത്തിയെടുത്തുകൊണ്ടിരിക്കെ, ഹങ്കറിയുടെ ത്രിവണ്ണപതാകയും വീശിക്കൊണ്ടു് ഒരു കർഷകബാലിക അദ്ദേഹത്തിൻെറ സമീപത്തേക്കു് ഓടിയെത്തി. അകലെനിന്നു് അവൾ വിളിച്ചുപറഞ്ഞു, ഒരു കുതിരപ്പടയാളി ഗ്രാമങ്ങളിൽ ചുററിസഞ്ചരിച്ചു് ആ സന്തോഷവാത്ത അറിയിച്ചുകൊണ്ടു കടന്നുപോകുന്നുവെന്നു്. മിൻസെന്തി തൽക്ഷണം

ജോലി നിറുത്തി ഗ്രാമത്തിലേക്കോടി. തിരുനാളുകളിലെന്നപോലെ ദേവാലയങ്ങളിൽനിന്നു മണിനാദം മുഴങ്ങിക്കൊണ്ടിരുന്നു. ഹർഷോന്മത്തരായ ജനസഞ്ചയം തെരുവുകളിൽ തടിച്ചുകൂടിയിരുന്നു. "പിതാവേ, അങ്ങയോടു ഞങ്ങൾ പറഞ്ഞില്ലേ, ഒരു തിരുനാൾദിവസം ചെങ്കൊടിക്കാർ ബഹിഷ്കരിക്കപ്പെടുമെന്ന്. അതാ, ആ മണിനാദം കേൾക്കുന്നില്ലേ? അവർ പുറംതള്ളപ്പെടുന്ന ഏതൊരു ദിവസവും ഒരുത്സവത്തിന്ന പററിയതുതന്നെയാണ്."

ഹർഷനിനദങ്ങൾക്കു മുകളിൽ പെട്ടെന്നൊരു ഭയാനകശബ്ദമുയർന്നു. കോപാക്രോശങ്ങളും ശാപവചസ്സുകളും അദ്ദേഹമതിൽ തിരിച്ചറിഞ്ഞു. ഡയറക്ടറേറ്റിന്റെ പ്രസിഡൻറും മററംഗങ്ങളും പള്ളിമുററത്തു നിൽക്കുന്നു. ആൾക്കൂട്ടം അങ്ങോട്ടുനീങ്ങി. അതിലൊരു സ്ത്രീ അവരുടെ നേർക്ക് ഇങ്ങനെ അലറി.

"ചെങ്കൊടിക്കാർ........അതാ നിൽക്കുന്നു.........അവർതന്നെ പുള്ളികൾ."

മിൻസെന്തി വേഗത്തിൽ ജനക്കൂട്ടത്തിലൂടെ നുഴഞ്ഞുകയറി അവരെ സമീപിച്ചു. ആദ്യം പ്രസിഡൻറിനും പിന്നീടു മററംഗങ്ങൾക്കും അദ്ദേഹം ഹസ്തദാനം ചെയ്തു.

"ഞങ്ങളോടുകൂടി ഈ ദിവസം ആഘോഷിക്കുക. നിങ്ങൾ സത്യസന്ധന്മാരാണ്. നിങ്ങളുടെ ആത്മാവിൽ കളങ്കമില്ല." അദ്ദേഹം പറഞ്ഞു.

വഴിപിഴച്ച വൈരാഗ്യബുദ്ധിയിൽനിന്നു ജനങ്ങളെ പിൻതിരിപ്പിക്കുന്നതിന്ന ഫലപ്രദമായ ഈ നേതൃത്വമേ വേണ്ടിയിരുന്നുള്ളു. ഡയറക്ടറേറ്റു് അംഗങ്ങളാകുവാൻ നിർബന്ധിതരായ ആ മനുഷ്യർ വീണ്ടും ജനങ്ങളുടെ സുഹൃത്തുക്കളായി മാറി. അവരെല്ലാം ഒരുമിച്ചു സന്തോഷിച്ചുല്ലസിച്ചു. അവരുടെ ആനന്ദത്തെ ദൈവാലയങ്ങളിൽ നിന്നുള്ള മണിയുടെ മുഴക്കം ലോകത്തിന്ന വിളംബരംചെയ്തു.

നിയന്ത്രണങ്ങളിൽനിന്നു വിമുക്തനായ മിൻസെന്തി പിറേറന്നു സലജേഴ്സ്സഗ്ഗിലേക്കു പോയി. കമ്മ്യൂണിസ്റ്റ് കേന്ദ്രഭരണകൂടത്തിലെ അംഗങ്ങളെല്ലാം പലായനം ചെയ്തിരിക്കുന്നതായി അവിടെവച്ചദ്ദേഹം മനസ്സിലാക്കി. പോലീസധികാരത്തെ അതിനിഷ്ഠുരവും ദുർമ്മഷവുമായവിധം ദുർവ്വിനിയോഗംചെയ്ത ടൈബർ സാമുവെല്ലിയെ ആസ്റ്റ്റിയൻ അതിർത്തിപ്രദേശത്തുവച്ച് ഒരു ജനക്കൂട്ടം തടഞ്ഞുനിർത്തി അടിച്ചുകൊന്നു. ബലാ കുൺ തൻെറ കമ്മിസാറന്മാരോടൊപ്പം വിയെന്നായിൽ അഭയംതേടി.

സായാഹ്നത്തിൽ മിൻസെന്തി കാത്തലിക്ക ക്ലബ്ബിലേക്കുചെന്നപ്പോൾ അവിടെ തടിച്ചുകൂടിയിരുന്ന ജനങ്ങൾ പ്രക്ഷുബ്ധരും, കുപിതരുമായിരിക്കുന്നതായി അദ്ദേഹംകണ്ടു. ബലാ കുണിനെയും ആയാളുടെ കൊലയാളികളേയും സ്വീകരിച്ച ആസ്റ്റ്റിയൻ ഗവമ്മെണ്ടിനെ അവർ മുക്തകണ്ഠം അപലപിച്ചുകൊണ്ടിരുന്നു. ഏതാനും മാസങ്ങളായി അദ്ദേഹം ആശങ്കിച്ചിരുന്ന ഒരു കാര്യംകൂടി അവിടെ വെളിവായിരുന്നു. ബലാ കുണും, സാമുവെല്ലിയും, മററു കമ്മിസാറന്മാരും യഹൂദരായിരുന്നല്ലോ. അതിനെ അടിസ്ഥാനമാക്കി അതിരൂക്ഷമായ യഹൂദവൈരം ആളുകളുടെയിടയിൽ പ്രചരിക്കുന്നുണ്ടായിരുന്നു.

ആ യുവവൈദികൻ പ്രസംഗിക്കുവാൻ അനുവാദമാവശ്യപ്പെട്ടു. ഉടനെ എല്ലാവരും നിശ്ശബ്ദരായി. സലജേഴ്സ്സഗ്ഗിൽവച്ച് ആദ്യമായി അറസ്റ്റ് ചെയ്യപ്പെട്ടവരുടെ കൂട്ടത്തിൽ അദ്ദേഹം ഉൾപ്പെട്ടിരുന്നു. അവിടത്തെ ഹൈസ്കൂളിൽ ജനങ്ങളുടെ സ്നേഹഭാജനമായ അദ്ധ്യാപകനായിരുന്നു അദ്ദേഹം. അഭയാർത്ഥികൾക്കുവേണ്ടിയുള്ള അദ്ദേഹത്തിൻെറ യത്നങ്ങൾ സുവിദിതങ്ങളുമായിരുന്നു. അദ്ദേഹം അന്നത്തെ നേതാവായിരുന്നു.

"എൻെറ സഹോദരന്മാരെ", അദ്ദേഹം ആരംഭിച്ചു. "ഓരോരുത്തരും സ്വന്തം കരങ്ങളിലേക്കു നോക്കട്ടെ. നിര

പരാധികളുടെ രക്തംകൊണ്ട് അവ കളങ്കിതമാകാതിരിക്കട്ടെ. കഴിഞ്ഞ നൂറുദിവസങ്ങൾക്കുള്ളിൽ സാമൂഹ്യസിദ്ധാന്തങ്ങളെക്കുറിച്ചു നിങ്ങൾ വളരെയധികം കേൾക്കുകയുണ്ടായി. കൂട്ടുത്തരവാദിത്വം, സമൂഹാപരാധം, സമൂഹശിക്ഷ എന്നിവയെക്കുറിച്ചു നിങ്ങൾ കേട്ടു. കമ്മ്യൂണിസ്റ്റ്കാരുടെ പ്രബോധനമായിരുന്നു അത്. ആ തെററിൽ നിങ്ങളുംകൂടെ ഉണ്ടാകാതിരിക്കാൻ സൂക്ഷിക്കണം. സമൂഹാപരാധമെന്നോ സമൂഹശിക്ഷയെന്നോ പറയുന്നതു മിഥ്യയാണ്. അവനവൻെറ കുററങ്ങൾക്ക് ഓരോരുത്തനും ദൈവത്തിൻെറയും, ഭൂമിയിലുള്ള അവിടുത്തെ ന്യായാധിപന്മാരുടേയും മുമ്പിൽ സമാധാനം പറയണം. എനിക്കിഷ്ടമില്ലാത്ത ചില സ്വരങ്ങൾ ഞാൻ കേൾക്കുന്നു. കമ്മ്യൂണിസ്റ്റ്കാർ ചെയ്യുംപോലെ സമൂഹമായി അപരാധാരോപണം ചെയ്യുന്ന ശബ്ദങ്ങൾ— നിയമഹസ്തങ്ങളിൽനിന്നു നീതിയെ പിടിച്ചുപറിച്ച് അതു് ഇഷ്ടാനുസരണം തെററായി നിർവ്വഹിക്കുമെന്ന ഭീഷണിയുടെ ശബ്ദങ്ങൾ. നിയമാധികാരത്തെ സ്വയം ഏറെറടുക്കുവാൻ യാതൊരാൾക്കും അവകാശമില്ല.

"ബലാകുൺ ഒരു യഹൂദനായിരുന്നു എന്നതുകൊണ്ടുമാത്രം ആ്യയാളുടെ അപരാധങ്ങൾക്കു യഹൂദജനത ഉത്തരവാദികളല്ല. ഉത്തരവാദികളാണെങ്കിൽ എന്നോടൊപ്പം തടവുശിക്ഷ അനുഭവിച്ച യഹൂദന്മാരുടെ രാജ്യസ്നേഹത്തേയും ധീരോദാത്തതയേയും പരിഗണിച്ച് ആ ജനത മുഴുവൻ മാനിക്കപ്പെടണമല്ലോ. മററു കത്തോലിക്കരുടെ അപരാധങ്ങൾക്കുവേണ്ടി, കത്തോലിക്കരായ നിങ്ങൾ ശിക്ഷയനുഭവിക്കാൻ സന്നദ്ധരാണോ? ചില പ്രോട്ടസ്റ്റൻറുകാർ ദുഷ്ടന്മാരാണെന്ന അടിസ്ഥാനത്തിൽ പ്രോട്ടസ്റ്റൻറുകാർ ഒന്നടങ്കം ദുഷ്ടന്മാരാണെന്നു നിങ്ങൾ വിധിയെഴുതുമോ?

"ഓരോരുത്തനും ഇതു മനസ്സിലാക്കുകയും പരക്കെ പ്രചരിപ്പിക്കുകയും ചെയ്യട്ടെ: നിയമവ്യവസ്ഥകൾ ഹങ്ക

റിക്കു പുനർലബ്ധമായിരിക്കുന്നു. കുററക്കാരിൽ പിടികിട്ടിയവരെ ശിക്ഷിക്കും. അവരിൽ പിടികൊടുക്കാതെ രക്ഷപെട്ടിരിക്കുന്നവക്കുപകരം നിരപരാധികളെ ശിക്ഷിക്കുക സാദ്ധ്യമല്ല. നമുക്കുതന്നെ കുററങ്ങൾ ചെയ്യാനുള്ള അവസരമുണ്ടാകാൻവേണ്ടിയല്ല നാം കുററവാളികളെ ബഹിഷ്ക്കരിക്കുന്നതു്. നിരപരാധികളുടെ രക്തം ദൈവസന്നിധിയിലേക്കു നിലവിളിച്ചുകൊണ്ടിരിക്കും. ആ രക്തം ചിന്തിയതു് ആരുമാകട്ടെ, ആ നിലവിളി തുടന്നുകൊണ്ടിരിക്കും."

രാജ്യം കമ്മ്യൂണിസ്റ്റ്കാരിൽനിന്നു വിമുക്തമായിത്തീന്ന ആദ്യഘട്ടങ്ങളിൽ സലടജഴ്സ്സഗ്ഗിൽ വർഗ്ഗീയലഹളകൾ പൊട്ടിപ്പുറപ്പെടാതിരുന്നതിനും, ജനാവലിയുടെ നിരുത്തരവാദപരമായ വികാരാവേശങ്ങൾ ചിറപൊട്ടിയൊഴുകാതിരുന്നതിനും പ്രധാനമായ പ്രശംസയർഹിക്കുന്നതു മിൻസെന്തിയുടെ പ്രശാന്തവും വിവേകപൂർവ്വവുമായ നേതൃത്വമാണു്. ബിഷപ്പു് ജാനോസ്സു് മൈക്ക്സു്, പുതിയ ഗവമ്മെൻറിൻെറ കമ്മിസറായ കൌണ്ട് അന്താൾ സിഗ്രേ, ബാരൺ അന്താൾ ലഹാർ എന്നിവരും ഈ വിഷയത്തിൽ ബഹുമതി അർഹിക്കുന്നവരാണു്.

ഒരുമാസം മുമ്പു കമ്മ്യൂണിസ്റ്റ്തടങ്കലിൽനിന്നു രക്ഷപെട്ടു് ഒരു ബന്ധുഭവനത്തിൽ താമസിച്ചിരുന്ന ബിഷപ്പു് മൈക്ക്സ് തൻെറ രൂപതയ്ക്കു് ഉടൻതന്നെ ഒരു സന്ദേശമയച്ചു. "എൻെറ രൂപതയിൽ ഒരു തുള്ളി രക്തംപോലും ചിന്തരുതു് എന്നുള്ളതു് എൻെറ ആഗ്രഹമാണു്. നാഗരികതയുള്ള ഒരു മനുഷ്യൻ മറെറാരു മനുഷ്യനെക്കുറിച്ചു നീതിന്യായക്കോടതി മുഖേന മാത്രമേ കുററം വിധിക്കുകയുള്ളൂ."

ബലാകുൺ കൂട്ടുകാരോടൊന്നിച്ചു രക്ഷപെട്ടെങ്കിലും കുറേനാൾ കഴിഞ്ഞു ആയാളും ഹങ്കേറിയൻഗവമ്മെണ്ടിൻെറ കമ്മിസറന്മാരായിരുന്ന മററു ചിലരും ട്രോട്സ്കി കക്ഷിയിൽപെട്ടവരാണെന്ന ആരോപണത്തിൽ മോ

സ്ലോയിൽവച്ചു വധിക്കപ്പെടുകയാണുണ്ടായതു്. ഖഡ്ഗത്താൽ ജീവിക്കുന്നവൻ ഖഡ്ഗത്താൽ മരണമടയുമെന്നു് ഒരിക്കൽക്കൂടി ദൃഷ്ടാന്തീകരിക്കപ്പെട്ടു. കമ്മ്യൂണിസ്റ്റുകാർക്കു മിക്കപ്പോഴും അനുഭവപ്പെടുന്നതുപോലെ സഖാവെന്നും സഹോദരനെന്നും വിളിക്കുന്ന ഒരുവൻെറ ഖഡ്ഗത്താൽ തന്നെയായിരിക്കും ആ മരണവും.

ആഗസ്റ്റ് 20 വിശുദ്ധ സ്റ്റീഫൻെറ തിരുനാൾദിനമാണു്. ഹങ്കറിയിലെ ഏററവും വലിയ തിരുനാളാണതു്. 1919-ലെ തിരുനാൾദിനത്തിൽ ബിഷപ്പു് മൈക്ക്സ് സ്പാംബാത്ത്‌ലിയിലേക്കു തിരിച്ചുപോയി. സ്പാംബാത്ത്‌ലിയിലും സമീപപ്രദേശങ്ങളിലും അദ്ദേഹത്തിൻെറ രൂപതമുഴുവനിലുംനിന്നു വന്നിരുന്നവർ ഉൾപ്പെട്ട ഭീമമായ ഒരു ജനാവലി അദ്ദേഹത്തിൻെറ പ്രത്യാഗമനത്തെ ആഘോഷപൂർവ്വംകൊണ്ടാടി. ഒരു സൈനികസംഘത്തിൻെറ അകമ്പടിയോടുകൂടി കൗണ്ടു് അന്താൾ സിഗ്രേ, ബാരൺ ലഹാർ എന്നിവർ ഘോഷയാത്രയെ നയിച്ചു. മിൻസെന്തിയും ആ ജനക്കൂട്ടത്തിനിടയിൽ അടങ്ങിയൊതുങ്ങി നടന്നുകൊണ്ടിരുന്നു.

അന്നു സായാഹ്നത്തിൽ ആ പ്രദേശത്തു കമ്മ്യൂണിസ്റ്റുകാരുടെ ജാമ്യത്തടവുകാരായി കഴിയേണ്ടിവന്നിരുന്നവരെല്ലാം ഒരുമിച്ചു് അത്താഴം കഴിച്ചു. യാതൊരുച്ചപ്പാടുമില്ലാതെ ഒഴിഞ്ഞുമാറി നിൽക്കുന്ന ഒരു ഭാവമാണു് മിൻസെന്തിയിൽ ദൃശ്യമായതു്. അദ്ദേഹത്തെക്കൊണ്ടു സംസാരിപ്പിക്കുവാൻ— തടങ്കൽ കാലത്തു് അദ്ദേഹത്തിൽ കണ്ടിരുന്ന പ്രസരിപ്പിൻേറയും ഉന്മേഷത്തിൻേറയും സ്ഫുലിംഗങ്ങൾ വീണ്ടും ഊതി ഉജ്ജ്വലിപ്പിക്കുവാൻ—മററുള്ളവർ പരിശ്രമിച്ചു.

"കമ്മ്യൂണിസ്റ്റുകാർ അറസ്റ്റ്ചെയ്തപ്പോൾ അങ്ങേക്കു ഭയമുണ്ടായിരുന്നോ?" ചില അതിഥികൾ ചോദിച്ചു.

"ഉവ്വ്, എനിക്കു ഭയമുണ്ടായിരുന്നു." അദ്ദേഹം ശാ

ന്തനായി ഉത്തരം പറഞ്ഞു.

"അങ്ങേക്ക് വളരെ അധികം ഭയം തോന്നിയോ"?

"വാസ്തവത്തിൽ വളരെ അധികം ഭയം തോന്നി."

"എന്തുമാത്രം ഭയമുണ്ടായിരുന്നു ?"

മിൻസെന്തി ഒടുവിൽ പുഞ്ചിരി തൂകി.

"യുദ്ധമാരംഭിച്ച കാലത്തു ഞാനൊരു ഹാസ്യചിത്രം കാണുകയുണ്ടായി. ചിത്രത്തിന്റെ ഒരു ഭാഗത്തു തടികൊണ്ടുണ്ടാക്കിയ ഒരു കൊച്ചു തോക്കിനടുത്തു വ്യാഘ്രചർമ്മം ധരിച്ച അർദ്ധനഗ്നനായ ഒരു രാക്ഷസൻ നിൽക്കുന്നു; മറുവശത്തു്, ഒരു ക്രൂററൻ പീരങ്കിയുടെ അടുത്തായി പട്ടാളവേഷമണിഞ്ഞു്, യുവാവായ ഒരു സൈനികോദ്യോഗസ്ഥനും നിൽപ്പുണ്ട്. രണ്ടു പേരിലും സംഭ്രമലക്ഷണങ്ങൾ സ്പഷ്ടമാണ്. അതിൽ രാക്ഷസൻ സൈനികോദ്യോഗസ്ഥനോടു ചോദിച്ചു. "സാറേ, നിങ്ങൾക്കു ഭയമുണ്ടോ?"

"നിങ്ങൾക്കെന്നോളം ഭയമുണ്ടായിരുന്നെങ്കിൽ" ഉദ്യോഗസ്ഥൻ മറുപടി പറഞ്ഞു. "വളരെ മുമ്പുതന്നെ നിങ്ങൾ ഇവിടെനിന്ന് ഓടിക്കളയുമായിരുന്നു."

മിൻസെന്തിക്കു സഹജമായ രീതിയിലുള്ള ഒരു കഥ.

വിരുന്നിനുശേഷം ബിഷപ്പ് മൈഗ്സ് നമ്മുടെ യുവവൈദികനെ അഭിനന്ദിക്കുകയുണ്ടായി. "എന്റെ അഭിനന്ദനങ്ങൾ", അദ്ദേഹം പറഞ്ഞു. "ചുവപ്പുസേനയ്ക്കു താങ്കളെ വലിയ മതിപ്പായിരുന്നല്ലോ. താങ്കളുടെ മെത്രാനെ അറസ്റ്റ്ചെയ്യുന്നതിന് ഇരുപതുദിവസം മുമ്പ് അവർ താങ്കളെ അറസ്റ്റ്ചെയ്തിരിക്കുന്നു! കൊള്ളാം, നാമും താങ്കളെ പ്രത്യേകം വിലമതിക്കുന്നു."

അങ്ങനെ സലജേഴ്സ്സഗ്ഗിലെ അഡ്മിനിസ്ട്രേറ്റർ ആയി, കഷ്ടിച്ചു ഇരുപത്തെട്ടുവയസ്സുമാത്രം പ്രായമുള്ള മിൻസെന്തി നിയമിതനായി. 1921-ൽ അദ്ദേഹം അവിടത്തെ ഇടവകവികാരിയായി. 1924-ൽ പൊർണ്ണോയിലെ ആബെ എന്ന ബഹുമതിയും അദ്ദേഹത്തിനു സിദ്ധിച്ചു.

# VI

## സലായിലെ പാപ്പാ

സലാജെഴ്സ്സഗ്ഗിലെ ഇടവകവികാരിയായി നിയമിതനായ മിൻസെന്തി, ആ ഇടവകയെ എല്ലാവിധത്തിലും നവീകരിക്കുന്നതിന് ആരംഭിച്ചു. പുതിയ ദൈവാലയങ്ങളും, മഠങ്ങളും, ഭവനങ്ങളും, വിദ്യാലയങ്ങളും അദ്ദേഹം സ്ഥാപിച്ചു. തൻെറ അജഗണങ്ങളിൽനിന്നും മഹത്തായ ത്യാഗങ്ങൾ അദ്ദേഹം ഇതിലേക്ക് ആവശ്യപ്പെട്ടു. പള്ളിയിലേക്കുള്ള പിരിവു ചില വർഷങ്ങളിൽ സർക്കാർനികുതിയോടൊപ്പം വർദ്ധിച്ചതോതിലായിരുന്നു. സ്വന്തം ജീവിതത്തിൻെറ കാര്യത്തിൽ അദ്ദേഹം അങ്ങേ അററത്തെ മിതവ്യയശീലം പാലിച്ചു. അദ്ദേഹത്തിൻെറ മാതാവാണ് അക്കാലത്ത് അദ്ദേഹത്തിൻെറ ഗാർഹികകാര്യങ്ങൾ അന്വേഷിച്ചിരുന്നത്. സ്വന്തം കാര്യങ്ങളിൽ നിഷ്കൃഷ്ടമായ കൃത്യനിഷ്ഠ പാലിച്ചിരുന്ന അദ്ദേഹം മററുള്ളവരിൽനിന്നും അതാവശ്യപ്പെട്ടു.

അദ്ദേഹത്തിൻെറ കൃത്യനിഷ്ഠയേയും നീതിബോധത്തേയും പരാമർശിക്കുന്ന ഒരു കഥയുണ്ട്. ഒരു പ്രഭാതത്തിൽ ഒരു കർഷകൻ പള്ളിയിൽവന്നു തൻെറ ജ്ഞാനസ്നാനസാക്ഷിപത്രത്തിൻെറ ഒരു പകപ്പ് ആവശ്യപ്പെട്ടു.

"രാവിലെതന്നെ ഞാനതു ശരിപ്പെടുത്തി വച്ചേക്കാം. പന്ത്രണ്ടുമണിക്കുള്ളിൽ വന്നു നിങ്ങൾ കൊണ്ടുപൊയ്ക്കൊള്ളു." മിൻസെന്തി പറഞ്ഞു.

പന്ത്രണ്ടുമണി കഴിഞ്ഞശേഷം അദ്ദേഹം തൻെറ മാതാവിനോടും സഹവൈദികരോടുമൊരുമിച്ചു ഭക്ഷണത്തിനിരിക്കുമ്പോഴാണ് കർഷകൻ തിരിച്ചുവന്നതു്.

"പന്ത്രണ്ടു മണിക്കുമുമ്പു വരണമെന്നു ഞാൻ പറഞ്ഞിരുന്നില്ലേ?" മിൻസെന്തി കർശനമായി ചോദിച്ചു.

"പിതാവെ, ക്ഷമിക്കണം. ഞാൻ ഒന്നു ചുററിനടന്നു കാണുകയായിരുന്നു." കർഷകൻ ഇടറിയ സ്വരത്തിൽ മറുപടി പറഞ്ഞു.

"എന്താണ് നിങ്ങൾ നോക്കിയിരുന്നതു്?"

"അവിടുന്നു പണിയിപ്പിക്കുന്ന കെട്ടിടങ്ങൾ." ആ മനുഷ്യൻ വിശദമാക്കി.

"അതുശരി. അതിനു കുററമെന്തെങ്കിലുമുണ്ടെങ്കിൽ അതെൻെറയാണ്. ഞാനാണല്ലൊ അവ പണികഴിപ്പിക്കുന്നതു്."

സഹവൈദികരും വിദ്യാലയത്തിലെ മതാദ്ധ്യാപകരും അതികർക്കശനായ ഒരു ശിക്ഷണപാലകനെയാണ് അദ്ദേഹത്തിൽ ദർശിച്ചതു്. അവരിൽനിന്ന് അദ്ദേഹം കർശനമായ കർത്തവ്യനിഷ്ഠ ആവശ്യപ്പെട്ടിരുന്നു. ആ ഇടവകയിലെ മതാദ്ധ്യാപകർ ഒരാഴ്ചയിൽ മുപ്പതു മുതൽ മുപ്പത്താറുവരെ പാഠങ്ങൾ പഠിപ്പിക്കണമായിരുന്നു. മററുസ്ഥലങ്ങളിൽ ഇരുപതു പാഠങ്ങളേ പഠിപ്പിക്കുന്നുണ്ടായിരുന്നുള്ളു.

ജോലി ഭാരമേറിയതാണെന്ന് ആരെങ്കിലും ആവലാതിപ്പെട്ടാൽ അദ്ദേഹം മുഖം നോക്കാതെ മറുപടിപറയും: "പൗരോഹിത്യം പിള്ളകളിയല്ല. അതു കർത്തവ്യാനുഷ്ഠാനമാണ്. ആത്മ ജോലിയാണ്. സുഖജീവിതമാണു വേണ്ടിയിരുന്നതെങ്കിൽ മററെന്തെങ്കിലും ജീവിതവൃത്തി നിങ്ങൾ സ്വീകരിക്കേണ്ടതായിരുന്നു."

ഒരു ദിവസം തൻെറ സഹായവൈദികരിലൊരാളെ ആഫീസ് മുറിയിൽ വിളിച്ചുവരുത്തി മുഖവുരയൊന്നും കൂടാതെ അദ്ദേഹം പറഞ്ഞുതുടങ്ങി. "ഇന്നലെ രാത്രി ഒരു

യുവവിധവയുമൊരുമിച്ചു നിങ്ങൾ ആററിൻകരയിൽ ഉലാത്തുന്നതു ഞാൻ കാണുകയുണ്ടായി. ഒന്നാമതു വിജനമായ ഒരു വഴിയിലൂടെ ഒരു യുവപുരോഹിതൻ രാത്രിയിൽ സഞ്ചരിക്കുന്നതു് അത്ര ശരിയല്ലെന്നു ഞാൻ കരുതുന്നു. രണ്ടാമതു രാത്രിയിൽ ഒരു വിധവയുമൊരുമിച്ചു നടന്നതു തികച്ചും അനുചിതമാണെന്നുതന്നെ ഞാൻ വിചാരിക്കുന്നു. മൂന്നാമതു താങ്കൾ ഇപ്രകാരമൊക്കെ പ്രവത്തിച്ചിരിക്കുന്നതിനാൽ ഇവിടെനിന്നു സ്ഥലം മാററത്തിനു് അപേക്ഷിക്കേണ്ടതാണു്. ദയവായി അങ്ങനെ ചെയ്യു."

അദ്ദേഹത്തിൻെറ അചഞ്ചലമായ സ്വഭാവത്തെക്കുറിച്ചു ഗവമ്മെണ്ടിനു നല്ലതുപോലെ അറിയാമായിരുന്നു. മതപരവും സാമൂഹ്യവുമായ കാൎയ്യങ്ങൾക്കു നീക്കിവയ്ക്കുന്ന തുകകൾ വെട്ടിക്കുറച്ചുകൊണ്ടിരുന്ന ധനകാൎയ്യമന്ത്രി, സലാ കൗണ്ടിയുടെ കാൎയ്യം വന്നപ്പോൾ സംശയിച്ചു. "അവിടം അങ്ങു വിട്ടുകളയുക." അദ്ദേഹം പറഞ്ഞു. "അവിടത്തെ വികാരി ഒരു കട്ടത്തപ്പുള്ളിയാണു്."

ത്രിയാനൻ സമാധാന ഉടമ്പടി പ്രകാരം ഹങ്കറിയുടെ രാജ്യാതിത്തികൾ വെട്ടിക്കുറയ്ക്കപ്പെട്ടിരുന്നു. അവശേഷിച്ച പ്രദേശത്തു സുശക്തമായ ഒരു ഭരണക്രമം നടപ്പിലാക്കുന്നതിനു ഹങ്കറി പരിശ്രമിച്ചുവരികയായിരുന്നു. ഹങ്കറിയിലെ ഭൂമിയുടെ എഴുപത്തൊന്നു ശതമാനവും, ജനസംഖ്യയുടെ അറുപത്തിമൂന്നു ശതമാനവും ചതുശ്ശക്തികൾ മററു രാജ്യങ്ങൾക്കായി പങ്കിട്ടു നൽകിക്കഴിഞ്ഞിരുന്നു.

യുദ്ധവും വിപ്ലവവുംകൊണ്ടു ശോഷിച്ചും, രാഷ്ട്രീയമായ അസ്വാസ്ഥ്യങ്ങളാൽ ഇളകിമറിഞ്ഞും കഴിഞ്ഞുകൂടിയിരുന്ന ജനങ്ങൾ നവമായ ഒരു ജീവിതവീക്ഷണത്തിനും, ഒരു പ്രത്യാശയ്ക്കുംവേണ്ടി വെമ്പൽകൊണ്ടിരുന്നു. പ്രധാനമായി രാജവാഴ്ചയിൽ അവർ വിശ്വാസമപ്പിച്ചു. രാജാവായ ചാറത്സ് നാലാമൻ അന്നു സ്വിററ്സർലൻറിൽ താമസിക്കുകയായിരുന്നു. 1921 മാർച്ചുമാസ

ത്തിൽ റീജെൻറായി തിരഞ്ഞെടുക്കപ്പെട്ട നിക്കൊളാസ് ഹോർത്തിയുടെ കരങ്ങളിലാണ് ഭരണാധികാരം അമന്നിരുന്നതു്.

ജനങ്ങളിൽ ഭൂരിഭാഗവും രാജവാഴ്ചയെ അനുകൂലിക്കുന്നവരായിരുന്നു. ആരു് രാജാവായിരിക്കണമെന്ന കാര്യത്തിൽ മാത്രം ശക്തിയായ അഭിപ്രായാന്തരങ്ങൾ ഉണ്ടായിരുന്നു. ലെജിററിമിസ്റ്റ് കക്ഷിക്കാർ ചാറത്സ് നാലാമനെ തിരിച്ചു കൊണ്ടുവരണമെന്ന പക്ഷക്കാരായിരുന്നു. എതിർകക്ഷിക്കാർ ഒരു പുതിയ രാജവംശത്തെ സ്വതന്ത്രമായി തിരഞ്ഞെടുക്കണമെന്നും വാദിച്ചു.

ഹങ്കറിയിൽ തിരിച്ചുവന്നു് അധികാരം കരസ്ഥമാക്കുവാൻ രാജാവു് 1921-ൽ രണ്ടുപ്രാവശ്യം പരിശ്രമിച്ചുവെങ്കിലും പരാജയമടയുകയാണുണ്ടായതു്. അതേത്തുടന്നു ബ്രിട്ടീഷുകാർ അദ്ദേഹത്തെ മഡെയിറാ ദ്വീപിലേക്കു കൊണ്ടുപോവുകയും, അവിടെവച്ചു് അദ്ദേഹം ചരമമടയുകയും ചെയ്തു. അപ്പോൾ ലെജിററിമിസ്റ്റ്കക്ഷി ചാറത്സിൻെറ സീമന്തപുത്രനായ ആർച്ചുഡ്യൂക്കു് ഓട്ടോയിൽ തങ്ങളുടെ ഭക്തിവിശ്വാസങ്ങൾ അർപ്പിച്ചു.

ആത്മബോദ്ധ്യമനുസരിച്ചു മിൻസെന്തി ആ കക്ഷിക്കാരനായിരുന്നു. ആ വസ്തുത അദ്ദേഹം മറച്ചുവച്ചുമില്ല. രാജവാഴ്ചയുടെ പുനസ്ഥാപനത്തിലും, ആസ്ത്രിയായുടെയും ഹങ്കറിയുടെയും പുനസ്സംയോജനത്തിലും അദ്ദേഹം വിശ്വസിച്ചിരുന്നു.

ആരെങ്കിലും തൻെറ അഭിപ്രായമാരായുകയാണെങ്കിൽ അദ്ദേഹം പറയും: "ജമ്മൻകാരുടേയും റഷ്യാക്കാരുടെയും കരുണയെ ആശ്രയിച്ചു കഴിഞ്ഞുകൂടേണ്ട ഗതികേടാണു് ചെറുരാജ്യങ്ങളെ ബാധിച്ചിരിക്കുന്നതു്. അയൽരാജ്യങ്ങളുടെ ശക്തിയായ കുപ്രചരണങ്ങളെ നേരിടാൻ അവയ്ക്കു കരുത്തില്ല. രാജവാഴ്ചയുടെ ഈ പങ്കുവയ്ക്കലിൻെറ ഫലം നാം മാത്രമല്ല ലോകം മുഴുവനും അനുഭവിക്കേണ്ടിവ

രു. അതിൻെറ ഫലം യുദ്ധമായിരിക്കും. അതൊഴിവാക്കണമെന്നുണ്ടെങ്കിൽ ജമ്മൻകാരുടെയും റഷ്യാക്കാരുടെയും ശക്തിയോട്ട് ഒപ്പമാകത്തക്കവിധം ഡാന്യൂബിയൻ താഴ്‌വരയിൽ നാം ഐക്യം പാലിക്കേണ്ടിയിരിക്കുന്നു."

രാഷ്ട്രീയകാര്യങ്ങളിൽ ആദ്യമദ്ദേഹം ലിബറൽ ക്രിസ്ത്യൻ പാർട്ടിയിലെ അംഗമായിരുന്നു. അതു പരാജയപ്പെട്ടപ്പോൾ അദ്ദേഹം ലജിററിമിസ്റ്റ് കക്ഷിയിൽ ചേന്നു. ഹോത്തിയുടെ കക്ഷിയോടു് അദ്ദേഹത്തിനു് അനുഭാവമുണ്ടായിരുന്നില്ല. ഹാബ്സ്ബഗ്ഗ് വംശത്തിൻെറ അനുകൂലികളാണു തങ്ങളെന്നു് അവർ പ്രഖ്യാപിച്ചിരുന്നെങ്കിലും, ഈ പ്രശ്നത്തെ നീട്ടിക്കൊണ്ടുപോയി, അധികാരത്തിൽ തുടരണമെന്നായിരുന്നു അവരുടെ അഭിലാഷം.

1930 ആയപ്പോഴേക്കും അദ്ദേഹത്തിനു് അവരോടുള്ള എതിപ്പു പരസ്യമായി പ്രകടിപ്പിക്കത്തക്കവിധം ശക്തിപ്പെട്ടിരുന്നു. നിക്കൊളാസ് ഹോത്തിയുടെ നാമകാരണനായ വിശുദ്ധ നിക്കൊളാസിൻെറ തിരുനാൾദിനത്തിൽ അദ്ദേഹം ആഘോഷമായ ദിവ്യപൂജ അപ്പിച്ചില്ല. സ്ഥലത്തെ സൈനികമേധാവികൾ ഇതു് ഒരു ധിക്കാരമായി കണക്കാക്കി. അവർ അദ്ദേഹത്തെപ്പററി മന്ത്രിമാരുടെ പക്കൽ പരാതിപ്പെട്ടു. മന്ത്രിമാർ സ്ഫംബാത്ത്ലിയിലെ മെത്രാനോടു് ഇതിനൊരു വിശദീകരണമാവശ്യപ്പെട്ടു. അദ്ദേഹമാകട്ടെ യാതൊരു മറുപടിയും കൊടുക്കാതെ ഈ പ്രശ്നത്തെ അവഗണിച്ചതേയുള്ളു. അടുത്ത വർഷവും മിൻസെന്തി റീജെൻറിനുവേണ്ടി ദിവ്യബലി അപ്പിച്ചില്ല.

അദ്ദേഹത്തിൻെറ പ്രാഭവവും സ്വാധീനവും നാൾക്കുനാൾ വദ്ധിച്ചുവന്നു. സലാ കൗണ്ടി മുഴുവൻെറയും, സഭാസംബന്ധവും സാമൂഹ്യസേവനപരവുമായ മേലന്വേഷണാധികാരം മിൻസെന്തിയിൽ അദ്ദേഹത്തിൻെറ മെത്രാൻ നിക്ഷേപിച്ചു. ദുർബലശരീരനായിരുന്നെങ്കിലും അദ്ദേഹം സദാ ഉന്മേഷഭരിതനായി കാണപ്പെട്ടു. തൻെറ സഹവൈ

ദികരെ, അവരുടെ കൃത്യങ്ങളിൽ നിഷ്കൎഷയായി വ്യാപരി ക്കുന്നതിന്ന്, അദ്ദേഹം നിർബന്ധിച്ചു. എന്നാൽ തന്നോ ടുതന്നെ അതിലും നിർദ്ദാക്ഷിണ്യമായിട്ടാണ് അദ്ദേഹം പെരുമാറിക്കൊണ്ടിരുന്നത്. മേൽനോട്ടവും, മാൎഗ്ഗനിർദ്ദേ ശങ്ങളും, പ്രോത്സാഹനങ്ങളും, ശിക്ഷണപാലനവുമായി അദ്ദേഹത്തെ എല്ലായിടത്തും കാണാമായിരുന്നു. താമസി യാതെ അദ്ദേഹം "സലായിലെ പാപ്പാ" എന്ന് അറിയപ്പെ ടാൻ തുടങ്ങി.

സലജേഴ്സ്സഗ്ഗിൽ 16,000 കത്തോലിക്കരുണ്ടായിരു ന്നു. അവരിലോരോരുത്തരേയും അദ്ദേഹം നേരിട്ടുകണ്ടു പരിചയപ്പെട്ടിരുന്നു എന്നു പറയുന്നത് ഏതാണ്ട് അക്ഷ രംപ്രതി പരമാൎത്ഥമായിരിക്കും. അവരുടെയെല്ലാം സ്വ ഭാവരീതികളും പെരുമാററവിശേഷങ്ങളും അദ്ദേഹം മന സ്സിലാക്കിയിരുന്നു. പള്ളിയിൽ വരികയും പാപസങ്കീൎത്ത നം കഴിക്കുകയും ചെയ്യുന്നവരാരൊക്കെയെന്നും, അതു ചെ യ്യാത്തവരാരൊക്കെയെന്നും, പൗരധൎമ്മങ്ങളും മതധൎമ്മങ്ങ ളും അനുഷ്ഠിക്കുന്നവരാരെല്ലാമെന്നും, അയൽക്കാരുടെ വി ശ്വാസവും മതിപ്പും നഷ്ടപ്പെട്ടുത്തിയവരാരൊക്കെയെന്നും, മററുമുള്ള കാൎയ്യങ്ങൾ അദ്ദേഹം വിശദമായി ഗ്രഹിച്ചിരുന്നു. കുടുംബച്ഛിദ്രങ്ങളെക്കുറിച്ചും, അയൽക്കാർതമ്മിലുള്ള കല ഹങ്ങളെക്കുറിച്ചും, യുവതീയുവാക്കന്മാർ തമ്മിലുള്ള അനാ ശാസ്യപ്രണയബന്ധങ്ങളെക്കുറിച്ചും, വിദ്യാൎത്ഥികളുടെയിട യിലുള്ള അലസതയെക്കുറിച്ചും അദ്ദേഹം അറിഞ്ഞിരുന്നു.

ഇതത്രയും അദ്ദേഹം തൻെറ കീഴിലുള്ള വൈദികൎക്കു നിരന്തരം നൽകിക്കൊണ്ടിരുന്ന ഒരുദ്ബോധനത്തിന് അ നുസൃതമായിരുന്നു. "ഒരു പുരോഹിതൻ തൻെറ ജനങ്ങ ളെ സംബന്ധിച്ചു ചുമതലപ്പെട്ടവനാണ്. അവരുടെ സ്വ ഭാവഗതിയെ സംബന്ധിച്ച് ഒരു പുരോഹിതൻ സദാപി ജാഗ്രതയായി അന്വേഷിച്ചുകൊണ്ടിരിക്കണം."

അദ്ദേഹം മനസ്സിലാക്കിയിരുന്ന ഈ കാൎയ്യങ്ങളധിക

വും മൗനത്തിന്റെ ഉള്ളറകളിൽ ഭദ്രമായി സൂക്ഷിക്കുകയായിരുന്നു പതിവ്. ആ വിവരങ്ങൾ ആരെ സംബന്ധിക്കുന്നുവോ അവരെ ശാസിക്കുന്നതിനുപോലും അദ്ദേഹം വെളിപ്പെടുത്താറുണ്ടായിരുന്നില്ല. സാമൂഹ്യസേവനത്തിൽ തന്റെ ലക്ഷ്യങ്ങൾ സാധിക്കുന്നതിനുള്ള യത്നങ്ങളിൽ അവയുടെ സൂചനകൾ അറിയാതെ ചിലപ്പോൾ പ്രകടമാകാറുണ്ടെന്നുമാത്രം. പാൽവിതരണം സംബന്ധിച്ചുണ്ടായ ഒരനുഭവം ഇതിനുദാഹരണമാണ്.

അദ്ദേഹത്തിന് ആറു കറവപ്പശുക്കൾ ഉണ്ടായിരുന്നു. അവയിൽനിന്നു ലഭിക്കുന്ന പാലിൽ ഏററം തുച്ഛമായ ഒരു ഭാഗം മാത്രമേ സ്വന്താവശ്യങ്ങൾക്ക് അദ്ദേഹം വിനിയോഗിച്ചിരുന്നുള്ളു. ബാക്കിയുള്ളതു മുഴുവനും, കുറേ പുറമേനിന്നു വാങ്ങിക്കൂട്ടിച്ചെയ്ത്, ഇടവകയിലെ പാവപ്പെട്ടവർക്ക് അദ്ദേഹം വിതരണം ചെയ്തിരുന്നു. പ്രതിദിനം പ്രഭാതഭക്ഷണവേളയിൽ 150 കുപ്പി പാൽ നിർദ്ധനരായ കുട്ടികൾക്കു സ്കൂൾ കെട്ടിടത്തിൽവെച്ചു വിതരണം ചെയ്യപ്പെട്ടിരുന്നു. ആ വിതരണം നിർവ്വഹിച്ചിരുന്ന യുവതി ഒരു വിവാഹിതനായ പുരുഷനുമായി അസാന്മാർഗ്ഗിക പ്രണയബന്ധം പുലർത്തിയിരുന്ന സംഗതി, അവൾ അതൊരിക്കലും ഏററുപറഞ്ഞിരുന്നില്ലെങ്കിലും, മിൻസെന്തിക്കറിയാമായിരുന്നു.

പാൽവിതരണത്തെക്കുറിച്ച് അന്വേഷിക്കുവാൻ ഒരു പ്രഭാതത്തിൽ എട്ടു മണിക്കുശേഷം, അദ്ദേഹം സ്കൂൾ കെട്ടിടത്തിലേക്കു ചെന്നു. പാൽ അവിടെ കൊണ്ടുവച്ചിരുന്നു. വിതരണം പ്രതീക്ഷിച്ചു കുട്ടികളും അവിടെ കൂട്ടംകൂടിയിരുന്നു. പക്ഷെ വിതരണത്തിനു ചുമതലപ്പെട്ട സ്ത്രീമാത്രം അവിടെ എത്തിയിരുന്നില്ല. തന്റെ കുപ്പായക്കൈകൾ തെറുത്തുകയററി മിൻസെന്തി സ്വയം ആ ജോലിയിലേർപ്പെട്ടു. ഉദ്ദേശം ഒൻപതുമണിയോടുകൂടി ആ യുവതി വന്നുചേർന്നു. താൻ ചെയ്യേണ്ടുന്ന ജോലി വൈദികൻ നിർവ്വഹി

കുന്നതു കണ്ടപ്പോൾ അവൾക്കു സീമാതീതമായ കുണ്ഠിത വും ഭീതിയും തോന്നി. അവളെവിടെയായിരുന്നു എന്നാദ്ദേ ഹം ചോദിച്ചു. പള്ളിയിലായിരുന്നു എന്നവൾ മറു പടി നൽകി. "പിതാവെ, ഞാൻ എട്ടുമണിക്കു പള്ളി യിൽപോയി കുർബാന കാണുന്നു. ഒൻപതു മണിക്കു പാൽ വിതരണം നടത്തുകയും ചെയ്യുന്നു."

"എട്ടുമണിയാകുമ്പോഴേക്കും കുട്ടികൾക്കു വിശക്കും." അദ്ദേഹം പറഞ്ഞു. "നാളെ മുതൽ നിങ്ങൾ ഏഴു മണി ക്കു പള്ളിയിൽപോയി കുർബാന കാണുകയും, എട്ടു മണി ക്കു പാൽവിതരണം നടത്തുകയുംവേണം."

"എന്നാൽ, പിതാവെ" അവൾ പരാതിപ്പെട്ടു. "അ പ്പോൾ എൻെറ പ്രഭാതഭക്ഷണം കഴിക്കുന്നതിനു ഞാൻ ആറു മണിക്കു് എഴുന്നേൽക്കേണ്ടിവരും. അതു കഠിന മാണു്."

അദ്ദേഹം സാധാരണ ശാസന നൽകുമ്പോൾ പതി വുള്ളതുപോലെ, തൻെറ വലതുകരത്തിൻെറ ചെറുവിരൽ അവളുടെനേർക്കുയർത്തി: "നേരത്തെ ഉറങ്ങാൻ പോകുന്നതു —അതു സ്വന്തം കിടക്കയിൽതന്നെ ആയിരിക്കണം—വള രെ നന്നായിരിക്കും, മേരി." അദ്ദേഹം പറഞ്ഞു. "എന്നാൽ നേരത്തെ കുർബാനയിലും സംബന്ധിക്കാം."

അദ്ദേഹത്തിൻെറ ഉദ്ദേശമെന്താണെന്നു മേരി മന സ്സിലാക്കി. അതിൽ പിന്നീടു നിത്യവും രാവിലെ കൃത്യം എട്ടുമണിക്കുതന്നെ പാൽവിതരണം നടന്നുവന്നു.

ഒരു പഴയ ആചാരത്തിനോടും ഒരു പഴയ അന്ധവി ശ്വാസത്തിനോടും അദ്ദേഹത്തിനു നേരത്തെ എതിരിടേ ണ്ടിവന്നു. വിവാഹത്തിനു് ഏററവും നല്ല ദിവസം ശനി യാഴ്ചയാണെന്നു്—ശനിയാഴ്ച നടത്തുന്ന വിവാഹം സൗഭാ ഗ്യകരമായിരിക്കുമെന്നു്—അവിടത്തുകാർ വിശ്വസിച്ചുവ ന്നു. അതിനാൽ അവിടെ ശനിയാഴ്ചകളിൽമാത്രമായിരു ന്നു വിവാഹം നടത്തിയിരുന്നതു്. മറെറാരു ദിവസത്തി

ൻെറ പൊൻപുലരി കാണാതെ നവദമ്പതിമാർ വിരുന്നു ശാലവിട്ടു പോകുന്നതു നിർഭാഗ്യകരമായിരിക്കുമെന്നും അവിടത്തുകാർ ധരിച്ചുവച്ചിരുന്നു. തന്മൂലം കല്യാണദിവസം കഴിഞ്ഞുള്ള ഞായറാഴ്ച പള്ളിയിൽ ആറം വളരെ കുറവായിരിക്കും. തലേരാത്രിയിലെ വിരുന്നും ഉല്ലാസവും കഴിഞ്ഞു് അവർ ഉറക്കമായിരിക്കുമപ്പോൾ.

ഇതു തിരുത്തേണ്ടതാവശ്യമാണെന്നു മിൻസെന്തിക്കു തോന്നി. ശനിയാഴ്ച വിവാഹം നടത്തുന്നതിനെ സലജേഴ്സ്സ്ഗ്ഗിൽ അദ്ദേഹം നിരോധിച്ചു. ആളുകൾ പിറുപിറുത്തു. മെത്രാൻെറ സമക്ഷം പരാതി ബോധിപ്പിച്ചു. ഫലമുണ്ടായില്ല. ഒടുവിൽ അവർ വഴങ്ങിക്കൊടുത്തു.

എന്നാൽ മററു ചില പുരാതനാചാരങ്ങളെ അദ്ദേഹം സംരക്ഷിച്ചിട്ടുമുണ്ട്. പുതുവീഞ്ഞു നിലത്തൊഴിച്ചു ഭൂമിക്കു നന്ദിപറയുന്ന ഹംഗറിയൻ ആചാരം അജ്ഞാനികൾക്കുമാത്രം യോജിച്ചവയാണെന്നു് ഒരുക്കൂട്ടർ ചൂണ്ടിക്കാണിച്ചപ്പോൾ മിൻസെന്തി പറഞ്ഞു: "അതു വളരെ പഴക്കമുള്ള ഒരു എളിയ ആചാരമാണു്. ഗോതമ്പു വിളവിനെ വൈദികൻ അനുഗ്രഹിക്കുമ്പോൾ നിങ്ങൾ ആവലാതിപ്പെടാറില്ലല്ലോ. അതും ഒരു പഴയ ആചാരമാണു്. ഭൂമിയോടുള്ള സ്നേഹമാണു് അതിൻെറയും നിദാനം. ഭൂമിയോടു നന്ദിപറയുന്ന ഈ ലളിതമായ ആചാരത്തെ ദൈവം എതിർക്കുകയില്ല."

ദരിദ്രജനങ്ങൾക്കു് ആശ്വാസമരുളുന്നതിൽ അദ്ദേഹം അതീവതല്പരനായിരുന്നു. പ്രത്യേകനിർദ്ദേശങ്ങൾ കൊടുത്തു ധാരാളം സാമൂഹ്യസേവകരെ അദ്ദേഹം നിയോഗിച്ചിരുന്നു. കൂടുതൽ നിസ്വരും നിസ്സഹായരുമായവരെ അദ്ദേഹം നേരിട്ടു സന്ദർശിക്കും. സ്വന്തം ഭവനത്തിൽ നിന്നു് അദ്ദേഹം അവർക്കു ഭക്ഷണസാധനങ്ങൾ കൊടുത്തയക്കും. തന്മൂലം അവിടത്തെ ആവശ്യത്തിനുള്ള ഭക്ഷ്യപദാർത്ഥങ്ങൾ സമയമാകുമ്പോൾ വിളമ്പിയൊപ്പിക്കുന്നതിനു്

അദ്ദേഹത്തിൻെറ മാതാവിനു പലപ്പോഴും ക്ലേശിക്കേണ്ടി വന്നിട്ടുണ്ട്.

മിൻസെന്തിയുടെ വസതിയിലെ അതികഠിനമായ തണുപ്പിനെക്കുറിച്ച് അദ്ദേഹത്തിൻെറ സന്ദർശകന്മാർ പലപ്പോഴും ആവലാതിപ്പെടാറുണ്ട്. അപ്പോഴൊക്കെ അദ്ദേഹം പറയും, "ഓരോ പാവപ്പെട്ടവനും വിറകു കിട്ടിയെന്നറിഞ്ഞല്ലാതെ ഇടവകവികാരിക്കു ചൂടാവശ്യമില്ല."

അദ്ദേഹം കൂടെക്കൂടെ ആവർത്തിക്കാറുള്ള ഒരു ചൊല്ലിതാണ്. "ദാരിദ്ര്യം അനുവദിച്ചുകൂടാ."

എല്ലാ ബുധനാഴ്ചയും അദ്ദേഹം പതിനേഴതിഥികൾക്കു ഭക്ഷണം കൊടുക്കും. ആ പതിനേഴുപേരും ആ ഇടവകയിലെ ഏററവും അഗതികളായ ദരിദ്രരിൽ പെട്ടവരായിരിക്കും. ഓരോ ആഴ്ചയും അതിഥികൾ മാറിക്കൊണ്ടിരിക്കും. അദ്ദേഹം മററു ദിവസങ്ങളിൽ ഭക്ഷിക്കാറുള്ള വിഭവങ്ങൾതന്നെ അവർക്കു വിളമ്പി കൊടുത്തുവന്നു.

സലാജെഴ്സ്സെഗ്ഗിലെ ഒരു സാമൂഹ്യപ്രവർത്തകയായിരുന്ന എലിസബത്ത് റൂബി ഒരു ഹംഗറിയൻ പത്രത്തിലെഴുതിയിരിക്കുന്നതു്, മിൻസെന്തിയുടെ ഏററവും മഹത്തായ സാമൂഹ്യസേവനപ്രവർത്തനത്തിനു പ്രചോദനം ലഭിച്ചതു പരമദരിദ്രയായ ഒരു സ്ത്രീ പ്രസവാനന്തരം തൻെറ സർവ്വസമ്പാദ്യമായ ഒരു ഉള്ളിക്കഷണം ഭക്ഷിക്കുന്നതു കണ്ടതിൽ നിന്നാണെന്നാണ്.

അവിടെയുള്ള എല്ലാ വിധവകളുടെയും അനാഥരുടെയും ഒരു പട്ടിക അദ്ദേഹത്തിൻെറ കൈവശമുണ്ടായിരുന്നു. ദരിദ്രകളായ സ്ത്രീകളുടെ പ്രസവസമയവും അദ്ദേഹത്തിനു അറിയാമായിരുന്നു. അവർ പ്രസവിച്ചെന്ന് അറിയുമ്പോൾ ഒരു വലിയ സഞ്ചി നിറയെ ഭക്ഷണസാധനവുമായി അദ്ദേഹം അവരെ സന്ദർശിക്കും. ആ സഞ്ചി യഥാസമയം നിറയ്ക്കുന്നതിന് അദ്ദേഹത്തിൻെറ അടുക്കളക്കാർ പാടുപെടേണ്ടിയിരുന്നു.

ഒരു ദിവസം അദ്ദേഹത്തിൻെറ സമുദായസേവിനിമാരായ സിസ്റ്റർ പാൽമാ ടെക്സിലും, സിസ്റ്റർ ജെസില്ലാ റോസ്ലവും പട്ടണപ്രാന്തത്തിലുള്ള ഒരു ചെററക്കുടിലിൽ പ്രസവിച്ചുകിടക്കുന്ന ഒരു സാധുസ്ത്രീയെ സന്ദർശിക്കാൻ ചെന്നു. അവർ ചെന്നപ്പോൾ ആ സ്ത്രീയുടെ കിടക്കയ്ക്കരികിൽ മിൻസെന്തി ഇരിക്കുന്നതു് അവർ കണ്ടു. അദ്ദേഹത്തിൻെറ സമീപത്തായി തറയിൽ ആ നിറസഞ്ചിയുമുണ്ടായിരുന്നു. നവജാതയായ ശിശുവിനെക്കൂടാതെ ആ കുടുംബത്തിൽ അസ്ഥിമാത്രരായ ആറു കുഞ്ഞുങ്ങൾകൂടിയുണ്ടായിരുന്നു.

"കുഞ്ഞുങ്ങളെ, ഇങ്ങടുത്തുവരൂ." മിൻസെന്തി ശാന്തമായി സംസാരിച്ചു. "ഞാൻ ഒരു കഥ പറയാം."

ഭയചകിതമായ ആട്ടിൻകുട്ടികളെപ്പോലെ ആ അസ്ഥിപഞ്ജരങ്ങൾ മുറിയുടെ ഒരു മൂലയിലേക്കു പിൻവാങ്ങി. അദ്ദേഹം തൻെറ സഞ്ചിയിൽനിന്നു കൈനിറയെ മധുരപലഹാരങ്ങളെടുത്തു് അവരുടെ നേക്കു നീട്ടി. ആ കുഞ്ഞുങ്ങൾ പരസ്പരം നോക്കി സംശയിച്ചുനിന്നു. അവസാനം അവർ സങ്കോചത്തോടെ മുമ്പോട്ടുവന്നു് ആ പലഹാരങ്ങൾ വാങ്ങി. മിൻസെന്തി അവരിൽ മൂത്തകുട്ടിയുടെ തോളിൽ കൈവച്ചുകൊണ്ടു ചോദിച്ചു.

"നീയിന്നു് എന്തു കഴിച്ചു?"

"കുറച്ചു പാലു് കുടിച്ചു."

"പള്ളിക്കൂടത്തിൽനിന്നാണോ!" അദ്ദേഹം ചോദിച്ചു.

"അതെ പിതാവേ,ഞാൻ ദിവസവും പോകാറുണ്ടു്."

"റൊട്ടിയൊ!" അദ്ദേഹം വാത്സല്യപൂർവ്വം ചോദിച്ചു. "നിനക്കു തിന്നാൻ റൊട്ടിയുണ്ടായിരുന്നില്ലേ?"

"ഇന്നലെ റൊട്ടിയും പാലുമുണ്ടായിരുന്നു." ഇതു പറയുമ്പോൾ ഒരു ദിവസമെങ്കിലും തങ്ങൾക്കു റൊട്ടി തിന്നാനുള്ള മഹാഭാഗ്യമുണ്ടായല്ലൊ എന്ന ചാരിതാർത്ഥ്യത്താൽ അവളുടെ മുഖം വികസിച്ചിരുന്നു.

മിൻസെന്തിയുടെ മുഖം ഇരുണ്ടു. അടുത്തു ശ്രദ്ധിച്ചു കൊണ്ടുനിന്നിരുന്ന സാമൂഹ്യസേവിനിമാരുടെ നേക്കു തിരിഞ്ഞുകൊണ്ടു് അദ്ദേഹം പറഞ്ഞു "എൻെറ സാന്നിദ്ധ്യം നിങ്ങളുടെ ജോലിക്കു വിഘാതമാകരുതു്. നിങ്ങൾക്കു ചെയ്യാനുള്ളതു ചെയ്യുക. നിങ്ങൾ എന്താണു ചെയ്യുന്നതെന്നു കാണുവാൻ എനിക്കു താല്പര്യമുണ്ടു്."

അവർ പ്രസവിച്ചുകിടക്കുന്ന സ്ത്രീയെ സമീപിച്ചു് എന്തു ഭക്ഷിക്കണമെന്നും, എന്തെല്ലാം വജ്ജിക്കണമെന്നും, ശിശുവിനെ എങ്ങനെ പരിചരിക്കണമെന്നും വിശദമായ നിർദ്ദേശങ്ങൾ കൊടുത്തു. ഇതത്രയും അവസാനംവരെ കേട്ടിരുന്നതിനുശേഷം മിൻസെന്തി പറഞ്ഞു.

"ഒന്നാംതരം ഉപദേശം. ഒരു കുഴപ്പം മാത്രമേയുള്ളു. നിങ്ങൾ പറയുന്നമാതിരിയിലുള്ള നല്ല ഭക്ഷണം എവിടെ കിട്ടുമെന്നുമാത്രം നിങ്ങൾ പറഞ്ഞുകൊടുത്തില്ല. ദയവു ചെയ്തു് ഇതൊന്നു നിങ്ങൾ നോക്കൂ."

താനിരുന്ന കസേരയുടെ പിറകിൽനിന്നു പകുതി തിന്നുകഴിഞ്ഞ ഒരുള്ളിക്കഷണം അദ്ദേഹം അവക്കു കാണിച്ചുകൊടുത്തു. അദ്ദേഹം തുടന്നു. "ഈ സാധുസ്ത്രീയുടെ പ്രാതൽ എൻെറ വരവുമൂലം വിഘാതപ്പെട്ടിരിക്കുകയാണു്. ഈ ഉള്ളിക്കഷണം നിങ്ങൾ നിർദ്ദേശിക്കുന്ന രീതിയിലുള്ള നല്ല ഭക്ഷണമായി രൂപാന്തരപ്പെടുത്താൻ നിങ്ങൾക്കു കഴിയുമോ? ഈ ഉള്ളിക്കഷണം സലജേഴ്സ്സഗ്ഗിനെയും ലോകത്തെ മുഴുവൻതന്നെയും കുററം വിധിക്കുന്നു. ഇതു ശിശുമരണങ്ങൾക്കു കാരണമാണു്. നാമാണു് ഇതിനുത്തരവാദികൾ. നിങ്ങളുടെ പ്രവൃത്തികളും പ്രചരണങ്ങളുമെല്ലാം നല്ലതുതന്നെ. പക്ഷേ അതുകൊണ്ടുമാത്രം കാര്യമായില്ല. നിങ്ങൾ നിർദ്ദേശിച്ച തരത്തിലുള്ള ഭക്ഷണം കൊടുക്കുക എന്നതാണു കാര്യമായിട്ടുള്ളതു്."

അദ്ദേഹം എഴുന്നേററുനിന്നു്, അവരോടു ചോദിച്ചു.

"നിങ്ങൾ ക്രിസ്തുവിൻെറ സേവനത്തിൽ വ്യാപൃതരാ

യിരിക്കുകയാണു്. അല്ലേ?"

"അതെ, പിതാവെ, എക്കാലവും."

"എന്നാൽ ഈ പാവപ്പെട്ട സ്ത്രീയുടേയും കുഞ്ഞിന്റേയും, ഈ നിൽക്കുന്ന എല്ലുന്തി വിവശരായ നിഷ്കളങ്കകുട്ടികളുടേയും സാന്നിദ്ധ്യത്തിൽ, ഈ ഉള്ളിക്ക്ഷേണത്തെ ദാരിദ്ര്യത്തിന്റെ ഭീകരമായ താക്കീതായി പരിഗണിച്ചുകൊണ്ടു്, ക്രിസ്തുനാഥനെ കൂടുതൽ മെച്ചമായി സേവിക്കുന്നതിനു നമുക്കൊരു പദ്ധതി തയ്യാറാക്കാം. പക്ഷേ അതിനുമുമ്പു നാം ഇവക്കു ഭക്ഷണം നൽകണം. ഈ സഞ്ചിയിലുള്ള സമസ്തവും ഇവക്കുള്ളതാണു്. ഈ ചൂടുള്ള സൂപ്പു് ആ തള്ളയ്ക്കു വേണ്ടിയാണു്."

കുഞ്ഞുങ്ങൾ ആത്തിയോടുകൂടി പലഹാരങ്ങൾ ഭക്ഷിച്ചു. ആ മാതാവു കൃതജ്ഞതാഭരിതയായി സൂപ്പുകുടിച്ചുകൊണ്ടിരുന്നു. മിൻസെന്തി തന്റെ പദ്ധതി ആ സഹോദരിമാക്കു വിശദീകരിച്ചുകൊടുത്തു. പള്ളിയോടനുബന്ധിച്ചു് ആറു സാമൂഹ്യപ്രവത്തകരുണ്ടായിരുന്നു. ആ സായാഹ്നത്തിൽതന്നെ അവരെ വിളിച്ചുകൂട്ടുന്നതിനു് അദ്ദേഹം ആവശ്യപ്പെട്ടു. ഇടവകയുടെ അതിത്തികൾക്കുള്ളിൽ താമസിക്കുന്നവരും ധനസഹായം ചെയ്യാൻ പ്രാപ്തിയുള്ളവരുമായ എല്ലാവരേയും, അവർ കത്തോലിക്കരെന്നോ പ്രൊട്ടസ്റ്റൻറുകാരെന്നോ യഹൂദരെന്നോ ഉള്ള വ്യത്യാസംകൂടാതെ, അദ്ദേഹത്തിന്റെ നാമത്തിൽ ക്ഷണിക്കുവാൻ തീരുമാനിച്ചു.

മിൻസെന്തിയുടെ ക്ഷണമനുസരിച്ചു് അതിനടുത്ത തിങ്കളാഴ്ച അന്നാട്ടിലെ എല്ലാ വിഭാഗത്തിലുംപെട്ട അനേകം സ്ത്രീപുരുഷന്മാർ ഹൈസ്കൂൾകെട്ടിടത്തിൽ സമ്മേളിച്ചു. മിൻസെന്തി തന്റെ പദ്ധതി വിശദീകരിച്ചുകൊണ്ടു പ്രസംഗിച്ചു തുടങ്ങി.

"സലജേഴ്സ്സിലെ പാവങ്ങളുടെയിടയിൽ ഒരാഴ്ചയിൽ ശരാശരി അഞ്ചു പ്രസവങ്ങൾ നടക്കുന്നുണ്ടു്. പ്രസ

വിച്ചുകിടക്കുന്ന സ്ത്രീകളെ സന്ദർശിച്ച് ആരോഗ്യവും ശിശുസംരക്ഷണവും സംബന്ധിച്ച നിർദ്ദേശങ്ങൾ കൊടുക്കുകയെന്നതു വളരെ നാളായി ചെയ്തുവരുന്നു. എന്നാൽ ഇനി അതുമാത്രംകൊണ്ടു തൃപ്തിപ്പെട്ടുകൂടാ. തള്ളയും കുഞ്ഞും മാത്രമല്ല, കുടുംബത്തിലെ മററു കുട്ടികളും ശരിയായി ആഹാരം കഴിച്ചു വളരുവാനുള്ള സാഹചര്യങ്ങൾ സൃഷ്ടിക്കണം. നിങ്ങളിൽ ഓരോരുത്തരും ഓരോ ദരിദ്രകുടുംബത്തെ രണ്ടാഴ്ചത്തേക്കു സംരക്ഷിക്കുന്ന കാര്യം ഭരമേൽക്കണമെന്നു ഞാൻ താല്പര്യപ്പെടുന്നു."

അമ്പത്താറു സ്ത്രീകൾ ഉടൻതന്നെ അവരുടെ സന്നദ്ധത പ്രകടിപ്പിച്ചു. അഞ്ചു കുടുംബങ്ങളുടെ ചുമതല മിൻസെന്തി സ്വയം കൈയേററു. അങ്ങനെ സലഃജഴ്സ്സഗ്ഗിലെ ഏററവും വിജയകരമായ സാമൂഹ്യസേവനം സമാരംഭിക്കപ്പെട്ടു. അവിടെനിന്ന് അതു ഹങ്കറിയുടെ ഇതരഭാഗങ്ങളിലേക്കും മററനേകം നഗരങ്ങളിലേക്കും വ്യാപിച്ചു.

സലഃജഴ്സ്സഗ്ഗിലെ തടങ്കൽപാളയത്തെ സംബന്ധിച്ചായിരുന്നു, മിൻസെന്തിയുടെ ഒരു വലിയ ഉൽക്കണ്ഠ. കഴിഞ്ഞ കമ്മ്യൂണിസ്റ്റ് ബഹളക്കാലത്തു നിസ്സാരതെററുകൾ ചെയ്തിരുന്ന ആളുകളെ തടങ്കലിൽ വയ്ക്കുന്നതിനു ഹംഗറിയൻഗവമ്മെൻറ് ഏർപ്പെടുത്തിയിരുന്ന സ്ഥാപനമാണത്. തടങ്കൽപുള്ളികളിലാരുംതന്നെ പൗരപരമായ കുററങ്ങൾ ചെയ്തവരായിരുന്നില്ല. ആധുനികശിക്ഷാനിയമത്തിൻെറ വെളിച്ചത്തിൽ നോക്കുമ്പോൾ അവരിൽ പലരുടെയും ബന്ധനം ലജ്ജാകരവും അനീതിപരവുമായിരുന്നു. ഹങ്കേറിയൻ പാർലമെൻറിലെ ഒരംഗമെന്ന നിലയിൽ ഈ തടവുകാരുടെ സ്ഥിതിയെപ്പററി ഞാൻ പല പ്രാവശ്യം ആക്ഷേപിച്ചിട്ടുണ്ട്. എന്നാൽ നിയമസഭയ്ക്കകത്തുള്ള എൻെറ നിവേദനങ്ങൾ മിൻസെന്തിയുടെ ഊർജ്ജസ്വലമായ കർമ്മപദ്ധതിയേക്കാൾ എത്രയോ കുറച്ചുമാത്രമേ ഫലപ്രദമായുള്ളൂ!

സലജ്ജേഴ്സ്സ്ഗ്ഗിലെ വികാരിയായ ഉടൻ, ഇഷ്ടാനുസരണം തടങ്കൽപാളയം സന്ദർശിക്കുന്നതിനുള്ള അനുവാദപത്രം അദ്ദേഹം ആവശ്യപ്പെട്ടു. അവിടെ മതകമ്മങ്ങൾ ഒന്നും നടക്കുന്നില്ലെന്നറിഞ്ഞു് അവ നടത്തുന്നതിന് അനുവാദം വാങ്ങി, അദ്ദേഹം തന്നെ കമ്മാനുഷ്ഠാനങ്ങൾ നിവ്വഹിച്ചുവന്നു. തടവുപുള്ളികളെ സമാശ്വസിപ്പിക്കുന്നതിനും, അവരുടെ അവകാശങ്ങൾക്കുവേണ്ടി അധികാരികളുടെ അടുക്കൽ വീറോടെ വാദിക്കുന്നതിനും മിൻസെന്തി ജാഗ്രത പ്രദശിപ്പിച്ചു. ആക്ഷേപങ്ങൾ ഉടനടി ഗൗനിക്കപ്പെട്ടില്ലെങ്കിൽ അദ്ദേഹം, ജാനോസ് എസ്റ്റർഗാലിയോസ് എന്ന ഒരു സാമാജികൻ മുഖേന അവ പാർലിമെൻറിനകത്തു മുഴക്കുമായിരുന്നു.

തടങ്കൽപുള്ളികളെ വിസ്തരിച്ചു കുററക്കാരെ ശിക്ഷിക്കുകയും നിരപരാധികളെ വിട്ടയക്കുകയും വേണമെന്ന് അദ്ദേഹം നിരന്തരമായി നിർബന്ധിച്ചുകൊണ്ടിരുന്നു.

ആളുകൾ അദ്ദേഹത്തെ സൂക്ഷിച്ചു വീക്ഷിച്ചു. അനീതികൾക്കെതിരായിട്ടുള്ള അദ്ദേഹത്തിൻെറ പോരാട്ടങ്ങളും ഭരണാധികാരത്തെ വിമർശിക്കുന്നതിൽ പോലും അദ്ദേഹം പ്രകടിപ്പിച്ച ക്രൂസലില്ലായ്മയും, മറ്റിതരോടും അവശരോടും അദ്ദേഹം പുലത്തിവന്ന ബന്ധുത്വവും എല്ലാം സവ്വത്ര പ്രകീത്തിക്കപ്പെട്ടു. മിൻസെന്തിയുടെ വിജ്ഞാനവും അചഞ്ചലമായ നീതിബോധവും എല്ലാവക്കും ആലംബമായിത്തീന്നു. അദ്ദേഹത്തോടാലോചിക്കാതെ പൊതുക്കായ്യങ്ങളൊന്നും തീരുമാനിക്കപ്പെട്ടിരുന്നില്ല. മുനിസിപ്പൽ, കൌണ്ടി കൗൺസിലുകളിൽ അദ്ദേഹം അംഗമായി. സലാ കൌണ്ടിയിലെ പ്രമുഖനേതാവായി അദ്ദേഹം പരിലസിച്ചു.

മിൻസെന്തിയുടെ സ്ഥാനത്തു് മററു വല്ലവരുമാണ് ഇത്ര ധീരമായി മറ്റിതവഗ്ഗങ്ങളുടെ നേതൃത്വം ഏറെറടുത്തതെങ്കിൽ മത്സരകരുമായി അവക്ക് ഏററുമുട്ടേണ്ടിവരുമായിരുന്നു. മിൻസെന്തിക്കും ശത്രുക്കളുണ്ടായിരുന്നു. കമ്മ്യൂണി

സ്റ്റ്കാരും, നാസികളും, അല്ലാത്തവരും അക്കൂട്ടത്തിൽ ഉ൦പ്പെട്ടിരുന്നു.

കൌണ്ടു ബത്താനി എന്നൊരു പെൻഷൻപററിയ കണ്ണൽ ആയിരുന്നു മിൻസെന്തിയുടെ ശത്രുക്കളിലൊരാ൦. വളരെ പുരാതനവും ബഹുമാന്യവുമായ ഒരു തറവാടായിരുന്നു അദ്ദേഹത്തിൻേറത്. ധനികനും വമ്പിച്ച വസ്തുവകകളുടെ ഉടമസ്ഥനുംകൂടി ആയ ആ മനുഷ്യൻ ദൈവാലയനികുതികളവേണ്ടിയുള്ള മിൻസെന്തിയുടെ അഭ്യർത്ഥനക൦കൊണ്ടു രോഷാകുലനായിത്തീൻ. മിൻസെന്തിയുടെ നേക്കു ബത്താനി ശകാരവർഷം ചൊരിഞ്ഞുതുടങ്ങി. അദ്ദേഹം അവയ്ക്കെല്ലാം ന്യായമായ സമാധാനവും നൽകിവന്നു. ബത്താനിയുടെ ആക്ഷേപങ്ങൾക്കു മറുപടിയായിട്ട് അദ്ദേഹത്തിൻെറ ഒരു ലേഖനത്തിൽ ഇങ്ങനെ എഴുതിയിരുന്നു.

"രാഷ്ട്രത്തിൻേറയും മതത്തിൻേറയും ആരോഗ്യകരമായ നിലനില്പിനെ സഹായിക്കുവാൻ ഒരേ ഒരു മാർഗ്ഗമേയുള്ളൂ. ബഹുജനങ്ങളെ ഉദ്ധരിക്കുക! ജനങ്ങളെ അജ്ഞതയിലും ദുരിതാനുഭവങ്ങളിലും മുഴകുന്നതിന് അനുവദിച്ചാൽ നിങ്ങ൦ രാജ്യത്തേയും മതത്തേയും നശിപ്പിക്കുകയായിരിക്കും ചെയ്യുന്നതു്. വിദ്യാലയങ്ങളും, ദൈവാലയങ്ങളും, മഠങ്ങളും നിർമ്മിക്കുന്നതു് ശോഭനമായ ഒരു ഭാവിയിലേക്കു വഴിതെളിക്കുന്നതിനു സമമാണു്. ഇതു മനസ്സിലാക്കാത്തവർ, ഇതിനെ എതിക്കുന്നവർ, അന്ധകാരയുഗത്തിൻെറ സന്താനങ്ങളാണു്."

അവസാനം അക്ഷമനായ ബത്താനിപ്രഭു മിൻസെന്തിയെ ഒരു ദ്വന്ദയുദ്ധത്തിനു് ആഹ്വാനംചെയ്തുകൊണ്ടു രണ്ടു ദൂതന്മാരെ അയച്ചു. അദ്ദേഹം അവരെ ഉപചാരപൂർവ്വം സ്വീകരിച്ചു് ആസനസ്ഥരാക്കി. എന്നിട്ടദ്ദേഹം അവരേയും അവരെ നിയോഗിച്ച മനുഷ്യനേയും കളിയാക്കി ചിരിച്ചുതുടങ്ങി.

"അനേകം അസാധാരണ അനുഭവങ്ങൾ എനിക്കു

ണ്ടായിട്ടുണ്ടു്," അദ്ദേഹം പറഞ്ഞു. "വൈദികരെക്കുറിച്ചു് അനവധി അസാധാരണകഥകൾ ഞാൻ കേട്ടിട്ടും വായിച്ചറിഞ്ഞിട്ടുമുണ്ടു്. വാക്കുകൾകൊണ്ടും വാളുകൾകൊണ്ടും അവർ സമരംചെയ്തിട്ടുള്ളതായി എനിക്കറിയാം. എന്നാൽ ഇതുവരെ ഒരു പുരോഹിതനെ ആരും ദ്വന്ദ്വയുദ്ധത്തിനു് ആഹ്വാനം ചെയ്തിട്ടുള്ളതായി ഞാൻ കേട്ടിട്ടില്ല. കൊള്ളാം. ഏതിനും ഒരു തുടക്കം വേണമല്ലോ. ഇതു വർത്തമാനപ്പത്രങ്ങൾക്കു രസാവഹമായ ഒരു വിഷയമായിരിക്കും."

ഗുരുതരമായ ഒരു തൊണ്ടവീക്കം മിൻസെന്തിയെ വളരെയധികം ക്ലേശിപ്പിച്ചുകൊണ്ടിരുന്നു. ഒരു ശസ്ത്രക്രിയമൂലം അതു നീക്കം ചെയ്യുവാൻ അദ്ദേഹം തീരുമാനിച്ചപ്പോൾ, അതിലേക്കു സമീപിച്ചതു ഡോക്ടർ എർണോ പീറേറാ എന്ന പ്രസിദ്ധയഹൂദഭിഷഗ്വരനെയായിരുന്നു. ശസ്ത്രക്രിയ ആരംഭിക്കുന്നതിനു മുൻപു്, കണ്ഠഞരമ്പുകൾ ത്രസിച്ചുകൊണ്ടിരിക്കുന്നതിലേക്കു്, ശസ്ത്രക്രിയയുടെ നേരത്തു് അനസ്യൂതം സംസാരിച്ചുകൊണ്ടിരിക്കുവാൻ ഡോക്ടർ പീറേറാ മിൻസെന്തിയോടു് ആവശ്യപ്പെട്ടു. തടവുമുറിയിൽ പ്രകടിതമായ അതേ വിനോദശൈലിയിൽ മിൻസെന്തി താഴെക്കാണുന്ന കഥ പറഞ്ഞു:

"ഒരു തേനീച്ചവളർത്തുകാരൻ ഒരു പററം തേനീച്ചയെ പെട്ടിക്കകത്താക്കി, വീയെന്നായിലേക്കു കൊണ്ടുപോകുകയായിരുന്നു. ആ പെട്ടിക്കു സാമാന്യം വലിയ ഒരു ഭാരമുണ്ടായിരുന്നു. ആയാൾ യാത്ര ചെയ്തിരുന്ന തീവണ്ടിമുറിയിൽ പല സ്ത്രീകളും യുവാവായ ഒരു കോളെജ് പ്രൊഫസരും കയറിയിട്ടുണ്ടു്. തേനീച്ചക്കാരൻ പെട്ടി സീററിനടിയിൽ നിക്ഷേപിച്ചശേഷം പ്രൊഫസരുടെ അടുത്തു് ഇരിപ്പുറപ്പിച്ചു. കുറച്ചുകഴിഞ്ഞപ്പോൾ പ്രൊഫസർ പെട്ടെന്നു ചാടിയെഴുന്നേററു പറഞ്ഞു: 'എന്തോ ചില ജീവികൾ എൻെറ കാലിൽക്കൂടെ കയറിവരുന്നു.'

"എന്താണു സംഭവിച്ചിരിക്കുന്നതെന്നു തേനീച്ചക്കാ

രന്ന മനസ്സിലായി. ആയാഠ ഗൗരവപൂൎവ്വം എഴുന്നേററുനിന്നു്, സ്ത്രീകളുടെ നേരേ തലകുനിച്ചു പറഞ്ഞു: 'മാന്യരേ, നിങ്ങഠ സദയം ഈ മുറിയിൽനിന്നു് ഒന്നു മാറിത്തരണം.' അനന്തരം ആ യുവാവിൻെറ നേരേ തിരിഞ്ഞു പറഞ്ഞു: 'പ്രൊഫ്സർ, നിങ്ങളുടെ ട്രൌസർ ഒന്നു് ഊരുക.'

"തൻെറ വിഷമതയിൽനിന്നു് എങ്ങനെയെങ്കിലും മുക്തിനേടുവാൻ ആഗ്രഹിച്ചിരുന്ന പ്രൊഫ്സർ ഉടൻതന്നെ ട്രൌസർ ഊരി. തേനീച്ചക്കാരൻ, പ്രൊഫ്സരുടെ കാലിലും, ട്രൌസറിലും പൊതിഞ്ഞിരുന്ന തേനീച്ചകളെയെല്ലാം തൂത്തു പെട്ടിക്കകത്താക്കി. കാണാതെ വല്ല ഈച്ചകളും ട്രൌസറിനുള്ളിൽ ഉണ്ടെങ്കിൽ പൊയ്ക്കൊള്ളട്ടെയെന്നു കരുതി തേനീച്ചക്കാരൻ, അനന്തരം ട്രൌസർ തീവണ്ടിയുടെ ജനലിങ്കൽ കൊണ്ടുചെന്നു പുറത്തേക്കു കുടഞ്ഞു. തൽക്ഷണം എതിർവശത്തുനിന്നു വേറൊരു തീവണ്ടി വരികയായിരുന്നു. ആ വണ്ടിയുടെ വേഗതമൂലം സംജാതമായ വായുപ്രവാഹം, ആയാളുടെ കൈകളിൽനിന്നു് ആ ട്രൌസർ തട്ടിക്കൊണ്ടുപോയി.

"തേനീച്ചക്കാരൻ തിരിഞ്ഞു തൻെറ നിസ്സഹായത പ്രകടിപ്പിച്ചു. പ്രൊഫസർ കോപാവിഷ്ടനായി. ഈച്ചകളെ വണ്ടിയിൽ കൊണ്ടുവരികയും, തൻെറ ട്രൌസർ നഷ്ടപ്പെടുത്തുകയും ചെയ്ത തേനീച്ചക്കാരൻ, ആയാളുടെ ട്രൌസർ ഊരി തനിക്കു തരണമെന്നായി പ്രൊഫ്സർ. അവരുടെ വാഗ്വാദം വളരെ ഉച്ചത്തിലായി. അതു കേട്ടുവന്ന കൺടക്ടർ അവരെ സമാധാനിപ്പിക്കുവാൻ ചെയ്ത ശ്രമങ്ങഠ ഫലിച്ചില്ലാ. അതിനാൽ അടുത്ത സ്റ്റേഷനിൽ അവരിരുവരെയും ട്രെയിനിൽനിന്നു ഇറക്കി വിട്ടു. തേനീച്ചക്കാരൻ ആയാളുടെ പെട്ടിയും എടുത്തുകൊണ്ടു നടന്നുപോയി. നിസ്സഹായനായ പ്രൊഫ്സറാകട്ടെ, ലജ്ജിതനായി, അർദ്ധനഗ്നാവസ്ഥയിൽ സ്റ്റേഷൻ പ്ലാററുഫോറത്തിൽ നിലയായി."

"നിത്ത്." സർജൻ ഉപദേശിച്ചു. "എനിക്കു ചിരിമൂലം ശസ്ത്രക്രിയ നടത്താൻ സാധിക്കുന്നില്ലാ. ദയവായി ഗൗരവമായ എന്തെങ്കിലും കാര്യം പറഞ്ഞാലും."

മിൻസെന്തി സമ്മതിച്ചു. ശസ്ത്രക്രിയ കഴിയുന്നതുവരെ സാധാരണകാര്യങ്ങളെപ്പററി സംസാരിച്ചുകൊണ്ടിരുന്നു. എന്നാൽ ശസ്ത്രക്രിയ കഴിഞ്ഞ ഉടനെ തേനീച്ചക്കാരനും പ്രൊഫസർക്കു പിന്നെ എന്തു സംഭവിച്ചു എന്നു പറയുവാൻ ഡോക്ടരും മററുള്ളവരും അദ്ദേഹത്തെ നിർബന്ധിച്ചു. കണ്ടക്ഷതം വകവെയ്ക്കാതെ മിൻസെന്തി ആ കഥ പൂരിപ്പിച്ചു.

"സംഭവിച്ചതെല്ലാം കേട്ടപ്പോൾ സ്റ്റേഷൻമാസ്റ്റർ ചിരിച്ചു തലതല്ലിപ്പോയി. ഒടുവിൽ അദ്ദേഹം തൻെറ ഒരു പാരു ട്രൌസർ പ്രൊഫസർക്കു കൊടുത്തു. ഇത്തരം ഒരു കഥയ്ക്കു ഈ ട്രൌസർ കൊടുക്കേണ്ടിവരുന്നതു് ഒരു നഷ്ടമല്ലെന്നു് അദ്ദേഹം പറഞ്ഞു."

മിൻസെന്തി തുടൎന്നു: "കഥ അവസാനിച്ചെന്നു നിങ്ങൾക്കു തോന്നും. എന്നാൽ അവസാനിച്ചിട്ടില്ല. അടുത്ത കൊല്ലം, പശ്ചിമഹംഗറിയിലെ ഒരു പട്ടണത്തിൽ ഒരു അദ്ധ്യാപകസമ്മേളനത്തിൽ പ്രൊഫസർ പ്രസംഗിക്കുകയായിരുന്നു. അദ്ദേഹം ഈ കഥ തൻെറ ശ്രോതാക്കളോടു പറഞ്ഞു. ട്രൌസർ തേനീച്ചക്കാരൻെറ കൈയിൽനിന്നു കാററത്തു പറന്നുപോയ ഭാഗത്തെത്തിയപ്പോൾ, അതു കേട്ടുകൊണ്ടിരുന്ന ഒരു സ്ത്രീ പെട്ടെന്നു പൊട്ടിച്ചിരിച്ചുപോയി.

"അല്ലാ," അവൾ പറഞ്ഞു. "അപ്പോൾ അങ്ങനെയാണു് ആ ട്രൌസറിൻെറ കഥ. നിങ്ങൾ പറയുന്ന ദിവസം വീയെന്നായിൽനിന്നുള്ള തീവണ്ടിയിൽ ഞാൻ യാത്ര ചെയ്യുകയായിരുന്നു. ഞങ്ങളുടെ തീവണ്ടി മറെറാരു തീവണ്ടിയെ കടന്ന ക്ഷണം, ഒരു പാരു ട്രൌസർ, തീവണ്ടിയിൽ ഞാൻ ഇരുന്ന മുറിയുടെ ജനലിൽക്കൂടി എൻെറ

മടിയിൽ വന്നു വീണു. ഞാൻ അതു സൂക്ഷിച്ചു വെച്ചിട്ടുണ്ട്. നിങ്ങറംക്കയച്ചു തരാം."

"അങ്ങനെ ഒടുവിൽ പ്രൊഫ്സർ തൻെറ ട്രൌസർ തിരിച്ചുകിട്ടി." മിൻസെന്തി തൻെറ കഥ ഉപസംഹരിച്ചു.

സലായിലെ പാപ്പായുടെ വിനോദശീലത്തെയും സാധാരണമനുഷ്യസ്വഭാവത്തെയും വിശദീകരിക്കുന്ന ഒരു സാധാരണവിനോദകഥ മാത്രമാണിതു്. എന്നാൽ നിർഭാഗ്യകരമായ ഒരു പര്യവസാനമാണു് അതിനുണ്ടായതു്.

മിൻസെന്തിയുടെ ഈ കഥ പശ്ചിമഹംഗറി മുഴുവൻ പ്രചരിച്ചു. അദ്ദേഹത്തെപ്പററി ജനങ്ങറംക്കുണ്ടായിരുന്ന മതിപ്പു വർദ്ധമാനമാകുന്നതിനു് അതു വളരെ സഹായിക്കുകയും ചെയ്തു.

എന്നാൽ നാസി അഞ്ചാംപത്തികറംക്കു ഹംഗറിയിൽ സ്വാധീനശക്തി കൂടിക്കൊണ്ടിരുന്ന കാലത്തു്, മിൻസെന്തി ഏതെങ്കിലും പൊതുയോഗത്തിൽ പ്രസംഗിക്കുകയാണെങ്കിൽ, അവർ ഈ കഥ വിളിച്ചുപറയുമായിരുന്നു. "തേനീച്ചകളുടെ കാര്യം എന്തായി?" അവർ വിളിച്ചുകൂകും. "അച്ചൻെറ യഹൂദഡോക്ടർക്കെന്തു പററി?" "ക്രിസ്ത്യൻ ഡോക്ടർമാർ അയാളോളം പററുകയില്ലാ, അല്ലേ?"

ഡോക്ടർ പീറേറായ്ക്കു് എതിരായി രൂക്ഷമായ ഒരു അപവാദവ്യവസായം അവർ ആരംഭിച്ചു. 1944-ൽ നാസികറം ഹംഗറിയിലേക്കു കടന്നപ്പോറം അവർ ആദ്യം വധിച്ചവരിൽ ഒരാറം അദ്ദേഹമായിരുന്നു.

# VII

## ദൈവത്തെ മാത്രം

ഹിററ്ലർ ജർമ്മനിയുടെ ചാൻസലറായി വളരെ കഴിയുന്നതിനു മുമ്പുതന്നെ നാസികൾ തങ്ങളുടെ പ്രവൎത്തനങ്ങൾ ഹങ്കറിയിലും ആരംഭിച്ചു. 1930 ആരംഭത്തിൽ സ്ഥാപിക്കപ്പെട്ട "ആരോ-ക്രോസ്സ" പാർട്ടിയായിരുന്നു അവരുടെ പ്രധാന പ്രവൎത്തനോപാധി. കുരിശിൻെറ ആകൃതിയിൽ രണ്ടു് അസ്ത്രങ്ങൾ നെടുകെയും കുറുകെയും ഘടിപ്പിച്ചിട്ടുള്ള ഒരു ചിഹ്നമായിരുന്നു അവരുടേതു്. പശ്ചിമഹങ്കറിയിൽ ഈ പ്രസ്ഥാനത്തിൻെറ നേതൃത്വം വഹിച്ചതു് 'എററ്നർ സഹോദരന്മാർ' എന്നറിയപ്പെട്ടിരുന്ന രണ്ടു പേരായിരുന്നു.

ഒന്നാം ലോകമഹായുദ്ധത്തിനുശേഷം സൈനികവൃത്തിയിൽനിന്നു വിരമിച്ചിരുന്ന ഇവർ മിൻസെന്തിയുടെ ആത്മസുഹൃത്തായ ഒരു ജന്മിയുടെ സന്താനങ്ങളായിരുന്നു. ഈ പുതിയ പ്രസ്ഥാനത്തെപ്പററി അവർ മിൻസെന്തിയോടു പറഞ്ഞിരുന്നെങ്കിലും, അതിൻെറ തനിരൂപം വെളിപ്പെടുത്താതെ അവർ അദ്ദേഹത്തെ വഞ്ചിക്കയാണു ചെയ്തതു്. ഹങ്കറിക്കു വളരെയധികം അനൎത്ഥങ്ങൾ വരുത്തിവച്ച 'ത്രിയാനൻ' സമാധാനഉടമ്പടി തിരുത്തിയെഴുതുന്നതിനും, ലോകരാഷ്ട്രങ്ങളുടെയിടയിൽ അർഹമായ സ്ഥാനത്തേക്കു ഹങ്കറിയെ വീണ്ടും ഉയൎത്തുന്നതിനും വേണ്ടിയാണു് ഈ പ്രസ്ഥാനം ആരംഭിച്ചിരിക്കുന്നതെന്നാണു് അ

വർ മിൻസെന്തിയെ ധരിപ്പിച്ചിരുന്നതു്.

അവരുടെ ചിഹ്നവും സ്വസ്തികയും തമ്മിലുള്ള സാദൃശ്യം മിൻസെന്തി ദർശിച്ചതു്, അഥവാ അവരുടെ പ്രസ്ഥാനത്തിന്റെ തനിനിറവും ലക്ഷ്യവും അദ്ദേഹം മനസ്സിലാക്കിയതു് 1935-ാമാണ്ടോടുകൂടിയാണു്. സമീപസ്ഥമായ ഒരിടവകയിലെ വൈദികനും, "ചെറുഭൂവുടമസ്ഥസംഘ"ത്തിന്റെ ഉപാദ്ധ്യക്ഷനുമായ ബലാ വാർഗായുമൊരുമിച്ചു് അദ്ദേഹം ഒരു തീവണ്ടിയിൽ യാത്രചെയ്യുകയായിരുന്നു.

തിന്മ എവിടെക്കണ്ടാലും അതു ചൂണ്ടിക്കാണിക്കാൻ എപ്പോഴും സന്നദ്ധനായിരുന്ന മിൻസെന്തി ഭൂവുടമക്കാരുടെ പാർട്ടിയിലെ ചില ചെറുനേതാക്കന്മാരുടെ പ്രവർത്തനങ്ങളെ നിശിതമായി വിമർശിച്ചുകൊണ്ടിരുന്നു. ബലാ വാർഗാ കുറെ നേരത്തേക്കു് അതു ശ്രദ്ധിച്ചുകൊണ്ടിരുന്നെങ്കിലും ഒടുവിൽ അദ്ദേഹത്തിന്റെ ക്ഷമയററുപോയി.

"വൈദേശികസ്വേച്ഛാധിപത്യത്തിന്റെ വിഷബീജങ്ങൾ ഇന്നാട്ടിൽ പകരാതെ സൂക്ഷിക്കുവാൻവേണ്ടി ഞങ്ങൾ ഞങ്ങളുടെ കഴിവുകൾ പരമാവധി പ്രയോഗിക്കുന്നുണ്ടു്." അദ്ദേഹം പറഞ്ഞു. "പണത്തിന്റേയോ പ്രാഭവത്തിന്റെയോ പിൻബലം കൂടാതെ ഞങ്ങൾ നാസിസത്തെ എതിരിടുന്നുണ്ടു്. നിങ്ങൾക്കിതു രണ്ടുമുണ്ടല്ലോ. ഞങ്ങളെ വിമർശിക്കുന്നതിനുപകരം സ്വന്തം പടിവാതലിന്റെ പരിസരങ്ങൾ വെടിപ്പാക്കാൻ അവിടുന്നു് ഉദ്യമിക്കാത്തതെന്താണു്? അവിടെ ധാരാളം വൃത്തികേടുകൾ അടിഞ്ഞുകൂടിയിട്ടുണ്ടെന്നു് എനിക്കു ധൈര്യമായി പറയാൻ കഴിയും."

"സലജേഴ്സ്സഗ്ഗിൽ വൃത്തികേടുകളോ?" മിൻസെന്തി ചോദിച്ചു.

"അതേ, വൃത്തികേടുകൾ തന്നെ." ബലാ വാർഗാ ദൃഢസ്വരത്തിൽ പറഞ്ഞു. "അവിടുന്നു കരുത്തനായ വികാരിയെന്നും, സലായിലെ പാപ്പായെന്നും, പ്രബലനെന്നും, ബുദ്ധിമാനെന്നും അറിയപ്പെടുന്നു. പെയ്ഗൻമതത്തെ,

രക്തക്കറ പുരണ്ട മിഥ്യാവാദങ്ങളെ, വംശസിദ്ധാന്തത്തെ, ക്രിസ്തുനാഥനിഷേധത്തെ, ദൈവനിന്ദനങ്ങളെ, സ്വന്തം കൌണ്ടിയിൽ വേരുറച്ചു വളരുവാൻ അവിടുന്നു് അനുവദിക്കുന്നതെന്തുകൊണ്ടാണു ? അങ്ങയുടെ മിത്രങ്ങളായ എററ്നർ സഹോദരന്മാർ എന്തു വിഷപാനീയങ്ങളാണു വാരിയെടുക്കുന്നതെന്നു് അങ്ങേയ്ക്കു് അറിഞ്ഞുകൂടെന്നാണോ പറയുന്നതു് ?

ബലാ വാർഗാ തന്റെ സഞ്ചിയിൽനിന്നു ചില ലഘുലേഖകൾ പുറത്തെടുത്തു മിൻസെന്തിയെ ഏല്പിച്ചു. പശ്ചിമഹംഗറിയിലെ ആരോ-ക്രോസ്സ് പാർട്ടിക്കാർ പ്രസിദ്ധീകരിച്ചിരുന്ന ആ ലഘുലേഖകളിൽ യഹൂദവൈരത്തിന്റെയും, ക്രിസ്തുമതനിന്ദനത്തിന്റെയും സിദ്ധാന്തങ്ങൾ അടങ്ങിയിരുന്നു. അവ ശ്രദ്ധിച്ചുവായിച്ചപ്പോൾ മിൻസെന്തിക്കു കോപം ജ്വലിച്ചുയർന്നു.

സലാ കൌണ്ടിയിൽ ഒരു പൊതുയോഗം വിളിച്ചുകൂട്ടി അതിൽവച്ചു് അദ്ദേഹം നാസിസത്തിനെതിരായി തന്റെ ആദ്യത്തെ ശക്തിയായ ആഘാതം ഏല്പിച്ചു. അന്നു മുതൽ പശ്ചിമഹംഗറിയിലെ നാസിവിരുദ്ധപ്രസ്ഥാനത്തിലെ പ്രധാനപ്രവർത്തകൻ അദ്ദേഹമായിത്തീർന്നു. അങ്ങനെ ഹംഗറിയിലെ സമസ്തയഹൂദജനത്തിന്റെയും പിൻതുണ സമ്പാദിക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞു.

ഒരു പൂർവ്വമിത്രത്തിന്റെ സന്താനങ്ങളായ എററ്നർ സഹോദരന്മാരുമായി താമസിയാതെ അദ്ദേഹത്തിനു് ഏററുമുട്ടേണ്ടിവന്നു. അന്നൊരിക്കൽ സലഎഗെഴ്സ്സെഗ്ഗിലെ ദൈവാലയത്തിൽ ഒരു സംഗീതസദസ്സു നടക്കുകയായിരുന്നു. അതിൽ സംബന്ധിക്കുന്നതിനു സമീപപ്രദേശങ്ങളിൽനിന്നെല്ലാം ഗായകസംഘങ്ങൾ സംഗീതോപകരണങ്ങളോടുകൂടി അവിടെ എത്തി. നാടിന്റെ നാനാഭാഗത്തുനിന്നും തടിച്ചുകൂടിയിരുന്ന ജനസഞ്ചയത്തെ മുഴുവൻ ഉൾക്കൊള്ളാനുള്ള സ്ഥലസൗകര്യം വിസ്തൃതമായ ആ ദൈവാലയത്തിനു

ണ്ടായിരുന്നില്ല. അയൽപ്രദേശങ്ങളിൽനിന്നു വന്ന വൈദികർക്കും, മററു ബഹുമാന്യാതിഥികറംക്കും വേണ്ടി വിശുദ്ധ സ്ഥലവും മുൻനിരയും പ്രത്യേകം സംവരണം ചെയ്തിരുന്നു. എററ്നർ സഹോദരന്മാർ വളരെക്കാലമായി ആസനസ്ഥരാകാറുണ്ടായിരുന്ന സ്ഥാനവും ഇങ്ങനെ സംവരണം ചെയ്തവയിൽ ഉറംപ്പെട്ടിരുന്നു.

കുറെ താമസിച്ചാണ് അവർ സംഗീതസദസ്സിൽ ഹാജരായതു്. ദിവ്യബലിയിൽ സംബന്ധിക്കാനാണെങ്കിൽ പോലും താമസിച്ചുമാത്രം പള്ളിയിൽ വരിക അവരുടെ പതിവായിരുന്നു. മററുള്ളവരുടെ ശ്രദ്ധയെ ആകർഷിക്കുമാറു് ഉദ്ധതരായി നടന്നു മുൻനിരയിലുള്ള തങ്ങളുടെ സ്ഥാനത്തു ചെന്നു് ഇരിക്കുകയായിരുന്നു. അവരുടെ പതിവു്. ഇപ്പോഴാകട്ടെ തങ്ങളുടെ പതിവുസ്ഥലങ്ങളിൽ മററുള്ളവർ സ്ഥാനമുറപ്പിച്ചിരിക്കുന്നതു കണ്ടപ്പോറം അവക്കുണ്ടായ കോപത്തിനു് അതിരില്ലായിരുന്നു. അവിടെയെല്ലാം ഓടിനടന്നു കപ്യാരെ തിരക്കി കണ്ടുപിടിച്ചു് അവർ ഇരിപ്പിടം ആവശ്യപ്പെട്ടു. സുദീർഘമായ വാദപ്രതിവാദങ്ങറംക്കുശേഷം അവക്കു രണ്ടു കസേരകറം പാർശ്വബലിപീഠത്തിനു സമീപം ഇട്ടുകൊടുത്തു. അവർ ആ കസേരകളെടുത്തു പ്രധാന ബലിപീഠത്തെ സമീപിച്ചു്, ആ പീഠവിരിയുടെ ഞെറികറം സ്പർശിക്കുമാറു്, ധാർഷ്ട്യത്തോടുകൂടി അവിടെ ഇരിപ്പുറപ്പിച്ചു. 'ആരോ-ക്രോസു' പാർട്ടിക്കാരുടെ പച്ചനിറത്തിലുള്ള ഉടുപ്പണിഞ്ഞിരുന്ന അവർ ആ പാർട്ടിയുടെ ചിഹ്നവും എല്ലാവരും കാണത്തക്കവിധം ധരിച്ചിരുന്നു. ഉടുപ്പിൽ മാത്രമല്ല, നടപ്പിലും ഇരിപ്പിലുമെല്ലാം കടുത്ത ധിക്കാരഭാവമാണു് അവർ പ്രകടിപ്പിച്ചതു്.

ആ അവസരത്തിൽ അപേക്ഷകാലമൊന്നുമുണ്ടാകേണ്ടെന്നു കരുതി മിൻസെന്തി മൗനം ദീക്ഷിച്ചതേയുള്ളു. എന്നാൽ സംഗീതസദസ്സിനു ശേഷം അദ്ദേഹം അവരെ വിളിപ്പിച്ചു. ബലാ വാർഗാ ഏല്പിച്ചിരുന്ന ലഘുലേഖയുടെ ഒരു

പ്രതി അവരുടെ മുമ്പിൽ മേശപ്പുറത്തേക്കു വലിച്ചെറിഞ്ഞുകൊണ്ടു് അദ്ദേഹം ഗർജ്ജിച്ചു.

"രാജ്യദ്രോഹികളേ, നിങ്ങളുടെ സംഘടന ത്രിയാനൻ സമാധാനഉടമ്പടി തിരുത്തിയെഴുതിക്കുവാനും, ഹങ്കറിയുടെ മഹത്വം പുനസ്ഥാപിക്കുവാനുംവേണ്ടി മാത്രമാണു നിലകൊള്ളുന്നതു്, അല്ലേ? നിങ്ങളുടെ സംഘടനയെക്കുറിച്ചു് എന്നോടു പ്രസ്താവിച്ചപ്പോൾ എന്തുകൊണ്ടു് ഈ പ്രസിദ്ധീകരണം നിങ്ങളെന്നെ കാണിച്ചില്ല? യഹൂദവൈരികളായ നിങ്ങൾ സമാധാനധ്വംസകരും സ്വന്തം രാജ്യത്തിലെ ക്രമസമാധാനങ്ങൾ നശിപ്പിക്കാൻ ഒരുങ്ങി പുറപ്പെട്ടിരിക്കുന്നവരുമാണു്. കാററു വിതയ്ക്കുന്ന നിങ്ങൾ കൊടുംകാററു കൊയ്യേട്ടുക്കും. ദൈവത്തിൻെറ ഭവനത്തിൽ പ്രധാന ബലിപീഠത്തിനു സമീപത്തുവച്ചുതന്നെ വിദ്വേഷവിഷം വമിക്കുന്ന ഒരു ചിഹ്നവും ധരിച്ചു് ഒരു നാസിപ്രകടനം നടത്തുന്നതിനുള്ള ധിക്കാരം നിങ്ങൾക്കുണ്ടായി."

"നാസികളും യഹൂദവിദ്വേഷികളുമായ നിങ്ങളോടു ഞാൻ ചോദിക്കുന്നു, നിങ്ങളുടെ അച്ഛനു വോട്ടു നൽകി അദ്ദേഹത്തെ ഒരു ഡപ്യൂട്ടിയാക്കിയതാരാണു? യഹൂദന്മാർ. ഈ അടുത്ത കാലത്തു് ആരുടെ കരങ്ങളാണു ബാഷ്പാർദ്രമായ തൻെറ കണ്ണുകളിൽ ചേർത്തു് അദ്ദേഹം കൃതജ്ഞത പ്രകടിപ്പിച്ചതു്? നിങ്ങളുടെ മാതാവിൻെറ ജീവൻ രക്ഷിച്ച ആ യഹൂദഭിഷഗ്വരൻെറ കരങ്ങൾ."

മിൻസെന്തിയുടെ കോപത്തിനുമുമ്പിൽ എററ്നർ സഹോദരന്മാർ ചൂളിപ്പോയി. ദൃഷ്ടികൾ ഉയർത്താൻപോലും കഴിയാതെ അവർ മൂകരായി നിലകൊണ്ടു.

"അസമാധാനത്തിൻെറയും, വിദ്വേഷത്തിൻെറയും കളകൾ സമുദായമദ്ധ്യത്തിൽ വിതയ്ക്കുന്ന നിങ്ങളുടെ ഈ രണപരിപാടികളെ ഞാൻ നിരോധിക്കുന്നു. മാത്രമല്ല, ഈ പ്രസ്ഥാനവുമായി ബന്ധം പുലർത്തുന്നിടത്തോളം കാലം നിങ്ങൾ എൻെറ വസതിയിൽ കാലുകുത്തുന്നതിനുപോലും

ഞാൻ അനുവദിക്കുന്നില്ല."

വിവർണ്ണവദനരായിത്തീൎന്ന ആ രണ്ടു സഹോദരന്മാരും വേഗം സ്ഥലം വിട്ടു. സംഘത്തിന്റെ ഒരു യോഗം ഉടൻ തന്നെ വിളിച്ചുകൂട്ടി നടന്ന സംഭവങ്ങൾ അവർ വിശദീകരിച്ചു. മിൻസെന്തിക്കെതിരായി ജാഗ്രതയായി കുപ്രചരണങ്ങൾ അവർ ആരംഭിച്ചുകഴിഞ്ഞു.

എന്നോട് ഈ കഥ പറഞ്ഞതു് അക്കാലത്തു് അവിടെ സാമൂഹ്യസേവനം നടത്തിവന്ന എലിസബത്തു് റൂബിയാണു്. അവരിൽനിന്നു തന്നെ മിൻസെന്തിയും ഏററ്നർ സഹോദരന്മാരും തമ്മിൽ നടന്ന മറെറാരു ഏററുമുട്ടലിന്റെ വിവരങ്ങളും ഞാൻ മനസ്സിലാക്കി.

1935-ലെ ഉയിൎപ്പുതിരുനാളിന് ഒരുക്കമായി, വലിയ ശനിയാഴ്ച സലജെഴ്സ്സഗ്ഗിൽ ഒരു ദിവ്യകാരുണ്യപ്രദക്ഷിണമുണ്ടായിരുന്നു. നഗരമാകെ കമനീയമായി അലങ്കരിക്കപ്പെട്ടിരുന്നു. ജാതിമതഭേദമെന്യേ നഗരവാസികൾ നിരത്തുകളിൽ തിങ്ങിക്കൂടി. ഉന്നതവൈദികസ്ഥാനികളുടെ നേതൃത്വത്തിൽ ഭക്തസംഘടനകൾ കൊടികളുമായി അണിനിരന്നു. വിശുദ്ധകുർബ്ബാന എഴുന്നള്ളിച്ചുവച്ചിരുന്ന അരുളിക്ക കൈയിലേന്തിക്കൊണ്ടു മനോജ്ഞമായ പാലികയുടെ കീഴിൽ മിൻസെന്തി മന്ദം മന്ദം നടന്നു. അഭൗമമായ ഒരു ഭക്തിപ്രചുരിമയും, സ്വൎഗ്ഗീയമായ ഒരു പ്രകാശധോരണിയും അദ്ദേഹത്തിന്റെ മുഖത്തു പ്രകടമായിരുന്നു.

പ്രദക്ഷിണം കുറേ നീങ്ങിക്കഴിഞ്ഞു. വഴിയരികിലായി ഒരിടത്തു സ്റ്റീഫൻ ഏററ്നറും ആയാളുടെ നാസി അനുചരന്മാരും നില്ക്കുന്നുണ്ടായിരുന്നു. ഘോഷയാത്രയിൽ ചേരുവാനുള്ള ഉദ്ദേശ്യത്തോടെയാണു് അവർ അവിടെ നിന്നിരുന്നതു്. മിൻസെന്തി അവരുടെ മുൻപിലെത്തിയപ്പോൾ അവർ വന്ദനത്തിനായി നാസിമുറയനുസരിച്ചു കൈകളുയർത്തി.

തൽക്ഷണം മിൻസെന്തി അവിടെ നിലയുറപ്പി

ച്ചു. അവരുടെ മലീമസമായ സാന്നിദ്ധ്യം ഏശാതിരിക്കുന്നതിനെന്നവണ്ണം അദ്ദേഹം അരുളിക്ക തലയ്ക്കു മുകളിൽ ഉയർത്തിപ്പിടിച്ചു. അദ്ദേഹം നിന്നതോടെ പിൻതുടന്നിരുന്ന ഘോഷയാത്രയുടെ ഗതിയും നിശ്ചലമായി. അദ്ദേഹത്തിൻെറ കണ്ണുകൾ കോപംകൊണ്ടു ജ്വലിച്ചു. ജനാവലിയുടെ മർമ്മരശബ്ദത്തിനുപരിയായി ആജ്ഞാശക്തി സ്ഫുരിക്കുന്ന ഒരു ശബ്ദം സുസ്പഷ്ടം കേൾക്കായി.

"ഉടൻ വിട്ടകലുക." മിൻസെന്തി ആജ്ഞാപിച്ചു. "ഇതു സ്നേഹത്തിൻെറ ഘോഷയാത്രയാണു്. വിദ്വേഷത്തിലും വ്യാജത്തിലും അധിഷ്ഠിതമായ യാതൊരു സംഘടനയ്ക്കും ഇവിടെ സ്ഥാനമില്ല."

സ്റ്റീഫൻ എററ്നറുടെ മുഖത്തു ക്രമേണ ധാർഷ്ട്യത്തിൻേറതായ ഒരു മന്ദഹാസം സ്ഫുരിച്ചു. അയാളോ അനുചരന്മാരോ അവർ നിന്നിടത്തു നിന്നിളകിയില്ല. മിൻസെന്തിയുടെ പിന്നിൽ പെരുകിക്കൂടിയ ജനക്കൂട്ടം മുന്നോട്ടുപോകാൻവേണ്ടി തിടുക്കം കൂട്ടിക്കൊണ്ടിരുന്നു. എന്നാൽ ആ വൈദികൻ നിന്നനിലയിൽ ഉറച്ചുതന്നെ നിന്നു. തൻെറ സമപീത്തുനിന്ന മേയറെ വിളിച്ചു മിൻസെന്തി പറഞ്ഞു: "ഈ മനുഷ്യർ ഇവിടം വിട്ടുപോയതിനുശേഷമേ, ഈ ഘോഷയാത്ര ഇനി ഒരടി മുമ്പോട്ടു നീങ്ങുകയുള്ളു."

മേയർ ഒരു സംഘം പോലീസുകാരുടെ നേക്കു തിരിഞ്ഞു് എന്തോ ആവശ്യപ്പെട്ടു. അവർ ആ നാസികളെ സമീപിച്ചു. കുറച്ചുകഴിഞ്ഞു് എററ്നർ ധിക്കാരപൂർവ്വം മന്ദഹസിച്ചു് അവജ്ഞയോടുകൂടി തൻെറ തോളുകൾ കുലുക്കിക്കൊണ്ടു്, അനുചരന്മാരോടൊത്തു സാവധാനം നടന്നകന്നുപോയി. അനന്തരം ഘോഷയാത്ര അതിൻെറ ഗംഭീരമായ ഗതി തുടന്നു.

ഇങ്ങനെ ഒരു വാചകത്തോടുകൂടിയാണു് മിസ്സ് രൂബി ഈ കഥ അവസാനിപ്പിച്ചതു്. "ഈ മനുഷ്യൻ ദൈവത്തെ മാത്രമേ ഭയപ്പെടുന്നുള്ളു."

# VIII

## നാസിഭീഷണി

സലാ കൌണ്ടി നാസിസത്തിൻെറ രൂപത്തിലുള്ള പെയ്ഗനിസത്തിൻെറ ആക്രമണത്തിനു വിധേയമായിരിക്കുകയാണെന്നു മിൻസെന്തിക്കു ബോധ്യം വന്നു. അദ്ദേഹം ആ പ്രദേശത്തെ ഒരു സമരരംഗത്തെയെന്നപോലെ നിരീക്ഷിച്ചുതുടങ്ങി. ദീർഘമായ ഒരു പ്രത്യാക്രമണപദ്ധതി അദ്ദേഹം ആവിഷ്ക്കരിച്ചു. ഒരു പുരോഹിതൻേറയും പടയാളിയുടേയും ജീവിതവൃത്തിയാണ് അദ്ദേഹം യൗവ്വനാരംഭത്തിൽ സ്വയം കൈവരിച്ചതു്. ഇപ്പോഠം താൻ ഒരായോധനത്തിന് ആഹ്വാനം ചെയ്യപ്പെട്ടുന്നതായി അദ്ദേഹത്തിനു തോന്നി. താൻ പരിപാലിക്കാൻ ചുമതലപ്പെട്ട പ്രദേശം ഒരു ദ്വീപല്ലാതിരുന്നതിനാൽ, സ്വന്തം ഇടവകയുടെ അതിരുകഠക്കപ്പുറത്തേക്കുകൂടി തൻെറ സമരം വ്യാപിപ്പിക്കണമെന്നു് അദ്ദേഹം മനസ്സിലാക്കി. ഹങ്കറിയെ മുഴുവൻ ബാധിക്കുന്ന ഒരു പ്രളയത്തിൽ താനും തൻെറ അജഗണവും കുത്തിയൊലിച്ചു പോയേക്കുമെന്നു് അദ്ദേഹത്തിനു തോന്നി. പെയ്ഗനിസത്തെ അമർച്ചചെയ്യേണ്ടതു സഭയുടെ കർത്തവ്യമാണെന്നു് അദ്ദേഹം നിശ്ചയിച്ചു.

ഹങ്കറിയിലെ വൈദികരുടെ പേരുവിവരം അടങ്ങിയ ഒരു റജിസ്റ്റർ അദ്ദേഹം സശ്രദ്ധം പരിശോധിച്ചു. അതിൽനിന്നു ക്രൈസ്തവധർമ്മാദർശങ്ങളിൽ അടിയുറച്ച വി

ശപാസമുള്ളവരും, ചങ്കുററമുള്ളവരുമായി, ഓരോ കൗണ്ടി യിൽനിന്നും ഈരണ്ടുപേരെ വീതം അദ്ദേഹം തെരഞ്ഞെടുത്തു. അവരെയെല്ലാം ക്ഷണിച്ചുവരുത്തി ബുഡാപ്പെസ്റ്റിൽ ഒരു വൈദികസമ്മേളനത്തിന് അദ്ദേഹം ഏപ്പാടു ചെയ്തു. അവരുടെ കൌണ്ടികളിലുള്ള നാസികൾക്കെതിരായി സ്വാധീനതയിലുള്ള സകല ആയുധങ്ങളും വിനിയോഗിക്കണമെന്നും, സ്വർണ്ണനാണയങ്ങൾ വാരിവിതറി ഹിററ്ലർ നടത്തുന്ന നാസിപ്രചരണത്തെ ചെറുക്കുന്നതിന് അനസ്യൂതമായ പ്രചാരവേല നടത്തണമെന്നും അദ്ദേഹം അവരെ ഉദ്ബോധിപ്പിച്ചു.

"ഇതിനുള്ള പണം എവിടെനിന്നു വരും?" അവർ ചോദിച്ചു.

"അതെങ്ങനെയും നിവത്തിക്കണം." അദ്ദേഹം മറുപടി പറഞ്ഞു. അന്നത്തെ സമ്മേളനച്ചെലവുകൾക്കുവേണ്ടി, തൻെറ കൃഷിസ്ഥലത്തിൻെറ അഭിമാനസമ്പത്തായിരുന്ന ഒരു മൂരിയെ വിൽക്കേണ്ടിവന്ന വസ്തുത അദ്ദേഹം വെളിപ്പെടുത്തി.

ചെറുഭൂവുടമസ്ഥസംഘം അപ്പോഴേക്കും നാസിവിരുദ്ധശക്തികളിൽ പ്രാമുഖ്യം നേടിയിരുന്നു. അതിൻെറ ഉപാദ്ധ്യക്ഷനായ ബലാ വാർഗായാണ് ആദ്യമായി ആരോ-ക്രോസ്സ് പാർട്ടിയുടെ തനിനിറം മിൻസെന്തിക്കു മനസ്സിലാക്കിക്കൊടുത്തത്. "യഹൂദന്മാരുടെ ഏജൻറ്" എന്ന നാസികളുടെ പരിഹാസത്തിനു വിധേയനായ ടൈബർ എക്ഹാർട്ട് ആയിരുന്നു ഈ കക്ഷിയുടെ നേതാവ്. തങ്ങളുടെ ഒന്നാംനമ്പർ ശത്രുവായി അദ്ദേഹത്തെ അവർ കണക്കാക്കിവന്നു.

ചെറുഭൂവുടമകളുടെ ഈ പാർട്ടി ഹങ്കറിയിലെല്ലായിടത്തും പൊതുയോഗങ്ങൾ നടത്തിക്കൊണ്ടിരുന്നു. മിൻസെന്തി ആ പാർട്ടിയിലെ അംഗമായിരുന്നില്ല. അതിൻെറ ആഭ്യന്തരനയത്തിനോട് അദ്ദേഹത്തിനു പൂണ്ണമാ

യി യോജിക്കാനും കഴിഞ്ഞിരുന്നില്ല. എങ്കിലും സലാ കൌണ്ടിയിൽ അവർ നടത്തിയ എല്ലാ പൊതുയോഗങ്ങളിലും അദ്ദേഹം സംബന്ധിച്ചു. നാസിവിരുദ്ധപ്രവൎത്തനങ്ങളെ ശക്തിപ്പെടുത്തുകയെന്നതായിരുന്നു അദ്ദേഹത്തിൻെറ ഉദ്ദേശം. ഹങ്കറിക്കുവേണ്ടി പ്രചരണം നടത്തുന്നതിലേക്ക് ഏക്ഹാർട്ട് അമേരിക്കയിലേക്കു പോയപ്പോൾ ആ പാൎട്ടിയുടെ നേതൃത്വം ബലാ വാർഗായുടെ കൈകളിൽ നിക്ഷിപ്തമായി. എല്ലാ പ്രതിസന്ധിഘട്ടങ്ങളിലും മിൻസെന്തി അദ്ദേഹത്തിൻെറ പക്ഷത്തുണ്ടായിരുന്നു.

ബുഡാപ്പെസ്റ്റിലും, ബലാടൺ-ബോഗ്ളറിലും ആസ്ഥാനമുറപ്പിച്ചുകൊണ്ടു വാർഗാ ഹങ്കറിയിലെയും പോളണ്ടിലേയും രഹസ്യപ്രവൎത്തനങ്ങൾക്കു നേതൃത്വം കൊടുത്തുകൊണ്ടിരുന്നു. അനേകം പോളിഷ് നേതാക്കന്മാർ അദ്ദേഹം നൽകിയ കൃത്രിമരഹദാരികൾ ഉപയോഗിച്ച് ഇംഗ്ലണ്ടിലേക്കു രക്ഷപെട്ടിട്ടുണ്ട്. പോളിഷ് നിഗ്രുഢ റേഡിയോസ്റ്റേഷൻ അദ്ദേഹത്തിൻെറ ഇടവകയിൽ നിന്നാണു പ്രവൎത്തിച്ചുകൊണ്ടിരുന്നതു്. ആസ്ക്ക് വിററ്സിൽ നടന്നുകൊണ്ടിരിക്കുന്ന വിവരങ്ങൾ യഥാസമയം പുറംനാടുകളിലേക്കു രഹസ്യമാൎഗ്ഗങ്ങളിൽക്കൂടെ അയച്ചു കൊടുത്തിരുന്നതു് അദ്ദേഹമാണു്. ജൎമ്മനിയിൽനിന്നുള്ള നിർബന്ധത്തിനു വഴങ്ങി ഹങ്കേറിയൻ പാർലമെൻറു വംശാന്തരവിവാഹങ്ങൾ നിരോധിച്ചുകൊണ്ടുള്ള നിയമം പാസാക്കാൻ മുതിൎന്നപ്പോൾ അതിനെ ശക്തിയുക്തം എതിൎത്തതും അദ്ദേഹംതന്നെ.

"ദൈവത്തിൻേറയും പ്രകൃതിയുടേയും നിയമങ്ങൾക്കെതിരായിട്ടാണു നിങ്ങളുടെ ഈ ഉദ്യമം." അദ്ദേഹം പ്രഖ്യാപിച്ചു. "നിങ്ങൾ എന്തുനിയമം പാസാക്കിയാലും യഹൂദ-ക്രിസ്ത്യൻ മിശ്രവിവാഹങ്ങളെ, വംശത്തിൻെറ അടിസ്ഥാനത്തിൽ, കത്തോലിക്കാസഭ ഒരിക്കലും നിരോധിക്കു

യില്ല." ഈ പ്രവൎത്തനങ്ങളിലെല്ലാം അദ്ദേഹത്തിനു മിൻസെന്തിയുടെ സഹായവും പിൻതുണയുമുണ്ടായിരുന്നു.

കാലം കഴിയുംതോറും നാസികളുടെ സമ്മൎദ്ദം വൎദ്ധിച്ചുവന്നു. ആരോ-ക്രോസ്സ് പാർട്ടിയുടെ പ്രക്ഷോഭണം അടിക്കടി ശക്തിപ്രാപിച്ചു. ജൎമ്മൻ വംശജരായ ഹങ്കറിക്കാർ അവരുടെ ഹങ്കേറിയൻ നാമങ്ങൾ ഉപേക്ഷിച്ചു ജൎമ്മൻ നാമങ്ങൾ സ്വീകരിക്കണമെന്നു നാസികൾ പ്രചരണം ആരംഭിച്ചപ്പോൾ, മിൻസെന്തി തന്റെ ജൎമ്മൻ നാമമായ "പെം" പരിത്യജിച്ചു പകരം "മിൻസെന്ത്" എന്ന തന്റെ ഹങ്കേറിയൻ ഗ്രാമത്തിന്റെ നാമത്തെ അനുസ്മരിച്ചു മിൻസെന്തി എന്ന പേരു സ്വീകരിച്ചു. അങ്ങനെ നാസിസത്തോടുള്ള തന്റെ അവജ്ഞ അദ്ദേഹം പ്രകടമാക്കി.

ഹങ്കേറിയൻ ഗവൺമെൻറിൽ ആഭ്യന്തരവകുപ്പിന്റെ ഉപദേഷ്ടാവായിരുന്ന ഡോക്ടർ ഓറൽ കേൺ മിൻസെന്തിയുടെ ഒരു മിത്രവും ആരാധകനുമായിരുന്നു. 1947-ൽ ഹങ്കറിയിൽനിന്ന് ഓടിപ്പോകുവാൻ നിർബ്ബന്ധിതനായ നാൾവരെ അദ്ദേഹത്തിന്റെ ശബ്ദം കമ്മ്യൂണിസത്തിനും നാസിസത്തിനുമെതിരായി ഉയൎന്നുകൊണ്ടിരുന്നു. അദ്ദേഹം ഉൾപ്പെട്ടിരുന്ന നാസിവിരുദ്ധ രാഷ്ട്രീയപ്രസ്ഥാനത്തിൽ മിൻസെന്തിയും ഒരംഗമായി പ്രവൎത്തിച്ചു.

മിൻസെന്തി ഒരു യഹൂദവൈരിയാണെന്നു കമ്മ്യൂണിസ്റ്റ്കാർ ദേശാന്തരങ്ങളിൽ കുപ്രചരണം ആരംഭിച്ചപ്പോൾ അതിനെതിരായി കേൺ ശബ്ദമുയൎത്തി. സ്വന്തം അനുഭവത്തിന്റെ വെളിച്ചത്തിൽ, അടിസ്ഥാനരഹിതമായ ഈ ആരോപണത്തെ അദ്ദേഹം ഖണ്ഡിച്ചു. ഈ അടുത്തകാലത്തു് എനിക്കയച്ച ഒരു കത്തിൽ അദ്ദേഹം ഇങ്ങനെ എഴുതുന്നു:-

"മിൻസെന്തിയുടെ രാഷ്ട്രീയമായ അഭിപ്രായങ്ങളും ചിന്താഗതികളും പാശ്ചാത്യജനായത്തസിദ്ധാന്തങ്ങളിൽ രൂഢമൂലമാണ്. സൎവ്വാധിപത്യസിദ്ധാന്തങ്ങളുടെ സ്വീക

രണസാദ്ധ്യത അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം തീ ത്തും അസാദ്ധ്യവും അപ്രസക്തവുമായിരുന്നു. നാസിസത്തി ൻെറ വംശസിദ്ധാന്തമായിരുന്ന അദ്ദേഹത്തിൻെറ പ്രത്യേ കമായ ജുഗുപ്സയ്ക്കു പാത്രീഭവിച്ചതു്. അതും, ക്രൈസ്തവ ധമ്മസംഹിതയുമായുള്ള പൊരുത്തക്കേട് അദ്ദേഹം പലവു രു ചൂണ്ടിക്കാണിച്ചിട്ടുണ്ടു്. സെമിററിക്ക് വംശവൈരത്തെ നാസിസത്തിൻെറ നികൃഷ്ടമായ പ്രചരണോപകരണമെ ന്നും, ക്രൈസ്തവസംസ്കാരത്തിൻെറ അടിത്തറ തോണ്ടുന്ന ആയുധമെന്നും അദ്ദേഹം അപലപിച്ചിട്ടുണ്ടു്.

"അൻഡ്രാസ് സില്ലെറിയുടെ യഹൂദവിരുദ്ധപ്രച രണം സംബന്ധിച്ചു് അദ്ദേഹം തൻെറ വികാരങ്ങൾ പ്ര കടിപ്പിച്ചതെങ്ങനെയെന്നു ഞാനോമ്മിക്കുന്നു. 'മനുഷ്യർ തമ്മിൽത്തമ്മിൽ വിദ്വേഷം പുലത്തണമെന്നു വിളംബരം ചെയ്യുന്ന യഹൂദവിരുദ്ധപ്രചരണങ്ങൾ ക്രിസ്തുമതത്തി ൻെറ മൗലികതത്വമായ പരസ്നേഹത്തിൻെറ നിഷേധമാ ണു്. യഹൂദൻെറ വ്യക്തിസ്വാതന്ത്ര്യത്തേയും പൗരസ്വാ തന്ത്ര്യത്തേയും, പരിപാവനവും അനിഷേധ്യവുമായി കരു തി, അവയെ രക്ഷിക്കുവാൻ നാം ഇന്നൊരുമ്പെട്ടില്ലെ ങ്കിൽ നാളെ നമുക്കുതന്നെ അവ നഷ്ടപ്പെടുന്നതായിരിക്കും. വിദ്വേഷത്തിൻെറ മാഗ്ഗം വിനാശത്തിലേക്കുള്ള നെട്ടംകു ത്തായ മാഗ്ഗമാണു്. അതു നമ്മെ കിരാതത്വത്തിൻെറ പാഴ്ക്കുണ്ടിൽ കൊണ്ടുചെന്നു ചാടിക്കും.'

"സ്വന്തം മതത്തിൽ ആത്മാത്ഥമായി വിശ്വസിക്കു ന്ന ഒരു യഹൂദൻെറ നേക്കു് അദ്ദേഹത്തിനു പരിപൂണ്ണമാ യ ആദരവുണ്ടായിരുന്നു. അവനവൻെറ മതത്തിൽ അ വിശ്വാസം പ്രദശിപ്പിക്കുന്നവരോടു്—അവർ കത്തോലി ക്കരോ, പ്രോട്ടസ്റ്റൻറുകാരോ, യഹൂദരോ ആരുതന്നെ ആ യിരുന്നാലും—അദ്ദേഹത്തിനു തീത്തും അവജ്ഞയായിരുന്നു. സാമൂഹ്യമായ സദാചാരബോധത്തിൻെറ അടിത്തറ മതം മാത്രമാണെന്നും, മതവിശ്വാസത്തിൻെറ കാര്യത്തിൽ പ

റകോട്ട നിൽക്കുന്ന ഒരാൾക്ക് ഒരിക്കലും ഒരു നല്ല പൗരനായിരിക്കുവാൻ സാദ്ധ്യമല്ലെന്നുമായിരുന്നു അദ്ദേഹത്തിന്റെ വിശ്വാസം. മിൻസെന്തിയുടെ ദൃഷ്ടിയിൽ സംസ്കാരത്തിന്റെ സാമാന്യനിയമം, യഹൂദരുടേയും, പ്രോട്ടസ്റ്റൻറുകാരുടേയും, കത്തോലിക്കരുടേയും ധർമ്മപ്രമാണമായ പത്തു കല്പനകളിൽ ഉൾക്കൊണ്ടിരുന്നു.

"1937-ൽ മിൻസെന്തി സന്നിഹിതനായിരുന്ന ഒരു മഹായോഗത്തിൽ ഞാൻ പ്രസംഗിക്കുകയുണ്ടായി. ജർമ്മനിയിലെ മതമർദ്ദനത്തെയും ഹിററ്ലറിനെതിരായി കത്തിനാൾ ഫോൾഹാബർ നടത്തുന്ന സമരത്തേയും പരാമർശിച്ചുകൊണ്ട ഞാൻ പറഞ്ഞു. 'സ്വന്തം മതത്തിന്റെ മൂലപ്രമാണങ്ങളെ കൈവെടിയുന്നവൻ, തന്റെ ധാർമ്മിക ബോധത്തെ തന്നെയും നശിപ്പിച്ചുകളയുന്നു. സ്ഥിതിഭേദമോ, സ്ഥാനവലപ്പമോ നോക്കാതെ ഇതു് ഏതു മനുഷ്യന്റെ കാര്യത്തിലും പരമാർത്ഥമാണ്. ജർമ്മൻ രാഷ്ട്രത്തിന്റെ ചാൻസലറായ ഹെർ ഹിററ്ലറെന്നോ, കശാപ്പുകാരനും യഹൂദനുമായ സാമുവൽ വ്വിസ് എന്നോ ഇതിൽ നോക്കേണ്ടതില്ല.'

"ഈ ഘട്ടത്തിൽ പ്രേക്ഷകരുടെ കൂട്ടത്തിലുണ്ടായിരുന്ന ഒരു നാസി എഴുന്നേററുനിന്നു്, മഹത്തായ ജർമ്മൻ രാഷ്ട്രത്തിന്റെ അധിനായകനെ ഞാൻ അപമാനിച്ചിരിക്കുന്നതായി പ്രതിഷേധം മുഴക്കി. ഞാൻ അതിനു മറുപടി പറഞ്ഞപ്പോൾ സഭയിൽ കൂട്ടച്ചിരി ഉയന്നു. 'തെററു സമ്മതിക്കുന്നു.' ഞാൻ പറഞ്ഞു. 'പക്ഷെ ലോവാസ്ബരിണിയിലെ കശാപ്പുകാരനായ സാമുവൽ വ്വിസിനെ ഞാൻ നന്നായിട്ടറിയും. സത്യസന്ധനായ ആ മനുഷ്യനെ ഞാൻ ബഹുമാനിക്കുന്നു. ഇതിൽ തെറെറവിടെയെന്നു് എനിക്കു മനസ്സിലാകുന്നില്ല.'

"കൂട്ടച്ചിരിയെ തടഞ്ഞുകൊണ്ട മിൻസെന്തി ഇടയ്ക്കു കയറി പറഞ്ഞു. 'അതു ഗ്രഹിക്കുവാൻ പ്രയാസമില്ല.

അഡോൾഫ് ഹിററ്ലറിൻെറ പേരോടു ലോവാസ്-ബരിണിയിലെ കശാപ്പുകാരൻെറ പേരും കൂടി ഒരേ വാചകത്തിൽ ചേർത്തു പറയുന്നതു്, ആ കശാപ്പുകാരനോടു ചെയ്യുന്ന ഒരപരാധംതന്നെയാണു്."

രണ്ടാം ലോകമഹായുദ്ധത്തിൻെറ ആരംഭത്തിൽ, അച്ചുതണ്ടുകരാറിനു് ഒപ്പുവെച്ചിരുന്ന രാജ്യമായിരുന്നെങ്കിലും ഹങ്കറി നിഷ്പക്ഷത പ്രഖ്യാപനം ചെയ്യുകയാണുണ്ടായതു്. നാസികരം ഇതത്ര കൂട്ടാക്കിയില്ല. 1939-ൽ പോളണ്ടു് ആക്രമിക്കുന്നതിനുള്ള ഹിററ്ലറുടെ പദ്ധതി തയ്യാറായപ്പോരം, റിബൺട്രോപ്പു ഹങ്കറിയൻ പ്രധാനമന്ത്രിയായ പോരം ടെലേക്കിയെ ഫോണിൽ വിളിച്ചു്, ജമ്മൻസേന ഹങ്കറിയിൽക്കൂടി പോളണ്ടിലേക്കു മാർച്ചു ചെയ്യുന്നതായിരിക്കുമെന്നു്, ഔപചാരികമായി പ്രഖ്യാപിക്കാൻ ആവശ്യപ്പെട്ടു.

"ഞങ്ങരം അതനുവദിക്കയില്ല" എന്ന ടെലേക്കിയുടെ മറുപടി, ജമ്മൻ നേതാവിൽ അത്ഭുതമുളവാക്കി.

"നിങ്ങളുടെ അനുവാദം കൂടാതെ ഞങ്ങരം മാർച്ചു ചെയ്താലോ?" എന്നായി റിബൺട്രോപ്പു്.

"ഞങ്ങരം വെടിവെക്കും." ടെലേക്കി കൂസൽകൂടാതെ മറുപടി കൊടുത്തു.

പുച്ഛരസത്തിൽ പൊട്ടിച്ചിരിച്ചുകൊണ്ടു റിബൺട്രോപ്പു് ഫോൺ താഴെ വച്ചു. എങ്കിലും ജമ്മൻസേനയെ ഹങ്കറിയിൽക്കൂടി കടത്തിക്കൊണ്ടുപോകുകയെന്ന പരിപാടി ഉപേക്ഷിക്കപ്പെട്ടു. പോളണ്ടിൽ നടന്ന അക്രമത്തിൽ ഹങ്കറിക്കാക്കു പങ്കില്ല.

1941-ലെ സ്ഥിതി ഇതിൽനിന്നു ഭിന്നമായിരുന്നു. ഹങ്കറിയിൽക്കൂടി കടന്നു്, ഹങ്കറിയുമായി ശാശ്വതമൈത്രീബന്ധത്തിൽ ഏപ്പെട്ടിരുന്ന യൂഗോസ്ലാവിയാ ആക്രമിക്കാൻ തങ്ങരം ഉദ്ദേശിക്കുന്നതായി ജമ്മനി വീണ്ടും പ്രഖ്യാപിച്ചു. ടെലേക്കി വീണ്ടും അതിനു വിസമ്മതിച്ചു. എ

ന്നാൽ ഈപ്രാവശ്യം തൻെറ നിരോധംകൊണ്ടു കാൎയ്യമി ല്ലെന്നു ടെലേക്കിക്കുതന്നെ അറിയാമായിരുന്നു. ജൎമ്മൻസേ നയുടെ പ്രവേശംമൂലം ഉണ്ടാകാൻപോകുന്ന അപകർഷം സഹിക്കാൻ വിമനസ്കനായി ടെലേക്കി സ്വയം വെടിവച്ച് ആത്മഹത്യചെയ്തു. അദ്ദേഹത്തെ പിൻതുടർന്നു പ്രധാന മന്ത്രിപദത്തിൽ പ്രവേശിച്ച ലാസ്‌ലോ ഡെ ബർഡോസി ജൎമ്മൻകാരുടെ താല്പൎയ്യങ്ങൾക്കു തികച്ചും കീഴ്‌വഴങ്ങി ക്കൊടുത്തു.

ബുഡാപ്പെസ്റ്റിൽ ഡാന്യൂബിൻെറ തീരത്തു പ്രധാനമ ന്ത്രിയുടെ വസതിക്കെതിർവശമുള്ള ഒരു കെട്ടിടത്തിലാണു ഞാൻ അക്കാലത്തു താമസിച്ചിരുന്നതു്. ജൎമ്മൻ പട്ടാള ത്തിൻെറ സകല സൈനികസജ്ജീകരണങ്ങളോടും കൂടിയു ള്ള പടനീക്കങ്ങൾ എൻെറ മുറിയുടെ വാതായനത്തിൽ കൂടി നോക്കിയാൽ കാണാമായിരുന്നു. അതിതീവ്രമായ ഹൃദയവ്യഥയോടുകൂടി ഞാനും എൻെറ ഭാൎയ്യയും ആ രംഗം നോക്കിക്കൊണ്ടു നിന്നു. അവരെ സ്വാഗതം ചെയ്യുന്നതി നു തെരുവീഥിയിൽ ഒരൊററ ഹംഗറിക്കാരൻപോലുമുണ്ടാ യിരുന്നില്ല. ജൎമ്മൻ പട്ടാളത്തിൻെറ പ്രവേശം എന്തി നെയാണു കുറിക്കുന്നതെന്നു മനസ്സിലാക്കി, ഹങ്കറിയുടെ നിലപാടിലുള്ള ലജ്ജയാലും ഭാവിയെക്കുറിച്ചുള്ള ഭീതിയാ ലും ജനങ്ങളെല്ലാം വീടുകൾക്കുള്ളിൽതന്നെ ഒതുങ്ങിക്കൂടി.

യൂഗോസ്ലാവിയായിൽനിന്നുള്ള ഭയാക്രാന്തമായ ആ ൎത്തനാദങ്ങൾ ഡാന്യൂബിനും, ഡ്രാവായ്ക്കും ഇപ്പുറത്തുവന്നല ച്ചുകൊണ്ടിരുന്ന ഒരു കാലഘട്ടമാണു തുടൎന്നുണ്ടായതു്. സലാ കൌണ്ടിയിലും അതുപോലെയുള്ള അതിൎത്തിപ്രദേശങ്ങളി ലുമാണു് ഈ രോദനം അസഹ്യമായ രീതിയിൽ കേട്ടുകൊ ണ്ടിരുന്നതു്. ക്രോഷ്യായിൽ തങ്ങളുടെ സഹോദരീസഹോ ദരന്മാരും ഉററബന്ധുക്കളും ക്രൂരമായ കൂട്ടക്കൊലകൾക്കു ഇരയായിത്തീരുന്ന വാൎത്തകൾ കേട്ടു മനമുരുകിയ യഹൂദജ നങ്ങൾ സലജേഴ്സ്സഗ്ഗിൽ തിങ്ങിക്കൂടി മിൻസെന്തിയെ

അഭയം പ്രാപിച്ചു. അദ്ദേഹം തങ്ങളെ സഹായിക്കുമെന്നും അതിന് അദ്ദേഹം പ്രാപ്തനാണെന്നും അവർ പറഞ്ഞു. അദ്ദേഹവും പ്രധാനമന്ത്രി ബർഡോസിയും സതീർത്ഥ്യരായിരുന്നു. അദ്ദേഹം ബുഡാപ്പെസ്റ്റിൽ പോയി പ്രധാനമന്ത്രിയുമായി ഇക്കാര്യത്തിൽ ഇടപെടണമെന്നായിരുന്നു അവരുടെ പ്രാർത്ഥന.

മിൻസെന്തി കാര്യങ്ങൾ പെട്ടെന്നു തീരുമാനിക്കുന്ന ആളായിരുന്നു. അദ്ദേഹം ബുഡാപ്പെസ്റ്റിലെത്തി ബർഡോസിയെ സന്ദർശിച്ചു. യഹൂദമർദ്ദനത്തെ സംബന്ധിച്ച വിവരങ്ങൾ വളരെ ഉദാസീനതയോടെ കേട്ടശേഷം, ജർമ്മൻ സൈന്യത്തിൻെറ കാര്യങ്ങളിൽ ഇടപെടാൻ തനിക്കു നിർവ്വാഹമില്ലെന്നു പ്രധാനമന്ത്രി മറുപടി പറഞ്ഞു. മിൻസെന്തിയുടെ നിർബ്ബന്ധം മുറുകിയപ്പോൾ അദ്ദേഹം അക്ഷമനായിത്തീർന്നു.

“നിങ്ങളുടെ രൂപതയ്ക്കകത്തുള്ള കാര്യങ്ങളിൽ മാത്രം നിങ്ങൾ ഇടപെട്ടാൽ മതി. ഹങ്കറിയുടെ വിദേശബന്ധങ്ങൾ രാഷ്ട്രത്തിൻെറ ചുമതലയിൽ വിട്ടേക്കു.”

“സലായിലെ മാത്രമല്ല, ഈ രാജ്യത്തിലുള്ള എല്ലാ കത്തോലിക്കരും എൻെറ ഈ അഭ്യർത്ഥനയെ പിൻതാങ്ങുന്നു.” മിൻസെന്തി പറഞ്ഞു. “ഒരു വൈദികനായ ഞാൻ പ്രധാനമന്ത്രിയെ അദ്ദേഹത്തിൻെറ ചുമതലകൾ ഓർമ്മപ്പെടുത്തേണ്ടിവന്നിരിക്കുന്നതു ഖേദകരമാണ്. അതിൽ ഞാൻ ഒരു ശകാരപാത്രമായിത്തീർന്നതു് അതിലേറെ പരിതാപകരമാണ്.”

“അങ്ങു നിലവിട്ടു സംസാരിക്കുന്നു.” പ്രധാനമന്ത്രി പറഞ്ഞു.

“ഞാൻ നില മറന്നല്ല സംസാരിക്കുന്നതു്. പ്രധാനമന്ത്രിമാർ, ജീവനോടുകൂടിയും അല്ലാതെയും, അധികാരത്തിൽനിന്നു വിരമിക്കുന്നതു ഞാൻ കണ്ടിട്ടുണ്ട്. കുററവാളിയെന്നു വിധിക്കപ്പെട്ടു നിങ്ങൾ അധികാരത്തിൽനിന്നു

ബഹിഷ്കൃതനായി വളരെ നാൾകഴിഞ്ഞശേഷവും ഞാൻ ഒരു വൈദികനായി ബഹുമാനിക്കപ്പെടുന്നതായിരിക്കും."

മുമ്പു ഞാൻ ഉദ്ധരിച്ചിരുന്ന ഓറൽ കേണിന്റെ കത്തിൽ ഇങ്ങനെ പറയുന്നു.

"മിൻസെന്തി പ്രധാനമന്ത്രിയെ വിട്ടുപിരിഞ്ഞതു തീവ്രമായ പ്രതികൂലമനോഭാവത്തോടുകൂടിയാണ്. അന്നു സായാഹ്നത്തിൽ ഗവമ്മെൻറുകക്ഷിയിലെ പല പ്രതിനിധികളെയും ക്ഷണിച്ച് ഒരു വിരുന്നു നടത്താൻ അദ്ദേഹം ഏപ്പാടുചെയ്തു. മന്ത്രിസഭയിലെ ഒരുയന്ന ഉദ്യോഗസ്ഥനെന്ന നിലയിൽ ഞാനും അതിലേക്കു ക്ഷണിക്കപ്പെട്ടിരുന്നു. മിൻസെന്തിയും പ്രധാനമന്ത്രിയും തമ്മിൽ രസമില്ലാതെ പിരിഞ്ഞിരിക്കുന്നതിനാൽ ഗവമ്മെൻറുകക്ഷിക്കാരായ ഞങ്ങൾ ആ വിരുന്നിൽ സംബന്ധിക്കണമോ എന്ന് എന്നോടു ചില സാമാജികന്മാർ ഫോണിൽ ചോദിച്ചു. ഗവമ്മെൻറുകക്ഷി അംഗങ്ങളുടെ മനോഭാവം എന്താണെന്ന് എനിക്കറിഞ്ഞുകൂടെന്നും, ഞാൻ വിരുന്നിൽ സംബന്ധിക്കുന്നുണ്ടെന്നും ഞാൻ മറുപടി കൊടുത്തു.

"വിരുന്നിനുശേഷം സുദീർഘമായ ചർച്ചകൾ നടന്നു. അതിൽ സലജേഴ്സ്സ്കസ്സിലെ മിലിട്ടറി കമാൻഡറായിരുന്ന കേണൽ ടിമാറും സംബന്ധിച്ചിരുന്നു. ആ ചർച്ചകൾക്കിടയിൽ, വളരെ പരുഷമായ ഭാഷയിൽ, ഹിററ്ലക്ക് അയയ്ക്കുന്നതിന് ഒരു കമ്പിയുടെ നക്കൽ മിൻസെന്തി തയ്യാറാക്കി അതിൽ ഒപ്പുവച്ചു. യൂഗോസ്ലാവിയായിൽ യഹൂദരെ വധിക്കുന്നതിലുള്ള പ്രതിഷേധം അതിൽ രേഖപ്പെടുത്തിയിരുന്നു. ഒന്നാം ലോകമഹായുദ്ധത്തിൽ അവസാനനിമിഷംവരെ ജമ്മനിയുടെ പക്ഷത്തു് ഉറച്ചുനിന്നു സമരം തുടരാതിരുന്നെങ്കിൽ ഹങ്കറിയുടെ അധീനതയിൽതന്നെ ഇരിക്കുമായിരുന്ന ഏതാനും പ്രദേശങ്ങൾ ഇപ്പോൾ ഹങ്കറിക്കു വിട്ടുകൊടുക്കണമെന്നും അതിൽ ആവശ്യപ്പെട്ടിരുന്നു. അതിന്റെ ഭാഷ അല്പം മയപ്പെടുത്തണമെന്നു ഞാൻ അഭി

പ്രായപ്പെട്ടതു മിൻസെന്തി സ്വീകരിച്ചു. അന്നു രാത്രി തന്നെ ആ സന്ദേശം അയയ്ക്കുകയും ചെയ്തു.

"ഇതിനുശേഷം സ്ഥിതിഗതികൾ നിരീക്ഷിക്കുന്നതിനും, നിവൃത്തിയുള്ള നടപടികൾ കൈക്കൊള്ളുന്നതിനും വേണ്ടി വിശ്വസ്തരായ മുപ്പതു് ആളുകളെ ഞാൻ സക്ടോർണിയായിലേക്കു നിയോഗിച്ചു. (ഇതു യൂഗോസ്ലാവിയായിലെ ഒരു ഗ്രാമമായിരുന്നു. മുൻപു ഹങ്കേറിയൻ സംസ്ഥാനത്തിൽ ഉൾപ്പെട്ടതായിരുന്നു. ഇവിടെയും സമീപപ്രദേശങ്ങളിലുമാണു യഹൂദവധങ്ങൾ കൂടുതലായി നടന്നിരുന്നതു്.)

"ഇതിനുപുറമേ, ബുഡാപ്പെസ്റ്റിലെ അധികാരികളോടു് ആലോചിക്കാതെ കേണൽ ടിമർ സലജേഴ്സ്സെഗ്ഗിൽ നിന്നു് ഒരു കാലാൾപ്പടയുമൊരുമിച്ചു സക്ടോർണിയായിലേക്കു കടന്നു്, ഹംഗറിക്കു് അവകാശപ്പെട്ടതാണു് ആ പ്രദേശമെന്ന ന്യായത്തിൽ, രണ്ടാം ലോകമഹായുദ്ധത്തിന്റെ അന്ത്യഘട്ടംവരെ, ആ പ്രദേശത്തെ അധീനതയിൽവച്ചുകൊണ്ടു്, അവിടെ ക്രമസമാധാനങ്ങൾ പാലിച്ചിരുന്നു.

"ഇങ്ങനെയാണു മിൻസെന്തി സക്ടോർണിയായേയും അയൽപ്രദേശങ്ങളേയും 1941-ൽ രക്ഷിച്ചതു്."

# IX

## ആരോ-ക്രോസ്സും സ്വസ്തികയും

1943 പകുതിയായപ്പോഴേക്കും ഹങ്കറി അച്ചുതണ്ടുശക്തികളുടെ കൂട്ടുകെട്ടിൽനിന്നു വിട്ടുപിരിയാൻ സന്നദ്ധയായി, അതിനുവേണ്ടി സഖ്യകക്ഷികളുടെ അടുക്കലേക്കു സമാധാനദൂതന്മാരെ അയച്ചുതുടങ്ങി. അതേസമയം, പരാജയപ്പെടുമെന്നു തിട്ടപ്പെട്ടിരുന്ന നാസിശക്തികൾക്കു കൂടുതൽ സഹായം കൊടുക്കണമെന്നു ജർമ്മനി ഹങ്കറിയെ ഞെരുക്കിക്കൊണ്ടിരുന്നു. അന്യായമായ ഈ അഭ്യർത്ഥനകൾ നിറവേററുവാൻ റീജെൻറു ഹോർത്തി മടികാണിച്ചപ്പോൾ നാസിസൈന്യം 1944 മാർച്ചുമാസത്തിൽ ഹങ്കറിയിൽ പ്രവേശിച്ചു. 1942 മുതൽ, ബർഡോസിയുടെ പിൻഗാമിയായി, പ്രധാനമന്ത്രിപദം വഹിച്ചിരുന്ന നിക്കോളാസ് കാല്ലെയെ അവർ നീക്കംചെയ്തു്, ജനറൽ ഡ്യൂം സ്റ്റോജെയെ തൽസ്ഥാനത്തു പ്രതിഷ്ഠിച്ചു. തുടർന്നു നടന്നതു യഥാർത്ഥത്തിൽ ജർമ്മൻ രഹസ്യപ്പോലീസിൻെറ ഭരണമായിരുന്നു. ഹങ്കേറിയൻ യഹൂദന്മാരുടെ വിനാശവും അതോടെ ആരംഭിച്ചു. നാസികൾ പരാജിതരാകുന്നതിനുമുമ്പ് അനേകലക്ഷം യഹൂദർ തടങ്കൽപ്പാളയങ്ങളിൽ അയയ്ക്കപ്പെടുകയോ വധിക്കപ്പെടുകയോ ചെയ്തു.

1944 മാർച്ചുമാസത്തിൽ, ജർമ്മൻ ആക്രമണത്തിനു് ഏതാനും ദിവസങ്ങൾക്കു മുമ്പായി, മിൻസെന്തി മെത്രാനായി വാഴിക്കപ്പെട്ടു. അദ്ദേഹത്തിൻെറ പുത്തൻകുർബ്ബാന

ദിവസം ഗ്രാമവാസികൾ പ്രത്യാശിച്ചതുതന്നെ അങ്ങനെ സംഭവിച്ചു. വെസ്പ്രേമിലുള്ള മെത്രാസനാരമനയിലേക്ക് അദ്ദേഹം മാറിത്താമസിച്ചു. നാസിസത്തിനും യഹൂദമെത്രനത്തിനുമെതിരായി പുതിയ സ്ഥാനലബ്ധിമൂലം വർദ്ധിച്ചിരുന്ന തൻെറ കഴിവുകൾ മുഴുവനും അദ്ദേഹം വിനിയോഗിച്ചു.

വെസ്പ്രേമിൻെറ മെത്രാനായി നിയമിക്കപ്പെട്ട് അധികം കഴിയുന്നതിനുമുമ്പ് ആ രൂപതയിലെ ഏററവും വലിയ നഗരമായ പാപ്പായിൽ അദ്ദേഹം ഒരു ഔദ്യോഗിക സന്ദർശനം നടത്തി.

പൊന്തിഫിക്കൽ കുർബാനയ്ക്കുശേഷം പള്ളിമേടയിൽവച്ചു നഗരത്തിലെ വിവിധ കത്തോലിക്കാ സംഘടനകൾക്ക് അദ്ദേഹമൊരു സന്ദർശനം അനുവദിച്ചു. മഹിളാ പ്രതിനിധികളുടെ കൂട്ടത്തിൽ മിസിസ് ഡെസോ സുലിയോക്ക് എന്ന മഹതിയുമുണ്ടായിരുന്നു. പാർലമെൻറിലെ സാമാജികനായിരുന്ന ആ മഹതിയുടെ ഭർത്താവ് ആരോ-ക്രോസ് കക്ഷിയെ നിരന്തരം എതിർത്തിരുന്നു എന്ന ഏക കാരണത്താൽ, തടവിലടയ്ക്കപ്പെട്ടിരുന്നു. ആ സ്ത്രീയോടു മിൻസെന്തി ചോദിച്ചു.

"നിങ്ങളുടെ ഭർത്താവു തടവിലാണ്, അല്ലേ?"

"അതെ."

"എന്താണു കാരണം?"

"കാരണങ്ങൾ രാഷ്ട്രീയം മാത്രമാണ്. അദ്ദേഹം ഒരു നാസിവിരോധിയാണെന്ന് ഇപ്പോഴത്തെ ഗവൺമെൻറിന് അറിയാം."

അദ്ദേഹത്തെ വിമോചിപ്പിക്കുവാൻ താൻ ശ്രമിക്കുന്നതായിരിക്കുമെന്നു മിൻസെന്തി ആ സ്ത്രീക്ക് ഉറപ്പുകൊടുത്തു.

കുറച്ചുദിവസങ്ങൾക്കു ശേഷം ഡെസോ സുലിയോക്ക് തൻെറ തടങ്കൽപാളയത്തിൻെറ പടിവാതിൽക്കലേക്കു

വിളിക്കപ്പെട്ടു. അദ്ദേഹത്തെ സന്ദർശിക്കാൻ എത്തിയിരുന്നതു വെസ്റ്റ്പ്രേമിലെ മെത്രാനാൽ നിയുക്തനായ ഒരു ഫ്റാൻസിസ്കൻ സന്യാസിയായിരുന്നു. സുലിയോക്കിൻെറ സുഖസൗകര്യാദികളെക്കുറിച്ചു പ്രത്യേകിച്ചും, തടവിലെ സ്ഥിതിഗതികളെക്കുറിച്ചു പൊതുവേയും, അദ്ദേഹം അന്വേഷിച്ചു. താൻ അവിടെ വന്നതിനുശേഷം ആ പാളയത്തിൽ ഒരൊററ ദിവ്യബലിപോലും അർപ്പിക്കപ്പെട്ടിട്ടില്ലെന്ന വിവരം സുലിയോക്ക് സന്യാസിയെ ധരിപ്പിച്ചു.

ഈ അറിവിൻെറ അടിസ്ഥാനത്തിൽ മിൻസെന്തി ഔദ്യോഗികമായി ഇടപെട്ടു പതിവായി പാളയത്തിൽ ദിവ്യബലി അർപ്പിക്കുന്നതിനുള്ള ഏർപ്പാടു ചെയ്തു.

തൻെറ ബന്ധനവിമോചനത്തെ സുലിയോക്ക് ഇങ്ങനെ വിവരിക്കുന്നു:

ജൂൺ ഒന്നാംതീയതി ഉച്ചയ്ക്കുശേഷം തടങ്കൽപാളയത്തിലെ കമാൻഡർ എന്നെ വിളിച്ച് ബിഷപ്പ് മിൻസെന്തി നാഗിക്കനിസായിൽ വന്നിട്ടുണ്ടെന്നും എന്നെ കാണാൻ ആഗ്രഹിക്കുന്നെന്നും പറഞ്ഞു. തടങ്കൽപാളയത്തിൽവച്ച് എന്നെ സന്ദർശിക്കാനാണ് അദ്ദേഹം അനുവാദം ആവശ്യപ്പെട്ടതു്. എന്നാൽ ബിഷപ്പ് ക്യാമ്പിൽ കടന്നുവരുന്നതു കമാൻഡർക്ക് ഇഷ്ടമല്ലാതിരുന്നതിനാൽ അദ്ദേഹം അതു നിരസിച്ചു. മിൻസെന്തിയുമായുള്ള കൂടിക്കാഴ്ചയ്ക്കുവേണ്ടി എന്നെ ഒരു പോലീസുകാരനേയുംകൂട്ടി പോലീസ് ഹെഡ്ക്വാർട്ടേഴ്സിലേക്ക് അയച്ചു.

അവിടെയുള്ള പോലീസ് മേധാവിയായ ജോസഫ് ബക്കിയുടെ മുറിയിൽവച്ചാണ് ഞാൻ അദ്ദേഹത്തെ ആദ്യമായി കാണുന്നതു്. തടങ്കൽപാളയത്തിലെ തടവുകാരെ വിട്ടയക്കാനുള്ള അധികാരം പോലീസ്മേധാവിയിൽ നിക്ഷിപ്തമായിരുന്നു.

ഒരു തടവുകാരനായി ആനയിക്കപ്പെട്ട എന്നോടു പോലീസ് മേധാവി ഇരിക്കാൻ ആവശ്യപ്പെട്ടില്ല. ഇതു

കണ്ടു ബിഷപ്പ് പറഞ്ഞു.

"മി. സുലിയോക്കു് ആസന്നസ്ഥനാകുന്നതിൽ നിങ്ങൾക്കു വിരോധമില്ലെന്നു ഞാൻ വിശ്വസിക്കട്ടെയോ?"

"ഓ.... തീർച്ചയായിട്ടും." പോലീസ് മേധാവി പരുങ്ങലോട്ടുകൂടി പറഞ്ഞു.

ഞാൻ ഇരുന്നു. എൻെറ ഭാര്യയെ കണ്ടു സംസാരിച്ച വിവരം ബിഷപ്പ് എന്നോടു പറഞ്ഞു. തുടന്ന് അവളുടെ പ്രേമാശിസ്സുകളും അദ്ദേഹം എന്നെ അറിയിച്ചു. അനന്തരം അദ്ദേഹം ബക്കിയുടെ നേക്കു തിരിഞ്ഞുപറഞ്ഞു:

"മിസ്റ്റർ സുലിയോക്കുമായി തനിച്ചു സംസാരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. സർ, കുറച്ചുനേരത്തേക്കു് ഇവിടെനിന്നു മാറിത്തരുന്നതിനു നിങ്ങൾക്കു ദയവുണ്ടാകുമോ?"

ഇതു കേട്ടു വിസ്മയാധീനനായിത്തീന്ന പോലീസ് മേധാവി ഒരു പരുങ്ങിയ ചിരിചിരിച്ചു. സ്വന്തം ആപ്പീസുമുറിയിൽനിന്നു് ഇങ്ങനെ അദ്ദേഹം ഇതിനുമുമ്പു നിഷ്കാസിതനായിട്ടില്ല. എങ്കിലും വൈമനസ്യത്തോടുകൂടി ആയാൾ എഴുന്നേററു പുറത്തുപോയി. ഞങ്ങൾ തനിച്ചായപ്പോൾ എൻെറ ബന്ധനത്തിനു പ്രത്യക്ഷത്തിലുള്ള നാസിവിരോധത്തിൽ കവിഞ്ഞു മററെന്തെങ്കിലും കാരണമുണ്ടെങ്കിൽ അതു തന്നോടു തുറന്നുപറയണമെന്നു് അദ്ദേഹം ആവശ്യപ്പെട്ടു. എന്തെങ്കിലും നിയമം ഞാൻ ലംഘിച്ചിട്ടുണ്ടോ എന്നദ്ദേഹത്തിനു് അറിയണം.

അങ്ങനെ ഒന്നുമില്ലെന്നും, ഞാനും ഗവർമ്മെൻറും തമ്മിലുള്ള രാഷ്ട്രീയമായ ആശയവൈരുദ്ധ്യം മാത്രമാണു് എൻെറ ബന്ധനത്തിനു നിദാനമെന്നും ഞാൻ തീർത്തുപറഞ്ഞു.

"എന്നാൽ ഞാൻ നിങ്ങളെ ബന്ധനവിമുക്തനാക്കാം." നിശ്ചയദാർഢ്യം സ്ഫുരിക്കുന്ന സ്വരത്തിൽ മിൻസെന്തി പ്രഖ്യാപിച്ചു. "ഗവമ്മെൻറിൻെറ നയത്തോടു

യോജിക്കാത്തതു നിങ്ങളൊരാൾ മാത്രമല്ല. ഞാൻ തന്നെ അതിനോടനുകൂലിക്കുന്നില്ല. ഹങ്കേറിയൻ ജനങ്ങളിൽ ബഹുഭൂരിപക്ഷവും അതിനോടു വിയോജിക്കുന്നവരാണ്."

അദ്ദേഹം ബക്കിയെ വിളിച്ച് എന്നെ വിമോചിപ്പിക്കണമെന്നാവശ്യപ്പെട്ടു. ആ പോലീസ് മേധാവി ഞെട്ടിപ്പോയി. "അതു് അസാദ്ധ്യമാണ്, തിരുമേനി." അയാൾ പ്രസ്താവിച്ചു.

"എന്നാൽ എന്നെയുംകൂടി അറസ്റ്റ് ചെയ്യൂ. ഞാനും ഇദ്ദേഹത്തോടൊരുമിച്ചു താമസിക്കാം." മിൻസെന്തി ഉറപ്പിച്ചു പറഞ്ഞു. "നിങ്ങളുടെ സർക്കാരിൻെറ രാഷ്ട്രീയാഭിപ്രായങ്ങളോടു യോജിക്കാത്ത ഇദ്ദേഹം അറസ്റ്റിനു് അർഹനാണെങ്കിൽ ഞാനും അപ്രകാരമാണ്. എന്തുകൊണ്ടെന്നാൽ എൻെറയും മിസ്റ്റർ സുലിയോക്കിൻേറയും രാഷ്ട്രീയാഭിപ്രായങ്ങൾ ഒരേതരത്തിലുള്ളവതന്നെയാണ്. ഇദ്ദേഹത്തെപ്പോലെ ഞാനും ഇന്നത്തെ സർക്കാരിനെ അപലപിക്കുന്നു."

"പക്ഷെ, അങ്ങയെ അറസ്റ്റ് ചെയ്യുന്നതിനു് എനിക്കു് അധികാരമില്ല." ബക്കി പ്രതിഷേധസ്വരത്തിൽ മറുപടി പറഞ്ഞു. "മാത്രമല്ല അതു ചെയ്യുന്നതു് എനിക്കു വളരെ വേദനാജനകവുമാണ്. ഞാനും ഒരു ഉത്തമകത്തോലിക്കനാണ്. അവിടുന്നു പഠിച്ച സ്വംബാത്ത്ലിയിലെ വിദ്യാലയത്തിൽ തന്നെയാണു ഞാനും പഠിച്ചതു്."

"നിങ്ങളുടെ വിദ്യാഭ്യാസം നിങ്ങൾക്കു സാരമായ പ്രയോജനമൊന്നും വരുത്തിയില്ലെന്നു തോന്നുന്നല്ലോ." മിൻസെന്തി പ്രതിവചിച്ചു. "പ്രയോജനപ്പെട്ടിരുന്നെങ്കിൽ നിങ്ങൾ ഇന്നത്തെ ഭരണകൂടത്തെ സേവിക്കയില്ലായിരുന്നു. മി. സുലിയോക്കിനെ ഉടൻ മോചിപ്പിക്കണമെന്നു ഞാൻ ആവശ്യപ്പെടുന്നു."

"എനിക്കതിനു നിവ്വാഹമില്ല. അദ്ദേഹത്തെ അറസ്റ്റ് ചെയ്യുവാൻ ഉത്തരവിട്ടതു ഞാനല്ല, ആഭ്യന്തരമന്ത്രി

യാണ്."

"അങ്ങനെയാണെങ്കിൽ, ദയവായി നിങ്ങൾ മന്ത്രിയെ ഫോണിൽ വിളിച്ചു പറയൂ, ഇദ്ദേഹത്തെ മോചിപ്പിക്കണമെന്ന്."

"അതിനും എനിക്കു നിവൃത്തിയില്ല. ഇത്തരമൊരു കാര്യത്തിൽ എനിക്കു മന്ത്രിയെ ഉപദേശിക്കാൻ അധികാരമില്ല. തിരുമേനി തന്നെ അദ്ദേഹത്തോടു സംസാരിച്ചാലും."

മിൻസെന്തി പൊട്ടിച്ചിരിച്ചു. "നിങ്ങളുടെ മന്ത്രി ഉൾപ്പെട്ട ആ നികൃഷ്ടസംഘത്തോടു ഫോണിൽക്കൂടിപ്പോലും ഞാൻ സംസാരിക്കയില്ല. നിങ്ങൾ തന്നെ ആയാളെ വിളിക്കുക."

താൻ പരാജയപ്പെട്ടെന്നു ബക്കി കണ്ടു. ആയാൾ ഫോൺ കൈയിലെടുത്തുകൊണ്ട്, എന്നോടു മുറിവിട്ടു പോകണമെന്ന് ആവശ്യപ്പെട്ടു. എന്നാൽ മിൻസെന്തി അതിലും ചാടിവീണു. "ഇതു മിസ്റ്റർ സുലിയോക്കിൻെറ കാര്യമാണ്. അദ്ദേഹത്തെക്കുറിച്ചു നിങ്ങൾ മന്ത്രിയോടെന്താണു പറയുന്നതെന്നു കേൾക്കാൻ അദ്ദേഹത്തിന് അവകാശമുണ്ട്."

വിഷണ്ണനായിത്തീന്ന ബക്കി വീണ്ടും കീഴടങ്ങി. ആയാൾ മന്ത്രിയെ വിളിച്ചു. സുലിയോക്കിൻെറ അറസ്റ്റിന് ഉത്തരവിട്ടതു താനല്ലെന്നും, ആയാളെ മോചിപ്പിക്കുന്നതിനു തനിക്കു വിരോധമില്ലെന്നുമായിരുന്നു മന്ത്രിയുടെ മറുപടി.

"ഞാൻ പറഞ്ഞില്ലേ?" ബക്കി ഫോൺ താഴെ വച്ചപ്പോൾ മിൻസെന്തി ചോദിച്ചു. "നിങ്ങളുടെ ഗവണ്മെൻറ് ഒരു നികൃഷ്ടസംഘമാണെന്നു ഞാൻ പറഞ്ഞതു ശരിയല്ലേ? തങ്ങളുടെ പ്രവൃത്തികൾ ചോദ്യംചെയ്യപ്പെട്ടപ്പോൾ അവർ അതിൻെറ ഉത്തരവാദിത്വത്തിൽ നിന്നൊഴിഞ്ഞുമാറും."



കർദ്ദിനാൾ മിൻസെന്തി

(അറസ്റ്റിനു മുൻപു്)



അറസ്റ്റിനും മർദ്ദനങ്ങൾക്കുംശേഷം

(കർദ്ദിനാൾ പ്രതിക്കൂട്ടിൽ, ജീവപര്യന്തത്തടവുശിക്ഷ നൽകിക്കൊണ്ടുള്ള വിധി കേൾക്കുകയാണ്)

കഴിയുംവേഗം എൻെറ മോചനത്തിനു വേണ്ടതു ചെയ്യാമെന്നു ബക്കി ഉറപ്പുപറഞ്ഞു. മിൻസെന്തിക്ക് അതുകൊണ്ടു തൃപ്തിവന്നില്ല. അതു് ഉടൻതന്നെ വേണമെന്നു് അദ്ദേഹം ആവശ്യപ്പെട്ടു.

"മിസ്റ്റർ സുലിയോക്കിന്ന് എൻെറകൂടെ വരാൻ കഴിയുന്നതുവരെ ഞാൻ ഇവിടെയിരിക്കാം." അദ്ദേഹം പറഞ്ഞു.

പരിപൂൎണ്ണമായും പരാജിതനായ ബക്കി എൻെറ മോചനത്തിനുള്ള ഉത്തരവ് ഉടൻ എഴുതിത്തന്നു.

ജമ്മൻസേന ബുഡാപ്പെസ്റ്റ് ആക്രമിച്ച ദിവസം, ഭാഗ്യവശാൽ, ബലാ വാർഗാ സ്ഥലത്തുണ്ടായിരുന്നില്ല. വന്നപാടെ അവർ ബലാ വാർഗാ സാധാരണ ജോലിചെയ്തുകൊണ്ടിരുന്ന പോളിഷ് ഓഫീസിൽ കയറി അദ്ദേഹത്തെ അന്വേഷിച്ചു. അവരുടെ ഒന്നാം നമ്പർ ശത്രു അദ്ദേഹമായിരുന്നല്ലോ. അദ്ദേഹത്തെ കണ്ടുകിട്ടാത്തതിൽ കുപിതരായ അവർ അവിടെ ഉണ്ടായിരുന്ന സകല ജോലിക്കാരെയും കൊന്നൊടുക്കി.

വാർഗാ രാത്രിയിൽ മിൻസെന്തിയുടെ പക്കലേക്കു പോയി. അദ്ദേഹത്തിൻെറ ഗുപ്തവാസത്തിനു പററിയ സ്ഥലത്തെപ്പററി അവർ അവധാനപൂൎവ്വമായ ആലോചനകൾ നടത്തി. മെത്രാസനമന്ദിരം അതിനു പററിയതായിരുന്നില്ല. ഒടുവിൽ ഹോമോക്കോമാറം എന്ന ഗ്രാമത്തിലുള്ള ഒരു കെട്ടിടത്തിലെ രഹസ്യമുറിയിൽ വാർഗായ്ക്കു താമസിക്കാനുള്ള സൗകൎയ്യങ്ങൾ സജ്ജീകരിക്കപ്പെട്ടു. ഏഴുമാസക്കാലം അദ്ദേഹം അവിടെ അജ്ഞാതവാസം ചെയ്തു. പതിവായി ആഹാരവുംകൊണ്ടു ചെന്നിരുന്ന ഇടവക വൈദികനിൽനിന്ന് അദ്ദേഹം ഹങ്കറിയിലെ രാഷ്ട്രീയ സംഭവവികാസങ്ങൾ മനസ്സിലാക്കിവന്നു.

1944 നവമ്പർ 1ാംനു- മിൻസെന്തിയുടെ ദൗത്യവും വഹിച്ചുകൊണ്ടു് എവ്ജിൻ കെർക്കായ് എന്ന ഒരു വൈദികൻ വാർഗായുടെ നിഗൂഢസങ്കേതത്തിലെത്തി.

"ബിഷപ്പ് തിരുമേനി ഒരു സന്ദേശവുമായി എന്നെ അയച്ചിരിക്കുന്നു." അദ്ദേഹം പറഞ്ഞു. "അങ്ങ് ഉടൻതന്നെ ബുഡാപ്പെസ്റ്റിലേക്കു പോയി അവിടെയുള്ള യഹൂദന്മാരെ രക്ഷിക്കണമെന്നു തിരുമേനി അഭിലഷിക്കുന്നു."

അപ്പോഴേക്കും ശോഷിച്ച് ഒരസ്ഥിമാത്രശരീരനായിത്തീർന്നിരുന്ന ബലാ വാർഗാ ഒഴികിഴിവു പറഞ്ഞു.

"ഞാനതിന് അപ്രാപ്തനാണെന്നു തിരുമനസ്സറിയിക്കുക. പത്തുകൊല്ലത്തെ സമരം എന്നെ പരിക്ഷീണനാക്കിയിരിക്കുന്നു. ഏഴുമാസത്തെ നിഗ്രഡവാസം എന്നെ നിശ്ശേഷം വിവശനാക്കിയിരിക്കയാണ്. ഈ ജോലി നിർവഹിക്കാനുള്ള പ്രാപ്തി ഇന്നെനിക്കില്ല. മറേറതെങ്കിലുമൊരു വൈദികനെ തിരുമേനി ഇതിനു നിയോഗിക്കട്ടെ. അവിടെ പ്രവർത്തിക്കേണ്ട വിധങ്ങളെക്കുറിച്ചു ഞാൻ ചില നിർദ്ദേശങ്ങൾ നൽകിക്കൊള്ളാം."

"അങ്ങുമാത്രമേ ഈ ജോലി നിർവഹിക്കുവാൻ പ്രാപ്തനായിട്ടുള്ളു എന്നാണു തിരുമേനിയുടെ വിശ്വാസം. യഹൂദരും ക്രിസ്ത്യാനികളും ഒരുപോലെ അങ്ങയെ വിശ്വസിക്കുന്നു."

"ദൈവത്തെ സാക്ഷിനിർത്തിക്കൊണ്ടു ഞാൻ പറയുന്നു: ഞാനതിനു പ്രാപ്തനാണെന്ന ബോധമെനിക്കില്ല. കർത്തവ്യത്തിൽനിന്നൊഴിഞ്ഞുമാറാൻ എനിക്കാഗ്രഹമില്ല. പക്ഷേ, ഞാൻ ദുർബലനായിത്തീർന്നിരിക്കുന്നു."

കെർക്കായ് തിരിച്ചുപോയി. പക്ഷേ നാലു ദിവസത്തിനുശേഷം അദ്ദേഹം വീണ്ടും മടങ്ങിവന്നു.

"ബിഷപ്പുതിരുമേനിയുടെ കല്പനയുമായിട്ടാണു ഞാൻ വന്നിരിക്കുന്നത്." അദ്ദേഹം പറഞ്ഞു. "അദ്ദേഹം ഒരു സ്നേഹിതനോടഭ്യർത്ഥിക്കുകയല്ല. തൻെറ രൂപതയിലുള്ള ഒരു വൈദികനോടാജ്ഞാപിക്കുകയാണ്: ഇന്നു രാത്രി അങ്ങു സ്ഥലം വിടണം. യാത്രയ്ക്കു ബിഷപ്പിൻെറ കാർ തയ്യാറാക്കിയിട്ടുണ്ട്. വെസ്പ്രേമിലേക്ക് എന്നോടുകൂടി അങ്ങു വരണം. അരമനയിൽവച്ച് അങ്ങേയ്ക്ക് ആജ്ഞ

കൾ ലഭിക്കും. ഇന്നുരാത്രിതന്നെ അവിടുന്നു ബുഡാപ്പെസ്റ്റിലേക്കു പോകണം."

അവർ വൈദികവേഷങ്ങൾ മാററി സാധാരണപൗരന്മാരുടെ വേഷത്തിൽ വെസ്പ്രേമിലെത്തിച്ചേർന്നു. മിൻസെന്തി അവരെ കാത്തിരിപ്പുണ്ടായിരുന്നു.

"ജാഗ്രതയായിരിക്കുക." അദ്ദേഹം പറഞ്ഞു. "എൻെറ ഓരോ പ്രവൃത്തിയും സൂക്ഷ്മമായി നിരീക്ഷിക്കപ്പെടുന്നുണ്ടു്. നിങ്ങൾ ഇവിടെ അധികം താമസിക്കരുതു്. ഈ കാർ നിങ്ങളെ ബുഡാപ്പെസ്റ്റിലെത്തിക്കും. എല്ലാ സന്യാസാശ്രമങ്ങളും, ഇടവകദൈവാലയങ്ങളും നിങ്ങൾ കയറിയിറങ്ങണം. എല്ലാ മതസ്ഥാപനങ്ങളുടെ കവാടങ്ങളും യഹൂദർക്കുവേണ്ടി തുറക്കപ്പെടണം. അവർക്കെല്ലാവർക്കും ക്രിസ്ത്യാനികളുടെ പേരിൽ കൃത്രിമരഹസ്യരേഖകൾ നൽകപ്പെടണം. യഹൂദർക്കഭയം കൊടുക്കുന്നവർ മരണശിക്ഷയ്ക്കു വിധിക്കപ്പെടുന്നതാണു്. എന്നാലും നാം നമ്മുടെ കത്തവ്യങ്ങൾ നിവ്വഹിക്കുകതന്നെ വേണം."

"ഞാൻ എൻെറ കത്തവ്യങ്ങൾ നിർവഹിച്ചിട്ടില്ലെന്നു തിരുമേനിക്കു തോന്നുന്നുണ്ടോ?" വാർഗാ ചോദിച്ചു.

"താങ്കളേക്കാൾ കൂടുതൽ പൂർത്തിയായി കത്തവ്യം നിവ്വഹിച്ചിട്ടുള്ളവർ മററാരുമില്ല." മിൻസെന്തി ഉറപ്പുനൽകി. "എന്നാൽ ഒരു പുരോഹിതൻെറ കത്തവ്യനിർവഹണം ദിവസേന പുനരാവത്തിക്കേണ്ടതുണ്ടു്. ഇന്നലെയും, ഇന്നും, നാളെയുംമാത്രം പോരാ, മരണംവരെ കത്തവ്യങ്ങൾ അനുഷ്ഠിക്കപ്പെടണം. യഹൂദന്മാരെ രക്ഷിക്കുന്നതിനുവേണ്ടി, ജീവനെക്കൂടി പണയംവച്ചു നമ്മുടെ കഴിവിൻെറ പരമാവധി നാം പരിശ്രമിക്കാതിരിക്കുകയാണെങ്കിൽ, മായിച്ചാൽ മായാത്ത അപമാനത്തിൻെറ മുദ്ര നമ്മുടെമേൽ നിലനിൽക്കും. ബുഡാപ്പെസ്റ്റിൽ നമ്മുടെയും തിരുസഭയുടെയും പേരിൽ കാര്യങ്ങൾ നടത്തുവാനും ആജ്ഞകൾ കൊടുക്കുവാനും താങ്കൾക്കധികാരമുണ്ടായിരിക്കും."

എവ്ജീൻ കെർക്കായിയുമൊരുമിച്ച് ആ രാത്രിതന്നെ ബലാ വാർഗാ ബുഡാപ്പെസ്റ്റിലേക്കു പുറപ്പെട്ടു.

ബുഡാപ്പെസ്റ്റ്നഗരത്തെ സമീപിച്ചപ്പോരം വിയെന്നായിലേക്കുള്ള വഴിയേക്കൂടി കന്നുകാലിപ്പുററങ്ങളെപ്പോലെ ആട്ടിപ്പായിക്കപ്പെട്ടുന്ന യഹൂദസംഘങ്ങളെ അവർ കാണാൻ തുടങ്ങി. നാസിരഹസ്യപ്പോലീസുകാരാണ് അവരെ അടിച്ചു തെളിച്ചുകൊണ്ടിരുന്നതു്. ശോകാക്രാന്തരായ വൃദ്ധജനങ്ങരം, പെൺകുട്ടികരം, സ്ത്രീകരം, കുഞ്ഞുകുട്ടികരം; ഓരോരുത്തരുടേയും തലയിൽ ഓരോ ചെറിയ ഭാണ്ഡവുമുണ്ടായിരുന്നു.

ഉറക്കം തൂങ്ങിക്കൊണ്ടിരുന്ന വാർഗായെ കെക്കായ് വിളിച്ചുണർത്തി. "അതാ നോക്കൂ. ആ കുട്ടികളുടെ കണ്ണുകരം കാണുന്നുണ്ടോ?"

പോലീസുകാരുടെ അണികരംക്കിടയിലൂടെ അവർ നടന്നുനീങ്ങുകയാണ്. ചില കുട്ടികരം അമ്മമാരുടെ കൈക്കുപിടിച്ചുകൊണ്ടു, മററുചിലർ ഒററയൊററയായി വലിഞ്ഞിഴഞ്ഞുകൊണ്ടു്. നവമ്പർമാസത്തിലെ പ്രഭാതത്തിന്റെ ആ മരവിപ്പിക്കുന്ന തണുപ്പിൽ, മൂടൽമഞ്ഞുനിറഞ്ഞ നിരത്തിലൂടെ അവർ അടിച്ചുകൊണ്ടുപോകപ്പെടുകയാണ്. ആ കുഞ്ഞുങ്ങളുടെ കണ്ണുകരം ഉൽക്കടമായ ഭയംകൊണ്ടു മിഴിച്ചു തുറിച്ചിരുന്നു.

"എന്റെ ദൈവമേ!" വാർഗാ നിലവിളിച്ചുപോയി. കെക്കായിയുടെ കൈയിൽ മുറുകെ പിടിച്ചുകൊണ്ടു് അദ്ദേഹം പറഞ്ഞു. "നാം താമസിക്കുന്നതിനിടയാകരുതു്. ഇപ്പോരംതന്നെ നാം വളരെ വൈകിപ്പോയിരിക്കുന്നു."

ആ നിമിഷത്തിൽ വാർഗായ്ക്കു തന്റെ പഴയ ചൈതന്യം വീണ്ടുകിട്ടി. അദ്ദേഹത്തെ, നാസികരം തങ്ങളുടെ ഒന്നാമത്തെ ശത്രുവായി കരുതാനിടയാക്കിയ ആ പ്രവൎത്തനോന്മേഷം അദ്ദേഹത്തിൽ വീണ്ടും ഉജ്ജ്വലിച്ചു. ഒരു ഈശോസഭാമന്ദിരത്തിൽ ആസ്ഥാനമുറപ്പിച്ചുകൊണ്ടു് അ

ദ്ദേഹം പ്രവർത്തനം ആരംഭിച്ചു. അവിടത്തെ ആശ്രമശ്രേഷ്ഠൻ ആയിരുന്ന ജേക്കബ്ബ് റെയിലി അദ്ദേഹത്തിൻെറ പ്രധാന സഹപ്രവർത്തകനായി.

"ആശ്രമത്തിലെ നിലവറയിൽ എത്ര പേരെ താമസിപ്പിക്കാൻ സാധിക്കും?" വാർഗാ ചോദിച്ചു.

"ഒരു നൂററിഅൻപതു്."

"ഈ നിമിഷത്തിൽ ഏററവും അപകടത്തിൽ പെട്ടിരിക്കുന്ന യഹൂദർ എവിടെയാണു്?"

"രഹസ്യപ്പോലീസിൻെറ ഹെഡ്ക്വാർട്ടേഴ്സ് സ്ഥിതിചെയ്യുന്നതു ലാജോസ് തെരുവിൻെറയും, സെമൽവിസ് തെരുവിൻെറയും കവലയ്ക്കലാണു്. ആ പ്രദേശത്തു യഹൂദർ തിങ്ങിപ്പാർക്കുന്നു. അവരെയാണു് ഉടൻ രക്ഷിക്കേണ്ടതു്. നാസിപ്പാളയം വിട്ടു് ഒളിച്ചോടി പോന്ന ഒരു ജർമ്മൻ സൈനികോദ്യോഗസ്ഥൻ ഇവിടെ താമസിക്കുന്നുണ്ടു്. അദ്ദേഹം നമ്മെ സഹായിക്കും."

അടുത്ത ദിവസം ആ ജർമ്മൻ ഉദ്യോഗസ്ഥൻ ഒപ്പിട്ട കൃത്രിമമായ ഒരു ഉത്തരവനുസരിച്ചു യഹൂദന്മാർ രഹസ്യപ്പോലീസിൻെറ പിടിയിൽനിന്നു വിമുക്തരായി. ആശ്രമത്തിലെ നിലവറയിൽ അവർക്കു് അഭയം നൽകപ്പെട്ടു. ബെലാ വാർഗായുടെ മാന്ത്രികശക്തിയാലെന്നവണ്ണം യഹൂദരെല്ലാം ബുഡാപ്പെസ്റ്റിലെ തെരുവുകളിൽനിന്നു് പെട്ടെന്നു് അപ്രത്യക്ഷരായി. ഇടവകമന്ദിരങ്ങൾ, ആശ്രമങ്ങൾ, മഠങ്ങൾ എന്നിവയെല്ലാം പാവപ്പെട്ട യഹൂദസംഘങ്ങളുടെ സങ്കേതങ്ങളായി. പള്ളികളുടെ തട്ടിൻപുറങ്ങളിലും, മണിമാളികകളിൽപോലും അവർ അഭയം കണ്ടെത്തി.

ഒരു സായാഹ്നത്തിൽ ആ ഈശോസഭക്കാരുടെ ആശ്രമത്തിൽ ഒരു വലിയ സംഭ്രാന്തി കാണപ്പെട്ടു. ഹാൽമോസ് എന്നു പേരുള്ള മദ്യപനായ ഒരു യഹൂദൻ എങ്ങനെയോ, അപ്രത്യക്ഷനായി. അയാൾക്കു് എന്തു സംഭവിച്ചു എന്നുള്ള വിവരം അജ്ഞാതമായിരുന്നു.

ആശ്രമശ്രേഷ്ഠനായ റെയിലി ഒരു ശിഷ്യനോടുകൂടി പരിസരങ്ങളിലെല്ലാം തിരക്കി.

"കാഴ്ചയിൽ ഒരു യൂദനെപ്പോലെ തോന്നിക്കുന്ന ഒരു കിറുക്കനെ ഇവിടെയെങ്ങാനും കാണുകയുണ്ടായോ?" അദ്ദേഹം അടുത്തുള്ള ഒരു കടക്കാരനോടു ചോദിച്ചു.

"അയാളെ നാസികൾ പിടിച്ചുകൊണ്ടുപോയി." കടക്കാരൻ മറുപടി പറഞ്ഞു.

"അയാളെ അവരെങ്ങോട്ടാണു കൊണ്ടുപോയതു്?"

"അതു ഞാനെങ്ങനെ അറിയും? ഒരു പക്ഷെ ആരോ-ക്രോസ് സംഘക്കാരുടെ ഏററവും അടുത്ത കേന്ദ്രത്തിലേക്കായിരിക്കും."

ഫാദർ റെയിലി തൻെറ കൂടെയുണ്ടായിരുന്ന ശിഷ്യനെ ആശ്രമത്തിലേക്കു മടക്കി അയച്ചു. ഹാൽമോസു് പിടിക്കപ്പെട്ടിരിക്കുന്നുവെന്നും അതിനാൽ മററുള്ള യഹൂദർക്കെല്ലാം മററു രക്ഷാസങ്കേതങ്ങൾ ഏർപ്പാടു ചെയ്യണമെന്നും അദ്ദേഹം നിർദ്ദേശങ്ങൾ കൊടുത്തയച്ചു. കുടിയനായ ഹാൽമോസു് അവരുടെ അഭയസ്ഥാനത്തെക്കുറിച്ചുള്ള രഹസ്യം വെളിപ്പെടുത്തിയിട്ടുണ്ടെങ്കിൽ ഉടനെ ഒരു കൂട്ടക്കൊല നടക്കുമെന്നുള്ളതു നിശ്ചയമായിരുന്നു.

അദ്ദേഹംതന്നെ ആരോ-ക്രോസ് സംഘക്കാരുടെ മന്ദിരകവാടത്തിൽ മുട്ടി.

"ഇപ്പോൾ ഒരു കിറുക്കനെ ഇവിടെ കൊണ്ടുവന്നിട്ടുണ്ടോ?" അദ്ദേഹം കാവൽക്കാരനോടു ചോദിച്ചു.

"ഏതോ ഒരു പുള്ളിയെ അവരിപ്പോൾ കൊണ്ടുവന്നിട്ടുണ്ടു്."

"അയാൾ ആശ്രമത്തിലെ ഒരു വേലക്കാരനായ കിറുക്കനാണു്."

"അവനു് ഒരു യൂദൻെറ മുഖമാണല്ലോ ഉള്ളതു്."

"അയാൾ ആശ്രമത്തിലെയാണു്." റെയിലി നിർബ്ബന്ധം പിടിച്ചു. "ഞങ്ങൾക്കു് അയാളെ തിരിച്ചുകിട്ടണം."

ഒരു വലിയ വാദപ്രതിവാദം നടന്നു. കുറെ ശകാരവർഷങ്ങളും പരസ്പരം ചൊരിയപ്പെട്ടു. അവസാനം റെയിലി കാവൽക്കാരന് ഒരു കൈക്കൂലിയും കൊടുത്തിട്ടു യഹൂദനേയും കൊണ്ടുപോന്നു.

ഫാദർ റെയിലി ഒരു വിഷമസന്ധിയിലായി. തൻെറ മദ്യപാനാസക്തിമൂലം എല്ലാവരുടേയും ജീവൻ പണയത്തിലാക്കിയ ഹാൽമോസിനെ മററുള്ളവരുടെ കൂട്ടത്തിലേക്കു തിരിയെ കൊണ്ടുചെല്ലുന്നതു് ഉചിതമായിരിക്കുമോ എന്നു് അദ്ദേഹം സംശയിച്ചു. അവൻ ഒരു വഞ്ചകനാണെന്നു മററുള്ളവർ വിചാരിക്കുകയാണെങ്കിൽ അതിൽ അവരെ കുററം പറയാനില്ല. പക്ഷെ അവനു പോകാൻ വേറൊരിടവുമുണ്ടായിരുന്നില്ല.

അദ്ദേഹത്തിൻെറ ആശങ്ക അടിസ്ഥാനരഹിതമായിരുന്നു. മർദ്ദിതരായ മനുഷ്യരുടെ ഇടയിൽ പരസ്പരം സ്നേഹിക്കാനും, കുററങ്ങൾ പൊറുക്കാനും അസാമാന്യമായ ഒരു സന്നദ്ധത പ്രകടമാണു്. ഹാൽമോസിനെ കൂട്ടിക്കൊണ്ടു് അദ്ദേഹം മടങ്ങിച്ചെന്നപ്പോൾ, കാണാതെപോയ ആ കൂട്ടുകാരനെ ആ അഭയാർത്ഥികൾ ആലിംഗനം ചെയ്തു സ്വീകരിച്ചു. ആനന്ദത്തിൻെറയും ആശ്വാസത്തിൻെറയും ബാഷ്പബിന്ദുക്കളാൽ അവരുടെ കൺപീലികൾ നനയുന്നുണ്ടായിരുന്നു.

ഒരുന്തുറു യഹൂദബാലികമാർ ഒളിച്ചുതാമസിച്ചിരുന്ന മരിയാനം കന്യകാമഠത്തിൽ നാസികൾ ബലമായി കയ്യേറിയിരിക്കുന്നതായി ഒരു ഫോൺസന്ദേശം അന്നു രാത്രി ഫാദർ റെയിലിക്കു ലഭിച്ചു. ഉടൻതന്നെ അദ്ദേഹം ബുഡാപ്പെസ്റ്റിലെ സ്വീഡിഷ് പ്രതിപുരുഷനായ, റാവൂൾ വലൻബർഗ്ഗിനെ വിളിച്ചു് ഈ വിവരം അറിയിച്ചു. യഹൂദരെ കഴിയുന്നത്ര സഹായിക്കുന്നതിനു പ്രസിഡൻറ് റൂസ്‌വെൽട്ടിൻെറ പ്രത്യേകാഭ്യർത്ഥനയനുസരിച്ചു നിയുക്തനായിരുന്നദ്ദേഹമായിരുന്നു വലൻബർഗ്ഗ്.

അരനിമിഷംപോലും പാഴാക്കാതെ ഫാദർ റെയിലി മരിയാനം കന്യകാമഠത്തിലേക്ക പാഞ്ഞെത്തി. ആ ന്യൂയഹൂദബാലികമാരേയും മഠത്തിൻെറ മുററത്ത് അണിയണിയായി നിരത്തിയിരുന്നു. അജ്ഞാതമായ ഏതോ ഒരു സ്ഥലത്തേക്ക്—ഒരു ദുരന്തത്തിലേക്ക്—അവരെ കൊണ്ടുപോകാൻ ഭാവിക്കയായിരുന്നു.

റെയിലി യാചിച്ചു, കേണപേക്ഷിച്ചു, ഭീഷണികരം പ്രയോഗിച്ചുനോക്കി. യാതൊരു ഫലവുമില്ല.

"വൈദികർ സ്വയം അധഃപതിച്ചുപോയി. അവർ യഹൂദരുടെ ദാസന്മാരായിത്തീന്നിരിക്കുന്നു." നാസികളുടെ നായകൻ ആക്രോശിച്ചു.

"വൈദികർ ദൈവത്തിൻെറ ദാസന്മാരായി നിൽക്കുന്നു." റെയിലി മറുപടി പറഞ്ഞു.

ഭാഗ്യവശാൽ അവരുടെ വാഗ്വാദത്തിനിടയിൽ വലൻബഗ്ഗ് വന്നുചേൻ. സ്വീഡനിലെ രാജാവിൻെറ അധികാരപത്രം നാസികളെ കാണിച്ചുകൊണ്ട്, ആ യഹൂദബാലികമാർ അദ്ദേഹത്തിൻെറ സംരക്ഷണയിലാണെന്നു വലൻബഗ്ഗ് അവകാശപ്പെട്ടു. പ്രസരിപ്പും പ്രേരണാശക്തിയുംകൊണ്ട് അദ്ദേഹം കാര്യം നേടി. അങ്ങനെ ആ ബാലികമാർ സുരക്ഷിതരായി.

പിൽക്കാലത്തു റഷ്യക്കാർ ഹങ്കറിയിൽ വന്നപ്പോരം അവർ വലൻബഗ്ഗിനെ ഒരമേരിക്കൻ ചാരനാണെന്നു പറഞ്ഞു പിടിച്ചുകൊണ്ടുപോയി. അദ്ദേഹത്തെക്കുറിച്ച് അതിൽ പിന്നീടു യാതൊരു വിവരവും ഇതേവരെ കിട്ടിയിട്ടില്ല. എന്നാൽ അദ്ദേഹത്തിൻെറ നാമത്തെ ശാശ്വതീകരിക്കുന്നതിന് ഇന്നു ബുഡാപ്പെസ്റ്റിൽ ഒരു തെരുവുണ്ട്. ബുഡാപ്പെസ്റ്റിലെ യഹൂദരിൽ ഓരോരുത്തനും കൃതജ്ഞതാനിർഭരമായ ബഹുമാനത്തോടുകൂടി ഇന്നും അദ്ദേഹത്തിൻെറ നാമം സ്മരിക്കുന്നു.

1944 നവമ്പർമാസത്തിലെ ഒരു സായാഹ്നത്തിൽ,

ആ ഈശോസഭാ ആശ്രമത്തിൽ മിൻസെന്തി ആഗതനായി. ബലാ വാർഗായെ കണ്ടു തൻെറ കൃതജ്ഞത രേഖപ്പെടുത്തുവാൻ ഇനിയൊരവസരം പക്ഷെ ലഭിച്ചേക്കുകയില്ലെന്ന് അദ്ദേഹം ഭയപ്പെട്ടിരുന്നു.

"ഞാൻ താങ്കളോടു നന്ദിപറയുന്നു." അദ്ദേഹം വാർഗായോടു പറഞ്ഞു. "ഞാൻ വീണ്ടും പറഞ്ഞാലും ഇല്ലെങ്കിലും താങ്കൾ കൃത്യം തുടർന്നുകൊണ്ടിരിക്കുമെന്ന് എനിക്കറിയാം. നാളെ ഞാൻ വെസ്പ്രേമിലേക്കു തിരിച്ചുപോകയാണ്. അവിടെ വച്ചു ഞാൻ പിടിക്കപ്പെട്ടേക്കാം: നാസികളുടെ വേട്ടപ്പട്ടികൾ എന്നെ പിടിക്കുവാൻ തരം കാത്തു നിൽക്കുകയാണ്."

"തിരുമേനി ഇവിടെത്തന്നെ താമസിക്കണം." വാർഗാ അപേക്ഷിച്ചു. "അപകടത്തിൽ ചെന്നു ചാടരുത്."

"ഞാൻ മരിക്കുകയാണെങ്കിൽ മറെറാരു മെത്രാനെ റോമാ കണ്ടുപിടിച്ചുകൊള്ളും." മിൻസെന്തി മറുപടി പറഞ്ഞു. "എന്നാൽ ഇന്നു നാം അപകടത്തെ ഭയന്നു ഓടി അകലുകയാണെങ്കിൽ നമുക്കു അനുയായികളെ ലഭിക്കാൻ പ്രയാസമായി വരും. രക്തസാക്ഷിത്വത്തിൽക്കൂടിയാണ് വിശ്വാസികൾ ജാതരാകുന്നതു്."

അദ്ദേഹം വെസ്പ്രേമിലേക്കു തിരിച്ചുപോയി. അദ്ദേഹത്തിൻെറ പ്രതീക്ഷപോലെ തന്നെ അവിടെ നാസികളുടെ വേട്ടനായ്ക്കൾ അദ്ദേഹത്തെ കാത്തിരുപ്പുണ്ടായിരുന്നു.

# X

## തടവുകാരൻ

1944 ഒക്ടോബർ 15-ാംനു- ആരോ-ക്രോസ്സ് കക്ഷിക്കാർ അധികാരം കയ്യടക്കിയപ്പോൾ, അതിൻെറ ഒരു നേതാവും നിയമജ്ഞനുമായ ഡോക്ടർ ഫെറൺക് സ്സാബർണാ സലാ കൗണ്ടിയുടെ പ്രിഫെക്ടായി നിയമിക്കപ്പെട്ടു. ആയാളെക്കുറിച്ച് ആർക്കും അധികമൊന്നും അറിഞ്ഞുകൂടായിരുന്നു. മാന്യരായ പൗരന്മാർക്കാർക്കും ആയാളെ അറിയണമെന്നു താല്പര്യവുമുണ്ടായിരുന്നില്ല. വിദ്വേഷപൂർവ്വമായ മർദ്ദനംകൊണ്ടു മററുള്ളവരെയെല്ലാം തൻെറ നിലയിലേക്ക് അടിച്ചുതാഴ്ത്തണമെന്ന് ആഗ്രഹിച്ചിരുന്ന ഒരു നികൃഷ്ടനായിരുന്നു ആ മനുഷ്യൻ. പഴയ വ്യവസ്ഥിതിയുടേയും യഹൂദന്മാരുടേയും ബദ്ധശത്രുവായിരുന്ന ആയാൾ ആദ്യമായി നിർവ്വഹിച്ച ഔദ്യോഗികകൃത്യം മുൻപിലത്തെ വൈസ് പ്രസിഡൻറിനെ ജയിലിലടയ്ക്കുകയായിരുന്നു. അദ്ദേഹം മുൻഗവർമ്മെൻറിൻെറ ഒരു പ്രതിനിധിയായിരുന്നു എന്നതുമാത്രമാണ് അതിന് ആയാൾ കണ്ട കാരണം.

നാടുകടത്തൽ ശിക്ഷയിൽപ്പെടാതെ അവശേഷിച്ചിരുന്ന ചുരുക്കം യഹൂദന്മാർ ഭയാക്രാന്തരായി. ആ കൂട്ടത്തിൽപെട്ട മിസ്സിസ്സ് ജാനോസ്സ് പീററർ എന്ന ഒരു മഹിള മിൻസെൻതിയുടെ അടുത്ത് അഭയംതേടി. അദ്ദേഹം അവരെ ഹാർദ്ദമായി സ്വീകരിച്ച്, നിലവറയിൽ ഒളിപ്പിച്ചു താമസിപ്പിച്ചു. അവിടെ വേറെ ഇരുപത്തിയഞ്ചു യഹൂദ

ന്മാർ ഒളിച്ചുതാമസിക്കുന്നുണ്ടായിരുന്നു. മിൻസെന്തിതന്നെയാണു ദിവസവും അവൎക്കു ഭക്ഷണം കൊണ്ടുചെന്നു കൊടുത്തുകൊണ്ടിരുന്നതു്. അത്ര പ്രധാനമായ ഒരു കൃത്യം മററാരെയും ഭരമേല്പിക്കുവാൻ അദ്ദേഹത്തിനു സമ്മതമില്ലായിരുന്നു.

സ്സോിബർണാ ഈ വിവരങ്ങൾ എങ്ങനെയോ ഗ്രഹിച്ചു. ആയാളുടെ കോപം ജ്വലിച്ചു. അധികാരത്തിൽ കയറിയ നാൾമുതൽ മിൻസെന്തിയെ അറസ്റ്റ് ചെയ്യാൻ ആയാൾ സമയം കാത്തിരിക്കുകയായിരുന്നു.

ഇക്കാലഘട്ടത്തിൽ വെസ്പ്രേം നിരന്തരമായ ആക്രമണത്തിന്റെയും പ്രതിരോധത്തിന്റെയും സജീവരംഗമായിത്തീൎന്നിരുന്നു. ദിവസംപ്രതി റഷ്യാക്കാർ അവിടെ ബോംബെറിയും. ഓരോ ഭവനവും നാസിപട്ടാളത്തിന്റെ വിട്ടുതിവീടായിത്തീൎന്നു. മെത്രാസനഅരമനയുടെ മിക്ക ഭാഗങ്ങൾപോലും അവർ ബലമായി കയ്യടക്കിയിരുന്നു. എന്നാൽ ബിഷപ്പു് അവിടെനിന്നും നീക്കംചെയ്യപ്പെട്ടുന്നതുവരെ, ഒരൊററ നാസിയെപ്പോലും നിലവറയിൽ പ്രവേശിക്കുവാൻ അദ്ദേഹം അനുവദിച്ചില്ല.

1944 നവമ്പർ 27-ാംനു- മിൻസെന്തിയെ അപമാനിക്കാൻ തക്ക അവസരം വന്നുചേൎന്നുവെന്നു സ്സോിബർണാ തീരുമാനിച്ചു. തന്നെ ആ കൌണ്ടിയിലെ പ്രിഫെക്ടായോ ആരോ-ക്രോസ് സംഘത്തിന്റെ നേതാവായോ ആ പുരോഹിതൻ അംഗീകരിച്ചിരുന്നില്ല. ആയാളെ അരമനയിൽ സ്വീകരിക്കാൻ ആ മെത്രാൻ വിസമ്മതിച്ചു. തന്റെ കക്ഷി ഭരണമേററ ദിവസം ഒരു സ്തോത്രശുശ്രൂഷയും ദൈവാലയപ്രസംഗവും നടത്തണമെന്നുള്ള കല്പനപോലും ആ വൈദികമേധാവി മനഃപൂൎവ്വം തള്ളിക്കളയുകയാണുണ്ടായതു്. ആ ബിഷപ്പിനെ മാൎഗ്ഗത്തിൽനിന്നു നീക്കുന്നതോടുകൂടി ആ നിലവറയിൽ പതുങ്ങിയിരിക്കുന്ന യഹൂദന്മാരേയും പിടികൂടാം. ആയാളുടെ ചിന്താഗതി ഇങ്ങനെയായി

രുന്നു. പരിവാരസമേതം അയാറം അരമനയിലെത്തി, നാസിപടയാളികറക്കു താമസിക്കുന്നതിനു കൂടുതൽ സ്ഥലം വേണമെന്നാവശ്യപ്പെട്ടു. അവിടെ സ്ഥലമില്ലായിരുന്നു. അതിനാൽ വൈദികവിദ്യാൎത്ഥികളെ വീടുകളിലേക്കു പറഞ്ഞയച്ചിട്ടു സ്ഥലമൊഴിഞ്ഞുകിട്ടണമെന്നായി സ്സ്ലീബർണാ.

ഈ സംഭാഷണങ്ങളുടെ ആദ്യഘട്ടത്തിൽ മിൻസെന്തി സന്നിഹിതനായിരുന്നില്ല. അരമനയിലെ ആലോചനക്കാരുമായാണു പ്രിഫെക്ട് വാഗ്വാദം നടത്തിയതു്. കൂടുതൽ സ്ഥലം വിട്ടുകൊടുക്കുന്നതിനെ ബിഷപ്പു് തിരുമേനി കർശനമായി നിരോധിച്ചിട്ടുണ്ടെന്നു് അവർ പ്രസ്താവിച്ചു. തൽക്ഷണം ആലോചനക്കാർ രണ്ടുപേരും അറസ്റ്റ് ചെയ്യപ്പെട്ടു.

ഈ ഘട്ടത്തിൽ മിൻസെന്തി അങ്ങോട്ടു കടന്നുചെന്നു. “എൻെറ വൈദികരെ മോചിപ്പിക്കുവാൻ ഞാൻ ആവശ്യപ്പെടുന്നു.” അദ്ദേഹം പറഞ്ഞു. “നിങ്ങറം ഉടൻ സ്ഥലം വിടുകയും വേണം.”

“നിങ്ങളോടുകൂടി മാത്രം. നിങ്ങളെയും ഇതാ അറസ്റ്റ് ചെയ്തിരിക്കുന്നു.” സ്ലീബർണാ ഉത്തരം പറഞ്ഞു.

അറസ്റ്റ് ചെയ്യാൻ വാറണ്ടുണ്ടോയെന്നു മിൻസെന്തി ചോദിച്ചു. അതു് ആയാളുടെ പക്കലില്ലാതിരുന്നതിനാൽ ഒന്നു സമ്പാദിച്ചുകൊണ്ടുവരുവാൻവേണ്ടി സ്ലീബർണാ സ്ഥലംവിട്ടു. ബിഷപ്പിൻെറ പെരുമാററം കണ്ടു് അല്പം സംഭീതനായിരുന്നതിനാൽ അയാറം സായുധസേനയുടെ കമാൻഡർക്കു ഫോൺചെയ്തു കുറെ പട്ടാളക്കാരെ അയച്ചുതരണമെന്നാവശ്യപ്പെട്ടു. അതു സിവിൽഅധികാരികളുടെ കൃത്യമാണെന്നു പറഞ്ഞു കമാൻഡർ ആ അഭ്യൎത്ഥന നിരസിച്ചു .ഉടനെ അയാറം ഒരുസംഘം പോലീസിനെ വരുത്തി.

ഇതിനകം ഈ വാൎത്ത പട്ടണത്തിലെങ്ങും കാട്ടുതീപോലെ പടൎന്നു. തങ്ങളുടെ മെത്രാനെ അറസ്റ്റ് ചെ

യ്യുന്നതിൽ പ്രതിഷേധിക്കുവാൻവേണ്ടി, നഗരത്തിൽ വീണുകൊണ്ടിരുന്ന റഷ്യൻബോംബുകളെപ്പോലും വകവെയ്ക്കാതെ ആളുകൾ നിരത്തുകളിൽ തടിച്ചുകൂടിയിരിക്കുന്ന കാഴ്ചയാണ് പോലീസുകാരുമൊരുമിച്ചു മടങ്ങിവരുംവഴി സ്ലൂബർണാ കണ്ടതു്.

അരമനയ്ക്കകത്തു മിൻസെന്തിയുടെ ദുർബലഗാത്രത്തെ പരിസേവിച്ചുകൊണ്ടു് അദ്ദേഹത്തിന്റെ ഇരുപത്തഞ്ചു വൈദികർ വട്ടമിട്ടുനിൽക്കുന്നു. സ്ലൂബർണായുടെ കൂടെ വന്ന പോലീസുകാർ പതിനാറുപേരും മിൻസെന്തിയുടെ കൃപതയിൽപെട്ടവരുമായിരുന്നു. അദ്ദേഹത്തിന്റെ നേർക്കു ദൃഷ്ടികളുയർത്താൻ വിമുഖരായി അവർ തല കുമ്പിട്ടു നിന്നതേയുള്ളു. നിമിഷനേരത്തേക്കു് ഒരു നിശ്ശബ്ദത ആ മുറിയിൽ നടമാടി. അനന്തരം മിൻസെന്തി സാവധാനത്തിൽ തിരിഞ്ഞുനടന്നു് ആ മുറി വിട്ടിറങ്ങിപ്പോയി. പ്രിഫെക്റ്റും ചില പോലീസുകാരും അദ്ദേഹത്തെ പിൻതുടരാൻ ഭാവിച്ചെങ്കിലും അവിടെ നിന്നിരുന്ന വൈദികർ അവരുടെ മാർഗ്ഗം നിരോധിച്ചു.

ഏതാനും നിമിഷങ്ങൾക്കകം മിൻസെന്തി തിരിച്ചുവന്നു. മെത്രാന്റെ സ്ഥാനവസ്ത്രങ്ങളെല്ലാം അദ്ദേഹം അണിഞ്ഞിരുന്നു. തന്റെ വൈദികഗണത്താൽ അനുഗതനായി അദ്ദേഹം അരമനയുടെ കല്പടകൾ ഇറങ്ങി.

അദ്ദേഹത്തെ പോലീസ് ഹെഡ്ക്വാർട്ടേഴ്സിലേക്കു കൊണ്ടുപോകുന്നതിനു് ഒരു കാർ അവിടെ കിടപ്പുണ്ടായിരുന്നു. താൻ നടന്നുവന്നുകൊള്ളാമെന്നു പറഞ്ഞു മിൻസെന്തി അതിൽ കയറാൻ വിസമ്മതിച്ചു. തെരുവീഥികളിൽ ഉണ്ടായേക്കാവുന്ന പ്രകടനങ്ങളെ ഭയന്നു് അവർ അദ്ദേഹത്തെ ബലമുപയോഗിച്ചു കാറിൽ കയററാൻ ശ്രമിച്ചു. ആ യുവവൈദികർ വീണ്ടും മെത്രാന്റെ ചുററും കൂടി പോലീസുകാരെ തള്ളിമാററി. ഒരാൾ കാറിന്റെ അടുക്കലേക്കു നീങ്ങി അതിനു് ഒരു തള്ളുകൊടുത്തു. നിരത്തി

ൻെറ ചരിവിലൂടെ അതു താഴോട്ടു ഉരുണ്ടുപോയി.

സ്ഥാനവസ്ത്രങ്ങളണിഞ്ഞു്, ഇരുപത്തിയഞ്ചു വൈദികരുടെ അകമ്പടിയോടുകൂടി, പോലീസു് ഹെഡു്ക്വാർട്ടേഴ്സിലേക്കു നടന്നുപോകുന്ന ആ മെത്രാനെ പോലീസുകാർ നയിക്കുകയല്ല, പരാഭവമനോഭാവത്തോടുകൂടി പിൻതുടരുകയാണു് ചെയ്തതു്. പെട്ടെന്നു് ഒരു അറസ്റ്റിൻെറ മട്ടെല്ലാം മാറി; അതൊരു ജൈത്രയാത്രയുടെ ലക്ഷണങ്ങൾ കൈക്കൊണ്ടു. വഴിനീളെ ആളുകൾ ഇരുവശവും മുട്ടുകുത്തി നിന്നു. വെസു്പ്രേമിലെ മെത്രാനായ മിൻസെന്തി ഇടവും വലവും തിരിഞ്ഞു് അവരെ ആശീർവ്വദിച്ചുകൊണ്ടു മുന്നോട്ടു നീങ്ങി.

കുറച്ചുകഴിഞ്ഞപ്പോൾ ആ ഘോഷയാത്രയുടെ ഗതി മുട്ടി. മുന്നോട്ടുനീങ്ങാൻ കഴിയാത്തവണ്ണം ആളുകൾ തെരുവീഥിയിൽ തിങ്ങിക്കൂടി. വീണ്ടും സ്കൂമ്പർണാ സായുധസേനയ്ക്കു ഫോൺചെയ്തു. അവർ വന്നു കണ്ണീർവാതകം പ്രയോഗിച്ചോ മറേറാ ആൾക്കൂട്ടത്തെ പിരിച്ചുവിടണമെന്നു് ആയാൾ ആവശ്യപ്പെട്ടു. അവർ അപ്പോഴും ആ അഭ്യർത്ഥന നിരസിക്കയാണുണ്ടായതു്. ശാന്തഗംഭീരനായി മിൻസെന്തി കാത്തുനിന്നു. കാര്യങ്ങൾ മനസ്സിലായപ്പോൾ അദ്ദേഹം ജനങ്ങളുടെ നേക്കു തിരിഞ്ഞു പ്രശാന്തനായി അവരോടു ചില വാക്കുകൾ സംസാരിച്ചു.

ജനക്കൂട്ടം ഉടനെ ഇരുപാശ്വങ്ങളിലേക്കുമൊഴിഞ്ഞു് അദ്ദേഹത്തിനും വൈദികക്കും പോലീസുകാക്കും കടന്നുപോകാനുള്ള വഴിയുണ്ടാക്കിക്കൊടുത്തു. കാരാഗൃഹത്തിൻെറ പ്രവേശനദ്വാരത്തിൽ എത്തിയപ്പോൾ അദ്ദേഹം തിരിഞ്ഞുനിന്നു് "ഇതെൻെറ അവസാനത്തെ ആശീർവ്വാദമാണു്" എന്നു പറഞ്ഞു് എല്ലാവരേയും അനുഗ്രഹിച്ചു. അദ്ദേഹത്തെ അറസ്റ്റു് ചെയ്ത പോലീസുകാർപോലും ആ അനുഗ്രഹം സ്വീകരിക്കുവാൻ മുട്ടുകുത്തിനിന്നു.

ബിഷപ്പിനെ ഭദ്രമായി ജയിലിൽ അടിച്ചശേഷം യഹൂ

ദന്മാരെ പിടികൂടുവാൻവേണ്ടി സ്ലൂീബർണാ അരമനയിലേക്കു പാഞ്ഞു. എന്നാൽ നിലവറയുടെ മുക്കിലും മൂലയിലുമെല്ലാം തിരക്കിയിട്ടും ഒരൊററ യഹൂദനെപ്പോലും കണ്ടു കിട്ടിയില്ല.

അന്നു പ്രിഫെക്ടിൻെറ വരവ് ഉണ്ടാകുമെന്നു രഹസ്യമാർഗ്ഗങ്ങളിൽക്കൂടി മുൻകൂട്ടി അറിഞ്ഞിരുന്ന മിൻസെന്തി, തലേരാത്രിതന്നെ അരമനയിൽനിന്ന് ആ അഭയാൎത്ഥികളെ മറെറാരു സങ്കേതത്തിലേക്കു മാററിയിരുന്നു.

രണ്ടു ദിവസത്തിനുശേഷം അരമനയിൽ നാസിഭടന്മാർ വീണ്ടും ആഗതരായി.

"മിനിയാന്നു നടന്ന തെരുവുപ്രകടനത്തിൽ പങ്കെടുത്തവർ ആരെല്ലാം?" നാസി നേതാവ് അന്വേഷിച്ചു.

അരമനയിലുണ്ടായിരുന്ന വൈദികരത്രയും മുന്നോട്ടു വന്നു.

"നിങ്ങളെയെല്ലാം അറസ്റ്റ് ചെയ്തിരിക്കുന്നു." ആയാൾ അലറി. അവരും തുറുങ്കിലടയ്ക്കപ്പെട്ടു.

ജയിലിനകത്തുവച്ചും മിൻസെന്തി ഒരു ബിഷപ്പിൻെറ കൃത്യങ്ങൾ തുടൎന്നു നിൎവ്വഹിച്ചുവന്നു. അദ്ദേഹത്തോടൊപ്പം ബന്ധനസ്ഥരായവരുടെ കൂട്ടത്തിൽ ഗുരുപ്പട്ടം സ്വീകരിക്കുന്നതിന് ഒരുങ്ങിയിരുന്ന പത്തു വൈദികവിദ്യാൎത്ഥികളും ഉൾപ്പെട്ടിരുന്നു. കാരാഗൃഹത്തിലെ ഒരു ഇടനാഴിയിൽ ഒരു താൽക്കാലികബലിപീഠം തയ്യാറാക്കി അവിടെ ദിവ്യബലി അൎപ്പിച്ചുകൊണ്ടു് അദ്ദേഹം അവൎക്കു പട്ടം കൊടുക്കുകതന്നെ ചെയ്തു.

ഇതേത്തുടൎന്ന് അദ്ദേഹം പശ്ചിമഹങ്കറിയിലുള്ള കൊഹിഡാ എന്ന ഒരു തുറുങ്കിലേക്കു മാററപ്പെട്ടു. ഏതാനും ദിവസങ്ങൾ കഴിഞ്ഞപ്പോൾ, അദ്ദേഹം തൻെറ കിടക്കയിൽ ഒരു കുറിപ്പു കണ്ടു. നാസികളെ പിൻതാങ്ങുകയും അവരോടു സഹകരിക്കുകയും ചെയ്യാമെന്ന് ഉറപ്പുകൊടുക്കുന്നപക്ഷം അദ്ദേഹത്തെ മോചിപ്പിക്കാമെന്നായിരുന്നു

അതിൻെറ ഉള്ളടക്കം. അതിനു വഴങ്ങാതെ അദ്ദേഹം ജയിൽവാസം തുടൎന്നു.

ക്രിസ്ത്യൻ അസ്സോസിയേഷൻെറ സെക്രട്ടറിയായ പീററർ ഹൊർവാത്തും, ഹങ്കേറിയൻ കർഷകപാർട്ടിയുടെ നേതാവായ ഹാജ്ഡു നെമത്തും അദ്ദേഹത്തെ രഹസ്യമായി സന്ദൎശിച്ചു ജയിലിൽനിന്നു രക്ഷപെടുന്നതിനു വേണ്ട സഹായങ്ങൾ ചെയ്തുകൊടുക്കാമെന്നു് അറിയിച്ചു.

"നാസികൾ എന്നെ നാടുകടത്താൻ ആലോചിക്കുന്നുണ്ടെങ്കിൽ ഞാൻ രക്ഷപെടാൻ ശ്രമിക്കുന്നതായിരിക്കും." അദ്ദേഹം പറഞ്ഞു. "അങ്ങനെയില്ലെങ്കിൽ സാധാരണഗതിയനുസരിച്ചു മോചിപ്പിക്കപ്പെടുന്നതുവരെ കാത്തിരിക്കുകയേ നിവ്വാഹമുള്ളു. എന്തുതന്നെയായാലും ഹങ്കറിയിൽ എൻെറ ജനങ്ങളുടെ അടുത്തു താമസിക്കുന്നതിനാണു ഞാൻ ഇഷ്ടപ്പെടുന്നതു്."

# XI

## അരിവാളും ചുററികയും

1945 ഫെബ്രുവരി 13-ാംതീയതി റഷ്യാക്കാർ ബുഡാപ്പെസ്റ്റ് പിടിച്ചടക്കി. ബലാ മിക്‌ലോസിന്റെ നേതൃത്വത്തിലുള്ള ഒരു താല്ക്കാലികഗവമ്മെൻറ് അതിനു മുമ്പു തന്നെ ഹങ്കറിയിൽ രൂപമെടുത്തിരുന്നു. അവർ സഖ്യകക്ഷികളുമായി ഒരു താല്ക്കാലികസന്ധിയിൽ ഒപ്പുവച്ചു ജമ്മനിയോടു യുദ്ധം പ്രഖ്യാപിച്ചു. സന്ധിനിബന്ധനകളനുസരിച്ചു നിലവിൽ വന്ന ഭരണക്രമം ഒരു കൂട്ടമന്ത്രിസഭയായിരുന്നു. അതിൽ എല്ലാ പാർട്ടികളും ഉൾപ്പെട്ടിരുന്നെങ്കിലും ആഭ്യന്തരം, കൃഷി, ഗതാഗതം, കച്ചവടം, പൊതുജനാരോഗ്യം, സാമൂഹ്യാഭിവൃദ്ധി തുടങ്ങിയ പ്രധാനവകുപ്പുകളെല്ലാം കമ്മ്യൂണിസ്റ്റ്കാരുടെ കൈയിലായി. കമ്മ്യൂണിസ്റ്റ്പാർട്ടിയുടെ ജനറൽ സെക്രട്ടറി മാത്യു റക്കോസി ഡെപ്യൂട്ടി പ്രധാനമന്ത്രിയും ഹങ്കേറിയൻ ഭരണകൂടത്തിലെ കമ്മ്യൂണിസ്റ്റ്ശക്തിയുടെ കേന്ദ്രവുമായിത്തീന്നു. ഹങ്കറിയിലെ സ്വേച്ഛാധിപതിയായിത്തീരുന്നതിനു വേണ്ട ഉപജാപങ്ങളും, വിദേശമായ രഹസ്യപ്രവത്തനങ്ങളും ആയാൾ ആരംഭിച്ചു.

1945 ഏപ്രിൽമാസത്തിൽ മിൻസെന്തി ജയിൽവിമുക്തനായി. സെക്രട്ടറിയുമൊരുമിച്ച് അദ്ദേഹം കാൽനടയായി വെസ്പ്രേമിലേക്കു തിരിച്ചു. വഴിയിൽ പാപ്പായെന്നു നഗരത്തിൽക്കൂടി അവക്കു കടന്നുപോകേണ്ടിയിരു

ന്നു. തൻെറ ഭഗീരഥയത്നംമൂലം നാഗിക്കനിസായിലെ തടവിൽനിന്നു മോചിതനായ ഡെസ്സോ സുലിയോക്കാണു പാപ്പായിലെ പുതിയ നഗരാധിപൻ എന്നു മിൻസെന്തി അറിഞ്ഞു. അദ്ദേഹത്തിന് അത്ഭുതവും ആനന്ദവും ഉണ്ടാക്കിയ ഒരു വാർത്തയായിരുന്നു ഇത്.

മാർഗ്ഗമദ്ധ്യത്തിൽ ഉള്ള എല്ലാ ഗ്രാമങ്ങളിലും റഷ്യക്കാരെക്കുറിച്ചുള്ള ആവലാതികൾ അദ്ദേഹം കേൾക്കുകയുണ്ടായി. "കന്നുകാലികളേയും, കുതിരകളേയും അടിച്ചോടിച്ചുകൊണ്ടുപോയെന്നും, സാധനങ്ങൾ കവർച്ച ചെയ്തെന്നും, സ്ത്രീകളേയും പെൺകുട്ടികളേയും മാനഭംഗപ്പെടുത്തിയെന്നും", അങ്ങനെ നിരവധി കഥകൾ റഷ്യൻപട്ടാളത്തെക്കുറിച്ചു ഗ്രാമീണർക്കു പറയാനുണ്ടായിരുന്നു.

തൻെറ മോചനത്തിനിടയാക്കിയ റഷ്യൻസേനയോടുള്ള കൃതജ്ഞതയിൽ മുഴുകിയിരുന്ന മിൻസെന്തി ആദ്യമാദ്യം ഈ കഥകൾ അവിശ്വസിക്കാൻ ശ്രമിച്ചു. ഈ ഗ്രാമങ്ങൾക്കു സാമാന്യാധികമായ ഭാഗ്യദോഷം നേരിട്ടതായിരിക്കുമെന്ന് അദ്ദേഹം സമാധാനിച്ചുനോക്കി. റഷ്യൻസേനകളിലും, മററെല്ലാ സേനകളിലുമെന്നപോലെ, വിജയോന്മത്തതയിൽ കിരാതന്മാരെപ്പോലെ പെരുമാറുന്ന ഭടന്മാർ ഉണ്ടായിരിക്കുന്നതിൽ ആശ്ചര്യപ്പെടാനില്ലല്ലോ.

"അവരുടെ മേലധികാരിയെ നിങ്ങൾ എന്തുകൊണ്ടു വിവരം അറിയിച്ചില്ല?" അദ്ദേഹം ചോദിച്ചു.

"സ്വന്തം അമ്മൂമ്മയെ പിശാചിനു പിടിച്ചുകൊടുക്കുന്ന പുള്ളിയാണ് അയാൾ." അവർ പറഞ്ഞു. "മേലുദ്യോഗസ്ഥന്മാരാണ് ഏററവും ദുഷ്ടന്മാർ. അവർക്കു വേണ്ടിയാണു പടയാളികൾ സ്ത്രീകളെ പിടിച്ചുകൊണ്ടുപോകുന്നത്."

ഓരോ ഗ്രാമത്തിൽവച്ചും ഇതേ കഥകൾതന്നെ കേട്ടുകേട്ട്, പാപ്പായിൽ ചെന്നുചേർന്നപ്പോഴേക്കും മിൻസെന്തിയുടെ മനസ്സ് ആകപ്പാടെ കൈയ്ച്ചുപോയിരുന്നു. അദ്ദേഹം നേരേ, മേയർ സുലിയോക്കിൻെറ അടുത്തേക്കു

ചെന്നു തനിക്കു് ഒരു കുതിരവണ്ടി വേണമെന്നു് ആവശ്യപ്പെട്ടു.

"എനിക്കു് ഒരു പഴഞ്ചൻവണ്ടിയും വളരെ മോശമായ ഒരു കുതിരയും മാത്രമേയുള്ളു, തിരുമേനി." സുലിയോക്കു് അറിയിച്ചു.

"അതു ധാരാളം മതി." മിൻസെന്തി പറഞ്ഞു. "എനിക്കു് ഉടൻതന്നെ സ്ഥലം വിട്ടേണ്ടിയിരിക്കുന്നു."

"ഈ പട്ടണത്തിലെ റഷ്യൻ സേനാനായകനെ കണ്ടു് ഉപചാരമറിയിക്കുവാൻ അവിടുന്നു് ഇഷ്ടപ്പെടുന്നില്ലേ?" സുലിയോക്കു് ചോദിച്ചു.

"മാതൃരാജ്യം കീഴടക്കിവെച്ചുകൊണ്ടിരിക്കുന്ന ഒരു സേനയുടെ നായകനു ഹംഗറിയിലെ ഒരു മെത്രാൻ ഉപചാരങ്ങൾ സമർപ്പിക്കാറില്ല." മിൻസെന്തി സഗൗരവം പറഞ്ഞു.

ഹംഗറിയിൽ ചുമരുകൾക്കുപോലും ചെവികൾ മുളച്ചു കഴിഞ്ഞ കാലമായിരുന്നു അതു്. മിൻസെന്തിയുടെ ഈ പ്രസ്താവനയും, മുൻകാലത്തു ബലാ കുൻ ഭരണത്തിനോടുള്ള അദ്ദേഹത്തിൻെറ എതിർപ്പുകളുടെ കൂട്ടത്തിൽ, കമ്മ്യൂണിസ്റ്റുകാരുടെ കറുത്തപുസ്തകത്തിൽ ആലേഖനം ചെയ്യപ്പെട്ടു.

ഡെസോ സുലിയോക്കിൻെറ പഴഞ്ചൻ വണ്ടിയിൽ വെസ്പ്രേമിലേക്കു യാത്രചെയ്യുന്ന വഴിക്കു് എവിടേയും ഒരേ മാതിരി ദുരിതങ്ങൾതന്നെയാണു മിൻസെന്തി ദർശിച്ചതു്. നൂററാണ്ടുകൾക്കു മുമ്പു ഹംഗറിയെ ആക്രമിച്ച ടാർട്ടാരിവർഗ്ഗങ്ങൾ കൊലയും കൊള്ളയും മാനഭംഗങ്ങളും കാട്ടിക്കൂട്ടിക്കൊണ്ടു് ഇപ്പോൾ വീണ്ടും ഒരാക്രമണം നടത്തിവരുന്നതുപോലെ തോന്നി. വെസ്പ്രേം നഗരം ഒരു മരണം നടന്ന വലിയ കുടുംബത്തെപ്പോലെ വിഷാദമഗ്നമായിരുന്നു.

എന്നാൽ ഇതിനു മിക്‌ലോസിൻെറ ഗവർമ്മൻെറി

നെ കുററപ്പെടുത്തുവാൻ മിൻസെന്തിക്കു വൈമനസ്യമുണ്ടായിരുന്നു. റഷ്യക്കാരുടെ നിയന്ത്രണം തുടരുന്നിടത്തോളം കാലം ഹങ്കേറിയൻ ഗവമ്മെൻറിനു സ്വന്തം യുക്തിയും നീതിബോധവുമനുസരിച്ചു ഭരിക്കാൻ അസാദ്ധ്യമായിരിക്കുമെന്ന് അദ്ദേഹത്തിനറിയാമായിരുന്നു. അതിനാൽ ആദ്യമായി വേണ്ടതു റഷ്യക്കാരെ നീക്കം ചെയ്യുകയായിരുന്നു. മാസങ്ങരം ഒന്നൊന്നായി കടന്നുപോയി. പൗരാവകാശങ്ങളുടെമേൽ രഹസ്യപ്പോലീസ് കൂടുതൽ കൂടുതലായി കൈയേററം നടത്തിവന്നു. ജനകീയകോടതികരം കമ്മ്യൂണിസ്റ്റ് സ്വേച്ഛാധിപത്യത്തിൻെറ ഭീകരായുധങ്ങളായി മാറി. നിരപരാധികളായ നിരവധി ജനങ്ങളെ, യാതൊരു കാരണവും കൂടാതെ, തടങ്കലിൽതന്നെ വച്ചുകൊണ്ടിരുന്നു. ഈ കാര്യങ്ങരം മിൻസെന്തിയുടെ മനസ്സിനെ വല്ലാതെ മഥിച്ചിരുന്നു.

1945 മാർച്ചുമാസത്തിൽ ഹങ്കറിയിലെ ഭൂസ്വത്തെല്ലാം പുനർവിഭജനാത്ഥം കണ്ടുകെട്ടി. റഷ്യയും ഹങ്കറിയും തമ്മിൽ ഒരു സാമ്പത്തിക ഉടമ്പടിയിൽ ഒപ്പുവച്ചു. അതനുസരിച്ചു വ്യവസായവാണിജ്യാദികളെല്ലാം രാഷ്ട്രത്തിൻെറ കുത്തകയായിത്തീരുകയും, അവയുടെ ഉടമസ്ഥത റഷ്യയുടെയും ഹങ്കറിയുടെയും മൂലധനങ്ങരംക്കായി വീതിക്കപ്പെടുകയും ചെയ്തു.

റഷ്യൻ പ്രചരണയന്ത്രമാണെങ്കിൽ ഈ സമയത്തു ദിവസത്തിൽ ഇരുപത്തിനാലു മണിക്കൂറും ജോലിചെയ്തുകൊണ്ടേയിരുന്നു. ഉപരോധവിധേയമായ പട്ടണങ്ങളിലെ കലവറകളിൽ "ക്രിസ്തുവിനോടു സാദൃശ്യം തോന്നിക്കുന്ന" ഒരു റഷ്യൻ ഭടൻ അഗ്രാഹ്യമാംവിധം പ്രത്യക്ഷപ്പെട്ടു വിശക്കുന്നവക്കെല്ലാം ഭക്ഷണം വിതരണം ചെയ്തതായും, ഹങ്കേറിയൻ ദൈവാലയങ്ങളിലെ മതപരമായ ചടങ്ങുകളിൽ റഷ്യൻപട്ടാളക്കാർ കൂട്ടംകൂട്ടമായി ഭക്തിപുരസ്സരം പങ്കെടുത്തുവരുന്നതായും, ഭൂവുടമയിൽ വരുത്തിയിരിക്കുന്ന പുതിയ പരിഷ്കാരങ്ങളെ ഹങ്കേറിയൻ ജനത സഹർഷം

സ്വാഗതം ചെയ്യുന്നതായും മററും നിരവധി പ്രചരണകഥകൾ തനിക്കു കിട്ടിക്കൊണ്ടിരുന്ന പത്രങ്ങളിൽ മിൻസെന്തി വായിച്ചു.

തൻെറ രാജ്യത്തിൻെറ ശ്രേയസ്സിനു ഭദ്രവുടമയിൽ പരിഷ്ക്കാരങ്ങൾ വരുത്തേണ്ടതാവശ്യമാണെന്നു പണ്ടുമുതല്ക്കേ മിൻസെന്തിക്കറിയാമായിരുന്നു. എന്നാൽ റഷ്യാക്കാരുടെ സമ്മർദ്ദത്തിൻെറ ഫലമായി അത്തരം പരിഷ്ക്കാരങ്ങൾ നടപ്പിൽ വരുത്തുന്നതിനെ അദ്ദേഹം എതിർത്തു. ഹങ്കേറിയൻ ജനതയാൽ വ്യവസ്ഥാപിതമായി തിരഞ്ഞെടുക്കപ്പെട്ട ഒരു നിയമസഭയിൽ അവധാനപൂർവ്വം ചർച്ചകൾ നടത്തിയതിനുശേഷം മാത്രം, രാജ്യശ്രേയസ്സിനു പ്രയോജകീഭവിക്കത്തക്കവിധം അത്തരം പരിഷ്ക്കാരങ്ങൾ നടപ്പിൽ വരുത്തേണ്ടതാണെന്ന് അദ്ദേഹത്തിനു തോന്നി. റഷ്യൻ പദ്ധതിയനുസരിച്ചു വലിയ കൃഷിയിടങ്ങളും, മുന്തിരിത്തോട്ടങ്ങളുമെല്ലാം, ഒരാൾക്കും ജീവസന്ധാരണത്തിനുപകരിക്കാത്തവിധം, ചെറിയ തുണ്ടുകളായി വിഭജിക്കപ്പെടുന്നതിനെ അദ്ദേഹം ഹൃദയവ്യഥയോടെ വീക്ഷിച്ചു. ഇതിൻെറ എല്ലാം ഫലങ്ങൾ വിനാശകരങ്ങളായിരിക്കുമെന്ന് അദ്ദേഹം കണ്ടു. പ്രതിഫലം കൊടുക്കാതെ ഭൂമി പിടിച്ചെടുക്കുന്ന നയത്തിനോടും അദ്ദേഹത്തിനു കഠിനമായ എതിർപ്പുണ്ടായിരുന്നു. ഒരു വിലയുമില്ലാത്ത വാഗ്ദാനപത്രങ്ങളാണ് ഉടമസ്ഥർക്കു കൊടുത്തുവന്നിരുന്ന പ്രതിഫലം. പരമരഹസ്യമായ ഏതോ നിഗൂഢപദ്ധതിനടപ്പിൽവരുത്താനുള്ള സൂത്രങ്ങളാണിവയെല്ലാം എന്ന് അദ്ദേഹം നിശ്ചയിച്ചു.

ഹങ്കറിയിൽ സ്റ്റാലിൻെറ സാമ്പത്തികോപദേഷ്ടാവായിരുന്ന യൂജെൻ വാർഗായുമായി സംഭാഷണം നടത്തിയ ബലാ വാർഗാ, മിൻസെന്തിയുടെ ആശങ്കകളെ സ്ഥിരീകരിക്കുകയാണു ചെയ്തതു്. ബലാ കുൺഭരണത്തെ സഹായിച്ചുകൊണ്ടിരുന്ന ഒരു ഹങ്കേറിയനായ യൂജെൻ വാർഗാ, ആ ഭരണം അവസാനിച്ചപ്പോൾ റഷ്യയിലേക്ക് ഒളിച്ചോ

ടിപ്പോയി അവിടത്തെ ഒരു പൗരനായിത്തീൎന്നു. ഹങ്കറി വീണ്ടും കമ്മ്യൂണിസ്റ്റധീനത്തിലായപ്പോറം, ഭൂപരിഷ്കരണം നടപ്പാക്കുന്നതിന്ന് ആയാറം തിരിച്ചുവന്നിരിക്കുകയാണ്.

ഒരു സായാഹ്നത്തിൽ ബലാ വാർഗാ യൂജെൻ വാർഗായെ ഒരു സൽക്കാരത്തിന്നു ക്ഷണിച്ചു. ഒന്നാംതരം വീഞ്ഞു വളരെയധികം ഉള്ളിൽ ചെന്നപ്പോറം യൂജെൻ ഭൂപരിഷ്കരണത്തെപ്പററി തുറന്നുപറയാൻ തുടങ്ങി. ഹങ്കറിയിലെ കൃഷികനു ഭൂമി സ്വന്തമായി കിട്ടുന്ന ഒരു കാലം വരുമെന്നുള്ള പ്രതീക്ഷ തനിക്ക് എന്നുമുണ്ടായിരുന്നുവെന്ന് ആയാറം വ്യക്തമാക്കി.

"കൊള്ളാം, അതിപ്പോറം സാധിതമായിരിക്കുന്നു." യൂജെൻ വാർഗാ സാഭിമാനം പ്രസ്താവിച്ചു.

"അതു സാധിതമായി; പക്ഷേ എങ്ങനെ?" ബലാ വാർഗാ ചോദിച്ചു. "കർഷകക്ക് ഈ നിസ്സാരതുണ്ടുപുരയിടങ്ങറംകൊണ്ടു് അവരുടെ ഉപജീവനം സാധിച്ചുപോകുക ശക്യമല്ലെന്നു ഞാൻ ഭയപ്പെടുന്നു. ഹങ്കറിയിലെ പ്രശസ്തങ്ങളായ കായ്കനിത്തോട്ടങ്ങറം—അവയിലെ പഴങ്ങറം കയററി അയയ്ക്കുന്നതുമൂലം ഹങ്കറിക്കു വൻപിച്ച സമ്പത്തിനോടൊപ്പം പ്രശസ്തിയും ലഭിച്ചിരുന്നു—ഛിന്നാഭിന്നമാക്കപ്പെട്ടതു നിർഭാഗ്യമായിപ്പോയി. ധാന്യകൃഷി ചെയ്യുന്നതിന്നു കർഷകർ ആ വൃക്ഷങ്ങറം വെട്ടിക്കളയും. അല്ലെങ്കിൽതന്നെ വേണ്ട സംരക്ഷണമില്ലാതെ അവ നശിച്ചുപോകുന്നതാണ്."

"അതേ, അതുണ്ടാകും." യൂജെൻ വാർഗാ പുച്ഛരസത്തിൽ ചിരിച്ചുകൊണ്ടു പറഞ്ഞു. "അവക്കു കിട്ടുന്ന തുണ്ടുഭൂമികൊണ്ടു് ഉപജീവനം നേടുവാൻ കർഷകക്കു സാധിക്കയില്ല. അതു ഞങ്ങറംക്കറിയാം. ഇതൊക്കെ ഒരു പ്ലാൻ അനുസരിച്ചുതന്നെയാണ്."

അതെന്താണു്?" ബലാ വാർഗാ ചോദിച്ചു.

"ഓ, അതു വളരെ നിസ്സാരമാണു്." യൂജെൻ വാർ

ഗാ വിശദീകരിച്ചു. "രാജ്യത്തിൽനിന്നു യാതൊന്നും കയ
റുമതിചെയ്യുവാൻ ഉണ്ടായിരിക്കയില്ല. നഗരങ്ങളിൽ
ക്ഷാമപ്പിശാചു നൃത്തമാടും. കൃഷിക്കാക്കുതന്നെ ഭക്ഷണ
ത്തിനു വേണ്ട വക ലഭിക്കുന്നതല്ലാ. അപ്പോൾ അവർ
അവക്കു കിട്ടിയിരിക്കുന്ന തുണ്ടുഭൂമികൾ സന്തോഷപൂവ്വം
ഞങ്ങളെ ഏല്പിക്കും. ഉടനെ ഞങ്ങൾ കൂട്ടുകൃഷിയിടങ്ങൾ
ഉണ്ടാക്കും. മുൻപിലത്തെ ഭൂവുടമകളെ സംബന്ധിച്ചിട
ത്തോളം ഞങ്ങൾക്കു യാതൊരു ചിന്തയുമില്ല. നശിക്കുന്ന
തിനു വിധിക്കപ്പെട്ടിട്ടുള്ള ഒരു വഗ്ഗമാണവർ."

ബലാ വാർഗായിൽനിന്ന് ഈ വിവരങ്ങൾ കേട്ട
പ്പോൾ മിൻസെന്തി പറഞ്ഞു: "ഇതു ഞാൻ സംശയിച്ച
തുപോലെതന്നെ. കർഷകനെ ഭൂമിയില്ലാത്ത ഒരു തെണ്ടി
യും അടിമയും ആക്കി രൂപാന്തരപ്പെടുത്തുന്നതിനാണ് അ
വർ ഭൂമി തുണ്ടുകളാക്കി കർഷകനു കൊടുക്കുന്നതു്. ഇതു
മൂലം അവരെ പൂണ്ണമായി തങ്ങളുടെ അടിമത്തത്തിൽ വെ
ക്കുന്നതിനു സാധിക്കും."

ഈ കാരണങ്ങൾകൊണ്ടാണു റഷ്യയുടെ ഭൂപരിഷ്കര
ണസമ്പ്രദായത്തെ മിൻസെന്തി എതിത്തതു്. ഭൂവിതരണ
ത്തെ എതിത്ത ജന്മിമാരുമായി കൂട്ടുചേൻ്നു എന്നു കമ്മ്യൂ
ണിസ്റ്റ്കാർ പിൽകാലത്ത് അദ്ദേഹത്തിൻെറമേൽ ആ
രോപണം കൊണ്ടുവരികയുണ്ടായി. ചെറുതരം കൃഷിക്കാ
രുടെ തുണ്ടുഭൂമിപോലും അവരിൽനിന്ന് ഒടുവിൽ അപഹരി
ക്കപ്പെടുമെന്നുള്ള ബോദ്ധ്യത്തെ മുൻനിത്തിയാണ് അദ്ദേ
ഹം ഈ പരിഷ്കാരത്തെ എതിത്തതു്.

അദ്ദേഹം നാസികളെ എതിത്തതിനു പ്രതിഫലമാ
യി വെസ്പ്രെം മെത്രാസനം വക 500 ഏക്കർ ഭൂമി
വിതരണത്തിൽനിന്ന് ഒഴിവാക്കി, അദ്ദേഹത്തിൻെറ സ്വ
ന്തം ഉപയോഗത്തിനു വിട്ടുകൊടുത്തപ്പോൾ, അതു മെത്രാ
സനത്തിനുതന്നെ അദ്ദേഹം ഉടൻ വിട്ടുകൊടുക്കയുണ്ടായി
എന്ന വസ്തുത ഈ അവസരത്തിൽ സ്മരണീയമാകുന്നു.

# VII

## രക്തവർണ്ണത്തൊപ്പി

ഹങ്കറിയിൽ കമ്മ്യൂണിസ്റ്റ് ആധിപത്യത്തിലുള്ള ഗവണ്മെൻറ് ഭരണഭാരമേറെറടുത്ത് അധികം കഴിഞ്ഞില്ല, അതിനുമുമ്പ് അസമാധാനവും, അക്രമവും, രക്തച്ചൊരിച്ചലും നാട്ടിലാകെ നടമാടി. 1945-ലെ വസന്തകാലത്ത്, ബുഡാപ്പെസ്റ്റിനടുത്തുള്ള 'ഗ്യോംഗ്യൊ' എന്ന ഗ്രാമത്തിൽ വിചാരണയോ, ഔദ്യോഗികനടപടികളോ കൂടാതെ അൻപതുപേർ വധിക്കപ്പെട്ടു. ഈ സംഭവം നടക്കുന്ന കാലത്തു ബുഡാപ്പെസ്റ്റിലുണ്ടായിരുന്ന ഒരു ഹംഗേറിയൻ നയതന്ത്രപ്രതിനിധിയിൽ (അദ്ദേഹത്തിൻെറ പേർ ഞാൻ വെളിപ്പെടുത്തുന്നില്ല) നിന്നാണു ഞാൻ ഈ വസ്തുത ആദ്യമായി ശ്രവിച്ചതു്.

1946-ലെ ശരൽക്കാലത്തു പാരീസിലെ ഒരു ഭോജനശാലയിൽ മൂന്നു് അമേരിക്കൻ സ്നേഹിതന്മാരുമൊരുമിച്ചു ഞാൻ ഭക്ഷണം കഴിച്ചുകൊണ്ടിരുന്നു. തൻെറ മേശയിൽനിന്നെണീറ്റു് ഒരു അപരിചിതനായ മാന്യൻ എന്നെ സമീപിച്ചു. താൻ ഒരു ഹങ്കേറിയൻ നയതന്ത്രപ്രതിനിധിയാണെന്നു് അദ്ദേഹം സ്വയം എന്നെ പരിചയപ്പെടുത്തി, ഒരു കൂടിക്കാഴ്ചയ്ക്കു സൗകര്യം നൽകണമെന്നാവശ്യപ്പെട്ടു. ഞാൻ അദ്ദേഹത്തെ എൻെറ വസതിയിലേക്കു ക്ഷണിച്ചു.

അടുത്തദിവസം അദ്ദേഹം എന്നെ സന്ദർശിച്ചു. വാ

തിലുകളെല്ലാം അടച്ചിരുന്ന എൻെറ സ്വകാര്യമുറിയിൽ മററാരുമുണ്ടായിരുന്നില്ല. എന്നിട്ടും തൻെറ ചുററും ഭിത്തികളിലേക്കു നോക്കി അദ്ദേഹം ആശങ്ക പ്രദർശിപ്പിച്ചു.

"നിങ്ങൾക്കു സ്വതന്ത്രമായി സംസാരിക്കാം" എന്നു ഞാൻ ഉറപ്പുകൊടുത്തിട്ടും ആ മനുഷ്യൻെറ സംശയം നിശ്ശേഷം നീങ്ങിയില്ല.

"സ്വതന്ത്രമായി സംസാരിക്കുന്ന സ്വഭാവം എനിക്കു നഷ്ടപ്പെട്ടിരിക്കുന്നു." ആയാൾ ശോകാകുലനായി പറഞ്ഞു. "പാട്ടിൽ........"

"എനിക്കറിയാം." ഞാൻ പറഞ്ഞു. "ഇവിടെ നിങ്ങൾ ഭയപ്പെടേണ്ടതില്ല. ഈ ഭിത്തികൾക്കു ശ്രവണശക്തിയില്ല. ഇവിടെ മൈക്രോഫോണുകൾ ഘടിപ്പിച്ചിട്ടുമില്ല."

അദ്ദേഹം 'ഗ്യോമ്രോ' സംഭവത്തെക്കുറിച്ച് എന്നോടു പറഞ്ഞു.

ഒരു സായാഹ്നത്തിൽ സ്ഥലത്തെ "സോവിയററു" അംഗങ്ങൾ തങ്ങളുടെ ഇരകളെ ബന്ധനത്തിലാക്കി. അവരിൽ ചിലർ സർക്കാരിൻെറ നയത്തെ വിമർശിച്ചവരായിരുന്നു; ഭരണകൂടത്തിൻെറ നിർദ്ദാക്ഷിണ്യമായ അക്രമത്തെ മററുചിലർ എതിർത്തിട്ടുണ്ടായിരുന്നു. സോവിയററു് കാക്കിഷ്ടമില്ലാത്തവരായി വേറെ ചിലരുമുണ്ടായിരുന്നു. സ്ഥലത്തെ കത്തോലിക്കാവൈദികൻ, പ്രോട്ടസ്റ്റൻറുപാതിരി, ഏതാനും റെയിൽവേ തൊഴിലാളികൾ, പിന്നെ കുറേ അപ്രധാനരായ വ്യക്തികളും; ഇവരെല്ലാം ആ ഗണത്തിൽ പെട്ടിരുന്നു. ഗ്രാമത്തിൻെറ പരിസരത്തിലുള്ള ഒരു കാട്ടിലേക്കു സോവ്യയററു് അംഗങ്ങൾ അവരെ കൊണ്ടുപോയി, അവിടെവച്ച് എല്ലാവരെയും വെടിവച്ചു കൊന്നു. ശവങ്ങളെല്ലാം വാരി ഒരു കാട്ടുപൊന്തയിലിട്ടു മൂടി.

രഹസ്യപ്പോലീസു് വളരെ അനാസ്ഥയോടുകൂടി ഈ സംഭവത്തെപ്പററി ഒരന്വേഷണം നടത്തി. രാഷ്ട്രത്തിനെ

തിരായി അപരാധങ്ങൾ പ്രവർത്തിച്ചതിന് അവരെ അറസ്റ്റ്ചെയ്യുവെന്നും, അവർ ഓടി രക്ഷപെടാൻ ശ്രമിക്കവേ വെടിവച്ചു കൊല്ലപ്പെട്ടുവെന്നും റിപ്പോർട്ടും ചെയ്തു. എന്നാൽ വധിക്കപ്പെട്ടവരുടെ ബന്ധുമിത്രാദികൾ ഈ കാര്യം അത്ര നിസ്സാരമാക്കി വിട്ടുകളയാൻ തയ്യാറില്ലായിരുന്നു. അവർ ചെറുഭൂവുടമക്കാരുടെ പാർട്ടിമുഖേന സ്റ്റെയിററ് അണ്ടർ സിക്രട്ടറി സൊൽട്ടൻ ഫെയ്ഫരുടെ അടുക്കൽ ഇതെക്കുറിച്ചു ഒരന്വേഷണം നടത്തണമെന്നു നിവേദനം സമർപ്പിച്ചു. നീതിന്യായമന്ത്രി, റെയിസ് സ്ഥലത്തില്ലാതിരുന്ന ഒരു തക്കത്തിൽ ഫെയ്ഫർ, ഇക്കാര്യത്തെക്കുറിച്ചന്വേഷിക്കുവാൻ സ്റ്റെയിററ് പ്രോസിക്യൂട്ടറെ ഗ്യോമ്രോയിലേക്കയച്ചു. കുററക്കാരെ അറസ്റ്റ്ചെയ്തുകൊണ്ടുവരുന്നതിനു ഡെപ്യൂട്ടി പോലീസ് മേധാവിയും നിയോഗിക്കപ്പെട്ടു.

പതിനേഴുപേർ ബുഡാപ്പെസ്റ്റിൽ അറസ്റ്റ്ചെയ്തുകൊണ്ടുവരപ്പെട്ടു. തങ്ങൾ പ്രസ്തുത കൂട്ടക്കൊലയിൽ പങ്കെടുത്തുവെന്നു അവർതന്നെ ഏററുപറഞ്ഞു. പക്ഷേ, കമ്മ്യൂണിസ്റ്റ്പാർട്ടിയിൽപെട്ട ഈ പതിനേഴുപേരേയും ഉടൻ മോചിപ്പിക്കണമെന്നു റക്കോസി, പിറെറന്നാൾ ഫെയ്ഫറോടാവശ്യപ്പെട്ടു. കുററംസമ്മതിച്ച കൊലപ്പുള്ളികളായതിനാൽ അവരെ വിടാൻ സാദ്ധ്യമല്ലെന്നും, തൻെറ രാജി സ്വീകരിച്ചുകൊള്ളണമെന്നും, ഫെയ്ഫർ മറുപടി പറഞ്ഞു. അടുത്തദിവസം നീതിന്യായമന്ത്രി റെയിസ് മടങ്ങിയെത്തി. അദ്ദേഹം കൊലപ്പുള്ളികളെ തൻെറ ഓഫീസിൽ വരുത്തി, യാതൊരു വിശദീകരണത്തിനും ഒരുമ്പെടാതെ അവരെ മോചിപ്പിച്ചു.

എന്നാൽ സ്പഷ്ടമായ എതിർപ്പ് ഹങ്കറിയിൽ പിന്നെയും അവശേഷിച്ചിരുന്നു. ഒരു മുൻമന്ത്രിയും അപ്പോൾ ഒരു പാർലമെൻററംഗവുമായ വിൻസ് നാഗി ഈ സംഭവത്തിൽ പ്രതിഷേധിച്ചു പാർലമെൻററിൽ വിഫലമെങ്കിലും ശക്തിയുക്തമായ ഒരു പ്രസംഗം ചെയ്തു. അതുകഴിഞ്ഞു്

അല്പദിവസങ്ങൾക്കുശേഷം മിൻസെന്തി നാഗിയെ ആളയച്ചു വരുത്തി.

"ഞാൻ താങ്കൾക്കു ഹസ്തദാനം ചെയ്‌വാൻ ആഗ്രഹിക്കുന്നു." അദ്ദേഹം പറഞ്ഞു. "സാമൂഹ്യവ്യവസ്ഥ കൊലപാതകങ്ങളിൽ കെട്ടിപ്പടുത്തതായിരിക്കരുത്. നിയമം എല്ലാവർക്കും ഒരുപോലെ ബാധകമായിരിക്കണം. ശിക്ഷിക്കപ്പെടാത്ത ഓരോ കുററവും കൂട്ടതൽ കുററങ്ങൾക്കു വഴിതെളിക്കുന്നു."

കുറേക്കാലത്തിനുശേഷം ന്യൂയോർക്കിൽവച്ച് ഫെയ്ഫമായി സംസാരിച്ചതിൽനിന്നാണ് ഹങ്കറിയിൽ മററനേകം ഗ്രാമങ്ങളിലും ഇതുപോലെ കൂട്ടക്കൊലകൾ നടന്ന വിവരങ്ങൾ ഞാൻ ഗ്രഹിച്ചത്. ഈ കൊട്ടംകൊലപാതകങ്ങളുടെ എല്ലാം സാഹചര്യങ്ങൾ ഏതാണ്ടൊരേ വിധത്തിലുള്ളവയായിരുന്നു. യാതൊരു പ്രകോപനവുമില്ലാതിരുന്നിട്ടും, ശാന്തരായി വർത്തിച്ചിരുന്ന യഹൂദന്മാരെ കമ്മ്യൂണിസ്റ്റ്കാർ പൈശാചികമായ വിധത്തിൽ വധിക്കുകയുണ്ടായി. (ഈ കമ്മ്യൂണിസ്റ്റ്കാരിൽ ചിലർ പുതിയ കിരാതവാഴ്ചയെ പിൻതാങ്ങിക്കൊണ്ടു കാലുമാറിയ മുൻനാസികളായിരുന്നു) അപരാധികൾ അറസ്റ്റ്ചെയ്യപ്പെട്ടെങ്കിലും റക്കോസി ഇടപെട്ട് അവരെ മോചിപ്പിച്ചു.

ഈ കേസുകൾ നടന്നുകൊണ്ടിരുന്നപ്പോൾ മിൻസെന്തി ഫെയ്ഫറുമായി നിരന്തരസമ്പർക്കം പുലർത്തിയിരുന്നു. നിയമസമാധാനങ്ങളുടെ ശരിയായ പരിപാലനത്തിനുവേണ്ടി ഫെയ്ഫറുടെ കൈകൾക്കു ശക്തികൂട്ടുവാൻ അദ്ദേഹം അനവരതം പ്രയത്നിച്ചുപോന്നു.

1945-ൽ ഹങ്കറിയിലെ പ്രിൻസ് പ്രിമേററ്, കർദ്ദിനാൾ ജെസ്റ്റീനിയൻ സെറിഡി ദിവംഗതനായപ്പോൾ മാർട്ടൺ ആരൺ, ലാസ്ലോ ബാനസ്, ക്രിസോസ്റ്റോം കെലെമെൻ എന്നീ മൂന്നു വൈദികരുടെ പേരുകൾ ഹങ്കറിയൻ ഗവൺമെൻറ് വത്തിക്കാനിലേക്കയച്ചുകൊണ്ട്, സെറിഡി

യുടെ പിൻഗാമിയായി അവരിലാരെങ്കിലുമൊരാൾ തങ്ങൾക്ക സ്വീകാര്യനായിരിക്കുമെന്ന് അറിയിച്ചു. എന്നാൽ നാസിസത്തെ ശക്തിയായി എതിർത്ത ഒരാളായിരിക്കണം പുതിയ കർദ്ദിനാൾ എന്നു വത്തിക്കാൻ നിശ്ചയിച്ചു. ഗിയോറിലെ മെത്രാനായ വില്യം ആപ്പർ ജീവിച്ചിരിപ്പുണ്ടായിരുന്നെങ്കിൽ, അദ്ദേഹത്തെയോ, മിൻസെന്തിയേയോ ആരെയാണു നിയമിക്കേണ്ടതെന്ന സംശയത്തിനു വഴിയുണ്ടായിരുന്നു. എന്നാൽ റഷ്യൻ ആക്രമണത്തിൻെറ ആരംഭഘട്ടത്തിൽ, വില്യം ആപ്പർ വധിക്കപ്പെട്ടിരുന്നു. ഗിയോറിലെ തെരുവിൽ ഒരുക്കൂട്ടം റഷ്യൻ പട്ടാളക്കാർ കുറേ സ്ത്രീകളെ മാനഭംഗപ്പെടുത്താൻ ഉദ്യമിക്കവേ, അവരെ രക്ഷിക്കാൻചെന്ന അദ്ദേഹം വെടിയേററു മരിക്കുകയാണുണ്ടായത്.

അതിനാൽ കർദ്ദിനാൾസ്ഥാനത്തിനർഹനായി മിൻസെന്തിമാത്രം അവശേഷിച്ചു. 1945 ഒക്ടോബറിൽ, സ്ഥൈര്യലേപനം നൽകുന്നതിനുവേണ്ടി ചുററിസഞ്ചരിച്ചുകൊണ്ടിരിക്കുമ്പോൾ, താൻ എസ്റ്റർഗോമിലെ ആർച്ചുബിഷപ്പും, ഹങ്കറിയുടെ പ്രിൻസ് പ്രിമേററും ആയി നിയമിതനായിരിക്കുന്നുവെന്ന വാർത്ത അദ്ദേഹത്തിനു ലഭിച്ചു. ആ അവസരത്തിൽ എണ്ണൂറിൽപരം കുട്ടികൾക്ക സ്ഥൈര്യലേപനം നൽകുന്നതിനുവേണ്ടി 'പാപ്പാ' നഗരത്തിലെ മനോഹരദൈവാലയത്തിൽ അദ്ദേഹം എത്തിയിരിക്കയായിരുന്നു.

വിശുദ്ധ എസ്തപ്പാനോസിനെ കല്ലെറിഞ്ഞു കൊല്ലുന്ന രംഗം അൾത്താരയിൽ ചിത്രീകരിച്ചിരുന്നതു ചൂണ്ടിക്കാണിച്ചുകൊണ്ടു് അദ്ദേഹം ഗൗരവസ്വരത്തിൽ പറഞ്ഞു:

"ഹങ്കറിയിലെ കത്തോലിക്കർ ആരെയെങ്കിലും കല്ലെറിയുന്ന കാലം വരാതിരിക്കട്ടെ. മതവ്യത്യാസങ്ങൾ പരിഗണിക്കാതെ എല്ലാവരോടും അവർ എക്കാലവും സൗഹാ

ട്ട്രത്തോടും സന്മനോഭാവത്തോടും കൂടി വർത്തിക്കണം. കോളുകളുടേയും കൊടുങ്കാററുകളുടേയും നടുക്കാണു നാം ഇന്നു നിൽക്കുന്നതു്. എന്നാൽ ഹങ്കേറിയൻസഭ ആയിരമായിരം വർഷങ്ങളിലെ കൊടുംകാററുകളെ അതിജീവിച്ചതാണു്. അപകടങ്ങൾ സമീപിക്കുന്നതു കാണുമ്പോൾ അവൾ ഓടി ഒളിച്ചിരിക്കാറില്ല. ശത്രുശക്തികളെ സധൈര്യം നേരിട്ടുകൊണ്ടു് അവൾ ഹങ്കേറിയൻജനതയുടെകൂടെ അവരുടെ അവകാശങ്ങളെ സംരക്ഷിച്ചുകൊണ്ടു പതറാതെ നിലകൊള്ളുന്നു. ദൈവത്തിൻെറ ചിറകുകൾ അവളെ സംരക്ഷിക്കുന്നു. ഹങ്കറിയിലെ ഓരോ കത്തോലിക്കനും അവൻെറ മതപരവും മതേതരവുമായ ചുമതലകൾ നിർവ്വഹിക്കണമെന്നു് അവൾ ആവശ്യപ്പെടുന്നു.”

പുതിയ കർദ്ദിനാൾ സ്ഥാനാരോഹണകർമ്മങ്ങൾക്കു റോമിലേക്കു പോകേണ്ട സമയമായപ്പോൾ അദ്ദേഹത്തിനു പാസ്പോർട്ടു കൊടുക്കുന്ന കാര്യത്തിൽ റക്കോസി വളരെ തടസ്സങ്ങളുണ്ടാക്കി. ഒടുവിൽ ഒരാഴ്ച വൈകിച്ചതിനു ശേഷമാണു് പാസ്പോർട്ടു നൽകപ്പെട്ടതു്. പുതിയ കർദ്ദിനാൾ മടങ്ങിപ്പോരാതെ റോമിൽത്തന്നെ താമസമാക്കിയേക്കുമെന്ന ഒരു പ്രത്യാശ അധികാരികൾക്കുണ്ടായിരുന്നിരിക്കാം. ഒരു അമേരിക്കൻ സൈനികമിഷ്യൻെറ ഇടപെടലും ഇതിൽ അദ്ദേഹത്തിനു സഹായകമാകുകയുണ്ടായി. ഒടുവിൽ ഒരു അമേരിക്കൻ വിമാനത്തിലാണു് അദ്ദേഹം റോമിൽ എത്തിയതു്.

1946 ഫെബ്രുവരി 18-ാംതീയതി മിൻസെന്തി, മാർപ്പാപ്പാ തിരുമേനിയുടെ സന്നിധിയിലെത്തി. തിരുസഭാമേലദ്ധ്യക്ഷൻ മിൻസെന്തിയുടെ (അദ്ദേഹത്തോടൊപ്പം മററു മുപ്പത്തൊന്നു കർദ്ദിനാളന്മാരുടേയും) ശിരസ്സിൽ ശോണവർണ്ണത്തിലുള്ള പരന്ന കർദ്ദിനാൾതൊപ്പി ധരിപ്പിച്ചു. തൊപ്പി ധരിപ്പിച്ചുകൊണ്ടു മാർപ്പാപ്പാ തിരുമേനി താഴെക്കാണുന്ന പ്രാക്തനമായ കർമ്മവാചകം ഉച്ചരിച്ചു.

"കർദ്ദിനാൾസ്ഥാനത്തിൻെറ അതുല്ല്യമായ സ്ഥാനമഹിമയുടെ ചിഹ്നമായ ഈ ശോണവർണ്ണത്തിലുള്ള തൊപ്പി സ്വീകരിക്കുക. സംശുദ്ധമായ വിശ്വാസത്തിൻെറ പുകഴ്ചയ്ക്കുവേണ്ടി രക്തം ചൊരിഞ്ഞു മരണം വരിക്കേണ്ടിവന്നാലും നിങ്ങൾ നിർഭയനായിരിക്കണമെന്ന് ഈ സ്ഥാനചിഹ്നം വിളംബരം ചെയ്യുന്നു."

ഒരു ദൃക്സാക്ഷിയുടെ വിവരണമനുസരിച്ച്, അനന്തരം പരിശുദ്ധപിതാവു തൻെറ കരം മിൻസെന്തിയുടെ ചുമലിൽ വച്ചുകൊണ്ട് അരുളിച്ചെയ്തു: "ശോണിതശോണമായ കർദ്ദിനാൾതൊപ്പിയിന്മേൽ ആദ്യമായി പുരളുന്നതു താങ്കളുടെ ശോണശോണിതമായിരിക്കും."

റഷ്യാക്കാരുമായുള്ള അദ്ദേഹത്തിൻെറ സമരം ശരിക്ക് ആരംഭിക്കുന്നതു് ഇപ്പോഴാണ്. ഹങ്കറിയിൽ അക്കാലത്തു സ്റ്റാലിൻെറ പ്രതിപുരുഷനായിരുന്ന മാർഷൽ വൊറോഷിലോവിനെ കർദ്ദിനാൾ എന്ന നിലയ്ക്ക് അദ്ദേഹം സന്ദർശിക്കേണ്ടതു് ഒരു ആചാരമര്യാദയായിരുന്നു. വൊറോഷിലോവിൻെറ പ്രാമാണ്യത്തെ താൻ അംഗീകരിക്കുന്നു എന്നതിൻെറ സൂചനയായിരിക്കും ഈ സന്ദർശനമെന്നുള്ളതിനാൽ മിൻസെന്തി വളരെനാൾ സംശയിച്ചിരുന്നു. എന്നാൽ ഈ ആചാരം അവഗണിക്കുന്നതു്, അതു് അനുസരിക്കുന്നതിനേക്കാൾ ദോഷകാരണമായേക്കുമെന്നു കരുതി ഒടുവിൽ പോകാൻതന്നെ അദ്ദേഹം തീരുമാനിച്ചു. ഇരുപത്തഞ്ചു മിനിട്ടുനേരം അദ്ദേഹത്തെ കാത്തിരുത്തിയതിനുശേഷം, മാർഷൽ ഒരത്യാവശ്യകാര്യത്തിനു വിളിക്കപ്പെട്ടിരിക്കുന്നു എന്നും, അന്നേദിവസം ഇനി കൂടിക്കാഴ്ചയ്ക്കു തരപ്പെടുകയില്ലെന്നും പ്രതിപുരുഷാലയത്തിലെ പരിജനങ്ങൾ മിൻസെന്തിയെ അറിയിച്ചു.

ഒരാഴ്ചയ്ക്കുശേഷം വൊറോഷിലോവിൻെറ അംഗരക്ഷകൻ മിൻസെന്തിയെ വന്നുകണ്ടു മറെറാരു സന്ദർശനത്തിനു ക്ഷണിച്ചു. എന്നാൽ ആചാരമര്യാദയോടു് അഹ

മായ ബഹുമാനം സൂചിപ്പിച്ചുകഴിഞ്ഞിരുന്ന മിൻസെൻതി ഇനി അങ്ങോട്ടുപോകാൻ തയ്യാറില്ലായിരുന്നു. അദ്ദേഹം ദൂതൻെറ അടുത്ത് ഇങ്ങനെ പറഞ്ഞയച്ചു. "മാർഷലിൻെറ ഹർമ്മ്യത്തിൽനിന്നു പ്രിൻസ് പ്രിമേററിൻെറ അരമനയിലേക്കുള്ള ദൂരം, പ്രിമേററ് അരമനയിൽനിന്നു മാർഷലിൻെറ ഹർമ്മ്യത്തിലേക്കുള്ളതിൽ കൂടുതൽ അല്ലെന്ന് എനിക്കുവേണ്ടി ചെന്നു പറയുക."

ഈ സംഭവത്തിനുശേഷം, റിപ്പബ്ളിക്കിൻെറ പ്രസിഡൻറായ ടിൽഡിയും, പ്രധാനമന്ത്രിയുടെ വകുപ്പിൽ ഒരു അണ്ടർസിക്രട്ടറിയായ സ്റ്റീഫൻ ബലോഗും മിൻസെന്തിയെ വന്നു കണ്ടു. വൊറോഷിലോവിനെ മിൻസെന്തി ചെന്നു കാണണമെന്നും, അവർ രണ്ടുപേരും കൂടി നില്ക്കുന്ന ഒരു ഫോട്ടോ എടുക്കണമെന്നും, അങ്ങനെ മുൻസംഭവത്തെപ്പററി പരന്നിട്ടുള്ള അസുഖകരമായ കിംവദന്തികൾക്കു ശമനം വരുത്തണമെന്നും അവർ അഭിപ്രായപ്പെട്ടു. സഭയും റഷ്യക്കാരും തമ്മിൽ വളരെ സൗഹാർദ്ദമാണെന്ന് അങ്ങനെ പ്രകടമാക്കുന്നതിൽ അവർ വളരെ താല്പര്യം കാണിച്ചു.

"റഷ്യക്കാർ നമ്മുടെ വിമോചകരാണെന്ന് അവർ ആദ്യം തെളിയിക്കണം." കർദ്ദിനാൾ പറഞ്ഞു. "ഞങ്ങൾ രാജ്യത്തെ കീഴടക്കിയിരിക്കുന്ന ഒരു ആക്രമണസേനയല്ലെന്ന് അവർ സ്വപ്രവൃത്തികൾകൊണ്ടു തെളിയിക്കട്ടെ. സൗഹൃദം അതിനെത്തുടർന്ന് ഉണ്ടായിക്കൊള്ളുന്നതാണ്."

ഹങ്കേറിയൻ ജീവിതത്തിൽ മതത്തിന്—വിശേഷിച്ചും കത്തോലിക്കമതത്തിന്—ഉള്ള പങ്കിനെക്കുറിച്ച് അല്പം മനസ്സിലാക്കിയെങ്കിലേ കമ്മ്യൂണിസത്തിൻെറ പ്രതിനിധികളും മിൻസെന്തിയും തമ്മിലുണ്ടായ സമരം പൊരുത്തപ്പെടാൻ കഴിയാത്ത രണ്ടു ശക്തികളുടെ സന്ധിയില്ലാസമരമായിരുന്നെന്നു വ്യക്തമാകുകയുള്ളൂ.

കത്തോലിക്കസഭയ്ക്കും, പ്രസ്ബിറേററിയൻസഭ

യ്ക്കും, കുറച്ചൊക്കെ ആരാധനാസ്വാതന്ത്ര്യം അനുവദിച്ചുകൊണ്ടുള്ള നിയമങ്ങൾ പാസാക്കപ്പെട്ടതു് 1554-ൽ ആണു്. 1848-ൽ എല്ലാ ക്രൈസ്തവവിഭാഗങ്ങൾക്കും തുല്യമായ സ്വാതന്ത്ര്യം നൽകപ്പെട്ടു. യഹൂദമതത്തിനു് ഈ നില കിട്ടിയതു് 1894-ൽ മാത്രമാണു്.

രാഷ്ട്രീയകാര്യങ്ങളിൽ മതത്തിനുള്ള പ്രാധാന്യം അംഗീകരിച്ചതിൻെറ സൂചനയായി, ഹംഗറിയൻ പാർലമെൻറിലെ ഉപരിസഭയിൽ റോമൻ കത്തോലിക്ക, പ്രസ്ബിറേററിയൻ, ലൂതറൻ, ഗ്രീക്കു് കാത്തലിക്കു്, ഗ്രീക്കു് ഓത്തഡോക്സു്, യൂണിറേററിയൻ, ഇസ്രായേൽ എന്നീ മതങ്ങളുടെ പ്രതിനിധികളെ ഉൾപ്പെടുത്തിയിരുന്നു.

യഹൂദ, പ്രസ്ബിറേററിയൻ, റോമൻ കത്തോലിക്ക പള്ളികൾ വളരെ സമ്പൽസമൃദ്ധിയുള്ളവയായിരുന്നു. അവയ്ക്കു ഭാരിച്ച ഭൂസ്വത്തുകൾ ഉണ്ടായിരുന്നു എന്നതിനു പുറമേ, വിദ്യാലയങ്ങളിൽ 60 ശതമാനവും അവ നടത്തിയിരുന്ന വിഭാഗീയസ്ഥാപനങ്ങളുമായിരുന്നു. വിദ്യാഭ്യാസനിലവാരത്തിൽ ഈ സ്കൂളുകൾ സർക്കാർസ്കൂളുകളെക്കാൾ വളരെ ഉന്നതമായ നിലയിലാണു സ്ഥിതിചെയ്തിരുന്നതു്. ഹംഗറിയിലെ, സാംസ്കാരികവും, സാമൂഹ്യവും രാഷ്ട്രീയവുമായ ജീവിതത്തിൽ മതത്തിനുണ്ടായിരുന്ന സ്വാധീനശക്തി അതിമഹത്തായിരുന്നു.

സഭകൾ—വിശിഷ്യാ കത്തോലിക്ക, പ്രസ്ബിറേററിയൻ സഭകൾ—സ്വാതന്ത്ര്യത്തിൻേറതും ഐക്യത്തിൻേറതുമായ ഹംഗറിയൻ പാരമ്പര്യങ്ങളുടെ നിലയനങ്ങളായിരുന്നു. മതപരമായ അഭിപ്രായഭിന്നതകളുണ്ടായിരുന്നെങ്കിലും ജനസ്വാതന്ത്ര്യത്തിനെതിരായ ഭീഷണികൾ ഉയർന്നിട്ടുള്ളപ്പോഴെല്ലാം അവർ ഒരു പൊതു അണി സൃഷ്ടിച്ചു് അവയെ നേരിട്ടിട്ടുണ്ടു്. നാസികളുടെ ആക്രമണകാലത്തും ഇങ്ങനെയാണു സംഭവിച്ചതു്. കത്തോലിക്കരുടേയും പ്രോട്ടസ്റ്റൻറുകാരുടേയും നേതാക്കന്മാർ സംയുക്തമായി

നാസിമാഗ്ഗ്ങ്ങളെ അപലപിക്കുകയും, എല്ലാ വിഭാഗത്തിലുംപെട്ട മർദ്ദിതൎക്കു് അഭയമരുളുകയും ചെയ്തു. മതത്തിനെതിരായ ആക്രമണങ്ങൾ, വ്യക്തിസ്വാതന്ത്ര്യത്തിനെതിരായ ആക്രമണങ്ങളായിട്ടാണു സഭകൾ കണ്ടതു്. ഇതു മനസ്സിലാക്കിയിരുന്ന ഹങ്കേറിയൻ ജനത സഭകളുടെ നേതൃത്വം സ്വീകരിച്ചു് അവയ്ക്കു പരിപൂൎണ്ണമായ പിൻബലം നൽകിയിരുന്നു.

ജനങ്ങളുടെ കഠിനമായ അതൃപ്തി സമ്പാദിക്കാതെ, ഹങ്കറിയിൽ സഭകളെ അടിച്ചമൎത്തുവാൻ കമ്മ്യൂണിസ്ററുകൾക്കു കഴിയുമായിരുന്നില്ല. അതിനാൽ നേരിട്ടു് എതിൎക്കുന്നതിനു പകരം അവർ വളഞ്ഞ മാൎഗ്ഗങ്ങൾ അവലംബിച്ചു. മതകാൎയ്യങ്ങളിൽ പ്രത്യക്ഷമായ നിഷ്പക്ഷത പാലിച്ചുകൊണ്ടു നിഗൂഢമാൎഗ്ഗങ്ങളിൽക്കൂടി സഭകളുടെ അടിത്തറ മാന്തുവാനാണു് അവർ ഉദ്യമിച്ചതു്.

ഭൂവുടമ പരിഷ്കരിക്കുന്നതിൽക്കൂടി പള്ളികളുടെ വരവു കുറയ്ക്കുക എന്നതായിരുന്നു ആദ്യത്തെ പടി. പള്ളികളുടെ ആഭിമുഖ്യത്തിൽ നടത്തപ്പെട്ടുന്ന വിഭാഗീയവിദ്യാലയങ്ങൾക്കു് ആവശ്യമായ ധനസഹായം അതോടെ ഇല്ലാതാകും. അതേസമയത്തുതന്നെ ചെറിയ ഇടവകകളുടെ ആസ്തികളിൽ കൈവയ്ക്കാതെ, മതകാര്യങ്ങളിൽ വിശാലവും നിഷ്പക്ഷവുമായ ഒരു നയം അവർ അഭിനയിക്കുകയും ചെയ്തു.

1945 നവമ്പർ വരെ മതസ്വാതന്ത്ര്യത്തിന്മേൽ കൂടുതലായ കൈയേററങ്ങളൊന്നുമുണ്ടായില്ല. പാൎട്ടിനേതാക്കന്മാരുടെ അംഗീകരണം കൂടാതെ പ്രാദേശികകമ്മ്യൂണിസ്റ്റ് ഗ്രൂപ്പുകൾ സഭാനേതാക്കന്മാരെ അറസ്റ്റ് ചെയ്യുകയും, അവമാനിക്കുകയും ചെയ്ത അനുഭവങ്ങൾ അവിടവിടെയായി കുറേശ്ശെ ഉണ്ടായിക്കൊണ്ടിരുന്നു എന്നുമാത്രം.

ഈ ഘട്ടത്തിലാണു ഹങ്കറിയിലെ സഹായമെത്രാനും രണ്ടു വൈദികരും പീഡിപ്പിക്കപ്പെട്ടതു്. ഇതു സംബന്ധി

ച്ച പാർട്ടിനേതാക്കന്മാരുടെ അഭിപ്രായം, അതിൽ കാലികമായ പിശകേയുള്ളു, താത്വികമായ പിശകില്ല എന്നായിരുന്നു. ഹങ്കേറിയൻ ജനതയുടെ പിൻതുണ കരസ്ഥമാക്കണമെങ്കിൽ, ആദ്യം തന്നെ കമ്മ്യൂണിസത്തെ പ്രതിരോധിച്ചുനിൽക്കുന്ന സഭയുടെ സ്വാധീനശക്തി മരവിപ്പിക്കേണ്ടിയിരിക്കുന്നു എന്ന വസ്തുത പല ശതാബ്ദങ്ങളിലെ ചരിത്രവും പാരമ്പര്യവും വച്ചുകൊണ്ട് അവർ പഠിച്ചിരുന്നു.

1945-ലെ ശിശിരകാലത്തു പാർലമെൻറിലേക്കുള്ള തെരഞ്ഞെടുപ്പിന് അല്പം മുമ്പായി, ചെറുഭൂവുടമസ്ഥപാർട്ടിയുടെ പ്രസിഡൻറും ഒരു പ്രോട്ടസ്റ്റൻറു പുരോഹിതനുമായ സോൾട്ടാൻ ടിൽഡി മിൻസെന്തിയെ സന്ദർശിച്ചു. എല്ലാവരും വോട്ടുചെയ്യണമെന്നും, അതു യഥാർത്ഥ ജനാധിപത്യത്തിനുവേണ്ടി തന്നെ വോട്ടുചെയ്യണമെന്നും ശക്തിയായ ഭാഷയിൽ ഉദ്ബോധിപ്പിക്കുന്ന ഒരു ഇടയലേഖനം പുറപ്പെടുവിക്കണമെന്ന് അദ്ദേഹം മിൻസെന്തിയോട്ട് അഭ്യർത്ഥിച്ചു.

"വിവിധസഭാവിഭാഗങ്ങൾ തമ്മിൽ മത്സരം ഇളക്കിവിടുന്നതിനു കമ്മ്യൂണിസ്റ്റുകൾ കിണഞ്ഞു ശ്രമിക്കുന്നുണ്ട്." അദ്ദേഹം പറഞ്ഞു. "വിവിധവിഭാഗങ്ങൾ ഒന്നിച്ച് അണിനിരക്കേണ്ട ആവശ്യം ഇന്ന് എന്നത്തേക്കാളും അധികമായിരിക്കുന്നു."

ഈ അഭ്യർത്ഥനയെ മിൻസെന്തി ഹൃദയപൂർവ്വം സ്വീകരിച്ചു. അദ്ദേഹം ഒരു ഇടയലേഖനം പുറപ്പെടുവിച്ചു. അതിൽ അദ്ദേഹം ഇങ്ങനെ പ്രസ്താവിച്ചിരിക്കുന്നു:

"ദുർഭരണമാണു യൂറോപ്പിനെ ഒരു ഭയങ്കരയുദ്ധത്തിലേക്കു വലിച്ചിഴച്ചതു്. ദുർഭരണമാണു പരിപാവനങ്ങളായ മനുഷ്യാവകാശങ്ങളെ ചവിട്ടിമെതിച്ചതു്. ദുർഭരണമാണു വ്യക്തിക്കു് അവൻെറ കഴിവുകളും, വാസനകളും സാമർത്ഥ്യങ്ങളും വികസിപ്പിക്കാനുള്ള അവകാശത്തെ, ഔദ്യോഗികരേഖകളിൽപോലും, നിഷേധിച്ചതു്. അധി

കാരദ്ധമ്മോഹികളുടെ ഒരു നിഷ്ഠുരസംഘത്തെ മാററി തൽസ്ഥാനത്തു് അതുപോലെതന്നെയുള്ള മറെറാന്നിനെ പ്രതിഷ്ഠിക്കുന്നതരം ജനാധിപത്യമല്ല നമുക്കാവശ്യം. നിങ്ങൾ സമ്മതിദാനം നൽകുന്നതിനു മുമ്പായി, സഹോദരരേ, നമ്മുടെ ഈ വാക്കുകൾ തൂക്കിനോക്കണമെന്നു നാം ആവശ്യപ്പെടുന്നു. തിന്മയുടെ സന്താനങ്ങളുടെ ഭീഷണികളിൽ നിങ്ങൾ ചകിതചിത്തരാകരുതു്. എതിർപ്പു കുറയുംതോറും ദുർഭരണം കൂടുതൽ ശക്തിമായി വളരും."

തുടർന്നുണ്ടായ തെരഞ്ഞെടുപ്പിൽ കമ്മ്യൂണിസ്റ്റ്കൾക്കു പതിനേഴുശതമാനം വോട്ടുകൾമാത്രമാണു് ലഭിച്ചതു്. സലാ കൗണ്ടിയിൽ മത്സരം വളരെ വാശിയിൽ നടന്നു. ചെറുഭൂവുടമസ്ഥ പാർട്ടിക്കു പതിനൊന്നു സ്ഥാനങ്ങൾ ലഭിച്ചപ്പോൾ, കമ്മ്യൂണിസ്റ്റ്കൾക്കു് വെറും ഒരു സ്ഥാനം മാത്രമേ കരസ്ഥമാക്കാൻ സാധിച്ചുള്ളു. സൊൽട്ടാൻ ടിൽഡി പ്രധാനമന്ത്രിയായി, ഒരു സംയുക്തഗവമ്മെൻറു് രൂപമെടുത്തു.

1946 ഫെബ്രുവരി ഒന്നാംതീയതി ഹങ്കറി ഒരു റിപ്പബ്ളിക്കായി പ്രഖ്യാപിക്കപ്പെട്ടു. ടിൽഡി അതിൻെറ ഒന്നാമത്തെ പ്രസിഡണ്ടായി. എന്നാൽ ഭരണകൂടത്തിൻെറ രൂപമെന്തായിരുന്നാലും, അതിലെ വ്യക്തികൾ ആരൊക്കെയായിരുന്നാലും, ഭരണം പഴയതുതന്നെയായിരുന്നു; യഥാർത്ഥഭരണാധികാരികൾ കമ്മ്യൂണിസ്റ്റ്കക്ഷിയും ചുവപ്പുസേനയുമായിരുന്നു. ജനങ്ങൾ തിരഞ്ഞെടുത്ത സത്യസന്ധരായ ഹങ്കറിക്കാർ ഉത്തമമായ ഒരു ഭരണവ്യവസ്ഥ നടപ്പിലാക്കാൻ ദുരാധർഷങ്ങളായ വൈഷമ്യങ്ങളോടു മല്ലിട്ടു സദാ ശ്രമിച്ചുകൊണ്ടിരുന്നു. അവരുടെ ശ്രമങ്ങൾ വിഫലപ്പെടുത്തുവാൻവേണ്ടിയുള്ള കുത്തിത്തിരിപ്പുകളിൽ റഷ്യൻധൂമകേതു ജാഗ്രതയായി ഏപ്പെട്ടു. ഇതിനിടയിൽ സഭയ്ക്കെതിരായ അക്രമങ്ങളും തുടർന്നുകൊണ്ടിരുന്നു.

യുദ്ധത്തിനുമുമ്പു ഹങ്കറിയിൽ പതിനാറു കത്തോലി

ക്ക ദിനപത്രങ്ങളുണ്ടായിരുന്നു. ലൈസൻസ് പുതുക്കൽ നിരാകരിച്ചതുമൂലം അവയുടെ എണ്ണം മൂന്നായി കുറഞ്ഞു. റേഡിയോയിൽക്കൂടി നടത്തുന്ന മതപ്രസംഗങ്ങൾ കർശനമായ പരിശോധനയ്ക്കു വിധേയമായി. വിദേശത്തുനിന്നു വരുത്തുന്ന ഭക്ഷണസാധനങ്ങൾ കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ പെട്ട പൊതുജനാരോഗ്യമന്ത്രിക്ക വിട്ടുകൊടുത്തുകൊള്ളണമെന്നു പുതിയ ചട്ടങ്ങളുണ്ടാക്കി. ഇതു നടപ്പിൽവന്നതോടുകൂടി ധർമ്മസ്ഥാപനങ്ങൾവഴിയുള്ള ഭക്ഷ്യവിതരണം നിശ്ശേഷം നിർത്തലാക്കപ്പെട്ടു.

ഈ അവസരത്തിലാണ്, മുമ്പേതന്നെ കമ്മ്യൂണിസ്റ്റ് കാരുടെ ഒന്നാംനമ്പർ ശത്രുവായി കരുതപ്പെട്ടിരുന്ന മിൻസെന്തിയുടെ സ്വാധീനശക്തിയും വിഖ്യാതിയും കർദ്ദിനാൾ സ്ഥാനലബ്ധിയോടുകൂടി വർദ്ധമാനമായിത്തീർന്നതു്. ദേശീയനേതൃത്വം പ്രദാനം ചെയ്യുന്ന തൻെറ പുതിയ സ്ഥാനത്തിൻെറ പ്രാധാന്യം നല്ലതുപോലെ മനസ്സിലാക്കി അദ്ദേഹം മുമ്പിലത്തേതിലും കൂടുതൽ പ്രത്യക്ഷമായി കമ്മ്യൂണിസത്തെ എതിർക്കാൻ തുടങ്ങി. അതോടുകൂടി ഇരുകൂട്ടരുടേയും സമരരേഖ പൂർവ്വാധികം വ്യക്തവും വ്യതിരിക്തവുമായിത്തീർന്നു. പുതിയ കർദ്ദിനാൾ തൻെറ ആക്രമണങ്ങളിൽനിന്നു് ഒരിക്കലെങ്കിലും വ്യതിചലിച്ചുമില്ല.

1945-ലെ ക്രിസ്തുമസ്സിനു് അദ്ദേഹം പ്രക്ഷേപണം ചെയ്ത ഉജ്ജ്വലമായ പ്രസംഗത്തിൽ അക്കൊല്ലത്തെ ഏററവും ഭീകരമായ സംഭവം റഷ്യൻസേനയുടെ അക്രമപരമായ പെരുമാററമായിരുന്നെന്നു പ്രഖ്യാപിച്ചു. അതിനു മുമ്പൊരവസരത്തിൽ ചെയ്ത മറെറാരു പ്രസംഗത്തിൽ റഷ്യൻപടയാളികൾനിമിത്തം ഗുഹ്യരോഗങ്ങൾ ബാധിച്ച ഹങ്കേറിയൻ വനിതകളുടേയും ബാലികമാരുടേയും സ്ഥിതിവിവരക്കണക്കുകൾ ഉദ്ധരിച്ചിട്ടുണ്ടായിരുന്നു.

വിശുദ്ധ മാർഗ്ഗരററിൻെറ സിദ്ധപദപ്രാപ്തിയുടെ വാർഷികദിനത്തിൽ അദ്ദേഹം ചെയ്ത പ്രസംഗം ഏററവും

ശക്തിമത്തായ ഒന്നായിരുന്നു. പതിമൂന്നാംശതകത്തിൽ ഹങ്കറിയിലുണ്ടായ ടാർട്ടാരികളുടെ ആക്രമണത്തോടു ബന്ധപ്പെട്ട ഈ പുണ്യവതിയുടെ ചരിത്രം ഹംഗറിയൻജനത ഇന്നും പാവനമായി സ്മരിച്ചുപോരുന്നു.

"പ്രിയപ്പെട്ട സഹോദരന്മാരേ," അദ്ദേഹം പറഞ്ഞു. "നമ്മുടെ രാജ്യത്തിൻെറയും പ്രാചീനകാലത്തിൻെറയും ഉജ്ജ്വലരത്നമായ നമ്മുടെ മാർഗ്ഗരററിനെ അനേകായിരങ്ങൾ ആശ്വാസപൂർവ്വം അനുസ്മരിക്കുന്ന ഈ സുദിനത്തിൽ അവളുടെ അഭിധാനത്തിലുള്ള ഈ ദൈവാലയത്തിൽ നാം ഒരുമിച്ചുകൂടിയിരിക്കുന്നു. കൊടുങ്കാററുകളും കൊടുംഭികരതകളും, പാപങ്ങളും പശ്ചാത്താപങ്ങളുംകൊണ്ടു നിറഞ്ഞ 1241-ലേക്ക് എൻെറ ഭാവന ഇപ്പോൾ പറന്നുചെല്ലുകയാണ്. അസ്ത്രങ്ങളും കുന്തങ്ങളും, ശിലകളും അഗ്നിയും വർഷിക്കപ്പെടുന്നതിനു നടുവിലൂടെ കാർപേതിയൻ ചുരങ്ങളിലേക്ക ടാർട്ടാരികൾ ഇരമ്പിക്കയറുന്നതു ഞാൻ കാണുന്നു. എസ്റ്റർഗോം മെത്രാപ്പോലീത്താ തുടങ്ങിയ സഭാനേതാക്കന്മാരിൽ പലരും ഉൾപ്പെട്ട ഹങ്കേറിയൻസേന പകുതിയോളവും നശിച്ചുകഴിഞ്ഞിരിക്കുന്നു.

"രാജ്യം ടാർട്ടാരികൾക്ക് അടിപ്പെട്ടു. അഗ്നിയും അസിയും അവയുടെ ഗർഹണീയമായ ജോലികൾ നിർവ്വഹിച്ചു. അനേകായിരം ജനങ്ങൾ, വൃദ്ധന്മാരും, യുവാക്കളും, ബാലന്മാരും, സ്ത്രീകളും, പെൺകുട്ടികളും, കാട്ടാളന്മാരുടെ ബലിമൃഗങ്ങളായി മരണമടഞ്ഞു. ദൈവാലയങ്ങളെയും സന്യാസാശ്രമങ്ങളെയും അവഗണിച്ചിരുന്നവർ ഒടുവിൽ ഇപ്പോൾ അവിടെത്തന്നെ അഭയം തേടി.

"യാതനാനിർഭരമായ ഒരു കൊല്ലം അങ്ങനെ കടന്നുപോയി. ടാർട്ടാരികൾക്ക് അവരുടെ നേതാവിൻെറ ചരമത്തെത്തുടർന്നു ഹങ്കറി വിട്ടുപോകേണ്ടിവന്നു. ഒന്നരദശാബ്ദക്കാലത്തിനുള്ളിൽ അവരുടെ ശക്തി ക്ഷയിക്കുവാൻ തുടങ്ങി. ഇന്ന് ആ ചരിത്രത്തിലെ ഭീകരമായ ഒരദ്ധ്യായം

മാത്രമായി അവശേഷിക്കുന്നു.

"എന്നും ഇങ്ങനെതന്ന ആയിരിക്കും അനുഭവം. എന്തുകൊണ്ടെന്നാൽ പാപത്തിന് ഒരു രാജ്യത്തേയും എക്കാലത്തേക്കും കീഴടക്കിവയ്ക്കാൻ കഴികയില്ല. ഭൗതികമായ പ്രതാപങ്ങളെല്ലാം—അതു ചെങ്കിസ്ഖാൻേറതാകട്ടെ, നെപ്പോളിയൻേറതാകട്ടെ, ഹിററ്ലറുടേതാകട്ടെ—കേവലം ക്ഷണികങ്ങളാണെന്നു ചരിത്രം നമ്മെ പഠിപ്പിക്കുന്നു. പീഡകളും ദുരിതങ്ങളും ദൈവം ലോകത്തിലേക്കയയ്ക്കുന്നു, അതിൻെറ അന്തരാത്മാവിനെ പരീക്ഷിക്കുവാൻ. പക്ഷെ, സമാശ്വാസലബ്ധിക്കു താമസമുണ്ടാകയില്ല. കാരണം, ദൈവത്തിൻെറ തൃക്കൈകളാണു ചരിത്രത്തെ നിയന്ത്രിക്കുന്നതു്.

"അന്നും ഇന്നും തമ്മിലുള്ള സാദൃശ്യങ്ങൾ ഞാൻ വിശദീകരിക്കണമെന്നു നിങ്ങൾ പ്രതീക്ഷിക്കയില്ലല്ലോ. അതു ളവരെ എളുപ്പമുള്ള കാര്യമാണു്. ആവശ്യമെന്നു തോന്നുന്ന പക്ഷം ഞാനതിനു മടിക്കയുമില്ല. ഇപ്പോൾ ഇത്രമാത്രം പറഞ്ഞാൽ മതിയാകും: ഭൂതകാലത്തിൽ എഴുതപ്പെട്ടതെന്തോ അതു നമുക്കുവേണ്ടി, നമുക്കു് ആശയും ക്ഷമയുമുണ്ടാകുന്നതിലേക്കു് ഒരു മുന്നറിയിപ്പും സമാശ്വാസവുമായി, എഴുതപ്പെട്ടതാണു്."

ആശ്വാസത്തിൻേറതായ ഒരു നിശ്വാസം ആ ജനത മുഴുവനിലും നിന്നുയൎന്നു. "ടാർട്ടാരികൾക്കു നാടുവിട്ടു പോകേണ്ടിവന്നു." ജനങ്ങൾ ആശ്വസിച്ചു. "റഷ്യാക്കാരും പോകും."

തങ്ങളുടെ നയത്തെ മിൻസെന്തി ഒരുകാലവും പിൻതാങ്ങുകയില്ലെന്നു്, അദ്ദേഹം എക്കാലവും തങ്ങളുടെ ശത്രുവായിതന്നെ വൎത്തിക്കുമെന്നു്, വൊറോഷിലോവിനും കൂട്ടർക്കും അവസാനമായി മനസ്സിലാക്കിക്കൊടുത്തതു് ഈ പ്രസംഗമാണു്. ഈ പ്രസംഗത്തെ തുടൎന്നു കട്ടിനാളിനെതിരായി ഹങ്കറിക്കകത്തും പുറത്തും ശക്തിയായ പ്രചരണങ്ങൾ ആരംഭിച്ചു

അചഞ്ചലനായ മിൻസെന്തിയാകട്ടെ തൻെറ എതിർപ്പു തുടൎന്നുകൊണ്ടിരുന്നു. മനുഷ്യാവകാശങ്ങൾ അപഹരിക്കുന്നതിനെതിരായിട്ട്, രാഷ്ട്രീയമർദ്ദനത്തിന് ഒരന്തം വരുത്തണമെന്നാവശ്യപ്പെട്ടുകൊണ്ട്, രാഷ്ട്രീയതടവുകാരുടെ സ്ഥിതി ഭേദപ്പെടുത്തണമെന്നു വാദിച്ചുകൊണ്ട്, വംശാടിസ്ഥാനത്തിൽ ജർമ്മൻ ന്യൂനപക്ഷങ്ങളെ നാടുകടത്തുന്നതിനെ പ്രതിഷേധിച്ചുകൊണ്ട്, അങ്ങനെ അദ്ദേഹം അനവരതം ഗവൺമെൻറിനെ അലട്ടിക്കൊണ്ടിരുന്നു. മിൻസെന്തിക്ക് എതിരായ പ്രചരണങ്ങളുടെ പൊട്ടിത്തെറിക്കലുകൾ മാത്രമാണ് ഇതിനെല്ലാം അവരുടെ പക്ഷത്തുനിന്നു ലഭിച്ച മറുപടി.

"ആയാൾ ഒരു നാസിയാണ്." പ്രചരണക്കാർ പറഞ്ഞു. "മദ്ധ്യകാലങ്ങളുടെ ഒരവശിഷ്ടമാണ്; ഹങ്കേറിയൻ ജനങ്ങളുടെ ഒരു ശത്രുവാണ്."

വിഭാഗീയവിദ്യാലയങ്ങളിൽ ഗൂഢാലോചനകൾ നടക്കുന്നതായി കള്ളക്കേസുകൾ ഉണ്ടാക്കുന്നതിനു രഹസ്യപ്പോലിസ് 1946 ആരംഭം മുതലേ പ്ലാനിട്ടു. ഇവയിൽ ചിലത് അശ്രദ്ധമൂലം ഫലിക്കാതെപോയി. ഒരു ഉദാഹരണം ബാജായിലെ കത്തോലിക്കഹൈസ്കൂളിലെ ഗൂഢാലോചനയാണ്. അതു കണ്ടുപിടിക്കപ്പെട്ടിരിക്കുന്നു എന്ന് ഒരു വാർത്ത സ്ഥലം പോലീസിനെ അറിയിക്കുന്നതിനു മുമ്പുതന്നെ അതു പത്രങ്ങളിൽ പ്രസിദ്ധീകൃതമായി പത്രവുംകൊണ്ടു ഹെഡ്മാസ്റ്റർ പോലീസിനെ സമീപിച്ചപ്പോൾ അവർ മിഴിച്ചുപോയി. ഗൂഢാലോചന കണ്ടുപിടിക്കപ്പെട്ടിരിക്കുന്നുവെന്നു യഥാസമയം പോലീസിനെ അറിയിക്കാൻ ചുമതലപ്പെട്ടിരുന്നവർ അതു് എങ്ങനെയോ വിസ്മരിച്ചുപോയതാണു് ഈ പ്രമാദത്തിനു കാരണം.

കത്തോലിക്ക 'അൽമായ'സംഘടനകളെ നിർമ്മാർജ്ജനംചെയ്യാനുള്ള പരിപാടികളും കമ്മ്യൂണിസ്റ്റ്കാർ ഇതേ സമയത്തുതന്നെ തയ്യാറാക്കിയിരുന്നു. അക്കൊല്ലത്തെ വ

സന്തകാലത്തു് ഉത്തരഹംഗറിയിൽ ഇതുപോലൊരു സംഘടനയിലെ അംഗമായിരുന്ന ഒരു യുവാവിൻെറ മാതാവിനെ ഒൻപതു റഷ്യൻഭടന്മാർകൂടി മാനഭംഗപ്പെടുത്തി. അതിനു പ്രതിക്രിയയായി ആയാൾ ഒൻപതു റഷ്യൻഭടന്മാരെ വധിച്ചു. അതിനെത്തുടന്നു് ആയാൾ ഉൾപ്പെട്ടിരുന്ന അൽമായസംഘടനയിലെ ഒരു വലിയവിഭാഗം അംഗങ്ങളും, ഒരു ഫ്റാൻസിസ്കൻ സന്ന്യാസിയായ ഫാദർ സലേഷ്യസും അറസ്റ്റ്ചെയ്യപ്പെട്ടു. കമ്മ്യൂണിസ്റ്റ്കാരാഗൃഹത്തിൽ പോയതിനുശേഷം അവരെക്കുറിച്ചു പിന്നീടൊന്നുംതന്നെ കേട്ടിട്ടില്ല. "റഷ്യൻസേനയ്ക്കെതിരായി ഗൂഢാലോചന നടത്തി" എന്നായിരുന്നു അവരുടെമേൽ ആരോപിക്കപ്പെട്ട കുററം.

അധികം താമസിയാതെ, മിൻസെന്തിയും കത്തോലിക്കാസഭയും റഷ്യൻസേനയ്ക്കെതിരായി വിദ്വേഷം പ്രചരിപ്പിക്കുന്നു എന്നു്, ഹംഗറിയിലെ റഷ്യൻസൈനികോദ്യോഗസ്ഥന്മാർ ആക്ഷേപം പുറപ്പെടുവിച്ചു. കത്തോലിക്കരുടെ പ്രക്ഷോഭണഫലമായി അനേകം റഷ്യൻഭടന്മാർ ബുഡാപ്പെസ്റ്റിൽവച്ചു വധിക്കപ്പെട്ടിരിക്കുന്നതായും അവർ പ്രസ്താവിച്ചു. എന്നാൽ ഇതിൻെറ വാസ്തവമെന്തെന്നു് അവിടെ ഏവക്കുമറിയാമായിരുന്നു. മദ്യപിച്ചു ലക്കില്ലാതായിരുന്ന ഒരുസംഘം റഷ്യൻപട്ടാളക്കാർ തങ്ങളിലടിയും പിടിയുമായി; അവരിൽ കുറേപ്പേർ സ്വന്തം സഖാക്കളുടെ കൈകളാൽതന്നെ വധിക്കപ്പെട്ടു. എന്നാൽ ഇതിൻെറ വാസ്തവമെന്തെന്നന്വേഷിക്കാതെ, ഇതൊരവസരമായെടുത്തുകൊണ്ടു്, തങ്ങളുടെ വഴിമുടക്കികളായി അവർ കണ്ട കത്തോലിക്കാ അൽമായസംഘടനകളെ കമ്മ്യൂണിസ്റ്റ്കാർ ഉടനടി നിരോധിച്ചു.

1946 ആരംഭത്തിൽതന്നെ, ഹംഗറിയിൽ റഷ്യക്കാരുടെ ഒന്നാമത്തെ ശത്രു മിൻസെന്തിയാണെന്നു് അവക്കു ബോദ്ധ്യമായിരുന്നു. ജനായത്തശക്തികളുടെ പരിപൂണ്ണമായ

പിൻബലമുണ്ടായിരുന്ന അദ്ദേഹത്തെ നേരിട്ടാക്രമിക്കുന്ന തിനുമുമ്പ് ആ ജനായത്തശക്തികളെതന്നെ നശിപ്പിക്കണ മെന്നവർ കണ്ടു. ചെറുഭൂവുടമക്കാരുടെ പാർട്ടിയിൽ നുഴ ഞ്ഞുകയറി അതിനെ ശ്വാസംമുട്ടിക്കാമെന്നും, സോഷ്യൽ ഡമോക്രാററുകാരെ മട്ടിച്ചൊതുക്കാമെന്നും അങ്ങനെ കമ്മ്യൂ ണിസ്റ്റ്പാർട്ടിയുടെ ആധിപത്യം, ഹങ്കറിയുടെ ദേശീയവും പ്രാദേശികവുമായ ഭരണക്രൂടങ്ങളിൽ ഉറപ്പിക്കാമെന്നും മററുമാണ് അവർ ലാക്കു കണ്ടിരുന്നതു്.

ഹങ്കറിക്കകെത്തും പുറത്തുമുള്ള വർത്തമാനപത്രങ്ങളും, പ്രക്ഷേപണകേന്ദ്രങ്ങളും കർദ്ദിനാളിനെതിരായ സമരത്തി ലെ മൂച്ചേറിയ ആയുധങ്ങളായിത്തീൎന്നു. മിൻസെന്തി ഒരു പിന്തിരിപ്പനും, യഹൂദവിദ്വേഷിയും, ജന്മിത്വത്തിൻെറ മൂട്ടതാങ്ങിയും, ഭൂവുടമപരിഷ്കരണത്തിൻെറ എതിരാളി യും എല്ലാവിധത്തിലും ഹങ്കേറിയൻ ജനതയുടെ ശത്രുവും ആണെന്നാണ് എവിടേയും കേൾക്കാനും വായിക്കാനുമു ണ്ടായിരുന്നതു്.

താഴെകൊടുക്കുന്ന തുറന്ന കത്തു് ഈ പ്രചരണത്തി നൊരുദാഹരണമാണു്. 1946 ജൂലൈ 13-ാം തീയതി ഒരു ഹങ്കേറിയൻ മാസികയിൽ ഈ കത്തു് പ്രസിദ്ധപ്പെടു ത്തിയിരുന്നു.

"ബുഡാപ്പെസ്റ്റിലെ കർദ്ദിനാൾ മിൻസെന്തിക്കു്,

പ്രിയപ്പെട്ട കനിഷ്ഠസഹോദരാ, എനിക്കു് താങ്കളേ ക്കാൾ പ്രായം കുറവാണെന്നാണെൻെറ വിശ്വാസമെങ്കി ലും ഞാൻ സാഹസമായി താങ്കളെ ഇങ്ങനെ വിളിക്കുകയാ ണു്. അല്ലാതെ ഞാൻ താങ്കളെ എന്തുവിളിക്കാനാണു്? ഭാ ഗ്യമെന്നേ പറയേണ്ടു, ഞാൻ താങ്കളുമായി നേരിട്ടോ കത്തു കൾമൂലമോ പരിചയപ്പെട്ടിട്ടില്ല. എന്നാൽ താങ്കളുടെ ഇട യലേഖനങ്ങൾ വായിച്ചു ഞാൻ വളരെയധികം ചിരിക്കാറു ണ്ടു്. താങ്കൾ ഇവ കുറെ അധികമായെഴുതുകയാണെങ്കിൽ ഞാൻ അവ ശേഖരിച്ച് സൂക്ഷിക്കുകകൂടി ചെയ്യേക്കും.

എന്തിനെന്നോ? ഹതഭാഗ്യയായ എൻെറ നാട്ടും, സുന്ദരമായ ഹങ്കേറിയൻ ഭാഷയും എത്ര ആഴത്തിലേക്കധഃപതിച്ചിരിക്കുന്നു, എന്നതിൻെറ അടയാളമായി സൂക്ഷിക്കുവാൻ. മാർപ്പാപ്പായാൽ ചുംബിക്കപ്പെട്ടുകയും വാഴിക്കപ്പെട്ടുകയും അഭിഷേകം ചെയ്യപ്പെട്ടുകയും ചെയ്ത ഒരു ഹങ്കേറിയൻ കട്ടിനാറം നന്മയിലും, സഹനത്തിലും, പരസ്പരധാരണയിലും, സാഹോദര്യത്തിലും, പരസ്നേഹത്തിലും അധിഷ്ഠിതമെന്നു പറയപ്പെട്ടുന്ന ക്രിസ്തുമതത്തിൻെറ വേഷത്തിൽ, എന്തുമാതിരി അസംബന്ധങ്ങളാണു് 1946-ൽ എഴുതിത്തള്ളിയിരിക്കുന്നതെന്നു ഹങ്കേറിയിലെ അനന്തര തലമുറകൾക്കു മനസ്സിലാക്കുവാൻ കഴിഞ്ഞേക്കുമല്ലോ.

"നിങ്ങളൊരു മരത്തലയനായ മരമണ്ടനാണു്, എൻെറ പൊന്നുചങ്ങാതീ. നിങ്ങൾ അറിവില്ലാത്തവനാണു്; വിദ്യാവിഹീനനാണു്; യേശുക്രിസ്തുവിൻെറ മതത്തിനു് അപമാനം വരുത്തിവയ്ക്കുന്ന ഒരു വഞ്ചകനാണു്. പൊങ്ങച്ചക്കാരനായ ഒരു പിഴയാളിയാണു നിങ്ങൾ. കട്ടിനാളിൻെറ ചാരുകസാരയിൽനിന്നു മാത്രമല്ല, ഏററവും ചെറിയ ഇടവകയിൽനിന്നുപോലും ദൈവം നിങ്ങളെ ചമ്മട്ടികൊണ്ടടിച്ചു പുറത്തുതള്ളും. ആരാണു നിങ്ങൾ? കത്തോലിക്ക ആദർശങ്ങളെ വ്യഭിചരിക്കുന്ന ആൾ! സ്നേഹത്തിൻേറയും പരസ്പരധാരണയുടേയും സഹിഷ്ണുതയുടേയും കൊലപാതകി!"

"എനിക്കു താങ്കളോട്ടു കോപമില്ല. അങ്ങനെ വരാതിരിക്കട്ടെ. എനിക്കു താങ്കളോട്ടു സഹതാപമാണു തോന്നുന്നതു്. താങ്കൾക്കാവശ്യമുണ്ടെന്നറിഞ്ഞാൽ ഞാൻ ഭക്ഷണസാധനങ്ങൾ കെട്ടി അയച്ചുതരുകപോലും ചെയ്യാം. (എന്നാൽ താങ്കൾക്കതു വേണ്ടിവരികയില്ലെന്നു്, അത്രയ്ക്കു സുഭിക്ഷമായിട്ടാണു് താങ്കൾ ജീവിക്കുന്നതെന്നു് എനിക്കറിയാം.) എന്നെ താങ്കൾ വിശ്വസിച്ചാലുമില്ലെങ്കിലും ശരി (എന്നെ താങ്കൾ വിശ്വസിക്കയില്ല, തീർച്ച. വിശ്വസി

ക്കുക, എന്നാലെന്തെന്നു താങ്കൾക്കറിഞ്ഞുകൂടാ.) താങ്കൾ മാനസാന്തരപ്പെട്ടാൽ, താങ്കൾ ഒരു ക്രിസ്ത്യാനിയായൽ, താങ്കൾ പശ്ചാത്തപിച്ചു്, റോമിൽ താങ്കളുടെ യജമാനൻെറ അടുക്കലേക്കു ഓടിച്ചെന്നു്, "എൻെറ പ്രിയപ്പെട്ട പീയൂസേ, ഞാൻ ഒരു വിഢിയാണു്. എന്നാൽ സമർത്ഥനാകുന്നതിനു ഞാൻ ശ്രമിക്കാം. എന്നിങ്ങനെ പറഞ്ഞാൽ, ഞാൻ വളരെ സന്തോഷിക്കും.

"താങ്കൾക്കു വിശ്വാസമുണ്ടെന്നു ഭാവിക്കുന്നതുകൊണ്ടു ഹങ്കറിയിൽ താങ്കൾക്കു കൂടുതൽ കൂടുതൽ വിഷമതകളേ ഉണ്ടാകുകയുള്ളു. കാരണം, പുരോഹിതന്മാർ വരും; യഥാർത്ഥ പുരോഹിതന്മാർ. വക്രതയില്ലാത്ത ബുദ്ധിമാന്മാരായ പുരോഹിതന്മാർ, അവർ കുറച്ചുകാലത്തേക്കെങ്കിലും ഉണ്ടാകും. അതിനുശേഷം അവർ താങ്കളെപ്പോലെ ക്രിസ്തുവിൻെറ സുവിശേഷം ചാക്കിൽകെട്ടി ചീഞ്ഞ മാംസം പോലെ കരിഞ്ചന്തയിൽ വിററഴിക്കുന്നതിനു പുറപ്പെട്ടാൽ, കുറെ നൂററാണ്ടുകൾക്കുശേഷം താങ്കളെപ്പോലെയുള്ള കട്ടിനാളന്മാർ ഹങ്കറിയിലേക്കു വന്നാൽ, അപ്പോൾ മറെറാരു ഭൂകമ്പംകൂടിയുണ്ടാകും. ലോകഗതി ഇതാണു്. ഒരാശ്രമത്തിൽപോയി സ്വൈരമായി താമസിക്കുക, മിന്തി."

1946-ലെ ഗ്രീഷ്മകാലത്തു ചെറുഭൂവുടമകളുടെ കക്ഷിക്കാർ, കമ്മ്യൂണിസ്റ്റ്കൾക്കെതിരായി ശക്തിമത്തായ ഒരു രാഷ്ട്രീയ എതിർപ്രചരണമാരംഭിച്ചു. പാർലമെൻറിൽ അപ്പോൾതന്നെ അവക്കു ധാരാളം എതിർപ്പുകൾ നേരിടേണ്ടിയിരുന്നതുകൊണ്ടു്, കമ്മ്യൂണിസ്റ്റ്കൾ സഭയെ പരസ്യമായി പീഡിപ്പിക്കുന്ന നയം തൽക്കാലത്തേക്കു് നിറുത്തിവച്ചു. എന്നാൽ ഡിസംബർമാസത്തോടുകൂടി ഭൂരിപക്ഷകക്ഷിയെ നിസ്സഹായരാക്കുവാൻ അവർക്കു സാധിച്ചു. അങ്ങനെ സ്വന്തം ബലത്തെക്കുറിച്ചുള്ള വിശ്വാസം വീണ്ടുകിട്ടിയതോടുകൂടി സഭയ്ക്കെതിരായ ആക്രമണം അവർ പുനരാരംഭിച്ചു.

വിദ്യാലയങ്ങളെ ദേശവൽക്കരിക്കുന്നതിനും, മതവിദ്യാഭ്യാസത്തെ അവസാനിപ്പിക്കുന്നതിനും, കമ്മ്യൂണിസ്റ്റ് പ്രചരണത്തിനുവേണ്ടി ഗവണ്മെൻറിൽനിന്ന് കരുതിക്കൂട്ടി തയ്യാറാക്കിയിട്ടുള്ള പാഠപുസ്തകങ്ങൾ എല്ലാ വിദ്യാലയങ്ങളിലും ഏർപ്പെടുത്തുന്നതിനും അവർ ഒരു പ്രസ്ഥാനം ആരംഭിച്ചപ്പോൾ, കത്തോലിക്കസഭയും, പ്രോട്ടസ്റ്റൻറു സഭയും അതിനെ അതിശക്തിയായി എതിർത്തു. അതിനാൽ അതു് പിൻവലിക്കുന്നതിന് കമ്മ്യൂണിസ്റ്റ്കൾ നിർബ്ബന്ധിതരായിത്തീർന്നു. ഹംഗേറിയൻ സമാധാനസന്ധി സ്ഥിരീകരിക്കപ്പെട്ടിട്ടില്ലായിരുന്നു. സ്വദേശത്തും വിദേശത്തുമുള്ള പൊതുജനാഭിപ്രായത്തെ മാനിക്കേണ്ടിയിരുന്ന ഘട്ടവുമായിരുന്നു അതു്. അതിനാൽ സഭാവിഭാഗങ്ങളുടെ സ്വാധീനശക്തി ഇനിയും കുറെക്കൂടി കുറയുന്നതുവരെ വിദ്യാഭ്യാസദേശസാൽക്കരണപദ്ധതി മാററിവക്കേണ്ടതു ആവശ്യമായിരുന്നു.

വിദ്യാഭ്യാസം രാഷ്ട്രമേറെറടുക്കുന്ന ഘട്ടമായപ്പോഴേക്കും, കമ്മ്യൂണിസ്റ്റ്കളും മിൻസെന്തിയും തമ്മിലുള്ള സമരം അത്യുച്ചനിലയെ പ്രാപിച്ചു. അദ്ദേഹം രാജ്യമാകെയുള്ള പ്രതിരോധനിരയുടെ പ്രതിനിധിയും കമ്മ്യൂണിസ്റ്റ്കളുടെ ആക്രമണലക്ഷ്യവുമായിത്തീർന്നു.

ഒരിക്കൽ ബുഡാപ്പെസ്റ്റിലൂടെ ഒരു സംഘം വൈദികരുടെ നേതൃത്വം വഹിച്ചുകൊണ്ടു് അദ്ദേഹം യാത്രചെയ്യുമ്പോൾ ഒരു കൂട്ടം കമ്മ്യൂണിസ്റ്റ്ബഹളക്കാർ അവരുടെ കാറുകൾക്കു് കല്ലെറിയുകയുണ്ടായി. മിൻസെന്തി ഉടൻ കാറുനിറുത്തി പുറത്തിറങ്ങി. ലഹളക്കാരെ അഭിമുഖീകരിച്ചുകൊണ്ടു അദ്ദേഹം പറഞ്ഞു; "നിങ്ങൾക്കു് സഭയെ കല്ലെറിയണമെങ്കിൽ എന്നെ കല്ലെറിയുക. ഞാനാണു് സഭ." ബഹളക്കാരുടെ സംഘം അതോടെ പിരിഞ്ഞുപോയി.

മിൻസെന്തിയുടെമേൽ സർവ്വവിധ സമ്മർദ്ദങ്ങളും ഏ

ല്ലിക്കെതിരെ ഒരു സമരപരിപാടി കമ്മ്യൂണിസ്റ്റ്കാർ രൂപവൽക്കരിച്ചുകഴിഞ്ഞിരുന്നു. വിദ്യാലയങ്ങൾമുഖേനയും ഈ പരിപാടി പ്രവർത്തനം നടത്തിയിരുന്നു. കർദ്ദിനാളിനെ നിഷ്കാസനം ചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള നിവേദനപത്രികകളിൽ പിഞ്ചുകുഞ്ഞുങ്ങളുടെ ഒപ്പുകൾപോലും ശേഖരിച്ചുവന്നു. അതിൽ ഒപ്പിടാൻ വിസമ്മതിച്ച വിദ്യാർത്ഥികൾ പാഠശാലകളിൽനിന്ന് ബഹിഷ്കൃതരായി.

ഗ്രാമങ്ങളിൽ കൂടുന്ന പൊതുയോഗങ്ങളിൽവച്ച് മിൻസെന്തിയെക്കുറിച്ച് കമ്മ്യൂണിസ്റ്റ്കാർ എഴുതിയുണ്ടാക്കിയ കുററപത്രങ്ങൾ ഉറക്കെ വായിക്കുക പതിവായിരുന്നു. മതത്തോടു കൂറുള്ളവർ എന്നറിയപ്പെട്ടുന്നവരെക്കൊണ്ടാണ് ഇതു വായിപ്പിക്കുക. അവർ വിസമ്മതിക്കുകയാണെങ്കിലോ, എന്തെങ്കിലും കള്ളക്കേസിൽ കുടുക്കി അവരെ ഉടൻ തുറുങ്കിലടയ്ക്കും.

എന്നാൽ അപ്രധാനരായ ശത്രുക്കളെ കൈകാര്യം ചെയ്യുന്ന കാര്യത്തിൽ കമ്മ്യൂണിസ്റ്റ്കാർ ഇത്ര ദാക്ഷിണ്യമൊന്നും കാണിക്കാറില്ല. ഫാദർ അസ്റ്റാലോസിൻെറ കഥ ഇതിനുദാഹരണമാണ്. കിഴക്കൻ ഹങ്കറിയിൽ ഒരു ചെറിയ ഗ്രാമത്തിലെ വൈദികനായിരുന്ന അദ്ദേഹം, വിദ്യാഭ്യാസദേശസാൽക്കരണബില്ലിനെക്കുറിച്ചു ഗവണ്മെൻറിൻെറ സമക്ഷം പ്രതിഷേധിക്കുകയുണ്ടായി.

1948 ജൂൺമാസത്തിലെ ഒരു സായാഹ്നത്തിൽ, തിരുക്കർമ്മങ്ങൾക്കുശേഷം അദ്ദേഹം ചില സ്നേഹിതന്മാരെ സന്ദർശിക്കാൻ പള്ളിയിൽനിന്നുപുറപ്പെട്ടു. സായാഹ്നശുശ്രൂഷയ്ക്കു കൂടിയിരുന്ന ജനങ്ങൾ പിരിഞ്ഞുപോകാതെ അവിടവിടെ കൂടിനിന്നു സംസാരിച്ചുകൊണ്ടിരുന്നു. അവിടെ ഒരു പ്രതിഷേധയോഗം നടക്കുകയാണെന്ന ഭാവത്തിൽ രണ്ടു പോലീസുകാർ പ്ലാനിൻപടി പ്രത്യക്ഷപ്പെട്ടു്, ജനങ്ങളെ പിരിച്ചുവിടാൻ തുടങ്ങി. അക്കൂട്ടത്തിൽ ഒരാൾ വഴങ്ങാതെ ചെറുത്തുനിന്നു. അയാളോടു ഏററുമുട്ടിയ പോലീസു

കാരൻെറ തോക്കിൽനിന്നു നിറയൊഴിഞ്ഞു. അങ്ങനെ, മററ പോലീസുകാരൻ ആ വെടിയേററു മരിച്ചു. ആ മനുഷ്യൻ ഉടൻ കൊലപാതകക്കുററത്തിനു് അറസ്റ്റ്ചെയ്യപ്പെട്ടു. പ്രേരണക്കുററം ചുമത്തി ഫാദർ അസ്റ്റലോസിനേയും തടവിലാക്കി.

ഈ കേസിൻെറ വിസ്താരത്തിലെ ഒരു രംഗത്തെക്കുറിച്ചു് ഒരു ദൃക്സാക്ഷിയായ ലാസ്ലോ വാർഗാ എന്ന അഭിഭാഷകൻ—അദ്ദേഹം 1947-ൽ ഹങ്കേറിയൻ പാർലമെൻററിലെ ഒരു അംഗവുമായിരുന്നു—ഇങ്ങനെ റിപ്പോർട്ടു ചെയ്യുന്നു.

ന്യായാധിപൻ:- കൊലപാതകം നടന്ന സമയത്തു നിങ്ങൾ ഗ്രാമത്തിൽതന്നെ ഉണ്ടായിരുന്നു എന്നു സമ്മതിക്കുന്നില്ലേ?

അസ്റ്റലോസ്:- ഉവ്വ്, ഞാൻ അവിടെ ഉണ്ടായിരുന്നു.

ന്യായാ:- നിങ്ങൾ പള്ളിവിട്ടുപോകുമ്പോൾ ആളുകൾ പരിസരങ്ങളിൽ ഉണ്ടായിരുന്നുവോ?

അസ്റ്റ:- ഉവ്വ്.

ന്യായാ: ആളുകളോട്ടു് സ്വവസതികളിലേക്കു പോകാൻ നിങ്ങൾ ആവശ്യപ്പെട്ടില്ലെന്നു നിങ്ങൾ സമ്മതിക്കുന്നുണ്ടോ?

അസ്റ്റ:- അവരോട്ടു് ഞാൻ സ്വവസതികളിലേക്കു പോകാൻ ആവശ്യപ്പെട്ടില്ല.

ന്യായാ: നിങ്ങൾ അങ്ങനെ ഒരു കുററം ചെയ്തുവെന്നു സമ്മതിക്കുന്നുണ്ടോ?

അസ്റ്റ:- ഉവ്വ്, ഞാൻ സമ്മതിക്കുന്നു.

ന്യായാ:- നിങ്ങൾ ആ ഗ്രാമത്തിൽ ഉണ്ടായിരുന്നില്ലെങ്കിൽ ഈ സംഭവം നടക്കുമായിരുന്നില്ല എന്നു് നിങ്ങൾ സമ്മതിക്കുന്നുവോ?

അസ്റ്റ:- ഉവ്വ്, ഞാൻ സമ്മതിക്കുന്നു.

ന്യായാ:- അതുകൊണ്ടു് ഈ കുററത്തിൻെറ കാരണം

നിങ്ങളായിരുന്നു എന്നു നിങ്ങൾ സമ്മതിക്കുന്നുവോ?

അസ്റ്റ:- ഉവ്വ്.

വന്ദ്യനായ ഫാദർ അസ്റ്റലോസ് മരണശിക്ഷയ്ക്കു വിധിക്കപ്പെട്ടു. റിപ്പബ്ളിക്കിന്റെ പ്രസിഡന്റ് അതു ജീവപര്യന്തം തടവുശിക്ഷയാക്കി മാററി. എന്നാൽ അദ്ദേഹം മൃതനായി എന്നു പിന്നീടു ഹങ്കറിയിൽനിന്നു റിപ്പോർട്ടുകൾ കിട്ടുകയുണ്ടായി. പക്ഷെ ആൎക്കും ഒന്നും തീർച്ചയായി അറിഞ്ഞുകൂടാ.

ഇതൊരു ചെറിയ സംഭവമാണ്—ലോകത്തിൽ അറിയപ്പെടാത്ത ഒരു ഗ്രാമീണവൈദികന്റെ കാൎയ്യം.

അസ്റ്റലോസിനെ സംബന്ധിച്ചു ലണ്ടനിലും വാഷിംഗ്ടണിലുംനിന്ന് ഔദ്യോഗികപ്രതിഷേധങ്ങൾ ഉയരുകയില്ലെന്നും, ന്യൂയോൎക്കിലും പാരീസിലും ഇതുസംബന്ധിച്ച പ്രതിഷേധമഹായോഗങ്ങൾ കൂടുകയില്ലെന്നും മിൻസെന്തിക്കറിയാമായിരുന്നു. കൂടുതൽ പ്രശസ്തിയും സ്വാധീനശക്തിയുമുള്ള ഒരാളുടെ മരണത്തിനു മാത്രമേ ലോകത്തിന്റെ മനസ്സാക്ഷിയെ തട്ടിയുണൎത്താൻ സാദ്ധ്യമാകൂ എന്നും അദ്ദേഹം അറിഞ്ഞിരുന്നു.

അങ്ങനെ ഉള്ള ഒരാൾ ആരായിരിക്കുമെന്നതിനെക്കുറിച്ചും അദ്ദേഹത്തിനു നിശ്ചയമായ അറിവുണ്ടായിരുന്നു.

# XIII

## വല മുറുകുന്നു

ഇതിനിടയ്ക്കു മിൻസെന്തി സന്ദർഭം കിട്ടുമ്പോഴൊക്കെയും കമ്മ്യൂണിസ്റ്റ് ഭരണത്തോടുള്ള തൻെറ എതിർപ്പിൻെറ സ്വരം ഉയർത്തിക്കൊണ്ടിരുന്നു. അതേസമയംതന്നെ അദ്ദേഹം കർദ്ദിനാൾസ്ഥാനത്തിൻെറ ചുമതലകളും വളരെ ശാന്തവും ആർഭാടരഹിതവുമായ രീതിയിൽ നിർവ്വഹിച്ചുവന്നു. സലജേഴ്സ്സെഗ്ഗിൽ ഒരു ഇടവകവൈദികനായിരുന്ന കാലത്തെ ലഘുജീവിതക്രമം അതേപടി പ്രിൻസ് പ്രിമേററിൻെറ അരമനയിലും അദ്ദേഹം തുടൎന്നു. പ്രിൻസ് പ്രിമേററിൻെറ ഭക്ഷണമേശ വിഭവസമൃദ്ധമായിരിക്കുമെന്നതാണു് പൊതുവിശ്വാസം. മിൻസെന്തിയുടേതാകട്ടെ സന്ന്യാസസദൃശമായ ഒരു വിഭവവിരക്തിയാണു് പ്രദർശിപ്പിച്ചിരുന്നതു്.

തിങ്കളാഴ്ചദിവസം ഭക്ഷണത്തിനു എന്തെങ്കിലും ഒരിനം മാത്രമേ ഉണ്ടായിരിക്കുകയുള്ളു. നൊയമ്പുകാലങ്ങളിൽ അദ്ദേഹം പ്രാതൽ കഴിച്ചിരുന്നില്ല. ഉച്ചയ്ക്കു സൂപ്പും അപ്പവും, രാത്രി അപ്പം മാത്രവും ആയിരുന്നു അദ്ദേഹത്തിൻെറ ഭക്ഷണക്രമം. മുത്താഴത്തിനും അത്താഴത്തിനും ഇടയ്ക്കു് ഒരു ചുരുട്ടു വലിക്കുക സാധാരണമായിരുന്നു. രാവിലെ എഴുന്നേൽക്കുമ്പോൾ "വേനി ക്രിയേത്തോർ" എന്ന സ്തോത്രവും, ഉറങ്ങാൻപോകുന്നതിനുമുൻപു "തെ ദേവും" എന്ന സ്തോത്രവും മന്ദസ്വരത്തിൽ പാടുക അദ്ദേഹത്തിൻെറ ഒരു നിത്യകൃത്യവുമായിരുന്നു



"....അദ്ദേഹത്തിൻെറ സഞ്ചാരങ്ങൾ ജൈത്രയാത്രകളായിത്തീൎന്നു............"

(പുറം 163)

(മുകളിൽ—കട്ടിനാളിൻെറ ആശീൎവ്വാദത്തിനു് പാൎശ്വവീഥികളിൽ ജനാവലി തിങ്ങിക്കൂടുന്നു. താഴെ—സൈക്കിളിലും കുതിരപ്പുറത്തും ജനങ്ങൾ സ്വീകരണഘോഷയാത്രയെ നയിക്കുന്നു)



സാധുക്കളായ 17 കൎഷകരെ ആഴ്ചതോറും ക്ഷണിച്ചുവരുത്തി അവരോടുകൂടി അദ്ദേഹം ഭക്ഷണംകഴിച്ചിരുന്നു (പുറം78)

സൈഥര്യലേപനം നൽകുന്നതിനുവേണ്ടി ഇടവകകൾ തോറും സഞ്ചരിക്കുമ്പോൾ വലിയ വിരുന്നുകൾ ഒരുക്കരുതെന്ന് അദ്ദേഹം തൻെറ വൈദികരോട് കല്പിച്ചിരുന്നു. ഒരിക്കൽ ഈ നിർദ്ദേശത്തെ വിഗണിച്ചുകൊണ്ട് ഒരു വലിയ സദ്യയ്ക്കു വട്ടംകൂട്ടിയിരിക്കുന്നതു കണ്ടു്, അദ്ദേഹം സ്വല്പമാത്രം ഉപയോഗിച്ചിട്ടു "ഭക്ഷണം കഴിഞ്ഞു" എന്നു പറഞ്ഞു് എഴുന്നേററുപോയി.

ജെനോ സാററ്മറി എന്ന ഒരു ഹങ്കേറിയൻ ഗ്രന്ഥകാരൻ ഒരമേരിക്കൻ പത്രപ്രവത്തകനുമൊന്നിച്ച് കർദ്ദിനാൾ മിൻസെന്തിയെ സന്ദർശിച്ച കാര്യം ഇങ്ങനെ വിവരിച്ചിരിക്കുന്നു:

"അരമനയുടെ വാതൽ തുറന്നു തരുന്ന പടികാവൽക്കാരൻ സാധാരണക്കാരനായ ഒരു പാവപ്പെട്ട മനുഷ്യനാണ്. അപ്പസ്തോലന്മാർ ധരിച്ചിരുന്ന മട്ടിലുള്ള വള്ളിച്ചെരുപ്പുകളാണു അയാളുടെ നഗ്നമായ പാദങ്ങളിൽ ഉണ്ടായിരുന്നതു്. നിശ്ശബ്ദനായി അയാൾ ഞങ്ങൾക്കു മാളികമുകളിലേക്കു് വഴികാണിച്ചുതന്നു. കോണിപ്പടികൾ കയറി ചെല്ലുമ്പോൾ കാണുന്ന ഇരുഭാഗങ്ങളിലുമുള്ള ചുമരുകളിൽ മാർപ്പാപ്പാമാരുടെ ചിത്രങ്ങൾ വച്ചിട്ടുണ്ട്. പഴയ കത്തോലിക്കാ കലാകാരന്മാരുടെ ഉൽകൃഷ്ടചിത്രങ്ങളുടെ പകർപ്പുകൾകൊണ്ടു് അലംകൃതമാണു് അരമനയിലെ ഇടനാഴികൾ.

"കർദ്ദിനാളിനെ പ്രതീക്ഷിച്ച് വിശ്രമമുറിയിൽ ഇരിക്കുമ്പോൾ, അവിടത്തെ ചുമരുകളിൽ ഫ്റാൻസിസ് ജോസഫ് രാജാവിൻേറയും എലിസബത്തു് രാജ്ഞിയുടേയും പൂർണ്ണകായചിത്രങ്ങൾ വച്ചിരിക്കുന്നതു ഞാൻ കണ്ടു. ഒരു മാർബിൾ മേശപ്പുറത്തു ചാറൽസ് രാജാവിൻെറയും സീത്താ രാജ്ഞിയുടെയും ചെറിയ ഫോട്ടോകൾ വെച്ചിരിക്കുന്നു. അടുത്ത മുറിയുടെ വാതിലിലൂടെ നോക്കിയപ്പോൾ, വിശ്രുതരായ കലാകാരന്മാർ വേദപുസ്തകകഥകളെ ആധാരമാക്കി രചിച്ചിരിക്കുന്ന മനോജ്ഞചിത്രങ്ങളുടെ പകർപ്പു

കരം എനിക്കു കാണാൻ സാധിച്ചു.

"തൻെറ ചെറിയ പഠനമുറിയിൽ വച്ചാണു കർദ്ദിനാൾ ഞങ്ങളെ സ്വീകരിച്ചതു്. അതിലെ മരസാമാനങ്ങളും മററുപകരണങ്ങളുമെല്ലാം ഒരു ഗ്രാമീണവൈദികൻെറ വസതിയിലേതുപോലെ ലളിതമായിരുന്നു.

എൻെറ കൂടെയുണ്ടായിരുന്ന അമേരിക്കൻ പത്രപ്രവർത്തകൻ ഹങ്കേറിയൻ രാഷ്ട്രവും സഭയും തമ്മിൽ നടക്കുന്ന മത്സരത്തെക്കുറിച്ചു പരാമർശിച്ചു. വളരെ ശ്രമരഹിതമായി, ശാന്തമായി, സ്വതന്ത്രമായി, മിൻസെന്തി അതിനെക്കുറിച്ചു ചർച്ചചെയ്തു. തങ്ങളുടെ കുട്ടികൾക്കു് എന്തുമാതിരി വിദ്യാഭ്യാസമാണു് ലഭിക്കേണ്ടതു്, ഏതൊക്കെ സ്കൂളുകളിലാണു് അവർ പോകേണ്ടതു്, എന്നു തീരുമാനിക്കുവാൻ മാതാപിതാക്കന്മാൎക്കുള്ള അവകാശത്തെ സംരക്ഷിക്കുകമാത്രമാണു് സഭ ചെയ്യുന്നതെന്നു് അദ്ദേഹം വിശദമാക്കി. വിദ്യാലയങ്ങളുടെ കുത്തക സഭയല്ല, രാഷ്ട്രമാണു് ആഗ്രഹിക്കുന്നതു്. മുൻപു് അറുപതു ശതമാനം സ്കൂളുകൾ വിവിധ സഭാവിഭാഗങ്ങളുടെ അധീനതയിലായിരുന്നു. കുഞ്ഞുങ്ങളുടെ മനസ്സിൽ കമ്മ്യൂണിസം കുത്തിവയ്ക്കുന്നതിനുവേണ്ടി അവയെല്ലാം ഇപ്പോൾ ഗവണ്മെൻറു് ഏറെറടുത്തിരിക്കയാണു് എന്നു അദ്ദേഹം പറഞ്ഞു.

"'ഞങ്ങൾക്കു ഞങ്ങളുടെ വിദ്യാലങ്ങൾ നിലനിർത്തിക്കൊണ്ടു പോകണം' അദ്ദേഹം തുടൎന്നു. "വിദ്യാലയങ്ങൾ സ്ഥാപിക്കുന്നതിനു രാഷ്ട്രത്തിനുള്ള അവകാശത്തെ ഞങ്ങൾ നിസ്സന്ദേഹം അംഗീകരിക്കുന്നു. എന്നാൽ എവിടെ ഒരു കത്തോലിക്കാ വിദ്യാലയമുണ്ടോ, അതു ഞങ്ങളുടെ വകയാണു്."

"സംസാരിക്കുന്നതിനിടയ്ക്കു് ഒരു പ്രഭാഷകൻെറ ഹസ്തവിക്ഷേപംപോലെ പലപ്പോഴും അദ്ദേഹം തൻെറ കൈകൾ മേശയ്ക്കു മുകളിലേക്കു് ഉയൎത്തും. ഇടയ്ക്കു് ചുവന്ന തൊപ്പിയിൽ, അതു തലയിൽ ഭദ്രമായി ഉറപ്പിക്കുവാൻ

എന്നപോലെ, സ്പൾശിക്കുന്നതു കാണാം. യാതൊരു സംഭ്രമവുംകൂടാതെ ശാന്തമായി സാവധാനത്തിൽ ആണു് അദ്ദേഹം സംസാരിച്ചതു്.

“നവീകരണ-എവാൻജലിക്കൽ സഭകൾ ഗവർമെൻറുമായി ഒത്തുതീപ്പിലെത്തിയതിൻെറ ഫലമായി ചില വിദ്യാലയങ്ങൾ അവക്കു മടക്കിക്കിട്ടിയിട്ടുണ്ടെന്ന കാൎയ്യം എൻെറ അമേരിക്കൻ സ്നേഹിതൻ ചൂണ്ടിക്കാണിച്ചു. മററു സഭകൾ എന്തു ചെയ്യുന്നു എന്നതിനെക്കുറിച്ചു കത്തോലിക്കസഭക്കു താല്പൎയ്യമില്ലെന്നും, ഏതാനും ഹൈസ്കൂളുകൾ കിട്ടിയതുകൊണ്ടു കത്തോലിക്കസഭക്കു തൃപ്തിപ്പെടുക സാദ്ധ്യമല്ലെന്നും മിൻസെന്തി ഉടൻ മറുപടി പറഞ്ഞു. പ്രാഥമികപാഠശാലകളിലും അവളുടെ ശിശുക്കളെ വിദ്യാഭ്യാസം ചെയ്യിക്കണമെന്നു കത്തോലിക്കസഭക്കു നിർബന്ധമുണ്ടു്. സഭ ഇക്കാൎയ്യത്തിൽ വില പേശുകയോ, അനുരഞ്ജകസംഭാഷണങ്ങൾ നടത്തുകയോ ചെയ്യുന്നതല്ല. ഒരു ധാരണയിൽ എത്തിച്ചേരുവാൻ യാതൊരു സാധ്യതയും താൻ കാണുന്നില്ലെന്നും അദ്ദേഹം പ്രസ്താവിച്ചു.”

ദിവസങ്ങളും ആഴ്ചകളും കടന്നുപോകുന്നതോടുകൂടി മിൻസെന്തിയോടു കമ്മ്യൂണിസ്റ്റുകാക്കുള്ള വിദ്വേഷവും, ജനങ്ങൾക്കു് അദ്ദേഹത്തോടുള്ള സ്നേഹബഹുമാനങ്ങളും വർദ്ധിച്ചുവന്നു. പ്രവിശ്യകളിലേക്കുള്ള അദ്ദേഹത്തിൻെറ സഞ്ചാരങ്ങൾ ജൈത്രയാത്രകളായിത്തീൎന്നു. അദ്ദേഹത്തെ സ്വീകരിക്കുവാൻവേണ്ടി എമ്പാടും തെരുവീഥികൾ അലങ്കരിപ്പെട്ടു. ഗ്രാമങ്ങളുടെ വെളിക്കുനിന്നുതന്നെ അദ്ദേഹത്തെ എതിരേൽക്കുവാൻ കുതിരപ്പുറത്തും, സൈക്കിളിലും മററുമായി അംഗരക്ഷകർ നിയോഗിക്കപ്പെട്ടുമായിരുന്നു.

മുപ്പതുശതമാനം മാത്രം കത്തോലിക്കരുള്ള കാൽവിനിസ്റ്റുകേന്ദ്രമായ, ഡെബ്രെസനിൽ, കാൽവിനിസ്റ്റുസഭാംഗമായ പ്രീഫെക്ററും, സോഷ്യൽ ഡിമോക്രാററു് മേയറുംകൂടി നഗരത്തിനു വെളിയിൽ വളരെ അകലെനിന്നു

തന്നെ അദ്ദേഹത്തെ എതിരേററു സ്വീകരിച്ചു. പ്രോട്ടസ്റ്റ ൻറുകാർക്കു ബഹുഭൂരിപക്ഷമുള്ള ആ നഗരസഭ അദ്ദേഹത്തിന് സിററിഹാളിൽവച്ചു ഗംഭീരമായ ഒരു സ്വീകരണം നൽകി.

ഏതാദൃശസഞ്ചാരങ്ങളിൽ കഴിയുന്നത്ര അധികം ആളുകളുമായി നേരിട്ടിടപെടുന്നതിന് എന്തു ക്ലേശവും സഹിക്കാൻ അദ്ദേഹം സന്നദ്ധനായിരുന്നു. ഓരോ വ്യക്തിയേയും സമീപിച്ചു അദ്ദേഹം അവരുടെ ക്ഷേമങ്ങൾ അന്വേഷിച്ചിരുന്നു. ആശുപത്രികളും കാരാഗൃഹങ്ങളും അദ്ദേഹം സന്ദർശിച്ചിരുന്നു. സാമൂഹ്യപ്രവർത്തനങ്ങളെക്കുറിച്ച് ക്രൂലംകഷമായ അന്വേഷണങ്ങൾ നടത്തിയിരുന്നു.

അദ്ദേഹത്തിൻെറ അനുചരന്മാരെ, കമ്മ്യൂണിസ്റ്റ്കാർ, തങ്ങളുടെ ചാരന്മാരായിത്തീരുന്നതിനുവേണ്ടി സദാ നിർബന്ധപൂർവ്വം പ്രേരിപ്പിച്ചുകൊണ്ടിരുന്നു. എസ്റ്റർഗാമിലുള്ള പോസ്റ്റാഫീസിലെ മേലുദ്യോഗസ്ഥൻ ഇങ്ങനെ ഒരു റഷ്യൻ ചാരനായിത്തീർന്നു. അതുപോലെതന്നെ മിൻസെന്തിയുടെ ദൗത്യവാഹകനും, ദ്വാരപാലകരിൽ ഒരാളും, ടൈപ്പിസ്ററും, ബുഡാപ്പെസ്റ്റിലുള്ള അരമനയിലെ കാര്യസ്ഥനും, കമ്മ്യൂണിസ്റ്റ്കാരുടെ ചാരന്മാരായി. ബുഡാപ്പെസ്റ്റിലെ അരമനയുടെ സമീപമുള്ള ഒരു ഫാക്ടറി ഗവണ്മെൻറു ഏറെറടുത്തു. എൺപതു രഹസ്യപ്പോലീസുകാർ അവിടെ താവളമാക്കി; രാപകൽ 24 മണിക്കൂറും മിൻസെന്തിയുടെ ഓരോ ചലനവും സൂക്ഷിച്ചുകൊണ്ട് തവണയിട്ടു അവർ പാറാവുനിന്നു.

ഓരോ മാസം ചെല്ലുംതോറും ഹങ്കേറിയൻ ഗവണ്മെൻറിൻെറ കഴുത്തിലെ കമ്മ്യൂണിസ്റ്റ് കുടുക്ക് കൂടുതൽ കൂടുതൽ മുറുകിവന്നു. 1947 ജൂൺമാസത്തിൽ പ്രധാനമന്ത്രിയായിത്തീർന്ന ജാജോസ് ഡിന്നിയെസിൻെറ കഥ ഇതിനുദാഹരണമാണ്. അക്കാലത്തു ഡെപ്യൂട്ടിപ്രധാനമന്ത്രി റക്കോസിയായിരുന്നു.

ഡിന്നിയെസ് എന്റെ ഒരു പഴയ സുഹൃത്താണു്. അദ്ദേഹം സുന്ദരനും സൽസ്വഭാവിയുമായിരുന്നു. വീഞ്ഞു്, സ്ത്രീകൾ, നൃത്തം, പണം, സംഗീതം ഇവയിലായിരുന്നു അദ്ദേഹത്തിന്റെ ആസക്തി മുഴുവൻ. പ്രധാനമന്ത്രിയായി അധികം കഴിയുന്നതിനുമുമ്പ് അദ്ദേഹം അവിടെയുള്ള ഒരു ബാങ്കിന്റെ, പുതുതായി നിയമിക്കപ്പെട്ട, മേധാവിയെ കണ്ടു. അയാൾ അവിടത്തെ ഒരു നിസ്സാരവക്കീൽ മാത്രമായിരുന്നു. അവർ പരസ്പരം ഹസ്തദാനം ചെയ്തു. ഡിന്നിയെസ് ചിരിച്ചുകൊണ്ടു ചോദിച്ചു: "എനിക്കു് പ്രധാനമന്ത്രിയും നിങ്ങൾക്കു് സ്റ്റേറ്റുബാങ്കിന്റെ മേധാവിയുമായിരിക്കുവാൻ സാധിച്ചിരിക്കുമ്പോൾ രാജ്യം എത്രമാത്രം അധഃപതിച്ചിരിക്കുന്നു, എന്നു് ഊഹിക്കാൻ നിങ്ങൾക്കു സാധിക്കുമോ?"

രാജ്യതാല്പര്യങ്ങൾക്കു വിരുദ്ധമായി റഷ്യക്കാരുടെ ഉത്തരവുകൾ മന്ത്രിസഭയ്ക്കു ശരിവക്കേണ്ടിവരുന്ന സന്ദർഭങ്ങളിൽ വാദപ്രതിവാദങ്ങൾക്കു മറുപടിയായി ഡിന്നിയെസ് തുടരെ ഇത്രമാത്രം പറഞ്ഞുകൊണ്ടിരിക്കും. "നാം തൂക്കിലിടപ്പെടും, മാന്യരേ, നാം തൂക്കിലിടപ്പെടും."

തന്നെ സന്ദർശിക്കാൻ വരുന്നവരോടു്, തന്റെ ഒഴിഞ്ഞ മേശപ്പുറത്തേയും, അലസരായ സെക്രട്ടറിമാരേയും ചൂണ്ടിക്കാണിച്ചുകൊണ്ടു് അദ്ദേഹം പറയും: "പ്രധാനമന്ത്രി എത്രമാത്രം പ്രവൃത്തിനിരതനാണെന്നു് നോക്കൂ."

എന്റേയും അദ്ദേഹത്തിന്റേയും സുഹൃത്തായ ഒരു അമേരിക്കക്കാരൻ ഒരു രാത്രി അദ്ദേഹത്തോടൊരുമിച്ചു് കഴിച്ചുകൂട്ടി. തനിക്കു് റക്കോസിയുമായി ഒന്നു സംസാരിച്ചാൽ കൊള്ളാമെന്നു് ആ സ്നേഹിതൻ അറിയിച്ചപ്പോൾ, മന്ദഹാസത്തോടുകൂടി ഡിന്നിയെസ് പറഞ്ഞ മറുപടിയിതാണു്: "അദ്ദേഹത്തിനെ കാണുവാൻ എനിക്കു കാത്തുനില്ക്കേണ്ടിടത്തോളം നിങ്ങൾക്കു് കാത്തുനില്ക്കേണ്ടിവരികയില്ല."

"പ്രധാനമന്ത്രിയായ താങ്കൾക്കോ?" ആ അമേരിക്കൻ ആശ്ചര്യപൂർവ്വം ചോദിച്ചു.

"ഞാൻ പ്രധാനമന്ത്രിയല്ല" ഡിന്നിയെസ് അവജ്ഞയോടുകൂടി പറഞ്ഞു. "ഞാൻ നികൃഷ്ടനാണ്. എനിക്കു റക്കോസിയെ ഒന്നു കാണണമെങ്കിൽ, മററാരെയുംപോലെ ഞാനും എൻെറ പേർ ഒരു വെയിററിങ്ങ് ലിസ്റ്റിൽ എഴുതിയിടണം. ഓ! എനിക്ക് വളരെയെല്ലാം അവകാശങ്ങളുണ്ട്. പ്രധാനമന്ത്രിയുടെ കൊട്ടാരത്തിൽവച്ച്, സന്ദർശകന്മാൎക്ക് എൻെറ പേരു കൊത്തിയിട്ടുള്ളതും ഭംഗിയുള്ളതുമായ സിഗററ് ലൈററുകൾ സമ്മാനിക്കാൻ എനിക്ക് അവകാശമുണ്ട്. ഹങ്കറിയിലെ പ്രധാനമന്ത്രിയുടെ സമ്മാനമായിട്ട്; എന്താ! ഒരെണ്ണം താങ്കൾക്കും വേണമെന്നുണ്ടോ? എൻെറ പടം സൎക്കാർചെലവിൽ വരപ്പിക്കുവാനുള്ള അവകാശവുമെനിക്കുണ്ട്. ചില്ലറ കാര്യങ്ങളിൽ പ്രാദേശികാധികാരികളുമായി എനിക്കിടപെടാൻ സാധിക്കും. ചിലപ്പോൾ കാര്യം നേടാൻതന്നെ കഴിഞ്ഞെന്നും വന്നേക്കും. അപൂർവ്വം അവസരങ്ങളിൽ എൻെറ ഏതെങ്കിലുമൊരു മിത്രത്തിന് ഒരു പാസ്പോർട്ടു വാങ്ങിക്കൊടുക്കാനും എനിക്കു സാധിച്ചെന്നു വന്നേക്കും. ഹങ്കറിയിലെ പ്രധാനമന്ത്രിയുടെ ഇന്നത്തെ നിലയിതാണ്."

ഡിന്നിയെസിൻെറ സഹകരണം സമ്പാദിക്കുന്നതിന്നു മിൻസെന്തി കുറഞ്ഞപക്ഷം ഒരിക്കലെങ്കിലും ശ്രമിച്ചിട്ടുണ്ട്; 1947-ഒക്ടോബർ 24-ാംനു- പ്രധാനമന്ത്രിക്കു കർദ്ദിനാൾ ഇങ്ങനെയെഴുതി.

"ശ്രീമാനായ പ്രധാനമന്ത്രി, ഹങ്കറിയിലെ വൈദികമേലദ്ധ്യക്ഷസംഘത്തിൻെറ കഴിഞ്ഞ സമ്മേളനത്തിൽ അവരുടെ അജഗണങ്ങളിൽനിന്നു ലഭിച്ച പല പരാതികളും പരിശോധിച്ചു. ആഭ്യന്തരമായ അസ്വാസ്ഥതകളിൽനിന്നു ഉത്ഭവിച്ചിട്ടുള്ളവയും, ധാൎമ്മികജീവിതത്തെ സ്പർശിക്കുന്നവയുമാണു് ഈ പരാതികൾ. അവ താഴെ ചേൎക്കുന്നു:

"1) കമ്മ്യൂണിസ്റ്റ്പാർട്ടിയിൽ ചേരുന്നതിന് ആളുകൾ നിർബന്ധിക്കപ്പെടുന്നു. പാർട്ടിയുടെ നയത്തോടു യോജിക്കാത്തവരും, പാർട്ടിയോട് എതിർപ്പുള്ള മതവിശ്വാസങ്ങൾ പുലർത്തുന്നവരും അങ്ങനെ പാർട്ടിയിൽ ചേരാൻ നിർബ്ബന്ധിക്കപ്പെടുന്നു. വഴങ്ങാതിരുന്നാൽ അവർക്ക് അവരുടെ ഉദ്യോഗം നഷ്ടപ്പെടും; മററു ജോലികൾ അന്വേഷിച്ചെടുക്കുവാൻ കഴിയുകയുമില്ല. കമ്മ്യൂണിസ്റ്റ്പാർട്ടിയിലെ അംഗത്വം എല്ലാ ശിക്ഷകളിൽനിന്നും മുക്തിനേടി കൊടുക്കുന്ന ഒരു കവചമായിത്തീർന്നിട്ടുണ്ട്. ഇതത്രയും പരസ്യമായ കാര്യങ്ങളാണ്. ഗവൺമെൻറ് കക്ഷിയിലെ ഒരംഗം, ഒക്ടോബർ ഒന്നാം തീയതി കൂടിയ പാർല്ലമെൻറു സമ്മേളനത്തിൽ, ഈ വസ്തുത ചൂണ്ടിക്കാണിച്ചിട്ടുള്ളതുമാണ്.

ശ്രീമാനായ പ്രധാനമന്ത്രി, സ്വാതന്ത്ര്യത്തിൻെറയും ജനാധിപത്യത്തിൻെറയും അടിത്തറമാന്തുന്ന പരിതാപകരമായ ഈ അവസ്ഥ തെരഞ്ഞെടുപ്പിനുശേഷമെങ്കിലും പരിഹരിക്കപ്പെടുമെന്നു ഞങ്ങൾ പ്രതീക്ഷിക്കുന്നു. പ്രഭുവംശത്തിൻെറ പ്രത്യേകാവകാശങ്ങളെ നിമ്മാർജ്ജനം ചെയ്തതിൻെറ ശതവർഷപൂർത്തി 1948-ൽ ആഘോഷിക്കുമ്പോൾ അതിൽ പങ്കെടുത്തുകൊണ്ടു നാമെല്ലാവരും ആനന്ദിക്കവേ, സർവ്വസമത്വത്തേയും നശിപ്പിച്ചുകൊണ്ട് "പാർട്ടിഅവകാശങ്ങൾ" നടപ്പാക്കുന്നതു തീർത്തും അനുചിതമാണെന്നു ഞങ്ങൾ വിശ്വസിക്കുന്നു.

"2) രണ്ടാമത്തെ പരാതി, പോലിസ് നടപ്പിലാക്കാനുദ്ദേശിക്കുന്ന രഹസ്യനിയന്ത്രണത്തെ പരാമർശിച്ചുള്ളതാണ്. ഈ പോലീസിൻെറ പ്രവർത്തകന്മാർ ചില ആളുകളെ തെരഞ്ഞെടുക്കുന്നു. അവരെ ഭീഷിണികൊണ്ടു് വശത്താക്കി മതപരമായ സംഘങ്ങളേയും സഭാസ്ഥാപനങ്ങളേയും വിദ്യാലയങ്ങളേയും ഒററിക്കൊടുക്കുന്നതിനു നിയോഗിക്കുന്നു. അവിടങ്ങളിൽ നടക്കുന്നതും പറയുന്നതുമാ

യ എല്ലാ കാര്യങ്ങളും അവർ റിപ്പോർട്ടുചെയ്തുകൊള്ളണം. ചാരന്മാരെന്നു വിളിക്കപ്പെടുന്ന ഇക്കൂട്ടരിലൊരാൾ കഠിനമായി പീഡിപ്പിക്കപ്പെട്ടു; കാരണം, പോലീസ് പ്രതീക്ഷിച്ചിരുന്നതുപോലെ ആയിരുന്നില്ല അയാളുടെ റിപ്പോർട്ട്. താൻ നിയോഗിക്കപ്പെട്ടിരിക്കുന്നത് ഇന്നതിനാണെന്ന് ഒരാൾ മറ്റൊരാളെ അറിയിച്ചാൽ സത്യലംഘനത്തിന്റെ ഭീകരസ്വ അയാളുടെ തലക്കുമുകളിൽതൂങ്ങിനിൽക്കും. ഹംഗേറിയൻ പ്രകൃതത്തിനു യോജ്യമല്ലാത്ത ഏതാദൃശനടപടികൾ നമ്മുടെ ചരിത്രത്തിലെ ചില ദുഷ്കാലഘട്ടങ്ങളെയാണനുസ്മരിപ്പിക്കുന്നത്.

"സഭക്കെതിരായ ഏജൻറന്മാരുടെ പ്രവർത്തനം തികച്ചും അനാവശ്യമാണ്. സഭകളിൽ ഒരുപജാപത്തെ അന്വേഷിക്കുന്നതു് വ്യർത്ഥമാണ്. ഈ സംശയത്തിനടിസ്ഥാനമെന്തു്? ഞങ്ങൾ വിചാരിക്കുന്നതെന്തോ അതു തുറന്നുപറയുക ഞങ്ങളുടെ ശീലമാണെന്ന് ഇതിനകം പ്രകടമായിട്ടില്ലേ? നിർഭാഗ്യവശാൽ അപൂർവ്വമായിമാത്രം ആവിർഭവിക്കാറുള്ള ഞങ്ങളുടെ സമ്മേളനങ്ങളും പ്രസിദ്ധീകരണങ്ങളും ഈ വസ്തുത പ്രകടമായി തെളിയിക്കുന്നുമുണ്ടു്.

"ശ്രീമാൻ, ഈ കൊള്ളരുതായ്മകൾ കീഴ്ജീവനക്കാരുടെ അപ്രസക്തമായ അത്യാവേശത്തിൽനിന്ന് ഉത്ഭവിക്കുന്നതാണെന്ന് ഞങ്ങൾ പ്രത്യാശിക്കുന്നു. അവയെ അമർത്തി, ഓരോ ഹംഗറിക്കാരനും ഭയവും ആകുലതയുമില്ലാതെ സമാധാനം സംപ്രാപ്തമാക്കുന്നതിന് അങ്ങ് ഇക്കാര്യത്തിൽ ഇടപെടണമെന്നു ഞങ്ങൾ അഭ്യർത്ഥിക്കുന്നു.

"ശ്രീമാനായ പ്രധാനമന്ത്രി, എന്റെ ഹൃദയംഗമമായ ആദരവുകൾ സദയം സ്വീകരിച്ചാലും"

ഡിന്നിയെസു് ഈ കത്തിന് മറുപടി അയച്ചില്ല. ഒരുവേള മറുപടി അയക്കണമെന്നാദ്ദേഹം ആഗ്രഹിച്ചിരുന്നെങ്കിൽതന്നെ അതിനദ്ദേഹത്തിന് അനുവാദമുണ്ടായി

രുന്നിരിക്കയില്ല.

ഇമ്മാതിരി പാവകളുടെ പിറകിൽ നിന്നുകൊണ്ടു ഗവണ്മെൻറു് സഭയുടെ നേൎക്കുള്ള മുട്ടനത്തിനു ശക്തികൂട്ടിക്കൊണ്ടിരുന്നു. വെട്ടിക്കുറയ്ക്കപ്പെട്ടിരുന്ന വരുമാനംകൊണ്ടു വിദ്യാലയങ്ങൾ നടത്തിക്കൊണ്ടുപോകാൻ സഭയ്ക്കു വിഷമകരമായിത്തീൎന്നപ്പോൾ, "സഹകരണം" എന്ന വേഷത്തിൽ അദ്ധ്യാപകശമ്പളം കൊടുക്കാമെന്നുപറഞ്ഞു ഗവണ്മെൻറു് മുന്നോട്ടുവന്നു. എന്നാൽ കത്തോലിക്കാവിദ്യാലയങ്ങളെ എന്നെന്നേക്കുമായി തങ്ങളുടെ പിടിയിലൊതുക്കാനുള്ള കമ്മ്യൂണിസ്റ്റ്കളുടെ ഒരു അടവാണിതെന്നു മനസ്സിലാക്കിയ മിൻസെന്തി ഈ ഔദാൎയ്യത്തെ നിരസിക്കുകയാണുണ്ടായതു്.

മോസ്കോയുടെ നിരന്തരമായ നിർബന്ധത്തിനു കീഴ് വഴങ്ങി ഹങ്കേറിയൻ പാർലമെൻറു് 1948 ജൂൺമാസത്തിൽ വിദ്യാലയദേശസാൽക്കരണബിൽ പാസാക്കി. ഇതുസംബന്ധിച്ചു് എല്ലാ കത്തോലിക്കാദൈവാലയങ്ങളിൽ നിന്നും ദുഃഖസൂചകമായ മണിനാദം മുഴക്കണമെന്നു മിൻസെന്തി കല്പന അയച്ചു.

ഏതുവിധവും മിൻസെന്തിയെ നീക്കംചെയ്യുക എന്നതു പ്രഥമകൎത്തവ്യമായി കരുതിയിരുന്ന കമ്മ്യൂണിസ്റ്റ്കൾ, സുരക്ഷിതനായി നാടുവിടുന്നതിനു് അദ്ദേഹത്തെ അനുവദിക്കാമെന്നു് അറിയിച്ചപ്പോൾ അദ്ദേഹം അതു നിഷേധിക്കുകയാണുണ്ടായതു്. ഏതാണ്ടീസമയത്തു് ഒരു സന്ദർശകനോടായി അദ്ദേഹം പറഞ്ഞു. "സത്യസന്ധനായ ഒരു ക്രിസ്ത്യാനിക്കു് ഇന്നു കമ്മ്യൂണിസ്റ്റ്ഹങ്കറിയിലുള്ളതിനെക്കാൾ കൂടുതൽ ഭദ്രത, വനത്തിൽ ഒരു ചെന്നായ്ക്കുണ്ടു്. മിക്കവാറും നാലുമാസത്തിനുള്ളിൽ ഒരു കൊലമുറിക്കകത്തു് ആരാച്ചാരുടെ വരവും കാത്തുകൊണ്ടു് എനിക്കിരിക്കേണ്ടതായിവരും. എന്നാൽ ഞാൻ എൻെറ നയത്തിനു വ്യതിയാനം വരുത്തുകയോ, കമ്മ്യൂണിസ്റ്റ്ഗവണ്മെൻറിനെപ്പററി

പറഞ്ഞിട്ടുള്ള കാര്യങ്ങൾ പിൻവലിക്കയോ ചെയ്കയില്ല. എൻെറ വിധി നിർണ്ണയിച്ചിരിക്കുന്ന ദൈവത്തിൻെറ കൈകളിൽ ഞാൻ എന്നെത്തന്നെ സമർപ്പിക്കുന്നു."

ഇതിനിടയ്ക്കു തൻെറ ചുറ്റും ആസ്ഥാനമുറപ്പിച്ചിരുന്ന ചാരന്മാരുടെ വലയത്തെ ഭേദിക്കുവാൻ മിൻസെന്തി സർവ്വയത്നങ്ങളും ചെയ്കയായിരുന്നു.

ബുഡാപ്പെസ്റ്റിൽ കർദ്ദിനാളിൻെറ അരമനയിൽവച്ചു മെത്രാന്മാരുടെ സമ്മേളനങ്ങൾനടത്തുക എന്നതായിരുന്നു പതിവു്. എന്നാൽ അദ്ദേഹത്തിൻെറ അറസ്റ്റിനു തൊട്ടു മുമ്പുള്ള ഏതാനും മാസങ്ങളിൽ, മെത്രാന്മാരെ സ്വീകരിച്ചുകൊണ്ടുപോയി വേറെ ഏതെങ്കിലും ഒരാശ്രമത്തിൽവച്ചു കോൺഫറൻസുകൾ നടത്തുന്ന പതിവു് അദ്ദേഹം കൈക്കൊണ്ടു. മുമ്പെല്ലാം സമ്മേളനത്തിലെ ചർച്ചാവിഷയങ്ങൾ അദ്ദേഹം മുൻകൂട്ടി മെത്രാന്മാരെ അറിയിച്ചിരുന്നു. എന്നാൽ ഇപ്പോൾ കോൺഫറൻസു് കൂടുന്ന സമയത്തുമാത്രമേ അദ്ദേഹം ചർച്ചാവിഷയങ്ങൾ വെളിപ്പെടുത്തുമായിരുന്നുള്ളു. യോഗനടപടികളുടെ മിനിട്ട്സു് തന്നെ ഒരു കോപ്പിമാത്രം തയ്യാറാക്കി അതു് അദ്ദേഹം സ്വന്തം അരമനയിൽ ഭദ്രമായി സൂക്ഷിക്കുമായിരുന്നു. ഇതെല്ലാമായിട്ടും ബിഷപ്പു് ലാസ്ലോ ബിനസുമായി നടന്ന ഒരഭിമുഖസംഭാഷണത്തിൽ, ഏതാദൃശസമ്മേളനങ്ങളിൽ ചെയ്ത തീരുമാനങ്ങളെ, രഹസ്യരേഖകളായി കരുതപ്പെട്ടിരുന്ന മിനിട്ട്സിലെ പേജ്നമ്പറുകൾപോലും ചൂണ്ടിക്കാണിച്ചുകൊണ്ടു്, ഉദ്ധരിക്കുവാൻ റക്കോസിക്കു സാധിച്ചു.

ഓരോമാസം കടന്നുപോകുംതോറും പത്രങ്ങളുടെ പ്രചരണവേലകൾ മിൻസെന്തിയുടെ അറസ്റ്റിനു ജനസഞ്ചയത്തെ ഒരുക്കിക്കൊണ്ടിരുന്നു. അനേക ശതാബ്ദങ്ങളായി പ്രശസ്തമായ ഒരു പാരമ്പര്യം പുലർത്തിപ്പോന്ന ബുഡാപ്പെസ്റ്റിലെ ഹിർലാപ്പു എന്ന ദിനപത്രംപോലും കമ്മ്യൂണിസ്റ്റുകാരുടെ പ്രചരണയന്ത്രമായി മാറി. ഈ പത്രത്തിൽനി

ന്നുള്ള താഴെ കൊടുത്തിരിക്കുന്ന ഉദ്ധരണങ്ങൾ ശ്രദ്ധേയങ്ങളാണ്.

"മിൻസെന്തിയുടെ പിൻതിരിപ്പൻനയങ്ങൾക്കെതിരായി ഹങ്കറിയിലെ തൊഴിലാളിവർഗ്ഗത്തിന്റെ എല്ലാവിഭാഗങ്ങളും പ്രതിഷേധസ്വരമുയർത്തുന്നു. അദ്ദേഹത്തിന്റെ പ്രതിലോമപ്രവർത്തനങ്ങളുടെ യഥാർത്ഥഹേതു എന്തെന്നു ഹങ്കറിയിലെ വനിതകൾ മനസ്സിലാക്കിയിരിക്കുന്നു. അതിന്റെ ഫലമായി വിവിധ ജനായത്തസംഘടനകൾ മുഖേന, അദ്ദേഹത്തിന്റെ പ്രക്ഷോഭണത്തെ അടക്കിനിർത്തണമെന്നു പ്രധാനമന്ത്രിക്കു കമ്പിസന്ദേശങ്ങൾ അയച്ചുകൊടുത്തിരിക്കുന്നു. സാധുജനതയെ മറ്റൊരു സമരത്തിലേക്കു വലിച്ചിഴക്കുവാൻ മിൻസെന്തി ഉദ്ദേശിക്കുന്നു എന്ന് ആ സന്ദേശങ്ങളിൽ വ്യക്തമാക്കിയിട്ടുണ്ട്. എല്ലാ സഹോദരിമാരുടേയും പേരിൽ ഞങ്ങളും പ്രതിഷേധസ്വരമുയർത്തിക്കൊണ്ടു ലോകത്തോടു വിളിച്ചുപറയുന്നു. "യുദ്ധപ്രചരണം അവസാനിപ്പിക്കുക. ഞങ്ങൾക്കു യുദ്ധം വേണ്ട. യുദ്ധക്കൊതിയനായ മിൻസെന്തിയുടെ യോഗങ്ങൾ നിരോധിക്കുക."

പ്രസ്തുത പത്രത്തിൽ, നവമ്പർ 21 ാംനു- ഗതാഗതവകുപ്പുമന്ത്രിയായ എർണസ്റ്റ് ജെറോ ചെയ്ത ഒരു പ്രസംഗത്തിന്റെ ഒരു ഭാഗം ഉദ്ധരിച്ചിരുന്നതു താഴെ ചേർക്കുന്നു.

"നാം ഹങ്കറിയിലെ ജനാധിപത്യത്തിന്റെ നേട്ടങ്ങളെമാത്രം കാണുകയും, നമ്മുടെ വിജയത്തിൽ ആഹ്ളാദിക്കാത്തവരായി ചിലരുണ്ടെന്നുള്ള കാര്യം അവഗണിക്കുകയും ചെയ്യുന്നെങ്കിൽ അതു പിശകായിരിക്കും. നമ്മുടെ രാജ്യത്തിൽ ജനാധിപത്യം നിരന്തരം ശക്തിപ്രാപിക്കുന്നതോടുകൂടി, ജനങ്ങൾ തങ്ങളെ വിട്ടകലുകയാണെന്ന് ആ മാന്യന്മാർ മനസ്സിലാക്കട്ടെ. രാഷ്ട്രീയകാര്യങ്ങളിലുള്ള സങ്കുചിതാദർശങ്ങളുമായി അവർ ഒരു ഇരുണ്ട ഇടവഴിയിലെത്തിയിരിക്കയാണ്. സ്വന്തം അനുയായികളെ അവർ അഭേദ്യമായി ചുവരുകൾക്കെതിരേ തള്ളുന്നു. പക്ഷേ, അ

ത്തുകൊണ്ട് ആ ഹതഭാഗ്യർ സ്വന്തം ശിരസ്സുകൾ തല്ലിത്ത കർക്കുകമാത്രമേ ചെയ്കയുള്ളൂ. അങ്ങനെ സംഭവിക്കുന്നെ ങ്കിൽ അതിൽ അവരെമാത്രമായിരിക്കും കുററപ്പെടുത്തുവാ നുള്ളൂ. കർദ്ദിനാൾ മിൻസെന്തിയുടെ നേതൃത്വത്തിൽ ഹങ്കറിയുടെ വിദേശശത്രുക്കളുമായി കൂട്ടുചേരുന്ന പിൻതി രിപ്പൻ പുരോഹിതന്മാരെക്കുറിച്ചാണു ഞാൻ പരാമർ ശിക്കുന്നതെന്നു സ്പഷ്ടമാണല്ലൊ.

"ഭീഷണിപ്പെടുത്തുക എന്ന പതിവു ഞങ്ങൾക്കില്ല. കത്തോലിക്കരിൽ ഞങ്ങളോടു സഹാനുഭൂതിയുള്ളവർ ബഹു ലക്ഷംപേരുണ്ടെന്നു ഞങ്ങൾക്കറിയാം. ഹങ്കറിയിലെ ജനാധിപത്യം അതിന്റെ ലക്ഷ്യം നേടാൻപോകുകയാണെ ന്ന് അറിയാവുന്ന അനേകം കത്തോലിക്കരുണ്ട്. നമ്മുടെ രാജ്യത്തെ രക്തതൃഷിതമായ ഒരു യുദ്ധത്തിലേക്കും വിനാശ ത്തിലേക്കും വലിച്ചിഴക്കാൻ വെമ്പൽകൊള്ളുന്ന ഒരു നയ ത്തെ—മിൻസെന്തിയുടെ പിൻതിരിപ്പൻനയത്തെ—പ്ര തിരോധിക്കേണ്ട ചുമതലകൂടി നമുക്കിപ്പോൾ വന്നുചേർന്നി രിക്കുന്നു. ഭൂവുടമാപരിഷ്കരണത്തിലും, ബാങ്ക്-വ്യവ സായാദികളുടെ ദേശസാൽക്കരണത്തിലും, വൈദേശികസാ മ്രാജ്യവാദികളും ഹങ്കേറിയൻ പിൻതിരിപ്പന്മാരും ചേർന്നു നടത്താനൊരുമ്പെട്ട ഉപജാപകവൃത്തികളെ അടിച്ചമർത്തുന്ന തിലും വിജയംവരിച്ച ഹങ്കേറിയൻ ജനകീയജനാധിപത്യ പ്രസ്ഥാനം ഈ ചുമതലയും ശരിക്കു നിർവഹിക്കും. ഞ ങ്ങളുടെ സൃഷ്ടിപരമായ പ്രവർത്തനങ്ങളെ വിഘാതപ്പെടു ത്തുവാനോ, ജനതയുടെ സമാധാനത്തെയും സുരക്ഷിതത്വ ത്തെയും അപകടത്തിലാക്കുവാനോ, ഞങ്ങൾ ആരേയും അ നുവദിക്കുകയില്ല.

"അല്പകാലത്തിനുമുൻപുമാത്രം അവസാനിച്ച ഒരു ഭീ കരയുദ്ധത്തിന്റെ വിനാശഫലങ്ങളെ നിവാരണം ചെയ്യു വാൻ, ഇന്നാട്ടിലെ തൊഴിലാളികളും, കൃഷിക്കാരും ബുദ്ധി ജീവികളും അശ്രാന്തമായി പ്രയത്നിച്ചുകൊണ്ടിരിക്കു

മ്പോൾ, യാതൊരു പ്രയത്നവും ചെയ്യാതെ യുദ്ധക്കൊതിയന്മാരുടെ ഗൂഢാലോചനകളിലേപ്പെടുന്നവരെ ഞങ്ങൾ വച്ചുപൊറുപ്പിക്കുകയില്ല."

നവമ്പർ 24-ാം തീയതി ഇതേപത്രത്തിൽ "മന്ത്രസഭാനേതാക്കന്മാർ മിൻസെന്തിക്കെതിരായി പ്രതിഷേധസ്വരമുയർത്തുന്നു" എന്ന ശീർഷകത്തിൽ സെജഡിലെ കത്തോലിക്കാവിദ്യാർത്ഥികളുടെ യോഗത്തെക്കുറിച്ച് ഒരു റിപ്പോർട്ട് പ്രസിദ്ധപ്പെടുത്തിയിരുന്നു. ആ യോഗത്തിൽ ഒരാൾ ഇങ്ങനെ പ്രസംഗിച്ചുവത്രെ. "ജനായത്തഭരണം മതസ്വാതന്ത്ര്യത്തെ പരിപൂർണ്ണമായും സുരക്ഷിതമാക്കുന്നു എന്ന് സെജഡിലെ കത്തോലിക്കാവിദ്യാർത്ഥികളായ ഞങ്ങൾക്കു ബോദ്ധ്യമായിരിക്കുന്നു. ഉത്തമകത്തോലിക്കരായിരിക്കുവാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. എന്നാൽ ദൈവാലയത്തിലെ പ്രസംഗപീഠത്തിൽ നിന്നുകൊണ്ടു ദൈവവചനത്തിനുപകരം രാഷ്ട്രീയം പ്രസംഗിക്കുന്ന പതിവിനൊരവുതിവരുത്തണമെന്നും ഞങ്ങൾക്കാഗ്രഹമുണ്ട്. മിൻസെന്തി ചെയ്യുംപോലെ യുവജനങ്ങളെ വഴിപിഴപ്പിക്കുവാൻ ശ്രമിക്കുന്നവരെയെല്ലാം സഭാനേതൃത്വത്തിൽനിന്നു പുറംതള്ളേണ്ടതാണ്."

ഓരോ ദിവസവും ഈ സമരം തുടൻകൊണ്ടേയിരുന്നു. നവമ്പർ 26-ലെ 'ഹിർലാപ്പി'ൽ ചെറുഭൂവുടമക്കാരുടെ പാർട്ടിയുടെ ജനറൽ സിക്രട്ടറി, കർദ്ദിനാളിൻെറ മനോഭാവത്തിനു വ്യതിയാനം വരുത്തുകയോ, അഥവാ അനന്തരഫലമനുഭവിക്കുകയോ വേണമെന്ന് അദ്ദേഹത്തിന് താക്കീതു നൽകുന്നതായി, ഒരു വാർത്തയുണ്ടായിരുന്നു. നവമ്പർ 28-ാംതീയതി പ്രസ്തുതപത്രം റക്കോസിയുടെ ഒരു പ്രസംഗം റിപ്പോർട്ടു ചെയ്തു. അതിൽ ഏതാനും ഭാഗങ്ങൾ ചുവടെ ചേർക്കുന്നു:

"പുരോഹിതൻേറയും കർദ്ദിനാളിൻേറയും വേഷത്തിലുള്ള ചാരന്മാരെ, വഞ്ചകന്മാരെ, വിദേശനാണയങ്ങൾ വ്യാ

ജീവിനിമയം ചെയ്യുന്നവരേ, ഫാസിസ്റ്റ്കളെ, ഹാബ്സ്ബർഗ്ഗ് രാജവംശത്തിൻെറ പിണിയാളുകളെ, കാരുണ്യപൂർവ്വം വീക്ഷിക്കുന്ന സഹിഷ്ണതയുടെ നയത്തിന് ഇനിമേൽ വിരാമമിടേണ്ടിയിരിക്കുന്നു. നിസ്സാരന്മാരായ പുരോഹിതന്മാരെ മാത്രമേ നിയമം ശിക്ഷിക്കുകയുള്ളൂ, അതിലെ വൻതോക്കുകളെ സ്പർശിക്കയില്ല എന്ന പതിവും ഇനിമേൽ തുടരുകയില്ല.

"നമ്മുടെ ജനാധിപത്യത്തിന്ന ഉറപ്പേറിവരികയാണ്. നമ്മുടെ രാഷ്ട്രീയവും സാമ്പത്തികവുമായ വ്യവസ്ഥകളെ ജനങ്ങൾ ശരിവച്ചിരിക്കുന്നു. ഈ പരിതസ്ഥിതികളിൽ മിൻസെന്തിയുടെ പിന്നിൽ അണിനിരന്നിട്ടുള്ള പ്രതിലോമകാരികളേയും, ഫാസിസ്റ്റ് ജനദ്രോഹികളേയും സഹിഷ്ണതയോടെ വീക്ഷിക്കുക എന്നതു വിചാരിക്കാൻകൂടി നിവൃത്തിയില്ല. അവരുടെ സുഭിക്ഷതയുടെ അന്ത്യം ഇതാ അത്യാസന്നമായിരിക്കുന്നു.

"ഇവിടെ മതമർദ്ദനത്തിൻെറ പ്രശ്നമേയില്ലെന്നും, ജനാധിപത്യത്തിൻെറ സംരക്ഷണം മാത്രമാണ് ഇവിടെ പ്രശ്നമെന്നും, പ്രോട്ടസ്റ്റൻറുസഭയുമായി ഞങ്ങൾ എത്തിച്ചേർന്നിരിക്കുന്ന രഞ്ജിപ്പിൽനിന്നു സന്മനസ്സുള്ള സകലർക്കും മനസ്സിലാക്കുവാൻ സാധിക്കും. മിൻസെന്തിയും അദ്ദേഹത്തിൻെറ കത്തോലിക്കാ അനുയായികളും മാത്രമാണ് സഹകരിക്കാൻ തയ്യാറില്ലാത്തവർ. സംഭവങ്ങളുടെ പരിണാമഗതിയിൽ ഈ മണ്ഡലത്തിലും ഒരു ക്രമം വരുത്തിയേ മതിയാവൂ. ഒരു പരസ്പരധാരണ മുഖേന അതു സാദ്ധ്യമാകുന്നില്ലെങ്കിൽ, ജനങ്ങളുടെ അഭിലാഷമനുസരിച്ചു രാഷ്ട്രത്തിൻെറ ശക്തിപ്രയോഗത്താൽ ഞങ്ങൾ അതു നിർവ്വഹിക്കും."

ഡിസംബർ 1-ാംതീയതി "മിൻസെന്തിയുടെ രാഷ്ട്രീയ കത്തിത്തിരുപ്പുകളിൽ വിദ്യാർത്ഥികൾ പ്രതിഷേധിക്കുന്നു" എന്നു 'ഹിർലാപ്പ്' വീണ്ടും റിപ്പോർട്ടുചെയ്തു.

അനവധി കത്തോലിക്കാ യുവജനസംഘടനകൾ മിൻസെന്തിയുടെ നയത്തിൽ കർശനമായി പ്രതിഷേധിച്ചുകൊണ്ടു മെത്രാന്മാക്കു സന്ദേശങ്ങൾ അയച്ചിരിക്കുന്നു എന്നായിരുന്നു അതിന്റെ ചുരുക്കം. തുടർന്നുള്ള എല്ലാ ലക്കത്തിലും, മിൻസെന്തിക്കെതിരായ പ്രതിഷേധപ്രകടനങ്ങൾ നാടിന്റെ നാനാഭാഗത്തുനിന്നുമുയരുന്നതായുള്ള റിപ്പോർട്ടുകൾ സ്ഥലം പിടിച്ചു.

ഇതിനിടയ്ക്കു ലാജോസ് ഡിന്നിയെസ് പ്രധാനമന്ത്രിപദമൊഴിയുവാൻ നിർബന്ധിതനായി. തൽസ്ഥാനത്ത് ഇസ്റ്റവാൻ ഡോബി എന്നൊരാളാണു നിയമിതനായതു്. നല്ല അനുസരണയുള്ള ഒരു 'സഹയാത്രക്കാര'നായിരുന്നു ഡിന്നിയെസ്. കമ്മ്യൂണിസ്റ്റുകളുടെ ഉത്തരവുകൾ അദ്ദേഹം അതേപടി അനുസരിച്ചിരുന്നു. എന്നാൽ അനുസരിച്ചതിനുശേഷം ചിലപ്പോൾ അദ്ദേഹം മൂർച്ചയുള്ള ചില ഫലിതോക്തികൾ പുറപ്പെടുവിക്കും. കമ്മ്യൂണിസ്റ്റുകാർക്ക് അതിൽ രസിക്കാനുള്ള നർമ്മബോധമുണ്ടായിരുന്നില്ല. യാഥാസ്ഥിതികത്വത്തിന്റെ പുറംചട്ടയണിഞ്ഞ ഒരു തനി കമ്മ്യൂണിസ്റ്റിനെയായിരുന്നു അവക്കു വേണ്ടിയിരുന്നതു്.

അതിന് അവക്കു പററിയ ആളായിരുന്നു ഡോബി. ഒരു പാവപ്പെട്ട കൃഷീവലകുടുംബത്തിലാണു് അദ്ദേഹത്തിന്റെ ജനനം. ഒന്നാം ലോകമഹായുദ്ധകാലത്തു റഷ്യയിൽ ഒരു തടവുകാരനായി പാർത്തിരുന്നപ്പോൾ അദ്ദേഹം കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ ചേന്നു. എന്നാൽ അവിടെനിന്നു തിരിച്ചുവന്നതിനുശേഷം ആ പാർട്ടി ഉപേക്ഷിച്ചു ചെറുഭൂവുടമക്കാരുടെ പാർട്ടിയിൽ ചേന്നു. 1945-ൽ റഷ്യക്കാർ ഹങ്കറി കീഴടക്കിയപ്പോൾ അദ്ദേഹം ഒരു ചെറിയ ജോലിക്ക് അപേക്ഷിച്ചു. ചെറുഭൂവുടമക്കാരുടെ പാർട്ടിയിൽത്തന്നെ തുടൻകൊണ്ടു കമ്മ്യൂണിസ്റ്റ് വിരുദ്ധപ്രചരണങ്ങളെ എതിരിടുവാൻ അദ്ദേഹം നിയുക്തനായി. മൂന്നുകൊല്ലത്തി

നിടയ്ക്കു കമ്മ്യൂണിസ്റ്റ്കാർക്കുവേണ്ടി പല നിർദ്ദേശങ്ങളും അദ്ദേഹം അനുസരിച്ചു. അതേസമയത്തുതന്നെ ചെറുകൃഷിയു ടമക്കാരുടെ പാർട്ടിയിലെ ഉത്തമനായ ഒരംഗമായിട്ടാണു അദ്ദേഹം അഭിനയിച്ചിരുന്നതു്. ഡിന്നിയെസിനെപ്പോ ലെ ഫലിതോക്തികൾക്കു തുനിയാതെ അദ്ദേഹം തന്നെ പ്ര യോജനകരമായി അനുകൂലിക്കുമെന്നു റക്കോസി കണ്ടു.

ഡിസംബർ 14-ാംതീയതി പാർലമെൻറിൽ ചെയ്ത ആദ്യത്തെ പ്രസംഗത്തിൽ ഡോബി പ്രഖ്യാപിച്ചു:

"മിൻസെന്തിയുടെ കരിങ്കൊടിക്കീഴിലാണു് ഹങ്കറി യിലെ പിൻതിരിപ്പന്മാരുടെ മുന്നണി സമ്മേളിച്ചിരിക്കുന്ന തു്. രാഷ്ട്രവും, വിവിധസഭാവിഭാഗങ്ങളും തമ്മിൽ അ നുരഞ്ജകമായ ഒരു ബന്ധം സ്ഥാപിക്കുന്നതിനു മുൻഗവ ണ്മെൻറു സർവ്വശ്രമങ്ങളും ചെയ്യുകയുണ്ടായി. പ്രോട്ടസ്റ്റൻറു സഭകളുടേയും, എവാൻജലിക്കൽ സഭയുടേയും കാര്യത്തിൽ ആ ശ്രമങ്ങൾ വിജയകരമായി. ആ സഭകൾക്കും രാഷ്ട്ര ത്തിനും സൗഭാഗ്യകരമായ ഫലങ്ങൾ അതുമൂലം ഉണ്ടായി ക്കഴിഞ്ഞിരിക്കുന്നു.

"ഇതേ സഹകരണഹസ്തം തന്നെ ഹങ്കേറിയൻ ഗവ ണ്മെൻറു് കത്തോലിക്കസഭയുടെ നേർക്കും വച്ചുനീട്ടുകയുണ്ടാ യി. പക്ഷെ അവിടെ അതു വിഫലമായതു ഞങ്ങളുടെ കുററംകൊണ്ടല്ല........"

ഈ ഘട്ടത്തിൽ ബറങ്കോവിക്സ് പാർട്ടിയിൽപെട്ട ഒരു സാമാജികൻ വിളിച്ചുപറഞ്ഞു: "പരിപൂർണ്ണമായും ഗവണ്മെൻറുഭാഗത്താണു് അപരാധം."

ഇതു കേട്ടില്ലെന്ന മട്ടിൽ ഡോബി തുടന്നു: "ഇതിനു ള്ള വിശദീകരണം ഇത്രമാത്രമാണു്. ഹങ്കറിയിലെ ജന കീയഗവണ്മെൻറു് ആശാസ്യമായ ഒരു ഒത്തുതീർപ്പു് അഭില ഷിക്കുകയും അതിനുവേണ്ടി പ്രയത്നിക്കുകയും ചെയ്യു മ്പോൾ മിൻസെന്തിയും കൂട്ടരും താദൃശമായ ഒരനുരഞ്ജക മനോഭാവം പ്രദർശിപ്പിക്കുന്നില്ല.

"ഹംഗറിയുടെ വിമോചനത്തിനുശേഷം ഇന്നോവരെ മിൻസെന്തിയുടെ സകല ശ്രമങ്ങളും, ജനകീയഭരണത്തിന്റെ പുരോഗതിയെ തടയാൻ കരുതിക്കൂട്ടിയുള്ളവയായിരുന്നു. ഇതിന്റെ കാരണം മതപരമല്ല; രാഷ്ട്രീയമാണ്. ജനകീയഗവമ്മെന്റു വലിയ ജന്മിമാരുടെ ഭൂമി പാവപ്പെട്ട കൃഷിക്കാക്ക് വീതിച്ചുകൊടുത്തു. ഈ സാധുജനതയിൽനിന്നു ഭൂമി പിടിച്ചെടുത്തു ജന്മിമാരെ തിരിച്ചേല്പിക്കുന്നതിനാണു മിൻസെന്തി പാടുപെടുന്നത്."

പാർലമെന്റിലെ ഇരുകക്ഷികളിൽനിന്നും ഈ ഘട്ടത്തിൽ ഇതിനു പ്രതികൂലവും അനുകൂലവുമായ വാദങ്ങളും ആക്രോശങ്ങളുമുയന്നു.

ഡോബി തുടന്നു: "ഹംഗറിയിലെ ജനാധിപത്യം, ഖനികളും ബാങ്കുകളും, വലിയ വ്യവസായശാലകളും കുത്തകമുതലാളികളുടെ കയ്യിൽനിന്നു പിടിച്ചുവാങ്ങി സാധാരണജനങ്ങൾക്കു നൽകിയിരിക്കുന്നു. മിൻസെന്തിയോ, അവയെ ജനങ്ങളുടെ പക്കൽനിന്ന് അപഹരിച്ചു മുതലാളിമാരെ തിരിച്ചേല്പിക്കാൻ പരിശ്രമിക്കുന്നു. യഥാത്ഥ ജനാധിപത്യം ഹംഗറിയെ ഒരു റിപ്പബ്ളിക്കായി പ്രഖ്യാപിച്ചു. എന്നാൽ പഴയ രാജവംശത്തിന്റെ പ്രത്യാഗമനത്തെ മിൻസെന്തി പ്രതീക്ഷിക്കുന്നു. ഹംഗറിയെ പാശ്ചാത്യസാമ്രാജ്യദുർമ്മോഹികളുടെ ഒരു അധിനിവേശരാജ്യമാക്കി മാററുവാൻ അദ്ദേഹം അഭിലഷിക്കുന്നു. ഹങ്കേറിയൻ ജനാധിപത്യം യുദ്ധക്കുററവാളികളെ ശിക്ഷിച്ചു. പിന്തിരിപ്പന്മാരുടേയും ഫാസിസ്ററുകളുടേയും പ്രവത്തനങ്ങൾക്കു വിരാമമിട്ടു; ഭാവിയിൽ ഈ നടപടികൾ കൂടുതൽ ഊർജ്ജിതപ്പെടുത്തുകയും ചെയ്യും. എന്നാൽ മിൻസെന്തി ഫാസിസ്ററുകളേയും യുദ്ധപാതകികളേയും സംഘടിപ്പിച്ച് അവരുടെ രക്ഷാകർതൃത്വം വഹിക്കുന്നു. ഇതുകൊണ്ടാണ് അദ്ദേഹം സക്കാരുമായി രഞ്ജിപ്പിലെത്താൻ കൂട്ടാക്കാതിരുന്നത്. കത്തോലിക്കാസഭയ്ക്കുള്ളിൽ ജനാധിപത്യത്തെ എതിക്കു

വാൻവേണ്ടി ഒരു നിയമവിരുദ്ധകക്ഷി അദ്ദേഹം രൂപീകരിച്ചിരിക്കുന്നതും ഇതേ ഉദ്ദേശ്യത്തോടുകൂടിയാണു്.

"ഇനിയും കത്തോലിക്കാസഭയുമായി ഒരു ഒത്തുതീപ്പിൽ എത്തുവാൻ എന്റെ ഗവണ്മെന്റിനു് ആഗ്രഹമുണ്ടു്. എന്നാൽ മിൻസെന്തി സഭാനായകനായി തുടരുന്നിടത്തോളംകാലം അതു് അസാദ്ധ്യമാണെന്നു ഞങ്ങൾ ഗ്രഹിച്ചുകഴിഞ്ഞിരിക്കുന്നു. മിൻസെന്തിക്കെതിരായി കർശനനടപടികൾ കൈക്കൊള്ളണമെന്നു് അഭ്യർത്ഥിച്ചുകൊണ്ടുള്ള കമ്പിസന്ദേശങ്ങൾ സർക്കാർ ആഫീസുകളിൽ നൂറുകണക്കിനും ആയിരക്കണക്കിനുമാണു കുമിഞ്ഞുകൂടിക്കൊണ്ടിരിക്കുന്നതു്. ഈ സന്ദേശങ്ങൾ അയക്കുന്നവരിൽ കത്തോലിക്ക പുരോഹിതന്മാരുടേയും, വിശ്വാസിസമൂഹങ്ങളുടേയും മതസർവ്വകലാശാലാവിദ്യാർത്ഥികളുടേയും സംഖ്യ നിരന്തരം വർദ്ധമാനമായി വരുന്നു."

"ഏതുമാതിരി പുരോഹിതന്മാർ." പ്രതിപക്ഷത്തിൽനിന്നു് ഒരാൾ വിളിച്ചു ചോദിച്ചു.

"ജനാധിപത്യവാദികളായ പുരോഹിതന്മാർ." ഒരു കമ്മ്യൂണിസ്റ്റ് സാമാജികൻ അതിനുത്തരം പറഞ്ഞു.

"വഞ്ചകന്മാരിൽനിന്നല്ല; എല്ലാ പുരോഹിതന്മാരും ഫാസിസ്റ്റുകളായിരുന്നെങ്കിൽ നിങ്ങൾക്കു് ഇഷ്ടമാകുമായിരുന്നു. അല്ലേ?" മറെറാരംഗം, ഒരു സ്ത്രീ, ഏററുപറഞ്ഞുകൊണ്ടു് ആക്രോശം മുഴക്കി.

ബഹളം നിലച്ചപ്പോൾ ഡോബി തുടന്നു: "സഭയുടെ തന്നെ വീക്ഷണകോണിൽനിന്നു നോക്കിയാലും എത്ര വിനാശകരമായ നയമാണു് മിൻസെന്തി തുടരുന്നതെന്നു കത്തോലിക്കജനതയ്ക്കുതന്നെ ബോദ്ധ്യമായിരിക്കുന്നു എന്നാണു് ഇതു തെളിയിക്കുന്നതു്. ഇങ്ങനെ കാര്യങ്ങൾ മനസ്സിലായി വരുമ്പോഴാണു സമരത്തിനു്, മതത്തിനും സഭയ്ക്കുമെതിരായിട്ടല്ല, മിൻസെന്തിക്കും അദ്ദേഹത്തിന്റെ നയത്തിനുമെതിരായിട്ടുള്ള സമരത്തിനു്, സർവ്വദാ കൂടുതൽ

പിൻതുണ കിട്ടിക്കൊണ്ടിരിക്കുന്നതു്.

"ഇക്കാര്യത്തിൽ ജനങ്ങളുടെ അഭിലാഷത്തെ അവഗണിക്കാൻ സാദ്ധ്യമല്ലെന്നാണു് എൻെറ ഗവമ്മെൻറിനുള്ള അഭിപ്രായം. ജനകീയജനാധിപത്യത്തെ എതിക്കുന്നവർ, ഒരു ചുമരിൽച്ചെന്നു തലതല്ലുകയാണെന്നു ശത്രുമിത്രഭേദമെന്യേ സകലക്കും വ്യക്തമാക്കിക്കൊടുക്കുവാൻ ഞങ്ങഠം ആഗ്രഹിക്കുന്നു. അന്ധന്മാക്കുപോലും ബോധോദയമുണ്ടാക്കുന്ന ഒരു നയമാണു ഞങ്ങഠം കൈക്കൊള്ളാൻ ആഗ്രഹിക്കുന്നതു്. പഴയ പിന്തിരിപ്പൻഭരണത്തെ പുനസ്ഥാപിക്കാനുള്ള ആഗ്രഹങ്ങളെല്ലാം മരണത്തിൽചെന്നു കലാശിക്കും. ഞങ്ങളുടെ ജനാധിപത്യത്തിൻെറയും ഞങ്ങളുടെ ജനങ്ങളുടെയും ശത്രുക്കളോടു ഞങ്ങഠം കൈക്കൊള്ളുന്ന നടപടികളുടെ കാക്കശ്യവും അചഞ്ചലതയും ആ ജനാധിപത്യത്തോടും ജനങ്ങളോടും ഞങ്ങഠംക്കുള്ള സ്നേഹത്തിൻെറ മാനദണ്ഡമാണു്."

ഡിസംബർ 17-ാംതീയതി ബുഡാപ്പെസ്റ്റിൽനിന്നു് അദ്ദേഹത്തിൻെറ മാതാവിനെ പരാമശിച്ചു് മിൻസെന്തിയുടെ ഒരു ഭാഗിനേയി, ന്യൂയോക്കിൽ താമസിക്കുന്ന അദ്ദേഹത്തിൻെറ മറെറാരു ഭാഗിനേയിക്കു് ഇങ്ങനെ എഴുതി:

"ബാർബരാ അമ്മായി ഇപ്പോഠം അധികനേരവും പ്രാത്ഥനയിലാണു്. തനിച്ചിരിക്കുമ്പോഠം അവർ മിക്കപ്പോഴും കരയാറുണ്ടു്. എന്നാൽ കർദ്ദിനാളിൻെറ സാമീപ്യത്തിൽ അവർ കരയാറില്ല. ബാർബരാ അമ്മായി അദ്ദേഹത്തിൻെറ തോളിൽ കൈവച്ചുകൊണ്ടിരിക്കും."

# XIV

## ഇപ്പോഴാണ് ആളുകളെ ആവശ്യം

സോവ്യററ റഷ്യയിലെ നീതി ഏതു തരത്തിലുള്ളതാണെന്നു ഹങ്കറിയിലെ ജനങ്ങളെ മനസ്സിലാക്കുവാൻ ഞാൻ മുപ്പതുകൊല്ലങ്ങൾക്കു മുമ്പു പരിശ്രമിച്ചു. എന്നാൽ അന്ന് എൻെറ വാക്കുകൾ ആരും ചെവിക്കൊണ്ടില്ല. റഷ്യയിൽ നടക്കുന്നതായി ഞാൻ വിവരിച്ച കാര്യങ്ങൾ, അധികാരസ്ഥാനത്തിരുന്നുകൊണ്ട് ആരെങ്കിലും ചെയ്യുമെന്ന് അവർ വിശ്വസിക്കാൻ കഴിഞ്ഞില്ല. "സന്മാർഗ്ഗം", "ഭരണം", "രാജ്യതന്ത്രം", "നീതി" എന്നീ പദങ്ങളുടെയെല്ലാം അർത്ഥം ആയിരം കൊല്ലക്കാലത്തെ പഴക്കമുള്ള ഒരു സംസ്കാരത്തോടുകൂടിയ ഹങ്കറിയിൽ സ്വീകരിക്കപ്പെട്ടിരിക്കുന്നതിൽനിന്നു തികച്ചും ഭിന്നമായ രീതിയിലാണു ബോൾഷെവിക്ക് റഷ്യയിൽ അംഗീകരിക്കപ്പെട്ടിരിക്കുന്നതെന്നു ഞാൻ പറഞ്ഞപ്പോൾ ജനങ്ങൾക്ക് അതു വിശ്വസിക്കാൻ ശക്യമായില്ല. കമ്മ്യൂണിസ്റ്റ് റഷ്യയിൽ കേസുവിസ്താരം നടത്തുന്ന രീതിയെപ്പററി ബുഡാപ്പെസ്റ്റിലുള്ള അഭിഭാഷകസംഘത്തെ പറഞ്ഞു ബോദ്ധ്യപ്പെടുത്തുക എത്രമാത്രം ദുഷ്കരമായി എനിക്കു അനുഭവപ്പെട്ടെന്നു ഞാൻ ഓർമ്മിക്കുന്നു. എൻെറ ശ്രോതാക്കളിൽ ജഡ്ജിമാരും, സർക്കാർ വക്കീലന്മാരും, സാധാരണവക്കീലന്മാരും ഉൾപ്പെട്ടിരുന്നു. ഒരു ന്യായാധിപൻെറ കർത്തവ്യം, സത്യം കണ്ടുപിടിച്ചു നീതി നടത്തുകയാണെന്നുള്ള പാരമ്പര്യത്തിലാണ് അവർ തഴ

ക്കം സിദ്ധിച്ചിരുന്നതു്. റഷ്യയിലെ കോടതികൾ ഭരണകൂടത്തിന്റെ ഒരായുധം മാത്രമാണെന്നും, ഭരണകൂടത്തെ ഉറപ്പിക്കുകയും, അതിന്റെ ശത്രുക്കളെ സംഹരിക്കുകയും, അതിനുവേണ്ടി ഭരണാധിപന്മാരുടെ ചൊൽപടിയിൽ വിധി ഉച്ചരിക്കുകയുമാണു അവിടെ ന്യായാധിപന്റെ ചുമതലയെന്നും ഞാൻ അവരോടു പറഞ്ഞപ്പോൾ അവക്ക് അതു വിശ്വസിക്കാൻ കഴിഞ്ഞില്ല.

റഷ്യൻ മാതൃകയിൽ ജനകീയകോടതികൾ ഉറപ്പിക്കുവാൻ മാത്രം ബഡാകുൻഭരണം ഹങ്കറിയിൽ നീണ്ടുനിന്നില്ല. ബോൾഷെവിക്ക് കോടതി നടപടികൾ ഏതുവിധത്തിലെന്നു് അറിയാൻ അന്നു് അവസരം ലഭിക്കാതിരുന്നവക്ക് ഇക്കഴിഞ്ഞ മൂന്നുവർഷങ്ങൾക്കിടയിൽ അതു മനസ്സിലായിട്ടുണ്ടാകും. ഒററ രാഷ്ട്രീയകേസ്സുപോലും, വസ്തുതകൾ നൽകുന്ന തെളിവിനെ മാത്രം ആധാരമാക്കി, സ്വതന്ത്രമായി കോടതിമുറികളിൽ തീരുമാനിക്കപ്പെട്ടിട്ടില്ല. വിസ്താരത്തിനു വരുന്നതിനു മുമ്പുതന്നെ കേസിനെപ്പററിയുള്ള വിധി ഇന്ന രീതിയിലായിരിക്കണമെന്നു്, അതിനായി നിയോഗിക്കപ്പെട്ടിട്ടുള്ള രാഷ്ട്രീയനേതാക്കന്മാർ, നിശ്ചയിച്ചുകഴിഞ്ഞിരിക്കും. ആ വിധിവാചകം അനുസരണയോടുകൂടി ആവത്തിക്കുകമാത്രമാണു ന്യായാധിപന്മാക്കു കരണീയമായിട്ടുള്ളതു്. മുൻകൂട്ടി നിർണ്ണയിക്കപ്പെട്ടിട്ടുള്ള വിധിവാചകത്തിന് ഉപോൽബലകമായ വിധത്തിൽ സജ്ജമാക്കിയിട്ടുള്ളതായിരിക്കും കോടതിയിൽ നടക്കുന്ന ചോദ്യങ്ങളും, തെളിവെടുക്കലുമെല്ലാം. നിഷ്ഠുരമായ ഒരു നാടകത്തിലെ രംഗങ്ങൾപോലെ അവ അങ്ങനെ അഭിനയിക്കപ്പെടും. നിയമങ്ങളനുസരിച്ചുതന്നെയാണു രാജ്യം ഇപ്പോഴും ഭരിക്കപ്പെടുന്നതെന്നുള്ള ഒരു പ്രതീതി പ്രേക്ഷകരിൽ ഉളവാക്കുക മാത്രമാണു് ഇതിന്റെയെല്ലാം ഉദ്ദേശ്യം.

പൊള്ളയായ ഈ നടപടികളിൽ കമ്മ്യൂണിസ്റ്റ്കാർ പഴകിപ്പോയിരിക്കുന്നതിനാൽ, അവക്കു ചിലപ്പോൾ ചി

ല്ലാ മറയത്തരങ്ങൾ പാററാവുണ്ടു്. അതിൽക്കൂടി അവരുടെ സമ്പ്രദായത്തിൻെറ കള്ളി ചിലപ്പോഴൊക്കെ വെളിച്ചത്താകാറുമുണ്ടു്.

മിൻസെന്തിയുടെ അറസ്റ്റിനുശേഷം, കേസുവിസ്താരത്തിനു മുൻപു് 1949 ജനുവരിയിൽ, ഹങ്കേറിയൻ ഗവമ്മെൻറു പ്രസിദ്ധപ്പെടുത്തിയ ഒരു ഔദ്യോഗികരേഖയിൽ (യെല്ലോ ബുക്കിൽ) അത്ഥഗർഭങ്ങളായ രണ്ടു പ്രസ്താവനകൾ ഉണ്ടു്. അതു കർദ്ദിനാളിൻെറ അറസ്റ്റിനു മുൻപു തയാറാക്കിയതാണെന്നുള്ളതു സ്പഷ്ടമാണു്. അതിൻെറ 88-ാം പുറത്തു് ഇങ്ങനെ പറയുന്നു: "മുകളിൽ കാണിച്ച പ്രമാണങ്ങൾ മിൻസെന്തിയുടെപേരിലുള്ള ആരോപണങ്ങൾ ന്യായയുക്തമെന്നു് അനിഷേധ്യമാംവിധം തെളിയിക്കുന്നു. വേഗത്തിൽ ആരംഭിക്കാൻ പോകുന്ന കേസുവിചാരണ മിൻസെന്തിയുടെ പേരിലുള്ള കുററങ്ങളുടെ വിവിധ പശങ്ങളിലും വെളിച്ചം വീശുന്നതാണു്."

ഇതേപുസ്തകത്തിൻെറ 4-ാംപുറത്തു മറെറാരു പ്രസ്താവനയുണ്ടു്. "മിൻസെന്തിയും കൂട്ടാളികളും കുററവാളികൾതന്നെയെന്നു നിഷ്പക്ഷമതിയായ ഏതൊരുവനെയും പ്രത്യക്ഷമായി ബോദ്ധ്യപ്പെടുത്തുന്നവയായി, തങ്ങളുടെ കൈവശമുള്ള നിരവധി തെളിവുകളിൽ ചിലതു് ഈ പുസ്തകത്തിൽ പ്രസിദ്ധം ചെയ്യുവാൻ ഹങ്കേറിയൻഗവമ്മെൻറു് ആഗ്രഹിക്കുന്നു. അവയിൽ ഭൂരിഭാഗവും മിൻസെന്തി രഹസ്യമായി വച്ചിരുന്ന ഫയലുകളിൽനിന്നുള്ളതാണു്."

88-ാംപുറത്തുള്ള പ്രസ്താവന വായിച്ചിട്ടില്ലാത്തവക്കു്, തെളിവുകളെല്ലാം കോടതിയിൽ ഹാജരാക്കി മിൻസെന്തി കുററക്കാരനാണെന്നു വിധിക്കപ്പെട്ടതിനുശേഷം, പുറപ്പെടുവിച്ചിരിക്കുന്നതാണു് ഈ പ്രസ്താവനയെന്നു തോന്നിപ്പോകും. യഥാത്ഥത്തിൽ അദ്ദേഹം അറസ്റ്റ് ചെയ്യപ്പെടുന്നതിനു് എത്രയോ മുമ്പുതന്നെ അദ്ദേഹത്തിൻെറമേലുള്ള വിധി നിണ്ണയിക്കപ്പെട്ടുകഴിഞ്ഞിരുന്നു എന്നാണു് ഇതു തെളിയി

ക്കുന്നതു്.

അവർ എന്തിന് ഇത്ര പ്രയാസപ്പെടുന്നു? കേസുവിസ്താരത്തിൻെറ ചെലവും കാലതാമസവുമൊന്നും കൂടാതെ തങ്ങളുടെ ഇരകളെ ബലിമൃഗങ്ങളെപ്പോലെ വെറുതെയങ്ങ കൊന്നൊടുക്കിയേക്കരുതോ? ഉററബന്ധുക്കളുടേയും വളരെ അടുത്ത സ്നേഹിതന്മാരുടേയും അല്ലാതെ മററാരുടേയും ശ്രദ്ധ തങ്ങളുടെ ഇരകളുടെ കാര്യത്തിൽ പതിയുകയില്ലെന്നു ബോദ്ധ്യമുള്ളപ്പോഴെല്ലാം അവർ അതുതന്നെയാണു ചെയ്യുക. എന്നാൽ തങ്ങളുടെ ഇര കുറേക്കൂടി വലുതാണെങ്കിൽ, നീതിന്യായനടപടികളുടെ മറവിൽനിന്നുകൊണ്ടു് ഒളിയമ്പു പ്രയോഗിക്കാനേ അവർ ധൈര്യപ്പെടുകയുള്ളു. മിൻസെന്തിയെപ്പോലുള്ളവരുടെ നേർക്കുള്ള പെരുമാററത്തെക്കുറിച്ചു ലോകത്തിലൊട്ടാകെ വിമർശനങ്ങൾ പരക്കുമെന്നു് അവർക്കറിയാം. അപ്പോൾ അവർക്കിങ്ങനെ സമാധാനം പറയാൻ സാധിക്കണം. "ഞങ്ങൾ സമീചീനമായ വിധം കേസുവിസ്താരം നടത്തി. നിങ്ങളുടെ രാജ്യങ്ങളിൽ നിങ്ങൾ ചെയ്യുംപോലെ ഞങ്ങളും കോടതിനടപടികൾ അവലംബിക്കുകയാണു ചെയ്തതു്."

ഇതിനു മറെറാരുദ്ദേശ്യവും കൂടിയുണ്ടു്. മിൻസെന്തിയെപ്പോലെ വിഖ്യാതനായ ഒരാളുടെ കാര്യം ഹങ്കറിയിലെ എല്ലാ മുക്കിലും മൂലയിലുംപോലും സംസാരവിഷയമാകും. ഭരണകൂടത്തെ എതിർക്കുന്നവരുടെയുള്ളിൽ ഭയം ജനിപ്പിക്കുവാൻ ഇതുപകരിക്കും. കോടതിനടപടികളുടെ നാടകീയതയെപ്പററി അറിയാവുന്ന അവർക്കു വിധി എന്തരത്തിലായിരിക്കുമെന്നു് അറിയാൻ വിഷമമില്ലല്ലോ.

അതേസമയംതന്നെ ഈ കോടതിനടപടികളുടെയെല്ലാം ലക്ഷ്യമെന്തെന്നു് അവർ പരസ്യമായി പ്രഖ്യാപിക്കുന്നുമുണ്ടു്. ഹങ്കറിയിൽ മിൻസെന്തിക്കാര്യം സംബന്ധിച്ച വാദപ്രതിവാദങ്ങൾ അതിൻെറ അത്യുച്ചനിലയിലെത്തിയപ്പോൾ 'ഹിർലാപ്പു്'പത്രം ഇങ്ങനെ എഴുതി: "ബുഡാ

പ്പെസ്റ്റ് സിവിൽക്കോടതിയുടെ പുതിയ മേധാവിയായ കറോളി നാഗി ശനിയാഴ്ച ഉദ്യോഗത്തിൽ പ്രവേശിച്ചിരിക്കുന്നു. കോടതികൂടിയപ്പോറം നീതിന്യായവകുപ്പുമന്ത്രിയായ ഇസ്തവാൻ റെയിസ് ഒരു പ്രസംഗം ചെയ്തു. പ്രാഡപിപാകസംഘത്തിൻെറ ആശയപരമായ പുനർനവീകരണത്തിൻെറ ആവശ്യകതയെക്കുറിച്ച് അതിൽ അദ്ദേഹം പ്രസ്താവിക്കയുണ്ടായി. അദ്ദേഹം ഇങ്ങനെ തുടർന്നു: "നിയമപട്ടത്വം വർഗ്ഗസമരത്തിൻെറ ആയുധങ്ങളിലൊന്നാണെന്ന വസ്തുത ഞങ്ങറം നിഷേധിക്കുന്നില്ല. ആ ആയുധത്തിനു കൂടുതൽ മൂച്ചുകൂട്ടുവാൻ നാം അങ്ങേയററം ശ്രമിക്കേണ്ടിയിരിക്കുന്നു."

ടുക്കാച്ചെവിസ്കി, ബുക്കാറിൻ, കമനേവ്, സിനോവീവ്, തുടങ്ങിയ റഷ്യൻനേതാക്കന്മാരുടെ കേസുവിസ്താരകാലത്തു്, അന്നു സ്റ്റേററ്പ്രോസിക്യൂട്ടറായിരുന്ന വിഷിൻസ്കി ഇതേ ആശയംതന്നെ പ്രകടിപ്പിക്കയുണ്ടായി. "രാജ്യതന്ത്രത്തിൻെറ ആയുധം കോടതിയാകുന്നു" എന്നാണ് അദ്ദേഹം അന്നു പറഞ്ഞതു്.

ഇരുമ്പുമറയ്ക്കുള്ളിൽ, സ്റ്റേററ്പ്രോസിക്യൂട്ടർ, സ്റ്റേററ് ഇൻവെസ്റ്റിഗേററർ, ജഡ്ജി എന്നിവരെല്ലാം, രാഷ്ട്രീയകുററം ചുമത്തപ്പെട്ടവരോട് എന്തു നയമാണ് അനുവർത്തിക്കേണ്ടതെന്നു സുവ്യക്തമായി നിർണ്ണയിക്കപ്പെട്ടിട്ടുണ്ട്. സ്വാധീനത്തിലുള്ള എല്ലാ കഴിവുകളുമുപയോഗിച്ചു പ്രതികളുടെ പേരിലുള്ള ആരോപണങ്ങറം തെളിയിക്കുകമാത്രമേ അവർ ചെയ്യേണ്ടതുള്ളു. അതിനാവശ്യമുള്ളപക്ഷം കള്ളസാക്ഷികളേയോ കള്ളത്തെളിവുകളോ കൊണ്ടുവരാം. മൃഗീയവും ക്രൂരവുമായ ദണ്ഡനങ്ങറം മുഖേന ഞെക്കിപ്പിഴിഞ്ഞെടുക്കുന്ന അയഥാർത്ഥമായ കുററസമ്മതങ്ങറം ഹാജരാക്കാം. പ്രതിയെ ശിക്ഷിക്കുന്നതിനെ ന്യായീകരിക്കുമെന്നു തോന്നുന്ന എന്തുപാധികളും ഉത്തമങ്ങറംതന്നെയാണ് അവിടെ. തങ്ങറം ആഗ്രഹിക്കുന്നതരത്തിലുള്ള ഫലങ്ങറം പ

റപ്പെട്ടവിക്കാത്ത ഉപാധികൾ മാത്രമേ അവിടെ നിയമ വിരുദ്ധമാകുന്നുള്ളു.

പ്രതിയുടെ രാഷ്ട്രീയപ്രാധാന്യവും, പാർട്ടി നേടാൻ ഉദ്ദേശിക്കുന്ന കാര്യത്തിൻെറ സ്വഭാവവുമനുസരിച്ച് ഉപയോഗിക്കുന്ന സമ്പ്രദായങ്ങൾ വ്യത്യാസപ്പെട്ടിരിക്കും. പ്രതിയുടെ രാഷ്ട്രീയപ്രാധാന്യം തുച്ഛമാണെന്നുണ്ടെങ്കിൽ അയാൾ അതികഠിനമായ മർദ്ദനങ്ങൾക്കും യാതനകൾക്കും വിധേയനാകേണ്ടിവരും. പാർട്ടിയംഗങ്ങളുടെ വ്യക്തിപരമായ പകയുടെയും വിദ്വേഷത്തിൻെറയും ഫലമായുള്ളവയായിരിക്കും ഇത്തരം കേസുകൾമിക്കതും. തങ്ങൾക്ക് ഇഷ്ടമില്ലാത്ത പ്രതിയോഗികളെ ഉന്മൂലനം ചെയ്യുവാനുള്ള ഒരു ഉപാധിക്രൂടിയാണിതു്. ഇരുമ്പുമറയ്ക്കുള്ളിലെ എല്ലാ രാജ്യങ്ങളിലും ഇത്തരം സംഭവങ്ങൾ സാധാരണങ്ങളാണു്. ഇവയെപ്പററിയുള്ള റിപ്പോർട്ടുകൾ മറച്ചുവെക്കണമെന്നു കമ്മ്യൂണിസ്ററുകാർക്കൊട്ടു താല്പര്യവുമില്ല. കാരണം, കടുത്ത ഭീതിയുടെ ഒരന്തരീക്ഷം സൃഷ്ടിക്കുവാൻ അവയ്ക്കു സാധിക്കുന്നുവെന്നതുതന്നെ. അവരുടെ ഭരണം നിലനിർത്തുന്നതിനു് ഇതു സഹായകമായി ഭവിക്കും.

ഉദാഹരണമായി, ഒരു മുൻപോലീസുദ്യോഗസ്ഥൻെറ അനുഭവം ഹങ്കറിയിൽ വളരെ പരസ്യമാണു്. ഈ കേസിൽ ഉൾപ്പെട്ടിരുന്ന രണ്ടു പേരുടെ സാക്ഷാൽ പേരുകൾ വിട്ടുകളഞ്ഞിട്ടു നമുക്കു് അവരെ എ. എന്നും ബി. എന്നും വിളിക്കാം. ബി. ഒരു ചെറിയ കള്ളനായിരുന്നു. യുദ്ധത്തിനുമുമ്പു് ഒരു പോലീസുദ്യോഗസ്ഥനായിരുന്ന എ., ബി. യെ അറസ്റ്റ്ചെയ്തു കുററം തെളിയിച്ചു ശിക്ഷിപ്പിച്ചു. കമ്മ്യൂണിസ്റ്റ്ഭരണം വന്നപ്പോൾ ബി. അവരുടെ പാർട്ടിയിൽ ചേർന്നു. അതിനു പ്രതിഫലമായി അയാൾക്കു് ഒരു പോലീസുദ്യോഗം നൽകപ്പെട്ടു. ഉടൻ അയാൾ എ. യെ അറസ്റ്റ്ചെയ്തു രഹസ്യപ്പോലീസിൻെറ കുപ്രസിദ്ധമായ ഒരു കേന്ദ്രത്തിലേക്കു കൊണ്ടുവന്നു. പല നാളുകൾ

അദ്ദേഹം അവിടെ ഒരു ഇരുട്ടറയിൽ കിടന്നു നരകിച്ചു. പിന്നീടു ജനാലകഠം കട്ടിയേറിയ കമ്പിളികഠംകൊണ്ടു മറയ്ക്കപ്പെട്ട മറെറാരു മുറിയിലേക്ക് അദ്ദേഹം ആനീതനായി. അവിടെ മൂന്നുപേർ പ്രത്യക്ഷപ്പെട്ടു യാതൊന്നും പറയാതെ അദ്ദേഹത്തെ അടിക്കുവാൻ തുടങ്ങി. അസാമാന്യശക്തനായിരുന്ന അദ്ദേഹം അവരോടു ധീരമായവിധം എതിർത്തുനിന്നു. അപ്പോഠം കൂടുതൽ ആളുകഠം എത്തിച്ചേർന്നു; അവരെല്ലാംകൂടി അദ്ദേഹത്തെ അടിപെടുത്തി. വസ്ത്രങ്ങളെല്ലാം ഉരിഞ്ഞുമാററി അവർ അദ്ദേഹത്തെ ചുമരിലുണ്ടായിരുന്ന ഇരുമ്പുവളയങ്ങളിൽ ഭദ്രമായി ബന്ധിച്ചു. അതിനെത്തുടർന്നാണ് അദ്ദേഹത്തിൻെറ യഥാർത്ഥയാതനകഠം ആരംഭിച്ചതു്. പ്രത്യേകപരിശീലനം സിദ്ധിച്ച മല്ലന്മാരാണ് അദ്ദേഹത്തെ ദണ്ഡിക്കുവാൻ നിയുക്തരായിരുന്നതു്. ഇങ്ങനെ ബി. ഏഃയോടുള്ള തൻെറ പഴയ പക വീട്ടി. അവരുടെ പിടിയിൽനിന്നു പിന്നീടു രക്ഷപെട്ട ഏ യിൽനിന്നുതന്നെയാണ് ഈ വിവരങ്ങഠം പുറത്തു് അറിവായതു്.

ഇത്തരം അനുഭവങ്ങഠം സർവ്വസാധാരണമാണ്. ആദ്യവർഷങ്ങളിൽ ജനങ്ങഠംക്കിടയിൽ ഇവയെക്കുറിച്ചു വിഫലമെങ്കിലും കഠിനമായ അമർഷവും എതിർപ്പുമുണ്ടായിരുന്നു. ഇപ്പോഠം അതെല്ലാം അമർത്തിവെക്കാൻ നിർബ്ബന്ധിതരായ അവർ അടങ്ങിക്കഴിയുകയാണ്.

കൂടുതൽ പ്രാമാണ്യമുള്ളവരുടെ നേക്ക് അനുവർത്തിക്കപ്പെടുന്ന രീതികളെക്കുറിച്ച് ഇരുമ്പുമറയ്ക്കകത്തുപോലും തുച്ഛമായേ അറിയുന്നുള്ളു. രഹസ്യത്തിൻെറ കനത്ത തിരശ്ശീലയ്ക്കുള്ളിൽ കാര്യങ്ങഠം അവർ മറച്ചുകളയും. പൗരാവകാശങ്ങളെ പൂർണ്ണമായി സംരക്ഷിക്കുന്ന 1875-ലെ ക്രിമിനൽനിയമവ്യവസ്ഥകഠം നിഷ്കൃഷ്ടമായി അവലംബിക്കുകയാണെന്നാണ് അവരുടെ നാട്യം. കമ്മ്യൂണിസ്റ്റുകാർക്ക് ഇവിടെ ഒരു വിഷമമുണ്ടു്. അവരുടെ കേസ്സുവിസ്താരങ്ങഠം തികച്ചും നീതിപൂർവ്വമായിരുന്നെന്ന് അവക്ക് ലോകത്തെ

ബോദ്ധ്യപ്പെടുത്തണം. അതേസമയത്തുതന്നെ പ്രതിയോഗിയെ ശിക്ഷിക്കുകയും, ആയാളുടെ അനുയായികളെ ഭീതിപ്പെടുത്തുകയും വേണം. ഹങ്കറിയിലെ കമ്മ്യൂണിസ്റ്റ് പ്രോസിക്യൂട്ടർമാർ, അവരുടെ നാസിമുൻഗാമികളെപ്പോലെതന്നെ, ഒരു കാര്യം ജഡ്ജിമാരുടെ ശ്രദ്ധയ്ക്കു വിഷയമാക്കുന്നതിനു വിസ്മരിക്കാറില്ല. പ്രതികൾ മാത്രമല്ല അവർ പ്രതിനിധീകരിക്കുന്ന പ്രസ്ഥാനവും സമൂഹവും വിസ്താരത്തിനു വിധേയമായിരിക്കുകയാണെന്ന സംഗതിയാണത്.

കോടതി മുഴുവനും—ജഡ്ജിമാരും, പ്രോസിക്യൂട്ടർമാരും പ്രതിഭാഗം വക്കീലന്മാർപോലും—മോസ്കോയിൽനിന്നു വരുന്ന വിദഗ്ദ്ധന്മാരുടെ അദ്ധ്യാപനത്തിനു വിധേയരാണ്. 1875-ലെ നിയമസംഹിതയെ ആധാരമാക്കുന്നുവെന്നു ഭാവിക്കുന്നുണ്ടെങ്കിലും, പ്രതിഭാഗം വക്കീലന്മാർ അവരുടെ കക്ഷിയെ രക്ഷിക്കാൻവേണ്ടി അതിൽനിന്ന് ഏതെങ്കിലും ഒരു ഭാഗം ഉദ്ധരിച്ചുപോയാൽ, അവർ അഭിഭാഷകസംഘത്തിൽനിന്നു നിഷ്കാസിതരാകും. വിസ്താരം നടക്കുന്നതു വളരെ ചെറിയ മുറികളിലാണ്. ആവശ്യമില്ലാത്തവരെ ഒഴിച്ചുനിർത്തുവാൻ ഇതുമൂലം എളുപ്പം സാദ്ധ്യമാകുന്നു. കേസുവിസ്താരം പ്രക്ഷേപണം ചെയ്യപ്പെടുന്നു. അതു നടപടികൾക്കു നിറപ്പകിട്ടു കൊടുക്കുന്നതിനുവേണ്ടിയാണ്. ആവശ്യമില്ലാത്ത തെളിവുകൾ എന്തെങ്കിലും ഉച്ചരിക്കപ്പെട്ടാൽ ആ ഭാഗം പ്രക്ഷേപണത്തിൽപെടുത്തുകയുമില്ല. അവസാനമായി, എന്നാൽ അപ്രധാനമല്ലാത്തതായി, പ്രതികളുടെ കുററസമ്മതമുണ്ട്. അതു സമ്പാദിക്കുന്ന വിധമോ? ലോകത്തിൽ അറിയപ്പെട്ടിട്ടുള്ളതിലേക്കും ക്രൂരമായ പീഡനസമ്പ്രദായങ്ങൾ ഉപയോഗിച്ചുകൊണ്ട്!

മിസ്റ്റർ "ബി" എന്നൊരാളുടെ അനുഭവങ്ങളെക്കുറിച്ച് എനിക്കു നേരിട്ടറിയാം. ഉപജാപകവൃത്തിയിലേപ്പെട്ടെന്നുള്ള കുററമാരോപിച്ചാണ് അദ്ദേഹത്തെ അറസ്റ്റ് ചെയ്തത്. ഊഷ്പ്പവും കഠിനമായ തണുപ്പുമുള്ള ഒരു നിലവറ

യിൽ അർദ്ധപട്ടിണിയിൽ അദ്ദേഹം പാർപ്പിക്കപ്പെട്ടു. ഒരർദ്ധരാത്രിയിൽ അദ്ദേഹത്തെ വിളിച്ചുണർത്തി, ആ നിലവറയിലെ തണുപ്പിലും ഏകാന്തതയിലുംനിന്നു ദീപ്രവും ഊഷ്മളവുമായ ഒരു മുറിയിലേക്കാനയിച്ചു. അവിടെ ചോദ്യകർത്താവ് ആസനസ്ഥനായിരുന്നു. മിസ്റ്റർ "ബി" ക്കു വളരെ ഉപചാരപൂർവ്വമായ പെരുമാററമാണ് അപ്പോൾ ലഭിച്ചതു്. കുററങ്ങൾ ഏററുപറയണമെന്ന് അദ്ദേഹത്തോട് അവർ ആവശ്യപ്പെട്ടു. അദ്ദേഹത്തിൻെറ സഹപ്രവർത്തകൻ കുററം സമ്മതിച്ചുകഴിഞ്ഞിട്ടുണ്ടെന്നും, ഇനി അദ്ദേഹത്തിൻെറ കുററസമ്മതം ഒരു ചടങ്ങു മാത്രമാണെന്നും ചോദ്യകർത്താവു പ്രസ്താവിച്ചു. ഏററുപറയത്തക്ക കുററങ്ങളൊന്നും താൻ ചെയ്തിട്ടില്ലെന്ന് അദ്ദേഹം മറുപടി പറഞ്ഞു. അതോടെ വീണ്ടും അദ്ദേഹത്തെ ഏകാന്തമായ ആ നിലവറയിലേക്കു കൊണ്ടുപോയി.

പിന്നെയും പലനാൾ അദ്ദേഹം ആ തണുപ്പിലും ഏകാന്തതയിലും ജീവിച്ചു. വീണ്ടും ചോദ്യശരങ്ങൾക്കു വിധേയനാകാൻവേണ്ടി അദ്ദേഹം ആനീതനായി. രണ്ടു രാവും രണ്ടു പകലും, ആളുകൾ മാറി മാറി, ഇടതടവില്ലാതെ, അദ്ദേഹത്തോടു ചോദ്യങ്ങൾ ചോദിച്ചുകൊണ്ടിരുന്നു. ഈ സമയത്തെല്ലാം അതിദീപ്രമായ ഒരു വിളക്കിൻെറ തീവ്രമായ പ്രകാശം മിസ്റ്റർ "ബി"യുടെ കണ്ണുകളിലേക്കടിച്ചുകൊണ്ടിരുന്നു. അവസാനം മിണ്ടാൻപോലും കഴിവില്ലാതെ അദ്ദേഹം തളർന്നുപോയി.

അനന്തരം അദ്ദേഹത്തെ അവർ മറെറാരു മുറിയിലേക്കു കൊണ്ടുചെന്നു താഴെ വീഴുന്നതുവരെ ഒരേനിലയിൽ നിറുത്തി. തളർച്ചയ്ക്കു് അല്പം ശമനംവന്നപ്പോൾ അദ്ദേഹത്തെ ഒരു മേശയ്ക്കരികിൽ ഇരുത്തിയിട്ട്, സ്വന്ത രാഷ്ട്രീയപ്രവർത്തനങ്ങളുടെ ദീർഘമായ ഒരു റിപ്പോർട്ടെഴുതണമെന്നു മർദ്ദകന്മാർ ആവശ്യപ്പെട്ടു.

ഏതാനും ദിവസങ്ങൾക്കുശേഷം ചോദ്യം ചെയ്യപ്പെ

ടുന്നതിന വീണ്ടും അദ്ദേഹം ആനീതനായി. മുൻപെഴുതിയ റിപ്പോർട്ട് അപ്പോൾ അദ്ദേഹത്തിന് അവർ കാണിച്ചുകൊടുത്തു. പ്രാധാന്യമർഹിക്കുന്ന കാര്യങ്ങളെപ്പററി ആലോചിക്കേണ്ടിവന്നപ്പോഴും, ഏതെങ്കിലുമൊരു പരിചിതൻെറ പേർ വെളിപ്പെടുത്താതിരിക്കാൻ ശ്രദ്ധിച്ചിരുന്നപ്പോഴും ഒരേവാക്കുതന്നെ ആ പ്രസ്താവനയിൽ താൻ പല പ്രാവശ്യം ആവത്തിച്ചിരിക്കുന്നതായി അദ്ദേഹം കണ്ടു. ഇതിനെ സംബന്ധിച്ച് അദ്ദേഹം പിന്നീടു പറഞ്ഞതു്, തൻെറ ആത്മാവും ശരീരവും തമ്മിലുള്ള ബന്ധം വിച്ഛേദിക്കപ്പെട്ടിരുന്നതുപോലെ തോന്നിയിരുന്നെന്നും, ശരീരം കേവലം ഒരു സ്വയംപ്രവത്തകയന്ത്രമായി ചമഞ്ഞിരുന്നെന്നുമാണ്.

ചോദ്യശരങ്ങൾ പിന്നീടും തുടൻകൊണ്ടിരുന്നു എന്നതിൽനിന്ന് ആ പ്രസ്താവന തൃപ്തികരമായിരുന്നില്ലെന്ന് അനുമാനിക്കാം. ഇടയ്ക്കു ചോദ്യങ്ങൾ ചോദിക്കുന്നതു നിത്തി അദ്ദേഹത്തെ കഠിനമായി മദ്ദിച്ചിരുന്നു. ഉള്ളംകാലിലും, മുഴങ്കാലിൻെറ എല്ലിന്മേലും അവർ നിദ്ദയം അടിച്ചു. കാൽമുട്ടുകളിൽ അടി കൂടുതലായി കേന്ദ്രീകരിച്ചശേഷം വേദനയുടെ ഉഗ്രത കൂട്ടുവാൻവേണ്ടി മുട്ടിന്മേൽ നില്ക്കുവാൻ അദ്ദേഹത്തോട് അവർ ആജ്ഞാപിച്ചു. ഇടയ്ക്കു വിദഗ്ദ്ധപരിശീലനം സിദ്ധിച്ച കമ്മ്യൂണിസ്റ്റ്കാർ വന്ന് അദ്ദേഹത്തോടു സുദീർഘമായ പ്രസംഗങ്ങൾ ചെയ്തുകൊണ്ടിരുന്നു. അതു് അദ്ദേഹത്തിൻെറ അപരാധത്തെ തെളിയിക്കുന്നതിനാണത്രെ. അദ്ദേഹത്തിൻെറ പദ്ധതികൾ പരാജയപ്പെട്ടിരിക്കുന്നെന്നു ബോദ്ധ്യപ്പെടുത്തുവാനായി, അവർ കഠിനമായ മാനസികഭാരവും സമ്മദ്ദവും അദ്ദേഹത്തിൻെറമേൽ ചുമത്തി. അവസാനം ആ മനുഷ്യൻെറ സകലശക്തികളും ശിഥിലമായി. തൻെറ ചോദ്യകത്താക്കൾ ആവശ്യപ്പെട്ടതെല്ലാം അദ്ദേഹം ഏററുപറഞ്ഞു. കോടതിയിൽ ഹാജരായപ്പോൾ, മാസ്മരനിദ്രയ്ക്കു വിധേയനായ

ഒരുവൻെറ ബാഹ്യലക്ഷണങ്ങൾ അദ്ദേഹത്തിൽ കാണപ്പെട്ടു. അദ്ദേഹം നൽകിയ കുററസമ്മതം അദ്ദേഹത്തിൻെറ ക്രൂട്ടപ്രതിയുടെ എതിർപ്പിനെപ്പോലും ഹനിക്കുവാൻ ഉപകരിച്ചു.

അവസാനം മിസ്റ്റർ "ബി" വിമോചിതനായപ്പോൾ അദ്ദേഹമൊരിക്കലും ചെയ്തിട്ടില്ലെന്നു സുസ്പഷ്ടമായിരുന്ന തെററുകൾപോലും ഏററുപറഞ്ഞതെന്തിനാണെന്നു ചില സുഹൃത്തുക്കൾ അദ്ദേഹത്തോടു ചോദിച്ചു.

"ഞാൻ ചെയ്തെന്ന് അവർ പറഞ്ഞതെല്ലാം വാസ്തവത്തിൽ ഞാൻ ചെയ്തതുതന്നെയെന്ന് എനിക്കുതന്നെ വിശ്വാസം തോന്നിയ ഒരു ഘട്ടമുണ്ടായിരുന്നു." എന്നാണ് അദ്ദേഹം മറുപടി പറഞ്ഞത്.

ഇതുപോലെ മറെറാരാളുടെ കാര്യവും എനിക്കു നേരിട്ടറിയാം. ഹങ്കറിയിലെ ചെറുകർഷകരുടെ സംഘത്തിലെ ഒരു കൌണ്ടിസിക്രട്ടറി അറസ്റ്റ്ചെയ്യപ്പെട്ടു. അതിനികൃഷ്ടവും ക്രൂരവുമായ കായികദണ്ഡനങ്ങൾക്ക് അദ്ദേഹവും വിധേയനായി. അദ്ദേഹത്തിൻെറ വിരലുകൾ ഓരോന്നായി സാവധാനത്തിൽ അവർ തല്ലിച്ചതച്ചു. ഇങ്ങനെ അറസ്റ്റ് ചെയ്യപ്പെട്ട മറെറാരാളെ റഷ്യയിലേക്കു നാടുകടത്തുമെന്നു ഭീഷണിപ്പെടുത്തി. അതു വിഫലമായപ്പോൾ ചോദ്യശരങ്ങളും മർദ്ദനവുംതന്നെ തുടർന്നുകൊണ്ട് അവർ കുററസമ്മതം എഴുതിവാങ്ങിച്ചു.

മററുപാധികളെ അസാധാരണമായ മനക്കരുത്തോടെ ചെറുത്തുനിൽക്കുന്നവരുടെമേൽ മാത്രമേ ആക്ടഡ്രോൺ എന്ന പേരിൽ അറിയപ്പെടുന്ന മയക്കുമരുന്നുകൾ ഉപയോഗിക്കാറുള്ളു. അതു ക്രൂടുതലായി ഉപയോഗിക്കുമ്പോൾ അസാധാരണമായ ഒരു മാനസികോന്മേഷവും, തുടർന്നു പരിപൂർണ്ണമായ അവശതയും അനുഭവപ്പെടും. 1935-ൽ ഈ മരുന്നു ഹങ്കറിയിൽ പരീക്ഷിച്ചുട്ടതതിനുശേഷം അവിടെ ഉൽപ്പാദിപ്പിച്ചതിൻെറ എൺപതു ശതമാന

വും റഷ്യയിലേക്ക കയററി അയയ്ക്കയാണു ചെയ്തതു്.

അസാമാന്യമനക്കരുത്തുള്ള ചുരുക്കം ചിലർമാത്രമേ പോലിസിൻെറ ഈദൃശമർദ്ദനമുറകളെ അതിജീവിക്കുവാൻ സാധിച്ചിട്ടുള്ളൂ. പീഡനത്തിനു വിധേയരാകുന്നവർ അധികംപേരും മരിക്കുകയാണു പതിവു്. 1945-ൽ ഹങ്കേറിയൻ പാർലമെൻറിലെ ഒരംഗമായിരുന്ന എമറി വീർ സ്ഥിതിവിവരക്കണക്കുകൾ ഉദ്ധരിച്ചു് ഈ വസ്തുത തെളിയിച്ചിട്ടുണ്ടു്. കമ്മ്യൂണിസ്റ്റ്കാർ അധികാരത്തിൽവന്നു് ഒരു കൊല്ലം തികയുന്നതിനുമുമ്പിൽ 64 പേർ പോലീസു് മർദ്ദനംമൂലം മൃതിയടഞ്ഞ കാര്യം തനിക്കു നേരിട്ടറിയാമെന്നു് അദ്ദേഹം പ്രസ്താവിക്കയുണ്ടായി.

കമ്മ്യൂണിസ്റ്റ്കാരുടെ പിടിയിൽനിന്നു രക്ഷപെട്ട ഡോക്ടർ സോൾട്ടൺ നിയിസ്റ്റർ—പന്ത്രണ്ടാം പീയൂസു് മാർപ്പാപ്പാതിരുമനസ്സിലെ ഡൊമസ്റ്റിക്കു് പ്രിലേററു്— നൽകുന്ന അനുഭവസാക്ഷ്യം ശ്രദ്ധേയമാണു്.

"1946 നവമ്പർമാസത്തിൽ എന്നെ റഷ്യാക്കാർ അറസ്റ്റ്ചെയ്തു ബുഡാപ്പെസ്റ്റിനടുത്തുള്ള ഒരു ഗ്രാമീണസങ്കേതത്തിലേക്കു കൊണ്ടുപോയി. കമ്മ്യൂണിസ്റ്റ്വിരുദ്ധപ്രവർത്തനങ്ങളിൽ ഏർപ്പെട്ടതായും, ചെമ്പടയെ അവലപിച്ചുകൊണ്ടു ലേഖനങ്ങൾ എഴുതിയതായുമുള്ള കുററങ്ങൾക്കു ഞാൻ മരണശിക്ഷക്കോ സൈബീരിയായിലേക്കുള്ള നാടുകടത്തലിനോ വിധേയനാകാവുന്നതാണെന്നും, എന്നാൽ ചെമ്പടയ്ക്കു് എൻെറ സഹായവാഗ്ദാനങ്ങൾ നൽകുന്നപക്ഷം എന്നെ വിട്ടയക്കാമെന്നും ഒരു ഉദ്യോഗസ്ഥൻ എന്നെ അറിയിച്ചു. അതിനു് എനിക്കു മനസ്സില്ല എന്നു് ഞാൻ ഉടനടി ഉത്തരവും കൊടുത്തു.

"അനന്തരം ഒരു കുളിമുറിയാണു് എനിക്കു താമസത്തിനു നൽകപ്പെട്ടതു്. അതു് എൻെറ പ്രതിരോധമനോഭാവത്തെ അടിച്ചമർത്താൻ വേണ്ടിയായിരുന്നു. ഒരു മേശയും ഒരു ബഞ്ചും, കിടന്നുറങ്ങുന്നതിനൊരു പലകക്കഷണവും

മാത്രമാണ് ആ മുറിയിലുണ്ടായിരുന്നത്. കഠിനമായ ശിശിരകാലത്തിൻെറ തുടക്കത്തിൽ, ദുർഭഗമായ ഈ സാഹചര്യങ്ങളിൽ, ഞാൻ 20 ദിവസം കഴിച്ചുകൂട്ടി. അല്പം സൂപ്പും, ഒരുകപ്പ് റഷ്യൻചായയും, ഒരു ചെറിയകഷണം റൊട്ടിയുമായിരുന്നു എനിക്കു കിട്ടിക്കൊണ്ടിരുന്ന ആഹാരം.

"അർദ്ധപട്ടിണി, നിശിതമായ ശൈത്യം, നീണ്ടുനില്ക്കുന്ന ചോദ്യങ്ങൾ, എപ്പോഴും തലയ്ക്കുമീതെ തൂങ്ങിക്കൊണ്ടിരുന്ന മരണത്തിൻെറ ചന്ദ്രഹാസം, പീഡനമുറിയിൽനിന്നു നിരന്തരമായി കേട്ടുകൊണ്ടിരുന്ന തടവുകാരുടെ ഭീതിജനകമായ ദീനാക്രന്ദനങ്ങൾ, എൻെറ മുറയും അടുത്തുവരികയാണെന്ന ഭീതി, ഹങ്കറിയിൽ ഇതിനുമുമ്പായി ആറുമാസക്കാലം അനുഭവിച്ച ജയിൽവാസത്തിൻെറ കായക്ലേശം, ഇവയെല്ലാം ഒത്തുചേർന്നപ്പോൾ ഞാൻ വളരെ ശോഷിച്ചു വിളറിവിവശനായിത്തീർന്നു. എഴുനേൽക്കാനും കിടക്കാനുംപോലും എനിക്കു പരസഹായം വേണ്ടിവന്നു.

"ഇരുപതാംദിവസം ഞാൻ വീണ്ടും ചോദ്യംചെയ്യപ്പെടുന്നതിനു പുറത്തു കൊണ്ടുവരപ്പെട്ടു. എൻെറ ദയനീയാവസ്ഥ റഷ്യൻ ഉദ്യോഗസ്ഥൻെറ ഹൃദയത്തെ സ്പർശിച്ചു. അനുഭാവമഭിനയിച്ചുകൊണ്ട് അദ്ദേഹം എൻെറനേക്ക് ഒരു കസേര നീക്കിയിട്ടു. എൻെറ ആരോഗ്യത്തെപ്പററി ആയാൾ അന്വേഷിച്ചു. എനിക്ക് ഒരു സിഗററും തന്നു. അനന്തരം, എൻെറ മോചനത്തിനു ഞാൻ നൽകേണ്ട സേവനം കമ്മ്യൂണിസ്റ്റ് ജപതാപമോ, ചാരവൃത്തിയോ ആണെന്നു ധരിച്ചുവശായിട്ടുണ്ടെങ്കിൽ അതബദ്ധമാണെന്നു വിശദീകരിച്ച് ആയാളൊരു നീണ്ടപ്രസംഗം ചെയ്തു.

"അങ്ങനെയൊന്നുമല്ല". അയാൾ പറഞ്ഞു. "ഹങ്കറിയിലെ കാര്യങ്ങളെക്കുറിച്ചു. നിഷ്പക്ഷമായ വിവരണങ്ങൾ മാത്രമാണു ഞങ്ങൾക്കാവശ്യം. അങ്ങേയ്ക്കാണെങ്കിൽ മററാരെക്കാളും മെച്ചമായവിധത്തിൽ അതു നൽകാനും കഴിയും."

ആ ഉദ്യോഗസ്ഥൻെറ ആന്തരികോദ്ദേശം എനിക്കു വ്യക്തമായി മനസ്സിലായെങ്കിലും, സൂത്രത്തിൽ ആയാളെ തെററിദ്ധരിപ്പിച്ചുകൊണ്ടു സ്വന്തം ജീവൻ രക്ഷിക്കാനുള്ള ഒരു തന്ത്രം ഞാൻ പ്രയോഗിക്കാനുറച്ചു. ബഹുമാനാർഹരായ ശത്രുക്കളോടല്ല ഞാനിടപെടുന്നതെന്നു നേരത്തേയുള്ള അനുഭവങ്ങളിൽനിന്നു ഞാൻ പഠിച്ചിട്ടുണ്ടായിരുന്നു. ദുർമ്മാർഗ്ഗികളായ അക്രമാസക്തരും, നീചന്മാരായ കൊലയാളികളും, മനുഷ്യവംശത്തിൻെറ കളങ്കസങ്കേതങ്ങളുമായ ഇക്കൂട്ടരുടെ കൈകളിൽനിന്നു രക്തസാക്ഷിത്വം വരിക്കുന്നതുപോലും യോഗ്യമല്ലെന്നു ഞാൻ തീരുമാനിച്ചു. നിരക്ഷരകുക്ഷികളും, പരമവിഡ്ഢികളുമായ ഈ ഉദ്യോഗസ്ഥന്മാരെ വഞ്ചിക്കാൻ വിഷമമില്ലെന്നും ഞാൻ മനസ്സിലാക്കി.

"കഴിയുന്നത്ര വിവരങ്ങൾ ശേഖരിച്ചുകൊടുത്തുകൊള്ളാമെന്നു ഞാൻ ഭരമേററു. അങ്ങനെ ഏതാനും നാളുകൾക്കുള്ളിൽ ഞാൻ വിമുക്തനായി. രണ്ടാഴ്ചയ്ക്കുശേഷം റിപ്പോർട്ടുകൾ കേൾക്കുവാൻവേണ്ടി അവരെന്നെ ആളയച്ചുവരുത്തി. അതിൽപിന്നെ എല്ലാ ആഴ്ചയിലും ഞാൻ അവിടെ പോകേണ്ടിയിരുന്നു. ആദ്യറിപ്പോർട്ടുകൾ സംബന്ധിച്ച് എനിക്കു വിഷമം നേരിട്ടില്ല. രാജവംശത്തെക്കുറിച്ചും, സാമൂഹ്യവും കലാലയപരവുമായ കാര്യങ്ങളെക്കുറിച്ചുമായിരുന്നു അപ്പോഴത്തെ ചോദ്യങ്ങൾ. എന്നാൽ ക്രമേണ കട്ടിനാൾ മിൻസെന്തിയെ സംബന്ധിച്ചു കൂടുതൽകൂടുതൽ ചോദ്യങ്ങൾ വന്നുതുടങ്ങി. അദ്ദേഹത്തിൻെറ സേവകന്മാരേയും, അനുയായികളേയും, അവരുടെ സ്വാധീനശക്തിയെയും, മററും പററിയുള്ള വിവരങ്ങൾ ഞാൻ കണ്ടുപിടിക്കണമെന്നായി അവർ. അദ്ദേഹത്തെക്കുറിച്ചു പറയുമ്പോൾ ആദരവിൻെറ ഒരഭിനയം അവർ കാണിക്കാറുണ്ടെങ്കിലും, ഇടയ്ക്കു് അശ്രദ്ധമായി പറഞ്ഞുപോയ ചില വാക്കുകളിൽനിന്നു് അദ്ദേഹത്തെ തങ്ങളുടെ ബദ്ധശത്രുവായിട്ടാണവർ കരുതുന്നതെന്നു് എനിക്കു മനസ്സിലായി. അ

വരുടെ പൈശാചികമായ പ്രവൃത്തിസരണി വിനാവിളംബം എനിക്കു വിശദമായി. ആ മഹാൻെറ ചുററും അവർ ചാരന്മാരുടെ ഒരു വല വീശുവാൻ ശ്രമിക്കയായിരുന്നു. റഷ്യക്കാരുടെ പിടിയിൽപ്പെട്ട ചില പുരോഹിതന്മാരും പാർഷദന്മാരും ആ വലയിലെ കണ്ണികളായി കഴിഞ്ഞിരിക്കുന്നു എന്ന വിവരവും എനിക്കു വ്യക്തമായി.

"അപ്പോൾമുതൽ എൻെറ ജോലി കൂടുതൽ ആയാസകരമായിത്തുടങ്ങി. തഞ്ചത്തിലൊഴിഞ്ഞുകൊണ്ടുള്ള എൻെറ ഉത്തരങ്ങളിൽ അവർ അതൃപ്തരായിച്ചമഞ്ഞു. ആ അവസരത്തിൽ റോമിൽനിന്നു തിരിച്ചെത്തിയ കർദ്ദിനാളിനെ ഞാൻ ചെന്നു കാണണമെന്നവർ നിർബന്ധിച്ചു. കർദ്ദിനാളിനു് എന്നെ സ്വീകരിക്കാൻ സാധിക്കാത്തവിധത്തിൽ ഞാൻ കാര്യങ്ങൾ ഇടപാടുചെയ്തു. അദ്ദേഹം ഇററലിയിൽ ആരെല്ലാമായിട്ടാണു സമ്പർക്കം പുലർത്തിയിരുന്നതെന്നു ഗ്രഹിക്കാൻ എസ്റ്റർഗോമിലുള്ള അദ്ദേഹത്തിൻെറ വസതിയിലേക്കു ഞാൻ പോകണമെന്നു് അവർ ആജ്ഞാപിച്ചു.

"ഇനി ഒട്ടും താമസിക്കാതെ രക്ഷപെടുവാൻതന്നെ ഞാൻ നിശ്ചയിച്ചു. എന്നാൽ എനിക്കുവേണ്ടി മോൺസിഞ്ഞോർ ബലാ വാർഗാ തയ്യാറാക്കിയിരുന്ന കാറിനു കേടു വരികയാൽ എൻെറ ആ പ്ലാൻ പരാജയപ്പെട്ടു.

"റഷ്യൻ ഉത്തരവിനെ ആദരിക്കുകയാണെന്ന ഭാവത്തിൽ ഞാൻ എസ്റ്റർഗോമിലേക്കു പോയി. കർദ്ദിനാൾ എനിക്കു ഹൃദ്യവും സ്നേഹമസൃണവുമായ ഒരു സ്വീകരണം നൽകി. എന്നാൽ അവർ ആവശ്യപ്പെട്ടിരുന്ന വിവരങ്ങൾ അദ്ദേഹത്തിൽനിന്നു സമ്പാദിക്കുന്നതിനു പകരം, രാജ്യത്തിൽനിന്നു രക്ഷപെടുന്നതിനുള്ള എൻെറ നിശ്ചയം ഞാനദ്ദേഹത്തെ രഹസ്യമായി അറിയിച്ചു.

"റഷ്യാക്കാരെ പ്രീണിപ്പിക്കുന്നതിനുവേണ്ടി കർദ്ദിനാളിൻെറ യാത്രയെക്കുറിച്ചു് ഒരു റിപ്പോർട്ടു ഞാൻ കൊണ്ടുപോന്നു. അവർക്കു തൃപ്തിയാവുകയും ചെയ്തു. എന്നാൽ

അതേ റിപ്പോർട്ടുതന്നെ കുറെ ദിവസങ്ങൾക്കുശേഷം ഒരു കത്തോലിക്കാവാരികയിൽ അച്ചടിച്ചുകണ്ടപ്പോൾ അവർ കോപാവിഷ്ടരായിത്തീൻ. അവർ എൻെറ നേൎക്കു ഭയങ്കരമായ ഭീഷണികൾ പ്രയോഗിച്ചു. ഇനിമേലാൽ എന്നെ പുറത്തുവിടുകയില്ലെന്നും എൻെറ അന്ത്യമടുത്തെന്നുപോലും എനിക്കു തോന്നി: അടുത്തദിവസം ബുഡാപ്പെസ്റ്റ് ബസ്ലിക്കായിൽ കൎദ്ദിനാളിൻെറ ഒരു പ്രസംഗമുണ്ടായിരിക്കുമെന്ന് അപ്പോൾ അറിവുകിട്ടി. അതുകേട്ട്, അതിൻെറ ഉള്ളടക്കം അപ്പാടെ റിപ്പോർട്ടുചെയ്യുന്നതിന്, ഒരവസാനപരീക്ഷണമെന്ന നിലയിൽ അവർ എന്നെ നിയോഗിച്ചു.

തെരുവിലിറങ്ങി, എന്നെ ആരും പിന്തുടരുന്നില്ലെന്നു ബോദ്ധ്യം വന്നതിനുശേഷം, ഞാൻ ഒരു സ്നേഹിതൻെറ വസതിയിൽ അഭയംതേടി. അവിടെനിന്നു പലയാഴ്ചകൾക്കുശേഷം, മോൺസിഞ്ഞോർ ബലാ വാർഗായുടെ കാരുണ്യപൂർവ്വകമായ സഹായത്താൽ, പ്രച്ഛന്നവേഷനായി അതിൎത്തികടന്നു രക്ഷപെടുവാൻ എനിക്കു സാധിച്ചു."

1948-ൽ കൎദ്ദിനാൾ മിൻസെന്തിക്കു ഹങ്കറിയിൽ അഭിമുഖീകരിക്കേണ്ടിവന്ന പരിതസ്ഥിതികൾ ഇതൊക്കെയാണ്. താൻ അറസ്റ്റ്ചെയ്യപ്പെട്ട ദിവസംവരെ ഏതു സമയത്തും അദ്ദേഹത്തിനു വേണമെങ്കിൽ രക്ഷപെട്ട് ഇരുമ്പുമറയ്ക്കിപ്പുറമുള്ള വല്ല രാജ്യത്തിലും അഭയം പ്രാപിക്കാമായിരുന്നു. അദ്ദേഹത്തിൻെറ നിർഗ്ഗമനത്തെ കമ്മ്യൂണിസ്റ്റ്കാർ തടയുമായിരുന്നില്ലെന്നു തന്നെയല്ല അവരതു സസന്തോഷം സ്വാഗതം ചെയ്യുകകൂടി ചെയ്യുമെന്നേ. മിൻസെന്തിയെ സംബന്ധിക്കുന്ന വിഷമപ്രശ്നത്തിന് അവൎക്കങ്ങനെ എളുപ്പത്തിൽ പരിഹാരം നേടാമായിരുന്നു. എന്നാൽ പലപ്പോഴും മററുള്ളവരോടു പറയാറുണ്ടായിരുന്ന ഈ വാക്കുകൾ അദ്ദേഹം തീർച്ചയായും അപ്പോൾ തന്നോടുതന്നെ പറഞ്ഞിട്ടുണ്ടായിരിക്കും. "ഇപ്പോഴാണ് ഇവിടെ ആളുകളെ ആവശ്യം."

# XV

## സമയം സമാഗതമാകുന്നു

കമ്മ്യൂണിസ്റ്റ്കാരുടെ കൈകളിൽനിന്നു തനിക്ക് അറസ്റ്റും കാരാഗൃഹവാസവും ഒരു പക്ഷെ മരണംതന്നേയും നേരിടേണ്ടിവരുമെന്ന കാര്യത്തിൽ മിൻസെന്തിക്കു യാതൊരു സംശയവുമുണ്ടായിരുന്നില്ല. എപ്പോഴാണ് അതു സംഭവിക്കുക എന്നുള്ളതു മാത്രമായിരുന്നു പ്രശ്നം. തൻെറ നിലപാടെന്തെന്നു തൻെറ ജനങ്ങൾക്കു വിശദമാക്കിക്കൊടുക്കുവാൻ അദ്ദേഹം ആഗ്രഹിച്ചു. 1948 നവമ്പർമാസത്തിൽ എസ്റ്റർഗോമിൽവച്ചു പുറപ്പെടുവിച്ച അവസാനത്തെ ഇടയലേഖനത്തിൽ അദ്ദേഹം ഇങ്ങനെ പ്രസ്താവിച്ചിരിക്കുന്നു:

"വിഭക്തഹങ്കറിയുടെ വിവിധഭാഗങ്ങളിൽനിന്നും കുറേക്കാലമായി എനിക്കെതിരായ 'ആരോപണങ്ങൾ' ഉന്നയിക്കപ്പെടുന്നുണ്ട്. 1947-ലും 1948-ലും രാജ്യത്തിൻെറ വിവിധകേന്ദ്രങ്ങളിൽ നടത്തപ്പെട്ട മരിയദിനാഘോഷങ്ങളിൽ 'എതിർവിപ്ലവ'വും, 'ജനങ്ങൾക്കെതിരായ പ്രവത്തനങ്ങളും' ഞാൻ ഇളക്കിവിട്ടു എന്നതാണ് എൻെറ പേരിലുള്ള ആരോപണം. സഭയും രാഷ്ട്രവും തമ്മിൽ പരസ്പരധാരണയില്ലാതായിരിക്കുന്നതിനെക്കുറിച്ചും അവർ ആവലാതിപ്പെടുന്നുണ്ട്. 'എൻെറ വിനാശകരമായ പ്രവത്തനങ്ങൾക്ക്' അറുതിവരുത്തണമെന്ന് അവർ നിർബ്ബന്ധിക്കുന്നു.

"പരിശുദ്ധകന്യകയോടുള്ള വിശേഷവണക്കത്തെ ദൃഢമാക്കുന്നതിനും, ജനതയുടെ ഭക്തിചൈതന്യത്തിനു ശക്തി വർദ്ധിപ്പിക്കുന്നതിനും വേണ്ടിയാണു മരിയൻദിനാഘോഷങ്ങൾ നടത്തപ്പെട്ടതു്. ആ ദിവസങ്ങളിൽ ഒരിക്കലും രാഷ്ട്രീയസ്വഭാവത്തോടുകൂടിയ യാതൊരു പ്രശ്നവും ഉദയം ചെയ്തിട്ടില്ല. നേരെമറിച്ചു പരിശുദ്ധകന്യകയുടെ സുകൃതങ്ങളെ അനുസരിക്കേണ്ടതിന്റെ ആവശ്യകതയെ ചൂണ്ടിക്കാണിച്ചതിനുപുറമേ, പത്തു കല്പനകളേയും മനുഷ്യമഹത്വത്തേയും സഹോദരസ്നേഹത്തേയും സത്യത്തേയും നാം വിളംബരം ചെയ്യുകയാണുണ്ടായതു്.

"ജീവസന്ധാരണമാൎഗ്ഗവും, വ്യക്തിസ്വാതന്ത്ര്യവും നഷ്ടപ്പെടുത്തിക്കളയുമെന്നു ഭീഷണിപ്പെടുത്തി ജനങ്ങളിൽ നിന്നു നിർബ്ബന്ധിച്ചു പ്രസ്താവനകൾ എഴുതി വാങ്ങിക്കുന്നതു്, പൊതുതാല്പര്യങ്ങളുടെമേലുള്ള നീചമായ ഒരു കൈയേററമാകുന്നു. അതേസമയത്തു നാടിനെ മൗനമുദ്രിതമാക്കുകയും വ്യവസ്ഥാപിതമായ സ്വയംഭരണത്തിന്റെ പ്രാകാരത്തിൽനിന്ന് അതിനെ തള്ളിത്താഴ്ത്തുകയും ചെയ്തിരിക്കുന്നു. എതിർപ്പുകൾ ഉണ്ടാകാതിരിക്കുകയൊ, അഥവാ എതിർപ്പിനു ശ്രമിക്കുന്നപക്ഷം ജോലി നഷ്ടപ്പെടുകയോ, മററു് ഇടപെടൽ ഉണ്ടാകുകയൊ, ചെയ്യത്തക്കവണ്ണം ജനാധിപത്യപരമായ സംസാരസ്വാതന്ത്ര്യം ഇവിടെ നിഷേധിക്കപ്പെട്ടിരിക്കുന്നു. എതിർക്കുവാൻ ധൈര്യപ്പെട്ടവൎക്കു നേരിട്ട യാതനാനുഭവങ്ങൾ എന്നെ വ്യാകുലപ്പെടുത്തുന്നു. അക്രമമായ ബന്ധനങ്ങൾക്കു വിധേയരായവരുടെ നേൎക്കു് എന്റെ ഹൃദയംഗമമായ സഹാനുഭൂതി കവിഞ്ഞൊഴുകുന്നു. അവർ കാണിച്ചുതന്നിരിക്കുന്ന ധാൎമ്മികബലത്തിന്റെയും, വിശ്വസ്തതയുടെയും സുന്ദരങ്ങളായ മാതൃകകൾ എന്റെ ഹൃദയത്തെ സ്പൎശിക്കുന്നു.

"എന്റെ മേൽ ആരോപിതമായിരിക്കുന്ന അപരാധങ്ങളെ സംബന്ധിച്ചു് എനിക്കിനിയും വിശദീകരണം ലഭി

ക്കാതെയാണിരിക്കുന്നതു്. എൻെറ കത്തുകൾ പൊതുജനദൃഷ്ടിയിൽ കൊണ്ടുവരുവാൻ ഞാൻ ഗവമ്മെൻറിനോടു് ആവശ്യപ്പെട്ടു. പക്ഷെ അവർ ഇതുവരെ അതു ചെയ്തിട്ടില്ല. എൻെറമേൽ കുററം ആരോപിക്കുന്നവർ അവ്യക്തമായ ധൂമികകളെ മാത്രമാണു് ആശ്രയിക്കുന്നതു്.

"സഭയും രാഷ്ട്രവും തമ്മിൽ—കൂടുതൽ ശരിയായി പറഞ്ഞാൽ സഭയും പാർട്ടിയും തമ്മിൽ—രഞ്ജിപ്പില്ലെന്നുള്ളതിൻെറ കാരണം എല്ലാവക്കുമറിയാം. അനുരഞ്ജകചർച്ചകൾക്കുവേണ്ടിയുള്ള ക്ഷണം ലഭിച്ചതു മൂന്നുമാസം വൈകിയതിനുശേഷമാണു്. അതേസമയം തന്നെ പ്രധാനചർച്ചാവിഷയമായ മതവിദ്യാഭ്യാസത്തിൻെറ കാര്യത്തിൽ ഗവമ്മെൻറു് ഏകപക്ഷീയമായ നടപടി കൈക്കൊണ്ടു കഴിഞ്ഞിരുന്നു. എന്നിട്ടും കുററമെല്ലാം വീണ്ടും സഭയുടെ തലയിൽ കെട്ടിവച്ചിരിക്കുന്നു!!

"കൃത്രിമമായി അടിച്ചുതള്ളിവിടുന്ന ഈ തരംഗപരമ്പരകളെ ഞാൻ ഇനിയും ശാന്തനായിത്തന്നെ നേരിടുകയാണു്. പ്രസാദവരത്താലും, പരിശുദ്ധസിംഹാസനത്തിൻെറ വിശ്വാസത്താലും സുരക്ഷിതനായി ഞാൻ നിലകൊള്ളുന്ന ഈ പാറയ്ക്കുചുററും ചരിത്രത്തിൻെറ പ്രക്ഷുബ്ധമായ തിരയടികൾ അജ്ഞാതങ്ങളല്ല. എൻെറ രണ്ടു പുരോഗാമികൾ ബഹുമതിയുടെ അങ്കണത്തിൽ മരണം വരിച്ചു. മററു രണ്ടു പേരുടെ സർവ്വസ്വത്തുക്കളും കണ്ടുകെട്ടി. ജോൺ വിററസു് കാരാഗൃഹവാസമനുഭവിച്ചു. മാർട്ടിനുസ്സി വധിക്കപ്പെട്ടു. അവരിലേക്കും മഹാനായ പാസ്മനി നാടുകടത്തപ്പെട്ടു. ആതുരരെ സന്ദർശിക്കുകയും ശുശ്രൂഷിക്കുകയും ചെയ്തുകൊണ്ടിരിക്കവേ, അംബ്രൂസു് കരോളി സാംക്രമികരോഗത്തിനിരയായിത്തീന്നു. എന്നാൽ എൻെറ പുരോഗാമികളിൽ ആരുംതന്നെ എന്നെപ്പോലെ രക്ഷാമാർഗ്ഗങ്ങളില്ലാത്തവരായിരുന്നില്ല. മനഃപൂർവ്വം കെട്ടിച്ചമയ്ക്കപ്പെടുന്ന—എത്ര പ്രാവശ്യം നിഷേധിച്ചാലും വീണ്ടും വീണ്ടും

ആവർത്തിക്കപ്പെട്ടുന്ന—അസത്യകഥനങ്ങളെ എന്നെപ്പോലെ അവർ ഏഴുപത്തെട്ടുപേക്കും നേരിടേണ്ടിവന്നിട്ടില്ല.

"ദൈവത്തിനും, സഭയ്ക്കും, എൻെറ രാജ്യത്തിനുംവേണ്ടി ഞാൻ നിലകൊള്ളുന്നു. ലോകത്തിലേക്ക് ഏററവും അശരണരായ എൻെറ ജനങ്ങളുടെ സേവനത്തിൽക്കൂടിയാണു ചരിത്രപരമായ ഈ ചുമതല എന്നിൽ നിക്ഷിപ്തമായിരിക്കുന്നതു്. എൻെറ നാടിൻെറ ദുരിതങ്ങളോടു തുലനം ചെയ്യുമ്പോൾ എൻെറ സ്വന്തം വിധി കേവലം അപ്രധാനമാണു്.

"എന്നിൽ കുററമാരോപിക്കുന്നവരെ ഞാൻ പഴിക്കുകയല്ല. പരിതസ്ഥിതികളിലേക്കു ഞാൻ ഇടക്കിടയ്ക്കു വെളിച്ചം വീശുന്നുവെങ്കിൽ, അതു് എൻെറ രാജ്യത്തിൻെറ തിളച്ചുപൊങ്ങുന്ന വേദനയുടേയും, പൊട്ടി പ്രവഹിക്കുന്ന അശ്രുധാരയുടേയും, ക്രൂശിക്കപ്പെട്ട സത്യത്തിൻേറയും ഒരാവിഷ്കരണം മാത്രമായിരിക്കും. നീതിയും സാഹോദര്യവും പുലത്തുന്ന ഒരു ലോകത്തിനുവേണ്ടിയാണു ഞാൻ പ്രാത്ഥിക്കുന്നതു്. എൻെറ ദിവ്യനാഥൻെറ വാക്കുകളിൽ പറഞ്ഞാൽ 'തങ്ങൾ ചെയ്യുന്നതെന്തെന്നറിയാത്ത' അവക്കുവേണ്ടി ഞാൻ പ്രാത്ഥിക്കുന്നു. ഞാൻ പൂണ്ണഹൃദയത്തോടുകൂടി അവക്കു മാപ്പുകൊടുക്കുന്നു."

തൻെറ അറസ്റ്റിനുശേഷം അൻഡ്രൂാസി തെരുവിലേക്കു താൻ ആനയിക്കപ്പെട്ടുമെന്നു് അദ്ദേഹത്തിനറിയാമായിരുന്നു. അവിടെ നടക്കാൻ പോകുന്നതെന്തെല്ലാമായിരിക്കും എന്നതിനെക്കുറിച്ചും മററാരേയുംകാൾ ബോധം അദ്ദേഹത്തിനുണ്ടു്. രഹസ്യപ്പോലീസിൻെറ മദ്ദനങ്ങൾക്കിരയായിത്തീന്നിട്ടുള്ള പലരുമായി സംസാരിച്ചു് അദ്ദേഹം കാര്യങ്ങൾ ഗ്രഹിച്ചിരുന്നു.

തളന്നു താഴെ വീഴുന്നതുവരെ അനേകം മണിക്കൂറുകൾ, ചിലപ്പോൾ അനേകം ദിവസങ്ങൾ, പുള്ളികളെ അവർ ചുമരിനഭിമുഖമായി നിത്തുന്ന സമ്പ്രദായവും അദ്ദേഹ

ത്തിനറിയാമായിരുന്നു. തടവുകാരെ ഉപ്പുവെള്ളം കുടിപ്പിക്കുക; അനേകംനാൾ പട്ടിണികിടക്കുക; എന്നിട്ട് അവരെ കൊണ്ടുവന്നു മററുള്ളവർ വിരുന്നുകഴിക്കുന്നതു നോക്കിനിർത്തുക; അത്യുജ്ജ്വലങ്ങളായ വൈദ്യുതദീപങ്ങൾ കണ്ണിലേക്കടിച്ചുകൊണ്ടിരിക്കുക; മയക്കുമരുന്നുകൾ പ്രയോഗിക്കുക; ഇത്തരം കാര്യങ്ങൾമാത്രമല്ല, അൻഡ്രാസി തെരുവിലെ ആ അറുപതാംനമ്പർ കെട്ടിടത്തിൽനിന്ന് അർദ്ധരാത്രിയിൽ ശവശരീരങ്ങൾ നീക്കംചെയ്യപ്പെടാറുള്ള വസ്തുതപോലും മിൻസെന്തി മനസ്സിലാക്കിയിരുന്നു.

അവർ പ്രസിദ്ധനായ ഒരു ട്രസ്റ്റിക്കാരനെ അറസ്റ്റ് ചെയ്ത് അവിടെ പാർപ്പിച്ചിരുന്നു. ആദ്യമെല്ലാം ആയാൾ തന്റെ മർദ്ദകന്മാരെ എതിർത്തു തെറിപ്പിക്കുമായിരുന്നു. എന്നാൽ അല്പദിവസങ്ങൾക്കുശേഷം ആയാൾ നിശ്ശേഷം കീഴടങ്ങി, അവരുടെ ഒരു പാവയും ചാരനുമായിരുന്നുകൊള്ളാമെന്നു സമ്മതിച്ച കഥ മിൻസെന്തിക്ക് അജ്ഞാതമായിരുന്നില്ല. കത്തോലിക്കാസഭാമാതാവിന്റെ ഉത്തമസന്താനങ്ങളിലൊരാൾ, തന്റെമേൽ ചാരനായി നിയോഗിക്കപ്പെടാനിടയായ സാഹചര്യങ്ങളും അദ്ദേഹം അറിഞ്ഞിരുന്നു.

അതിമെത്രാസനാരമനയിലെ ആലോചനക്കാരനും ഹങ്കേറിയൻ കാത്തലിക് പീപ്പിൾസ് ലീഗിന്റെ മാനേജരുമായ ഡോക്ടർ ജോസഫ് ജസോവ്സ്കി തന്റെ അനുഭവകഥ മിൻസെന്തിയോടു പറഞ്ഞതു ചുവടേ ചേർക്കുന്നു:

"1947 സെപ്റ്റംബർ അവസാനത്തിൽ രണ്ടു രഹസ്യപ്പോലീസുകാർ എന്റെ ഓഫീസിൽ കടന്നുവന്നു. 'എല്ലാ രാത്രിയിലും ഹങ്കറിയിൽനിന്ന് ആളുകൾ അപ്രത്യക്ഷരാകാറുണ്ട്' എന്നും, ഇന്നു രാത്രി അതു പക്ഷെ നിങ്ങളായിരിക്കാമെന്നും അറിയാമോ?' എന്നു ചോദിച്ചു.

"ഈ സ്ഥിതി എന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടെന്നു ഞാൻ അവരോടു പറഞ്ഞു. കർദ്ദിനാൾ മിൻസെന്തിയുടെ

പ്രവത്തനങ്ങളെ സംബന്ധിച്ച കത്തോലിക്ക പീപ്പിൾസ് ലീഗിൻെറ നാമത്തിൽ ഒരു പ്രസ്താവന ഒപ്പിട്ടുകൊടുക്കുകയും, ചിലരെ ലീഗിൽനിന്നു നീക്കം ചെയ്യുകയും, മിൻസെന്തിക്കെതിരായി ചാരവൃത്തിയിൽ ഏപ്പെട്ടുകൊള്ളാമെന്നു സമ്മതിക്കയും ചെയ്യാമെങ്കിൽ എനിക്കു് അമ്മോതിരി യാതൊരനത്ഥവും സംഭവിക്കുകയില്ല എന്നവർ പ്രസ്താവിച്ചു.

“ഈ വ്യവസ്ഥകൾ ഞാൻ തിരസ്കരിച്ചു. ഉടൻ അവർ വാതിലുകൾ അടച്ചശേഷം എന്നെ അറസ്റ്റ്ചെയ്യുമെന്നു ഭീഷണിപ്പെടുത്താൻ ആരംഭിച്ചു. ഭീഷണികൾക്കും പ്രേരണകൾക്കും വേണ്ടി അവർ നാലുമണിക്കൂർ എൻെറ അടുക്കൽ ചെലവാക്കി. അവസാനം അവരുടെ നായകൻ എന്നെ കാണാൻ വരുന്നുണ്ടെന്നും, അതിനിടയിൽ അവരുടെ സന്ദശ്നത്തെക്കുറിച്ചു പുറത്തു മിണ്ടിപ്പോയാൽ എന്നെ കൊന്നുകളയുമെന്നും പറഞ്ഞു് അവർ പിരിഞ്ഞുപോയി.

“കഴിയുന്നതും വേഗം ഞാൻ ഈ വിവരങ്ങൾ മിൻസെന്തിയെ അറിയിച്ചു. അതിൽ പിന്നീടു പോലീസുകാരിൽനിന്നു് ഒഴിഞ്ഞുമാറുന്നതിനു ഞാൻ ശ്രമിച്ചുകൊണ്ടിരുന്നെങ്കിലും, പത്തു പ്രാവശ്യം അവർ എന്നെ പിടികൂടി ചോദ്യവർഷങ്ങൾക്കു വിധേയനാക്കി. മിൻസെന്തിക്കെതിരായ ആരോപണങ്ങൾ അവർ ആവത്തിച്ചു. അദ്ദേഹം രാജവാഴ്ച പുനഃസ്ഥാപിക്കാൻ വേണ്ടി കിണഞ്ഞു ശ്രമിക്കുന്നു എന്നതാണു് അവർ പ്രധാനമായി ആരോപിച്ചതു്. ഇതു സംബന്ധിച്ചു് അദ്ദേഹം ആർച്ച്ഡ്യൂക്കു് ഓട്ടോയുമായി നടത്തിയ കത്തിടപാടുകൾ മുഴുവനും അവരുടെ കൈവശമെത്തിയിട്ടുണ്ടെന്നു് അവർ പറഞ്ഞു.

“1948 ജൂലൈമാസത്തിൽ കട്ടിനാളിനു് എതിരായ കുററാരോപണങ്ങൾക്കു സാക്ഷിനില്ക്കണമെന്നു് അവർ എനിക്കു പ്രത്യക്ഷമായ ഒരാജ്ഞ നൽകി. ഞാൻ ഒളി

വിൽപോവുകയും, ഒടുവിൽ ഒക്ടോബർമാസത്തിൽ രാജ്യം വിട്ടുപോരികയും ചെയ്തു."

അദ്ദേഹത്തിൻെറ അറസ്റ്റിനു് അല്പംമുമ്പായി ഹങ്കേറിയൻ ഗവമ്മെൻറു മിൻസെന്തിയുടെ അടുത്തേക്കു മൂന്നു ദൂതന്മാരെ നിയോഗിച്ചു. അദ്ദേഹത്തെ അവരുടെ പാർശ്വവർത്തിയാക്കിത്തീർക്കാനുള്ള അവസാനത്തെ പരിക്ഷണമായിരുന്നു അതു്. ആ ശ്രമവും വിഫലമാവുകയാണുണ്ടായതു്.

തൻെറ സമയമടുത്തിരിക്കുന്നുവെന്നു്, ഈ സന്ദർശനം കഴിഞ്ഞപ്പോൾ, മിൻസെന്തി മനസ്സിലാക്കി. ഏതാണ്ടു് ഈ സമയത്താണു് ഇപ്പോൾ സുപ്രസിദ്ധമായിത്തീർന്നിരിക്കുന്ന ആ പ്രഖ്യാപനം മെത്രാന്മാരുടെ സമ്മേളനത്തിൽ വച്ചു മിൻസെന്തി നിർവ്വഹിച്ചതു്. അതിങ്ങനെയാണു്:

"യാതൊരുവിധമായ ഗൂഢാലോചനകളിലും ഞാൻ പങ്കെടുത്തിട്ടില്ല. എൻെറമേൽ കുററമാരോപിക്കുന്നവരുടെ മുൻപിൽ യാതൊന്നും ഏററുപറയുവാൻ ഞാനാഗ്രഹിക്കുന്നില്ല. എനിക്കു പ്രസ്താവനകളിലൊന്നും ഒപ്പുവയ്ക്കുവാനില്ല. ഞാൻ എന്തെങ്കിലും കുററസമ്മതം ചെയ്യുകയാണെങ്കിൽ അതു മനുഷ്യസഹജമായ ബലഹീനതയുടെ ആവിഷ്കരണം മാത്രമായിരിക്കും."

കർദ്ദിനാളിൻെറ അറസ്റ്റിനുവേണ്ടിയുള്ള അവസാനസജ്ജീകരണങ്ങളിൽ ഗവമ്മെൻറു് ഏർപ്പെട്ടു. പുരോഹിതന്മാക്കെതിരായ ഭീഷണികളുടെ ഒരു തിരമാല രാജ്യത്തിൻെറ ഒരററം മുതൽ മറേറ അററംവരെ അവർ സൃഷ്ടിച്ചു. നഗരങ്ങളിലേയും ഗ്രാമങ്ങളിലേയും ജനങ്ങൾക്കു കർശനമായ ആജ്ഞകൾ നൽകി അവരെ നിരത്തിലിറക്കി വലിയ പ്രകടനങ്ങൾ നടത്തിച്ചു. വിവിധവിഭാഗങ്ങളിൽപ്പെട്ട ജനങ്ങൾ വിപ്ലവഗാനങ്ങൾ പാടിക്കൊണ്ടു തെരുവീഥികളിലൂടെ മാർച്ചുചെയ്യുവാൻ നിർബന്ധിതരായി. അവർ ഇടവകവൈദികരെ സമീപിച്ചു കർദ്ദിനാളിൻെറ ഇടയലേ

ഖനം പരസ്യമായി വായിക്കരുതെന്നു് ആവശ്യപ്പെട്ടു. അതേസമയംതന്നെ കട്ടിനാളിനെ തിരസ്കരിക്കുന്ന ഒരു പ്രസ്താവനയിൽ അവർ ഒപ്പുവയ്ക്കുകയും വേണമായിരുന്നു. ചില സ്ഥലങ്ങളിൽ പുരോഹിതന്മാർ ഈ ഭീഷണികരംകൾ വഴങ്ങിക്കൊടുത്തു. എന്നാൽ ബഹുഭൂരിപക്ഷം വൈദികരും ഈ വികത്ഥനങ്ങൾ വിസമ്മതിച്ചുകൊണ്ടു് അവരെ ശാസിച്ചു പറഞ്ഞയക്കുകയാണുണ്ടായതു്.

കട്ടിനാളിന്റെ ദിവസങ്ങൾ എണ്ണപ്പെട്ടിരിക്കുന്നുവെന്നു് ക്രിസ്തുമസ്സ് സമീപിച്ചതോടുകൂടി ബുഡാപ്പെസ്റ്റിലുള്ള സകലക്കും മനസ്സിലായി. അക്കൊല്ലത്തെ പാതിരാക്കുർബാനയിൽ മുമ്പൊരിക്കലുമുണ്ടാകാത്ത ജനബാഹുല്യമുണ്ടായതായി 'ഉജ് എംബർ' എന്ന വൃത്താന്തപത്രം റിപ്പോർട്ടുചെയ്തു.

കട്ടിനാൾ മിൻസെന്തിയെ പ്രാമാണ്യമുള്ള ഒരു ദൃഷ്ടാന്തമാക്കാൻ കമ്മ്യൂണിസ്റ്റ്കാർ തിരഞ്ഞെടുത്തതു കേവലം ഒരു യാദൃച്ഛികസംഭവമല്ല. ഹങ്കറിയിലെ തൊഴിലാളികളേയും കൃഷിക്കാരേയും സ്വാധീനപ്പെടുത്തുന്ന കാര്യത്തിൽ കമ്മ്യൂണിസ്റ്റ്കാക്കു സാധാരണയിൽ കവിഞ്ഞ വിഷമം നേരിട്ടു. റഷ്യയ്ക്കധീനമായ മററു യൂറോപ്യൻരാഷ്ട്രങ്ങളിൽ കമ്മ്യൂണിസ്റ്റ് ഭരണകൂടങ്ങൾ തങ്ങളുടെ തനിനിറം കാണിച്ചപ്പോൾ ഹങ്കറിയിൽമാത്രം സങ്കലിതഗവമെന്റെന്ന ഒരു പുറംചട്ടയണിയുവാൻ അവർ നിർബ്ബന്ധിതരായതിന്റെ കാരണമതാണു്.

തെരഞ്ഞെടുപ്പുഫലങ്ങളിലേക്കു തന്നെ ഒന്നു കണ്ണോടിച്ചുനോക്കാം. 1945-ൽ കമ്മ്യൂണിസ്റ്റ്കാക്കു 17 ശതമാനം വോട്ടുകൾ ലഭിച്ചിരുന്നു. 1947-ൽ കഴിവുള്ള എല്ലാ വഞ്ചനകളും പ്രയോഗിച്ചിട്ടും അവക്കു 21 ശതമാനം വോട്ടുകൾ മാത്രമാണു ലഭിച്ചതു്. ഹങ്കറിയിലുള്ളപോലെ പ്രകടമായ എതിർപ്പു് ഇരുമ്പുമറയ്ക്കകത്തുള്ള മറെറാരു രാജ്യത്തും കമ്മ്യൂണിസ്റ്റ്കാക്കു നേരിടേണ്ടിവന്നിട്ടില്ല.

1945-ലും 1947-ലും അവരോട് അല്പം അനുഭാവം കാണിച്ചിരുന്നവർപോലും ഇന്ന് അവരുടെ അനുകൂലികളല്ലാതായിത്തീർന്നിട്ടുണ്ട്.

എങ്ങനെ ആയാലെന്താണ്, പാർട്ടിയുടെ ആധിപത്യം നിലനിർത്തുക എന്നതാണു സാരവത്തായ കാര്യം. അതിന് അവർക്കു പട്ടാളവും, പണവുമുണ്ട്; പോലീസ് പിൻബലവുമുണ്ട്. ജനസഞ്ചയത്തിനിടയ്ക്കു ഭയം നിലനിർത്തിക്കൊണ്ടുപോകുന്നതിനുള്ള വൈദഗ്ദ്ധ്യവുമുണ്ട്. ഈ ആയുധങ്ങളെല്ലാം അവർ നിർദ്ദാക്ഷിണ്യം പ്രയോഗിച്ചു.

ഹംഗേറിയൻ ഭൂപരിഷ്കരണനയത്തോടു മിൻസെന്തിക്കുള്ള എതിർപ്പിന്റെ ന്യായയുക്തത ഇതിനുമുമ്പു ചൂണ്ടിക്കാണിച്ചിട്ടുള്ളതാണ്. യഥാർത്ഥത്തിൽ ഭൂമി ചെറുതുണ്ടങ്ങളായി വീതിച്ചു വ്യക്തികൾക്കു കൊടുക്കുന്ന സമ്പ്രദായം കമ്മ്യൂണിസ്റ്റാദർശത്തിനുതന്നെ വിരുദ്ധമാണ്.

സ്വതന്ത്രമായ അസ്തിത്വവും, സ്വതന്ത്രമായ ചിന്തയും കമ്മ്യൂണിസ്റ്റ്കാർ പ്രോത്സാഹനാർഹങ്ങളായി കരുതുന്നില്ല. അടിച്ചേല്പിക്കപ്പെടുന്ന നയമനുസരിച്ച് ഓരോ വ്യക്തിയും സമഷ്ടിയുടെ ഒരു ഭാഗമായി അരഞ്ഞുചേരണം. ഇതനുസരിച്ചു ഭൂപരിഷ്കരണത്തിന്റെ ഗതി എങ്ങനെ കലാശിക്കുമെന്നു മിൻസെന്തി ഗ്രഹിച്ചിരുന്നു. ചെറുകർഷകനു കൊടുത്ത ഭൂമി അധികം താമസിയാതെ തന്നെ അവനിൽനിന്നു തിരിച്ചെടുത്തു. അതിനവർ പറഞ്ഞ കാരണമോ? ഉല്പാദനം പോരെന്നും, ഉല്പന്നത്തിനു വിലയേറിപ്പോയെന്നും! ചെറു തുണ്ടങ്ങളിൽ കൃഷിയിറക്കുന്നതിന്റെ അനിവാര്യഫലമാണിത്. പരിഷ്കൃതോപകരണങ്ങളുപയോഗിക്കുക ചെറുകൃഷിക്കാർക്ക് അസാദ്ധ്യമാണല്ലോ. അപ്പോൾ കമ്മ്യൂണിസ്റ്റ്കാർ കൂട്ടുകൃഷിക്കുള്ള വയലുകളൊരുക്കുന്നു.

കൂട്ടുകൃഷികൾക്കായി നിർബന്ധിക്കപ്പെടുന്ന കർഷകർ നിസ്സഹകരിച്ചും ഉല്പന്നങ്ങൾ നശിപ്പിച്ചും തങ്ങളുടെ

അമർഷം പോക്കുന്നു. അതിനാൽ കൂട്ടുകൃഷി സ്വതന്ത്രമായ കൃഷിയെക്കാൾ വിളവു കുറച്ചേ നൽകുന്നുള്ളു. റഷ്യയിലെ അനുഭവമിതാണ്. എന്നാലും കൂട്ടുകൃഷിക്കായി ഗവൺമെൻറ് അവരെ നിർബന്ധിക്കുന്നു. സ്വതന്ത്രമായ അസ്തിത്വത്തെ ഇല്ലായ്മചെയ്യുകയാണ് അവരുടെ ലക്ഷ്യം.

ഏതാദൃശമായ സമ്മർദ്ദം ചെറുവ്യാപാരികളേയും ഏല്പിക്കാറുണ്ട്. കടകൾ സമൂഹവൽക്കരിക്കപ്പെട്ടില്ലെങ്കിലും രാഷ്ട്രത്തിൻെറ ഉടമയിൽ വലിയ ഡിപ്പാർട്ടമെൻറ് സ്റ്റോറുകൾ സ്ഥാപിക്കപ്പെട്ടിരിക്കുന്നു. ഇവയോടു മത്സരിക്കുവാൻ സ്വകാര്യഉടമയിലുള്ള കടകൾക്കു കരുത്തുകാണുകയില്ല. അങ്ങനെ അവ ക്രമേണ നിർമ്മാർജ്ജനം ചെയ്യപ്പെടുന്നു. അവയുടെ നാശത്തെ സഹായിക്കാനുള്ള നിയന്ത്രണവ്യവസ്ഥകളും ഗവൺമെൻറ് ഏർപ്പെടുത്തിയിട്ടുണ്ട്. ഡിപ്പാർട്ടുമെൻറു സ്റ്റോറുകൾ എല്ലാദിവസവും കാലത്ത് ഏഴുമണി മുതൽ രാത്രി പതിനൊന്നുമണി വരെ തുറന്നിരിക്കും. സ്വകാര്യവ്യാപാരികൾ കാലത്ത് ഒൻപതുമണിക്കേ കടകൾ തുറക്കാവൂ; വൈകിട്ട് അഞ്ചുമണിക്കുതന്നെ അടയ്ക്കണം. ഞായറാഴ്ച മുഴുവനും അടച്ചിരിക്കയും വേണം. ഇതുമൂലം കാലത്ത് ഒൻപതുമണിക്കു മുമ്പു ജോലിക്കുപോയി വൈകിട്ട് അഞ്ചുമണിക്കുശേഷം മാത്രം മടങ്ങിവരുന്നവർക്കു സ്വകാര്യകടകളെ ആശ്രയിക്കുവാൻ സാദ്ധ്യമല്ലാതായി. കൂടാതെ അവയുടെമേൽ ദുർവഹമായ നികുതികളും ചുമത്തിയിട്ടുണ്ട്. അതിനാൽ അധികനാൾ കഴിയുന്നതിനു മുമ്പ് അവ നശിക്കുന്നു. സ്വകാര്യവ്യവസായശാലകളുടേയും ഗതി ഇതുതന്നെയായിരുന്നു. ബുഡാപ്പെസ്റ്റിൽമാത്രം ഓരോ മാസവും അറുനൂറുമുതൽ എണ്ണൂറുവരെ ലൈസൻസുകൾ പുതുക്കാതെ റദ്ദായിപ്പോകാറുണ്ട്.

ഒരുപക്ഷെ, ഇതിലെല്ലാററിലും ദയനീയമായ അനുഭവം ബുദ്ധിജീവികളുടേതാണ്. ജോലിയിൽ തുടരണമെന്ന് ആഗ്രഹിക്കുന്ന അദ്ധ്യാപകന്മാരെല്ലാം കമ്മ്യൂണിസ്റ്റ് പാർ

ട്ടിയിൽ ചേൎന്നുകൊള്ളണം. കമ്മ്യൂണിസ്റ്റ് പാർട്ടിയിൽപെട്ടവരാണ് എന്നതിനു തെളിവുകൾ ഹാജരാക്കുന്ന വിദ്യാൎത്ഥികൾക്കു മാത്രമേ സൎവ്വകലാശാലകളിൽ പ്രവേശനം ലഭിക്കുകയുള്ളു. കുറഞ്ഞപക്ഷം കമ്മ്യൂണിസ്റ്റ് സിദ്ധാന്തങ്ങളെ പിൻതാങ്ങുന്നവരാണെന്നുള്ളതിനു ട്രേഡ് യൂണിയനുകളിൽനിന്ന് അവർ സാക്ഷിപത്രങ്ങൾ കൊണ്ടുവരികയെങ്കിലും വേണം. ഇനി ഇത്തരം വിദ്യാലയങ്ങളിൽ വിദ്യാഭ്യാസം അതിൻെറ ഉത്തമമായ അൎത്ഥത്തിൽ നിലവിലിരിക്കുന്നില്ല. കമ്മ്യൂണിസ്റ്റ് സിദ്ധാന്തങ്ങളുടെ കുത്തിവെക്കൽ മാത്രമാണ് അവിടെ നടക്കുന്നത്.

ജോലിസമയം നീട്ടിയിരിക്കുന്നു. കൂലി വേണ്ടത്ര ലഭിക്കുന്നില്ല. കിട്ടുന്ന കൂലിയുടെ ക്രയശക്തി സാധനങ്ങളുടെ വിലവർദ്ധനവോടുകൂടി ക്ഷയിച്ചിരിക്കുന്നു. അതേസമയം പണിമുടക്കാനുള്ള സ്വാതന്ത്ര്യം രാഷ്ട്രം എടുത്തുകളഞ്ഞിരിക്കയാണ്. പത്തൊൻപതാം നൂററാണ്ടിൻെറ മദ്ധ്യഘട്ടത്തിലുണ്ടായിരുന്ന നിലയിലേക്കു തൊഴിലാളികൾ അധഃപതിച്ചിരിക്കുന്നു. എന്നാൽ ഒരു വ്യത്യാസമുണ്ട്. അന്ന് അവൎക്ക് ഒരു ജോലി വിട്ടു മറെറാരു ജോലി സ്വീകരിക്കാമായിരുന്നു. ജോലിക്കുവേണ്ടി ഒരു സ്ഥലം വിട്ടു മറെറാരു സ്ഥലത്തേക്കു താമസം മാററാമായിരുന്നു. ഇന്ന് ഇവ രണ്ടും നിഷേധിക്കപ്പെട്ടിരിക്കുകയാകുന്നു. രാഷ്ട്രത്താൽ നിയമിതനായ തൻെറ മേധാവിയുടെ അനുമതിയോടുകൂടി മാത്രമേ ഒരു തൊഴിലാളിക്ക് ഇന്നു തൻെറ വ്യവസായശാല വിട്ടുപോകാവൂ. പക്ഷേ ആവലാതിപ്പെടുന്നതിന് അയാൾക്കു ധൈര്യമില്ല. ലഘുവായിട്ടെങ്കിലും അതിനു തുനിയുകയാണെങ്കിൽ, അയാൾ അകലെ എവിടേക്കെങ്കിലും സ്ഥലം മാററപ്പെടും; അങ്ങനെ തൻെറ കുടുംബത്തെയും വീടിനെയും അയാൾക്കു വിട്ടുപേക്ഷിക്കേണ്ടി വന്നുകൂടുന്നു.

ഹങ്കറിയിൽനിന്ന് ആസ്ട്രിയൻ അതിൎത്തികടന്നു പശ്ചിമഭാഗത്തേക്ക് അനുദിനം പ്രയാണം ചെയ്യുന്ന അഭ

യാത്ഥികളുടെ ഭീമമായ സംഖ്യയിൽനിന്നു്, തൊഴിലാളിവ ൎഗ്ഗത്തിനു് ഇന്നവിടെ അനുഭവിക്കേണ്ടിവരുന്ന ദുരിതങ്ങളും അവരുടെ ഇടയിലുള്ള അസംതൃപ്തിയും വിശദമായി മന സ്സിലാക്കാൻ സാധിക്കും.

1948 ഡിസംബറിൽ, ഹങ്കറിയിൽനിന്നു ന്യൂയോക്കി ലെത്തിയ എൻെറ ഒരു പഴയ സ്നേഹിതനെ ഞാൻ കണ്ടു മുട്ടി.

"ഗ്യുലാ, എന്താണു താങ്കൾ ഹങ്കറി വിട്ടിങ്ങു പോ ന്നതു് ?" ഞാൻ ചോദിച്ചു.

"എനിക്കു് അവിടെ പൊറുക്കാൻ സാദ്ധ്യമല്ലായി രുന്നു." ആയാൾ ദുഃഖിതനായി പറഞ്ഞു. "ആസ്ക്‌വിററ് സിൽ നിന്നു തിരിച്ചുചെന്നപ്പോൾ എല്ലാം നശിച്ചിരിക്കു ന്നതായിട്ടാണു ഞാൻ കണ്ടതു്. എനിക്കു സുഖമില്ലായി രുന്നു; എങ്കിലും അപ്പോഴും ധാരാളം ഓജസ്സുണ്ടായിരുന്നു. രാഷ്ട്രീയകാര്യങ്ങളിൽ ഒന്നുമിടപെടാതെ ജോലിയിൽമാ മാത്രം വ്യാപൃതനായിരുന്നാൽ അവർ എന്നെ ശല്യപ്പെടു ത്തുകയില്ലെന്നു ഞാൻ കരുതി. പക്ഷെ സംഭവിച്ചതങ്ങനെ യൊന്നുമല്ല. ആദ്യം അവർ രാഷ്ട്രീയപാർട്ടികളെ നിമ്മാ ൎജ്ജനം ചെയ്യാനാരംഭിച്ചു. പിന്നീടു സമാധാനപരമായി സ്വകാര്യജീവിതം നയിച്ചിരുന്നവരുടെ നേക്കു തിരിഞ്ഞു. വലിയ എസ്റ്റേററുകളിൽ ആദ്യം കൈ വച്ച അവർ ഇ പ്പോൾ ചെറിയ കൃഷിയിടങ്ങൾകൂടി കൈയടക്കുകയാണു്. വലിയ സംരംഭങ്ങൾ തുടങ്ങി ചെറിയ വ്യാപാരങ്ങൾവരെ അവർ ഇപ്പോൾ നിരോധിച്ചിരിക്കുന്നു.

"അന്നത്തെ ഇടത്തരക്കാരിൽ മിക്കവാറും എല്ലാവ രുംതന്നെ ഇന്നു തൊഴിലില്ലാതെ ഉഴലുകയാണു്. ആളുക ളെ പിടിച്ചുകൊണ്ടുപോകുന്നതിനു നാസികൾ പറഞ്ഞ ന്യായമെന്തെന്നു നിങ്ങൾക്കു് ഓമ്മയില്ലേ? അവക്കു തൊ ഴിലില്ലെന്നു്! അവരെ നാസികൾ എങ്ങോട്ടാണു കൊണ്ടു പോയതെന്നു് ഓമ്മിക്കുന്നുണ്ടോ? ആസ്ക്‌വിററ്സിലൊ

വാതകമുറികളിലേക്ക്. അന്നൊരുനാൾ മഴയത്ത് ആ്സ്ക്വിററ്സിലെ ജിപ്സി ക്യാമ്പിൽനിന്നു ചുടലത്തീയുടെ മഞ്ഞളിച്ച ജ്വാലകൾ നാം ആദ്യമായി കണ്ട കാര്യം നിങ്ങൾക്ക് ഓർമ്മയുണ്ടോ? മതി സാർ! ഒരു ആസ്ക്വിററ്സ് എനിക്കു വേണ്ടുവോളം മതിയായിരിക്കുന്നു."

ഇവയിലൊന്നും തന്നെ മിൻസെന്തിക്ക് അജ്ഞാതമായിരുന്നില്ല. അങ്ങേ അററത്തെ എതിർപ്പ് അർഹിക്കാത്ത ഒരൊററ സംഗതിയും അദ്ദേഹം ഇതിൽ കണ്ടില്ല. അദ്ദേഹം തിരഞ്ഞെടുത്ത പ്രവൃത്തിപഥത്തിൻെറ ഉദ്ദേശം ദുർഭരണത്തെ എതിർക്കുക മാത്രമായിരുന്നില്ലാ എന്ന് എനിക്കു നിശ്ചയമുണ്ട്. സുദൃഢവും സുനിശ്ചിതവുമായ ഒരു പന്ഥാവാണ് അദ്ദേഹം അവലംബിച്ചതെന്നും വളരെ വ്യക്തമാണ്.

# XVI

## റബ്ബർ കയ്യുറക്കകത്തു് ഇരുമ്പുഹസ്തം

മിൻസെൻന്തിയുടെ അറസ്റ്റിനേയും, കേസുവിസ്താരം വരെയുള്ള കാരാഗൃഹജീവിതത്തേയുംപററിയുള്ള ഏററവും വിശ്വാസയോഗ്യമായ വിവരണം നമുക്കു ലഭിച്ചിരിക്കുന്നതു് 1949 ജനുവരി 15 വരെ അൻഡ്രാസി തെരുവിൽ അറുപതാംനമ്പർ കെട്ടിടത്തിൽ ജോലിയിലിരുന്ന ഒരു ഹങ്കേറിയൻ പോലീസു് മേധാവിയിൽനിന്നാണു്. താൻ കാണാൻ നിർബ്ബന്ധിതനായ കാര്യങ്ങളും, നിർവ്വഹിക്കാൻ നിർബ്ബന്ധിതനായ ചുമതലകളും അസഹ്യമായിത്തീർന്നതിനാൽ അദ്ദേഹം ആസ്ട്രിയായിലേക്കു് ഒളിച്ചോടിപ്പോന്നു. അദ്ദേഹത്തിൻെറ പ്രസ്താവനയാണു ചുവടേ ചേക്കുന്നതു്.

"ക്രിസ്സ്മസു് തുടങ്ങുന്ന ദിവസം. എല്ലാ ഉദ്യോഗസ്ഥന്മാരും തെയ്യാറായിരിക്കണമെന്നു രാജ്യരക്ഷാവകുപ്പിൽനിന്നും കശ്ശനമായ ഉത്തരവുണ്ടായി; അതിനുവേണ്ടി അവധികൾ പോലും റദ്ദു്ചെയ്യേണ്ടിവന്നു. അൻഡ്രാസി തെരുവിലെ അറുപതാംനമ്പറിൽ എല്ലാവരും ചെന്നു റിപ്പോർട്ടു ചെയ്യണമായിരുന്നു. മിൻസെൻന്തിപ്രശ്നം അവസാനമായി തീരുമാനിക്കപ്പെടേണ്ട സമയം വന്നിരിക്കുന്നു എന്നു് അവിടെവച്ചു ലഫ്ടനൻറു് കണ്ണൽ ഗ്യുലാ ഡെക്കസി ഞങ്ങളോടു പറഞ്ഞു.

"ഡിസംബർ 26-ാംതീയതി മോട്ടോർകാറുകളുടെ ദീർഘമായ ഒരു നിര കർദ്ദിനാളിനെ അറസ്റ്റ്ചെയ്യുവാൻ വേണ്ടി

എസ്റ്റർഗോമിലേക്കു പുറപ്പെട്ടു. ഉപചാരപൂർവ്വകവും സുധീരവുമായ വിധത്തിലാണു കർദ്ദിനാൾ പെരുമാറിയതു്. അദ്ദേഹം മാതാവിനോടു വിടവാങ്ങിയതു് ഈ യാത്രാമൊഴിയോടുകൂടിയാണു്:— "അമ്മേ, കരയാതിരിക്കൂ. അമ്മയുടെ മകൻ നമ്മുടെ ജനങ്ങളുടെ സ്വാതന്ത്ര്യത്തിനുവേണ്ടി മരണം വരിക്കും."

"പതിനാറു പോലീസുദ്യോഗസ്ഥന്മാർകൂടിയാണു മിൻസെന്തിയെ അറസ്റ്റ്ചെയ്തതു്. (1944-ൽ നാസികൾ അദ്ദേഹത്തെ അറസ്റ്റ്ചെയ്യുന്നതിനും 16 പേരെയാണു നിയോഗിച്ചിരുന്നതു്!!) എല്ലാവരുടേയും കൈവശം കൈത്തോക്കുകൾ ഉണ്ടായിരുന്നു. അൻഡ്രാസി തെരുവിലെ അറുപതാംനമ്പർ കെട്ടിടത്തിൻെറ രണ്ടാംനിലയിലേക്ക് അദ്ദേഹം ആനീതനായി. പ്രധാനപ്പെട്ട തടവുപുള്ളികളെ പാർപ്പിക്കുന്നതു രണ്ടാം നിലയിലായിരുന്നു.

ആദ്യത്തെ മൂന്നു ദിവസങ്ങളിൽ അവർ കർദ്ദിനാളിനോടു മാന്യവും യോഗ്യവുമായ രീതിയിൽതന്നെ പെരുമാറി. നാലാംദിവസമാണു ചോദ്യങ്ങൾ തുടങ്ങിയതു്. മൂന്നുപേർ തവണവച്ചു ചോദ്യങ്ങൾ ചോദിച്ചുകൊണ്ടിരുന്നു. ആദ്യത്തെയാൾ വിരമിക്കുമ്പോൾ ആയാൾ കുറിച്ചെടുത്ത നോട്ടുകൾ അടുത്ത ആളെ ഏല്പിക്കും. ലഫ്: കേണൽ ഡെക്സിതന്നെ ചോദ്യകർത്താക്കളുടെ നേതൃത്വംവഹിച്ചു. മിൻസെന്തിക്കു യാതൊരു വിശ്രമവും അനുവദിക്കാതെ എൺപത്തിരണ്ടു മണിക്കൂർ അവർ തുടർച്ചയായി ചോദ്യങ്ങൾ ചോദിച്ചുകൊണ്ടിരുന്നു. ഈ സമയമത്രയും അദ്ദേഹം നേരെ നിവന്നുനിൽക്കുവാൻ നിർബന്ധിതനായിരുന്നു. അദ്ദേഹത്തിൻെറ ഉററ സഹപ്രവർത്തകർ,- അവരുടെ സ്വന്തംചോരയിൽ അഭിഷിക്തരായി, അദ്ദേഹത്തിൻെറ മുൻപിലേക്ക് ആനയിക്കപ്പെട്ടപ്പോളാണു കർദ്ദിനാളിനു് ആദ്യമായി ബോധക്ഷയം സംഭവിച്ചതു്. അവർ ദീനമായി വിലപിക്കുന്നുണ്ടായിരുന്നു. കർദ്ദിനാളിൻെറ സെക്രട്ടറിയാ

യിരുന്ന ഫാദർ ആൻഡ്‌റൂസക്കാറിനെ രഹസ്യപ്പോലീസ് അതികഠിനമായ മർദ്ദനം ഏല്പിച്ചിട്ടുണ്ടായിരുന്നു. ഉന്മാദത്തിൻെറ വക്കിലോളമെത്തിയിരുന്ന ആ നിർഭാഗ്യൻ ഓരോ ചോദ്യത്തിനും ഭ്രാന്തനെപ്പോലെ പൊട്ടിച്ചിരിച്ചുകൊണ്ടിരുന്നു.

'ഞാൻ പറയണമെന്നു നിങ്ങൾ ആഗ്രഹിക്കുന്നതെല്ലാം ഞാൻ പറയാം.' മിൻസെന്തിയുടെ സന്നിധിയിൽ വച്ചു ചോദ്യംചെയ്യപ്പെട്ടപ്പോൾ സക്കാർ ആവർത്തിച്ച് ആവർത്തിച്ചു പറഞ്ഞു.

ചോദ്യങ്ങളുടെ അഞ്ചാം ദിവസം മിൻസെന്തി ബോധരഹിതനായി. അവിടെ സന്നിഹിതനായിരുന്ന പോലീസ് ഡോക്ടർ "ഉന്മേഷം കൊടുക്കുന്ന ഗുളികകൾ" (മിക്കവാറും അതു് ആക്ടട്രോൺ ആയിരിക്കണം.) വെള്ളത്തിൽ കലക്കി അദ്ദേഹത്തിനു കൊടുത്തു. കർദ്ദിനാളിൻെറ പ്രതിരോധശക്തി ക്ഷയിച്ചു. അതേത്തുടർന്നു മർദ്ദകന്മാർ കേൾക്കാനാഗ്രഹിച്ചിരുന്ന ഉത്തരങ്ങൾ അവക്കദ്ദേഹത്തിൽനിന്നു ലഭിച്ചു. പിന്നീടു ഹങ്കേറിയൻ ഗവണ്മെൻറിൻെറ ഔദ്യോഗികപ്രസിദ്ധീകരണത്തിൽ മിൻസെന്തിയുടേതായി ചേർത്തിരുന്ന കുററസമ്മതം വാസ്തവത്തിൽ അദ്ദേഹംതന്നെ എഴുതിക്കൊടുത്തതാണു്. പോലീസിൻെറ മയക്കുമരുന്നു ഗുളികകൾ അദ്ദേഹത്തിൻെറ മനക്കരുത്തിനെ നിശ്ശേഷം തകർത്തുകളഞ്ഞു. ഉഗ്രമായ തലവേദനയും, തികഞ്ഞ മൂഢാവസ്ഥയും, തീവ്രമായ ദാഹവും ആ ഗുളികകൾ അദ്ദേഹത്തിൽ ഉളവാക്കി. അതുവരെ അദ്ദേഹം വീരോചിതമായി എതിർത്തുതന്നെ നിന്നു. തങ്ങൾക്കു് ഏററവു മുട്ടേണ്ടിവന്നതിലേക്കും 'കട്ടത്തപുള്ളി'യാണു് അദ്ദേഹമെന്നു പോലീസധികൃതർതന്നെ പ്രസ്താവിക്കയുണ്ടായി.

"റവ. ആൻഡ്‌റൂസക്കാർ, റവ. മിക്ക്‌ലോസ് നാഗി, റവ. ബലാ ഇസ്റ്റ്വാങ്കി, പ്രിൻസ് പോൾഎസ്റ്റർഹാസി എന്നീ കർദ്ദിനാളിൻെറ സഹപ്രവർത്തകരെ സുഖസമൃദ്ധമായവി

ധം സജ്ജീകരിക്കപ്പെട്ടിരുന്ന ഒരു ഹോട്ടൽമുറിയിലേക്കാണ് ആദ്യമായി കൊണ്ടുപോയതു്. അവിടെ അവരെ ഭക്ഷണ പാനീയങ്ങറം യാതൊന്നും നൽകാതെയും, എന്നാൽ മററു പദ്രവങ്ങളൊന്നുമേൽപ്പിക്കാതെയും, രണ്ടു ദിവസം പാപ്പിച്ചു. മൂന്നാം ദിവസം അവരെ അൻഡ്രാസി തെരുവിലെ ഇരുട്ടറയിലേക്കു കൊണ്ടുവന്നു. ആ അറുപതാം നമ്പർ കെട്ടിടത്തിൽ 18 ഇരുട്ടറകളുണ്ടു്. അതിലോരോന്നിലും രണ്ടുമുതൽ നാലുവരെ പുള്ളികളെ സൂക്ഷിക്കാം. സാധാരണ പുള്ളികളെ പൂട്ടിയിടുന്ന അറകളിൽ കിടക്കയ്ക്കുപകരം ഒരു പലകയാണുണ്ടായിരിക്കുക. പുതപ്പു കാണുകയില്ല. അവിടെ ഈറപ്പും തണുപ്പും അസഹ്യമാണു്. ചോദ്യം ചെയ്യപ്പെടുന്നതിനു തയ്യാറാകുവാൻവേണ്ടി, അവരെ ഏകാന്തത്തടവിൽ പാർപ്പിക്കുന്നു. എഴുന്നേററു നേരേ നിൽക്കാൻമാത്രം ഉയരം ഇല്ലാത്ത ആ മുറിയിൽ അവക്കു കുന്തിച്ചിരിക്കയോ മുട്ടുകാലിൽ നിരങ്ങുകയോ വേണ്ടിവരും. ഇടക്കിടയ്ക്കു മുറികളിൽനിന്നു വായു പുറത്തേക്കു പമ്പു ചെയ്തുകൊണ്ടിരിക്കും. അപ്പോറം തടവുകാക്കു കഷ്ടിച്ചു ശ്വസിക്കുന്നതിനുമാത്രം വായുവേ അവിടെ അവശേഷിക്കൂ.

"ഈ ഒരുക്കങ്ങറംക്കുശേഷം മിൻസെന്തിയുടെ സഹപ്രവത്തകർക്കും അദ്ദേഹത്തിനു കിട്ടിയ ഗുളികകറം സേവിക്കേണ്ടിവന്നു. ആ സ്ഥിതിയിൽ, ഏതു കുററസമ്മതവും ഒപ്പിട്ടുകൊടുത്തശേഷം സാധാരണ മുറികളിലേക്കു മടങ്ങിപ്പോകുവാൻ അവർ സന്നദ്ധരായിരിക്കും.

"കരുത്തന്മാരായ പുള്ളികളെ റബ്ബർമുറികളിലാണു് ഇട്ടടയ്ക്കുന്നതു്. ആ മുറികളുടെ ഭിത്തികറം വായുനിറച്ച റബ്ബർപാഡുകറംകൊണ്ടു പൊതിഞ്ഞതാണു്. റബ്ബർ കയ്യുറകറംധരിച്ച മല്ലന്മാരായ മട്ടകർ അവിടെ തടവുകാരന്റെമേൽ ചാടിവീഴുന്നു. ആദ്യത്തെ ഇടിയേൽക്കുന്നതോടെ ജയിൽപുള്ളി റബ്ബർചുമരിന്മേലേയ്ക്കു തെറിച്ചുവീഴും.

അവിടെനിന്നു് അത്രയുംതന്നെ ശക്തിയോടെ ആയാഠ തിരിച്ചു തെറിപ്പിക്കപ്പെട്ടുന്നു. ഈ മർദ്ദനം തുടർച്ചയായി അങ്ങനെ ആവർത്തിക്കപ്പെട്ടും. ഇത്തരം പീഡനങ്ങൾ കൊണ്ടു തടവുകാരനു ബാഹ്യമായ മുറിവുകൾ ഉണ്ടാകുന്നില്ല. എന്നാൽ ആന്തരികമായി ഗുരുതരമായ പരുക്കുകൾ ഏൽക്കുക സാധാരണമാണു്.

"അൻഡ്രാസി തെരുവിലെ അറുപതാം നമ്പറിൽ പ്രധാനപ്പെട്ട പോലീസധികൃതരെല്ലാം മോസ്കോയിൽനിന്നു മർദ്ദനപരിശീലനം സിദ്ധിച്ചവരാണു്. കേണൽ ഗ്യുലാ ഓസ്കോ, മേജർ ആൻഡ്രൂ ക്സാപോ എന്നിവരാണു് അവരിൽ പ്രമാണികൾ."

മിൻസെന്തിയുടെ അറസ്റ്റിനെ സംബന്ധിച്ച മറെറാരു വിവരണത്തിൽ ഇങ്ങനെ കാണുന്നു. അവർ അദ്ദേഹത്തെ അറസ്റ്റ്ചെയ്തുകൊണ്ടു പോകുംവഴി അദ്ദേഹം ഒരു വൈദികന്റെ നേരെ തിരിഞ്ഞു് ഇപ്രകാരം പറഞ്ഞു:

"സജീവനായ കർദ്ദിനാളിനു തന്റെ നാടിനേയും ലോകത്തേയും രക്ഷിക്കാൻ സാധിച്ചില്ലെങ്കിൽ, മൃതനായ കർദ്ദിനാളിനു പക്ഷേ അതു സാധിച്ചേക്കും."

മിൻസെന്തിയുടെ അപരാധത്തെക്കുറിച്ചും, അദ്ദേഹത്തെ അറസ്റ്റ്ചെയ്തു വിസ്താരത്തിനു വിധേയനാക്കുന്നതിൽ തങ്ങൾചെയ്യുന്ന സേവനത്തെക്കുറിച്ചും ഹങ്കറിയേയും ലോകത്തേയും ബോദ്ധ്യപ്പെടുത്താനുള്ള പ്രചരണവേലകളിൽ ഹങ്കേറിയൻ ഗവണ്മെന്റു സർവ്വ കഴിവുകളും കേന്ദ്രീകരിച്ചു.

മിൻസെന്തിയുടെ അറസ്റ്റിന്റെ പിറേറദിവസം സാംബാത്ത്‌ലിയിലെ ഫാദർ കോക്സൻ, കമ്മ്യൂണിസ്റ്റ് ഹെഡ്ക്വാർട്ടേഴ്സിൽ ഹാജരാകുന്നതിനു് ആജ്ഞാപിതനായി. പൊതുജീവിതത്തിൽനിന്നു കർദ്ദിനാളിനെ നീക്കംചെയ്തിരിക്കുന്ന വിവരം അറിയിച്ചുകൊണ്ടു്, 'ജനാധിപത്യത്തോടു' സഹകരിക്കുവാൻ തയ്യാറുണ്ടോ എന്നു് അവർ

ഫാദർ കോക്സനോടു ചോദിച്ചു. 'ജനാധിപത്യം' എന്ന വാക്കിനു പകരം 'കമ്മ്യൂണിസ'ത്തെ മനസ്സിൽ കണ്ടു കൊണ്ട്, അതേക്കുറിച്ചാലോചിക്കാൻ തനിക്കു സമയം വേണമെന്നു് അദ്ദേഹം മറുപടി പറഞ്ഞു.

രണ്ടു രാത്രികൾക്കുശേഷം അദ്ദേഹത്തെ ഉറക്കത്തിൽ നിന്നു വിളിച്ചുണർത്തി വീണ്ടും ഹെഡ്ക്വാട്ടേഴ്സിലേക്കു കൊണ്ടുവന്നു. അറസ്റ്റിലിരിക്കുന്ന കർദ്ദിനാളിൻെറ സിക്രട്ടറി ആൻഡ്രൂ സക്കാറിൻെറയും അദ്ദേഹത്തിൻെറ സഹായി ഫാദർ ജാനോസ് ഫേബിയൻേറയും ഫോട്ടോ അവർ അദ്ദേഹത്തെ കാണിച്ചു. സാമാന്യം വലുപ്പമുള്ള ഒരു ലോഹ വീപ്പയ്ക്കു സമീപം അവർ നിൽക്കുന്നതായിട്ടാണു ചിത്രം. മിൻസെന്തിയുടെ കുററം തെളിയിക്കാനുള്ള പ്രമാണങ്ങളാണു് ആ വീപ്പയ്ക്കുള്ളിൽ എന്നു പോലീസുദ്യോഗസ്ഥന്മാർ പറഞ്ഞു. കർദ്ദിനാളിൻെറ രാജ്യദ്രോഹകരങ്ങളായ രഹസ്യ പ്രവർത്തനങ്ങളെ വിവരിച്ചുകൊണ്ടും, അദ്ദേഹത്തെ അപലപിച്ചുകൊണ്ടുമുള്ള ഒരു പ്രസ്താവന അവർ അദ്ദേഹത്തിൻെറ കൈയിൽ കൊടുത്തു. അതു ടൈപ്പുചെയ്യുവാൻപോവുകയാണെന്നും ഫാദർ കോക്സൻെറ ഒപ്പായിരിക്കണം അതിൽ ആദ്യമായി ഇടേണ്ടതെന്നും അവർ പറഞ്ഞു.

"വെള്ളിയാഴ്ച രാത്രി, രണ്ടു സുഹൃത്തുക്കൾ വന്നു നിങ്ങളെ വിളിക്കും." അവർ പറഞ്ഞു. "അപ്പോൾ ഈ പ്രസ്താവനയിൽ ഒപ്പിടുകയും, മററു വൈദികരുടെ ഒപ്പുകൾ ശേഖരിക്കുവാൻ സുഹൃത്തുക്കളോടൊന്നിച്ചു പോവുകയും വേണം. ഇപ്പറഞ്ഞതിനോടു സഹകരിക്കാമെങ്കിൽ നിങ്ങളെ ഹങ്കറിയിലെ സഭയുടെ അധിപനായി നിയമിക്കാം."

വ്യാഴാഴ്ച രാത്രി, ഫാദർ കോക്സൻ അതിർത്തികടന്നു് ആസ്ത്രിയായിലേക്കു രക്ഷപെട്ടു. "അവരെ യാതൊരു വിധത്തിലും തൃപ്തിപ്പെടുത്താതെയാണു ഞാൻ പോന്നിരിക്കുന്നതു്." അദ്ദേഹം വിയെന്നായിൽവച്ചു പറഞ്ഞു. "എനിക്കു കുറെക്കൂടി ചെറുപ്പവും ആരോഗ്യവും ഉണ്ടായിരുന്നെ

ങ്കിൽ ഞാൻ ചെറുത്തു നിൽക്കുമായിരുന്നു. അവിടെ താമസിക്കയായിരുന്നെങ്കിൽ ഞാനിന്നു ജീവിച്ചിരിക്കുമായിരുന്നില്ല."

1949 ജനുവരി പത്താം തീയതി, ബുഡാപ്പെസ്റ്റ് റേഡിയോവിൽക്കൂടി ഒരു കമ്മ്യൂണിസ്റ്റ് വക്താവ് ഇങ്ങനെ പ്രക്ഷേപണം ചെയ്തു: "ഹങ്കേറിയൻ ജനാധിപത്യശരീരത്തിൽനിന്ന് അപായകരമായ ഒരു വിഷസഞ്ചിക മുറിച്ചു മാററപ്പെട്ടിരിക്കുന്നു. ഈ ശസ്ത്രക്രിയയെ എതിൎക്കുന്നവർ ഹങ്കറിയിലെ ജനങ്ങളുടേയും, ഹങ്കറിയിലെ കത്തോലിക്കാമതത്തിൻേറയും ശത്രുക്കളാകുന്നു."

ജനുവരിയിൽത്തന്നെ, ഹങ്കേറിയൻ ഗവണ്മെൻറ് ഇതുസംബന്ധിച്ചുള്ള "മഞ്ഞപ്പുസ്തകം" എന്ന കുപ്രസിദ്ധമായ ഔദ്യോഗികപ്രസിദ്ധീകരണം പുറത്തിറക്കി. അതിലെ മിക്കഭാഗങ്ങളും മിൻസെന്തിയുടെ അറസ്റ്റിനു വളരെ മുമ്പുതന്നെ തയ്യാറാക്കപ്പെട്ടതായിരുന്നു. 'മിൻസെന്തിക്കേസ് സംബന്ധിച്ച പ്രമാണങ്ങൾ' എന്നാണു് അതിൻെറ പേരു്. ആദ്യത്തെ പ്രമാണം, മിൻസെന്തി തടവിൽ വച്ച് ഒപ്പുവെക്കുവാൻ നിർബന്ധിതമായ "കുററസമ്മത"മാണു്. അതു വ്യാജപ്രമാണമല്ലെന്നു കാണിക്കുവാൻ അതിൻെറ ആകപ്പാടെയുള്ള ഒരു ഫോട്ടോതന്നെ പുസ്തകത്തിൽ ചേർത്തിട്ടുണ്ടു്.

അറസ്റ്റിനു് ഏതാനുംമാസങ്ങൾക്കുമുമ്പു മിൻസെന്തിയെഴുതിയ ചില കത്തുകളുടെ ഛായാചിത്രങ്ങൾക്കൂടി അവർ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടു്. ഇതു രഹസ്യപ്പോലീസുകാൎക്കു പററിപ്പോയ ഒരു പ്രമാദമാണു്. തനിക്കു തൃപ്തി തോന്നാത്ത ഭാഗങ്ങൾ വെട്ടിത്തിരുത്തിയെഴുതുക എന്ന കർദ്ദിനാളിൻെറ സ്വഭാവം, അദ്ദേഹം സമാധാനമായി ജീവിച്ചിരുന്ന കാലത്തെഴുതിയ ഈ കത്തുകളിലെല്ലാം പ്രകടമാണു്. എന്നാൽ ജയിലിൽവച്ച് അത്യുഗ്രമായ മാനസികസമ്മർദ്ദത്തിനു വിധേയനായി എഴുതിക്കൊടുത്ത കുററസമ്മ

ത്തിൽ ഒരൊററ തിരുത്തൽപോലും കാണുന്നില്ല. കായികവും മാനസികവുമായ പീഡനങ്ങൾ ഏററവു തളർന്നിരുന്ന വേളയിൽ എഴുതികൊടുത്ത 292 വരികളുള്ള ആ പ്രമാണത്തിൽ ഒരൊററ വാക്കുപോലും വെട്ടുകയോ മായ്ക്കുകയോ ചെയ്തിട്ടില്ല. ആലേഖനകലയുടെ സ്തുത്യർഹമായ ഒരു മാതൃകപോലെ അതു കാണപ്പെടുന്നു.

അതിലെ ഉള്ളടക്കമോ?

താനൊരു പ്രഭുവംശജനാണെന്ന് അദ്ദേഹം ഏററു പറയുന്നു. താനൊരു രാജപക്ഷക്കാരനാണെന്നും, രാജവാഴ്ചയെ പുനഃസ്ഥാപിക്കുന്നതിനുള്ള പ്രസ്ഥാനത്തെ എക്കാലവും താൻ പിൻതാങ്ങിയിട്ടുണ്ടെന്നും അദ്ദേഹം തുറന്നു പറഞ്ഞിരിക്കുന്നു. ആസ്ത്രിയായും ഹംഗറിയും തമ്മിൽ വീണ്ടും സംയോജിപ്പിക്കപ്പെടണമെന്നാണു തന്റെ ആഗ്രഹമെന്നും അന്യരാജ്യങ്ങളുടെ, വിശിഷ്യ അമേരിക്കയുടെ, സഹായത്തോടുകൂടി ഹങ്കേറിയൻ റിപ്പബ്ളിക്കിനെ തകിടംമറിക്കാമെന്നു താൻ പ്രതീക്ഷിച്ചിരുന്നുവെന്നും അദ്ദേഹം സമ്മതിക്കുന്നു. അദ്ദേഹത്തിന്റെ സഭാപരമായ പ്രവൎത്തനങ്ങളുടെ ഒരു സംക്ഷിപ്തവിവരണവും അതിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

കർദ്ദിനാൾ നാസികളെ എതിൎത്തിരുന്ന വസ്തുതയും ഹങ്കറിക്കെതിരായ ഒരു കുററമായി കമ്മ്യൂണിസ്റ്റ്കൾ പരിഗണിക്കുന്നുവെന്നതു രസാവഹമായിരിക്കുന്നു. 'മഞ്ഞപ്പുസ്തക'ത്തിന്റെ പന്ത്രണ്ടാംപുറത്തു വിചിത്രമായ ഈ പ്രസ്താവന കാണുന്നു. "നാസികളുമായുള്ള ഭിന്നതയെ മിൻസെന്തിതന്നെ സമ്മതിച്ചിരിക്കുന്നു." അതിനെത്തുടൎന്ന് 1944-ൽ നാസികൾ അദ്ദേഹത്തെ അറസ്റ്റ്ചെയ്ത സംഭവം സുവ്യക്തമായി വിവരിച്ചിരിക്കുന്നു.

റഷ്യൻ പ്രചരണവിദഗ്ദ്ധന്മാരെ ബാധിച്ചിരിക്കുന്ന ചിന്താക്കുഴപ്പം അടുത്ത ഖണ്ഡിക വ്യക്തമാക്കുന്നുണ്ട്. അതിൽ "ഹങ്കറിയിലെ ഹിററ്ലർപക്ഷക്കാരുടെ കാര്യത്തിൽ

അദ്ദേഹത്തിനുള്ള താല്പര്യത്തെ"ക്കുറിച്ചാണു പ്രസ്താവിച്ചിരിക്കുന്നതു്. 1938-ൽ—നാസികൾ ഹങ്കറിയിൽ വരുന്നതിനു് ആറുകൊല്ലംമുമ്പ്—മിൻസെന്തി, സാലാസിയെപ്പററി എഴുതിയതെന്നു വിചാരിക്കപ്പെടുന്ന ഒരു കത്തു് ആണത്രെ ഇതിനു തെളിവു്.

പിൽക്കാലത്തു സാലാസി, ആരോ-ക്രോസ്സ് കക്ഷിയുടെ പ്രസിഡൻറും നാസി ആധിപത്യകാലത്തു പ്രധാനമന്ത്രിയുമായിത്തീർന്നു എന്നതു വാസ്തവമാണു്. ആയാളോടും കൂട്ടരോടും മിൻസെന്തിക്കു് അക്കാലത്തുണ്ടായിരുന്ന മനോഭാവമെന്തായിരുന്നെന്നു്, 1944 ഒക്ടോബറിൽ അദ്ദേഹം പ്രധാനമന്ത്രിയുടെ ഓഫീസിൽ നടത്തിയ ഒരു സന്ദർശനത്തിൻെറ വിവരണത്തിൽനിന്നു മനസ്സിലാക്കാൻ സാധിക്കും. പരാജയോന്മുഖമെന്നു നിശ്ചയമായിത്തീർന്ന ഹിററ്ലർപക്ഷത്തു ചേർന്നുനിന്നുകൊണ്ടു ഹങ്കറി യുദ്ധം തുടരുന്നതിൻെറ അനാശാസ്യതയെക്കുറിച്ചുള്ള മെത്രാന്മാരുടെ ഒരു മെമ്മോറാണ്ടം ഗവണ്മെൻറിനു സമർപ്പിക്കാനാണു് അദ്ദേഹം പോയിരുന്നതു്. സാലാസി തൽസമയം അവിടെ ഇല്ലാതിരുന്നതിനാൽ, ഡപ്യൂട്ടി പ്രധാനമന്ത്രിയായിരുന്ന 'സൊളോസി'യുടെ കൈവശം അദ്ദേഹം മെമ്മോറാണ്ടം ഏല്പിച്ചു. സൊളോസി അതു വായിച്ചുതീർന്നപ്പോൾ തീവ്രമായ ഒരു വാഗ്വാദം അവിടെ നടന്നു.

"മാന്യരായ നിങ്ങൾ ഹങ്കേറിയൻ ജനതയുടെ ശത്രുക്കളാണു്." സൊളോസി പറഞ്ഞു. "ജനങ്ങളുടെ കൈകളിൽനിന്നു സ്വയരക്ഷയ്ക്കുള്ള ആയുധങ്ങൾ പിടിച്ചുപറിക്കുന്ന നിങ്ങൾ രാജ്യദ്രോഹികളാണു്."

"തീർച്ചയായും രാജ്യദ്രോഹികൾ ഉണ്ടു്." മിൻസെന്തി പ്രതിവചിച്ചു. "തോൽക്കാൻപോകുന്ന ഹററ്ലറിനുവേണ്ടി സ്വജനങ്ങളുടെ രക്തം ചിന്തുവാൻ ആഗ്രഹിക്കുന്നവരാണവർ."

"ഇതു പരാജയമനോഭാവവും രാജ്യദ്രോഹവുമാണു്."

സൊള്ളോസി അട്ടഹസിച്ചു. "ഈവിധം സംസാരിക്കുന്നവരുടെ അനുഭവം അറിഞ്ഞുകൂടേയോ?"

"അറിയാം." കർദ്ദിനാൾ ശാന്തനായി മറുപടിപറഞ്ഞു. "കാരാഗൃഹം, ബന്ധനങ്ങൾ, വെടിയുണ്ടകൾ, കഴുമരം ഇവയെല്ലാമാണെന്നെനിക്കറിയാം. പക്ഷെ ഞാൻ ഒരു വൈദികനാണ്. ഇവയെല്ലാം എൻെറ വിധിയായി ഞാൻ നേരത്തെ സ്വീകരിച്ചുകഴിഞ്ഞതാണ്."

"ഇവയെല്ലാം ലഭിക്കാതെ സൂക്ഷിച്ചുകൊള്ളൂ" എന്ന് അട്ടഹസിച്ചശേഷം സൊള്ളോസി മുറിവിട്ടിറങ്ങിപ്പോയി. ഹങ്കറിയിലെ ഒരു പ്രധാനമന്ത്രി മിൻസെന്തിയിൽനിന്നു പുറംതിരിഞ്ഞു പോകുന്നതു് ഈ രണ്ടാമത്തെ പ്രാവശ്യമാണ്. "മഞ്ഞപ്പുസ്തക"ത്തിൽ ഈ സംഭവം രേഖപ്പെടുത്തിയിട്ടില്ലെന്ന കാര്യം പ്രത്യേകം പറയേണ്ടതില്ലല്ലൊ.

ജോസഫ കോസി-ഹോർവാത്തു് എന്ന ഉന്നതനായ ഒരു കത്തോലിക്കാവൈദികൻ രാജവാഴ്ചയെ പുനഃസ്ഥാപിക്കുന്നതിനുവേണ്ടി മിൻസെന്തിയുമായി രഹസ്യമായി കത്തിടപാടുകൾ നടത്തിയിരുന്നെന്നു "മഞ്ഞപ്പുസ്തക"ത്തിൽ പറയുന്നുണ്ടു്. മിൻസെന്തിയുടെ കുററസമ്മതപ്രമാണത്തിൽ ഇക്കാര്യം പരാമർശിച്ചിരിക്കുന്നു. ഹോർവാത്തും, ആർച്ച്ഡ്യൂക്ക ഓട്ടോയും തമ്മിൽ കണ്ടു സംസാരിച്ചു രാജവാഴ്ച പുനഃസ്ഥാപിക്കാൻവേണ്ടി തയ്യാറാക്കിയിരുന്ന പദ്ധതികളായിരുന്നത്രെ ഈ കത്തുകളിലെ ഉള്ളടക്കം.

"മഞ്ഞപ്പുസ്തകം" പ്രസിദ്ധീകരിച്ചതിനുശേഷം, കോസി-ഹോർവാത്തു് ഫ്റഞ്ചു് പത്രപ്രതിനിധികളുമായി നടത്തിയ ഒരു അഭിമുഖസംഭാഷണത്തിൽ ഇങ്ങനെ പറഞ്ഞിരിക്കുന്നു: "കർദ്ദിനാൾ മിൻസെന്തിയുടെ 'കുററസമ്മത'ത്തിൽ എന്നെ സംബന്ധിക്കുന്ന ഭാഗങ്ങൾ തികച്ചും അവാസ്തവമാണ്. അതിൽ പറഞ്ഞിരിക്കുന്ന കാലത്തു ഞാൻ സോവ്യററു് അധീനപ്രദേശത്തു്, ഇരുമ്പുമറയ്ക്കുള്ളിൽ, ആയിരുന്നു. 1947 സെപ്ററംബർ ഒന്നാംതീയ

തി മാത്രമേ എനിക്കു റഷ്യൻ അതിർത്തി കടന്നു രക്ഷ പ്പെടുവാൻ കഴിഞ്ഞുള്ളൂ. രാജ്യസ്ഥാനാർത്ഥിയായ ആർച്ച് ഡ്യൂക്കിനെ ഞാൻ ആദ്യമായി കാണുന്നതുതന്നെ 1948 ആഗസ്റ്റിലാണ്. അതുവരെ എനിക്കദ്ദേഹവുമായി നേരി ട്ടോ കത്തുകൾ മുഖേനയോ യാതൊരു സമ്പർക്കവുമുണ്ടായിരു ന്നില്ല. ഞാൻ മിൻസെന്തിക്കയച്ചുകൊടുത്തു എന്നു പറ യുന്ന റിപ്പോർട്ടുകൾ പോലീസുകാർ ഉദ്ധരിച്ചിരുന്നെ ങ്കിൽ, അതു കുറേക്കൂടി വിശ്വാസയോഗ്യമാകുമായിരുന്നു. അതിനവർക്കു നിവൃത്തിയില്ല; കാരണം, അങ്ങനെയുള്ള പ്ര മാണങ്ങൾ ഒരിക്കലും ഉണ്ടായിരുന്നിട്ടില്ല."

കാരാഗൃഹത്തിനു പുറത്ത്, എഴുപത്തിയഞ്ചു വയ സ്സായ മിൻസെന്തിയുടെ മാതാവിന്റെ രക്തസാക്ഷിത്വം അദ്ദേഹത്തിന്റേതുപോലെതന്നെ മഹത്തരമായിരുന്നു. ജീ വിതകാലമത്രയും ആ മഹതി എളിമയും വിനയവും പാ ലിച്ചുപോന്നു. സ്വപുത്രന്റെ വിജയത്തിൽ അവർ അ ശേഷം അഹങ്കരിച്ചില്ല. മിൻസെന്തിയുടെ വീട്ടുകാര്യങ്ങൾ നോക്കിയിരുന്നത് അവരാണ്. ഒരു കൊച്ചുകുട്ടിയായിരുന്ന കാലംമുതൽ അദ്ദേഹത്തിന്റെ വസ്ത്രങ്ങൾ തുന്നിയും കേടു നീക്കിയും കൊടുത്തിരുന്നതു സ്നേഹനിധിയായ ആ മാതാവു തന്നെയായിരുന്നു. പള്ളിയിൽ എല്ലാവരുടെയും പിറകി ലായി അപ്രധാനമായ ഒരു സ്ഥാനത്തേ അവർ ഇരിക്കാറു ള്ളൂ. അന്യരുടെ ശ്രദ്ധ തന്നിലേക്കാകർഷിക്കുവാൻ അ വർ ഇഷ്ടപ്പെട്ടില്ല.

അവരുടെ ജീവിതത്തിലെ ഏററവും ആനന്ദമയമായ ഘട്ടമേതായിരുന്നെന്ന്, മൂന്നുനാലു കൊല്ലം മുമ്പ് ഒരു പ ത്രപ്രതിനിധി ആ മാതാവിനോടു ചോദിക്കുകയുണ്ടായി.

"എന്റെ മകൻ അടുത്തുള്ളപ്പോഴെല്ലാം ഞാൻ സൗ ഭാഗ്യശാലിനി തന്നെ." അവർ പറഞ്ഞു. "അവൻ വൈ ദികനാകാൻ ഒരുങ്ങിയപ്പോഴാണു ഞാനേററവും അധികം ആനന്ദമനുഭവിച്ചതു്. പിന്നീട് അവനുവേണ്ടി ഞാൻ

കരഞ്ഞിട്ടുണ്ട്. അവനൊരു മെത്രാനായി വെസ്പ്രേമി ലേക്കു പോയപ്പോഴും, അവരവനെ എസ്റററർഗോമിലേക്കു കൊണ്ടുപോയപ്പോഴും ഞാൻ കരഞ്ഞിട്ടുണ്ട്".

അന്ത്യമെന്തായിരിക്കുമെന്ന് ആ മാതാവിൻെറ പ്രജ്ഞ അത്ര മുൻകൂട്ടി കണ്ടിരുന്നു.

വിസ്താരത്തിനു മുമ്പുള്ള ആ ദിവസങ്ങളിൽ, അവരുടെ അന്തർനേത്രങ്ങൾ അൻഡ്രാസി തെരുവിലെ അറുപതാം നമ്പറിൻെറ ഭിത്തികൾ തുളച്ചുകയറിക്കൊണ്ടിരുന്നപ്പോൾ, മനസ്വിനിയായ ആ മാതാവു മകനുവേണ്ടി എത്രയധികം കണ്ണുനീർ പൊഴിച്ചിട്ടുണ്ടായിരിക്കണം!

# XVII

## കേസ് വിസ്താരം

കമ്മ്യൂണിസ്റ്റ്കാർ ഏററവും വീറോട്ടം വെറുപ്പോട്ടം കൂടി അപലപിക്കാറുള്ള നാസികൾ, അവരുടെ കാലത്തു മിൻസെന്തിയെ അറസ്റ്റ് ചെയ്കയും, വിസ്തരിക്കയും, ശിക്ഷിക്കയും ചെയ്തിരുന്നു എന്ന വസ്തുതയാണ്, ഒരുപക്ഷെ ഈ കേസ് വിസ്താരത്തിലെ ഏററവും വിചിത്രമായ വിരോധാഭാസം.

തക്കത്തിനു കാലുമാറിയ, അവസരവാദികളായ, നാസികൾ തന്നെയായിരുന്നു ഇവർ. തങ്ങളുടെ അധികാരം നിലനിത്തുവാൻവേണ്ടി, ആധിപത്യത്തിലേക്കുയരുന്ന ഏതു ദുഷിച്ച കൂട്ടുകെട്ടിനോടും ചേൎന്നുനില്ക്കുവാൻ ഇവർ മടിച്ചിരുന്നില്ല. ജനകീയകോടതിയുടെ അദ്ധ്യക്ഷനായ ഡോക്ടർ വിൽമോസ് ഓൾട്ടി ആരോ-ക്രോസ് (നാസി) പാൎട്ടിയുടെ ഒരു പ്രമുഖനേതാവായിരുന്നു. ഇപ്പോൾ കമ്മ്യൂണിസ്റ്റ്കാരുടെ കീഴിലൊരു ന്യായാധിപനായിരിക്കുന്നതുപോലെ, അന്ന് ആയാൾ നാസികളുടെ കീഴിലും ഒരു ജഡ്ജിയായിരുന്നു. 1945-ൽ ആയാൾ കമ്മ്യൂണിസ്റ്റ് പാൎട്ടിയിൽ ഒരംഗമായി ചേൎന്നു. മിൻസെന്തിക്കെതിരായി കേസ്സ് കെട്ടിച്ചമച്ച പോലീസുദ്യോഗസ്ഥന്മാരിൽ ഭൂരിഭാഗവും ജൎമ്മൻ വംശപാരമ്പൎയ്യമുള്ള ഹംഗറിക്കാരായിരുന്നു.

വാസ്തവത്തിൽ ഇതിലത്ഭുതത്തിനവകാശമില്ല. കമ്മ്യൂണിസ്റ്റ്കാർ മുൻനാസികളെ തങ്ങളുടെ പോലീസ് അ

ണികളിലേക്കും കോടതികളിലേക്കും സന്തോഷപൂർവ്വം സ്വീകരിച്ചിരുന്നു. അത്ര ഹാർദ്ദമായ സ്വാഗതം അവർ മററാർക്കുംതന്നെ നൽകിയിട്ടില്ല. കമ്മ്യൂണിസ്റ്റ്കാരുടെ മർദ്ദനമുറകളിൽ നാസികൾ നേരത്തെ പ്രാവീണ്യം നേടിയിരുന്നു എന്നതാണിതിനു കാരണം. മർദ്ദനങ്ങളേല്പിക്കുവാനും, സത്യം വികൃതപ്പെടുത്തുവാനും മററും അവർക്ക്, മററുള്ളവരെ അപേക്ഷിച്ച്, വളരെക്കുറച്ചു ശിക്ഷണം മതിയല്ലോ.

"അഴുക്കായ പാത്രങ്ങൾ കഴുകിത്തരുന്നതാരായാലും തരക്കേടില്ല; അതു കഴുകിക്കിട്ടണമെന്നതാണു പ്രധാന കാര്യം." കമ്മ്യൂണിസ്റ്റ്കാർ സാധാരണ പറയാറുള്ള ഒരു ചൊല്ലാണിത്. നാസികളോടെതിർത്തവരെ കമ്മ്യൂണിസ്റ്റ്കാർ മഹാവ്യാധികളെപ്പോലെ ഭയപ്പെട്ടിരുന്നു. മനുഷ്യസ്വാതന്ത്ര്യത്തിനുവേണ്ടി സമരം ചെയ്തിട്ടുള്ളവർ, ഏതു മർദ്ദകരോടും മല്ലടിക്കുമെന്ന് അവർക്കറിയാം. കമ്മ്യൂണിസ്റ്റാധിപത്യത്തിലുള്ള ഹംഗേറിയൻ ഗവമ്മെൻറിൻെറ എല്ലാതുറകളിലും ഉയർന്നസ്ഥാനങ്ങളിൽ നാസികളായിരുന്നവർ കയറിപ്പററിയിട്ടുണ്ടു്.

കോടതിയിൽ, തന്നെ നേരിടുന്നവർ ആരായിരിക്കുമെന്നു മിൻസെന്തിക്കറിയാമായിരുന്നു. കമ്മ്യൂണിസ്റ്റ്കാരെന്നോ നാസികളെന്നോ, എന്തു പേരിനാലെങ്കിലും അവർ സ്വയം വിളിച്ചുകൊള്ളട്ടെ, അവരുടെ നിഷ്ഠുരചര്യകൾക്കു വ്യത്യാസമുണ്ടാകുന്നതല്ല. താൻ കോടതിയിൽ എന്തുതന്നെ പറഞ്ഞാലും അതുകൊണ്ടു പ്രയോജനമില്ലെന്നും, തൻെറ വിധി മുൻകൂട്ടി നിർണ്ണയിക്കപ്പെട്ടുകഴിഞ്ഞിരിക്കുന്നൊന്നും അദ്ദേഹം ധരിച്ചിരുന്നു. എന്നാലും ഈ പ്രഹസനം അവസാനിപ്പിക്കുന്നതിന്നു് ഒരു പ്രാവശ്യം അദ്ദേഹം ശ്രമിച്ചുനോക്കി. നീതിന്യായവകുപ്പു മന്ത്രിക്കു് അദ്ദേഹം ജനുവരി 29-ാം തീയതി ഒരു കത്തെഴുതി. കോടതിയുടെ അദ്ധ്യക്ഷൻ ആ കത്തു കോടതിയിൽ ഉറക്കെ വായിച്ചു. കേസ്സ്‌വിസ്താരത്തിലെ ആദ്യത്തെ പ്രധാനസംഭവമതായി

രുന്നു. ആ കത്താണു താഴെ ഉദ്ധരിക്കുന്നത്.

"എന്റെ ഈ സ്റ്റേറ്റുമെൻറ് പരിഗണനയിൽ പ്പെടുത്തണമെന്നു നീതിന്യായവകുപ്പുമന്ത്രിയോടു ഞാൻ ആവശ്യപ്പെടുന്നു. ഇതാണ് എന്റെ അഭ്യർത്ഥന.

ഭരണകൂടത്തോടുള്ള എന്റെ വിരോധംനിമിത്തം, സഭയും രാഷ്ട്രവും തമ്മിലുള്ള സമാധാനത്തെ ഞാൻ ഭഞ്ജിച്ചെന്ന്, എന്റെമേൽ കുറേക്കാലമായി കുററമാരോപിക്കപ്പെടുന്നു. ഇന്നത്തെ പ്രതിസന്ധിഘട്ടത്തിന്റെ മൂർച്ഛയെ അല്പമൊന്നു ലഘൂകരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. വിസ്താരമാരംഭിക്കുന്നതിനു മുമ്പുതന്നെ, എന്റെ മേൽ ചുമത്തപ്പെട്ടിട്ടുള്ള കുററങ്ങളിൽ സ്റ്റേററുക്രിമിനൽ കോഡു് പ്രകാരം, തത്വത്തിൽ, ഞാൻ അപരാധിയാണെന്നു സമ്മതിക്കുന്നു. മേലിൽ, ഹങ്കേറിയൻ റിപ്പബ്ളിക്കിന്റെ പരമാധികാരാടിസ്ഥാനത്തിൽ മാത്രം, സംസ്ഥാനത്തിന്റെ ബാഹ്യവും ആഭ്യന്തരവുമായ കാര്യങ്ങളെ ഞാൻ പരിഗണിക്കുന്നതായിരിക്കും.

"ഈ കുററസമ്മതത്തിനും, പ്രസ്താവനയ്ക്കുംശേഷം എന്നെ വിസ്തരിക്കേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല. ആയതിനാൽ, എന്റെ വ്യക്തിത്വത്തെ പരിഗണിച്ചല്ല, എന്റെ സ്ഥാനത്തെ പരിഗണിച്ച്, ഫെബ്രുവരി 3-ാം തീയതി വിചാരണയ്ക്കുവച്ചിട്ടുള്ള കേസ് പിൻവലിക്കണമെന്നു ഞാൻ അഭ്യർത്ഥിക്കുന്നു. അപ്രകാരമുള്ള ഒരു തീരുമാനം ഏററവും അനുകൂലമായ സാഹചര്യങ്ങളിൽ നടത്തപ്പെടുന്ന ഒരു വിസ്താരത്തെക്കാൾ, ഒരൊത്തുതീർപ്പിനു കൂടുതൽ സഹായകമായിരിക്കും.

"മുപ്പത്തിയഞ്ചുദിവസത്തെ നിരന്തരമായ ധ്യാനത്തിനുശേഷം, ഞാൻ ഇങ്ങനെ കൂടി പ്രഖ്യാപിക്കുന്നു: ഭാഗികമായി മററു കാരണങ്ങളാലും, ഭാഗികമായി മുൻപു വിവരിച്ച വിധത്തിലുള്ള എന്റെ മനോഭാവം മൂലവും ഒരു ഒത്തുതീർപ്പു താമസിച്ചുപോയി. സഭയും രാഷ്ട്രവും തമ്മിൽ

ഒരു രഞ്ജനം ആവശ്യമെന്നു ഞാൻ കരുതുന്നു. സഭയുടെ ചൈതന്യത്തിനും, തത്വങ്ങൾക്കുമനുസരിച്ച് അങ്ങനെ ഒരൊത്തുതീർപ്പുണ്ടാക്കുന്നതിനുള്ള ശ്രമത്തിൽ ഞാൻ സ സന്തോഷം ഭാഗഭാഗിത്വം വഹിക്കുന്നതാണ്.

"എൻെറ വ്യക്തിപരമായ നില സമാധാനത്തിനു വിഘാതമാകാതിരിക്കുന്നതിനുവേണ്ടി, എൻെറ ഔദ്യോഗികമായ കൃത്യനിർവ്വഹണങ്ങളുടെ ചുമതലയിൽനിന്നു സ്വമനസ്സാലെ കുറേക്കാലത്തേക്കൊഴിഞ്ഞു നിൽക്കുവാനും ഞാൻ സന്നദ്ധനാണ്. മെത്രാന്മാരുടെ സമിതിയുടെ ഭൂരിപക്ഷവും അനുകൂലിക്കുന്ന ഒരൊത്തുതീർപ്പിനെ ഞാൻ എതിർക്കുകയില്ല. ഇക്കാര്യത്തിൽ അവസാനവിധി പറയുന്നതിന് അധികാരമുള്ള തിരുസിംഹാസനവുമായി ഒരൊത്തുതീർപ്പുകൈവരുത്തുന്നതിനേയും ഞാൻ വിരോധിക്കുകയില്ല. യഥാർത്ഥമായ ഒരു സമാധാനം സഭയ്ക്കും രാഷ്ട്രത്തിനും പ്രയോജനകരമായിരിക്കുമെന്നു കണ്ടിട്ടാണു ഞാൻ ഈ പ്രസ്താവന തയ്യാറാക്കിയതു്. മറിച്ച്, സമാധാനമില്ലെങ്കിൽ, രാജ്യത്തിൻെറ ജീവിതം അപകടത്തിലാകുന്നതാണ്.

എന്നു

കർദ്ദിനാൾ മിൻസെന്തി, ആർച്ചുബിഷപ്പ്.

വായന കഴിഞ്ഞ ഉടനെ, ഈ അഭ്യർത്ഥന നിരസിക്കണമെന്നു സ്റ്റേറ്റ്പ്രോസിക്യൂട്ടർ ആവശ്യപ്പെട്ടു. കോടതിയുടെ അദ്ധ്യക്ഷൻ അതനുസരിച്ച് അതു നിരസിക്കയും വിസ്താരം ആരംഭിക്കയും ചെയ്തു.

തൻെറ ഭാഗം വാദിക്കുന്നതിനു മിൻസെന്തി തിരഞ്ഞെടുത്തതു പൂർവ്വചിത്രമായ ഒരു പാർലമെൻറു സാമാജികനെയായിരുന്നു. എന്നാൽ കോടതി അതിന് അദ്ദേഹത്തെ അനുവദിച്ചില്ല. പകരം 1919 മുതൽ ഒരു കമ്മ്യൂണിസ്റ്റ്കാരനായിരുന്ന ഡോക്ടർ കാൽമൻ കിഷ്ഷോയെ അതിനു നിശ്ചയിച്ചു.

കേസ്സ് വിസ്താരം തുടങ്ങിയപ്പോൾ മുതൽ ബുഡാപ്പെ

സ്റ്റ റേഡിയോ, കോടതി മുറിയിൽനിന്നു വിസ്താരം സംബന്ധിച്ച വിവരങ്ങൾ പ്രക്ഷേപണം ചെയ്യാൻ ആരംഭിച്ചു.

"മിൻസെന്തിക്കുററവാളികളുടെ ഒരു യഥാർത്ഥചിത്രം ഞങ്ങൾ നിങ്ങളുടെ മുൻപാകെ സമർപ്പിക്കുന്നു." റേഡിയോ വക്താവ് ഇടിമുഴങ്ങുന്ന സ്വരത്തിൽ ഉച്ചരിച്ചു. "ആ രാജ്യദ്രോഹി ആയാളുടെ വിധികർത്താക്കളുടെ മുൻപാകെ നില്ക്കുന്നു. എതിർവിപ്ലവപ്രസ്ഥാനത്തിൻെറ പ്രതിനിധികളായ ആ ഗർഹണീയസംഘം മുഴുവൻ പ്രതിക്കൂട്ടിൽ നിൽപുണ്ട്. ജോസഫ് പെം മിൻസെന്തി എന്നു പേരുള്ള ആ ഉന്നതസഭാസ്ഥാനി ക്രിസ്തുവിൻെറ പ്രബോധനങ്ങളെപ്പററി മയത്തിൽ പറഞ്ഞുകൊണ്ടു്, മതത്തിൻെറ ഭാഷയിൽ പൊതിഞ്ഞ മാരകായുധങ്ങളേന്തി ഹംഗേറിയൻ ജനതയെ നശിപ്പിക്കുന്നതിനൊരുങ്ങിയ ആളാണു്. കൃഷിക്കാരുടെ കൈയിൽനിന്നു കൃഷിഭൂമിയും, തൊഴിലാളികളുടെ കൈയിൽനിന്നു തൊഴിൽശാലയും കവർന്നെടുക്കുവാനും ജനതയെ ദുരിതത്തിൻെറ അന്ധകാരത്തിലേക്കു തിരിച്ചുതള്ളുവാനും ഈയാൾ ശ്രമിച്ചിട്ടുണ്ടു്. പഴകിദ്രവിച്ച രാജവംശത്തിൻെറ അസ്ഥചേതനനായ അനന്തരാവകാശിയോടും, അമേരിക്കയിലെ പിന്തിരിപ്പൻ ഏജൻറന്മാരോടും ഈയാൾ സഖ്യം പുലർത്തി. നാണയങ്ങൾ നിയമവിരുദ്ധമായി വിനിമയം ചെയ്തുകൊണ്ടു് ഈ മനുഷ്യൻ ഹംഗേറിയൻ രാഷ്ട്രത്തെ കൊള്ളചെയ്യുകയായിരുന്നു."

കമ്മ്യൂണിസ്റ്റ്കാരുടെ കൈയിൽ മററെന്തുമെന്നപോലെ റേഡിയോയും വളരെ പ്രയോജനമുള്ള ഒരായുധം ആണു്. തങ്ങളുടെ വിസ്താരങ്ങൾ ഏവർക്കും അറിയത്തക്കവിധം പരസ്യമാണെന്നുള്ള ഒരു ധാരണ ജനിപ്പിക്കുകയായിരുന്നു അവരുടെ തന്ത്രം. എന്നാൽ പ്രതിയോ, സാക്ഷികൾ ആരെങ്കിലുമോ, വാദിഭാഗത്തിനനുകൂലമല്ലാത്തവിധം വല്ല മൊഴിയും നൽകിപ്പോയാൽ, പ്രക്ഷേപണം ഉടൻ അത്രയുംനേരത്തേക്കു നിന്നുപോകും. റേഡിയോവക്താവു ത

ന്നൊ അതു ശരിയായ വെളിച്ചത്തിൽ പ്രകാശിപ്പിക്കും. മിൻസെന്തി മൊഴികൊടുക്കുന്നതിനിടയിൽ ഇങ്ങനെ ആറു പ്രാവശ്യം പ്രക്ഷേപണം ഭഞ്ജിക്കപ്പെട്ടു. വിസ്താരത്തിൻെറ ആദ്യദിവസം കാലത്തു ഒൻപതുമണി മുതൽ വൈകിട്ടു ഒൻപതരമണിവരെ കോടതി കൂടിയിരുന്നു. എന്നാൽ മൂന്നുമണിക്കൂർ സമയത്തെ വിവരങ്ങൾ മാത്രമേ പ്രക്ഷേപണം ചെയ്യപ്പെട്ടുള്ളു.

പീപ്പിൾസ് കാത്തലിക്ക ലീഗിൻെറ പ്രസിഡൻറും, ഒരു സർവ്വകലാശാലാപ്രൊഫസറുമായ ജസ്റ്റിൻ ബറാന്യായെ ആണ് ആദ്യമായി വിസ്തരിച്ചതു്. മുൻപേതന്നെ ഒരു കുററസമ്മതം എഴുതി ഒപ്പിട്ടുകൊടുത്തിരുന്ന ആളാണിദ്ദേഹം.

"നിങ്ങൾ കുററക്കാരനാണെന്നു സമ്മതിക്കുന്നുണ്ടോ?" കോടതിയുടെ അദ്ധ്യക്ഷൻ ചോദിച്ചു.

"ഇല്ല." പ്രശാന്തനായി ബറാന്യായ് ഉത്തരം പറഞ്ഞു.

പിന്നീട്, അദ്ദേഹം എഴുതിക്കൊടുത്തിരുന്ന കുററസമ്മതപത്രം ഹാജരാക്കപ്പെട്ടപ്പോൾ, അതു താൻ നിശ്ശേഷം അവശനായിത്തീർന്നിരുന്ന ഒരവസരത്തിൽ, തല്ലിന്റെ ഫലമായി, ഒപ്പുവച്ചുകൊടുത്തതാണെന്നു് അദ്ദേഹം മൊഴികൊടുക്കയുണ്ടായി. ഏതാദൃശകാര്യങ്ങളിൽ വാസ്തവസ്ഥിതി കണ്ടുപിടിക്കുക വിഷമമാണു്. അപ്രധാനരായ ചില പ്രതികൾ, തങ്ങൾ കുററക്കാരല്ലെന്നു പറയുമ്പോൾ, കമ്മ്യൂണിസ്റ്റ്കാർ അതു സ്വാഗതം ചെയ്യാറുണ്ടു്. തങ്ങളുടെ കോടതിമുറികളിൽ "സ്വാതന്ത്ര്യവും" "നീതിയും" പാലിക്കപ്പെടുന്നു എന്നു ലോകത്തിൻെറ മുമ്പിൽ നല്ലപിള്ള ചമയാനുള്ള അവസരങ്ങളായി അവർ അവയെ ഉപയോഗിക്കും.

രാജവാഴ്ച പുനഃസ്ഥാപിക്കാനുള്ള ഗൂഢാലോചനയെ കുറിച്ചു കോടതി ജസ്റ്റിൻ ബറാന്യായോടു ചോദിച്ചു. അങ്ങനെ ഒരു ഗൂഢാലോചന ഉണ്ടായിട്ടില്ലെന്നു് അദ്ദേഹം

ഉറപ്പിച്ചു പറഞ്ഞു. എന്നാൽ ബാഹ്യമായ ഇടപെടൽ മൂലം ഒരു പരിവത്തനം സംഭവിക്കുന്നപക്ഷം രാജവാഴ്ച പുനഃസ്ഥാപിക്കാനുള്ള സാധ്യതകളെപ്പററി തന്റെ സംഘം ചർച്ച നടത്തിയെന്ന് അദ്ദേഹം സമ്മതിച്ചു. വിദേശികളുടെ, ഒരുപക്ഷെ അമേരിക്കക്കാരുടെ, ആധിപത്യ കാലത്തു രാജ്യം അവക്ക് അമരുകയാണെങ്കിൽ, രാഷ്ട്രത്തിന്റെ താല്ക്കാലികതലവനായി മിൻസെന്തി തിരഞ്ഞെടുക്കപ്പെട്ടുമായിരുന്നു എന്നും അദ്ദേഹം പറഞ്ഞു.

ഡോക്ടർ ആൻഡ്രൂ സക്കാറിനെയാണ് അടുത്തതായി വിസ്തരിച്ചതു്.

"ഓട്ടോ ഹാബ്സ്ബർഗ്ഗിനെ രാജാവായി വാഴിക്കണമെന്നു മിൻസെന്തി ആഗ്രഹിച്ചിരുന്നതായി നിങ്ങൾക്കറിയാമോ?" പ്രസിഡൻറ് ചോദിച്ചു.

"രാജകീയകക്ഷികളുടെ പ്രസ്ഥാനത്തെക്കുറിച്ച് എനിക്കറിയാം." സക്കാർ മറുപടി പറഞ്ഞു. "എന്നാൽ എനിക്കു പുറമേനിന്നുള്ള അറിവേ ഉള്ളു. രാജകീയകക്ഷിയിൽപ്പെട്ട സന്ദർശകന്മാരെ കർദ്ദിനാൾ സ്വീകരിക്കാറുണ്ടായിരുന്നു എന്ന് എനിക്കറിയാം."

ഹാബ്സ്ബർഗ്ഗ് ഉപജാപകവൃത്തികൾ സംബന്ധിച്ചു മിൻസെന്തി നടത്തിയ വിദേശയാത്രകളെക്കുറിച്ചായിരുന്നു പിന്നീടുണ്ടായ ചോദ്യങ്ങൾ.

1945-ലും, 1946-ലും, കർദ്ദിനാൾ റോമിലേക്കു പോയിരുന്നെന്നും, ഇതിൽ രണ്ടാമത്തെ പ്രാവശ്യം ബൽജിയൻ കർദ്ദിനാളായ വാൻ റോയിയെ സന്ദർശിച്ചെന്നും അദ്ദേഹം ഓട്ടോയിൽനിന്നുള്ള ഒരു കത്തു മിൻസെന്തിക്കു കൊടുക്കുകയുണ്ടായെന്നും സക്കാർ മറുപടി പറഞ്ഞു. ആ കത്തിൽ ആശംസകളും സ്നേഹപ്രകടനങ്ങളും മാത്രമേ അടങ്ങിയിരുന്നുള്ളു. മിൻസെന്തി റോമിൽവെച്ചുതന്നെ കത്തു നശിപ്പിച്ചുകളഞ്ഞു. പിന്നീട് ഓട്ടോ ഹാബ്സ്ബർഗ്ഗിനെ പരാമർശിക്കുന്ന എഴുത്തുകത്തുകൾ ഈ രണ്ടു കർദ്ദി

നാളന്മാരും തമ്മിൽ നടന്നിട്ടുണ്ട്.

മിൻസെന്തിക്കർദ്ദിനാളുമൊരുമിച്ച് അദ്ദേഹം അമേരിക്കയിലേക്കു ചെയ്ത യാത്രയെക്കുറിച്ചും കോടതി ചോദിച്ചു. 1947-ൽ ചിക്കാഗോയിൽവച്ചു മിൻസെന്തി ഓട്ടോയെ കാണുകയുണ്ടായോ എന്ന ചോദ്യത്തിനു സക്കാർ ഒഴിഞ്ഞുമാറിക്കൊണ്ടാണുത്തരം പറഞ്ഞതു്.

ഈ സംഭവം സംബന്ധിച്ച പച്ചക്കള്ളങ്ങൾ കമ്മ്യൂണിസ്റ്റ് "മഞ്ഞപ്പുസ്തക"ത്തിൽ നേരത്തെതന്നെ മുദ്രണം ചെയ്തിരുന്നു. കർദ്ദിനാൾ ചിക്കാഗോവിൽവച്ച് ഓട്ടോയെ സന്ദർശിച്ചു എന്നു പറയപ്പെടുന്ന അവസരത്തിൽ, യഥാർത്ഥത്തിൽ, അദ്ദേഹം ഒട്ടാവായിലായിരുന്നെന്നും, ചിക്കാഗോവിലേക്ക് ഒരിക്കലും പോയതേയില്ലെന്നും വിശ്വാസയോഗ്യമായ തെളിവുകൾ വേറെയുണ്ട്.

അമേരിക്കൻ സൈന്യം ഹങ്കറിയിൽ ഇടപെടണമെന്നു കർദ്ദിനാൾ ആവശ്യപ്പെട്ടിരുന്നതായും സക്കാർ പ്രസ്താവിച്ചു. ബുഡാപ്പെസ്റ്റിലുള്ള അമേരിക്കയുടെയും ബ്രിട്ടന്റെയും സ്ഥാനപതികളുമായി അദ്ദേഹം ഇതുസംബന്ധിച്ചു ചില കത്തിടപാടുകൾ നടത്തിയിരുന്നത്രെ. വത്തിക്കാൻ വാർത്താപ്രക്ഷേപണകേന്ദ്രത്തിൽ ഒരു ഹങ്കേറിയൻ വാർത്താവിതരണശാഖ ഏർപ്പെടുത്തിയതിനു പ്രതിഫലമായി മിൻസെന്തി വത്തിക്കാനിലേക്ക് ഒരു മോട്ടോർവാഹനം സമ്മാനമായി അയച്ചുകൊടുത്തതായി സക്കാർ പ്രസ്താവിച്ചു. എന്നാൽ സത്യാവസ്ഥ ഇതിനു നേരേ മറിച്ചായിരുന്നു. മിൻസെന്തി വത്തിക്കാനു് ഒരു മോട്ടോർവാഹനം സമ്മാനിക്കയല്ലാ, വത്തിക്കാനിൽനിന്നു മിൻസെന്തിക്ക് ഒരു മോട്ടോർകാർ അയച്ചുകൊടുക്കുകയാണു് ഉണ്ടായതു്.

ഇതിനുശേഷം മിൻസെന്തിയെയാണു കൂട്ടിൽ കയററിയതു്. കുററം ചെയ്തിട്ടുണ്ടോ എന്ന ചോദ്യത്തിനു് അദ്ദേഹം വ്യക്തമായി ഇങ്ങനെ ഉത്തരം പറഞ്ഞു. "എന്നിൽ ചുമത്തപ്പെട്ടിരിക്കുന്ന അനേകംകാര്യങ്ങളിൽ ഞാൻ

ചെയ്തിട്ടുള്ളിടത്തോളവും, നീതിന്യായവകുപ്പു മന്ത്രിക്കു് ഞാൻ നൽകിയിരിക്കുന്ന കത്തിൽ സൂചിപ്പിച്ചിരിക്കുന്നിടത്തോളവും ഞാൻ കുററക്കാരനാകുന്നു."

ഈ ഘട്ടത്തിൽ റേഡിയോപ്രക്ഷേപണം പെട്ടെന്നു വിച്ഛേദിക്കപ്പെട്ടു. അവധാനപൂർവ്വം ആലോചിച്ചതിനു ശേഷം കർദ്ദിനാൾ കൊടുത്ത ഉത്തരം അവരുടെ പദ്ധതിക്കു് അനുയോജ്യമായിരുന്നില്ല. അദ്ദേഹത്തിൻെറ വിഷമസ്ഥിതി ഇവിടെ വ്യക്തമായി കാണാവുന്നതാണു്. താൻ കുററക്കാരനാണെന്നു തനിക്കു ബോദ്ധ്യമില്ലെന്നദ്ദേഹം പറയുകയായിരുന്നെങ്കിൽ, അതു കമ്മ്യൂണിസ്റ്റ് ഭരണത്തോടു് അദ്ദേഹത്തിനു് എതിർപ്പില്ലെന്നു പറയുന്നതിനു തുല്യമായിരിക്കും; ഹങ്കറിയെ രക്ഷിക്കുന്നതിനു് അദ്ദേഹം ചെയ്ത തീവ്രശ്രമത്തെയെല്ലാം നിഷേധിക്കുകയായിരിക്കും. അതിനാൽ തൻെറ സുദൃഢമായ അഭിപ്രായങ്ങളെ റേഡിയോവഴി പ്രകാശിപ്പിക്കുവാൻ അദ്ദേഹം ഒരുമ്പെട്ടു. പക്ഷെ റേഡിയോപ്രവർത്തകൻ പെട്ടെന്നു ബന്ധം വിച്ഛേദിച്ചുകളഞ്ഞതിനാൽ അതു നടന്നില്ല.

പ്രക്ഷേപണം വീണ്ടും ആരംഭിച്ചപ്പോൾ പ്രസിഡൻറു് മിൻസെന്തിയോടു്, ഓട്ടോയുമായുള്ള അദ്ദേഹത്തിൻെറ ബന്ധത്തെപ്പററി ചോദിക്കുകയായിരുന്നു.

ആർച്ചു്ഡ്യൂക്കിൽനിന്നു തനിക്കു് ആദ്യമായി ഒരു സന്ദേശം ലഭിച്ചതു് 1945-ൽ ആണെന്നും അതിൽ രഹസ്യമായി പ്രവർത്തനം നടത്തുവാനാണു നിർദ്ദേശിച്ചിരുന്നതെന്നും അദ്ദേഹം പറഞ്ഞു.

തുടർന്നു കോസി-ഹോർവാത്തുമായി മിൻസെന്തി നടത്തിയിട്ടുള്ള എഴുത്തുകുത്തുകളെപ്പററി ചോദ്യങ്ങൾ ഉണ്ടായി. മിൻസെന്തിയുടെ കുററസമ്മതപത്രത്തിൽ ഇതുസംബന്ധിച്ചുള്ള ഭാഗങ്ങൾ ഉദ്ധരിച്ചുകൊണ്ടു പ്രസിഡൻറു് ദീർഘമായി ഈ സംഗതികൾ പ്രതിപാദിച്ചു.

പ്രസിഡൻറു്: രാജവാഴ്ച പുനഃസ്ഥാപിക്കുന്നതിനു

ള്ള സാദ്ധ്യതകളെക്കുറിച്ചു വിഭാവനചെയ്യാൻതന്നെ നിങ്ങഠക്കെങ്ങനെയാണു സാധിച്ചതു്? 1947 വസന്തകാലത്തോടുകൂടി രണ്ടു വയസ്സു പൂർത്തിയായ റിപ്പബ്ലിക്ക് ഇതിനിടയിൽ വേണ്ടത്ര ശക്തിയാർജ്ജിച്ചുകഴിഞ്ഞിരുന്നല്ലോ.

മിൻസെന്തി: പുറത്തുനിന്നുവരുന്ന ചരിത്രപരമായ ഒരു പരിവർത്തനത്തിൻെറ ആവിർഭാവത്തിൽ മാത്രമേ ഞങ്ങഠ അതിനെക്കുറിച്ചു ചിന്തിച്ചുള്ളു.

പ്രസിഡൻറു്: ഹാബ്സ്ബർഗ്ഗ് രാജവംശത്തിൻെറ പുനഃസ്ഥാപനം ഇവിടത്തെ ജനസാമാന്യത്തിൻെറ അഭിലാഷങ്ങഠക്കെതിരാണെന്നു നിങ്ങഠക്കു മനസ്സിലാക്കാൻ കഴിഞ്ഞില്ലേ?

മിൻസെന്തി: വിപ്ലവപരമായ പ്രവർത്തനങ്ങളൊന്നും ഞങ്ങഠ ആഗ്രഹിച്ചില്ല. ചരിത്രപരമായ ഒരു സംഭവവികാസത്തിൻെറ പ്രവാഹത്തിൽ അതു വന്നുചേരുമെന്നു ഞങ്ങഠക്കു തോന്നി. ആഭ്യന്തരമായി ഞങ്ങഠ അതു സംബന്ധിച്ചു യാതൊരു പ്രവർത്തനവും ചെയ്തിട്ടില്ല.

അമേരിക്ക ഇടപെടണമെന്നു മിൻസെന്തി ആവശ്യപ്പെട്ടു എന്ന ആരോപണത്തെക്കുറിച്ചു പ്രസിഡൻറു ചോദിച്ചതിനു മറുപടിയായി അദ്ദേഹം താഴെക്കാണുന്ന പ്രസ്താവന നൽകി:

"ഞാൻ ഇതിനുമുമ്പു പ്രസ്താവിച്ചതുപോലെ ഈ തെളിവുകഠ ഞാൻ സ്വീകരിക്കുകയും, ഇതിൽ ചില രേഖകഠ അയച്ചുകൊടുത്തതായി സമ്മതിക്കുകയും, അതേക്കുറിച്ചു ഖേദിക്കുകയും ചെയ്യുന്നു. ഈ രേഖകഠ മൂന്നായി വിഭജിക്കപ്പെട്ടിരിക്കുന്നു. ആദ്യത്തെ ഇനം ചെറുതും അപ്രധാനമായതുമാണു്; അവ മേൽവിലാസമെഴുതി സജ്ജമാക്കി വച്ചിരുന്നെങ്കിലും അയച്ചുകൊടുക്കുകയുണ്ടായില്ല. പ്രധാനഭാഗമാകട്ടെ നൽകപ്പെട്ടു. അവയുടെ ഉദ്ദേശം ആരെയെങ്കിലും കുററപ്പെടുത്തുകയെന്നതായിരുന്നില്ല; സഹായിക്ക

ണമെന്നു മാത്രമായിരുന്നു. എൻെറ ഉദ്ദേശ്യം ശരിയായിരുന്നെങ്കിലും, അതിനു ഞാൻ സ്വീകരിച്ച രീതി പിശകായിപ്പോയി. ആ കത്തുകൾ ഞാൻ ഒരിക്കലും അയയ്ക്കാതിരുന്നെങ്കിൽ നന്നായിരുന്നു. ഭാവിയിൽ ഹങ്കേറിയൻ സംസ്ഥാനത്തിൻെറ കാര്യങ്ങൾ, ഹങ്കേറിയൻ ഗവമെൻറിൻെറ കാര്യങ്ങളായിത്തന്നെ ഞാൻ കരുതുന്നതായിരിക്കും."

പ്രക്ഷേപണം ചെയ്യപ്പെട്ട ഈ പ്രസ്താവന അവിടവിടെ ഇടയ്ക്കു വിച്ഛേദിക്കപ്പെട്ടുവെന്നും, തന്മൂലം അപൂർണ്ണമാണെന്നും വ്യക്തമാണല്ലൊ. ആരംഭത്തിൽ അദ്ദേഹം മൂന്നിനം കത്തുകളുടെ കാര്യം പറയുന്നുണ്ട്. എന്നാൽ അവയിൽ രണ്ടിനങ്ങളെപ്പററി മാത്രമേ റേഡിയോ പറയുന്നുള്ളു. മൂന്നാമത്തെ ഇനത്തിൽപ്പെട്ട കത്തുകൾ വാസ്തവത്തിൽ മിൻസെന്തി അയച്ചുകൊടുത്തവതന്നെയാണ്. ഹങ്കറിക്കാരായ യുദ്ധത്തടവുകാരുടെമേലും, ചെക്കോസ്ലാവാക്യയിലെ ന്യൂനപക്ഷങ്ങളുടെമേലും കമ്മ്യൂണിസ്റ്റ്കാർ ചുമത്തിയിരിക്കുന്ന ഭയങ്കരങ്ങളായ വ്യവസ്ഥകളെയും ഭാരങ്ങളെയും അവയിൽ വിമർശിച്ചിരുന്നു.

"ഞാൻ ഇവ വൈദേശികശക്തികൾക്കയച്ചുകൊടുത്തു". കർദ്ദിനാൾ പറഞ്ഞു. "അതേപ്പററി ഞാൻ ഖേദിക്കുന്നില്ല. എന്തെന്നാൽ അവ ഇടയനെന്ന നിലയിലുള്ള എൻെറ ജോലിയുടെ പരിധിയിൽ പെട്ടവയാണ്. ആവശ്യമായ സഹായം ചെയ്യണമെന്ന ഉദ്ദേശ്യത്തിലാണ് അവ എഴുതപ്പെട്ടതും". ഈ ഭാഗം പ്രക്ഷേപണത്തിൽനിന്നു വളരെ ശ്രദ്ധാപൂർവ്വം നീക്കംചെയ്യപ്പെട്ടിരുന്നു.

അനന്തരം രാജസ്ഥാനം പുനഃസ്ഥാപിക്കുന്നതു സംബന്ധിച്ച ഗൂഢാലോചനകളെപ്പററി പ്രസിഡൻറ് ചോദിച്ചു. അമേരിക്കയിലെ ചില സുശക്തഗ്രൂപ്പുകളുടെ പിൻതുണ അതിനു ലഭിച്ചിരുന്നോ എന്നുള്ള ചോദ്യത്തിന്, ലഭിച്ചിരുന്നു എന്നു മിൻസെന്തി മറുപടി പറഞ്ഞു. മിൻസെന്തിയെ ചിക്കാഗോവിൽവച്ചു ആർച്ച്ഡ്യൂക്ക് സന്ദർശി

ച്ചുവെന്ന വാർത്തയെ നിഷേധിച്ചുകൊണ്ട് ആർച്ച്ഡ്യൂക്ക് വിദേശപത്രങ്ങൾക്കു നൽകിയ പ്രസ്താവന പ്രസിഡൻറ് കർദ്ദിനാളിൻെറ ശ്രദ്ധയിൽപെടുത്തി. മിൻസെന്തി അതേപ്പററി മൗനമവലംബിക്കയൊണു ചെയ്തതു്.

ഹങ്കറിയിലെ സ്ഥിതിഗതികളെക്കുറിച്ച് അമേരിക്കൻ മിനിസ്റ്ററായ സെൽഡൻ ചാപ്പിന് അറിവുകൊടുത്തോ എന്നു തുടർന്നുണ്ടായ ചോദ്യത്തിന് അറിവുകൊടുത്തുവെന്നുതന്നെ മിൻസെന്തി മറുപടി പറഞ്ഞു.

"എന്തുതരത്തിലുള്ള അറിവാണു നിങ്ങൾ അദ്ദേഹത്തിനു കൊടുത്തതു്?" പ്രസിഡൻറ് ചോദിച്ചു. "ഇവിടത്തെ സ്ഥിതിഗതികളെ പ്രശംസിക്കയൊണോ ചെയ്തതു്?"

"നേരേ മറിച്ചായിരുന്നു". മിൻസെന്തി മറുപടിപറഞ്ഞു.

മി. ചാപ്പിൻ ഒരിക്കൽ എസ്റ്റർഗോം സന്ദർശിച്ചതിനെ പരാമർശിച്ചുകൊണ്ട്, രക്ഷപെടാൻ മിൻസെന്തിയെ സഹായിക്കാമെന്ന് അദ്ദേഹം പറയുകയുണ്ടായോ എന്നു പ്രസിഡൻറ് ചോദിച്ചു.

മിൻസെന്തി: അങ്ങനെ ഒരു വിചാരമേ ഉണ്ടായിരുന്നില്ല.

പ്രസിഡൻറ്: ഇങ്ങനെ വക്രമായ രീതിയിൽ ഉത്തരം പറയാതിരിക്കുക. ഉവ്വ് എന്നോ, ഇല്ല എന്നോ പറയുക. നാടുവിട്ടു പോകുന്നതിനു മി. ചാപ്പിൻ താങ്കൾക്കു സഹായവാഗ്ദാനം ചെയ്തുവോ?

മിൻസെന്തി (വിഹ്വലമായ സ്വരത്തിൽ): ഇതിനു ഞാൻ ഉത്തരം പറയണമോ?

പ്രസിഡൻറ്: നിങ്ങൾക്ക് ഏതിനെങ്കിലും ഉത്തരം പറയാതിരിക്കാം. എന്നാൽ ഉത്തരം പറയാതിരിക്കുന്നതുമൂലം സ്വയരക്ഷണത്തിനുള്ള സാദ്ധ്യതകൾ സ്വയമേവ നിങ്ങൾ ഉപേക്ഷിക്കയായിരിക്കും.

മിൻസെന്തി: ഉവ്വ്. നാടുവിട്ടുപോകുവാൻ എന്നെ സഹായിക്കാമെന്ന് അദ്ദേഹം പറഞ്ഞു.

മററുള്ളവരുടെ വിസ്താരം ത്വരിതഗതിയിൽ ആയിരുന്നു. മിക്ലോസ് നാഗിയും, ബെലാ ഇസ്സ്വാങ്കിയും ചാരവൃത്തി ഏറ്റുപറഞ്ഞു. അതിനിടയിൽ രസകരമായ ഒരു സംഭവമുണ്ടായി.

“ഇംഗ്ലണ്ടിനോ അമേരിക്കയ്ക്കോ വേണ്ടി ചാരവൃത്തി നടത്തുന്നതു കുററകരമാണെ”ന്നു സ്റ്റേററു് പ്രോസിക്യൂട്ടർ പ്രസ്താവിച്ചു. ഉടനെ പ്രസിഡൻറു് ഇടപെട്ടു് ഇങ്ങനെ തിരുത്തിക്കൊടുത്തു. “ഏതു രാജ്യത്തിനുവേണ്ടിയും ചാരവൃത്തി നടത്തുന്നതു കുററകരമാണു്.”

ഡോക്ടർ ലാസ്ലോ ടോത്തു്, മോസ്കോ വിസ്താരത്തെ അനുസ്മരിപ്പിക്കുന്ന, ഭയസംഭ്രാന്തികളോടുകൂടി വിളിച്ചുപറഞ്ഞു: “ഞാൻ കുററക്കാരനാണു്. ഞാൻ അപരാധം പ്രവത്തിച്ചു. അതിനു ഞാനിപ്പോൾ സമാധാനം പറയണം.”

വിസ്താരസമയം മുഴുവൻ മിൻസെന്തി പ്രശംസാർഹമായ ഒരു പ്രശാന്തത പാലിച്ചിരുന്നു. എന്നാൽ അദ്ദേഹത്തിൻെറ കണ്ണുകളിലെ തുറിച്ചുനോട്ടവും, ഇടയ്ക്കിടെ ഇടിമിന്നൽ പായുംപോലെ ആ കണ്ണുകളിൽകണ്ട ധാമ്മികകോപത്തിൻെറ ഉഗ്രതയും, വിസ്താരം പ്രതീക്ഷിച്ചു ജയിലറകളിൽ കഴിച്ചുകൂട്ടിയ നാളുകളിലെ ചോദ്യസമ്മർദ്ദത്തിൻെറയും, മയക്കുമരുന്നുപ്രയോഗത്തിൻെറയും ഭീകരമായ ലക്ഷണങ്ങളായിരുന്നു. വിസ്താരസമയത്തു് അദ്ദേഹത്തിൻെറ ഫോട്ടോ എടുത്തു പ്രസിദ്ധംചെയ്യാൻ അനുവദിച്ചതു കമ്മ്യൂണിസ്റ്റുകാക്കു പററിപ്പോയ ഒരു നോട്ടപ്പിഴയാണു്. അദ്ദേഹത്തെ മുമ്പു കണ്ടിട്ടുള്ളവക്കു്, അദ്ദേഹത്തിൻെറ ഛായാപടമെങ്കിലും കണ്ടിട്ടുള്ളവക്കു്, അദ്ദേഹത്തിൻെറ സാധാരണരൂപവും കോടതിമുറിയിലെ രൂപവും തമ്മിലുള്ള അന്തരം ഭയങ്കരമായി അനുഭവപ്പെട്ടു. അദ്ദേഹത്തിനു

സഹിക്കേണ്ടിവന്ന ദണ്ഡനങ്ങളെ, ഏതു വിവരണത്തെക്കാളും കൂടുതൽ വിശദമായി, അതു വെളിപ്പെടുത്തുന്നു.

സ്റ്റേററു് പ്രോസിക്യൂട്ടർ വിസ്താരസമയത്തു മറെറാരു വിചിത്രമായ കാര്യം ഉന്നയിച്ചു. ജനുവരി 23-ാംതീയതി മിൻസെന്തി സെൽഡൻ ചാപ്പിനു സ്വന്തം കൈയക്ഷരത്തിൽ എഴുതിയതെന്നു പറയപ്പെടുന്ന ഒരു കത്തു് ആയാൾ ഹാജരാക്കി. ആ കത്തു് ഇങ്ങനെയാണു്:

“മിസ്റ്റർ മിനിസ്റ്റർ, വ്യാഴാഴ്ചയ്ക്കുമുമ്പു് എന്തെങ്കിലും ചെയ്യണം. ചെയ്യണമെന്നു താങ്കളോടു ഞാൻ അഭ്യർത്ഥിക്കുന്നു. എന്തെന്നാൽ വിധിവാചകം നിർണ്ണയം ചെയ്തുകഴിഞ്ഞിരിക്കുന്നു. അമേരിക്കൻ ഐക്യസംസ്ഥാനങ്ങളെക്കൂടി ഉൾപ്പെടുത്തത്തക്കവിധത്തിലാണു കേസു് വിസ്താരത്തിന്റെ പ്ലാൻ. ഔദ്യോഗികരഹസ്യങ്ങൾ കൈമാററം ചെയ്തുകൊണ്ടു ഞാൻ അമേരിക്കയിൽനിന്നു പണം വാങ്ങിയെന്നാണു് എന്നിൽ കുററമാരോപിക്കുന്നവർ തെളിയിക്കാൻ ശ്രമിക്കുന്നതു്. എനിക്കുവേണ്ടി ഒരു കാറും ഒരു വിമാനവും സജ്ജമാക്കണമെന്നു ഞാൻ താങ്കളോടു് അഭ്യർത്ഥിക്കുന്നു. മറെറാരു പോംവഴിയുമില്ല. നാലായിരം ഡോളർ പൈലററിനു നൽകാമെന്നു വാഗ്ദാനം ചെയ്യുക. അതു ഞാൻ തന്നുകൊള്ളാം.”

അടുത്തകാലത്തു് ഈ കത്തിന്റെ ഒരു ഫോട്ടോഗ്രാഫിക്കു് കോപ്പിയും, മിൻസെന്തിയുടെ കൈയെഴുത്തിന്റെ മററു മാതൃകകളും അമേരിക്കൻ കൈയെഴുത്തുവിദഗ്ദ്ധന്മാർ സശ്രദ്ധം പരിശോധിക്കുകയുണ്ടായി. അതിസമർത്ഥന്മാരായ കൈയെഴുത്തുവിദഗ്ദ്ധന്മാർ നിർമ്മിച്ച ഒരു വ്യാജരേഖയാണിതെന്നു് അവർ അസന്ദിഗ്ദ്ധമായി അഭിപ്രായപ്പെട്ടിരിക്കുന്നു.

ഈ കേസു് വിസ്താരം ഒരു മതമർദ്ദനത്തെയല്ല പ്രതിഫലിപ്പിക്കുന്നതെന്നും, വഞ്ചകനായ ഒരു രാജ്യദ്രോഹിയുടെമേൽ ന്യായം നടത്തുകമാത്രമാണു ഗവമ്മെണ്ടിന്റെ ഉദ്ദേ

ശ്യമെന്നും, തന്റെ സമാപനപ്രസംഗത്തിൽ പ്രോസിക്യൂട്ടർ ഊന്നിപ്പറഞ്ഞു.

"ഈ പ്രതികളുടെ കുററങ്ങൾക്ക് ഏററവും കഠിനമായ ശിക്ഷ നൽകുന്നതിനെ ന്യായീകരിക്കാത്ത നിയമങ്ങൾ ലോകത്തിലെ ഒരു രാജ്യത്തും ഉണ്ടായിരിക്കുകയില്ല. മററെല്ലാ ഭരണകൂടങ്ങൾക്കുമുള്ളതുപോലെ ഹങ്കേറിയൻ ജനാധിപത്യത്തിനും അതിന്റെ ശത്രുക്കളുടെമേൽ നടപടികൾ നടത്താൻ അവകാശമുണ്ട്. ഈ ബോദ്ധ്യത്തിനനുസരണമായി പ്രവത്തിക്കാത്തപക്ഷം ഞാൻ എന്റെ പ്രോസിക്യൂട്ടർ എന്ന ഉദ്യോഗത്തെത്തന്നെ വഞ്ചിക്കുകയായിരിക്കും ചെയ്യുന്നത്. തങ്ങൾക്കെതിരായി ഹാജരാക്കപ്പെട്ട രേഖകളുടെ സാധുതയെ പ്രതികളിലാരുംതന്നെ നിഷേധിച്ചിട്ടില്ല. അവർ റിപ്പബ്ളിക്കിനെതിരായി ഗൂഢാലോചന നടത്തി. അവർ ചാരന്മാരാണ്. വിധി നിർണ്ണയിക്കുന്നതിനു മുമ്പായി കോടതി ഒരു കാര്യം പരിചിന്തിക്കണം. മിൻസെന്തിയുടെ സ്ഥാനം അദ്ദേഹത്തിന്റെ കുററത്തെ മററുള്ളവരുടേതിനേക്കാൾ ഗുരുതരമാക്കുന്നു. സഭയെ റിപ്പബ്ളിക്കിന്റെ ഒരു ശത്രുവായി കാണത്തക്കവിധം പ്രവത്തിച്ചുകൊണ്ട് അദ്ദേഹം കത്തോലിക്കാമതത്തിന്റെ നേരേതന്നെ സംശയം ജനിപ്പിച്ചിരിക്കുന്നു."

പ്രോസിക്യൂട്ടർ തുടന്നു: "മിൻസെന്തി ചാപ്പിനോടു സഹായമപേക്ഷിച്ചു. ചാപ്പിൻ അതദ്ദേഹത്തിനു വാഗ്ദാനവും ചെയ്തു. വിദേശത്തുള്ള ഹങ്കേറിയൻ കത്തോലിക്കരെ പ്രതിനിധാനം ചെയ്യുവാൻ ആർച്ച്ഡ്യൂക്ക് ഓട്ടോയെ അധികാരപ്പെടുത്തണമെന്ന ആശയം ആവിഷ്കരിച്ചതു കർദ്ദിനാൾ സ്പെൽമാനാണ്."

മിൻസെന്തിയെ ഏററവും കഠിനമായി ശിക്ഷിക്കണമെന്നഭ്യർത്ഥിച്ചുകൊണ്ടു പ്രോസിക്യൂട്ടർ പറഞ്ഞതിങ്ങനെയാണ്: "ആ വിധിവാചകം മററുള്ളവക്ക് ഒരു പാഠമായിരിക്കണം."

പ്രതിഭാഗം വക്കീലായ ഡോക്ടർ കാൽമാൻ കിക്സ്സോയുടെ വാദം കേവലം വഞ്ചനാത്മകമായ ഒരു വേഷം കെട്ടലായിരുന്നു. പ്രതി, ജനകീയജനാധിപത്യത്തിന് ഉപദ്രവം വരുത്തിവെച്ചുവെന്നു കിക്സ്സോ പൂൎണ്ണമായി സമ്മതിച്ചു. കട്ടിനാൾതന്നെ അതു സമ്മതിച്ചിട്ടുണ്ടെന്നുപോലും ആയാൾ ചൂണ്ടിക്കാണിച്ചു. ഹങ്കറിയിൽ മതമൎദ്ദനം നടക്കുന്നില്ലെന്നും, മതസ്വാതന്ത്ര്യം യാതൊരുവിധത്തിലും ഭഞ്ജിക്കപ്പെടുന്നില്ലെന്നുമുള്ള സ്റ്റേററ് പ്രോസിക്യൂട്ടറുടെ പ്രസ്താവനതന്നെ ആയാളും ആവൎത്തിച്ചു. ഭ്രഷ്ടാചരണത്തെക്കുറിച്ചും ആയാൾ ദീൎഘമായി പ്രതിപാദിച്ചു. സഭതന്നെ ഒരു വലിയ ഭ്രഷ്ടമയാണെന്നും, അതു നീതിയിൽ അധിഷ്ഠിതമല്ലെന്നുംകൂടി ആയാൾ അഭിപ്രായപ്പെട്ടു. തൻെറ തന്നെ ബോദ്ധ്യത്തിനെതിരായി, വത്തിക്കാനിൽനിന്നുള്ള ആജ്ഞകൾക്കു കട്ടിനാൾ വിധേയനാണെന്ന വസ്തുത അദ്ദേഹത്തിൻെറ നേൎക്ക് അനുഭാവപൂൎവ്വം വീക്ഷിക്കേണ്ടുന്ന ഒരു സാഹചൎയ്യമായി കിക്സ്സോ ചൂണ്ടിക്കാണിച്ചു. സ്റ്റേററിൻെറ വിദ്യാഭ്യാസനയത്തോടു മിൻസെന്തിക്കുള്ള മനോഭാവത്തെ ഇങ്ങനെയാണ് ആയാൾ വിശദീകരിച്ചതു്.

ആയാൾ ഇങ്ങനെ തുടൎന്നു: "ഒരു പ്രിമേററ് അരമനയിലെ മഹത്തായ ഏകാന്തതയിൽ വസിച്ചിരുന്ന പ്രതി ഒരു ദന്തഗോപുരത്തിലാണു കഴിഞ്ഞുകൂടിയിരുന്നതു്; തന്മൂലം ചരിത്രത്തിൻെറ അപരിഹാൎയ്യമായ വികാസത്തെക്കുറിച്ച് ഒന്നും മനസ്സിലാക്കുവാൻ കഴിഞ്ഞിരുന്നില്ല. പ്രതിതന്നെ തൻെറ കുററം സമ്മതിച്ചിരിക്കുന്നുവെന്നതു ജനകീയജനാധിപത്യത്തിന് ഒരു നേട്ടമാണു്. ഹങ്കറിയിൽ മതം പീഡിപ്പിക്കപ്പെടുന്നുവെന്നു പലേടത്തുനിന്നും ആക്ഷേപം പുറപ്പെട്ടുകാണുന്നുണ്ടു്. എന്നാൽ ഇപ്പോൾ ഈ കേസ്സ് വിചാരണ നടന്നിട്ടുള്ളതുകൊണ്ടു നമ്മെ തെററായി കുററം വിധിച്ചിരുന്നവൎക്ക്, ഇവിടെ നടമാടുന്ന

സ്വതന്ത്രമായ കേസന്വേഷണത്തിന്റെ ചൈതന്യം നല്ല പോലെ മനസ്സിലാകുവാൻ സാധിക്കുന്നതാണ്. പ്രതി കളു തന്റെ നില സംരക്ഷിക്കുന്നതിനുള്ള സ്വാതന്ത്ര്യം നാം എങ്ങനെ പ്രാവർത്തികമാക്കുന്നുവെന്ന് അവർക്കു കാ ണാം. പ്രതികളെ കുററംവിധിക്കുന്നതു് അവരുടെ സ്വന്തം മനസ്സാക്ഷിതന്നെയാണെന്നു ഗ്രഹിക്കുകയും ചെയ്യാം. ന മ്മുടെ എതിരാളികളുടെ ആരോപണങ്ങളെല്ലാം നിലംപ തിച്ചിരിക്കുന്നു. നമ്മുടെ മേൽ കുററം ചുമത്തുന്നവരുടെ ദുരുപദിഷ്ടതതന്നെ തെളിയിക്കപ്പെട്ടിരിക്കുന്നു.” വിദ്യാല യദേശസാൽക്കരണത്തെ അഭിനന്ദിക്കുകയും അനുകൂലിക്കു കയും ചെയ്തുകൊണ്ടാണു പ്രതിഭാഗം വക്കീൽ പ്രസംഗം അവസാനിപ്പിച്ചതു്.

ഹങ്കേറിയൻ നിയമമനുസരിച്ചു കേസ്‌വിചാരണ യിൽ അവസാനമായി പറയാനുള്ള അവകാശം പ്രതിക്കാ ണ്. ഈ സൗകര്യം വിനിയോഗിച്ചുകൊണ്ടു മിൻസെ ന്തി ദീർഘമായ ഒരു പ്രസ്താവന ചെയ്തു. തന്റെ മനസ്സി നെ മയക്കുമരുന്നുകളുടെ പിടിയിൽനിന്നും മാന്ദ്യത്തിൽനി ന്നും വിമോചിപ്പിക്കുന്നതിനുള്ള ഒരു തീവ്രയത്നം അതിൽ നിഴലിച്ചുകാണുന്നുണ്ടു്. എന്നാലും അതു കുഴഞ്ഞുമറിഞ്ഞ ഒരു പ്രസ്താവനയായിത്തന്നെയിരിക്കുന്നു.

“അവസാനവാക്കുകൾ പറയാനുള്ള അവകാശം ഉ പയോഗിക്കുന്നതിൽ, ആരോപണങ്ങളുടെ ഭാണ്ഡവും പേ റിക്കൊണ്ടു കോടതിയിൽ എഴുന്നേററു നിൽക്കുന്ന ഒരാൾ ക്കു ഭാരിച്ച ചുമതലയാണുള്ളതു്”. അദ്ദേഹംപ്രസ്താവിച്ചു.

“അരശതാബ്ദക്കാലത്തെ ജീവിതത്തിനിടയിൽ സ മ്പാദിച്ച വിദ്യാഭ്യാസത്തോടും അടിസ്ഥാനതത്വങ്ങളോടും കൂടെയാണു ഞാൻ ഇവിടെ നിൽക്കുന്നതു്. ഭൂമിയിൽ തീവണ്ടിപ്പാതകൾ പണിതിരിക്കുന്നതുപോലെയാണ് ഈ തത്വങ്ങൾ ആത്മാവിലേക്കു പണിതുറപ്പിച്ചിരിക്കു ന്നതു്. തീവണ്ടിപ്പാതകൾ വണ്ടികളെ വഴിതെററാതെ

സൂക്ഷിക്കുംപോലെ ഈ തത്വങ്ങൾ നമ്മെയും നേർവഴിക്കു നയിക്കുന്നു.

"കോടതിയുടെയും പോലീസധികാരികളുടെയും മുൻപിൽ നിൽക്കുന്ന എന്നെ അഭിമുഖീകരിക്കുന്ന ചോദ്യങ്ങളും ഉത്തരങ്ങളും അധികാരികൾക്കു മാത്രമല്ല ആത്മാവിനും വെളിച്ചം നൽകുന്നവയാണ്. ഞാൻ സ്വയം നൽകിയിരിക്കുന്ന സമാധാനങ്ങൾ പരിശോധിക്കുമ്പോൾ, ജീവിതത്തിൽ ഒരിക്കൽപോലും എനിക്കു സന്മനോഭാവം കൈവെടിയേണ്ടിവന്നിട്ടില്ലായെന്നുള്ളതിൽ ഞാൻ ദൈവത്തോടു നന്ദിപറയുന്നു. നിയമത്തിന് എതിരായി പ്രവർത്തിക്കുവാൻ ഞാൻ ഒരിക്കലും ആഗ്രഹിച്ചിട്ടില്ല. എൻെറ നിയന്ത്രണത്തിനതീതമായ സാഹചര്യങ്ങൾ അമ്മാതിരി ഒരു ഏററുമുട്ടലിൽ എന്നെകൊണ്ടുചെന്നെത്തിച്ചിട്ടുണ്ടെങ്കിൽ ഞാനതേററു പറഞ്ഞിട്ടുണ്ടു; പശ്ചാത്തപിച്ചിട്ടുമുണ്ട്.

രണ്ടാമതായി, ഞാൻ മുൻപും ഇപ്പോഴും ഹങ്കേറിയൻ ജനതയുടെ ഒരു ശത്രുവല്ലായെന്നുള്ളതിലും ഞാൻ ദൈവത്തോടു കൃതജ്ഞനായിരിക്കുന്നു. എൻെറ തന്നെ കുടുംബം ഉൾപ്പെടുന്ന ഹങ്കറിയിലെ കർഷകവർഗ്ഗത്തോടും തൊഴിലാളിവർഗ്ഗത്തോടും എനിക്കൊരുകാലത്തും പിണങ്ങേണ്ടിവന്നിട്ടില്ല. യാതൊരു വർഗ്ഗത്തിൻെറയും യാതൊരവകാശവും അപഹരിക്കുവാൻ ഞാൻ ആഗ്രഹിച്ചിട്ടില്ല.

"രണ്ടാം ലോകമഹായുദ്ധത്തിനുശേഷം വിഷമംപിടിച്ച ചരിത്രപരമായ ഒരു ചുമതലയാണ് എനിക്കു നിർവ്വഹിക്കേണ്ടിവന്നതു്. സുവിശേഷത്തിൻെറ സ്നേഹമാധുരിയും പ്രകാശധോരണിയും പ്രസംഗിക്കുവാൻ ഞാൻ ബാദ്ധ്യസ്ഥനായിരുന്നു.

"ഭൂപരിഷ്കരണത്തേയും, സഭയും രാഷ്ട്രവും തമ്മിലുള്ള ബന്ധത്തേയും കുറിച്ച് ഇവിടെ പലതവണ പ്രതിപാദിക്കുകയുണ്ടായി. 1945 മേയ്മാസത്തിൽ മെത്രാന്മാരുടെ സമ്മേളനം പുറപ്പെടുവിച്ച ഒരു ഇടയലേഖനത്തിൽ ഭൂപ

രിഷ്കരണപദ്ധതിയനുസരിച്ചു പുതുതായി ഭൂവുടമകളായി തീൎന്നവൎക്ക് അനുഗ്രഹാശിസ്സുകൾ അയച്ചിരുന്ന വസ്തുത ഈ ഘട്ടത്തിൽ ഞാൻ ചൂണ്ടിക്കാണിച്ചുകൊള്ളട്ടെ. സ്ഥിരോത്സാഹികളായ ചെറുഭൂവുടമകളുടെ പക്കൽനിന്നു ഭൂമി തിരിച്ചെടുക്കണമെന്നു തങ്ങൾ ആവശ്യപ്പെട്ടിട്ടില്ലെന്നു മെത്രാന്മാരുടെ സംഘം നാലുതവണ ആവൎത്തിച്ചു പ്രഖ്യാപിച്ചിട്ടുണ്ട്. ആ പ്രഖ്യാപനത്തെ വൎജ്ജിക്കാൻ ഒരിക്കലും നിരാകരിച്ചിട്ടുമില്ല.

"എന്റെ മനസ്സാക്ഷിയെ ഞാൻ കൎശനമായി പരിശോധിച്ചുനോക്കിയതിൽ, ഒരുകാലത്തും ഞാൻ ഹങ്കേറിയൻ ജനതയുടെ ശത്രുവായിരുന്നിട്ടില്ലെന്ന് എനിക്കു ബോദ്ധ്യപ്പെട്ടിരിക്കുന്നു. അതിൽ എനിക്കു ദൈവത്തോടു നന്ദിയുണ്ട്. രാഷ്ട്രവും സഭയും തമ്മിലുള്ള സമാധാനത്തിനു ഞാൻ ഒരിക്കലും എതിരായിരുന്നിട്ടില്ല. ആ സമാധാനം ചിരസ്ഥായി ആയിരിക്കത്തക്ക വ്യവസ്ഥകൾ ഞാൻ ആവിശ്യപ്പെടുകമാത്രമേ ചെയ്തിട്ടുള്ളു.

"എന്റെ വീക്ഷണഗതി, ജനുവരി 29-ാം തീയതി ഞാൻ നീതിന്യായമന്ത്രിക്കെഴുതിയ കത്തിൽ പ്രതിഫലിപ്പിച്ചിട്ടുണ്ട്. അതു കോടതിയിൽ വായിച്ചല്ലൊ. ആ വീക്ഷണഗതിയെ ഞാൻ അവലംബിക്കുകതന്നെ ചെയ്യുന്നു.

"ഇന്നു രാവിലെ എന്റെ ചുണ്ടുകളിൽനിന്ന് ഈ പ്രാൎത്ഥന ഉയൎന്നു: ദൈവം നമുക്ക് ഈ കാലത്തു സമാധാനമരുളട്ടെ; ഭാവിയിൽ മാത്രമല്ല ഈ കാലത്തും സമാധാനമരുളട്ടെ. ഞാൻ എക്കാലവും സ്നേഹിച്ചുപോന്നിട്ടുള്ള എന്റെ സഭയ്ക്കുവേണ്ടി ഞാൻ സമാധാനം അൎത്ഥിക്കുന്നു. ഞാൻ അനുസരിച്ചുപോന്നിട്ടുള്ള ഹങ്കേറിയൻ രാഷ്ട്രത്തിനുവേണ്ടിയും, എന്റെതന്നെ ആത്മാവിനുവേണ്ടിയും ഞാൻ സമാധാനമഭ്യൎത്ഥിക്കുന്നു. ഇവിടെയും പുറംനാട്ടിലും സ്വീകാൎയ്യമായ ഒരു തീരുമാനത്തിലെത്തിച്ചേരാനുള്ള വിവേകം ഈ കോടതിക്കു നൽകണമേ എന്നു ഞാൻ ദൈ

വത്തോടപേക്ഷിക്കുന്നു.”

കോടതി രണ്ടു ദിവസത്തേക്കു നിർത്തിവച്ചു. വീണ്ടും കൂടിയപ്പോൾ, മിൻസെന്തിക്കു ജീവപര്യന്തം തടവുശിക്ഷ നൽകിയിരിക്കുന്നതായി കോടതി പ്രഖ്യാപിച്ചു.

x x x

അവിളംബം ലോകത്തിൻെറ നാനാഭാഗങ്ങളിലുമുള്ള സ്വതന്ത്രരാഷ്ട്രങ്ങളിൽനിന്നു പ്രതിഷേധസ്വരമുയർന്നുതുടങ്ങി. ന്യൂയോർക്കിലെ സെൻറ് പാട്രിക് കത്തീഡ്രലിൽ ഫെബ്റുവരി 6-ാം തീയതി കർദ്ദിനാൾ സ്പെൽമാൻ മിൻസെന്തിയെ പരാമർശിച്ച് ഒരു പ്രസംഗംചെയ്തു. അദ്ദേഹം ഇങ്ങനെയാണ് അതു തുടങ്ങിയതു്.

“ ‘എൻെറ ജനങ്ങളേ, ഒരു പുതിയ ദേവൻ നിങ്ങളുടെ മദ്ധ്യേ വന്നിരിക്കുന്നു. ഈ ദേവൻെറ ഉജ്ജ്വലനേത്രങ്ങൾ ധൂപധൂമികയിലൂടെയോ, ബലിവേദിയിലെ മെഴുകുതിരികളുടെ കിരണാവലികളിലൂടേയോ തിളങ്ങുന്നില്ല. പുണ്യവാന്മാരുടെ ഇരുളടഞ്ഞ സ്വർണ്ണച്ചട്ടങ്ങളുള്ള ചിത്രങ്ങളിൽനിന്നും അവ മിന്നുന്നില്ല. ഈ പുതിയ ദേവൻ ഭക്തന്മാരുടെ ചുംബനങ്ങളേററു മിനുസപ്പെട്ട ഒരു ശിലാവിഗ്രഹമല്ല. അവിടുന്നു സ്വർഗ്ഗത്തിലല്ല ജനിച്ചതു്. അവിടുന്നു അകലെയല്ല; നമ്മിൽനിന്ന് ഒളിച്ചിരിക്കുന്നുമില്ല. ഭൂമിയിൽ രക്തത്തിൽനിന്നു പിറന്നവനാണവിടുന്ന്. ഈ ദേവൻെറ പാദാഘാതങ്ങളേററു ഭൂഗോളം പ്രാചിമുതൽ പ്രതീചിവരെ വിറകൊള്ളുന്നു. ഇതാണ് ‘രക്തദേവൻ’. അവിടുത്തെ സമ്മർദ്ദമേററു സെയിൻ നദി പ്രകമ്പിതമായി കൂലങ്ങളെ തകർക്കുന്നു. ജെറീക്കൊയെപ്പോലെ വെസ്റ്റ്മിനിസ്റ്റർ നടുനടുങ്ങുന്നു. നീലച്ഛവി കലർന്ന കടലും കടന്ന് അവിടുത്തെ രക്താഭമായ നിഴൽപ്പാട്ടു വൈററ്ഹൗസിൻെറ ഭിത്തികളിൽ വീഴുന്നു. ഓശാനാ! നവ്യദേവാ!!’

“പ്രിയസുഹൃത്തുക്കളെ, ഇവ എൻെറ വാക്കുകളല്ലെ

ന്നു നിങ്ങൾക്കറിയാം. ഒരു ഹങ്കേറിയൻ കമ്മ്യൂണിസ്റ്റി ൻെറ വാക്കുകളാണിവ. വഷളത്തവും വൈകല്യവും നിറ ഞ്ഞവരുടെ ചിന്തകളെ പ്രതിഫലിപ്പിക്കുന്ന വാക്കുകൾ. സത്യമോ സ്നേഹമോ നീതിയോ വിശ്വാസമോ എന്തെന്ന റിയാത്ത മനുഷ്യരുടെ വാക്കുകൾ. സാത്താനേയും സ്റ്റാലി നേയും മാത്രം തങ്ങളുടെ ദേവന്മാരായി അറിയുന്ന മനുഷ്യരു ടെ വാക്കുകൾ.

"ഞാൻ മുകളിൽ ഉദ്ധരിച്ച വാക്കുകൾ സാത്താനിൽ നിന്നു ജനിച്ച ഒരു മനുഷ്യൻെറ പേനയിൽനിന്നു പുറപ്പെ ട്ടിട്ടുള്ളതും, കമ്മ്യൂണിസ്റ്റ് അടിമത്തത്തിൽപെട്ട നാട്ടുകളി ലെ യുവാക്കന്മാരെ പഠിപ്പിച്ചുവരുന്നതുമാകുന്നു. ആ നാട്ടു കളിൽ, എല്ലാവരും എല്ലാവരെയും ഭയപ്പെടുകയും, പുത്രൻ തൻെറ പിതാവിനെ ഭയപ്പെടുകയും, പിതാക്കന്മാർ തങ്ങ ളുടെതന്നെ രക്തമായ മക്കളെ ഭയപ്പെടുകയും, എല്ലാവരും നിഷ്ഠുരനായ ബാൽദേവൻെറ അടിമകളും ഇരകളുമായി ത്തീരുകയും ചെയ്യുന്നു.

"ഞാൻ മുകളിൽ ഉദ്ധരിച്ച ദൈവദൂഷണപരങ്ങളായ വാക്കുകൾ നിഷ്ഠുരങ്ങളായ വാക്കുകളാകുന്നു; എന്നാലും അവ നമുക്കൊരു താക്കീതാണ്. അതർഹിക്കുന്ന ഗൗരവത്തോ ടുകൂടി നാം അതിനെ വീക്ഷിക്കുകയും, പ്രാർത്ഥനകൊണ്ടും പ്രവർത്തനങ്ങൾകൊണ്ടും പ്രതിവിധി ചെയ്യുകയും ചെയ്യു ന്നില്ലെങ്കിൽ അമേരിക്കയുടെയും ലോകത്തിൻെറയും ശാപ വിധിയെയായിരിക്കും അവ കുറിക്കുന്നതു്."

അനന്തരം കർദ്ദിനാൾ മിൻസെൻതിക്കു സഹിക്കേണ്ടി വന്ന ദണ്ഡനങ്ങളെക്കുറിച്ചു് ഒരു ചുരുങ്ങിയ വിവരണം അ ദ്ദേഹം നൽകി. മിൻസെൻതി ന്യൂയോർക്കു സന്ദർശിച്ച അ വസരത്തിൽ "എൻെറ ശത്രുക്കൾക്കു് എന്നിൽനിന്നു് എ ൻെറ ജീവനല്ലാതെ മറെറാന്നും അപഹരിക്കാൻ സാദ്ധ്യമ ല്ല. അതു നേരത്തെതന്നെ ഞാൻ ദൈവത്തിനു സമർപ്പി ച്ചും കഴിഞ്ഞിരിക്കുന്നു" എന്നു പ്രസ്താവിച്ചതിനേയും അ

ദ്ദേഹം അനുസ്മരിച്ചു. അനന്തരം കട്ടിനാൾ സ്പെൽമാൻ അമേരിക്കക്ക് ഒരു താക്കീതു നൽകി. അദ്ദേഹം പറഞ്ഞു: "നമ്മുടെ പ്രിയപ്പെട്ട മാതൃഭൂമിയിൽ, ഓരോ സ്വാതന്ത്ര്യവ്യക്തിയും അവൻെറ ആന്തരികസത്തയെ അവികലം സംരക്ഷിക്കുന്നതിനും, ദൈവദത്തമായ സ്വാതന്ത്ര്യങ്ങളെ കാത്തുസൂക്ഷിക്കുന്നതിനും, അമേരിക്കയേയും ദൈവസ്നേഹത്തിൽ വത്തിക്കുന്ന ഇതരജനായത്തരാഷ്ട്രങ്ങളേയും, വഞ്ചനയിൽനിന്നും പീഡനങ്ങളിൽനിന്നും അനത്ഥങ്ങളിൽനിന്നും പരാഭവങ്ങളിൽനിന്നും കാത്തുരക്ഷിക്കുന്നതിനും കഴിവുററു ശ്രമിക്കേണ്ടതാണ്. കട്ടിനാൾ മിൻസെന്തിയുടെ രക്തസാക്ഷിത്വത്തിൽനിന്നു നാമൊരു പാഠം പഠിക്കുന്നില്ലെങ്കിൽ നാം പരാജിതരായിത്തീരും. കമ്മ്യൂണിസ്റ്റ്കാർ നമ്മെയും ആക്രമിച്ചു കീഴടക്കി സംഹരിക്കും.

"സ്വേച്ഛാധിപതികൾക്കെതിരായുള്ള എതിർപ്പു ദൈവത്തോടുള്ള അനുസരണമാകുന്നു........

"നാം, അമേരിക്കൻ ജനത, മറയരും കമ്മ്യൂണിസ്റ്റ്കളുടെ ഉപകരണങ്ങളുമായി തീരണമോ?........

"കട്ടിനാൾ മിൻസെന്തിയെപ്പോലുള്ള ദേശാഭിമാനികളും, ദൈവസ്നേഹികളും, ആത്മചരിതരുമായ ജനങ്ങളെ മദ്ദനങ്ങൾക്കും പീഡനങ്ങൾക്കും വിധേയരാക്കുന്നതുപോലെ, രാജ്യങ്ങളെ അടിമപ്പെടുത്തുകയും ജനങ്ങളെ മദ്ദിക്കുകയും ചെയ്യുന്നതുപോലെ, കമ്മ്യൂണിസ്റ്റ്കാർ അമേരിക്കരുടെ അഭിമാനത്തെയും സഭ്യതയെയും ക്ഷതപ്പെടുത്തുന്നതും അധിക്ഷേപിക്കുന്നതും നാം എക്കാലവും സഹിച്ചുകൊണ്ടു കഴിയണമോ?"

വത്തിക്കാനിൽ, പന്ത്രണ്ടാം പീയൂസ് മാപ്പാപ്പാ, പേപ്പൽ സിംഹാസനത്തിൽ എഴുന്നള്ളിയിരുന്നുകൊണ്ടു പതിനാറു കട്ടിനാളന്മാരെ അഭിസംബോധനചെയ്തു്, മിൻസെന്തിയുടെ അറസ്റ്റിനെയും ശിക്ഷാവിധിയേയുംകുറിച്ചു്, ഇങ്ങനെ പ്രസ്താവിച്ചു. "സഭയുടെയും നിങ്ങളുടെ സമുന്നാ

തമായ സംഘത്തിൻെറയുംമേൽ മാത്രമല്ല, മനുഷ്യസ്വാതന്ത്ര്യത്തിൻേറയും മനുഷ്യമഹത്വത്തിൻേറയും എല്ലാ സംരക്ഷകരുടെമേലും, അഗാധവും ഗുരുതരവുമായ ഒരു ക്ഷതമേല്പിക്കപ്പെട്ടിരിക്കുന്നു. ഹങ്കറിയിലെ കത്തോലിക്കസഭയെ ഛിന്നഭിന്നമാക്കണമെന്ന ഏകോദ്ദേശ്യത്തോടുകൂടിയാണു് ആ വിസ്താരം നടത്തപ്പെട്ടതു്. 'ഞാൻ ഇടയനെ അടിക്കും; ആട്ടുകൾ ചിതറപ്പെടുകയും ചെയ്യും' എന്നു വിശുദ്ധ ലിഖിതത്തിൽ പറഞ്ഞിരിക്കുന്നതുതന്നെയായിരുന്നു അതിൻെറ ഉദ്ദേശ്യം. ഇപ്പോൾ, അതിമാത്രം യോഗ്യനായ ആ സഭാദ്ധ്യക്ഷൻ ഒരു കുററവാളിയെപ്പോലെ ശിക്ഷിക്കപ്പെട്ടിരിക്കുന്ന സ്ഥിതിക്കു നമുക്കു ശക്തിയായ പ്രതിഷേധസ്വരം മുഴക്കാതെ നിവൃത്തിയില്ല."

തിരുസഭാദ്ധ്യക്ഷൻ പ്രതിഷേധം പുറപ്പെടുവിക്കുമെന്നു പ്രതീക്ഷിക്കാമായിരുന്നു. എന്നാൽ അതൊരു തുടക്കം മാത്രമെ ആയിരുന്നുള്ളു. ഇററലിയൊട്ടുക്കു പ്രതിഷേധയോഗങ്ങൾ നടന്നു. മിലാനിൽ കൂടിയ പ്രതിഷേധയോഗം കലക്കുവാൻ പുറപ്പെട്ട കമ്മ്യൂണിസ്റ്റ്കാരോടു 5,000 കത്തോലിക്കർ ധീരമായി പൊരുതി. ഇററാലിയൻ ഗവമ്മെണ്ടു ഹങ്കേറിയൻ കത്തോലിക്കക്കു സാഹോദര്യൈക്യത്തിൻെറ ഒരു സന്ദേശം അയച്ചുകൊടുത്തു. പാരീസിൽ പല പാർട്ടികളിലും പല മതവിഭാഗങ്ങളിലുംപെട്ട മുപ്പതിനായിരം പേർ ചേൻ്് ഒരു പ്രതിഷേധപ്രകടനം നടത്തി. ഫ്റഞ്ചു ഗവമ്മെണ്ടു രാജ്യത്തിനുള്ള അഗാധമായ വികാരങ്ങളെ ഔദ്യോഗികമായി പ്രകാശിപ്പിച്ചു.

ലണ്ടനിൽ ആൽബട്ട്ഹാളും പരിസരങ്ങളും തിങ്ങി നിറഞ്ഞിരുന്നു. മഴ പെയ്യുന്നതു ഗൗനിക്കാതെ, പുറത്തു" 25,000 പേർ മുട്ടുകുത്തിനിന്നു പ്രാത്ഥിച്ചു. പ്രാസംഗികർ തുടരെത്തുടരെ മിൻസെന്തിക്കേസിനെ അപലപിച്ചു പ്രസംഗിച്ചു. ഏർണസ്റ്റ് ബെവിൻ പറഞ്ഞു: "ആ കേസ് വിസ്താരം തികച്ചും ഗർഹണീയമാണു്". റിയോ ഡി

ജനൈറോയിൽ രണ്ടരലക്ഷംപേർ പ്രതിഷേധപ്രകടനങ്ങളിൽ പങ്കെടുത്തു. ഈ പ്രതിഷേധപ്രകടനങ്ങളത്രയും, ആ കേസ് വിസ്താരത്തിനു പ്രചോദനം നൽകിയ മോസ്കോയെ ലക്ഷ്യമാക്കിയുള്ള തിരിച്ചടികളായിത്തീൎന്നു.

പ്രസിഡണ്ട് ഹാരി എസ്. ട്രൂമൻ ഈ കേസ് വിസ്താരത്തെ 'നിന്ദ്യ'മെന്ന് ആക്ഷേപിക്കുകയും അതു നടത്തിയതു് ഒരു 'മൃഗക്കോടതി'യാണെന്നു പ്രസ്താവിക്കുകയും ചെയ്തു. സ്റ്റേററ് സിക്രട്ടറി ഡീൻ അച്ചിസൻ പ്രസ്താവിച്ചതിങ്ങനെയാണ്: "ഐക്യനാട്ടുകളിലെയും സ്വാതന്ത്ര്യസ്നേഹികളായ മറെറല്ലാ രാജ്യങ്ങളിലെയും ജനങ്ങൾ സന്തപ്തരും സംത്രസ്തരുമായിരിക്കുന്നു." അമേരിക്കൻ പ്രതിനിധിസഭ, ഹങ്കറിക്കെതിരായി നടപടികളെടുക്കണമെന്ന് ഐക്യരാഷ്ട്ര സംഘടനയോട്ട് ആവശ്യപ്പെടുന്ന ഒരു പ്രമേയം ഐകകണ്ഠ്യേന പാസാക്കി.

ഇതിന് ഉടനടി പ്രത്യാഘാതങ്ങളുണ്ടായി; അമേരിക്കയും ഹങ്കറിയും തമ്മിലുള്ള ബന്ധം ശിഥിലമാകാൻ തുടങ്ങി. ബുഡാപ്പെസ്റ്റിലെ അമേരിക്കൻ കാര്യാലയത്തിലെ ഒരു സെക്രട്ടറിയായ റോബിൻ സ്റ്റെവൃസിയോട്ട് രാജ്യംവിട്ടു പോകണമെന്നു ഹങ്കേറിയൻ ഗവമ്മെണ്ട് ആവശ്യപ്പെട്ടു. ഹങ്കേറിയൻ പ്രതിനിധിസംഘത്തിലെ ഒരുദ്യോഗസ്ഥനായ ജോൺ ജി. ഫ്ളോറിയാനെ അമേരിക്കയും നിരാകരിച്ചു. അമേരിക്കൻ മിനിസ്റ്ററായ സെൽഡൻ ചാപ്പിനെ തിരിച്ചുവിളിക്കണമെന്നു ഹങ്കറി ആവശ്യപ്പെട്ടു.

സ്വദേശത്തേക്കു മടങ്ങുന്നവഴി ചാപ്പിൻ ഇങ്ങനെ പ്രസ്താവിച്ചു: "ക്രെംലിനോടുമാത്രം വിശ്വസ്തത കാണിക്കുന്ന, മോസ്കോവിൽ പരിശീലനംകഴിച്ച, ഒരുസംഘം കമ്മ്യൂണിസ്റ്റ്കാരുടെ പരിപൂൎണ്ണപിടിയിൽ അമൎന്നിരിക്കുകയാണു ഹങ്കേറിയൻ ജനതയെന്നു വികലബുദ്ധികളും അന്ധന്മാരുമല്ലാത്തവൎക്കെല്ലാം കാണാവുന്നതാണ്." മിൻസെന്തിയെക്കുറിച്ച് അദ്ദേഹം പറഞ്ഞതിതാണ്: "ഹങ്കേറിയൻ ക

ത്തോലിക്കസഭയുടെ അധിനായകനായ ആ സിംഹത്തി ന്റെ രൂപാന്തരീകരണത്തെ വിശദീകരിക്കുക വിഷമമാ ണ്. അദ്ദേഹം ഒരു മഹാനായിരുന്നു."

വാഷിംഗ്ടൺ, ന്യൂയോക്ക്, ക്ലീവ്ലണ്ട് എന്നിവിട ങ്ങളിൽ ഒൻപതു ഹങ്കേറിയൻ പ്രതിപുരുഷന്മാർ പ്രതി ഷേധസൂചകമായി രാജിവച്ചു. ന്യൂയോക്കിലെ ആക്ററിംഗ് ഹങ്കേറിയൻ കൺസൽജനറലായിരുന്ന ബെലാ ബെലാസാ യുടെ പക്കൽ പ്രതിഷേധപ്രകടനത്തിനുചെന്ന ന്യൂയോക്ക് നിവാസികളായ പ്രതിനിധിസംഘം അദ്ദേഹത്തിന്റെ വാ ക്കുകൾ കേട്ട് അമ്പരന്നുപോയി. "നിങ്ങളുടെ പ്രതിഷേ ധങ്ങളോടു ഞാനും പരിപൂർണ്ണമായി യോജിക്കുന്നു. ഈ നിമിഷംതന്നെ ഞാൻ രാജിവക്കുന്നു." അദ്ദേഹത്തിന്റെ ഭാര്യ പറഞ്ഞു: "ബുഡായിലെ കുന്നുകളും, പെസ്റ്റിലെ മൈ താനങ്ങളും ഞങ്ങൾക്കു നഷ്ടപ്പെട്ടുമായിരിക്കാം. എന്നാൽ മറെറാരു രാജ്യത്തേയും അതിന്റെ സ്വാതന്ത്ര്യത്തേയും സ്നേഹിക്കാൻ ഞങ്ങൾ പഠിച്ചുകഴിഞ്ഞു."

ന്യൂയോക്കിലെ സിററിഹാളിനു മുമ്പിൽ അൻപതി നായിരം ജനങ്ങൾ തടിച്ചുകൂടി. മിൻസെന്തിക്കേസ്സ് വി സ്താരത്തേയും, കമ്മ്യൂണിസത്തേയും അപലപിക്കുന്ന ചിഹ്ന ങ്ങൾ അവർ വഹിച്ചിരുന്നു. അവരിൽ പലരും പ്രാൎത്ഥ നാനിരതരായി പാർശ്വവീഥികളിൽ മുട്ടുകുത്തിയിരുന്നു.

തന്റെ അറസ്റ്റിന്റെ സമയത്തു മിൻസെന്തി ചെയ്ത പ്രവചനം അങ്ങനെ അനുഭവത്തിൽപെട്ടു. പ്രായോഗിക മായി പറഞ്ഞാൽ ബാഹ്യലോകത്തിനു മൃതനായ ആ കൎദ്ദി നാൾ, പരിപൂർണ്ണസ്വാതന്ത്ര്യത്തോടുകൂടി സജീവനായിരുന്ന കാലത്തേക്കാൾ കൂടുതലായി, ലോകത്തിന്റെ അന്തഃകര ണത്തെ ഉത്തേജിപ്പിച്ചുകൊണ്ടിരിക്കുന്നു.

# XVIII

## പ്രതിച്ഛായ

കമ്മ്യൂണിസ്റ്റ്കാർ മിൻസെന്തിയെ അമർച്ചചെയ്ത രീതി ഹങ്കറിക്കോ കത്തോലിക്കസഭയ്ക്കോ മാത്രമല്ല, ലോകമാസകലമുള്ള എല്ലാ മതവിഭാഗത്തിലുംപെട്ട ജനതയ്ക്കാകമാനം, സവിശേഷമായ ഒരു പാഠമായിരിക്കുന്നുണ്ട്. ഹങ്കേറിയൻ കത്തോലിക്കരുടെ എതിർപ്പിനെ ശിഥിലമാക്കുക എന്നതിൽ കവിഞ്ഞ ഒരു ലക്ഷ്യം കമ്മ്യൂണിസ്റ്റ്കാർക്ക് അതിൽനിന്നു സാധിക്കുവാനുണ്ടായിരുന്നു. കമ്മ്യൂണിസ്റ്റാധിപത്യത്തെ എതിർക്കുന്ന സ്വാതന്ത്ര്യപ്രേമിയായ ഒരാൾക്ക് എന്തു സംഭവിക്കും എന്നതിന് ഉദാഹരണമായി, നിർണ്ണായകമായ ഒരു തെളിവായി, അതുദ്ദേശിക്കപ്പെട്ടു.

ഇരുമ്പുമറയ്ക്കുള്ളിലുള്ള എല്ലാ മതവിശ്വാസികളും, കത്തോലിക്കരും പ്രോട്ടസ്റ്റന്റുകാരും യഹൂദരും, കമ്മ്യൂണിസത്തെ എതിർക്കുവാൻ സ്വന്തം മതവിശ്വാസത്താൽ അനുശാസിക്കപ്പെട്ടപ്പോൾ, മതവിശ്വാസത്തെ ഉപേക്ഷിക്കുവാൻ കമ്മ്യൂണിസ്റ്റ്കാരാൽ നിർബന്ധിക്കപ്പെടുന്നു. റുമേനിയായിലെ ആറു ഗ്രീക്കു കത്തോലിക്കാ മെത്രാന്മാർ റോമായുമായുള്ള ബന്ധങ്ങൾ വേർപെടുത്തുവാനും, രാഷ്ട്രവുമായി സമ്പൂർണ്ണസഹകരണത്തിലേർപ്പെടുവാനും നിർബ്ബന്ധിതരായിത്തീർന്നു. ചെക്കൊസ്ലൊവാക്ക്യായിലും, പശ്ചിമയുക്രേയിനിലും ഇതേ വിച്ഛേദംതന്നെ നടപ്പിലാക്കുവാൻ ഭരണാധികാരികൾ സർവ്വശ്രമങ്ങളും ചെയ്തുവരുന്നു. പ്രോട്ട

സ്റ്റൻറുകാർ അനുഭവിക്കുന്ന മതമർദ്ദനത്തിൻെറ വൈപു ല്യം പ്രത്യക്ഷപ്പെടാതിരിക്കുന്നതു് അവർ സംഖ്യയിൽ തീ രെ കുറവായതുകൊണ്ടു മാത്രമാണു്. ഹങ്കറിയിൽ ലാജോ സു് ഓർഡാസു് എന്ന ധീരനായ പ്രോട്ടസ്റ്റൻറു ബിഷപ്പും അറസ്റ്റ് ചെയ്യപ്പെട്ടിരിക്കുകയാണു്. ഇരുമ്പുമറയ്ക്കുള്ളിലു ള്ള മററുള്ളവരുടെ എതിർപ്പിനെ ശിഥിലീകരിക്കുവാൻ മിൻസെന്തിയെ ഒരു മാതൃകയാക്കിയിരിക്കുകയാകുന്നു.

കേസു് വിസ്താരത്തിനുശേഷം, ഹങ്കേറിയൻ കമ്മ്യൂ ണിസ്റ്റ്കാരുടെ പ്രമുഖവക്താവായ ജോസഫ് റെവാ യി ഇങ്ങനെ പ്രസ്താവിച്ചു: "ജോസഫ് മിൻസെന്തിയെ തിരിച്ചുവിളിക്കാനുള്ള ഒരവസരം വത്തിക്കാൻ നിരാകരി ച്ചതിനുശേഷം മാത്രമാണു് അദ്ദേഹത്തെ വിസ്താരത്തിനു വിധേയനാക്കിയതു്. അദ്ദേഹത്തെ തിരിച്ചുവിളിക്കുവാൻ സാധിക്കത്തക്കവണ്ണം വളരെ നേരത്തെതന്നെ അദ്ദേഹത്തി ൻെറ പേരിലുള്ള എല്ലാ ആരോപണങ്ങളും വത്തിക്കാനെ ഔദ്യോഗികമായി അറിയിച്ചിരുന്നു. അതുകൊണ്ടു യാതൊ രു ഫലവും ഉണ്ടാകാതിരുന്നതിനാൽ വിസ്താരം അനിവാ ര്യമായിത്തീർന്നു."

വത്തിക്കാൻതന്നെ ഈ വസ്തുത സ്ഥിരീകരിക്കുന്നുണ്ടു്. അദ്ദേഹത്തെ തിരിച്ചുവിളിക്കുവാൻ സന്ദർഭമുണ്ടാകത്തക്ക വണ്ണം ഹങ്കേറിയൻ ഗവമ്മെണ്ടു മുൻകൂട്ടി അറിവുനൽകി യിരുന്നു. അറസ്റ്റിനുമുമ്പുള്ള അവസാനനിമിഷംവരെ അ ദ്ദേഹത്തിനു രക്ഷപെടാൻ പല അവസരങ്ങളുമുണ്ടായിരുന്നു എന്നതും സ്പഷ്ടമാണു്. അദ്ദേഹത്തിനു സ്വാതന്ത്ര്യത്തിൽ ജീവിക്കാമായിരുന്നു. പശ്ചിമലോകത്തിലെ ഏതെങ്കിലും രാജ്യത്തിൽ അദ്ദേഹത്തിനു് ഒരു വീരനായകനായി വാഴാ മായിരുന്നു. തന്നെയും തൻെറ ജനങ്ങളെയും മർദ്ദിക്കുന്ന കിരാതത്വത്തിനെതിരായി ശക്തിയായ സ്വരമുയർത്താൻ അദ്ദേഹത്തിനു സാധിക്കുമായിരുന്നു.

തനിക്കു നേരിട്ടേക്കാവുന്ന ദുരന്തങ്ങൾ അറിഞ്ഞിരു

ന്നിട്ടും മിൻസെന്തി ഒരു വിട്ടുവീഴ്ചയ്ക്കും സന്നദ്ധനായില്ല; രാജ്യത്തിൽനിന്നു പുറമേപോയി രക്ഷപെടുന്നതിനുള്ള മാർഗ്ഗം മുമ്പിൽ തുറന്നുകിടന്നിട്ടും അദ്ദേഹം രാജ്യംവിട്ടു പോകുക ഉണ്ടായില്ല; തന്റെ മക്കന്മാരുമായി ഒരു യോജിപ്പിലെത്തുവാൻ അവർ പ്രയോഗിച്ച യാതൊരു പ്രലോഭനത്തിനും വഴങ്ങിക്കൊടുക്കുവാൻ അദ്ദേഹം കൂട്ടാക്കിയില്ല. ഇതിന് ഒരേ ഒരു സമാധാനം മാത്രമെ കാണുന്നുള്ളു.

വിപ്രവാസജീവിതം നയിച്ചുകൊണ്ടു ലോകസേവനം തുടരുവാൻ സാധിക്കുമെന്ന് അദ്ദേഹത്തിന് അറിയാമായിരുന്നു. പക്ഷെ ഹങ്കറിക്കു പുറമേയുള്ള ജീവിതം പരാജയത്തിലുള്ള ഒരു ജീവിതം മാത്രമായിരിക്കുന്നു. എന്നാൽ മരണംമൂലം സ്വരാജ്യത്തേയും ലോകത്തേയും കൂടുതൽ ഉപരിയായി സേവിക്കാൻ അദ്ദേഹത്തിനു സാധിക്കുന്നതാണ്. പീഡനമുറികളിലെ ഉഗ്രദണ്ഡനങ്ങൾ സഹിക്കുവാൻ തന്നെക്കൊണ്ടാവുകയില്ലെന്നും, മട്ടനംമൂലം താൻ ശിഥിലമാനസനായിത്തീരുമെന്നും, അവർ പറയിക്കാനുദ്ദേശിക്കുന്നതെല്ലാം താൻ പറഞ്ഞുപോകുമെന്നും അദ്ദേഹത്തിനറിയാമായിരുന്നു. പക്ഷെ ഇതുമൂലം, ഫലത്തിൽ അദ്ദേഹത്തിനു ലോകത്തോട് ഇങ്ങനെ പറയുവാൻ സാധിക്കുമായിരുന്നു:

"ഇരുമ്പുമറയ്ക്കുള്ളിൽ ശക്തനായ ഒരു മനുഷ്യന് എന്തു സംഭവിച്ചിരിക്കുന്നുവെന്നു നോക്കുക. ദുർബലനായ ഒരു മനുഷ്യന്റെ അനുഭവം ഇതിനേക്കാൾ എത്ര ദാരുണമായിരിക്കും." മതത്തിനുവേണ്ടി മരിക്കുവാൻതന്നെ അദ്ദേഹം പ്രതീക്ഷിച്ചു. മരണംവഴി അദ്ദേഹത്തിന് ഇങ്ങനെ പ്രഖ്യാപിക്കാമായിരുന്നു. "സജ്ജനങ്ങളെ, നിങ്ങൾക്കുമിതു സംഭവിക്കും, നിങ്ങളീ വിപത്തിനെ ഉന്മൂലനം ചെയ്യുന്നില്ലെങ്കിൽ."

ലോകത്തിന്റെ അന്തഃകരണത്തിൽ തൽക്ഷണംതന്നെ പ്രതിദ്ധ്വനിക്കുകയും ചരിത്രത്തിന്റെ അവസാനം വ

രെ മുഴങ്ങിക്കൊണ്ടിരിക്കുകയും ചെയ്യുന്ന ഒരു പ്രതിഷേധ സ്വരമായത്തുവാൻതന്നെ അദ്ദേഹം തീരുമാനിച്ചു. പരിപൂൎണ്ണമായ അപമാനത്തിന്റെ രക്തസാക്ഷിത്വംതന്നെ അദ്ദേഹം തിരഞ്ഞെടുത്തു. ഇരുമ്പുമറയ്ക്കുള്ളിൽ ഒരു സ്വാതന്ത്ര്യപ്രേമിയുടെ അനിവാൎയ്യമായ ദാരുണസ്ഥിതിയെ ലോകത്തിനു കാണിച്ചുകൊടുക്കുവാൻ അദ്ദേഹം തീരുമാനിച്ചു. ബോൾഷേവിക്കു സ്വേച്ഛാപ്രഭുക്കളുടെ മൃഗീയമായ കിരാതത്വത്തിന്റെ മുമ്പിൽ ഏററവും കരുത്തനായ ഒരുവൻ പോലും എങ്ങനെ തകൎന്നു തരിപ്പണമാകുന്നുവെന്നു നമുക്കെല്ലാവൎക്കും ദൃഷ്ടാന്തീകരിച്ചുതരുവാൻ അദ്ദേഹം അഭിലഷിച്ചു. തനിക്കു നിൎവ്വഹിക്കുവാൻ കഴിയുന്നതിലേക്കും മഹത്തമമായ സേവനം അതായിരിക്കുമെന്ന് അദ്ദേഹം തീൎച്ചയാക്കി.

ഫാദർ സലേഷ്യസ് കിസ്സിൻേറയും, മററു രക്തസാക്ഷികളുടേയും പീഡാനുഭവങ്ങളും വധവും ലോകത്തിന്റെ കണ്ണുതുറപ്പിക്കുവാൻ തക്കവിധം ഹൃദയസ്പൎശകമായില്ല. ഗൂഢാലോചനക്കേസിലെ പ്രതികളുടെ നരകതുല്യാനുഭവങ്ങൾ അറുപതാം അൻഡ്രാസി തെരുവിലെ രഹസ്യപ്പോലീസിന്റെയും, സോവ്യററ് നീതിന്യായഭരണത്തിന്റെയും ഭീകരതകൾ ലോകസമക്ഷം ശരിക്കു വ്യക്തമാക്കിയില്ല. അല്ലെങ്കിൽ ലോകം അതൊന്നും അത്ര ശ്രദ്ധിച്ചില്ല. കാണേണ്ടാ എന്നു കരുതി അവർ കണ്ണുകളടച്ചു; കേൾക്കേണ്ടാ എന്നു കരുതി ചെവികളും. മിൻസെന്തിയുടെ രക്തസാക്ഷിത്വംമാത്രമേ സൎവ്വത്ര കേൾക്കുമാറു ഗംഭീരമാകുമായിരുന്നുള്ളു.

ഇരിമ്പുമറയ്ക്കുള്ളിൽ സ്വാതന്ത്ര്യപ്രേമിയായ ഒരു മനുഷ്യന് എന്തു സംഭവിക്കുന്നു എന്നു ലോകം കാണുന്നതിനു മിൻസെന്തി മൎദ്ദനങ്ങൾ അനുഭവിക്കേണ്ടതു് ആവശ്യമായിരുന്നു. മിൻസെന്തിയുടെ അറസ്റ്റ്, പീഡനങ്ങൾ, കേസ് വിസ്താരം, ഛായാചിത്രങ്ങൾ എന്നിവ, പ്രത്യേകി

ച്ചും ഛായാചിത്രങ്ങൾ, മിൻസെന്തി ആഗ്രഹിച്ചിരുന്ന വിധത്തിൽതന്നെ, ലോകത്തിൻെറ കണ്ണുകൾ തുറപ്പിച്ചിരിക്കുന്നു. പരിഷ്കൃതലോകത്തിലെവിടെയും ഇന്നു ജനങ്ങൾ ചോദിക്കുന്ന ചോദ്യങ്ങൾ ഇവയാണു്:

ജോസഫ് മിൻസെന്തിയുടെ കഥ വെളിപ്പെടുത്തുന്ന ഈ ക്രൂരകൃത്യങ്ങളുടെ കർത്താക്കളാരാണു ?

മിൻസെന്തിയെപ്പോലെയുള്ള സത്യസന്ധരും, ധർമ്മനിരതരുമായ ആളുകൾ, ബുഡാപ്പെസ്റ്റിലും, സോഫിയായിലും മററും കേസു് വിസ്താരത്തിനു നിർത്തപ്പെട്ടമ്പോൾ, തങ്ങളുടെ ആരോപണകർത്താക്കൾക്കു്, ഇത്ര ആശ്ചര്യകരമായ മറുപടികൾ കൊടുക്കുന്നതെന്തുകൊണ്ടാണു് ?

എന്തൊരു മാസ്മരശക്തിക്കധീനരായാണവർ സംസാരിക്കുന്നതു് ?

അവരെ രൂപാന്തരപ്പെടുത്തുന്ന മയക്കമരുന്നു് എന്താണു്?

അവരുടെ മനശ്ശക്തിയെ തകർത്തുകളയുന്നതു് എന്തൊന്നാണു്?

ആക്റ്റഡ്രോൺ എന്ന പേരിൽ, മനശ്ശക്തിയെ മരവിപ്പിക്കുന്ന ഒരു മയക്കമരുന്നുണ്ടെന്നു്;

പീഡനമുറികളിൽവെച്ചു പാകപ്പെടുത്തിയതിനുശേഷമാണു പ്രതികൾ വിസ്താരത്തിനു ഹാജരാക്കപ്പെടുന്നതെന്നു്;

പീഡനമുറികളിൽനിന്നു വായു പുറത്തേക്കു പമ്പുചെയ്തുകളയുന്നെന്നു്;

ബാഹ്യമായ മുറിവുകളേൽക്കാത്തവിധം ഉഗ്രമർദ്ദനങ്ങളേല്പിക്കാൻ ഉതകുന്ന റബ്ബർഭിത്തികളോടുകൂടിയ മുറികളുണ്ടെന്നു്;

വിദ്യുച്ഛക്തികൊണ്ടുള്ള ചില പ്രയോഗങ്ങളും ഈറ്റപ്പമുള്ള പാതാളങ്ങളിൽ ചില സജ്ജമാക്കലുകളും, പൈശാചികസാമർത്ഥ്യത്തോടെ നൽകപ്പെടുന്ന താഡനങ്ങളുമുണ്ടെന്നു്;

അനേകദിവസങ്ങൾ തുടർച്ചയായി, അവിശ്രാന്തമായി നടത്തപ്പെടുന്ന ചോദ്യവർഷങ്ങളുടെ ഒരു സമ്പ്രദായമുണ്ടെന്നു്;

ചോദ്യം ചെയ്യപ്പെടുമ്പോൾ തടവുപുള്ളികൾ കണ്ണഞ്ചിപ്പിക്കുന്ന പ്രകാശത്തോടുകൂടിയ വൈദ്യുത(ജൂപ്പിററർ) ദീപങ്ങൾക്കു് അഭിമുഖമായി നിരന്തരം ഒരേനിലയിൽ നിവന്നു നില്ക്കേണ്ടിവരുന്നെന്നു്;

ഇന്നു ലോകത്തിലെങ്ങും അറിഞ്ഞുകഴിഞ്ഞിരിക്കുന്നു. ഇത്തരം നാരകീയങ്ങളായ കാര്യങ്ങളത്രയും ബഹുലക്ഷം വരുന്ന മനുഷ്യരാശിക്ക മനസ്സിലാക്കിക്കൊടുത്തതു മിൻസെന്തിയുടെ രക്തസാക്ഷിത്വമാണു്.

മിൻസെന്തിയുടെ രണ്ടു ഛായാചിത്രങ്ങൾ ഇന്നു ലോകത്തിനു സുപരിചിതമായിത്തീൎന്നിട്ടുണ്ടു്: ബലിഷ്ഠവും സ്ഥിരനിഷ്ഠവുമായ മുഖമാണു് ഒരു ചിത്രത്തിൽ; അതു വിസ്താരത്തിനു മുമ്പെടുത്തതാണു്. യാതനാനുഭവങ്ങളാൽ ക്ലാന്തവും, സംഭ്രാന്തിനിറഞ്ഞതും, മാസ്മരനിദ്രയ്ക്കധീനപ്പെട്ടു പോയതുപോലെ തോന്നിക്കുന്നതുമായ ഒരു മുഖമാണു മറേറതിൽ; അതു വിസ്താരസമയത്തു കോടതിമുറിയിൽ വച്ചു് എടുത്തതാണു്.

മിൻസെന്തിക്കേസു് കൊണ്ടു കണ്ണു തെളിഞ്ഞിട്ടില്ലാത്തവൎക്കു കൂടുതൽ വെളിച്ചം നൽകുന്ന വാക്കുകൾ ഹങ്കേറിയൻ കമ്മ്യൂണിസ്റ്റു് പാർട്ടിയുടെ പ്രധാന ആദർശവക്താവായ റെവായി ഉച്ചരിക്കുകയുണ്ടായി. ഫെബ്രുവരി 6-ാം തീയതിയിലെ കട്ടിനാൾ സ്പെൽമാൻെറ പ്രഭാഷണത്തെ പരാമർശിച്ചുകൊണ്ടു്, ബുഡാപ്പെസ്റ്റിൽ കൂടിയ ഒരു മഹായോഗത്തിൽ റെവായി ഇങ്ങനെ പ്രസംഗിച്ചു:

“സ്പെൽമാൻമാൎക്കു മൃതനായ ഒരു കട്ടിനാളിനെയാണു് ആവശ്യമെങ്കിൽ അതു കൊടുക്കാനും ഞങ്ങൾക്കു സാധിക്കും.” വ്യക്തമായി പറഞ്ഞാൽ അദ്ദേഹത്തിൻെറ ആശയം ഇതായിരുന്നു: “അപ്പീൽ കോടതി ഇനിയും വരാന

രിക്കുന്നതേയുള്ളൂ. ഞങ്ങൾ ആജ്ഞാപിക്കുന്ന തരത്തിലുള്ള വിധിവാചകങ്ങൾ അവർ ഉച്ചരിക്കും. കൊലമരത്തിന്റെ കരിനിഴൽ മിൻസെന്തിയുടെ തലയ്ക്കുമുകളിൽ ഇപ്പോഴും നീങ്ങിക്കൊണ്ടിരിക്കയാണ്. അടങ്ങിയിരുന്നുകൊള്ളൂ. പ്രകടനങ്ങളൊന്നും വേണ്ട. കട്ടിനാം ഞങ്ങളുടെ കൈവശമാണെന്ന് ഓർമ്മയിരിക്കട്ടെ."

എന്നാൽ ലോകത്തെ മൂകമാക്കുവാൻ സാധിക്കുന്നതല്ല. മിൻസെന്തിയുടെ ചിത്രം അതിന്റെ മുമ്പിലുണ്ട്.

കോടതിമുറിയിൽ വച്ചെടുത്ത ഫോട്ടോകളിൽ കാണുന്ന അദ്ദേഹത്തിന്റെ യാതനാനിർഭരമായ മുഖം നമുക്കു സുസ്പഷ്ടമായ ഒരു സന്ദേശം നൽകുന്നുണ്ട്. അദ്ദേഹം നമുക്കയക്കാൻ ആഗ്രഹിച്ചിരുന്ന സന്ദേശം:

"ഇരുമ്പുമറയ്ക്കുള്ളിലുള്ള ജനസഞ്ചയത്തിനു വന്നുഭവിച്ചിരിക്കുന്ന ദുരവസ്ഥ ലോകത്തെ മുഴുവൻ ഗ്രസിക്കണമെന്നു നിങ്ങൾക്കാഗ്രഹമുണ്ടോ? മിൻസെന്തിയുടെ മർദ്ദിതമായ മുഖംപോലെതന്നെ ലോകത്തിന്റെ മുഖവും ആയിത്തീരണമോ?"

അതായിരിക്കണമോ ഭാവി?

KOTTAYAM PUBLIC LIBRARY
KOTTAYAM
Mo8

KOTTAYAM PUBLIC LIBRARY

KOTTAYAM

Cl. No. M08 Acc. No. 11497

This book should be returned on or before the date last stamped below.

| | | |
|---|---|---|
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |

If the book is not returned on due date
a fine of 25 Ps. per day will be charged

M08

FAB-K

11497

ഫേബിയൻ ബെലാ

കർദ്ദീനാൾ വിൻസെന്തി.

KOTTAYAM PUBLIC LIBRARY

Call No. M08 Acc. No. 11497

Author ലോമ്പിയൻ ബപ്ലാ

Title കർദ്ദീനാൾ വിൻസെന്തി

Indic Digital Archive Foundation
gpura.org